കൈവല്യനവനീതം

★

തിരുവല്ല ഭാസ്കരൻനായർ

791

KOTTAYAM PUBLIC LIBRARY
KOTTAYAM.

Arul Nilayam Series 4.

KAIVALYA NAVANEETOM

KOTTAYAM PUBLIC LIBRARY
76350
KOTTAYAM.

★

A Complete Work on Supreme knowledge and Self-Realisation.

★

A Malayalam Metrical Rendering of Tamil Kaivalya Navaneetom by TANDAVARAYAR, the great Jnani of Tamil Nadu.

THIRUVALLOM BHASKARAN NAIR

First Impression 1966, January.

M200

Rights reserved with the author's son
B. BALAPRABHAN NAIR

Printed at the Prasad Printing Works, Trivandrum.

ARULNILAYAM PUBLISHERS
AMPALATHARA, TRIVANDRUM-9.
6/-

വ്യവഹാരജീവിതത്തിലിരുന്നിരുന്ന ഒരു വരിഷ്ഠൻ

സാധുഗോപാലസ്വാമികൾ

വിസ്മരിച്ചീടുംപോയ, ഓർമ്മിക്കാ നാളത്തേതു,
കൺമുമ്പിൽ കണ്ടതുണ്ണും, വെയിലും നിലാവാകും;
ആകാശമടന്നാലും ചത്തതുജീവിച്ചാലും
മൂകനായ് പുതുമയററാശ്ചര്യ്യലേശമെന്യേ,
ഇല്ലത്തിൽവാണും വ്യവഹാരിയായ് താനതിൽതെ-
ല്ലില്ലാതെ ധൂളിതന്നിൽ പററാത്ത കാററിനെപ്പോൽ,
നല്ലതും പൊല്ലാത്തതുമില്ലാതെ ജഗത്തിന്നു
ഉല്ലപോൽ സമരസം സ്വദിക്കും **ജീവന്മുക്തൻ.**

RASHTRAPATI BHAVAN,
New Delhi-4
July, 1965

Dear Sri. Bhaskaran Nair.

Thank you for your letter and the book. ....
.... Your work of spreading the knowledge of great Tamil Classics in Kerala is quite useful to the country.

With the best wishes,
Yours sincerely,
(Sd.)
S. RADHAKRISHNAN

Sri. Thiruvallam Bhaskaran Nair,
Purakkamam, Ambalathara,
Trivandrum-9.

INTRODUCTION

India is famous for her metaphysics. Now, 'meta' is a Greek term denoting something 'beyond' or 'other than' that which is already given in the context, just as 'mattu', its Dravidian cognate. 'Physics' is, the second member of the compound signifying the science which deals with matter and energy. Therefore, India's preoccupation with metaphysics connotes her ageold quest after that which is beyond the material world and its correlates. The corollary inevitably follows that she has taken a stand that transcends the highest limits of physics or modern science in general.

But some scholars are of the view that science poses a challenge to philosophy itself by virtue of its wonderful modality which has helped devise ingenious gadgets that reduplicate human beings both mentally and physically. Man himself is thus, strangely enough, reduced to the position of a duplicate in a world peopled by robots, their amoral axiology notwithstanding.

So far as one can see, the robot is the most perfect symbol of modern scientific civilization,

for it is as discursive, apathetic and dehumanized, as the other. Yet, the truth slowly dawns on some of its adherents that a description of life in terms of the exclusive pycho-physical confrontation arrived at by science is impossible in the very nature of things. Some of the subtle but hard realities of life do not submit to mathematical treatment nor are they reducible to actual verifacts. The methodology of science is so limited in its scope that its paramater can hardly cover the more intimate elementary factors that constitute life.

At the opposite pole is Indian philosophy which in contradistinction to the materialization of life envisaged by science, seeks to spiritualize everything including gross matter which is the standard medium of scientific thought. The differences in the world of phenomena cognizable at the lower levels of consciousness are reduced to a duality at a higher level, but in the highest reaches even that minimum of differentiation is resolved into one ultimate reality, the Absolute. The pyramidal edifice is built up into a perfect logical whole from which the much vaunted quantitative science but recoils in confusion and despair.

In South India a number of saints have had realization of the immanence of the Absolute in

the world of phenomena, and have abolished the seeming opposition between the self and the nonself. They lay emphasis on the directness of approach to the problem of supreme knowledge which liberates one here and now from the bondage of ignorance. The quest after Truth is simplified to a degree unattainable in ordinary epistemology. According to them it is a change of attitude that at once lays bare the whole range of transcendental knowledge. The vast gamut is reduced at one stroke to a uniplanar personal experience without any logic-chopping characteristic of certain systems of philosophy.

Realization is not a laborious process as is generally made out to be. It is a reorientation of oneself which enables one to lose one's identity in the ultimate Universal Principle even in this life itself, without waiting for any final dissolution. As such it is a state of living reality attained and experienced in the midst of the melodrama of life without having to resort to any segregation of oneself. The protagonists of this teaching are many among the Tamils, the most prominent among them being Tiruvalluvar Appar, Sundar, Manikkavachakar, Thathwa Rayar, Tandavarayar, Tirugnana Sambandar etc. A host of holy books, mainly, the Kaivalya Navaneetham, Ozhivilodukkam, Tirukkural,

Patuthura, Kurumthirattu, and Perumthirattu, contain the expositions of the teaching.

It is, however, regrettable that of these holy books all except the Tirnkural are *terra incognita* even to the generality of the Tamils, being long left in neglect. An indifferent world callously leaves them to their fate, a fact about which I had sufficient occasion to complain, when confronted with the valuable contents of these treasure-houses. Under the circumstance, it is extremely gratifying to see that the indomitable Sri Thiruvallom Bhaskaran Nair, a Keralite by birth, is out to enrich Malayalam by the translations of these works. He has already published those of the Tirukural and Ozhivilotukkam and now the turn of the Kaivalyanavaneetham has come. I am proud to put on record the fact that his exegetic rendering of the Tirukural accompanied by a scholarly estimate of the original has been accepted as a model even by the Tamils. As for the Ozhivilotukkam it need hardly be stated that it is unbroken ground in Tamil itself, being of a highly recondite nature. But Sri Bhaskaran Nair is not to be turned back by a situation which only acts as a veritable stimulant that actually brings out the best in him whatever be the trouble it costs him.

The original Kaivalyanavaneetham is the work of Tandavarayar, the great Tamil sage, who attained Supreme Beatitude as the climax of a saintly life. He deals with abstract wisdom in a transparent manner that focuses itself on the incidence of ignorance in man and the impression that forces itself upon us is that man has only misread life and its setting in consequence of his ignorance. It has to be eliminated, therefore, not by an intensitive course of ritualism and external discipline, but by correct emendation of the reading on the part of the seeker after truth. It is the direct rectification of an error that is demanded instead of a further involement in the imbroglio of the phenomenal world implied in rituals and other paraphernalia of formalistic religion.

In this context I am naturally reminded of an older Malayalam version of the Kaivalyanavaneetham composed by an indirect disciple of Thunchathu Ezhuthachan. It is stated in the work that it was inspired by one Narayana, a Namboothiri Brahmin, who after his death revealed to his direct desciple, Marthandan, in his sleep, the sacred teaching which was in time duly imparted by the latter to the author who has chosen to remain anonymous. Sri Thiruvallom Bhaskaran Nair, on the other hand, had

direct access to the Tamil original, a fact which endues his close translation with a genuineness which its earlier counterpart can hardly claim. Besides, Sri Nair is an adept in metaphysics among whose tangled problems alone I have often seen him in his elements.

To turn to the work itself, from start to finish it is characterised by perfect command of language, dignified movement and sublime tone. Kilipattu, the metrical form of the composition has added rare beauty and elegance to it. Altogether, it looks like an original piece that would do credit to any of the masters of old in Malayalam. The translator's precise and exquisite phrasing enables him to handle the most abstruse thought with unusual deftness, but the subject being what it is, he had to follow up each individual passage with explanatory comments. This feature adds to the value of the work which bids fair to occupy a place of honour in Malayalam literature. Any illustrative citation, is out of the question in a short introduction especially in view of the fact that both the original and the translation are spelt in languages of a genotype widely different from that of English which I am desired to use for the present purpose.

The present, of course, is an age of translations in Malayalam, though Tamil works have not been rendered into the language to any appreciable extent. The Chilappathikaram, Manimekhalai, Thirukural, Tholkkapyam, and Pathittupathu, have been translated by Malayalam or Tamil scholars in the recent past. Undoubtedly, they have enriched Malayalam literature to a remarkable degree for which they deserve the warm gratitude of every Malayalee. But of these only Sri. Nair has found it a desideratum to concentrate on the translation of the sacred texts of Tamil for which he is perhaps the most fitted person. His intellectual acumen, metaphysical insight, unswerving devotion to both Tamil and Malayalam and his genuine poetic skill, are some important factors that have contributed to his commendable success as a translator of the Tirukural, Ozhivilodukkam and Kaivalyanavaneetham.

Vyasa, the great poet-saint, calls out from the depth of his heart, "Dharma! Dharma" for all the world to hear, but the world heeds not. Though loath to admit it, man is helplessly caught in the rapids of a materialistic civilization, which, like the Thandava dance of Lord Siva, spells but death and doom. The wise alone shall be redeemed, for nothing can destroy

them, all others perishing in a civilization whose glamour blinds them to their inmost reality. An acquaintance with the seers is sure to be a corrective to all alike and I feel that Sri. Nair has done a signal service to Kerala in particular by his transltaion of the works that embody the wisdom of the Tamil seers.

I am really flattered by his invitation to introduce his translation of the Kaivalyanavaneetham to the reading public. It is my wish and prayer that it meet with the welcome and encouragement that it abundantly deserves from the public and the promoters of Malayalam and Tamil alike.

Sd/

P. Damodaran Pillai.

പ്രസ്താവന.

കൈവല്യനവനീതം എന്ന പ്രസിദ്ധ തമിഴ് അദ്ധ്യാത്മ ജ്ഞാനഗ്രന്ഥത്തെ മലയാളികൾക്ക പരിചയപ്പെടുത്തുന്നതിനും ആ വഴിക്ക് നമ്മുടെ നാട്ടിൽ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ശ്രീ ഭാസ്കരൻനായർ നേടിയ ഒരു വിജയമാണ് ഈ ഗ്രന്ഥം. പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു ദീപം കാണുന്നതിന് മറെറാരു ദീപം ആവശ്യമില്ലാത്തതുപോലെ ഈ ഗ്രന്ഥത്തിനു ഒരവതാരിക ആവശ്യമാണെന്നെനിക്കു തോന്നുന്നില്ല. പ്രത്യേകിച്ചും ആത്മീയ ജീവിതത്തിലോ സാഹിത്യത്തിലോ വലിയ സാധനയൊന്നുമില്ലാത്ത എന്നെപ്പോലെയുള്ള ഒരാളിനു് ഇതിലെ വിഷയവുമായി വലിയ അടുപ്പമില്ലതാനും. എന്നാൽ ഈ ഗ്രന്ഥത്തിൽ പ്രതിഫലിപ്പിച്ചിരിക്കുന്ന തത്വങ്ങൾ വിഭിന്നമാർഗ്ഗങ്ങളിൽക്കൂടി നോക്കാവുന്നതായതുകൊണ്ടുമാത്രമാണ് ഞാൻ ഈ സാഹസത്തിനു മുതിന്നതു്.

ഭാരതീയ ജീവിത ദർശനവും അന്യരാജ്യങ്ങളുടെ ജീവിത ദർശനവും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. പ്രപഞ്ചത്തിൽ കാണുന്ന സകല ജീവജാലങ്ങളേയും വൃക്ഷലതാദികളേയും ഒന്നായികാണുവാനും അവയുടെ പ്രവത്തനങ്ങളെ ചില തത്വങ്ങളുടെ അടിസ്ഥാനത്തിൽ കാണുവാനും പ്രാചീന ഭാരതത്തിലെ ദാർശനികന്മാർക്ക് സാധിച്ചിട്ടുണ്ടു്. സൃഷ്ടി, സ്ഥിതി, സംഹാരങ്ങളെ നിയന്ത്രിക്കുന്ന പൊതുതത്വങ്ങളെ മനസ്സിലാക്കുന്നതിനായി മനുഷ്യമനസ്സിനേയും അതിന്റെ പ്രവത്തനങ്ങളേയും അപഗ്രഥിച്ചു് ഏതുനിലയിൽ എത്തിച്ചാലാണു് യഥാർത്ഥജ്ഞാനമുണ്ടാകുന്നതെന്നു ഭാരതത്തിലെ ചിന്തകന്മാർമനസ്സിലാക്കിയിരുന്നു. പരമ്പരാഗതമായി ഈ വക അറിവുകൾ തലമുറകളിൽക്കൂടി കടന്നുവന്നപ്പോൾ ഈ വഴിക്കുള്ള ചിന്തകൾ വിപുലമായിത്തീന്നിട്ടുണ്ടു്. ഇപ്രകാരം ഈ ചിന്തകളെ വിപുലീകരിച്ചിട്ടുള്ള അപൂർവ്വം ആളുകൾ സാമാന്യജനങ്ങളുടെ ഇടയിൽ അസാമാന്യമായ ശ്രേഷ്ഠത്വവും മഹത്വവും നേടിയിട്ടുണ്ടു്. ക്ഷണികങ്ങളായ സുഖാനുഭോഗങ്ങളുടെ

പുറമേ നടക്കാതെ ഉദാത്തമായുള്ള ചിന്താസരണികളിൽ മുഴുകി ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കുവാൻ ശ്രമിച്ച ഈ മഹാന്മാരാണ് ഭാരതീയ ജീവിതത്തിന് അനുപമമായ തിളക്കവും വിളക്കവും പ്രദാനം ചെയ്തിട്ടുള്ളത്. ഒരു ഭാഗത്ത് മനുഷ്യന്റെ ഇന്ദ്രിയപ്രവർത്തനങ്ങളെ നിരീക്ഷണം ചെയ്ത് അവയെ ഉന്നതനിലവാരങ്ങളിലേക്കുയർത്തുന്നതിനുള്ള സാധനകളെപ്പററിയും മറുഭാഗത്ത് ഈ ദൃശ്യപ്രപഞ്ചം വെറും സ്വപ്നക്കാഴ്ചകൾ മാത്രമാണെന്ന ശുദ്ധജ്ഞാനത്തെപ്പററിയും ഭാരതീയ ദാർശനികന്മാർ നിരൂപിച്ചിട്ടുണ്ട്. രണ്ടാമതു പറഞ്ഞവഴിക്ക് തമിഴ്നാട്ടിലെ പ്രാചീന ചിന്തകന്മാർ വളരെ അധികം മുതൽക്കൂട്ടുണ്ടാക്കിയിട്ടുണ്ട്. പതിനേഴാം നൂററാണ്ടിൽ എഴുതപ്പെട്ട കൈവല്യനവനീതം മൂലഗ്രന്ഥം ഈ ചിന്തകളുടെ ഏകദേശം ആകത്തുകയാണ്. അതിനാലാണ് ഈ ഗ്രന്ഥം വളരെയേറെ പ്രാധാന്യമർഹിക്കുന്നത്.

രാഷ്ട്രീയമായ വൈകല്യങ്ങൾ മൂലം ഇന്ത്യൻ ജീവിതത്തിന് ആകെക്കൂടി ഒരു നിശ്ചലത്വം സംഭവിച്ച് നാളതുവരെ കിട്ടിയ അറിവിന്റെ ആവർത്തനത്തെ മാത്രം ആധാരമാക്കി മുമ്പോട്ടു പോകുന്ന ഒരു കാഴ്ചയാണ് 10-ാം നൂററാണ്ടുമുതൽ നാം കാണുന്നത്. പ്രപഞ്ചരഹസ്യങ്ങളെ അപഗ്രഥിക്കുന്നതിനുവേണ്ട ഉദാത്തമായ ഉന്നത മനസ്സുകളെ നിർമ്മിക്കാൻ ശേഷിയുള്ള ഭാരതസംസ്കാരം കാലാനുസരണം മററു രാജ്യങ്ങൾക്കൊപ്പം അണിനിരന്നില്ല. ഇതൊരു കുറവോ നഷ്ടമോ തന്നെയാണെന്നതു സമ്മതിക്കാം. ചരിത്രദൃഷ്ട്യാ നോക്കുന്നപക്ഷം നാം ഇതിലുമെത്രയോ കൂടുതൽ മുതൽക്കൂട്ടുകൾ ഉണ്ടാക്കേണ്ടതായിരുന്നു. എന്നാൽ ഇക്കാണുന്നതൊന്നിലും പരമാർത്ഥാംശം ഇല്ലെന്ന കരൾക്കണ്ണിന്റെ ശിക്ഷണബോധം നമുക്കു വളരെ നേരത്തെ കിട്ടിയിരുന്നു. പാശ്ചാത്യദേശങ്ങളിലെ ആധുനിക ചിന്തകർ എത്താൻ ശ്രമിക്കുന്ന സ്ഥാനത്ത് നാം പണ്ടേ സ്ഥലമുറപ്പിച്ചിരുന്നു എന്നാൽ മുൻപറഞ്ഞ രണ്ടു ചിന്താസരണികളും ഇരുമാർഗ്ഗങ്ങളിൽ കൂടിയാണ് ഗമിക്കുന്നത്. ഒന്ന് ഈ ശരീരപ്രപഞ്ചാദിയേയും ഇന്ദ്രിയങ്ങളേയും ഉപജീവിച്ചുള്ളതും മററേ മാർഗ്ഗം അവയെ അതിജീവിച്ചുള്ളതും

ആണു്. ആദ്യത്തേതു് മുക്തിക്കു ബാധകവും രണ്ടാമത്തേതുമാത്രം മുക്തിക്കുസാധകവുംആണെന്ന സ്വാനുഭവത്തെ അനുഭവജ്ഞാനിയായ തിരുജ്ഞാനസംബന്ധർ ഇപ്രകാരം വെളിപ്പെടുത്തിയിരിക്കുന്നു:—

"കന്നൽത്തണ്ടിനു കിണ്ടിക്കരിനില മലയു-
ന്നോനിതാ കന്നലേ വായ്
തന്നിൽ താനേജനിക്കും ഫലമൊട്ടു വിട്ടനിൻ
കർമ്മമേത്തും ജഗത്തിൽ;
തൽബോധംകൊണ്ടു മോചിച്ചനുഭവമുളവാം-
മെന്നുചൊല്ലുന്ന മൂഢൻ
തൽബോധം മാണ്ടതേ മോചനമറികുത്തതാൻ
നിത്യസത്യസ്വരൂപം (ഒഴിവിലൊടുക്കം)

ഏവം വിധം സാക്ഷാൽക്കാരമാർഗ്ഗമായി ശുദ്ധജ്ഞാനത്തെ മാത്രം പ്രസ്തുതകൃതിയിലും ഉപദേശിക്കുന്നു:—

"കല്പനവന്നവണ്ണം കാട്ടിനേൻ, കണ്ടതെല്ലാം
സ്വപ്നം പോലെണ്ണിവിട്ടോനപ്പോഴേ ജ്ഞാനിയാവൂ.

ഇപ്രകാരം നിർഗ്ഗുണബ്രഹ്മം മാത്രം സർവ്വത്തിനും ആധാര, അധിഷ്ഠാന, ദ്രഷ്ടാവായിരിക്കുന്നതെന്നു നിരങ്കുശമായി പ്രതിപാദിക്കുന്ന ഒരു സമ്പൂർണ്ണകൃതിതന്നെയാണു് കൈവല്യനവനീതം. വിശേഷാത്തരങ്ങളായ തിരുക്കുറൾ, ഒഴിവിലൊടുക്കം എന്നീ കൃതികൾ തമിഴർക്കും അനുകരണീയമായവിധം വ്യാഖ്യാനിച്ചു് മലയാളത്തിൽ മുമ്പിനാലേ പരിഭാഷപ്പെടുത്തി കേരളീയരെ അനുഗ്രഹിച്ച ശ്രീ. തിരുവല്ലം ഭാസ്കരൻ നായർ ഈ കൈവല്യനവനീതം പരിഭാഷമുഖേന മറെറാരു ശാശ്വതസമ്പത്തുകൂടി കേരളത്തിനു പ്രദാനം ചെയ്യുന്നുവെന്നതു എത്രയും അഭിനന്ദനാർഹമായിരിക്കുന്നു. ജന്മവാസനയാലുദിച്ചു സമ്പുഷ്ടമായിട്ടുള്ള കവിതാഗുണവും പരിപൂർണ്ണമായ അദ്ധ്യാത്മ പ്രകാശവും ഗ്രന്ഥത്തിൽകൂടി ആർക്കും ആസ്വദിച്ചാനന്ദിക്കാവുന്നതാണു്. ഞാൻ പരിഭാഷകനു് സർവ്വമംഗളങ്ങളും നേർന്നുകൊള്ളുന്നു.

ഡാക്ടർ എൻ. എസ്. വാരിയർ Ph. D.
തിരുവനന്തപുരം.

മുഖവുര.

"ക്വ സൂര്യപ്രഭവോ വംശഃ ക്വ ചാല്പവിഷയാമതിഃ?
തിതീഷുർദ്ദുസ്തരം മോഹാദുഡുപേനാസ്മിസാഗരം"

എന്നു മഹാജ്ഞാനിയും കൂടിയായ കാളിദാസൻ പറഞ്ഞിട്ടുള്ളതു് യഥാർത്ഥത്തിൽ മാദൃശരായ അതിസാഹസികന്മാരെ ഉദ്ദേശിച്ചായിരിക്കണം. വർഷശതങ്ങളായി, തമിഴ വിദ്വാന്മാരും, ശരിയായി അർത്ഥപ്പെടുത്താൻ മുതിർന്നിട്ടില്ലാത്ത പല പ്രാചീനതമിഴ്ജ്ഞാന ഗ്രന്ഥങ്ങൾക്കും എത്രയും അവ്യുല്പന്നനായ എനിക്കും തമ്മിലുള്ള അന്തരം അത്രയ്ക്കപാരമാണു്. എങ്കിലും, ഇങ്ങനെ, ഏററവും താഴെ നിന്നുകൊണ്ടു് ഏററവും മേപൊക്കത്തിൽ നോക്കാൻ ഗുരുവരുളാൽ മാത്രം ഞാൻ ധൈര്യപ്പെട്ടതാണെന്നു പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

അതീന്ദ്രിയ ജ്ഞാനത്തെ ഐന്ദ്രികമാക്കിപ്പറയുന്ന ഒരു സമ്പൂർണ്ണ ജ്ഞാനശാസ്ത്രമത്രേ കൈവല്യനവനീതം. തമിഴ്മൂല ഗ്രന്ഥത്തിന്റെ കർത്താവായ താണ്ഡവരായരും തദ്ഗുരുവായ നാരായണാചാര്യരും പതിനേഴാം നൂററാണ്ടിൽ തഞ്ചാവൂർ ജില്ലയിൽ നന്നിലം എന്ന പുണ്യസ്ഥലത്തു ജീവിച്ചിരുന്നു് വിദേഹകൈവല്യമുക്തിയെ പ്രാപിച്ച മഹാജ്ഞാനികളാണു്. നന്നിലം എന്ന വാക്കിനു 'തുരീയാതീതം' എന്നുംകൂടി ഉള്ള അർത്ഥം അർത്ഥഗർഭമാണു്. ശങ്കു മഹാകവികൾ പ്രസ്തുതഗ്രന്ഥത്തെ സംസ്കൃതത്തിൽ തർജ്ജിമ ചെയ്തിട്ടുണ്ടു്.

ഈ ഗ്രന്ഥനിർമ്മിതിക്കാവശ്യമുള്ള അച്ചടിക്കടലാസുവാങ്ങിത്തന്നു സഹായിച്ച ആയുർവ്വേദാചാര്യൻ കാലടിപരമേശ്വരൻപിള്ള അവർകൾക്കു് ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു. അവഗാഢചിന്തകൻ, പ്രശസ്തഭാഷാശാസ്ത്രവിശാരദൻ സ്വച്ഛന്ദനിരൂപക പ്രഭാവത്തി എന്നീനിലകളിൽ ഭാഷാചരിത്രത്തിൽ ലബ്ധപ്രതിഷ്ഠനായ ശ്രീ. ദാമോദരൻപിള്ള അവർകൾ വിജ്ഞേയവും പ്രൗഢവുമായ ഒരവതാരികയിൽകൂടി ഈ ഗ്രന്ഥത്തെ ശ്രേയസ്കരമാക്കിച്ചെയ്തിരിക്കുന്നു. അപ്രതീക്ഷിതമായേല്പ്പെട്ട കൃത്യാന്തരങ്ങൾക്കിടയിലും പ്രബുദ്ധമായ ഒരു പ്രസ്താവന എഴുതിത്തന്നു സഹായിക്കാൻ സന്മനസ്സുണ്ടായ ഡാക്ടർ എൻ. എസ്. വാരിയരവർകളോടെനിക്കുള്ള കടപ്പാടിനെയും ഞാൻ ആദരവോടുകൂടി സ്മരിച്ചുകൊള്ളുന്നു.

എന്നു്, അനുവാദകൻ.

തത്വബോധപടലം

പൊന്നിലും പാരിലും പെണ്ണിങ്കലുമുള്ളംപെട്ടോ-
ക്കന്ന്യമാം ചിദാകാശേ സാക്ഷിമാത്രമായ് നില്ലും,
എന്നിലങ്ങൾക്കും മേലേഴിന്നംമേൽവാഴും, നിത്യാ-
നന്ദമേ രൂപമാകും **കൂടസ്ഥനെ**ത്തൊഴുന്നേൻ 1

പൊന്നിലും........ചിദാകാശേ—ധനം, ഭൂമി, വിഷയസുഖം എന്നിവയിൽ ആശ പറ്റിനിന്നകാരണം എപ്പോഴും കലുഷിതമായ ഹൃദയത്തിനു എത്തുപെടാത്തവണ്ണം അതിനന്ന്യമായും പരിശുദ്ധമായും ഉള്ള ഹൃദയാംബരത്തിൽ എത്തുപെട്ട്.

(ജീവ) സാക്ഷിമാത്രമായ്— (പ്രത്യഗഭിന്ന) കൂടസ്ഥരൂപത്തിൽ മാത്രം.

എന്നില...മേൽ—സിദ്ധാന്തപക്ഷത്തിൽ പറയുന്ന അജ്ഞാനഭൂമികൾ ഏഴിലും ജ്ഞാനഭൂമികൾ ഏഴിലും അത്യുന്നതമായ ഏഴാംജ്ഞാനഭൂമിക്കും (തുര്യം) മേൽ (തുര്യാതീതാവസ്ഥയിൽ)

നിത്യാനന്ദമേ....മാകും—പ്രത്യേകമായൊരു സ്വരൂപവുമില്ലാത്തതിനാൽ ആനന്ദംതന്നെ സ്വരൂപമെന്നായി

അർത്ഥേഷണ, പുത്രൈഷണ, എന്നീ ദാരൈഷണ ഏഷണാത്രയങ്ങളാൽ കലങ്ങിയിരിക്കുന്ന ഹൃദയത്തിൽ ചിദാകാശം പ്രകാശിക്കുന്നില്ല. കലങ്ങിയ വെള്ളത്തിൽ ആകാശ പ്രതിബിംബമെന്നപോലെ. ചെളി അമഞ്ഞു് വൃത്തിരഹിതമായിരിക്കുമ്പോൾ (തെളിഞ്ഞ) ജലം ആകാശത്തെ പ്രതിഫലിപ്പിക്കുന്നപോലെ അന്തഃകരണധർമ്മങ്ങൾ വൃത്തിരഹിതമായിനിന്ന അവസ്ഥയിൽ പററുതലറ്റ

ചൈതന്യത്തിൻെറ പ്രതിഫലനമാകുന്ന ചിദാഭാസൻ അഥവാ ചൈതന്യാഭാസൻ പ്രകാശിക്കുമാറാകുന്നു. ജലത്തിൽ കലന്നിരിക്കുന്ന ആകാശത്തിലാണ് (ജലത്തിന്മേലല്ലാ) ആകാശം പ്രതിഫലിക്കുന്നതു്. ജലത്തിൽ പ്രതിഫലിച്ചുണ്ടാകാവുന്ന പ്രതിബിംബമുഖത്തിനും ബിംബമുഖത്തിനും തമ്മിൽ കാഴ്ചയിലുള്ള സാമ്യമേയുള്ളു. മററുകാര്യങ്ങളിൽ രണ്ടും രണ്ടാണ്. എന്നാൽ ജലത്തിലെ പ്രതിബിംബാകാശത്തിനും ഉപരിതലത്തിലുള്ള ബിംബാകാശത്തിനും തമ്മിൽ ഒരു തരത്തിലും വ്യത്യാസമില്ലെന്നറിയേണ്ടതാണ്. ജലം ജലമാകുന്നതിനുമുമ്പു ആകാശത്തിൻെറ അംശമായി ആകാശത്തിൽതന്നെ ഇരുന്നിരുന്നതാണല്ലോ. ജലമായിരിക്കുമ്പോഴും അതിന് അതിൻെറ ആദിയിൽനിന്നും പിരിവുണ്ടാകുന്നില്ല. ഈ പരമാത്ഥത്തിൻെറ മുമ്പിൽ ആകാശത്തിൻെറ ബിംബപ്രതിബിംബഭാവങ്ങൾ എപ്പോഴും ഏകോപിച്ചുതന്നെ നില്ക്കുന്നതിനെ അറിയാവുന്നതാണ്. ഇവിടെ പറവുതലററ ജലത്തിൽ പ്രതിഫലിച്ച ആകാശത്തിന് പ്രതിഫലിക്കാത്ത ആകാശം സാക്ഷിമാത്രമായിനില്ക്കുന്നു. അതുപോലെ പറ്റുതലററു് വൃത്തിരഹിതമായ അന്തഃകരണത്തിൽ ചൈതന്യം പ്രതിബിംബിക്കുമ്പോൾ അന്തഃകരണം ചൈതന്യത്തിനൊരു വിശേഷണമാകാതെവെറും ഉപാധിമാത്രമെന്നായിടത്തു് പ്രകാശിക്കുന്ന ചൈതന്യാഭാസനു് ശുദ്ധചൈതന്യം ഒരു സാക്ഷിമാത്രമായി പ്രകാശിക്കുന്നതുകാണാം. ചിദാഭാസന് അന്തഃകരണത്തെ നോക്കുകയുമാവാം; സാക്ഷിയിലേക്കും പോകാം. ഇങ്ങനെ അന്തർവൃത്തിയിലും ബഹിർവൃത്തിയിലും വന്നും പോയുമിരിക്കാം.

ഒച്ചു് ഷെൽവിട്ടു് വെളിയിൽ പോകുമ്പോൾ വൃത്തി. അകത്തിരിക്കുമ്പോൾ സ്വയംനോക്കാൻ കഴിയും. അന്തഃകരണവും അധിഷ്ഠാന ചൈതന്യവും ചിദാഭാസനുമുള്ളിടത്തു് (ഒച്ചിനെപ്പോലെ) ബാഹ്യത്തിലോട്ടു പോകാതെ ചിദാഭാസൻ (ഉള്ളിൽ തന്നെ) തിരിയുന്നതാണു് അന്തർവൃത്തി. ഈ അന്തർവൃത്തിയിൽ

ചിദാഭാസൻ സാക്ഷിയോട്ടു ചേൎന്നുനില്ക്കുകയും അക്കാരണം സാക്ഷി സാക്ഷിത്വം അററു് തനിയേ നില്ക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ സാക്ഷിയെ കൂടസ്ഥൻ എന്നു പറയുന്നു. ഈ പരമാൎത്ഥത്തെയാണു് സാക്ഷി ......വാഴും....... കൂടസ്ഥൻ' എന്ന പദ്യത്തിലും പറഞ്ഞിട്ടുള്ളതു്.

ഒരു വഴിയമ്പലത്തിൽ ഒരു സന്ന്യാസിമാത്രമിരുന്നാൽ അയാൾ ആരുടെയും സാക്ഷിയാകുന്നില്ല. അവിടെ മററു ചിലർ വന്നു് വല്ലവഴക്കോ മററോ കൂട്ടുകയാണെങ്കിൽ അപ്പോൾ സന്ന്യാസി അവൎക്കു് സാക്ഷിയായിത്തീരുന്നു. ഇടക്കുണ്ടായ വ്യവഹാരം ഒഴിയുമ്പോൾ സാക്ഷിയായിരുന്ന സന്ന്യാസിയുടെ സാക്ഷിത്വം അററതുപോലെയാണു് സാക്ഷിയായിത്തീൎന്ന കൂടസ്ഥനെ സാക്ഷിത്വം അററ അവസ്ഥയിൽ പഴയപടി കൂടസ്ഥനെന്നു പറയുന്നതും.

എന്നില ......ഴിന്നുംമേൽ—ശ്രുതികളിൽ സാക്ഷാത്ക്കാരമാൎഗ്ഗങ്ങളായി ഏഴു അജ്ഞാനഭൂമികളെയും ഏഴു ജ്ഞാനഭൂമികളെയും ക്രമപ്പടി പ്രതിപാദിച്ചിട്ടുണ്ടു്. (ഈ ഗ്രന്ഥത്തിൽതന്നെ അവസാനമായി കാണാം.) അവയിൽ സൎവ്വത്തിനും ഉപരിയായി ഏഴാംജ്ഞാനഭൂമിയായ തുൎയ്യഗ എന്നതു് ത്രികാലങ്ങളിലും യാതൊരു വ്യത്യാസവും കൂടാതെ തന്റെ സ്വരൂപത്തിലാണ്ടു് താനേ താനായി സ്ഥൂലസൂക്ഷ്മങ്ങളിലഭേദനായി അപരോക്ഷാനുഭൂതിയിലിരിക്കുന്നതാണു്. ഇതിനും അപ്പുറമുള്ള അവസ്ഥയെ തുൎയ്യാതീതമെന്നു പറയുന്നു. ഇതിനെ വാക്കുകളെക്കൊണ്ടു് വൎണ്ണിക്കാനാവാത്തതായതിനാൽ 'കല്പനാതീതം' എന്നു് ഈ ഗ്രന്ഥത്തിൽതന്നെ പറയുന്നുണ്ടു്. ഇവിടെ ആനന്ദത്തെ അനുഭവിക്കുക എന്നതും ഒഴിഞ്ഞു് ആനന്ദം സ്വരൂപമായിത്തീരുകയാണു് അതിനാലാണു് 'ആനന്ദമേ രൂപമാകും' എന്നു പറഞ്ഞിരിക്കുന്നതു്. ഇപ്രകാരമുള്ള കൂടസ്ഥബ്രഹ്മത്തെയാണീ പദ്യത്തിൽ വണങ്ങുന്നതു്.

ഇതു ഗുരുസ്സതിയാറുമോ എന്നാണെങ്കിൽ ഒരു പക്വാധികാരിയായിത്തീന്ന ജിജ്ഞാസുവിന് ബ്രഹ്മംതന്നെ ഗുരുവായി ആവിർഭവിക്കുമെന്നുള്ളതാണ്. ഈ ഗുരു സാക്ഷാത്ക്കാരത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. ബ്രഹ്മത്തിനല്ലാതെ മറ്റൊന്നിനെ ബ്രഹ്മസ്വരൂപത്തിലാക്കാൻ കഴിയുകയുമില്ലല്ലോ. ഈ പരമാത്ഥത്തെ അനുഭവസാക്ഷാല്ക്കാരം പ്രാപിച്ച തത്വരായവർ സ്വാമികൾ വെളിപ്പെടുത്തുന്നതു നോക്കുക.

"അറിവാകിയകണ്ഡവുമാകിഞാനന്തവുമാകിനപിരമൻ
കുരുവായരുൾ ചെയ്തമൈപാരീർ
കോതിന്റ്റിനിറൈന്തമൈപാരീർ".

സാക്ഷികൾ മൂന്നുപ്രകാരത്തിൽ, ജീവസാക്ഷി, ഈശ്വരസാക്ഷി, സർവ്വസാക്ഷി.

ജീവസാക്ഷി—വിഷയം, വൃത്തി, ജീവൻ എന്നീ ഉപാധികളാൽ പ്രകാശിക്കുന്നു.

1. ജീവൻ—അറിഞ്ഞിരിക്കും.

2. സാക്ഷി—ഇവരയറററിയും

1. ജീവൻ—പ്രപഞ്ചത്തെ അറിയും (ഇവരയേർപ്പെട്ടതിനാൽ)

2. സാക്ഷി—അരൂപമായ അസ്തി, ഭാതി, പ്രിയത്തെ അറിയും.

ഒരു ശരീരത്തിൽ രണ്ടു ചിത്തിരിക്കുന്നതിനു ശ്രുതി.

1. ജീവചൈതന്യം—വ്യവഹാരിയായിരുന്നു് വിഷയങ്ങൾ അനുഭവിക്കുന്നു.

2. സാക്ഷിചൈതന്യം—ശരീരത്തിൽ നിർവ്വികാരമായിരിക്കും. എതുപോലെയെന്നാൽ:

1. പക്ഷി മരക്കൊമ്പുകൾക്കിടയിലുള്ള പഴങ്ങൾ പറിച്ചു തിന്നും.

2. പക്ഷി മരക്കൊമ്പിന്മേൽ അനങ്ങാതെനോക്കിയിരിക്കും

ഒരു ശരീരത്തിൽ രണ്ടു ചിത്തിരിക്കുന്നതിനു യുക്തി.

സാക്ഷി (കണ്ണായിനിന്ന) ചൈതന്യം — നീലോല്പലത്തെ ഇച്ഛയറ്ററിയും.

ജീവൻ നാസിക........അരൂപമായ മണത്തെ ഇച്ഛിച്ചറിയും

ഒരു ശരീരത്തിൽ രണ്ടു ചിത്തിരിക്കുന്നതിനനുഭവം

ആരവിടെ ? എന്നതിന്, ഞാൻതന്നെ. എന്ന ഉത്തരത്തിനാൽ ഞാൻ എന്നതു ജീവനും തന്നെ എന്നതു സാക്ഷിയും. എങ്ങനെയെന്നാൽ ഭവനത്തിനന്യമായ പുരുഷനെ ഉദ്ദേശിച്ച് വീട്ടിൽ ആരു്? എന്നൊരുവൻ കേൾക്കുമ്പോൾ ഉണൎന്നിരിക്കുന്നവൻ 'ഞങ്ങൾതന്നെ' എന്നു് ഉറങ്ങിക്കിടക്കുന്നവരേയുംകൂടി ഉൾപ്പെടുത്തിപ്പറയുമ്പോലെ വ്യവഹാരജീവൻ സാക്ഷിജീവനെയും കൂടി ഉൾപ്പെടുത്തി ഒന്നായിപ്പറയുന്നു.

പ്രകൃതപദ്യത്തിൽ 'ചിദാകാശ സാക്ഷിമാത്രമായ്നില്ക്കും' എന്നു പറഞ്ഞിരിക്കുന്നതിനാൽ ഉപാധികളാൽ പ്രകാശിക്കാത്ത ജീവസാക്ഷിയെക്കുറിക്കുന്നു. അതിനാൽ വിഷയം, വൃത്തി, ജീവൻ ഇവുകളെ വിട്ടിട്ട് നിർവ്വിഷയത്വം, നിരാകാരത്വം നിൎമ്മലത്വം ഇവുകളെ സ്വീകരിക്കണം. വൃത്തി ഏർപ്പെട്ടതു് വിഷയം കൊണ്ടാണ്. അപ്പോൾ വൃത്തിയെത്തള്ളാൻ നിൎവ്വിഷയത്തെ സ്വീകരിക്കണം. വിഷയമില്ലെങ്കിൽ ആ വസ്തുനിൎമ്മലമാവുകയും ചെയ്യുന്നു. ഇപ്രകാരമുള്ള സാക്ഷിയെ സാക്ഷിയെമാത്രം കൊണ്ടറിയേണ്ടതുമാണ്.

ഈശ്വരസാക്ഷി—ഇച്ഛ, ജ്ഞാനം, ക്രിയ എന്നീ ഉപാധികളാൽ പ്രകാശിക്കുന്നു. സംസ്കാരങ്ങളുടെ സമ്മർദ്ദത്താൽ ഈശ്വരൻ ഇച്ഛാധീനനാകുന്നു. ഇച്ഛയാൽ കർത്തൃത്വവും അതിനാൽ ജ്ഞാനവും അതിനാൽ ക്രിയയും ഏർപ്പെടുന്നു. ഇവിടെ ഈ മൂന്നുപാധികളേയും തള്ളിക്കളഞ്ഞിട്ട് അസ്തി, ഭാതി, പ്രിയ (സത് ചിത് ആനന്ദ) സ്വരൂപത്തെക്കൊള്ളേണ്ടതാണ്.

സർവ്വസാക്ഷി ശുദ്ധം, ശൂന്യം, സ്വഭാവം എന്നീ ഉപാധികളാൽ പ്രകാശിക്കുന്നു. ഈ മൂന്നുപാധിം തള്ളുമ്പോൾ മൗനം ഏർപ്പെടുന്നതിനാൽ മൗനാതീത നിലയെ സ്വീകരിക്കണം ഇവിടെ സാക്ഷിജ്ഞാനം ദൃഢപ്പെട്ട് സാക്ഷി പരമശുദ്ധകൂടസ്ഥനായിത്തീരുന്നു.

സൃഷ്ടിച്ചുപാലിച്ചഴിച്ചീടുവാൻഹേതുവാകും
ശിഷ്ടരാം ബ്രഹ്മാ, വിഷ്ണു, വീശ്വരന്മാരായ്, താനേ
സൃഷ്ടിയെല്ലാമായ്, പൂർണ്ണമുക്തനാ, യാനന്ദാബ്ധി
ശിഷ്ടനമായിത്തോന്നും ശുദ്ധബോധത്തെത്തൊഴാം. 2

സാരം: സർവ്വത്തിനും ആദികാരണം ബ്രഹ്മമെന്നിരിക്കെ, സൃഷ്ടി, സ്ഥിതി, സംഹാരകർത്താക്കളും ബ്രഹ്മത്തിനന്യമെന്നു വരുന്നതല്ലല്ലോ. അതുപോലെ സൃഷ്ടിക്കപ്പെട്ടവയും. അതിനാൽ 'താനേ സൃഷ്ടിയെല്ലാമായ'' എന്നു പറഞ്ഞിരിക്കുന്നു.

"വിശ്വസൃഷ്ടിക്കു കാരണമാം ബ്രഹ്മം
വിശ്വമുള്ളപ്പോളില്ലാതിരിക്കുമോ ?
വിശ്വമില്ലാത്തനേരത്തുമുണ്ടതു
ശാശ്വതമെന്നു ചിന്തിച്ചുറയ്ക്കണം'.

(ആദ്ധ്യാത്മവിചാരം—പാന)

പൂർണ്ണമുക്തൻ—ബ്രഹ്മത്തിൻെറ നിത്യമുക്ത സ്വരൂപത്തെ സൂചിപ്പിക്കുന്നു.

ആനന്ദാബ്ധിശിഷ്ടൻ—പ്രത്യേകമായി ഒരു സ്വരൂപമില്ലാത്തതിനാൽ ആനന്ദമേസ്വരൂപമായവ ശേഷിച്ചവൻ.

ശുദ്ധബോധം—(നിത്യ,സൗഖ്യ) ബോധമേ (അനുഭൂതിയേ) സ്വരൂപമെന്നായവൻ. വാചാമഗോചരമായ ബ്രഹ്മസ്വരൂപത്തെ അനുഭവിക്കുക എന്നതേയുള്ളൂ. ബോധം രണ്ടുള്ളതിൽ നശ്വരമായ ജീവബോധം ശരീരാദിപ്രപഞ്ചവിഷയങ്ങളെ കണ്ടുകൊണ്ടിരിക്കുന്നു. ശിവ (സൗഖ്യ) ബോധത്തിനു്, അറിയാൻ വിഷയങ്ങളേ ഇല്ലെന്നായി, നിത്യവും സത്യവും ആയ തന്റെ സൗഖ്യസ്വരൂപത്തെ അനുഭവിക്കുമാറാകുന്നു. ഇപ്രകാരം തനിക്കു് ജന്മാവകാശമുള്ള നിത്യസൗഖ്യത്തെ അനുസ്മരിച്ചു് വണങ്ങുകയാണു്.

"ശീരാരും ശിവഞാനപോതംതന്നെ
തെളിന്തുതെളിന്തുനിൻറാടായ് പാമ്പേ!"

എന്നു് ശുദ്ധ (ശിവ) ബോധത്തെ തത്ത്വരായർ സ്വാമികളും (പാട്ടുറയിൽ) സ്തുതിക്കുന്നുണ്ടു്.

തോന്നീട്ടും—സൃഷ്ടിസ്ഥിതിസംഹാരങ്ങളും തൽക്കർത്താക്കന്മാരും ഈശ്വരന്റെ അകർത്തൃത്വം, പരിപൂർണ്ണമുക്തിത്വം, ആനന്ദസ്വരൂപം ഇവയുമെല്ലാം വെറും തോന്നലുകളാണെന്നും ഈ തോന്നലുകളെല്ലാം ഒഴിഞ്ഞു ശുദ്ധമായി (ശുദ്ധബോധസ്വരൂപത്തിൽ) നില്ക്കുന്ന (നിത്യ) സൗഖ്യം ഒന്നേ സത്യം എന്നും സാരം.

"ഇരുളിനിയില്ലാതെയായ് പകലുകളവുമാറായ്
അരുതെനിക്കന്യമെന്നായൊരു വസ്തുവും
അറിവുതൻവടിവമായ് മറകൾക്കുമതീതനായ്
സുഖസ്വരൂപമേ ഞാനായെന്നുമറിയൂ"

(പാട്ടുറ–തത്ത്വരായർ)

ആരുടെയരുളാൽ ഞാനേബ്രഹ്മമായെങ്ങും? നാനാ
കാരമീവിശ്വമാകെക്കല്പിതമെന്നും കണ്ടു്,
ഭിത്തിക്കുള്ളംബരംപോലെൻസ്വഭാവസ്വരൂപ–
മെത്തുപെട്ടായേ,നവർതൻപത്മപാദംതൊഴാം. 8

ഞാനേബ്രഹ്മമായ്—എങ്ങും ഊടുരുവെ നിറഞ്ഞിരിക്കുന്ന ചൈതന്യവസ്തു ഞാൻ തന്നെയായിനില്ക്കുന്നു.

നാനാ........കണ്ടു്—എണ്ണമററ രൂപങ്ങളോടുകൂടിയ ഈ ശരീരാദിപ്രപഞ്ചം എന്നിൽ തോന്നപ്പെടുന്ന ആരോപിതങ്ങളാണെന്നും കണ്ടു്.

ഭിത്തി........പെട്ടായേൻ—ഭിത്തിക്കു പുറത്തുള്ള ആകാശം തന്നെ തടവില്ലാതെ ഭിത്തിക്കുള്ളിലും വ്യാപിച്ചുനിൽക്കുന്ന പോലെ. ആകാശംപോലെ എങ്ങുമായുള്ള ബ്രഹ്മചൈതന്യം ഒരു പിരിവും കൂടാതെ എന്നിലും അകംപുറമററിരിക്കുന്ന അവസ്ഥയിൽ ബ്രഹ്മത്തിൻെറ സ്വഭാവസ്വരൂപങ്ങൾ എന്നിൽ പുതുതായി പകൻറുവെന്നില്ലാതെ എപ്പോഴും എന്നിൽ ഉള്ളതായിരിക്കുന്നുവെന്ന പരമാൎത്ഥത്തെ ഉണർന്നവനായി.

പത്മപാദം—ഇരുട്ടിനു കൂമ്പിയും പ്രകാശത്തിനു വികസിച്ചും നില്ക്കുന്ന താമരയെപ്പോലെ അജ്ഞാനത്തിനഗോചരമായും ജ്ഞാനത്തിനു ഗോചരമായും ഉള്ള പാദം.

എന്നുടെമനോ, ബുദ്ധി,യിന്ദ്രീയ,ദേഹമെല്ലാ-
മെന്നുടെയറിവിനാൽതാനിരവിമുൻഹിമമേയാക്കി,
എന്നുടെനീയുംഞാനുമേകമെന്നാക്കിച്ചെയ്തോ-
രെന്നുടെഗ്ഗുരുവായ്ത്തോന്നുമീശനെപ്പണിഞ്ഞീടാം. 4

എന്നുടെ........മെല്ലാം—മനസ്സു, ബുദ്ധി, ചിത്തം അഹങ്കാരം എന്നീ അന്തഃകരണവൈഭവങ്ങൾ, (കൎമ്മ, ജ്ഞാന) ഇന്ദ്രിയങ്ങൾ ശരീരാദി പ്രപഞ്ചങ്ങളും എല്ലാവും.

എന്നുടെ........മേയാക്കി—എനിക്കു ലഭിച്ച ബ്രഹ്മജ്ഞാനത്തിനാൽ തന്നെ ഇല്ലായ്മചെയ്തു് അവയെ പൂർവസ്ഥിതിയിൽ എൻെറ സ്വരൂപം മാത്രമാക്കിത്തീർത്തു്.

എന്നുടെ........മിശൻ— തൻെറ മോചനത്തിനുററാഗ്രഹിക്കുന്ന മുമുക്ഷുവിനു് ബ്രഹ്മം തന്നെ ആദ്യം മനുഷ്യാകാരത്തിലും സാക്ഷാത്ക്കാരവേളയിൽ ബ്രഹ്മസ്വരൂപത്തിലും പ്രത്യക്ഷനായി വരുമെന്നു മുമ്പു് പറഞ്ഞിട്ടുണ്ടു്. ഇപ്രകാരം എനിക്കു് ഗുരുവായിത്തീർന്ന ഈശ്വരനെ.

ബ്രഹ്മജ്ഞാനം എന്ന ഉറവിടത്തിൽനിന്നും ചിദാഭാസൻ മുഖേന കട്ടെട്ടുത്ത ജ്ഞാനം ബുദ്ധിയിൽ കുടുസ്സാക്കിയ 'ഞാൻ'

എന്ന അറിവായി. വീണ്ടും എൻെറ അന്തഃകരണം എന്നു ഒന്നു കൂടി കൂടസ്ഥായി. വീണ്ടും എൻെറ മനസ്സ്, എൻെറ ഇന്ദ്രിയങ്ങൾ, തുടങ്ങിയവ എന്നീവിധം ഫലവ്യാപ്തി നീണ്ടുപോകുന്നു. ഇന്ദ്രിയദ്വാരാ അന്തഃകരണത്തിൻെറ സ്പർശമുണ്ടായശുദ്ധജ്ഞാനം വിഷയപദാർത്ഥങ്ങളും ചേൎന്ന് വിഷയജ്ഞാനമുണ്ടായി. അതായതു് പ്രിയരൂപമായ ശുദ്ധജ്ഞാനവും അപ്രിയമായ വിഷയവും വൃത്തിദ്വാരാചേൎന്ന് വിഷയജ്ഞാനം എന്ന സങ്കലിതം അനുഭവപ്പെടുന്നു. ഈ താദാത്മ്യാവസ്ഥ സഹജം, ഭ്രാന്തിജം, കൎമ്മജം എന്ന വിധത്തിൽ വിഷയത്തിൽ കൊതിച്ചു ഫലവ്യാപ്തിയിലേക്കു തന്നെ പ്രേരണ നൽകുന്നു. ജ്ഞാനം പല മുളകളിൽകൂടി കൂടസ്ഥായ അറിവായി, വിഷയസ്പർശികളായി താഴോട്ടു താഴോട്ടൊഴുകി പാഴ്കിണറുകളിലും കുണ്ടുകളിലും ചാലുകളിലുമായിവീണു് ശൂന്യമായിപ്പോകുന്നു. ആഗ്രഹങ്ങൾ തൃപ്തിയടയാതെ വ്യാപരിച്ചുവ്യാപരിച്ചിരിക്കവെ മരണമടയുന്നു. താനായ അറിവിനെ വിത്തത്തിൽ ചേൎത്തതിനാൽ വിത്തം വിടേണ്ടിവന്നപ്പോൾ അതിൽ താദാത്മ്യപ്പെട്ടിരുന്ന താനായ അറിവും അതോടെപോയി എന്ന മരിച്ച ഭാവവും ഉണ്ടായി. ആഗ്രഹങ്ങൾ ശേഷിച്ചു നിന്നു് പുനരുല്പത്തിക്കു കാരണമാകുന്നു.

പഞ്ചേന്ദ്രിയ ദ്വാരാ കൂടസ്ഥായി നാനാത്വമായി വിഭജിക്കപ്പെട്ടുകിടന്ന ജ്ഞാനം സത്ഗുരു പ്രേരണയാൽ ഉറവിടം അന്വേഷിച്ചു മേലോട്ടു പോകുമ്പോൾ ചിദാഭാസനു് അഹംവൃത്തിയുണ്ടായി, അതു് അഖണ്ഡാകാരമായി, വൃത്തിവ്യാപ്തമായിത്തീൎന്നു്, ആവരണത്തെ ഭേദിച്ചപ്പോൾ സ്വയം പ്രകാശമായ ബ്രഹ്മം ബൃഹത്തായി പ്രകാശരൂപിയായി വിളങ്ങുന്നതുകാണാം. ഇവിടെ ഗുരുശിഷ്യസ്വരൂപങ്ങൾ ഒന്നൊന്നായിരിക്കുന്നതിനാൽ 'നീയുംഞാനുമേകമെന്നാക്കിച്ചെയ്തു, എന്നു പറഞ്ഞിരിക്കുന്നു. സത്ഗുരു പ്രേരണയാണു് ഏകമുക്തിസാധനമെങ്കിലും താൻ മോചിച്ചതു് മുൻ പറഞ്ഞപോലെ തന്നെക്കൊണ്ടുതന്നെയായതിനാൽ 'എന്നുടെ അറിവിനാൽ താൻ' എന്നും പറഞ്ഞതാണു്.

അന്തവും നടുവുമില്ലാതാദിയുമെന്ന്യേ, വാൻപോ-
ലെന്തിനുമൊളിവീശും സത്ഗുരുപാദംകൂപ്പി,
ബന്ധമോക്ഷങ്ങൾ കാട്ടുമാഗമങ്ങളെത്തേടാ-
മന്ദരുമുണരാനായ് വസ്തുതത്വങ്ങളോതാം. 5

അന്തവും........വീശും—ആദിമധ്യാന്തങ്ങൾ കൂടാതെ ഊടുരുവെ എങ്ങും നിറഞ്ഞുനിന്ന് സർവ്വത്തിനും രൂപത്തെ—പ്രകാശത്തെ പ്രദാനം ചെയ്യുന്നു. ഏതു വസ്തുവിനും അതിന്റെ രൂപത്തെ കൊടുക്കുന്നതു് ആകാശമാണെന്ന് ചിന്തിച്ചാലറിയാം. മററു നാലുഭൂതങ്ങളേയും തന്നിൽതന്നെ സൃഷ്ടിച്ച് അവയുടെ നിലനില്പിന് ആധാരമായി, അവയെ താൻ തന്നിൽ വഹിച്ചുനില്ക്കുന്നു. ആകാശം സർവ്വത്തിനും അകംപുറം നിറഞ്ഞിരുന്നാലും അവയൊന്നിനോടും ബന്ധപ്പെടാത ആകാശം എപ്പോഴും സ്വതന്ത്രമായി, നിരാലംബമായി നില്ക്കുന്നു. ഇപ്രകാരം താൻ ഒരു വസ്തുവേ അല്ലെന്ന നിലയിലും സർവ്വത്തിനും സർവ്വവുമായും ഉള്ള ആകാശവൈഭവം തന്നെ സത്ഗുരുവായി പ്രത്യക്ഷപ്പെട്ടു നില്ക്കുന്ന ബ്രഹ്മത്തിനും ഉള്ളതെന്നു സാരം.

ആഗമാദി—മോക്ഷശാസ്ത്രങ്ങൾ.

മന്ദൻ—മോക്ഷാധികാരികളെ അവരുടെ പാകക്രമമനുസരിച്ച് മന്ദൻ, തീവ്രൻ, തീവ്രതരൻ എന്നു മൂന്നായി തരംതിരിച്ചിരിക്കുന്നു. (മന്ദനെ കൂടാതെ മന്ദതരൻ എന്നൊരുതരംകൂടി ചില ഗ്രന്ഥങ്ങളിൽ പറയുന്നുണ്ടു്.) തരംതിരിക്കുന്നതിനു കണക്കിലെടുക്കുന്നതു് അവരുടെ വൈരാഗ്യത്തെയാണു്.

"ദുഃഖമുണ്ടാവുന്നേരം തന്നില്ലംവെറുത്തീടും
മൂർഖതതന്നെയോർക്ക മന്ദവൈരാഗ്യം പാരിൽ".

വസ്തുതത്വം—വസ്തു രണ്ടുതരം:

1. ചൈതന്യം—പാരമാർത്ഥികം—അസ്തി, ഭാതി, പ്രിയം—ത്രിപുടിരഹിതം—കാരണം—സമുദ്രം.

2. ജഡം—വ്യാവഹാരികം—നാമം, രൂപം—ത്രിപുടിയോടു കൂടിയതു്—കാര്യം—തിര, നുര, ചുഴി.

കാര്യമായ ജഡം കാരണമായ ചൈതന്യത്തിൽ ആരോപിതമാണു്.

'തിര, നുര, ചുഴിയെന്നീ രൂപഭേദങ്ങളെല്ലാം വരുകിലുമവയെല്ലാം വെള്ളമത്രേനിനച്ചാൽ' ജഡചൈതന്യങ്ങൾ സമ്മിശ്രമായിരിക്കുന്നതിനെ വേർതിരിക്കുന്നതു ആപേക്ഷിക (relative) വൈഭവത്തോടുകൂടിയാണു്. സാക്ഷാത്ക്കാരവേളയിൽ ജഡം എന്ന ദ്വൈതം മാഞ്ഞു് ഉൗടുരുവെ ചൈതന്യം ഒന്നായ് നിറഞ്ഞിരിക്കുന്നതു കാണാം. ഇതുതന്നെ വസ്തുവിൻെറ തത്ത്വം.

വസ്തുവെങ്ങനെയിരിക്കുന്നു ? അറിവില്ലായ്മയാകുന്ന അവിദ്യയും വസ്തുവിനെ എത്തുപെടാത്ത അവസ്ഥയും കൂടിച്ചേർന്നാണു് ഒരു സെക്കൻറനുഭവിക്കുന്നതു്. അപ്പോൾ ഒരു സെക്കൻെറന്നതു് അറിവില്ലായ്മയുടേയും എത്തുപെടുന്നില്ലാ എന്ന അവസ്ഥയുടേയും സമ്മിശ്രമാണു്. എന്നാൽ ഒരു സെക്കൻറനുഭവിക്കണമെങ്കിൽ അതിന്നാധാരമായി ഒന്നുവേണം. ആ ആധാരമായിരിക്കുന്ന വസ്തു സമയം കൊണ്ടു് കുറിക്കപ്പെടാത്തതും ചാഞ്ചല്യരഹിതവും രൂപഭേദങ്ങൾക്കു് വശംവദമല്ലാത്തതുമാകുന്നു. ചുരുക്കത്തിൽ ഒരു സെക്കൻറിൻെറ ആധാരം നിശ്ചഞ്ചലാവസ്ഥ തന്നെയായിരിക്കണം. അപ്പോൾ ഈ നിശ്ചഞ്ചലാവസ്ഥയിൽ ആരോപിതമായ അവിദ്യകൊണ്ടേർപ്പെട്ടതാണു് കാലം. ഇപ്രകാരം വസ്തു എപ്പോഴും കാലത്താൽ മറയ്ക്കപ്പെട്ടും കാലം ഇല്ലെന്നിടത്തുമാത്രം എത്തുപെടുമെന്നുള്ളതായും ഇരിക്കുന്നു.

പാരിച്ചവേദാന്തപ്പാലാഴിയെക്കോരിനിറ—
ച്ചാരണരുപനിഷത്ക്കുംഭങ്ങളെല്ലാംകാച്ചി
നാംകടഞ്ഞെടുത്തൊരിക്കൈവല്യനവനീതം.
നക്കിയപ്പശിയറേറാർ ഭോഗമണ്ണുണ്ണാൻപോമോ? 6

പാരിച്ച—വേദാഗമാദികളാൽ വിശാലമായ ഉപനിഷത്കുംഭങ്ങൾ—ജ്ഞാനകുംഭങ്ങൾ. ആരണർ—ബ്രഹ്മജ്ഞാനികൾ കടഞ്ഞെടുത്ത—ദൃഢമായ അറിവിനാൽ അനുഭവരൂപത്തിലാക്കിയ നക്കിയുപ്പശിയറ്റോർ—നിശ്ശേഷം പഠിച്ചറിഞ്ഞ കാരണം (മോക്ഷത്തിനായിക്കൊണ്ടുള്ളി അന്വേഷണം നിലച്ചവർ.

ഭോഗമ....പോമോ—വിഷയസുഖങ്ങളിൽ താല്പര്യം കാണിക്കുമോ?

മുക്തനായ്, നിത്യംനിരാലംബനാമകർത്താവേ,
കർത്താവായെന്നെക്കൊണ്ടുനാഥൻറെപാദംകൂപ്പി
ബന്ധിച്ചുകൈവല്യത്തെത്തത്വപ്രകാശനം, പിൻ
സന്ദേഹനിവൃത്തിയെന്നുംപിരിച്ചോതീടുന്നേൻ. 7

എന്നെക്കൊണ്ടു—എന്നെ ശിഷ്യനായ്സ്വീകരിച്ചു. കൈവല്യനവനീംതം എന്ന ഈ ജ്ഞാനപ്രബന്ധം തത്വപ്രകാശപടലം, സന്ദേഹനിവൃത്തി പടലം എന്നും രണ്ടായി ചമയ്ക്കപ്പെട്ടിരിക്കുന്നു.

നിത്യമേ, തനിത്യവുമാരായുംവിവേകംപിൻ
മധ്യത്തിലിഹപരഭോഗങ്ങൾവെറുത്തതും
ഉത്തമംശമാദികളാറുംപിൻമുമുക്ഷുത്വം
മുക്തിക്കായോതുംവിജ്ഞർസാധനചതുഷ്ടയം. 8

മോക്ഷമാർഗ്ഗമായി ജ്ഞാനാചാര്യന്മാർ കല്പിച്ചിട്ടുള്ള സാധനചതുഷ്ടയങ്ങളെപ്രതിപാദിക്കുന്നു

1. നിത്യാനിത്യങ്ങളേവയെന്നു തിരിച്ചറിയാൻ ശ്രമിക്കുന്ന അന്വേഷണബുദ്ധി.

2. സംസാരജീവിതത്തിൽ ഇരിക്കവെതന്നെ വിഷയഭോഗങ്ങളുടെ അനശ്വരത്വത്തെക്കണ്ടുണ്ടാകുന്ന വൈരാഗ്യം.

3. ശമാദിഷട്കങ്ങൾ

4. നശ്വരങ്ങളോടുചേർന്നു താനും നശിക്കാതെ മോചനം പ്രാപിക്കാനുള്ള ആഗ്രഹം.

ചൊല്ലിടാംശമം, ദമോ, പരതിയുംസഹനവും
നല്ലോരുസമാധാനം, ശ്രദ്ധയുമായോരാറിൽ
ബാഹ്യമായ്‌വിഷയത്തിലോട്ടുമുൾക്കരണങ്ങൾ
ഗ്രാഹ്യമായുള്ളടക്കീടുന്നതുശമം ശ്രേഷ്ഠം 9
ദമമോചൊല്ലാം കർമ്മ, ജ്ഞാനേന്ദ്രിയങ്ങളുംതൽ
സ്വമമായ്‌വിഷയത്തിലോടാതെയാക്കുംവൃത്തി,
ഇല്ലത്തിൽവാഴുംവ്യവഹാരിയായ്‌ത്താനിരുന്നും
ഇല്ലപററതിൽചെറവുമെന്നതാണുപരതി,
ചിത്തത്തിലഹങ്കാരംപററുകിലിളകീടും
പിത്തങ്ങളടക്കിച്ചെയ്യുന്നതുസഹനവും,
തന്നിലേററീടുംശ്രവണാർത്ഥങ്ങൾചിന്തയ്ക്കായി-
ത്തന്നിലേചരതിച്ചീടുന്നതുസമാധാനം,
സത്ഗുരു, ശാസ്ത്രാദിയിൽതാല്പര്യമത്രേശ്രദ്ധ,
സത്ഗുണംശമാദിഷട്കങ്ങളോരോന്നുംചൊന്നേൻ

ശമം—അന്തഃകരണവൈഭവങ്ങളായമനസ്സ്, ബുദ്ധി, ചിത്തം അഹങ്കാരം ഇവയെ അവയുടെ ബഹിർമ്മുഖ വ്യാപാരങ്ങളിൽ നിന്നും നിരോധിക്കുക.

ദമം—കർമ്മേന്ദ്രിയങ്ങൾ (വാക്ക്, പാണി, പാദം, പായു, ഉപസ്ഥം) അഞ്ചും ജ്ഞാനേന്ദ്രിയങ്ങൾ (കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക്) ഇവ അഞ്ചും വിഷയങ്ങളിൽ ഭ്രമിക്കാതെയാക്കുക.

ഉപരതി—കുടുംബജീവിതത്തിൽതന്നെ ഇരുന്നാലും ആ വ്യവഹാരങ്ങളിലൊന്നിലും പ്രത്യേക പററുതൽ ഇല്ലാതിരിക്കുക.

സഹനം—തന്നെ മയക്കിച്ചെയ്യാനാവുന്ന കാമക്രോധാദികളെ പൊറുത്തുകൊള്ളുന്നതു്.

സമാധാനം—സത്ഗുരു മുഖേനയും സത്ഗ്രന്ഥങ്ങൾ മുഖേനയും ലഭിക്കുന്ന ശ്രവണങ്ങളുടെ സാരാർത്ഥചിന്തനം ചെയ്യുക.

ശ്രദ്ധ—ജ്ഞാനാചാര്യന്മാരിലും അവരുടെ ശാസ്ത്രങ്ങളിലും വിശ്വാസവും താല്പര്യവും ജനിക്കുക.

സാധനചതുഷ്ടയം കൂടാതെയദ്വൈതമത്ത
സാധിപ്പോരില്ലാകയാൽ സാധനനാലുംകൊണ്ടേ
സിദ്ധിക്കമാക്കും ജ്ഞാന,മല്ലാതെയീലോകത്തിൽ
പൂത്തനാം വിവേകികളെല്ലാട്ടുമേ നേഴഞ്ഞീടാ,
സാധനയെന്നേ്യ പക്ഷേ നേഴഞ്ഞെന്നാലാമത്ത്യൻ
ഭൂതജന്മങ്ങളിൽത്താൻ പുണ്യമാർജ്ജിച്ചോനത്രേ 11

സാക്ഷാത്ക്കാരപ്രാപ്തിക്ക് മഹത്തുക്കൾ മുഖ്യമാർഗ്ഗങ്ങളെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാർഗ്ഗങ്ങളെ അവലംബിക്കാതെ ആക്കും ലക്ഷ്യം പ്രാപിക്കാൻ കഴിയുന്നതല്ലെന്നമാണ്, അഥവാ ഈ മാർഗ്ഗങ്ങളെ അവലംബിക്കാത്ത ഒരു പുതിയ ജിജ്ഞാസുവിന് ജ്ഞാനം കൈവന്നാൽതന്നെയും അതു് പൂർവ്വപുണ്യപരിപാകം കാരണമാണെന്നും പറഞ്ഞിരിക്കുന്നു.

സാധനചതുഷ്ടയം-ശ്രവണം, മനനം, നിദിദ്ധ്യാസനം, സമാധി.

മുക്തിക്കൊരാളായധികാരിയായോനോതന്നെ-
ക്കത്തുന്ന താപത്രയമൊട്ടുമേ പൊറുക്കാതെ
മാത്താണ്ഡാതപം പെട്ടുപിടയും പുഴവെട്ടോലെ
യാത്തനായോട്ടംജ്ഞാനതീർത്ഥത്തിൽമുങ്ങിക്കൊൾവാൻ 12

താപത്രയം— 1) മനസ്സിനാലും ഇന്ദ്രിയങ്ങളാലും മററും ഏർപ്പെടുന്ന വിശപ്പു് ദാഹം തുടങ്ങിയവ (ആധി ആത്മീകം)

2) ഇഷ്ടദേവതകളുടെ അപ്രീതിമൂലം ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ (ആധിദൈവികം) (3) പഞ്ചഭൂതഭൗതികങ്ങളാലേ പ്പെടുന്ന ഇടി, മിന്നൽ മുതലായവയാലുള്ളതു് (ആധിഭൗതികം)

ആത്യന്തിക ദുഃഖനിവൃത്തിക്കു് ജ്ഞാനം മാത്രമേ സഹായിക്കുന്നുള്ളു എന്നതിനാൽ 'ജ്ഞാനതീർത്ഥത്തിൽ മുങ്ങിക്കൊൾവാൻ' എന്നു പറഞ്ഞു. മുക്തിക്കു അർഹതവന്നവനു മാത്രമേ അന്വേഷണം ഉണ്ടാകുന്നുള്ളു എന്നതിനാൽ 'മുക്തിക്കൊരാളായധികാരിയായ്'' എന്നും പറഞ്ഞു. ഇപ്രകാരമുള്ള ഒരു ജിജ്ഞാസു സത്യാന്വേഷണത്തിനു പുറപ്പെടുന്നതിനെപ്പററി ഒഴിവിലൊടുക്കത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക;

"ചൂടേറവുള്ളഴലേറിന്നീരിനരുതായ്
വെമ്പുന്നൊരന്ധന്നപോൽ,
മാടിപ്പാലിന്നിരന്നാകന്നു പശുവെ-
ത്തേടുംപൊറാവേളപോൽ,
നാടെങ്ങും പലവേലിചെയ്യൊരു വിട-
ന്നേവന്നൊരാസക്തിപോ-
ലോട്ടംസത്ഗുരുവെത്തിരഞ്ഞു നിയതം
മുക്തിക്കൊരാളായവൻ".

സംസാരദുഃഖങ്ങളിൽ വിരക്തിയേൽപ്പെട്ടുന്നവനേ ജ്ഞാനോപദേശശ്രവണത്തിനധികാരിയാകുന്നുള്ളൂ. ജ്ഞാനവാസിഷ്ഠത്തിൽ ശ്രീരാമൻെറ വിരക്തിയും ജ്ഞാനോപദേശവും നോക്കുക. അതിനാലാണ് (ഗീതയിലെ) മമതവർദ്ധിച്ച അർജ്ജുനന് ഭഗവാൻ കർമ്മത്തെ മുഖ്യമായുപദേശിക്കുന്നതും.

ഇങ്ങനെയുഴറിക്കൊണ്ടേഷണാത്രയങ്ങൾവി-
ട്ടങ്ങനെ, വേടൻവലകൈതപ്പിയോട്ടംമാൻപോൽ,
പോയവൻ, വെറുംകയ്യോടല്ലാതെപോയപോലെ
പോയി,ത്തൻഗുരുവിനെക്കുപ്പുകയ്യോടേ കണ്ടാൻ. 13

ഏഷണാത്രയങ്ങൾ—പുത്രൈഷണ, അർത്ഥൈഷണ, ദാരൈഷണ. (ഏഷണാ—ഇച്ഛ)

ഗുരുവിനെ കാണാൻപോകുമ്പോൾ എന്തെങ്കിലും കൊണ്ടുപോകണമല്ലോ എന്ന മര്യാദയ്ക്കു മറ്റൊന്നുമില്ലാത്തതിനാൽ കൂപ്പുകൈയ്കാഴ്ചവച്ചു വണങ്ങി. അതിനാൽ 'വെറും.........പോലെ' എന്ന പറഞ്ഞിരിക്കുന്നു.

തൻഗുരു—അന്വേഷണഫലമായി തനിക്കു ആചാര്യനായി ലഭിച്ചയാൾ.

ചൊല്ലിനിന്നീടും 'മായാജീവിതദുഃഖത്താൽ ഞാൻ
വല്ലാതെവാടിപ്പോയെന്നുള്ളം തണുക്കുംവണ്ണം
ഭിന്നിച്ചുനില്ക്കുംകോശപാശത്തിൻകുരുക്കെല്ലാ-
മൊന്നായറുത്തെൻനാഥാ! രക്ഷിക്കവേണ'മെന്നും 14

പഞ്ചകോശങ്ങളും പഞ്ചേന്ദ്രിയങ്ങളും മററും പരസ്പരമറിയാതെയാണിരിക്കുന്നതു്. പോരെങ്കിൽ പരസ്പരവിരുദ്ധങ്ങളായ അറിവുകളെയാണു തരുന്നതും. അതിനാൽ ഇവയെല്ലാം സത്യമറിയാൻ ഉപകരിക്കാത്തതുമാത്രമല്ല തടസ്സങ്ങളായി നില്ക്കുകകൂടിച്ചെയ്യുന്നതിനാൽ 'ഭിന്നിച്ചു...... രക്ഷിക്കവേണം' എന്നുപറയുന്നു.

വല്ലാതെ വാടിപ്പോയ്—ഈ ലോകജീവിതത്തിൽ സുഖം തന്നെ ദുഃഖമായി മാറിക്കൊണ്ടിരിക്കുന്നതനുഭവംവന്നു് സുഖദുഃഖങ്ങൾ രണ്ടും ദുഃഖംമാത്രമാണെന്നായവനു് സ്വതേ ശരീരം ശോഷിക്കും. സുഖദുഃഖങ്ങൾ മാറിമാറി അനുഭവിക്കുന്നവനു് അനുഭവരസം നീണ്ടുനില്ക്കുന്നു. ഉണ്ടെങ്കിൽ ദുഃഖമേയുള്ളു എന്നാകുന്നവൻ തളർന്നുപോകും. അവൻ പിന്നീടു പ്രവൃത്തിയിലും പ്രിയപ്പെടുന്നില്ല. പ്രവൎത്തിച്ചാലും ദുഃഖഭരത്തെ കൂട്ടാൻമാത്രം പൎയ്യാപ്തമായി വരുന്നഘട്ടത്തിൽ ആ പ്രതിസന്ധിയിൽനിന്നും മോചനത്തിനാഗ്രഹിക്കുന്നു. ഗുരുവിനെ അന്വേഷിക്കുന്നു. ഇപ്രകാരമുള്ളവൻ സാക്ഷാൽ ജിജ്ഞാസുവാണു്. അവനേററവും സത്യാന്വേഷണവുംതന്നെ. ഇവനെയാണു് അധികാരി എന്നു് മുൻപദ്യത്തിൽ പറഞ്ഞതും. അർഹതയുള്ളവനേ മോക്ഷോപദേശം പാടുള്ളു എന്നും ഉണ്ടു്. ഇപ്രകാരം അർഹതയുള്ളവരെപ്പററി ഒഴിവിലൊടുക്കം എന്ന അനുഭവഗ്രന്ഥത്തിൽ പറയുന്നതു നോക്കുക.

ചെയ്യേണ്ടകർമ്മമൊക്കെച്ചെയ്തിട്ടുമാത്മതുഷ്ടി
കൈവരാതെല്ലാംവിട്ടുവൈരാഗ്യംവന്നശേഷം
സത്ഗുരുവിനൊത്തേടിപ്പുണ്യത്താൽപ്രാപിച്ചോനായ്
ഗത്ഗദാക്ഷരങ്ങളാലഭയംപ്രാൎത്ഥിപ്പോനെ
സ്വസ്ഥനായിരുത്തിത്തൻനിത്യസൗഖ്യത്തെനൽകു-
മുത്തമൻമഹാത്മാവേ സത്യനാംഗുരുവാക്കു.
ചെററുവിഴ്ച്ചയ്ക്കുമിടയാക്കിട്ടുമന്യൻവിശ്വം
സൃഷ്ടിക്കുംവിധാതാവുംകാലനുമായിത്തീരും.
യഥാൎത്ഥഗുരുവാരെന്നുംഇതിൽ പറഞ്ഞിട്ടുണ്ടു്.

ആയ്യനം, തൻകുഞ്ഞിനെ യാമ, മീൻ, ശുകവുംപോൽ,ത
നേരുയിർകടാക്ഷിച്ചു ചാരത്തണച്ചിരുത്തി,
നിന്നുടെജനിദുഃഖംമാറുന്നമാർഗ്ഗമെങ്ക-
ലൊന്നുണ്ടുചൊല്ലാം, കേട്ടാൽ ദുഃഖവുംതീരുമെന്നാൻ 15

ആമ—വെള്ളത്തിൽ കിടന്നാലും കരയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള മുട്ടകളെപ്പററി സദാ ചിന്തിച്ചുകൊണ്ടിരിക്കും. ഈ ചിന്തയാണു് മുട്ടകൾ വിരിയുന്നതിനു പ്രേരകമായിത്തീരുന്നതു്. (ഗുരു, അന്തഃകരണംവഴി ശിഷ്യനുപദേശം കൊടുക്കുന്നതിനെ സൂചിപ്പിക്കുന്നു)

KOTTAYAM PUBLIC LIBRARY KOTTAYAM 76350

മീൻ—തന്നിൽക്കൂടി വെളിയിൽവന്ന മുട്ടകളെ നിർന്നിമേഷം നോക്കിനില്ക്കും. ഇതോടുകൂടിയാണു് മുട്ടകൾ വിരിയുന്നതു്. (ഗുരു തൻെറ കാരുണ്യകടാക്ഷത്താൽതന്നെ ജ്ഞാനോപദേശം നൽകി ശിഷ്യനെ മോക്ഷാധികാരിയാക്കിത്തീർക്കുന്നതിനെ സൂചിപ്പിക്കുന്നു)

ശുകം—പക്ഷികൾ തങ്ങളുടെ ചിറകുകൾക്കിടയിൽ മുട്ടകളെ വിരിയിക്കുന്നു (ഗുരു ശിഷ്യനെ തൻെറ പുത്രനെപ്പോലെ ആശ്ലേഷിച്ചനുഗ്രഹിക്കുന്നതിനെ സൂചിപ്പിക്കുന്നു.

അഗ്നിയിൽവീണ വിറകിനെപ്പോലെ ഗുരുവിനെ പ്രാപിച്ചശിഷ്യൻെറ അജ്ഞാനം ഗുരുവിൻെറ ജ്ഞാനാഗ്നിയിൽ ദഹിച്ചുപോകുമെന്നുള്ളതിനാൽ 'ചാരത്തണച്ചിരുത്തി' എന്നു പറഞ്ഞിരിക്കുന്നു.

ആവത്തിച്ചെത്തും ദുഃഖം തീരുമെന്നോതിക്കേട്ടി-
ട്ടാവേശംതീർന്നുശിഷ്യനാനന്ദനിമഗ്നനായ്,
തൂവിത്തുളുമ്പുംസ്നേഹംകണ്ണീരിൽക്കൂടൊഴുക്കി-
ട്ടാവോളമാര്യൻതൻെറപാദങ്ങൾകൂപ്പിക്കേട്ടാൻ 16

"നീ സുഖസ്വരൂപിയാണു്. സുഖം നിത്യമാണു്. ദുഃഖം അനിത്യവും മിഥ്യയുമത്രേ. ഇങ്ങനെ സുഖമേസ്വരൂപിയായ നീ

ആ സ്വരൂപത്തെ വിട്ട് എക്കാലത്തും പിരിഞ്ഞിരിക്കുന്നില്ല. ഈ സത്യം നീ അറിയുന്നില്ലെന്നേയുള്ളു. ഈ അറിയായ്മയെ അകററാൻ ജ്ഞാനമാർഗ്ഗത്തെ ശ്രവിച്ചാലും" എന്നും മററും ആദ്യമേതന്നെ ശിഷ്യനെ സമാശ്വസിപ്പിച്ചുകൊണ്ടാണ് ഗുരു ഉപദേശം ആരംഭിക്കുന്നതു്. അതിനാലാണ് 'ശിഷ്യനാനന്ദനിമഗ്നനായ്" എന്നു പറഞ്ഞിരിക്കുന്നതു്. ഒരു പിതാവിനും തൻെറ പുത്രൻെറ മരണത്തെ തടയാൻ കഴിയുന്നില്ല. മരണത്തെ മാററിത്തരാം എന്നു നിർവ്വിശങ്കം പറഞ്ഞ ഈ പിതാ (ഗുരു) വിനോടു തോന്നാവുന്ന സ്നേഹം വാചാമഗോചരമായിരിക്കുമെന്നതിനാൽ 'ത്തുവിത്തുളുമ്പും സ്നേഹം കണ്ണീരിൽ കൂടൊഴുക്കി' എന്നു പറഞ്ഞിരിക്കുന്നു.

ചൊന്നതുകേൾക്കാനൊക്കാതപ്പാവിയായാലും ഞാൻ
നിന്നുടെകാരുണ്യത്താലെപ്പോഴും രക്ഷിച്ചീടാം;
എന്നുടെ ജനിമാററാനുണ്ടെന്നു ചൊന്നമാർഗ്ഗ-
മിന്നതെന്നനുഗ്രഹിച്ചോതുമോ, പിതാവേ! നീ? 17

കേൾക്കാൻ—ഗ്രഹിക്കാൻ.

അപ്പാവി—അശക്തൻ—നിർഗ്ഗുണൻ

ചൊന്നതു.... ...ച്ചീടാം — നീ പറയുന്നതു ഗ്രഹിപ്പാൻപോലും അശക്തനാണു ഞാനെന്നിരുന്നാലും ആ ശക്തിയെക്കൂടി പ്രദാനം ചെയ്വാൻ വൈഭവത്താൽ നിനക്കുകഴിയുന്നതാണെന്നും അങ്ങനെ ഞാൻ രക്ഷിക്കപ്പെടുമെന്നും ഞാൻ സമാധാനപ്പെടുകയാണ്.

എത്ര പാമരനെയും അങ്ങനെതന്നെ മഹാജ്ഞാനിയാക്കിത്തീർക്കാനുള്ള ഈശ്വരാതീതമായ കഴിവ് ഒരനുഭവജ്ഞാനിക്കെപ്പോഴും ഉള്ളതാണ്. ഈ സത്യത്തെയാണ് ശിഷ്യൻ ഇവിടെ സൂചിപ്പിക്കുന്നതു്. ഇക്കാര്യത്തിൽ (മുക്തിക്കു) അധികാരിയല്ലാത്തവനെയും അധികാരിയാക്കിച്ചെയ്തിട്ടു സത്ഗുരു ജ്ഞാനോപദേശം ചെയ്യും. അധികാരിയല്ലാത്തവനെ അധികാരിയാക്കിച്ചെയ്യുന്നതിനെ ഒഴിവിലൊടുക്കത്തിൽ ഇപ്രകാരം പറയുന്നു.

'കാരിരുമ്പിൻരുവം കൊട്ടത്തപടി
പച്ചമാമരമതൊന്നിനെ
ക്കീറിയിട്ടച്ചുട്ടമെന്നപോൽ പലവി-
ധത്തിൽ മന്ദതരനോതിട്ടം'.

വൃത്തികളൊഴിഞ്ഞവൻതൻ ശിഷ്യനെന്നറിഞ്ഞു, മണ്ണിൻ
പുററിൻറംപുഴവിന്നുമും കടന്നലിൻവൃത്തിപോലെ,
തന്മകനാത്മസ്വരൂപം തന്നെയാവാൻമെയ്യിൽ
തന്മയപ്പെട്ടിരിക്കും ജീവനെനോക്കിച്ചൊന്നാൻ. 18

വൃത്തി........ഞ്ഞ്ട്ടു – ആത്മോപദേശശ്രവണത്തിന് ഇന്ദ്രിയ വൃത്തികരംക്രടി ഒഴിഞ്ഞിരിക്കേണ്ട ആവശ്യകതയെപ്പററി 14-ാം പദ്യത്തിൻെറ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്. കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ കഴിയുകയില്ലല്ലോ.

മണ്ണിൽ..... വൃത്തിപോലെ—മൺപുററിനകത്തു വേട്ടാവെളിയൻ പുഴവിനെകൊണ്ടുവച്ചിട്ട് അതിൻെറ മുമ്പുനിന്നുതിക്കൊണ്ടു് അതിനെ കൊട്ടി ക്ഷതപ്പെടുത്തുന്നു. ഈ കൊട്ട് പുഴവിന്റെ ഉയിരിനെത്തന്നെ ബാധിക്കുകയും സംഭവത്തെത്തുടന്ന് പുഴ തന്നെ കൊട്ടിയതിൻെറ രൂപത്തെപ്പററിത്തന്നെ ചിന്തിക്കുകയും ക്രമേണ പുഴ വേട്ടാവെളിയനായിത്തീരുകയും ചെയ്യുന്നു. കൊട്ടിയതിൻെറ ഉദ്ദേശ്യവും ഇതുതന്നെ. ഈ ദൃഷ്ടാന്തത്തിനാൽ ജ്ഞാനോപദേശത്തിൻെറ ഉദ്ദേശ്യം ഗുരുവിൻെറ സത്യ (ബ്രഹ്മ) സ്വരൂപം ശിഷ്യനും പ്രാപിക്കുക എന്നതാണു്. 'തന്മകനാത്മ സ്വരൂപം തന്നെയാവാൻ' എന്നു പറഞ്ഞിട്ടുമുണ്ട്.

മെയ്യിൽ ... നാഥൻ – ഗുരു ഉപദേശിക്കുന്നതു് ആത്മജ്ഞാനമാണു് ആത്മജ്ഞാനം ആത്മാവിനോടുപദേശിക്കേണ്ടതുമാണു്. കാരണം ആത്മാവിനുമാത്രമേ ആത്മാവിനെ അറിയാൻ കഴിയുകയുള്ളൂ. ശിഷ്യൻെറ അവസ്ഥയാണെങ്കിൽ ദേഹിദേഹമായി തന്മയപ്പെട്ട് ദേഹത്തെത്തന്നെ ദേഹിയാക്കി വച്ചുകൊണ്ടിരിക്കുന്നതുമാണു്. അതായതു് ദേഹം ദേഹിയില്ലു

ണ്ടായി അതിൽതന്നെയിരിക്കവെ ദേഹത്തിലാണു ദേഹിയിരിക്കുന്നതെന്ന വിപരീത ഭാവനയിൽ കഴിയുകയാണു്. ജീവനും ആത്മാവും വസ്തുതന്നതന്നെ.

അവിദ്യയാകുന്ന കുപ്പയിൽ കിടക്കുന്ന കുന്നിമുത്തുപോലെയാണു ജീവനിരിക്കുന്നതു്. കുന്നിമുത്തു കുപ്പയിൽ കിടന്നാലും വിളങ്ങും. അതുപോലെ ജീവനിൽ മായാബന്ധം ആരോപിതമാണെങ്കിലും അവിദ്യയാകുന്ന മൂട്ടപടം നീക്കിയാൽ, കാര്യരൂപങ്ങളായ കുപ്പകളെ നീക്കിയാൽ, ജീവനാകുന്ന കുന്നിമുത്തു് അതിൻെറ നിജസ്വരൂപത്തിൽ അതുപോലെവിളങ്ങും. സൂര്യനിൽ കാലം ഉദിച്ചസ്തമിക്കുന്നതുപോലെ ആത്മാവിൽ ജീവൻ ഉണ്ടായി ഇല്ലാതാകുന്നു. നിന്നനിലയിൽതന്നെ സർവ്വദാ സൂര്യൻ നിന്നുകൊണ്ടു് ഉദയാസ്തമനങ്ങൾ ലോകത്തിനു കാണിച്ചുകൊടുക്കുന്നപോലെ ആത്മാവും തന്നിൽ തന്നെ ജീവൻെറ ഉല്പത്തിനാശങ്ങളെ ചെയ്തുകൊണ്ടിരിക്കുന്നു. ആത്മാവു ജീവനായി പരിണമിക്കുന്നുവെന്നേയുള്ളു. സൂര്യനിൽനിന്നും രശ്മികൾ ഉദയമാവുന്നു; ആത്മാവിൽനിന്നു് ജീവനും. ആത്മാവു ബിംബവും ജീവൻ പ്രതിബിംബവും.

രസംപൂശാത്ത കണ്ണാടിയിൽ നോക്കുന്ന മുഖത്തിൻെറ പ്രതിഫലന പ്രകാശം ബഹിർമുഖമായി ഗമിക്കുന്നപോലെ ആത്മാവിൻെറ പ്രതിബിംബമായ ജീവൻ അനിരുദ്ധാന്തഃകരണത്താൽ വിശേഷിപ്പിക്കപ്പെട്ടു നില്ക്കുന്നതിനാൽ ആത്മാവിൻെറ (പ്രതിബിംബ) പ്രകാശം ബഹിർമുഖമായി നിന്നു് വിഷയങ്ങളെ കാണുന്നു. രസം പൂശിയ കണ്ണാടിയിൽ തട്ടുന്ന മുഖത്തിൻെറ പ്രതിബിംബപ്രകാശം കണ്ണാടിയിലെ രസവൈഭവത്താൽ നിരോധിക്കപ്പെട്ടു് തിരിയെ ബിംബമുഖത്തെ കാണുന്നു. ഗുരുവീക്ഷണമാകുന്ന രസം പൂരണ്ട ശിഷ്യൻെറ അന്തഃകരണമാകുന്ന കണ്ണാടിയിൽ ആത്മപ്രതിബിംബ ജീവൻ, തിരിച്ചു്, ആത്മദർശകനായി

നില്ക്കുന്നവനെന്ന പരമാർത്ഥത്തിന്റെ പശ്ചാത്തലത്തിലാണ് ഗുരു ശിഷ്യന്റെ "ജീവനെ നോക്കിച്ചൊന്നാൻ" എന്നു പറഞ്ഞതു്.

കുസൃതികൾ കാണിച്ചുകൊണ്ടിരിക്കുന്ന ബാലനെ പിതാവു നോക്കുമ്പോൾ പെട്ടെന്നവ കുസൃതികൾ ഒഴിയുന്നു. ആ മനസ്സു മാറി പിതാവിനിഷ്ടപ്പെട്ട അവന്റെ അനുസരണാബുദ്ധി ഉണരുന്നു പിതാവിന്റെ നോട്ടം പതിക്കുന്നതു് മകന്റെ ഏറ്റവും സ്നിഗ്ദ്ധമായ സാത്വികാംശത്തിലായിരിക്കും. ഇവിടെ സത്ഗുരു ഇന്ദ്രിയവൃത്തികളൊഴിഞ്ഞ തന്റെ സ്വന്തം ആത്മസ്വരൂപം ശിഷ്യനിലും ഉള്ളതിനോടായിട്ടുപദേശിക്കുന്നതു് "തന്മകനാത്മസ്വരൂപം തന്നെയാവാൻ" വേണ്ടിയാണു്.

മക്കളേ! തന്നെത്താനായ്കൈവിട്ടുമറന്നവൻപിൻ
ദുഃഖിക്കുംപിറന്നിറന്നോ,റാത്തച്ചുഴൽകാററിൽ
ചിക്കിയതുരുമ്പുപോൽച്ചുററിച്ചുററി,യക്കാല-
ചക്രബ്ഭ്രമത്തിൽചുഴംകാണ്മോളംതേട്ടംതന്നെ. 19

തന്നെ ......നവൻ—താൻ എപ്പോഴും തന്റെ (നിത്യസത്യമായ) ബ്രഹ്മസ്വരൂപത്തിൽ തന്നെയിരിക്കവെ ബ്രഹ്മത്തിൽനിന്നും ഉത്ഭവിച്ച ചൈതന്യമായ താൻ ബ്രഹ്മത്തെ നോക്കാതെ (അതിനെമറന്നിട്ടു്) തന്നെ പ്രത്യേകമായി നോക്കിയപ്പോൾ മായയുത്ഭവിച്ചു. ഈ മായ ചൈതന്യവുമായിച്ചേരുമ്പോൾ യാതൊരു വൈഷമ്യവുമില്ല എന്തെന്നാൽ തനിക്കന്യമായ ജഡഭാവത്തെക്കൊള്ളുന്ന മായയുണ്ടായി എന്ന ഭാവമില്ലാത്തതിനാൽ ഇങ്ങനെ വൈഷമ്യമില്ലാത്ത മായയെ ചൈതന്യം നോക്കുമ്പോൾ നിർവികാരി, നിരാമയൻ, സർവ്വജ്ഞൻ ആയ ഈശ്വരനുണ്ടായി. ഇപ്രകാരമുണ്ടായ ഈശ്വരൻ മായയെ തന്റെ ചൈതന്യഭാവം കൊണ്ടുനോക്കിയപ്പോൾ യാതൊരു കാരണവും കൂടാതെ വിഷയനാനാത്വം കൊണ്ടു് അനവധി ജീവന്മാരുണ്ടായി. അതായതു് ഒരു തീക്കൊള്ളിയെ തട്ടിയാൽ അഗ്നികണങ്ങൾ നാലുപാടും ചിതറുന്നതുപോലെ. അവ ഒന്നിലും പററാതെ നേരെ ഈശ്വ

തന്നെ നോക്കുന്നതിന്നു പകരം അന്യത്തെ നോക്കിയതുമൂലം അഗ്നികണങ്ങൾ അഗ്നിയിലോ വസ്ത്രത്തിലോ പററിയതുപോലെ ആയിത്തീരുന്നു. അങ്ങനെ യാതൊരു കാരണവും ക്ലേശവും കൂടാതെ ഉണ്ടായജീവന്മാർ താന്താങ്ങളെടുത്ത ഉപാധിയെ ആശ്രയിച്ചു കരുത്തുപോലെയിരിക്കും അവയുടെ ക്ലേശങ്ങളും. ഇവിടെ ജീവൻ തന്റെ സാക്ഷാത്സ്വരൂപം ആദിഹേതുവായ ബ്രഹ്മചൈതന്യമാണെന്നതിനെ മറന്നിട്ടു് താൻപററിനില്ക്കുന്ന അവിദ്യാജഡമാണെന്നു് അഭിമാനിച്ചുകൊള്ളുന്നു. ഇങ്ങനെ തന്നെ നോക്കാതിരിക്കാൻ ഇടയാകുന്ന, ചൈതന്യജഡസമ്മിശ്രമായ, ജീവനെയാണു് 'മറന്നവൻ' എന്നപദം കൊണ്ടുകുറിക്കുന്നതു്.

ദുഃഖിക്കും—ഇങ്ങനെ എത്രകാലം നോക്കാതിരിക്കുന്നുവോ അത്രയും കാലം താനനുഭവിക്കുന്നതും തന്നെ കുട്ടസ്ഥാക്കിവച്ചു കൊണ്ടിരിക്കുന്നതുമായ അപൂർണ്ണത്വത്താൽ താൻ ദുഃഖിക്കേണ്ടി വരുന്നു.

പിറന്നി........ചുററിച്ചുററി—ജീവൻ ജനന മരണാദ്ധ്യാസങ്ങൾക്കു വിധേയമായി, അവസാനമില്ലാത്ത ചുഴൽക്കാററിൽപ്പെട്ട തുരുമ്പു് ഒരിക്കലും സ്വസ്ഥാനം (നിശ്ചഞ്ചലത്വം) പ്രാപിക്കാതെ അങ്ങുമിങ്ങുമെങ്ങും ചുററിച്ചുററി അലഞ്ഞുതിരിയാനേ ഇടയാകുന്നതുപോലെ, ജനനമരണഭ്രമമാകുന്ന കാലചക്രവലയത്തിൽ പെട്ടു് ഒരിക്കലും സ്വസ്വരൂപം പ്രാപിക്കാതെ പോകുന്നു.

കാണ്മോളം തേടുംതന്നെ - താൻ തന്നെ നോക്കിയയിടത്തു് താൻ തനിക്കന്യനായി. അങ്ങിനെ തനിക്കു് (ഇല്ലാത്ത) തന്റേതുകൾ ഉണ്ടായി. താൻ അതുകളെ ഇച്ഛിച്ചതുമൂലം താൻ തന്നെ വിട്ടിട്ടു് തന്റേതുകളുമായി കൂടിച്ചേർന്നു. താൻ തന്നിൽ എന്നിടത്തു ആവശ്യങ്ങളില്ല. താൻ ഇനിയൊന്നിൽ എന്നായിടത്തു ആവശ്യങ്ങളുണ്ടാവുന്നു. താൻ ഇനിയൊന്നിലെന്നിടത്തു് താൻതന്നെ വിട്ടകലുന്ന സുഖത്തെ അറിയാതെ പോവുന്നു. ആവശ്യങ്ങൾ വർദ്ധിക്കുന്നു ഒരാവശ്യനിവൃത്തിക്കു പുതിയ പുതിയ

ആവശ്യങ്ങൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. തനിക്കു് താൻ എന്ന (ഉള്ളതായ) സ്വസ്ഥാനത്തുനിന്നും (സുഖസ്വരൂപത്തിൽനിന്നും) താൻ സ്വയം വ്യതിചലിച്ചു് തന്റേതുകളെ സൃഷ്ടിച്ചു് അവകളിൽ പ്രററിപ്പിടിച്ചിരിക്കുന്നു. ഇങ്ങനെ അഭിമാനം നിമിത്തം താൻ സ്വയം തൻേറതുകളായി, തനിക്കുതന്നിൽതന്നെ അന്ന്യങ്ങളായി ത്തീർന്നു.

ഒന്നുണ്ടായിരിക്കവെ ഇല്ലാത്തതിനെ സൃഷ്ടിക്കരുതു്. അങ്ങനെയായാൽ ഇല്ലാത്തതു് ഉണ്ടു് എന്ന രൂപത്തിൽ കാണപ്പെടും. അപ്പോൾ ഉള്ളവൻെറ ചെലവിനു മതിയാകാതെ വരുന്നതാണു മരണം. ജനിക്കുന്നതിനുമുമ്പു് ഒരവസ്ഥ ഉണ്ടായിരുന്നിരിക്കണമല്ലോ ആ അവസ്ഥ ജനനത്തിൽ തുടന്നിരിക്കാതെയിരിക്കാൻ നിവൃത്തിയില്ല. ഇപ്രകാരം ജനനത്തിനു മുമ്പുണ്ടായിരുന്നതും ജനനത്തിൽ തുടൎന്നുള്ളതും ആയ അവസ്ഥ ജനനം അവസാനിച്ചാലും ഉണ്ടായിരിക്കുന്നതിനേ യുക്തിയുള്ളു.

വിശ്വസൃഷ്ടിക്കുകാരണമാം ബ്രഹ്മം
വിശ്വമുള്ളപ്പോളില്ലാതിരിക്കുമോ
വിശ്വനാശം വരുമ്പോഴുമുണ്ടതു്.'

(അദ്ധ്യാത്മവിചാരം പാന)

മേൽ പറഞ്ഞപ്രകാരം എപ്പോഴും ഉള്ളതായ സുഖസ്വരൂപം നഷ്ടപ്പെട്ടു് ദുഃഖസ്വരൂപം കൈക്കൊണ്ടുഴലുന്ന ജീവനു് തൻെറ ആദിസുഖസ്വരൂപത്തിലുള്ള വാഞ്ഛവിട്ടു പോകുന്നില്ല ജീവരാശികൾ ഒരു ഭേദവുമില്ലാതെ സർവ്വവും സുഖത്തെത്തേടുക തന്നെ ചെയ്യുന്നതിൻെറ രഹസ്യമിതാണു്. സൎവ്വപ്രപഞ്ചവ്യവഹാരങ്ങളും ജീവൻെറ സുഖാന്വേഷണ ഫലമായി സംഭവിക്കുന്നവയാണു്. ജനനമരണാദി സർവ്വവ്യവഹാരങ്ങളും നീണ്ടുനില്ക്കുന്നതിനു കാരണം മാർഗ്ഗമറിയാതെയുള്ള അന്വേഷണമാണു്. കണ്ണിൻെറ കാഴ്ച അകത്തിരിക്കവെ അന്ന്യങ്ങളിൽ കാണുന്നതിനാൽ. സുഖത്തെ ദുഃഖങ്ങളിൽ അന്വേഷിച്ചതിനാൽ. തൻേറതുകളായിരുന്നുകൊണ്ടു് തന്നെ അന്വേഷിച്ചതിനാൽ ആരെയാ

ണോ കാണേണ്ടതു് ആ ആൾതന്നെയാണു് അന്വേഷണം നടത്തുന്നതു് എന്നറിയാത്തതിനാൽ തന്നിൽ സുഖമുള്ളതുകൊണ്ടാണു് അതിനെ അന്വേഷിക്കുന്നതു് എന്നോൎമ്മിക്കാത്തതിനാൽ. (കണ്ണില്ലാത്തവൻ കണ്ണാടിക്കടയിൽ പോവുകയില്ലല്ലോ) അതിനാൽ 'കാണ്മോളം തേടുംതന്നെ' എന്നു പറഞ്ഞു.

മുൻപറഞ്ഞ മാൎഗ്ഗനിശ്ചയമില്ലായ്മയെപ്പററി ഒഴിവിലൊടുക്കത്തിൽ പറയുന്നതുനോക്കുക.

വന്നീടുന്നെങ്ങുനിന്നെന്നൊരുവനൊടപരൻ
കേട്ടവാറത്രതാൻ, തൻ
മുന്നാടോക്കാതിരുന്നാലവനൊടുതിരിയെ
പ്പോയിടാനുള്ളമാർഗ്ഗം
ചൊന്നാലുണ്ടാം ഫലംപോൽക്രിയകളിൽമുഴകും
മൂഢനും മുക്തിമാർഗ്ഗം
ചൊന്നാലെന്തേഫലം? ഭ്രാന്തനുപെട്ടമെഴുലോ–
കങ്ങളുംതോന്നുമൊന്നായ്.

സൂൎയ്യോദയത്തിൻമുമ്പേക്കൂരിരുളെന്നപോലെ
ബോധോദയത്തിൻമുമ്പേ, ചൂഴുന്നമായതാനും
പോയൊഴിഞ്ഞെന്നാ,ലെങ്ങേപോയതെന്നാരായുമ്പോൾ
മായാതെമായുംസത്യം കാട്ടുമേ ശിവബോധം.
തന്നെയുംതന്നാധാരകൂടസ്ഥനേയുംകണ്ടാൽ
പിന്നവനേതാനായിബ്ബ് ബ്രഹ്മമായ്പിറപ്പാറവും ;
നിന്നെനീയറിവോനാകിലില്ലൊരുഹാനിയുംതേ
എന്നെന്നിക്കേൾക്കയാലീസത്യവുംനിനക്കോതി. 20

മുൻപറഞ്ഞവിധം ഭ്രംശംഭവിച്ചജീവന്മോക്ഷ ആത്യന്തികദുഃഖനിവൃത്തിയുണ്ടാകുന്നതെങ്ങനെയെന്നു പറയുകയാണു്. തന്റേതുകളിൽ അഭിമാനിച്ചു നില്ക്കുന്ന ജീവൻെറ ജീവബോധം മാറി ഇക്കാണുന്നവയെല്ലാം തൻെറ ആത്മസ്വരൂപത്തിൽ ആരോപിതം മാത്രമാണെന്നും ആത്മാവായ തനിക്കു ഇവയെല്ലാം സത്യത്തിൽ

ഇല്ലാത്തതുകളുമാണെന്നും ഉള്ള ആത്മബോധം ദൃഢമായുണ്ടാവുകയൊന്നേ മാർഗ്ഗമായുള്ളൂ. സൂര്യനെക്കണ്ടശേഷമേ ഇരുട്ടുമാറുകയുള്ളൂ എന്നില്ല. അതുപോലെ ആത്മബോധം ജീവാത്മാവിൽ പ്രകാശിക്കുമ്പോൾ അതുവരെ തന്നെ മറച്ചു വച്ചുകൊണ്ടിരുന്ന മായാപ്രപഞ്ചാദിവിഷയങ്ങൾ ഒഴിയും. വെളിച്ചം വരുമ്പോൾ ഇരുട്ടു എങ്ങും ഒഴിഞ്ഞുമാറാതെ ഒഴിയുന്നതുപോലെയാണ് മായയുടെ ഒഴിവും.

തന്നെയും—ജീവൻ, ആഭാസൻ, സാക്ഷി, കൂടസ്ഥൻ എന്നീ നാലവസ്ഥകളിലും ചൈതന്യം ഒന്നുതന്നെ. അന്തഃകരണവിശിഷ്ടചൈതന്യമായ ജീവന് അന്തഃകരണവിശേഷണമെന്ന ഭാവനമാറി അന്തഃകരണ ഉപഹിത ചൈതന്യമായി പരിലസിക്കുമ്പോഴാണ് ആന്തരവൃത്തി (അഹംഗ്രഹധ്യാനം) ഉണ്ടാകുന്നതു്. ഇപ്രകാരം അന്തഃകരണം ഒരുപാധിമാത്രമെന്ന ചൈതന്യത്തിനെ (ജീവനെന്നല്ല) ചിദാഭാസൻ എന്നു പറയുന്നു. ഈ ചിദാഭാസനെയും—എന്നർത്ഥം. രസംപൂശിയകണ്ണാടിയിൽ ബിംബപ്രകാശം ബഹിർമുഖമായി ഗമിക്കാതെ പ്രതിബിംബമായി നിഴലിക്കുന്നു. ഈ സ്ഥാനത്താണ് ചിദാഭാസന്റെ നില. തന്നിക്കാധാരകൂടസ്ഥനേയും—പ്രതിബിംബത്തിനു ബിംബം ആധാരമായി നില്ക്കുന്നപോലെ ചിദാഭാസനു് കൂടസ്ഥചൈതന്യം ആധാരമായി നില്ക്കുന്നതിനാൽ ആ കൂടസ്ഥനെയും.

കണ്ടാൽ—ചിദാഭാസന് ഇദംവൃത്തികളിലും അഹംവൃത്തികളിലും ഏർപ്പെടാം. ഇദംവൃത്തിയിലേർപ്പെട്ടാൽ അജ്ഞാനം, ആവരണം, ഭ്രാന്തി ഇവയിൽ ആണ്ടുപോകും. അഹം വൃത്തിയിൽ ഏർപ്പെട്ടാൽ പരോക്ഷജ്ഞാനം ശോകനാശനം അതിഹർഷം എന്നീ അനുഭവങ്ങളിൽക്കൂടി സാക്ഷാത്ക്കരിക്കുന്നു. ഈ ചിദിഭാസൻ ജീവനും സാക്ഷിക്കുമിടയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടാക്കൊണ്ടിരിക്കും. ഇവിടെ 'കണ്ടാൽ' എന്നതിൽനിന്നും പ്രതിബിംബമുഖം ബിംബമുഖത്തെ നോക്കുന്നപോലെ ചിദാഭാസൻ

കൂടസ്ഥനഭിമുഖമായി നില്ക്കുന്നു എന്നത്ഥം. അപ്പോൾ അഹം വൃത്തിയിലേർപ്പെട്ടിരിക്കുന്ന ചിദാഭാസൻ എന്നു മനസ്സിലാക്കണം. ഇവിടെ സാക്ഷിക്കു പ്രകാശമില്ല. അന്തഃകരണവിശിഷ്ടചൈതന്യമായ ജീവൻ വിഷയങ്ങളെ അറിയുന്നതിനു സാക്ഷിത്വംവേണ്ടതാണു്. ഇദംവൃത്തികൾ വിട്ടു് അഹം വൃത്തിയിൽ നില്ക്കുന്ന ചിദാഭാസൻ കൂടസ്ഥനെ നേരിട്ടു കാണുകയാണിവിടെ ചെയ്യുന്നതു്.

പിന്നവനേതാനായി—പ്രതിബിംബത്തിൽനിന്നും മടങ്ങുന്ന പ്രതിഫലന പ്രകാശവും ബിംബപ്രകാശവും മദ്ധ്യത്തിൽവെച്ചൊന്നായി പ്രകാശിക്കുമ്പോൾ ബിംബമുഖം പ്രതിബിംബമുഖം എന്ന വ്യാജേനതന്നെത്തന്നെ കണ്ടുകൊള്ളുന്നമുറക്കു് ചിദാഭാസൻ കൂടസ്ഥനിൽ ഒഴിഞ്ഞു് കൂടസ്ഥൻ സ്വയം പ്രകാശിക്കുമാറാകുന്നു.

ബ്രഹ്മമായ്—ഘടാകാശ, മഠാകാശങ്ങളെപ്പോലെയാണു് കൂടസ്ഥനും, ബ്രഹ്മവും. അന്തഃകരണമാകുന്ന ഘടം ഉടഞ്ഞിടത്തു് ഘടാകാശവും മഠാകാശമായിത്തീരുന്നു.

പിറപ്പാറും—ജീവന്റെ ജനിമൃതിദുഃഖം ഇതോടെ ഒടുങ്ങുന്നു. കാരണം താൻ മുമ്പുവച്ചുപുലത്തിയിരുന്ന ശരീരാദി പ്രപഞ്ചങ്ങളും ജനിമൃതി ദുഃഖങ്ങളും തന്റെ അജ്ഞാനദശയിൽ തോന്നിയ തോന്നലുകളായിരുന്നുവെന്നറിയുന്നു. സ്വപ്നക്കാഴ്ചകൾപോലെ അവയൊന്നും ഇപ്പോൾ തനിക്കില്ലാതായിത്തീന്നിരിക്കുന്നുവെന്നു അറിയുന്നു.

നിന്നൊനീ.......തേ—മുമ്പുപറഞ്ഞ തന്റെ നിത്യസത്യമായ (ബ്രഹ്മ) സ്വരൂപത്തെ അറിഞ്ഞവൻ പിന്നീടു് ജനിമൃതികൾക്കിരയായിത്തീരുന്നില്ല.

എന്നൊ നീ.......ക്കോതി— 'എന്നുടെ ജനിമാററാനുണ്ടെന്നു ചൊന്നമാർഗ്ഗമിന്നതെന്നനുഗ്രഹിച്ചോതുമോ? എന്നു നീ എന്നോടുകേട്ടതിനാൽ ഞാനീപരമസത്യത്തെ നിനക്കുപദേശിച്ചതാണു്.

എന്നെത്താനല്ലോ, നാഥാ!, എണ്ണിനീജഡനെന്നായി,
തന്നെത്താനറിയാത്തോരായാരുണ്ടാമീജഗത്തിൽ
പിന്നെയിന്നവരെല്ലാരുമുണ്ടായ്‌ നശിപ്പതെന്തേ?
നിന്നാഭയംതേടുന്നോരെന്നോടിതെല്ലാംചൊല്ലൂ. 21

എന്നെ—ദേഹമാണ് ഞാൻ എന്നിരിക്കുന്ന എന്നെ

ജഡൻ—അജ്ഞാനി

തന്നെത്താ......തെന്തേ?—'നിന്നെ നീയറിവോനാകിലില്ലൊരുഹാനിയും തേ' എന്ന മുൻ ഗുരുമൊഴിക്കു ശിഷ്യൻ ഈ സംശയം ഉന്നയിക്കുകയാണ്.

എന്റെ ദേഹത്തെ നോക്കിയിട്ടാണ് നീ എന്നെ അജ്ഞാനി എന്നു പറഞ്ഞത്. അതു ശരിയാണെങ്കിൽ തന്റെ ദേഹത്തെ താൻ 'എന്നറിയാത്ത അജ്ഞാനിയായാരുമില്ല താനും. പക്ഷെ നിന്നെ നീ അറിഞ്ഞാൽ നിനക്കു ഹാനിയില്ല' എന്നു നീ പറയുന്നതിനു വിപരീതമായി തന്റെ ദേഹം താനാണെന്നറിയുന്നവരെല്ലാവരും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സംശയം നിവർത്തിച്ചു തരേണ്ടതാണ്.

ഇന്നതു, ദേഹം, ദേഹിയെന്നറിയുന്നോനാരോ?
പിന്നവനത്രേതന്നെയറിഞ്ഞോനാകുമെന്നാൻ,
ദേഹിയാര,തിസ്ഥൂലവസ്തുവല്ലാതെമേലെ—
ന്നൂഹിച്ചുശിഷ്യൻശങ്കകൈവിട്ടുകേട്ടാനപ്പോൾ
ക്ലേശിച്ചുതെല്ലെന്നാലുമുള്ളിലാനന്ദംപൊങ്ങി
ദേശികൻഭാവംമാറിയോതിനാൻ പ്രസന്നനായ്. 22

ദേഹം-ഈ സ്ഥൂലശരീരം.

ദേഹി-ഈ ദേഹത്തെ വഹിക്കുകയും ദേഹത്തെയും തന്നെത്തന്നെയും കാണുകയും ചെയ്യുന്നവൻ

ദേഹം ദേഹികളെ വിവേചിച്ചറിയാൻ ആർക്കു കഴിയുന്നോ അവൻതന്നെയും അറിയാൻ കഴിയുന്നവനായിരിക്കുമെന്നും ഗുരു ഉത്തരമായിപ്പറഞ്ഞു

ദേഹിയെന്നു പറയുന്നതു ഈ കാണുന്ന സ്ഥൂലശരീരത്തെയല്ലയോ എന്നു ശിഷ്യൻ യാതൊരുക്ലേശവും കൂടാതെ ചോദിച്ചപ്പോൾ ഇത്രത്തോളം അറിവില്ലാത്തവനുത്തരം പറയുന്നതിനുള്ള പ്രയാസം വകവയ്ക്കാതെ പരമാത്ഥകാര്യങ്ങൾ അറിയാൻ താല്പര്യപ്പെട്ടതിൽ ശിഷ്യനോടു ഗുരുവിനു സന്തോഷം തോന്നുകയാണുണ്ടായതു്. എന്നിട്ടു് ആത്മജ്ഞാനം ഉപദേശിക്കുന്ന ഒരു ബ്രഹ്മജ്ഞാനിയുടെ ഗൗരവത്തിൽ ഉത്തരം പറയാൻ തുടങ്ങി.

ദേഹമല്ലാതെവേറെദേഹിയെക്കാണാത്തനിൻ
മോഹസ്വപ്നത്തിൽകുരുക്കുന്നവനാരെന്നോതു?
സ്വപ്നവുംതോന്നാതുള്ളനിദ്രയെക്കണ്ടതാരോ?
ഇപ്പൊഴി 'ദേഹംഞാനെ' ന്നെണ്ണുംനിന്നറിവുമേതോ? 23

ദേഹമ.......നിൻ—ദേഹത്തെത്തന്നെ ദേഹിയെന്നു കരുതുന്ന നിന്റെ

മോഹ.......ന്നോതു—ഒന്നുമറിയാതെ ചത്തതുപോലെ ഉറങ്ങിക്കിടക്കുമ്പോൾ സ്വപ്നം തോന്നിയതും അതിനെക്കണ്ടതുമാരാണു്.

സ്വപ്ന.......ണ്ടതാരോ—നീ ഒന്നും അറിയാതെ ആണ്ടിരുന്ന നിദ്രക്കു സാക്ഷിയായി നിന്നിരുന്നതാരാണു്?

ഇപ്പൊഴി.......മേതോ —ഉണന്നിരിക്കുമ്പോൾ എല്ലാം അറിയാം എന്നു പറയുന്ന അറിവുപോലും ഏതാണു്?

ജാഗരംകണ്ടഞാനേജാഗരജ്ഞാനംവിട്ടി–
ട്ടാഗ്ഗണംപോലെസ്വപ്നംകണ്ടതും, രണ്ടുംമാറി
സുഷുപ്തിയുംകണ്ടുംനിത്യമുണ്ടുമൊന്നറിവിലേ
ചിത്തത്തിലുദിക്കും,പിന്നെമറയ്ക്കു,മെന്തേ! പോററി! 24

ജാഗരം കണ്ടഞാനേ–ഉണന്നിരുന്നു ഈ വിഷയാദികളെ കണ്ടറിഞ്ഞ ഞാൻ തന്നെ.

ജാഗ്ര.......കണ്ടതും—ഒരിക്കലുറങ്ങിയാൽ അതിന്നുമുമ്പു അനുഭവിച്ചറിഞ്ഞു എന്നുള്ളവയെല്ലാം ദിവാസ്വപ്നങ്ങളായി മാറുന്നു. ഉറങ്ങുന്നതിന്നുമുമ്പുള്ള ഈ സ്വപ്നവും ഉറങ്ങുമ്പോഴുള്ള സ്വപ്നവും തമ്മിൽ വലിയ അന്തരം കാണുന്നില്ലാത്തതിനാൽ ആ ഗ്ഗുണംപോലെ എന്നു പറഞ്ഞു.

രണ്ടുംമാ ......വിലേ-ഉണൎന്നിരുന്നതിൻെറയോ സ്വപ്നം കണ്ടതിൻെറയോ അനുഭവങ്ങളില്ലാത്ത ഉറക്കത്തെയും ഞാനറിയുന്നു. ഇതെല്ലാം എപ്പോഴും ഞാനനുഭവിച്ചുകൊണ്ടുതന്നെയിരുന്നിട്ടും അവയെല്ലാം എന്നെ വിട്ടകന്നുകൊണ്ടേ ഇരിക്കുന്നു.

ചിത്തത്തി!.......പോററി!-എൻെറ മനസ്സിൽ ഉദിച്ചുമറഞ്ഞു പോകുന്നതുതന്നെയാണോ അവയുടെ സ്വഭാവം? എല്ലാം എപ്പോഴുമുണ്ടായും എപ്പാഴുമില്ലാതായുമിരിക്കുന്നതിന്നു കാരണമെന്താണ്? ഗ്ഗുരുവേ പറഞ്ഞാലും.

ഭൂരുഹക്കൊമ്പുചൂണ്ടിവിൺപിറകാട്ടുവോർപോൽ
താരകാവലിചൂണ്ടിയരുന്ധതിയെക്കാട്ടുവോർപോൽ
സ്ഥൂലദേഹംമുൻകാട്ടി, സൂക്ഷ്മരൂപമാമാദി
മൂലത്തെപ്പിമ്പുകാട്ടാനാൎയ്യനാരംഭിച്ചാൻ. 25

ഭൂരുഹ........വോർപോൽ-ഭൂമിയിൽ വൃക്ഷക്കൊമ്പുകളെ അടയാളത്തിന്നു ചൂണ്ടിക്കാണിച്ച് ആകാശത്തു നില്ക്കുന്ന പിറയെ കാണിച്ചുകൊടുക്കുന്നവരെപ്പോലെയും ശാഖാ ചന്ദ്രന്യായത്തെപ്പറഞ്ഞിരിക്കുന്നു.

താരകാ........വോർപോൽ-ചെറുതായ അരുന്ധതി നക്ഷത്രത്തെക്കാണിക്കാൻ അതിനടുത്തുള്ള ഒരു വലിയനക്ഷത്രത്തേയോ നക്ഷത്രക്കൂട്ടത്തേയോ അടയാളമാക്കിക്കൊള്ളുന്നവരെപ്പോലെ അറിയാൻ ബുദ്ധിമുട്ടുകൂടുതൽ ഉള്ളതിനെ പറയാൻ അപ്രകൃതമെങ്കിലും ബുദ്ധിമുട്ടു കുറഞ്ഞ ഒരു ദൃഷ്ടാന്തത്തെ സ്വീകരിക്കുന്നു.

അരുന്ധതീ ദർശനന്യായപ്രകാരം ഉപദേശം ആരംഭിക്കുന്നുവെന്നർത്ഥം.

സ്ഥൂല......ഭിച്ചാർ-രൂപം പ്രത്യക്ഷപ്പെട്ടു നില്ക്കുന്നതു് അരൂപത്തെക്കാണിക്കാനാണു്. സ്ഥൂലദേഹംകൊണ്ടുള്ള പ്രയോജനം സൂക്ഷ്മശരീരത്തെ വെളിപ്പെടുത്തുകമാത്രമാണു്. രൂപരൂപത്തിൽക്കൂടി അരൂപരൂപത്തെ കാണുന്നതോടെ അതും നശ്വരമാണെന്നറിയാനിടയായി രണ്ടിനും അതീതമായ അരൂപാരൂപത്തെ സാക്ഷാത്ക്കരിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഈ പ്രപഞ്ച സൃഷ്ടിയിൽ ഭ്രമിച്ചുപോകുന്ന ഒരു ജീവാത്മാവിനു സൃഷ്ടിയെക്കൂട്ടിപിടിച്ചുകൊണ്ടുതന്നെ സാക്ഷാല്ക്കരിക്കേണ്ടമുറയെ സത്ഗുരു ഉപദേശിക്കാൻ തുടങ്ങി. ശരീരാദിപ്രപഞ്ചതത്ത്വങ്ങളെ പറഞ്ഞിട്ടു് എല്ലാതത്ത്വങ്ങൾക്കും അതീതമായും അവയാൽ മറയ്ക്കപ്പെട്ടിരിക്കുന്നതുമായ വസ്തുവിനെ കാണിച്ചുകൊടുക്കുന്നു എന്നർത്ഥം.

അധ്യാരോപത്തോടപവാദവുമെന്നും രണ്ടു-
യുക്തിയാൽചൊല്ലും ബന്ധമോക്ഷങ്ങൾ വേദാന്തങ്ങൾ
മിഥ്യയാമാരോപത്താൽ ബന്ധംപോലപവാദാൽ
മുക്തിയുമുണ്ടാമാദ്യമാരോപമെന്തെന്നോതാം. 26

ആരോപം—ബ്രഹ്മവസ്തുവിൽ അജ്ഞാനത്താൽ ജീവേശ്വരജഗത്ഭേദങ്ങളെ (കയറ്റിൽ പാമ്പിനെയെന്നപോലെ) തോന്നിയതിനു ആരോപമെന്നു പറയുന്നു.

അപവാദം—ശാസ്ത്ര, യുക്തികൾകൊണ്ടു് ആരോപത്തെ നിഷേധിച്ചു് വാസ്തവത്തെ വെളുപ്പെടുത്തുന്നതിനു അപവാദയുക്തി എന്നു പറയുന്നു.

ആരോപം ബന്ധത്തിനും അപവാദം മോചനത്തിനും ഹേതുവായി നില്ക്കുന്നു.

കല്പന,യധ്യാരോപ,മധ്യാസമിവയെല്ലാ
മപ്പനേ! പര്യായശബ്ദങ്ങളെന്നറിഞ്ഞാലും.

ഒന്നിനെവേറൊന്നെന്നു ചിത്തത്തിൽതോന്നിക്കുന്ന
തെന്നുംനീയിതിന്നർത്ഥംനല്ലപോൽഗ്രഹിച്ചിട്ടു;
പാശത്തിൽപാമ്പിനേയുംകുററിയിൽകള്ളനേയും
കാനലിലപ്പുമിടംവണ്ണങ്ങൾവ്യോമത്തിലും
തോന്നിക്കൊള്ളുന്നപോലെയൊന്നിനെമറെറാന്നായി-
ട്ടുന്നുന്നതധ്യാരോപമെന്നറിഞ്ഞാലുംപുത്രാ! 27

കല്പന........ഞ്ഞാലും—സങ്കല്പം, ആരോപം തോന്നൽ ഇവയെല്ലാംതന്നെ മിഥ്യാപ്രതീതിയാണു്.

ഒന്നിനെ........ച്ചിട്ടു—കയററിനെ കണ്ടിട്ടു പാമ്പാണെന്നുണ്ടായ സങ്കല്പമത്രേ ആരോപം. കയറ്റിൽ പാമ്പിനെ തോന്നിപ്പിച്ചതും കുററിയിൽ കള്ളനെത്തോന്നിപ്പിച്ചതും മരുഭൂമിയിൽ ജലത്തെത്തോന്നിപ്പിച്ചതും ആകാശത്തിൽ ഇടത്തേയും നിറത്തേയും തോന്നിപ്പിച്ചതും ഈ സങ്കല്പദോഷം മാത്രമാണു്.

കല്പിച്ചിക്കണ്ടനാമരൂപങ്ങൾ രണ്ടുമില്ലാ-
തൊപ്പമായ് രണ്ടുമറെറാന്നായറിവൊളിയായ്നില്ക്കും
അപ്പരബ്രഹ്മത്തിങ്കലീഭൂതവികാരങ്ങ-
ളെപ്പേരുംജനിച്ചതക്കല്പനകൊണ്ടെന്നോർക്കു. 28

കല്പിച്ചി........ങ്ങൾ—കാരണവസ്തുവായ സ്വർണ്ണത്തിൽ കാര്യങ്ങളായ ആഭരണങ്ങളെക്കല്പിക്കുന്നതുപോലെ അസ്തി, ഭാതി, പ്രിയസ്വരൂപത്തിലുള്ള ബ്രഹ്മമായ കാരണവസ്തുവിൽ കാര്യങ്ങളായ നാമരൂപങ്ങൾ ആരോപിതം എന്നു പറയുന്നു. ഈ പരമാർത്ഥത്തെ അദ്ധ്യാത്മവിചാരം പാനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

കാരണംതന്നെക്കാര്യമായിട്ടുന്നു
നാമരൂപാദികൊണ്ടെന്നറികെടോ
അതുകൊണ്ടുജഗത്തിനുംകാരണം
പരമാത്മസ്വരൂപമറിയണം
കാണുന്നീലയോമൃത്സുവർണ്ണാദികൾ

ഘടകുണ്ഡലരൂപമാകുന്നതും
മുത്തുകൊണ്ടുചമച്ചഘടത്തിങ്കൽ
മുത്തല്ലാതന്യമെന്തുതാനുള്ളതും.

രണ്ടുമ.......നില്ക്കും—നാമരൂപങ്ങൾ രണ്ടും നിശ്ശേഷം മാഞ്ഞാലുള്ള അവസ്ഥയെ ഓർമ്മിക്കുക. ശേഷിക്കുന്നതു് അറിവു മാത്രം. ഈ അറിവിന്റെ പ്രകാശം ബ്രഹ്മത്തിന്റെ സ്വരൂപമായിനില്ക്കും.

അപ്പുര.......ന്നോർക്കു—ഈ കാണപ്പെടുന്ന ശരീരാദി പ്രപഞ്ചങ്ങളെല്ലാം പഞ്ചഭൂതവികാരജന്യമാണു്. ആദികാരണവും ഏകവുമായ ബ്രഹ്മത്തിങ്കൽ ഉണ്ടാകുന്ന തോന്നലുകൾ മാത്രമാണു് പഞ്ചഭൂതവികാരങ്ങൾ. പഞ്ചഭൂതവികാരങ്ങളെന്നു പറഞ്ഞതിനാൽ സത്യത്തിൽ പഞ്ചഭൂതങ്ങളൊന്നുമില്ലെന്നർത്ഥം. അതിനാലാണു് തോന്നുന്നതു് എന്നു പറഞ്ഞതും. അങ്ങനെ ഈ വിശ്വസൃഷ്ടി ഭാവനയുടെ സന്താനമായി, ഭാവനകളിൽ ഒതുങ്ങിനില്ക്കുന്നതുമാത്രമാണു്.

എങ്ങനെയുണ്ടാകുന്നീസങ്കല്പമതുംകേട്ടി-
ടങ്ങനെയനാദിയാം ജീവന്മാരെല്ലാമൊന്നാം
സുഷുപ്തിപോൽലയിച്ചുള്ളോരവ്യക്തത്തിങ്കൽകാല
തത്വമാമീശൻതന്റെയരുൾവീക്ഷണത്താലേ
മുൻ,മൂലപ്രകൃതിക്കേവമ,വ്യക്തസ്വഭാവംപോയ്
തൻമൂന്നുഗുണങ്ങളുംവ്യക്തമായ്‌വിജൃംഭിച്ചു. 29

അനാദി—ആദിയില്ലാത്ത എന്നു സാധാരണ അർത്ഥം പറയാറുണ്ടെങ്കിലും ആദിയല്ലാത്ത എന്നതാണു് ശരി. മുമ്പിനാലേ ഇല്ലാത്തതാണു് പിന്നീട് ആരംഭിച്ചുണ്ടാകുന്നതു്. ജീവന്മാർ ഇടക്കുണ്ടായി അഴിയുന്നവയായതിനാൽ അവക്കു് ആദിത്വമില്ല. അക്കാരണത്താൽ ആദിവസ്തുക്കളുമല്ല. അതിനാൽ ആദിയല്ലാത്ത എന്ന അർത്ഥം പറഞ്ഞു. ആദിവസ്തു പുത്തനല്ല. ഏററവും പഴയതാണു്. ഏതൊന്നാണോ സർവ്വത്തിനും മുമ്പേയുള്ളതോ

അതാണ് ആദിവസ്തു. അതു സർവ്വത്തിനും ഹേതുവായിരിക്കുന്നതിനാൽ അനശ്വരവുമാണ്. എല്ലാ ആദിമദ്ധ്യാന്തങ്ങൾക്കും ഈ ആദി ആധാരമായിരിക്കുന്നു. ഈ ആദിക്ക് വേറെ (മുമ്പ്) ഒരു ആദിയില്ലാത്ത കാരണത്താൽ ഈ ആദി അനാദിയുമാകുന്നു. തനിക്കാദിയായി വേറൊന്നുള്ളപക്ഷം ഈ ആദി ആദിയായിരിക്കാൻ ഇടയുമില്ലല്ലോ. അപ്പോൾ ആദിയില്ലാത്ത ആദി (ആദ്യവസ്തു) വാണ് ആദി. ജീവന്മാർ ഈ ആദിയല്ലാത്തതിനാൽ ആ ഹേതുവിൽ ആദിയല്ലാത്തതു് എന്ന അർത്ഥത്തിൽ അനാദികളെന്നു പറഞ്ഞിരിക്കുന്നു.

ജീവന്മാ........ത്തിങ്കൽ—സർവ്വജീവരാശികളും ഒന്നിച്ചു ഒരു പൊതുവായ സുഷുപ്തിയിൽ ലയിച്ചു് ഏകമെന്നായി നിന്നാലെങ്ങനെയോ അതുപോലെയുള്ള അവ്യക്തസ്വരൂപത്തിൽ.

കാലതത്ത്വം—അറിവില്ലായ്മയാകുന്ന അവിദ്യയും വസ്തുവിനെ എത്തുപെടാത്ത അവസ്ഥയും കൂടിച്ചേർന്നാണ് ഒരു സെക്കൻഡുത്ഭവിക്കുന്നതു്. വസ്തു നിശ്ചഞ്ചലമായതിനാൽ വസ്തുവിനെ എത്തുപെട്ടാൽ കാലം നിലയ്ക്കുന്നു. അപ്പോൾ ഒരു സെക്കന്റിന്റെ ആധാരം നിശ്ചഞ്ചലാവസ്ഥതന്നെയായിരിക്കണം. അങ്ങനെ നിശ്ചഞ്ചലാവസ്ഥയിൽ ആരോപിതമായ അവിദ്യകൊണ്ടേർപ്പെട്ടതാണു കാലം. ഇപ്രകാരം വസ്തു എപ്പോഴും കാലത്താൽ മറയ്ക്കപ്പെട്ടും കാലം ഇല്ലെന്നിടത്തുമാത്രം എത്തുപെടുമെന്നുള്ളതായും ഇരിക്കുന്നു. ഒരു ചിന്ത അവസാനിക്കുന്നതിനും അടുത്തചിന്ത ആരംഭിക്കുന്നതിനും ഇടയ്ക്കുള്ള വിടവിൽ ഈശ്വരൻ ഇരിക്കുന്നു. പക്ഷെ ഈ വിടവ് നമുക്കെത്തുപെടുന്നില്ല. അതിനാൽ അവിടെ കാലം ഉദയം ചെയ്യുന്നു. അങ്ങനെ ഈശ്വരനിൽനിന്നും കാലം ഉല്പത്തിയാകുന്നു. സത്യത്തിൽ അകർത്താവായ ഈശ്വരനിൽ സൃഷ്ടിസ്ഥിതി സംഹാരകർത്തൃത്വങ്ങളെ ആരോപിക്കുന്നതു് ഈ കാലവിശേഷമാണ്. എതുപോലെയെന്നാൽ:

"കതിരകളെയൊരിക്കൽ തന്നെ ചേർത്താൽ രഥത്തിൽ
കതിരവനലിനന്നോ നിത്യവുംവന്നപോകും"
(കാളിദാസൻ)

സൂര്യൻ സർവ്വദാ നിന്നനിലയിൽതന്നെ നില്ക്കവേ ഉദയാസ്തമനങ്ങളും കാലങ്ങളും അതിൽ ആരോപിക്കപ്പെട്ടുന്നതുപോലെ. ഭാവഭേദങ്ങളും കാലവ്യത്യാസക്രമങ്ങൾ സർവ്വവും ഭൂമിയെ ആസ്പദമാക്കിയുള്ളതാണ്. എങ്കിലും കാരണക്കാരനായി ചൂണ്ടിക്കാണിക്കുന്നതു സൂര്യനെയാണ്. ഈ ആരോപണം തെററല്ലേ? തെററുതന്നെ. പക്ഷെ അതിൽ ഒരു ശരിയുമുണ്ട്. സൂര്യൻ ആകർഷിക്കുന്ന ഭൂമിയെയല്ലാതെ സൂര്യൻ ആകർഷിക്കാത്ത ഭൂമിയെ സംബന്ധിച്ചുള്ള വ്യതിയാനങ്ങളെ സൂര്യനിൽ ആരോപിച്ചിട്ടില്ല. സൂര്യൻെറ ആകർഷണത്താൽ ചേഷ്ടിക്കുന്ന ഭൂമി സൂര്യൻെറ അംശമായും സൂര്യപദവിയുള്ളതായിട്ടും തന്നെ വിചാരിക്കപ്പെടണം. ആത്മാവിൻെറ ആകർഷണത്തിൽപ്പെട്ടാൽ മാത്രം ഉണ്ടെന്നും ഇല്ലെന്നും ആവുന്ന ദേഹാദിപ്രപഞ്ചത്തെ തനിയെ നിറുത്തി ലോകത്തിൽ എന്തു സംസാരിക്കൻ? അതു തനിയെ നില്ക്കുന്നതാണോ? അതിനൊരു സ്വന്തം പദവിയുണ്ടോ? സ്ഥായിനിലയുണ്ടോ? അതില്ലെങ്കിൽ ഇതുണ്ടോ? എന്നാൽ ഇതില്ലെങ്കിലും അതില്ലാതെ വരുന്നില്ല. ഇപ്പറഞ്ഞ പരമാർത്ഥങ്ങളുടെ പശ്ചാത്തലത്തിൽ കർത്താവായ ഈശ്വരനെ കാലതത്ത്വം എന്നു വിശേഷിപ്പിച്ചു.

ഈശ്വരൻ—ബ്രഹ്മം വിദ്യാരൂപമായയിൽ പ്രതിബിംബിക്കുമ്പോൾ ആ മായാസഹിതചൈതന്യം ഈശ്വരൻ എന്നു പറയപ്പെടുന്നു.

വൃത്തിരഹിതചൈതന്യം = ബ്രഹ്മം

വൃത്തിസഹിതചൈതന്യം = ഈശ്വരൻ. രണ്ടും ഒന്നുതന്നെ ഭാവവ്യത്യാസം മാത്രം.

മായയിൽ പ്രതിബിംബിതനീശ്വരൻ
മായയെക്കൊട്ടുമധീനനല്ലായവൻ

മായയെത്തന്നധീനയാക്കിക്കൊണ്ടു
മായത്തങ്ങൾ പലതരം കാട്ടുന്നു.

ഈശ്വരപ്രതിബിംബംവീഴുമ്പോൾ മായ ഏററവും പരിശുദ്ധമായതുകൊണ്ടു് ഈശ്വരനെ മായ മറയ്ക്കുന്നില്ല. എങ്ങനെയെന്നാൽ:

സൂര്യരശ്മി കരിക്കട്ടയിലല്ലാതെ വജ്രക്കട്ടയിൽ പ്രകാശിക്കുമ്പോൾ എന്നപോലെ ഈശ്വരനിൽ തട്ടുന്ന ആഭാസചൈതന്ന്യം അന്തഃകരണ അവിദ്യാസമ്പർക്കത്താൽ മലിനപ്പെട്ടു എന്നില്ലാതെയും ഈശ്വരനെ മറച്ചു എന്നില്ലാതെയും സ്വയം സ്വച്ഛമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം മായയിൽ പ്രതിഫലിച്ചു നിന്നുകൊണ്ടു് തൻെറ സാന്നിധ്യത്താൽ മാത്രം ഏതു വസ്തുവിനെയും അതതിൻെറ നിജസ്വഭാവത്തിൽ വിളക്കം ചെയ്യുന്നില്ലുന്ന ചൈതന്ന്യവസ്തുവത്രെ ഈശ്വരൻ.

അരുൾ—ഈശ്വരവിലാസം. ഈശ്വരൻെറ ഊർജ്ജസ്വരൂപമാകുന്നതും വിശേഷസ്വരൂപമാകുന്നതും സകലകേവലാവസ്ഥകളെ ധ്വംസനം ചെയ്യുന്നതുമായ അവസ്ഥയെ അരുൾ എന്നു പറയുന്നു

അരുൾവീക്ഷണം—ഈശ്വരവിലാസത്തിൻെറ സാന്നിധ്യം.

മൂലപ്രകൃതി—ബ്രഹ്മം നിരുപാധികചൈതന്ന്യവസ്തുവാണു്. അതു് ഭാവാതീതവും നിത്യമുക്തവുമാണു്. ചൈതന്ന്യമോ? നിരാശ്രയവും നിരാലംബവും നിറവുററിരിക്കുന്നതും മറെറല്ലാത്തിനും ആശ്രയവും പ്രകാശരൂപിയുമാണു്. ഈ ചൈതന്ന്യത്തെ ആശ്രയിച്ചാണു് ഈ കാണപ്പെടുന്നതുകൾ നിലനില്ക്കുന്നതു്. ബ്രഹ്മത്തിനു് പ്രത്യേക ഉപാധിയില്ല. അഖണ്ഡപരിപൂർണ്ണ സച്ചിദാനന്ദമായി പ്രകാശിക്കുന്ന ഈ ബ്രഹ്മവസ്തുവിൽ കയററിൽ പാമ്പു ആരോപിതമായി തോന്നുന്നപോലെ മൂലപ്രകൃതി എന്നൊരു ശക്തി വിവർത്തമായി ചേഷ്ടിച്ചു.

ബ്രഹ്മചൈതന്ന്യം അതിൻെറ വൃത്തിസഹിതാവസ്ഥയിൽ മൂന്നു ഭാവത്തിൽ നില്ക്കുന്നു.

ചൈതന്ന്യം—പുരുഷൻ ചൈതന്ന്യചിൽശക്തി—ഭാര്യ മായാചിൽശക്തി—ജോലിക്കാരി	}	പുരുഷന്റെ ഭോരുണ്ണുന്ന ഭാര്യയ്ക്കും വേലക്കാരിക്കും രണ്ടു ബന്ധമാണു്.

അതുപോലെ ചൈതന്ന്യചിൽശക്തിയ്ക്കും ആധാരം ചൈതന്ന്യവസ്തുതന്നെയാണു്. ഇതിൽ ഭാര്യയുടെ സ്ഥാനത്തുള്ള ചൈതന്ന്യചിൽശക്തിയത്രേ മൂലപ്രകൃതി.

അവ്യക്തസ്വഭാവം—നിർഗ്ഗുണബ്രഹ്മത്തിങ്കൽ സഗ്ഗുണത്വം ആരോപിച്ചാലും ഈ സഗ്ഗുണത്വം വസ്തുവിനെ ബാധിക്കുന്നില്ല. പ്രതിബിംബമായ മായയെച്ചേർന്നു നില്ക്കുന്നതേയുള്ളു. മായയിൽ പ്രതിബിംബിക്കുന്നതിനുമുമ്പു് മൂലപ്രകൃതിയെന്നു വ്യവഹരിക്കപ്പെടുന്ന ചൈതന്ന്യചിൽശക്തി അവ്യക്തമായിരുന്നു. കാരണം അതു ശക്തിയായതിനാൽ സഗ്ഗുണമായിരുന്നാലും ഗ്ഗുണങ്ങൾ സാമ്യാവസ്ഥയിലിരുന്നതിനാൽ, ഇപ്രകാരം മൂലപ്രകൃതി അവ്യക്തമായിരുന്നു എന്നു പറയപ്പെട്ടു. ഈ അവ്യക്തസ്വഭാവത്തെപ്പററി പഞ്ചദശിയിൽക്കൂടി വേദാരണ്യസ്വാമികൾ പറയുന്നതിപ്രകാരമാണു്:—

"ചിദാനന്ദസ്വരൂപമായിട്ടും ബ്രഹ്മത്തിന്റെ
പ്രതിബിംബത്തിനോടുക്കൂടിച്ചേർന്നിരിപ്പതും
സത്വരജസ്തമസ്സിൻ സാമ്യാവസ്ഥപൂണ്ടതും
ഖ്യാതമാം പ്രകൃതിതാനുണ്ടല്ലോരണ്ടുവിധം?"

തൻമൂന്നുഗ്ഗുണങ്ങളും—മൂലപ്രകൃതിയുടെ സാത്വികം, രാജസം, താമസം എന്നീ മൂന്നു ഗ്ഗുണങ്ങളും.

വ്യക്തമായ് വിജൃംഭിച്ചു—വകതിരിച്ചറിയത്തക്കവണ്ണം പ്രകാശിച്ചു.

ശുദ്ധവെൺമയും ചെമ്പിൻവർണ്ണം പിൻകറുപ്പുംതാൻ
സാത്വികം, രാജസം, മേൽതാമസമെന്നീമൂന്നും
ശുദ്ധമോടഴുക്കിരുട്ടെന്നമീഗ്ഗുണം മൂന്നു—
മൊത്തിരുന്നാലുമൊന്നുമുഖ്യമായ്മികച്ചിട്ടും. 30

സാത്വികം—ശുദ്ധവെളുപ്പ്. ശുദ്ധകണ്ണാടിയിൽ സൂര്യൻ പ്രതിബിംബിക്കുന്നപോലെ ഈശ്വരചൈതന്യം ഉണ്ടാകുന്നു.

രാജസം—സൂര്യൻ കലങ്ങൽ വെള്ളത്തിലെന്നപോലെ ചൈതന്യം മായയിൽ പ്രകാശിക്കുന്നു

താമസമായയിൽ ചെളിവെള്ളത്തിലെന്നപോലെ പ്രകാശിക്കുന്നു.

ത്രിഗുണങ്ങളും തുല്യഅളവിൽതന്നെ ഇരുന്നാലും ഏതെങ്കിലും ഒരു ഗുണം മുന്തിനില്ക്കും. (ഈശ്വര അരുൾ വീക്ഷണമേർപ്പെട്ടപ്പോൾ) ഏതെങ്കിലും ഒന്നു മികച്ചുകാണുന്ന അവസ്ഥയിലേ അവ്യക്തം വ്യക്തമാകുന്നുള്ളൂ.

ചൊല്ലുമീമാർഗ്ഗം ചില,രന്യരുംമറുപക്ഷം
ചൊല്ലു,മവ്യക്തം താൻമഹത്തത്ത്വമാകുമെന്നും
ദേഹത്തെയുപേക്ഷിച്ച ദേഹിയോവൃക്ഷംപട്ടു
വിത്തവശേഷിക്കുംമട്ടവ്യക്തമായ് ശേഷിക്കും;
അക്കുരുകുതിർത്താൽപോലവ്യക്തം വിജൃംഭിച്ചു
നില്ക്കുമേമഹത്തത്ത്വമെന്നും നീയറിഞ്ഞീടു.
ഇമ്മഹത്തത്ത്വത്തിങ്കലുണ്ടായോരഹങ്കാരം
താൻമുളക്കും ഗുണങ്ങളാം ദലാവലിയോടേ.
സത്വമോശുദ്ധംവെളുപ്പാം വിളക്കൊളിപോലെ,
കത്തീടും ജ്വാലയെപ്പോൽരാജസം ചുവപ്പാകും
താമസംകറുപ്പത്രേയഴുക്കിൻ നിറംപോലെ
ധൂമമേപോയ്‌വിളക്കെരിഞ്ഞുറയ്ക്കും കരിയുംപോൽ. 31

ആദ്യം മായ ബാധിക്കുന്നതിനു നിദാനമായ ഈ അവ്യക്തം മായയെ സാധിക്കുന്ന (നിവർത്തിക്കുന്ന) സാക്ഷാൽക്കാരത്തിനു് ഒടുവിൽ വിഘ്നമായി നില്ക്കുന്നതും അറിയേണ്ടതാണ്.

നിദ്രകൊണ്ടുള്ളഭിഭവം ചിത്തത്തി—
നുള്ളതന്നെലയമെന്നു തോന്നുന്നു.

ഈ ലയം കൊണ്ടു കുറിക്കപ്പെടുന്നതു് അവ്യക്തമാണ്.

നിദ്രയ്ക്കുംകൂടി സാക്ഷിതാനെന്നോർത്തു
ലയമാത്രുപരിഹരിച്ചീടണം.

(അദ്ധ്യാത്മവിചാരം—പാന)

എന്നു് നിവാരണമാർഗ്ഗവും പറഞ്ഞിരിക്കുന്നു. എല്ലാ മായാകാര്യങ്ങളും അവ്യക്തം വിജൃംഭിച്ചുണ്ടാകുന്നതാണല്ലോ. അതിനാൽ ഈ വിജൃംഭിത സൃഷ്ടികാര്യങ്ങളെല്ലാം ഒഴിഞ്ഞു് അവയ്ക്കെല്ലാം ഹേതുവായിനിന്ന അവ്യക്ത മൂലപ്രകൃതിയിൽ വീണ്ടും വന്നടങ്ങുന്നതായനുഭവപ്പെടും. വിത്തും വൃക്ഷവും പോലെ അവ്യക്ത, വ്യക്തങ്ങൾ പരസ്പരഹേതുക്കളാണെന്നു പറയപ്പെട്ടിരിക്കുന്നു. അങ്ങനെ ഉണ്ടായി ഇല്ലാതാകുന്ന ഈ രണ്ടിനേയും ഒഴിക്കുമ്പോൾ അവശേഷിക്കുന്നതു് ഏകവും അഴിവില്ലാത്തതുമായ ബ്രഹ്മവസ്തുമാത്രം.

ഈപ്രകാരമുള്ള അവ്യക്തം വിജൃംഭിച്ചു് മഹത്തത്ത്വമായി, മഹത്തത്ത്വം തന്നെ അഹങ്കാരമായി സാത്വികം, രാജസം, താമസം എന്നീ ത്രിഗുണങ്ങൾക്കും ബീജമായി നില്ക്കുകയും ചെയ്യുന്നു.

താനേതാനായ ബ്രഹ്മവസ്തു സ്വയംതന്നെ നോക്കിയയിടത്തു് താൻ തന്നെത്തന്നെ അന്യമായിക്കണ്ടു. തനിക്കു താൻ (നഷ്ടം വന്നു്) ഇല്ലാതാവുകയും ചെയ്തു. ഇങ്ങനെ താൻ തന്നെവിട്ടു് അന്യങ്ങളെക്കണ്ടിടത്തു് അവ്യക്തം ജാതമായി. മായ ഇതിന്റെ ഭവിഷ്യത്തായതിനാൽ മായയ്ക്കുല്പത്തിയില്ലെന്നു വിധിക്കേണ്ടിവന്നു. കാരണം ബ്രഹ്മം നിത്യസ്വതന്ത്രമായതിനാൽ അതിൽനിന്നും മായ ജനിക്കാനിടയില്ല. അവ്യക്തം സ്വയം സ്വതന്ത്രമല്ലാത്തതിനാൽ ഇനിയൊരു വസ്തുവിനു തന്നിൽ ഉല്പത്തിക്കിടം കൊടുക്കാൻ സ്വാതന്ത്ര്യവുമില്ല. ഏതായാലും മായയ്ക്കു് തല്ക്കാല സത്യമെങ്കിലും നിഷേധിക്കാനാവാത്തതിനാൽ അതിനെ അനിർവ്വചനീയ ഖ്യാതി എന്നു കണക്കിലെടുത്തു. ഉല്പത്തിയില്ലാതിരുന്നാലും മായയ്ക്കു നാശമുണ്ടു്. സാക്ഷാത്ക്കാരത്തിനിതാവശ്യവുമാണു്. ഇല്ലെങ്കിൽ ശൂന്യത്തിൽ എത്തിച്ചേരും.

മുൻപറഞ്ഞ മാതിരി തന്നെത്തന്നെ അന്ന്യങ്ങളായിക്കണ്ടപ്പോൾ തന്നെ വിസ്മരിച്ചുപോയയിടത്തു സങ്കല്പമുദയം ചെയ്യുന്നു. താൻതന്നെ ഓർമ്മിച്ച ഹേതുവാൽ തന്നെ താൻതന്നെ മറന്നവനായി. താൻ തന്നൊക്കൂടാത്ത അന്ന്യങ്ങളെക്കണ്ടതിനാൽ ഭ്രാന്തിയും ഫലമായി. ഈ സ്മൃതി, വിസ്മൃതി, ഭ്രാന്തികൾ ഏകസ്ഥാനത്തു് ഏകകാലത്തുതന്നെ സംഭവിക്കുന്നു എന്നു ചിന്തിച്ചറിയേണ്ടതാണു്.

ഇഗ്ഗുണങ്ങളിൽ ചിത്തിൻഛായയെത്തോന്നുംവിൺപോ-
ലിഗ്ഗുണങ്ങളിൽ ശുദ്ധസാത്വികംമായയാകും:
ഒത്തിതിലെങ്ങും പ്രതിബിംബിച്ചീടുന്ന ബ്രഹ്മ-
വസ്തുവു,മന്തൎയ്യാമിയെന്നുകേളിതിൻനാമം;
തന്നെവിട്ടകന്നതൽക്കാരണം മറന്നെങ്ങു-
മന്വേഷണത്തെക്കൈക്കൊണ്ടലയുംജീവന്മാരും
ഓർമ്മിക്കാൻനിമിത്തമായവക്ഷതന്ത്വാദി
കാരണങ്ങളെനൽകുംകാരണക്കാരനായി,
മായയിൽചേൎന്നിരുന്നാംചരാചരസൃഷ്ടിസ്ഥിതി
സംഹാരസൂത്രംകാട്ടിജീവനിൽവാഴുമീശൻ. 32

ഇഗ്ഗുണ..........വിൺപോൽ— ഈ മൂന്നു ഗുണങ്ങളിലും ആകാശംപോലെ വ്യാപകമായും ശുഭ്രമായും ഉള്ള ചിത്തിന്റെ പ്രതിബിംബം ഭാസിക്കുന്നു.

ഇഗ്ഗുണ.... ....മായയാകും—ശുദ്ധസാത്വികത്തിൽ തോന്നുന്ന (ചിത്തിന്റെ) പ്രതിബിംബത്തെ മായയെന്നു പറയുന്നു.

ഒത്തിതി........നാമം—മായയിൽ നിറഞ്ഞു പ്രതിബിംബിക്കുന്ന ബ്രഹ്മത്തെ അന്തൎയ്യാമിയെന്നു പറയുന്നു. (ഉള്ളിൽ നിറഞ്ഞിരിക്കുന്നതിനാൽ)

തന്നെവി ...... വാഴുമീശൻ—ഞാൻ എന്നതു് ജീവനും ഈശ്വരനും അധികരിച്ചുനില്ക്കുന്നു. രണ്ടിനും ആധാരമായുമിരിക്കുന്നു. ഞാൻ എന്നതാണു് ഉള്ള വസ്തു എന്നു് എപ്പോൾ സ്വാനു

പികരിക്കുന്നുവോ അപ്പോൾ തന്റെ നിജസ്വരൂപത്തെ അറിയും. ഞാൻ മഹത്താണ്. എന്നാൽ ഉപാധി എന്ന ഊഷരമായ അവസ്ഥയാൽ മൂടപ്പെട്ടിരിക്കുന്നു. പുളിങ്കുരുവിൽ പുളി അമഞ്ഞിരിക്കുന്നതുപോലെ. പുളിങ്കുരുവിനെ ഭൂമിയിൽനട്ടാൽ അതുവലുതാകുന്നു. ജീവകോശത്തെ ഈശ്വരകോശത്തിൽ പകർത്തിയാൽ ബ്രഹ്മസ്വരൂപമായിത്തന്നെതീരും. ഇപ്രകാരം താൻ നിത്യസത്യമായ ബ്രഹ്മസ്വരൂപത്തെവിട്ട് ഒരു കാലത്തും പിരിഞ്ഞിട്ടില്ലാ എന്നറിയാത്തവനാകയാൽ പിരിഞ്ഞവനായിത്തീരുന്നു. അതിനാൽ ബ്രഹ്മത്തിന്റെ സ്വരൂപമായസുഖം തനിക്കില്ലാതെയാവുന്നു. ഈ വിരഹദുഃഖശാന്തിക്കായി താൻ സുഖത്തെ അന്വേഷിക്കുന്നു. സുഖത്തെ ഇഷ്ടപ്പെടാത്ത ഒരു ജീവിയും ഇതുവരെ ജനിച്ചിട്ടില്ലാത്തതിനു കാരണം ഇതാണ്. ഇപ്രകാരം ജനനനിമിഷം മുതൽ സുഖത്തെ ആരായുന്ന ജീവന്മാർ മാർഗ്ഗമില്ലാതെ ജീവസംസ്കാരത്തിൽതന്നെ അലഞ്ഞുതിരിയുന്നു. ഈ ജീവന്മാരുടെ ബന്ധവിനിർമ്മുക്തിക്കുപായമായിട്ടാണ് ശരീരാദിപ്രപഞ്ചങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. സത്യമേതു് മിഥ്യയേതെന്നും തിരിഞ്ഞുകിട്ടാതെ അവ്യക്തതയിൽപെട്ടു നട്ടംതിരിയുന്ന ജീവന്മാർക്കു സത്യത്തെ അറിഞ്ഞു പ്രാപിച്ചുകൊള്ളാൻ ഉപായമായി അസത്യത്തെ പ്രദർശിപ്പിച്ചിരിക്കുന്നതാണ് ഈ ശരീരാദിപ്രപഞ്ചം. സ്വസ്വരൂപത്തെ ഓർമ്മിക്കാനും അന്വേഷിച്ചു പ്രാപിക്കാനും ഏക നിമിത്തം ഈ ദൃശ്യങ്ങൾതന്നെ. ആത്മാവു് ജീവേശ്വരന്മാരായി അംശിക്കപ്പെട്ടിരിക്കുന്നു. ആത്മാവിന്റെ മുഖബിംബം ഈശ്വരനും പ്രതിബിംബം ജീവനുമാണ്. മായയാകുന്ന കണ്ണാടിയാണ് ജീവേശ്വരഭേദങ്ങളെ തിരിച്ചറിയാൻ ഉപകരിക്കുന്നതു്. പ്രതിബിംബമുഖം ബിംബമുഖത്തിൽനിന്നും ഒരിക്കലും വേർപിരിഞ്ഞിരിക്കുന്നില്ലെന്നും കാണുന്ന ഭേദം വെറും തോന്നലും മിഥ്യയുമാണെന്നും അറിയാൻ അവസരം തരുന്നതും മായാദർപ്പണമാണ്. ദർപ്പണത്തിലെ പ്രതിബിംബമുഖം ബിംബമുഖത്തെ നോക്കുകയല്ലാതെ

ഒരുകാലത്തും മററൊന്നും ചെയ്യുന്നില്ലെന്നും നമ്മെ മനസ്സിലാക്കി ക്കുന്നു. ഈ സാക്ഷാത്ക്കാരസിദ്ധിക്കു ബിംബമുഖവും പ്രതിബിം ബത്തെത്തന്നെനോക്കിനില്ക്കുന്നപോലെഈശ്വരൻ സൃഷ്ടിസ്ഥിതി സംഹാരാദികളിൽ (ചേരാതെ) ചേൎന്നിരിക്കുക കാരണം അന്ത ൎയ്യാമിയായ ഈശ്വരനെ സൎവ്വകാരണനെന്നും പറയുന്നതാണു്. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ജീവനെച്ചുററിയുള്ളവയായതിനാൽ ജീവകേന്ദ്രത്തിൽതന്നെയാണു് ഈശ്വരൻെറ സ്ഥാനമെന്നും പറ ഞ്ഞിരിക്കുന്നു.

സാത്വികഗുണമീശന്നുള്ളതേമായയാകും,
സുഷുപ്തിയാണവന്നുള്ള കാരണശരീരവും;
ഈശന്നാനന്ദമയകോശവുമിതുതന്നെ;
വിശിട്ടുംരജോഗുണമവിദ്യയെന്നും കേൾക്കു;
ദുഷമാമിതിൽബ്രഹ്മംപ്രതിബിംബിച്ചാലുള്ള
ചിച്ഛായയത്രേ ജീവകോടികളാകുന്നതും,
വൃത്തിവിട്ടവിദ്യതന്നംശമായ്ജീവൻതാനു-
മൊത്തമഞ്ഞിരിക്കുമ്പോൾപ്രാജ്ഞനെന്നോതീടുന്നു. 83

ഈശ്വരൻ—ബ്രഹ്മം വിദ്യാരൂപമായയിൽ പ്രതിബിം ബിച്ചു് മായയുടെ ചൈതന്യാംശവുംകൂടിച്ചേൎന്നതാണു്.

ഈശ്വരൻെറ സാത്വികഗുണം മായയാകുന്നു. ഈ മായയുടെ സ്വരൂപം സുഷുപ്തിയത്രേ. ഇതിനെത്തന്നെ ഈശ്വരൻെറ കാരണ ശരീരവും ആനന്ദമയകോശവും എന്നു പറയുന്നതും. രാജസമായയിൽ ഈശ്വരൻ, കലങ്ങിയ വെള്ളത്തിൽ സൂൎയ്യപ്രകാശംപോലെ പ്രതിബിംബിക്കുന്നു. രാജസ മായയിൽചൈതന്യം പ്രതിബിംബിക്കുന്നതിൽ നിന്നുമാണു്ജീവ രാശികളുടെ ഉത്ഭവം. ജീവരാശികൾ വൃത്തിവൈഭവത്തിൽ എഴു ന്നിനില്ക്കാതെ ഈശ്വരകോശത്തിൽ അമഞ്ഞിരിക്കുന്ന അവസ്ഥ യിൽ (അതായതു് കാരണശരീരമായ സുഷുപ്തിയിൽ കാരണാനന്ദം പൂണ്ടിരിക്കുന്ന അവസ്ഥയിൽ) പ്രാജ്ഞനെന്നു പറയപ്പെടുന്നു.

അവിദ്യയോടേ ചേൎന്നിരിക്കുംജീവന്മാൎക്കി-
യവിദ്യതന്നെയാകുന്നാനന്ദമയകോശം,
സുഷുപ്തിയാണവയ്ക്കുള്ളകാരണശരീരവും;
മുഴമോഹത്തിൻഹേതുവാകുമീഗ്ഗുണംരണ്ടാൽ
ഉദയംചെയ്തോരാദിയാരോപത്തെപ്പറഞ്ഞേ-
നിനിയും ചൊല്ലാംസൂക്ഷ്മാരോപംതമോഗ്ഗുണാഭം. 34

മായ വ്യഷ്ടിയിൽ അവിദ്യാരൂപംകൊണ്ടു് ജീവൽഭാവത്തെ സൃഷ്ടിക്കുന്നു. ജീവൻ ഈ വെറും ആരോപജഗത്തിൽ സ്വന്തം സൃഷ്ടികളായ ജാഗ്രത്, സ്വപ്ന, സുഷുപ്തികളിൽ ബദ്ധനായി ഭവിക്കുന്നു. താൻ പററിനില്ക്കുന്ന അവിദ്യതന്നെയാണു് അവന്നു് ആനന്ദമയകോശവും കാരണശരീരവും. ഈ അവസ്ഥ അനുഭവപ്പെടുന്നതു് സുഷുപ്തിയിലാണെന്നു പറഞ്ഞിട്ടുണ്ടു്. ഇപ്രകാരം ഈശ്വരന്റെ ഇച്ഛയാലേർപ്പെടുന്ന ത്രിഗ്ഗുണവൈഭവങ്ങളിൽ ആദ്യത്തെ രണ്ടുഗ്ഗുണങ്ങളാലേർപ്പെടുന്ന ആദിആരോപത്തെപ്പററി പറഞ്ഞു. ഇനി തമോഗ്ഗുണപ്രധാനമായ സൂക്ഷ്മാരോപത്തെ പറയാം.

മോഹമായാവിലാസലീലനാമീശൻ തന്റെ
സ്നേഹമാമരുൾപ്രകാശത്തിനാൽ, ജീവന്മാൎക്കും
ഭോഗവസ്തുക്കളുണ്ടാമ്മാറു, താമസംഭേദി-
ച്ചാ,വരണംവിക്ഷേപമെന്നുള്ള,രണ്ടായ്ത്തോന്നും. 35

ഈശ്വരൻ സ്വന്തം (അരുൾ) സ്വരൂപത്തിൽതന്നെ തന്റെ ഇച്ഛാഹേതുവാൽസ്വയം സൃഷ്ടി, സ്ഥിതി, സംഹാരാദികൾ നടത്തുകയാണു്. ഈശ്വരൻ സ്വയം മൂന്നുഗ്ഗുണങ്ങളായി പരിഞ്ഞുനിന്നിട്ടു് സാത്വിക ഗ്ഗുണത്താൽ മായയേയും രജോഗ്ഗുണത്താൽ ജീവന്മാരേയും തമോഗ്ഗുണത്താൽ ശരീരപ്രപഞ്ചാദികളേയും തോന്നിപ്പിക്കുന്നു. ജീവന്മാരുടെ സുഖാനുഭോഗങ്ങളെ ഉദ്ദേശിച്ചാണു് ശരീരപ്രപഞ്ചാദികളുടെ സൃഷ്ടി. ഈ സൃഷ്ടി ആവരണം വിക്ഷേപം

(അഥവാമറവു്, ഇളക്കം) ഈ രണ്ടു (താമസഗുണ) ഭേദങ്ങളിൽക്കൂടിയാണു നടത്തുന്നതു്.

വിക്ഷേപശക്തിയിങ്കലാകാശംതോന്നിനിന്നോ
രക്ഷണമതിങ്കൽനിന്നുണ്ടായിവായുതാനും
വായുവിൽനിന്നുമുണ്ടായ്‌വഹ്നിയു,മതിൽത്തോയം,
തോയത്തിൽനിന്നുംഭവിച്ചൂഴിയുംമുറപോലെ;
സൂക്ഷ്മഭൂതങ്ങളെന്നു ചൊല്ലുംതന്മാത്രകളീ-
ലക്ഷീണംഭോഗമുണ്ണാൻസൂക്ഷ്മദേഹങ്ങളുണ്ടാം. 36

മുമ്പു പറഞ്ഞവിക്ഷേപശക്തിയിൽനിന്നും ആദ്യം ശബ്ദതന്മാത്രയായ ആകാശം ഉത്ഭവിക്കുന്നു. ആകാശത്തിൽനിന്നും സ്പർശതന്മാത്രയായ വായുവും വായുവിൽനിന്നും രൂപതന്മാത്രയായ അഗ്നിയും അഗ്നിയിൽനിന്നും രസതന്മാത്രയായ ജലവും ജലത്തിൽനിന്നുംഗന്ധതന്മാത്രയായ ഭൂമിയും ഉത്ഭവമാകുന്നു. പഞ്ചഭൂതങ്ങളുടെ ശബ്ദ, സ്പർശ, രൂപ, രസ, ഗന്ധങ്ങളെന്ന തന്മാത്രകളെ സൂക്ഷ്മഭൂതങ്ങളെന്നു പറയുന്നു. ഈ സൂക്ഷ്മഭൂതങ്ങളിൽനിന്നും സൂക്ഷ്മശരീരങ്ങൾ ഉല്പത്തിയാകുന്നു.

മുഗ്ഗുണം സൂക്ഷ്മഭൂതമേതിലുംചേർന്നുനില്ക്കും
സത്ഗുണത്തിൻകൂറഞ്ചുംജ്ഞാനേന്ദ്രിയങ്ങളാകും
കൂറുകളിവയൊന്നിച്ചാംമനോബുദ്ധിരണ്ടും,
വേറായിഗ്ഗുണംജ്ഞാനസാധനമേഴായ്ത്തീരും. 37

ത്രിഗുണങ്ങളും എല്ലാ പഞ്ചസൂക്ഷ്മഭൂതങ്ങളിലും അടങ്ങിനില്ക്കും. ഈ അടങ്ങിനില്ക്കുന്നതിൽസാത്വികാംശങ്ങൾ അഞ്ചും കണ്ണു,മൂക്കു്, ചെവി, നാക്കു്, ത്വക്കു് എന്നി അഞ്ചു ജ്ഞാനേന്ദ്രിയങ്ങളായിത്തീരുന്നു. ഈ സാത്വികാംശങ്ങൾ അഞ്ചു കൂടിച്ചേർന്നുനില്ക്കുന്ന (അവയുടെ) സമഷ്ടിഭാവത്തിൽനിന്നും മനസ്സും ബുദ്ധിയും ഉത്ഭവമാകുന്നു. ഇപ്രകാരം സാത്വികഗുണം സൂക്ഷ്മഭൂതങ്ങളുമായി ചേർന്നു ഏഴു ജ്ഞാനസാധനങ്ങളായി ഭവിക്കുന്നു.

ത്രിഗുണങ്ങളിൽ ഒരു ഗുണവും ഒരിക്കലും തനിയെ നില്ക്കുന്നില്ല. ഏതുഗുണത്തിലും മററുരണ്ടിന്റേറയും അംശം കലന്നിരിക്കും. എങ്ങനെയെന്നാൽ!

സാത്വികം	രാജസം	താമസം
സാത്വികത്തിൽ	രാജസത്തിൽ	താമസത്തിൽ
സാത്വികം	സാത്വികം	സാത്വികം
,, രാജസം	,, രാജസം	,, രാജസം
,, താമസം	,, താമസം	,, താമസം

രാജസത്തിന്നെയഞ്ചായ്‌വെവ്വേറെയംശിച്ചുണ്ടാം
പ്രാണവായുക്കളഞ്ചും, കൎമ്മേന്ദ്രിയങ്ങളഞ്ചും,
ഇപ്പതിനേഴുംചേൎന്നലിംഗദേഹംഭവിക്കു—
ന്നെപ്പൊഴുംകാലേജീവരാശികൾക്കറിഞ്ഞീടു. 38

രാജസ ....യംശിച്ചു— രാജോഗുണത്തെ വ്യഷ്ടിഭാവത്തിൽ അഞ്ചായിട്ടും സമഷ്ടിഭാവത്തിൽ അഞ്ചായിട്ടും അംശിച്ചതിനാൽ.

സൂക്ഷ്മഭൂതങ്ങളിൽ രജോഗുണം ചേരുമ്പോൾ.

പഞ്ചതന്മാത്രകൾ.	സമഷ്ടിയിൽ 5 പ്രാണവായുക്കൾ	വ്യഷ്ടിയിൽ 5 കൎമ്മേന്ദ്രിയങ്ങൾ.
1. ശബ്ദതന്മാത്ര	സമാനൻ	വാക്കു്
2. സ്പൎശ ,,	ഉദാനൻ	പാദം
3. രൂപ ,,	വ്യാനൻ	പാണി
4. രസ ,,	അപാനൻ	പായു
5, ഗന്ധ ,,	പ്രാണൻ	ഉപസ്ഥം

ഇപ്പതിനേഴും—മുൻപറഞ്ഞ ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും അന്തഃകരണേന്ദ്രിയങ്ങൾ രണ്ടും പ്രാണവായുക്കളഞ്ചും കൎമ്മേന്ദ്രിയങ്ങളഞ്ചുംകൂടിയ പതിനേഴ (ലിംഗദേഹ) തത്വങ്ങളും.

ജീവരാശികൾ—ദേവാസുരന്മാർ, മനുഷ്യർ, തിൎയ്യക്കുകൾ തുടങ്ങിയ ജീവന്മാർ.

രാജസസാത്വികം—ജ്ഞാനികളുടെഉല്പത്തി.

രാജസതാമസം—പാമരന്മാരുടെഉല്പത്തി

രാജസസാത്വികം—ജിജ്ഞാസുക്കളുടെഉല്പത്തി

സാത്വികസാത്വികം—മുമുക്ഷുക്കളുടെഉല്പത്തി.

പണ്ഡിതപാമരന്മാർ തങ്ങളുടെ അറിവിനെ നാനാത്വങ്ങളിൽ ലയിപ്പിച്ച് ജനിമൃതിയിൽ മുങ്ങിക്കഴിയുന്നു.

ഈലിംഗദേഹംകൊണ്ടജീവനേതൈജസൻ,കേ-
ളിലിംഗദേഹംകൊള്ളുമീശൻഹിരണ്യഗർഭൻ,
ഈദേഹംതന്നെരണ്ടാംകൂംസൂക്ഷ്മദേഹമോത്തി-
ട്ടിദ്ദേഹകോശംമൂന്നാണവസ്ഥസ്വപ്നവുംകേൾ. 39

വ്യഷ്ടി	ജീവൻ	തൈജസൻ	സ്വപ്നാവസ്ഥ
സമഷ്ടി	ഈശ്വരൻ	ഹിരണ്യഗർഭൻ	സ്വപ്നാവസ്ഥ

17 തത്ത്വങ്ങൾ ചേർന്ന സൂക്ഷ്മശരീരം പ്രാണമയം, മനോമയം, വിജ്ഞാനമയം എന്നീ മൂന്നു കോശങ്ങളിലായിരിക്കുന്നു.

ചൊല്ലിനേൻ സൂക്ഷ്മപ്രപഞ്ചത്തെയീവണ്ണം, മേലിൽ
ചൊല്ലാമാരോപസ്ഥൂലസൃഷ്ടിക്രമത്തെയും കേൾ;
പഞ്ചീകരിച്ചാനീശൻ, സൂക്ഷ്മദേഹത്തിൽചേർന്നു
രഞ്ജിച്ചിരിക്കുംജീവന്മാക്കുടൽ,ഭോഗങ്ങൾക്കായ്,
സൂക്ഷ്മദേഹത്തെ, സ്സൂക്ഷ്മദേഹിയു, മതുവാഴാൻ,
കർമ്മകാരണസ്ഥൂലദേഹവുമെന്നരണ്ടായ്. 40

പതിനേഴതത്ത്വങ്ങളിൽഅധിഷ്ഠിതമായ സൂക്ഷ്മപ്രപഞ്ചത്തിൽ ഈ കാണപ്പെടുന്ന സ്ഥൂലശരീരാദിപ്രപഞ്ചം വെറും ആരോപമാണെന്നുള്ള നിലയ്ക്കു് 'ആരോപസ്ഥൂലം' എന്നു പറഞ്ഞു.

സൂക്ഷ്മ ...ച്ചിരിക്കും—സ്വപ്നാവസ്ഥയിൽപെട്ടുകഴിയുന്ന.

ഉടൽ, ഭോഗങ്ങൾക്കായ്—നിർണ്ണായകത്വം അറ്റ സ്വപ്നാവസ്ഥയിൽനിന്നും രക്ഷപ്പെട്ട് സ്വന്തംസ്വരൂപത്തെ ജീവനു (കർമ്മം,

ഭക്തി,യോഗം, ജ്ഞാനം എന്നീ ഉപായങ്ങളിൽക്കൂടി സാക്ഷാത്ക്കരിക്കുന്നതിലേക്ക് വേണ്ട അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാൻ ഉപാധികൾ ആവശ്യമായിത്തീരുന്നു. തന്നെ (സ്വയം) അഭിമാനിച്ചുപോയ വാസനയെ നിവർത്തിക്കുന്നതിനുമുമ്പായി വാസനയുടെ പരിണതഃഫലമായ ആശയെ ഒഴിക്കേണ്ടിവരുന്നു. ആശ ജ്ഞാനേന്ദ്രിയ, കർമ്മേന്ദ്രിയാദിയിൽ സൂക്ഷ്മാവസ്ഥയിൽ ഇരിക്കുന്നു. ഈ അവസ്ഥയിൽ ആശയെ അനുഭവിച്ചൊഴിക്കാൻ സുകരമല്ല. ചിലരോഗങ്ങളെ പൊറുപ്പിക്കാൻവേണ്ടി പഴുപ്പിക്കുന്നപോലെ ആശയെ വിഷയാദികളിൽക്കൂടി വിജൃംഭിപ്പിച്ച് അനുഭോഗത്തിൽ കൊണ്ടുവന്നിട്ട് അതുകളുടെ ഇല്ലായ്മയെ ജീവന്മാർ, അറിവിൽക്കൂടി എത്തുപെട്ട്, സർവ്വവും മിഥ്യയെന്നപവദിച്ചടങ്ങുന്നതിനു അവരെ സഹായിക്കുമാറാണു് വിഷയഭോഗങ്ങളുടെ സൃഷ്ടി. ഇപ്രകാരമത്രേ സൂക്ഷ്മദേഹങ്ങൾ (സൂക്ഷ്മ) ദേഹികളായും (സ്ഥൂല) ദേഹങ്ങളായും രൂപാന്തരപ്പെട്ടതു്.

സൂക്ഷ്മഭൂതങ്ങളേയീരണ്ടാക്കി, യോരോപാതി
സൂക്ഷ്മമായ്നന്നാലാക്കി,ഭൂതങ്ങളതാതിനൾ
പാതിയുമെട്ടിലൊന്നന്യങ്ങളുംചേർത്തുണ്ടാക്കി–
യീസ്ഥൂലദേഹ,മണ്ഡം,ഭൂ,ഭോഗമെന്നീനാലും. 41

പഞ്ചീകരണവിധാനം

1. ആകാശം } തന്നതംശമായ ആകാശം $\frac{1}{2}$ അംശം
   മററു ഭൂതാംശങ്ങൾ $\frac{1}{8} \times 4 = \frac{1}{2}$ അംശം
2. വായു } തന്നതംശമായ വായു $\frac{1}{2}$ അംശം
   മററു ഭൂതാംശങ്ങൾ $\frac{1}{8} \times 4 = \frac{1}{2}$ അംശം
3. അഗ്നി } തന്നതംശമായ അഗ്നി $= \frac{1}{2}$ അംശം
   മററു 4 ഭൂതാംശങ്ങൾ $\frac{1}{8} \times 4 = \frac{1}{2}$ അംശം
4. ജലം } തന്നതംശമായ ജലം $\frac{1}{2}$ അംശം
   മററു ഭൂതാംശങ്ങൾ $\frac{1}{8} \times 4 = \frac{1}{2}$ അംശം
5. പൃഥിവി } തന്നതംശമായ പൃഥിവി $= \frac{1}{2}$ അംശം
   മററു ഭൂതാംശങ്ങൾ $\frac{1}{8} \times 4 = \frac{1}{2}$ അംശം

വ്യഷ്ടിദേഹാഭിമാനി ജീവനേ വിശ്വൻ, സ-
മഷ്ടിദേഹാഭിമാനീയീശനോ വിരാട്ടാകും;
ഇസ്ഥൂലജാഗ്രത്തിന്ന കോശമൊന്നന്നമയം,
ഇസ്ഥൂലദേഹമധ്യാസംമാത്രമെന്ന മോർക്ക. 42

വിശ്വൻ	ജീവൻ	വ്യഷ്ടിസ്ഥൂലദേഹം	ജാഗ്രദാവസ്ഥ	അന്നമയകോശം
വിരാട്ട്	ഈശ്വരൻ	സമഷ്ടിസ്ഥൂലദേഹം	,,	,,

സ്ഥൂലദേഹം വെറും ആരോപമത്രേ.

'സർവ്വജ്ഞനായ്മേവീടുമീശനും ജീവന്മാക്കും
സർവ്വത്രമെയ്യൊന്നായാൽഭേദമെന്തവക്കൊ'ന്നാൽ,
വ്യഷ്ടിത്വംകൊണ്ടുകാര്യോപാധിജീവന്നും സ—
മഷ്ടിത്വംകൊണ്ടുകാരണോപാധിയീശന്നുംകേൾ. 43

ഒരുവസ്തുതന്നെ വ്യഷ്ടിഭാവത്തിൽ ജീവകോടികളായും സമഷ്ടിഭാവത്തിൽ ഒന്നായ ഈശ്വരനായും തീരുന്നു.

ഉല്പത്തിയില്ലാത്ത ഏതോഒരു പ്രമാദംകൊണ്ട് മായ ഏർപ്പെട്ടതിൽ ജീവേശ്വരഭേദം സംഭവിച്ചു. അതിനാൽ അദ്വൈത പ്രത്യക്ഷത്തിൽ മറവുണ്ടായി, വ്യഷ്ടിസമഷ്ടിഭേദം തോന്നി. വിദ്യാരൂപണിയായ മായയുടെ ശുദ്ധസാത്വികത്തിൽ ചൈതന്യം പ്രതിഫലിച്ച് ഈശ്വരനായി. ഈശ്വരചൈതന്യത്തെ മായ ആശ്രയിച്ച് അതിനധീനമായി ഈശ്വരാധികാരിക വൈഭവത്തെക്കൊണ്ട് സൃഷ്ടിസ്ഥിതി സംഹാരാദികൾ ചെയ്യുന്നു. മായാബാധിതനാകാത്തഈശ്വരൻ നിത്യമുക്തനായും അസംഗനായും സർവ്വജ്ഞനായും വരദനായും ഇരിക്കുന്നു.

മായ വ്യഷ്ടിയിൽ അവിദ്യാരൂപംകൊണ്ട് ജീവൽഭാവത്തെ സൃഷ്ടിക്കുന്നു. ജീവൻ സുഖദുഃഖദായകമായ ജഗത്തിൽ സൃഷ്ടി

സ്ഥിതികർമ്മംചെയ്തു് ബദ്ധനായി ജനനമരണാദികൾക്കുവശംവദനായി പുനരാവൃത്തിദോഷം അനുഭവിക്കുന്നു.

മരങ്ങൾപോൽവ്യഷ്ടിഭേദംവനംപോൽസമഷ്ടിഭേദം
ചരാചരങ്ങളിൽതനിത്തനിയുടൽവ്യഷ്ടിയാകും;
എങ്ങുംനിറഞ്ഞോരെല്ലാമൊന്നിച്ചാൽസമഷ്ടിയു-
മിങ്ങനെജീവന്മാർക്കുമീശനുംഭേദമോതാം. 44

സകലകോടിസ്ഥൂലശരീരങ്ങളും ചേർന്ന് ഈശ്വരന് ഒരു സ്ഥൂലശരീരമാവും. അതുപോലെ എല്ലാ സൂക്ഷ്മ ശരീരങ്ങളും ചേർന്ന് ഈശ്വരന് ഒരു സൂക്ഷ്മ ശരീരമാവും. എല്ലാകാരണ ശരീരങ്ങളും ചേർന്ന് ഈശ്വരന് ഒരു കാരണ ശരീരമാവും.

കല്പനവന്നവണ്ണംകാട്ടിനേൻ, കണ്ടതെല്ലാം
സ്വപ്നംപോലെണ്ണിവിട്ടോനപ്പോഴേജ്ഞാനിയാകും,
കാറവും, മഴക്കാലംപോയ്ത്തെളിഞ്ഞെഴുംവാൻപോൽ
പേറവുംമുക്തിക്കപവാദയുക്തിയുംചൊല്ലാം. 45

സ്വപ്നം കാണുന്നസമയത്ത് അതു സ്വപ്നമാണെന്നു തോന്നുന്നില്ല. യാതൊരു പ്രകാരം സ്വപ്നം ഇല്ലാത്തതാണെന്നു പിന്നീടറിയുന്നുവോ ആപ്രകാരം വ്യവഹാരത്തോടുകൂടിയിരിക്കുന്ന ലോകവും ഉത്തരകാലത്തിൽ ഇല്ലാത്തതായി സ്ഥിരപ്പെടുന്നു. "സ്വപ്നാദിയിൽ പലതു കണ്ടാലുണർന്നവനൊടൊപ്പം ഗ്രഹിക്ക" അവൻ ജ്ഞാനിയായിത്തീരുന്നു.

"സകലമാനചരാചരത്തോന്നലും
ശശവിഷാണസമാനമെന്നോർപ്പതും
ചലനരൂപമാകുംസ്വപ്നംപോലവെ
ചിരമനോമയമായെങ്ങുംതോന്നിയ
അഖിലജീവ,പരേശജഗങ്ങളു
മഖണ്ഡമാംപരരൂപമെന്നോർപ്പതും
സതതമാനന്ദതാണ്ഡവമാട്ടമെൻ
മതിയിലീശനൊഴുംപൂർണ്ണരൂപമാം" (രപുഗീത)

മേൽ അപവാദയുക്തിയെ പറയുന്നു.

‘പാമ്പല്ല,പാശ’മല്ലപ്പോ‘ലാളല്ല,കുററി’യെന്നു
മമ്പോടാചാര്യൻചൊന്നവേദാർത്ഥപ്രകാശത്താൽ
പുരമല്ല,ഭുവനമല്ലഭൂതങ്ങളല്ലേ,യീഞാൻ
സ്ഥിരമായബ്രഹ്മമേയെന്നുണന്നതപവാദംകേൾ. 46

കയററിൽ പാമ്പിനെക്കണ്ടപോലെ ബ്രഹ്മവസ്തുവിൽ അജ്ഞാനത്താൽ തോന്നിയ ജീവേശ്വര ജഗത്˚ഭേദങ്ങളെ അദ്വൈത വേദാന്തയുക്തികൾകൊണ്ടു˚ നിഷേധിച്ചു വാസ്തവസ്ഥിതി വെളിപ്പെടുത്തുന്ന സമ്പ്രദായത്തിനു അപവാദയുക്തിയെന്നു പറയുന്നു.

പടവുംനൂലുംപോലാഭരണംപൊന്നുംപോലെ
കുടവുംമണ്ണുംപോലൊന്നാംകാര്യകാരണങ്ങൾ;
സ്ഥൂലദേഹാദിമൂലശക്തിപര്യന്തമെല്ലാം
ചാലവേയൊന്നിലൊന്നൊന്നനന്യമായുദിക്കുംപോൽ
തൽക്രമത്തിങ്കലെല്ലാമൊന്നൊന്നിൽലയിച്ചുള്ള
ബ്രഹ്മദർശനമാർഗ്ഗംതന്നെയാണപവാദം;
പിന്നിതിലോരോന്നിലുമോരോന്നുമൊന്നൊന്നായി-
ച്ചിന്തചെയ്തൊന്നിലൊതുക്കുന്നതുമപവാദം. 47

പടം—വസ്ത്രം.

കാര്യവസ്തുവായ വസ്ത്രം കാരണവസ്തുവായ നൂലിനന്യമായോ അതുപോലെ ആഭരണം പൊന്നിനെ വിട്ടോ, കുടം മണ്ണിനെ വിട്ടിട്ടോ ഇരിക്കുന്നില്ലാത്തപോലെ കാര്യവസ്തുവായ ഈ ശരീരാദിപ്രപഞ്ചങ്ങൾ കാരണവസ്തുവായ ബ്രഹ്മത്തെ വിട്ടിരിക്കുന്നില്ല. ആദിബ്രഹ്മവസ്തുവിൽതന്നെ മൂലപ്രകൃതി, ഈശ്വരൻ, മായ, ജഗത്താദികൾ ഇവ ഒന്നിൽനിന്നു മറെറാന്നിനെന്ന കണക്കിൽ ഉല്പത്തിയുണ്ടാകുന്നപോലെ തിരിയെ ഒന്നുമറെറാന്നിലെന്ന കണക്കിൽ സർവ്വവും ബ്രഹ്മത്തിൽ ഇല്ലാതായി ബ്രഹ്മംമാത്രം സത്യം എന്നറിയുന്ന യുക്തിയെ അപവാദയുക്തി എന്നു പറയുന്നു.

കാര്യം കാരണത്തിൽനിന്ന ഭിന്നമല്ലാ എന്ന ശാസ്ത്രദൃഷ്ടി കൊണ്ടു് (വികൃത) സ്ഥൂലദേഹംമുതൽ മൂലപ്രകൃതിപര്യന്തം അതാതുകാരണങ്ങളിൽ നിന്നുണ്ടായപോലെ തത്വങ്ങളെ യഥാക്രമം അതാതു കാരണങ്ങളിൽ ലയിപ്പിക്കുകയാകുന്നു.

ഉദാ:- മരത്തിനെ മറച്ചതു മാമദയാന
മരത്തിങ്കൽ മറഞ്ഞതുമാമദയാന
പരത്തിനെമറച്ചതു കാൺപഞ്ചഭൂതം
പരത്തിങ്കൽമറഞ്ഞതുകാൺപഞ്ചഭൂതം.

താമസത്തിങ്കൽവിക്ഷേപത്തിനാലുള്ളിൽതോന്നും
താമസപ്രപഞ്ചത്തിൻവികാരം ചൊല്ലിക്കേട്ടേൻ;
ശക്തികൾരണ്ടെന്നാതിമുൻപുനീയെനിക്കി,പ്പോൾ
സത്തമാ! കഥിച്ചീടാവരണത്തിൻ ശക്തിയെല്ലാം. 48

സൂക്ഷ്മശരീരത്തിൽ ഇരിക്കുന്ന ജീവന്മാക്കു് തന്റെ, ഭോഗങ്ങൾ ഉണ്ടാകാൻവേണ്ടി ഈശ്വരൻ താമസഗുണത്തെ വിക്ഷേപം ആവരണം എന്ന രണ്ടു ശക്തികളാക്കിപ്പിരിച്ചു എന്നു മുമ്പു 35-ാം പദ്യത്തിൽ പറഞ്ഞിട്ടുണ്ടു്. 36-ാം പദ്യം മുതൽ 44-ാം പദ്യം വരെ വിക്ഷേപ ശക്തിയാലുണ്ടായ ഭൂതാദി വികാരങ്ങളെപ്പറഞ്ഞു ഇനി ആവരണ ശക്തിയെപ്പററി പ്രതിപാദിക്കുന്നു.

താൻതനിക്കൊപ്പായുള്ളൊരീശനെംതന്നെക്കണ്ട
ജ്ഞാനിയുമൊഴിച്ചുള്ള, നാസ്തി, നഭാതി, യെന്നാം
മാദകംതിരണ്ടെഴുംമർത്ത്യരെക്കരുടാക്കു-
ന്നാവരണംഹേമന്തരാത്രിയിലിരുൾപോലെ. 49

വിക്ഷേപാവരണങ്ങൾ മായയുടെ സ്വരൂപങ്ങളാണു്. ഈശ്വരനെ ആശ്രയിച്ചേ മായയ്ക്കു ശക്തിയുണ്ടാകുന്നുള്ളുവെന്നതിനാൽ ഈശ്വരനെ ഒരു കാലത്തും ആവരണം മറയ്ക്കുന്നില്ല. സ്വസ്വരൂപത്തെക്കണ്ട ജ്ഞാനിസർവ്വവും തങ്കലുത്ഭവമെന്നറിഞ്ഞു എപ്പോഴുംതന്റെ ബ്രഹ്മസ്വരൂപത്തിലിരിക്കുന്നതിനാൽ ആവരണം ജ്ഞാനിയേയും മറയ്ക്കുന്നില്ല.

നാസ്തി—ബ്രഹ്മമില്ല.

നഭാതി—എപ്പോഴും ഉള്ള ബ്രഹ്മം എങ്ങനെയിരിക്കുന്നു വെന്നറി റിയാൻ പാടില്ല.

അസ്തി-ഭാതി-പ്രിയം = ഉണ്ടു്, പ്രകാശിക്കുന്നു, ആനന്ദമായിരിക്കുന്നു എന്ന ബ്രഹ്മത്തിന്റെ സ്വരൂപം.

മർത്ത്യരെക്കുരുടാക്കുന്നു—തന്റെ സത്യസ്വരൂപം തനിക്കു വിളങ്ങാതിരിക്കുന്നതു് ആവരണദോഷത്തിനാലാണു്. അതിനാൽ കണ്ണുള്ള കുരുടൻ എന്നു സൂചിപ്പിക്കുന്നു.

വർഷകാലനിശയിൽ സർവ്വത്ര (ആകാശമുൾപ്പെടെ) അന്ധകാരംകൊണ്ടു മൂടിയിരിക്കുന്നതുപോലെ സുഷുപ്തിയിൽ ആവരണദോഷംകൊണ്ടു് ഒരറിവുമില്ലഎന്ന അവസ്ഥ ബാധിക്കുന്നു.

ആവരണത്തെ അദ്ധ്യാത്മവിചാരം പാനയിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു:—

"തമഃപ്രാധാന്യംകൊണ്ടു ബ്രഹ്മത്തിന്റെ
നിർമ്മലാംശം മറക്കുന്നതാവൃതി
തമോയുക്തമായുള്ളരജസ്സുകൊ—
ണ്ടമലനാകുംസച്ചിദാത്മാവിങ്കൽ
പൂർവ്വകല്പത്തിൽചെയ്യോരുകർമ്മത്താൽ
വേറെവേറെശബളമായ്ബ്രമ്മത്തിൽ
ലീനന്മാരായ്ക്കിടക്കുന്നജീവന്മാർ
നാനാകർമ്മഭേദങ്ങളോടുംകൂടി
അക്കർമ്മങ്ങൾ ഫലോന്മുഖമാകുമ്പോൾ
ഒക്കെയും ബ്രഹ്മത്തിന്റെ വിശേഷാംശം
തർക്കംനോക്കിമറച്ചീടുമാവൃതി".

പൂരണബ്രഹ്മത്തിന്നും ബാഹ്യപ്രപഞ്ചത്തിന്നും
കാരണജീവന്നും തത്സാക്ഷിയാം കൂടസ്ഥന്നും
തോന്നിയഭേദം തോന്നിപ്പിക്കാതെ മറച്ചിട്ടി-
ങ്ങെന്നുമാംഭവരോഗത്തിന്നിതു ഹേതുവാകും. 50

പൂര........ത്തിനും—അത്യന്തം ബൃഹത്തായി എങ്ങും ഊടു രുവെ നിറഞ്ഞിരിക്കുന്ന ചൈതന്യത്തിനും.

ബാഹ്യ........ത്തിനും—ഈശ്വരൻ മായയിൽ പ്രതിബിംബി ച്ചതിനാൽ ഈ കാണപ്പെടുന്ന ദൃശ്യപ്രപഞ്ചവികാരങ്ങൾക്കും.

കാരണജീവനും—നിദ്രാവേളയിൽ തന്റെ തികഞ്ഞ അവി ദ്യാസ്വരൂപത്തിലാണ്ടു് (ബാഹ്യവികാരങ്ങളൊന്നുമേ അറിഞ്ഞി ല്ലെന്ന മട്ടിൽ) ഇരിക്കുന്ന ജീവനും.

തത്സാക്ഷിയാം കൂടസ്ഥനും—നിദ്രക്കു സാക്ഷിത്വം വഹിച്ചു നിൽക്കുന്ന കൂടസ്ഥ ചൈതന്യത്തിനും.

തോന്നിയ.......ഹേതുവാകും—അഗ്നിയിൽനിന്നും ഉൽഭൂതമാ കുന്ന ജലം അഗ്നിക്കു വിരോധമായിരിക്കുന്നു. എല്ലാ വസ്തുക്കളും ഒരു വസ്തുവിൽനിന്നും ഉണ്ടായിട്ടുള്ളതായിരുന്നാലും അജ്ഞാന ദശയിൽ പലതായിത്തോന്നുന്നതിനെ തിരിച്ചറിയേണ്ടതാണ്. അഗ്നിയെ ജലത്തിൽനിന്നും വേർതിരിച്ചറിഞ്ഞില്ലെങ്കിൽ ആപ ത്താണ്. സ്ഥലജലഭ്രമമുണ്ടായാൽ മോചനം സാദ്ധ്യമല്ല. അനാ ത്മാകാരങ്ങൾ എല്ലാം ആത്മാകാരത്തിൽ തന്നെ ഇരിക്കുന്നുവെ ങ്കിലും ആത്മാകാരാനാത്മാകാരങ്ങൾ രണ്ടും ഒന്നുപോലെ നിഴലി ച്ചാൽ വിവേചനം ചെയ്തു അനാത്മാകാരങ്ങളായ അദ്ധ്യാരോപ ങ്ങളെ അപവദിച്ചിട്ടു് ആത്മാകാരത്തിലിരിക്കുന്നതിനു തടസ്സമാ യിവരും. കടലും കരയും തിരിച്ചറിഞ്ഞില്ലെങ്കിൽ ഗതാഗതം തട സ്സപ്പെടും. ദേഹാദികളിൽ തന്മയപ്പെട്ടിരിക്കുന്ന ആത്മാവിനെ അറിയാൻ ആത്മാവല്ലാത്തുള്ളവയെ അപ്രകാരം തന്നെ വേർതിരി ച്ചറിയുകയേ മാർഗ്ഗമായുള്ളു. ഒന്നുമേ ഒരിക്കലും അറിയാനൊ ക്കാത്ത നിസ്സഹായാവസ്ഥയ്ക്കു ഹേതുവായിരിക്കുന്നതിനാൽ ആവ രണദോഷം തീരാത്ത സംസാരദുഃഖത്തിനു കാരണമായി നിൽക്കു കയാണ്.

തോന്നിയഭേദം തോന്നിപ്പിക്കാതെ—അഭേദം തോന്നിപ്പി ക്കാതെ എന്നർത്ഥമെടുത്താലും ശരിയാണ്. സർവ്വത്തേയും അഭേദ

മായിക്കാണുന്നവനും സാക്ഷാത്ക്കരിക്കുന്നു. ഇങ്ങനെ സർവ്വവും ബ്രഹ്മംതന്നെ എന്നറിയാനും തന്നെ മറയ്ക്കുന്ന അജ്ഞാനംകൊണ്ടു കഴിയാതെ വരുന്നതിനാൽ ആവരണത്തെ ദോഷമായിതന്നെ കല്പിച്ചിരിക്കുന്നു. ഒന്നുകിൽ എല്ലാം ഭേദം, അല്ലെങ്കിൽ അഭേദം എന്നറിഞ്ഞേ മോചനം സാദ്ധ്യമാവൂ.

ആധാരമെങ്ങുംമറഞ്ഞില്ലാതെ പോയാലെങ്ങാ-
ണാരോപമിക്കാണുംപോൽ തോന്നപ്പെടുന്നതനിത്യം ?
ആധാരം മറയാതാകിലാരോപമില്ലേ? കേട്ടാ-
ലാധാരംരണ്ടുണ്ടോതാം സമവും വിശേഷവും;
ആധാരമെങ്ങും സമമായ്ത്തന്നെയിരുന്നീടും
ബോധിക്ക, വിശേഷരൂപമിക്കാണുമാരോപങ്ങൾ. 51

ആധാരം—സർവ്വത്തിനും ആധാരമായ ബ്രഹ്മം

മറഞ്ഞില്ലാതെപോയാൽ—ആവരണശക്തിയാൽ മറഞ്ഞ് ഇല്ലാത്ത വസ്തുവായിത്തീർന്നാൽ.

എങ്ങാ......നിത്യം—ഈ എന്നും കാണപ്പെടുന്ന ആരോപിത ശരീരാദിപ്രപഞ്ചങ്ങൾക്ക് നില്ക്കപ്പൊരുതിയെവിടെയാണ്?

ആധാ ...... കേട്ടാൽ—അഥവാ ആധാരം മുൻപറഞ്ഞപ്രകാരം മറഞ്ഞതായിവരാതെ ആർക്കും കാണത്തക്കവണ്ണം വെളിപ്പെട്ടു തെളിഞ്ഞു നില്ക്കുന്നപക്ഷം ഈ ആരോപവസ്തുക്കളൊന്നുമുണ്ടായിരിക്കുകയില്ലേ എന്നു നീ ചോദിക്കുകയാണെങ്കിൽ

ആധാരം...... ഷവും—സമാധാനം പറയാം. ആധാരം രണ്ടുവിധത്തിലുണ്ട്. ഒന്നു സമസ്വരൂപം രണ്ടാമത്തേതു വിശേഷസ്വരൂപം.

ആധാര ..... നീടും—എങ്ങും ഒരേമട്ടിൽ സമമായിരിക്കുന്നതു് ആധാരത്തിന്റെ സാമാന്യസ്വരൂപം.

വിശേഷ...... പങ്ങൾ—ആധാരബ്രഹ്മത്തിൽ ആരോപിതങ്ങളായിരിക്കുന്ന ഈ ദൃശ്യങ്ങളെല്ലാം ആധാരവസ്തുവിന്റെ വിശേഷസ്വരൂപമാകുന്നു.

സൂൎയ്യൻ മറഞ്ഞുപോയാൽ ഈ ദൃശ്യങ്ങൾ തോന്നപ്പെടുന്നില്ല. സൂൎയ്യൻ മറയാതെയിരുന്നാൽ ഈ ദൃശ്യങ്ങൾ കാണപ്പെടാതിരിക്കുന്നോ എന്നുമാണെങ്കിൽ ഉത്തരം പറയാം. സൂൎയ്യൻ പ്രത്യേകമൊന്നിലെന്നില്ലാതെ വിളങ്ങുമ്പോൾ അതിന് സമസ്വരൂപമെന്നും ഘടജലത്തിൽ പ്രത്യേകമായി പ്രകാശിക്കുമ്പോൾ അതിന് വിശേഷസ്വരൂപമെന്നും പറയുന്നു. ഘടജലാകാശസൂൎയ്യനെ നോക്കിയയിടത്ത് മഹാകാശസൂൎയ്യൻ മറയപ്പെട്ടുവെന്നേയുള്ളു. യഥാൎത്ഥത്തിൽ വിക്ഷേപാവരണങ്ങൾ ബ്രഹ്മത്തെ ഒരിക്കലും മറയ്ക്കുന്നില്ല. അജ്ഞാനം ഹേതുവായി താൻതന്നെ നോക്കിയയിടത്തു താൻ തന്നെത്തന്നെ അന്ന്യനായികണ്ടു. അന്ന്യനായി മാറിയതാൻ തനിക്കില്ലെന്നുമായി. ഇപ്രകാരം താൻ സ്വയം മറയപ്പെട്ടു. ഈ ആവരണദോഷത്താൽ അന്ന്യങ്ങളായ വിശേഷരൂപങ്ങൾ ഉണ്ടായി. ഈ ജീവേശ്വരജഗത്താദികൾ ഒരിക്കലും ബ്രഹ്മസത്യത്തെക്കാണാതിരിക്കുമാറ് അവയെ മറയ്ക്കുകയാണ് ആവരണം ചെയ്യുന്നത്.

മരത്തിന്റെ സാമാന്യരൂപമായ തടിയിൽനിന്നും മേശ, കട്ടിൽ, കസേര മുതലായ അനവധി വിശേഷ രൂപങ്ങൾ ഉണ്ടാകുന്നു. ഈ ആരോപ വിശേഷരൂപങ്ങളും തടിമാത്രമായിരിക്കുന്ന ആവരണ സാമാന്യരൂപവും ആദിവൃക്ഷത്തെ എത്രമാത്രം മറച്ചുനില്ക്കുന്നുവോ അത്രമാത്രം ആവരണാരോപങ്ങൾ ബ്രഹ്മത്തെ മറച്ചുനില്ക്കുന്നുവെന്നും സാരം.

ഇപ്രപഞ്ചത്തിലിന്നതെന്നറവു സമാനമാ-
യെപ്പോഴുമുള്ള ബ്രഹ്മംമറയുന്നില്ല പാൎത്താൽ;
പാശത്തെമറച്ചിട്ടുമാറുന്നപന്നഗംപോൽ
നാശമായ്മറഞ്ഞീടുംവിശേഷരൂപംമാത്രം.
കൂടസ്ഥനാകുംബ്രഹ്മവസ്തുവിൻസമാനത്തെ-
പ്പാടേമറച്ചീടുന്നില്ലജ്ഞാനമൊരുകാലം
കഷ്ടമജ്ഞാനംമറച്ചെന്നതാൽ, കാണും, നഷ്ട-
പ്പെട്ടുപോകുംവിശേഷജീവേശ്വരന്മാർമാത്രം.

ഇപ്രപ......പാത്താൽ-ഈ പ്രപഞ്ചം നാമരൂപങ്ങളാൽ മാത്രം പ്രകാശിക്കുന്നതാണു്. രൂപങ്ങൾ ഉണ്ടായി അഴിഞ്ഞു കൊണ്ടിരിക്കുന്നതും. നാമരൂപങ്ങൾ ഒഴിഞ്ഞ അവസ്ഥയിൽകൂടി പ്രപഞ്ചത്തെ നോക്കുമ്പോൾ കാണാവുന്നതു് പ്രപഞ്ചത്തിന്റെ അരൂപരൂപത്തെയാണു്. നശ്വരമായ രൂപാദികൾക്കു് കാരണമായിരിക്കുന്നതിനാൽ അരൂപരൂപവും നശ്വരമത്രെ. ഇപ്രകാരം രൂപരൂപങ്ങളെയും അരൂപരൂപങ്ങളെയും ഒഴിച്ചാൽ പിന്നെ ഒഴിക്കാനാവാതെയുള്ള അരൂപാരൂപമത്രെ ബ്രഹ്മത്തിന്റെ സമസ്വരൂപം. അതിനാൽ ബ്രഹ്മവസ്തുവിന്റെ (സമ) സ്വരൂപം ഇന്നതാണെന്നോ ഇന്നയിടത്തിരിക്കുന്നുവെന്നോ ചൂണ്ടിക്കാണിക്കാൻ കഴിയുന്നില്ല. പോരെങ്കിൽ സർവ്വകാരണവസ്തുവായ ബ്രഹ്മം തന്നെ ആവരണത്തിനും കാരണമായി എങ്ങും നിറഞ്ഞിരിക്കുന്നതിനാലും പ്രത്യേകമൊരിടത്താണു ബ്രഹ്മമിരിക്കുന്നതെന്നു പറയാൻ കഴിയുന്നില്ല. ഇപ്രകാരമുള്ള ബ്രഹ്മത്തെ ആവരണത്തിനു എങ്ങനെ, എവിടെ മറയ്ക്കാൻ കഴിയും?

പാശത്തെ.......പംമാത്രം:—

കയററിൽ പാമ്പ്

കയറും പാമ്പും	പാമ്പും കയറും
മുമ്പിനാലേ തനിക്കു അറിവുള്ള പാമ്പിന്റെ സ്വരൂപം – അനാത്മാകാരരൂപാരോപണം – ആത്മരൂപം മായുന്നു.	മുമ്പിനാലേ അറിവുള്ള കയറിന്റെ സ്വരൂപം. പാമ്പിൻ സ്വരൂപം ദൃശ്യമാവുമ്പോൾ കയറിന്റെ സ്വരൂപം അദൃശ്യമാകുന്നു. അറിവാകുന്ന പ്രകാശം സിദ്ധിക്കുന്നതോടുകൂടി വ്യാജാരോപണത്താൽ നില്ക്കുന്ന അനാത്മാകാരസ്വരൂപം മറയുകയും കയറിന്റെ രൂപം അതായതു് ആത്മാകാരം വെളിവാകുകയും ചെയ്യുന്നു. ഇല്ലായ്മയിൽനിന്നു ഉടലെടുത്ത പാമ്പിന്റെ സ്വരൂപം ഇല്ലായ്മയിൽ മറയുന്നു. ഇല്ലാതാകുന്നു.

അജ്ഞാനത്താൽ ധർമ്മാധർമ്മങ്ങൾ ഉണ്ടാകുന്നു. അന്തഃകരണത്തിലാണുണ്ടാകുന്നതും. ഈ അന്തഃകരണ ധർമ്മങ്ങളെ അവിദ്യാവൃത്തിമൂലം സാക്ഷി പ്രകാശിപ്പിക്കുന്നു. ഈ അവസ്ഥയ്ക്കു് സാക്ഷി ഭാസ്യം എന്നു പറയുന്നു. വെളിച്ചം കുറവായ സമയത്തു് കയറിനെ പാമ്പായി മനസ്സിലാക്കി ഭ്രമിക്കുന്നു. ഇവിടെ കയറു പാമ്പായതു അവിദ്യകൊണ്ടുണ്ടായ വൃത്തി (ആവരണവിഃക്ഷേപങ്ങൾ) അന്തഃകരണത്തിൽ നിഴലിച്ചപ്പോഴാണു്. ആ സമയത്തു് സാക്ഷിപറവുതലില്ലാതെ അതിനെ പാമ്പായി പ്രകാശിപ്പിക്കുന്നു. ഇപ്രകാരം അന്തഃകരണ ഉപഹിത ചൈതന്യത്തിൽ അവിദ്യ കൊണ്ടേർപ്പെട്ട വൃത്തി നിഴലിക്കുമ്പോൾ സാക്ഷി അതിനെ അറിയുകയാണു് സാക്ഷാൽ സംഭവിക്കുന്നതു്. ഇവിടെ കയറായ വിഷയത്തിനു് മങ്ങിയ വെളിച്ചമെന്ന അജ്ഞാനദശയിൽ അജ്ഞാനത്തിൻ്റെ തന്നെ വകയായ ആവരണം ഏൎപ്പെട്ടു മറവുസംഭവിക്കുന്നു. ഇവിടെ ഈ ആവരണംമൂലം അന്തഃകരണ വിശിഷ്ട ചൈതന്യമായ ജീവൻ പോംവഴിയില്ലാതെ മുട്ടിനില്ക്കുന്നു. ഈ പ്രതിസന്ധിയുടെ പ്രത്യാഘാതമാണു് പാമ്പെന്ന വിക്ഷേപം. ഈ സമയം അന്തഃകരണം (വിദ്യമൂലം) വൃത്തിപ്പെട്ടിരുന്നാൽ ആ അന്തഃകരണവൃത്തി ഇന്ദ്രിയദ്വാരാ വിഷയത്തിൻ്റെ ആവരണത്തെ നീക്കുന്നദശയിൽ ആ വിഷയത്തിൻ്റെ ജ്ഞാനം ഉണ്ടാകുന്നു. ഇതാണു് വൃത്തി ഉപഹിതചൈതന്യം. ഈ ചൈതന്യവൃത്തി ഇന്ദ്രിയദ്വാരാ അന്തഃകരണത്തിൽ വിഷയത്തിൻ്റെ ആവരണത്തെ നീക്കുമ്പോൾ ആ വൃത്തി അന്തഃകരണ ഉപഹിതചൈതന്യത്തെ അന്തഃകരണവൃത്തി ഉപഹിതചൈതന്യമാക്കുകയും അതോടുകൂടി സാക്ഷി സാക്ഷാൽ വിഷയത്തെ പ്രകാശിപ്പിക്കുകയും അറിയുകയും ചെയ്യുന്നു. ഇതോടുകൂടിയാണു് പാമ്പെന്ന വിശേഷ (വിക്ഷേപ) രൂപം മാറുന്നതും.

കൂടസ്ഥ.......ദുകാലം — ബ്രഹ്മവസ്തുവിൻ്റെ സമസ്വരൂപം കൂടസ്ഥനും വിശേഷരൂപം (വ്യഷ്ടിയിൽ) ജീവനുമായതിനാൽ സമസ്വരൂപമായ കൂടസ്ഥനെ അജ്ഞാനം സത്യത്തിൽ മറയ്ക്കുന്നില്ല.

കഷ്ടമ.......മാത്രം—ബ്രഹ്മത്തിന്റെ വിശേഷരൂപങ്ങളായ ജീവേശ്വരന്മാർ മാത്രം ആവരണത്താൽ മറയ്ക്കപ്പെടുന്നു. അതിനാലാണു് ജീവേശ്വരന്മാർക്കു് കൂടസ്ഥ—ബ്രഹ്മത്തെ കണ്ടു് ഒരിക്കലും സാക്ഷാത്കരിക്കാനാവാതെ പോകുന്നതു്.

ജീവനും ജഗത്തുമായ് നിന്നവിക്ഷേപമല്ലോ
കേവലബ്രഹ്മത്തെപ്പിൻമറച്ചു നില്പതെങ്കിൽ
ആവരണംതാൻപാഴനർത്ഥമെന്നുമോതാ-
നാവുന്നഹേതുവും ചൊല്ലിടിനാനപ്പോളാര്യൻ. 53

ജീവനും.......തെങ്കിൽ—ജീവൻ ഈശ്വരന്റെ വ്യഷ്ടിഭാവമാണു്. ഈ കാണുന്ന നാമരൂപ ശരീരാദിപ്രപഞ്ചം ഈശ്വരന്റെ സമഷ്ടി ആവരണസ്വരൂപവുമാണു്. ഈ വിക്ഷേപശക്തികളാലാണു ബ്രഹ്മം മറവുപെട്ടിരിക്കുന്നതെന്നു പറയുന്നതാണു ന്യായമെന്നു വരുന്നനിലക്കു്.

ആവര.......ഹേതു—ആവരണമാണു് ബ്രഹ്മദർശനമാഗ്രഹിക്കുന്ന മുമുക്ഷുവിനു കൂടുതൽ തടസ്സമായി നില്ക്കുന്നതു് എന്നു പറയാനുള്ള കാരണമെന്തെന്നും—ഗുരു സമാധാനം പറഞ്ഞു.

കേൾക്കുണ്ണി, വിക്ഷേപം താൻതുമ്പത്തിനുറവായി
നില്ക്കുമിപ്പിറപ്പിനു മൂലമെന്നിരുന്നാലും
മുക്തിക്കേറ്റിരിക്കും ജിജ്ഞാസുവിന്നനുകൂലം;
വിരുത്തുഴും പകൽചെയ്യുമൂഴിയം നിശയ്ക്കുണ്ടോ?
ചിത്രമീമാററം ചൊന്നതെന്തെന്നു മുരച്ചീടാം
പുത്രാ! പൊല്ലാത്തതെങ്ങുമാവരണപ്പാഴോർക്കു. 54

52-ാം പദ്യത്തിൽ പറഞ്ഞപോലെ ജനിമൃതികൾക്കിടയാക്കി നില്ക്കുന്നതു് മായയുടെ വിക്ഷേപശക്തിയാണെന്നിരുന്നാലും അതു് മോചനമാഗ്രഹിക്കുന്നവനു് അനുകൂലമായിത്തീരുകയേ ചെയ്യുന്നുള്ളു. പകൽ എത്ര വ്യവഹാര നിബിഡമായിരുന്നാലും ആ പകലിനെക്കൊണ്ടു ലോകത്തിനുള്ള പ്രയോജനം രാത്രിയെ

കൊണ്ടുണ്ടാകുന്നില്ലല്ലോ അതുപോലെ. അപ്പോൾ പിന്നെ ഈ വിരോധാഭാസത്തിന്ന, അതായതു് ആവരണമാണ് ഏററവും ദോഷകരം എന്നു പറയുന്നതിന്ന, കാരണം പറയാം.

സുപ്തിയി,ലപ്പോൾ മഹാപ്രളയത്തിങ്കലും കേൾ
മിഥ്യയായ്തോന്നും പ്രപഞ്ചാദികളഴിഞ്ഞാലും
നിത്യദുഃഖദംഭവമററതിൽ മോചിച്ചതാ-
യിധരാതലത്തിങ്കലാരുണ്ടു ചൊല്ലിടാമോ?
മുക്തിക്കു,മുഴുത്തുള്ളവിക്ഷേപം കൂട്ടുനില്ക്കും.
മുക്തിക്കൊക്കാതെയാക്കുന്നാവരണം താനെന്നും. 55

സുപ്തി—ജീവൻ അവിദ്യയിൽ പ്രതിബിംബിക്കുമ്പോളുള്ളതിനെ സുഷുപ്തി അവസ്ഥ എന്നു പറയുന്നു. സുഷുപ്തിയിൽ കാരണലയം ഏർപ്പെടുന്നു. അതിനാൽ താൻ ഒന്നും അറിഞ്ഞില്ലെന്ന കഴിവുകേടുണ്ടാകുന്നു. ഇവിടെ ചിൽശക്തി ഒരു സാക്ഷിയായി നിൽക്കുന്നു. സാക്ഷിത്വം ഉണ്ടായിരുന്നതിനാലാണ് ഉണരുമ്പോൾ ഒന്നും അറിഞ്ഞില്ലാ എന്ന അറിവുണ്ടായിരിക്കുന്നതു്.

മഹാപ്രളയത്തിൽ ഈശ്വരൻ സൃഷ്ട്യുന്മുഖനാകാതെ അകർത്താവായിരിക്കുന്നു. സുപ്തിയിൽ (ജീവന്റെ) അഹങ്കാരവും മഹാപ്രളയത്തിൽ (ഈശ്വരന്റെ) കാരണശരീരവും അവിദ്യയിൽ ലയിച്ചിരിക്കുന്നതേയുള്ളു, നശിക്കുന്നില്ല. ഈശ്വരൻ സൃഷ്ടിക്കു ഉന്മുഖനാകുമ്പോൾ സംസ്കാരരൂപത്തിൽ നില്ക്കുന്ന അവിദ്യ വീണ്ടും വൃത്തിപ്പെടുന്നു. വീണ്ടും പുനരാവൃത്തിക്കു ഹേതുവായിത്തീരുന്നു. പക്ഷെ, നമുക്കു വേണ്ടതു ആത്യന്തിക നിവൃത്തിയാണ്. അതിനാലാണ് 'മുക്തിക്കൊക്കാതെയാക്കുന്നാവരണം താനെന്നും' എന്നു പറഞ്ഞതു്. വിക്ഷേപം മുക്തിക്കു പ്രയോജനപ്പെട്ടിരിക്കുന്നു എന്നതിനെ മേൽ പ്രതിപാദിക്കുന്നു.

ശുക്തിയിൽവെള്ളിപോലെ തോന്നിയവിക്ഷേപത്തിൻ
ശക്തിയും പൊരുളെന്നാലീശക്തിയാൽ സാധിച്ചിടും

മുക്തിയും പൊയ്യാമെന്നൊരാക്ഷേപം വരുന്നാകി-
ലുത്തരംപറഞ്ഞീടാമാത്മജാ! ശ്രവിച്ചീട്ടു.
സ്വപ്നത്തിൽതോന്നും സിംഹംമിഥ്യയായാലും മാററം
സുപ്തിയെയെന്നപോലീമുക്തിയും സത്യമാകും. 56

ചിപ്പിയെ വെള്ളിപോലെ കണ്ടതു മിഥ്യയാണ്. ഒന്നിനെ മറെറാന്നായിട്ടാരോപിക്കുന്നതു മായയുടെ വിക്ഷേപശക്തിയാലാണ്. അതിനാൽ വിക്ഷേപശക്തിയിൽക്കൂടി സാധിച്ച മുക്തി സത്യമല്ലാതെ വരാനേ ന്യായമുള്ളൂ. അപ്പോൾ ഗുരു ശ്രവണാദി വിക്ഷേപകാര്യങ്ങളിൽക്കൂടി ലഭിച്ച മുക്തിയും മിഥ്യയായ് വരുമല്ലോ എന്ന ശങ്കക്കു സമാധാനം പറയുന്നു. സ്വപ്നം സത്യമല്ല. സിംഹത്തെക്കണ്ടു് ഭീതിയുണ്ടായതും മിഥ്യ. പക്ഷെ ഉണർന്നതു് മിഥ്യയായ ഭീതിയാലാണെന്നുള്ളതു സത്യം.

ഇവിടെ വിക്ഷേപത്തെ വിക്ഷേപംതന്നെ പരിഹരിച്ചിരിക്കുന്നു. എന്നാൽ ഒരാവരണത്തെ ഒഴിക്കാൻ വേറൊരാവരണം സഹായമായിരിക്കുന്നില്ല.

അവിദ്യയാലേർപ്പെട്ട ആവരണത്താൽ സ്വസ്വരൂപം മറവുപെട്ടു ഒരു ഗതിയുമില്ലാതെ അലയുന്ന ജീവന് വിക്ഷേപശക്തിയാലുണ്ടായ ശരീരം മിഥ്യയാണെങ്കിലും അതു ലഭിച്ചതിനാലാണ് അതിൻെറ ഇല്ലായ്മയെ അറിഞ്ഞു് ആ വൈരാഗ്യത്താൽ ഉണ്ടായിരുന്ന വസ്തുവിൻെറ പേരിലേ ഇല്ലായ്മ സംഭവിക്കുകയുള്ളൂ എന്നും (എപ്പോഴും) ഉള്ളതു എന്ന സത്യവസ്തു പിന്നീട് ഇല്ലാതെ വരാൻ കാരണമില്ലെന്നും അന്വേഷണം ആരംഭിക്കുന്നതു്. അങ്ങനെ സ്വസ്വരൂപത്തെ കണ്ടെത്താൻ അവസരം ലഭിക്കുന്നതു് വിക്ഷേപത്താലാണ്. കാന്താരാന്ധകാരത്തിൽനിന്നും ആവശ്യമുള്ളവൻ മിന്നാമിനുങ്ങുകളെ കൂട്ടപിടിച്ചും രക്ഷപ്പെട്ടുകൊള്ളുന്നപോലെ.

കേൾക്കെടോ ജഗത്തിതിൽ വിഷത്തെ വിഷത്താലു-
മുക്കേറ്റമിരുമ്പിനെയിരുമ്പാലെന്നപോലെ
എയ്യെഴുമമ്പാലെയ്യോരമ്പിന്ന്യവും മാററീടാ-
മേതഴുക്കിന്നെയും മററഴുക്കിനാലും പോലെ,
ക്രൂററനാംമായമയും മായയാൽമാററീട്ടും
മാററീടാം പ്രേതംചുട്ടതടിയും ചുട്ടപോലെ. 57

ജഗത്തി........നാലുംപോലെ—ഒരു ദോഷത്തെ ഒഴിക്കാൻ തത്തുല്യം കരുത്തുള്ള മറെറാരു ദോഷത്തിൻെറ വൃത്തികൊണ്ടു കഴിയുന്നതുപോലെ.

അത്തും—മായയും.

മാററീടാം........ചുട്ടപോലെ—ഒരു മായാകാര്യംകൊണ്ടു് മററു മായാകാര്യങ്ങളെ മാററാൻ കഴിഞ്ഞുവെന്നിരിക്കട്ടെ. ഈ മാറ്റാൻ ഉപയോഗിച്ച മററു മായാകാര്യത്തെ എങ്ങനെ മാററും. അതവശേഷിക്കുമല്ലോ എന്നാണെങ്കിൽ പ്രേതത്തെ നീക്കിയിട്ടു ചുടാൻ ഉപയോഗിച്ച തടിയെക്കൂടി ഒടുവിൽ ചിതയിൽതന്നെ ഇട്ടു നശിപ്പിക്കുന്നതുപോലെ തൻെറ അജ്ഞാനത്തെ വളർത്തിക്കൊണ്ടിരുന്ന അന്തഃകരണവികാരങ്ങളെ അന്തഃകരണവൈഭവം തന്നെയായ ബുദ്ധികൊണ്ടു് ധ്വംസനം ചെയ്തിട്ടു് ആ ബുദ്ധിയെ ബ്രഹ്മത്താക്കി അഖണ്ഡാകാരമാക്കി കൂടസ്ഥബ്രഹ്മത്തിൽ (ഐക്യപ്പെട്ടു്) സ്വയം ഇല്ലാതെയാക്കുകയാണു ചെയ്യുന്നതു്.

മുമുക്ഷുവിൻെറ ദോഷങ്ങൾ എല്ലാം മാററിച്ചെയ്യുന്ന ഗുരുവും ഇപ്രകാരമാണു ചെയ്യുന്നതു്. ഗുരു ശിഷ്യൻെറ സ്വരൂപത്തിൽ പകർന്നു് ശിഷ്യനുമായി ഐക്യപ്പെട്ടു് തൻെറ സ്വന്തം ദ്വൈതഭാവം മാററിക്കൊള്ളുന്നു. അങ്ങനെ ശിഷ്യൻെറ ദ്വൈതശങ്കയെ ഉന്മൂലനിവൃത്തിചെയ്യുന്നു.

കലങ്ങിയ വെള്ളത്തിലെ അഴുക്കിനെ മാററിയിട്ടു് തേററാമ്പരൽ ആ വെള്ളത്തിൽ തന്നെ ചേർന്നൊഴിഞ്ഞുകൊള്ളുന്നു.

ഉദാഹരണത്തിന് സന്ദേഹനിവൃത്തിപടലം 87-ാം പദ്യം നോക്കുക.

മേൽ ജീവന്മാരുടെ സപ്താവസ്ഥകളെ പ്രതിപാദിക്കുന്നു.

മായയാലവസ്ഥകളേഴുണ്ടാം ജീവന്മാക്കി-
ന്നായവയജ്ഞാനം, പിന്നാവരണം, വിക്ഷേപം,
വാസ്സുംപരോക്ഷജ്ഞാനമഞ്ചാമതപരോക്ഷം
ദുഃഖത്തിൻനിവൃത്തി, യേഴാമതാനന്ദപ്രാപ്തി. 58

ജീവന്മാരുടെ ഏഴവസ്ഥകൾ

സപ്താവസ്ഥകൾ	സപ്താജ്ഞാന ഭൂമികൾ	സപ്തജ്ഞാന ഭൂമികൾ
1. അജ്ഞാനം	ബീജജാഗ്രം, ജാഗ്രം	
2. ആവരണം	മഹത്ജാഗ്രം	
3. വിക്ഷേപം (ഭ്രാന്തി)	ജാഗരസ്വപ്നം, സ്വപ്നം, സ്വപ്നജാഗരം, സുഷുപ്തി.	
4. പരോക്ഷജ്ഞാനം 5. അപരോക്ഷജ്ഞാനം		ശുഭേച്ഛ വിചാരണ തനുമാനസി.
6. ശോകനാശനം 7. അതിഹർഷം		സത്വാപത്തി അസംസക്തി പദാർത്ഥഭാവന തുരിയഗ.

ബ്രഹ്മമാം തന്നെത്താനേ മറന്നതജ്ഞാനം, കേൾ
ബ്രഹ്മത്തെക്കാണാനില്ലെന്നുള്ളതാവരണം, ശൂന്യം,
ഞാനൊരു ജീവനെന്നതോന്നലുവിക്ഷേപം, പിൻ
സത്ഗുരുവരക്കാൽ തന്നെക്കാണ്മതുപരോക്ഷജ്ഞാനം. 59

താൻ ഇക്കാണുന്നവയൊന്നുമല്ലെന്നും ചൈതന്ന്യമാത്രമായ ബ്രഹ്മസ്വരൂപി മാത്രമാണെന്നും ഉള്ള സത്യത്തെ മറന്നുപോയതു് അജ്ഞാനത്താലാണു്. ബ്രഹ്മം താൻ തന്നെയാണെന്നതു മറന്നുപോയതിനാൽ ബ്രഹ്മത്തെ അന്വേഷിച്ചു് അന്ന്യമായി നോക്കിയയിടത്തു് ശൂന്ന്യം സംഭവിച്ചതു് ആവരണം. താൻ ജനിമൃതിയിൽ പെട്ടിരിക്കുന്ന ജീവനാണെന്ന തോന്നൽ വിക്ഷേപം. ഇങ്ങനെയിരിക്കെ, സത്സംഗത്താൽ ലഭിച്ച ഗുരുവാക്യശ്രവണത്താൽ താൻ ഉണ്ടു് എന്നു് പരോക്ഷമായറിയുന്നതു് പരോക്ഷജ്ഞാനം.

തത്,ത്വംപദങ്ങൾ മനനംചെയ്തുസന്ദേഹംപോ-
യദ്വൈതംതാനായ്ത്തീർന്നതാണപരോക്ഷജ്ഞാനം
കർത്താവുതാനാണെന്ന തൽബോധമഴിയുമ്പോ-
ളുത്തലുംതീർന്നുകൃതകൃത്യനാനന്ദമാകും. 60

അപരോക്ഷം — ലോകത്തെ സ്വപ്നംപോലെ കാണുന്നു. അദ്വൈതത്തിൽ ഉറച്ചു്, ദ്വൈതം നശിക്കുന്നു.

അത്തലുംതീർന്നു—ശോകനാശനം അഥവാ ആത്യന്തിക ദുഃഖനിവൃത്തിസംഭവിക്കുന്നു. വിശേഷാംശങ്ങൾ ശാന്തമായി അദ്വൈതമാത്രത്തിൽ സ്ഥിതിചെയ്യുന്നു.

കൃതകൃ ......നാകും—കർമ്മമെല്ലാം ഒടുങ്ങി എന്നസംതൃപ്തിയിൽ ജാതമായ നിത്യസൗഖ്യം തന്നെ സ്വസ്വരൂപമെന്നായിത്തീരുന്നു.

ചൊന്നിടാമിതിന്നൊരു ദൃഷ്ടാന്തം പത്തുപേരു-
ണ്ടൊന്നിച്ചുഗംഗതന്നിൽ മുങ്ങിക്കുളിച്ചശേഷം
തിരളുവന്നൊരുത്തനാളെണ്ണിയൊമ്പതെന്നു
മാറത്തടിക്കും പത്താമനെക്കാണായ്കയാലേ. 61

ആളെണ്ണിയവൻ തന്നെ വിട്ടെണ്ണിയതിനാൽ എണ്ണം ഒമ്പതായി. ഇനി ഒരാളിനെ (പത്താമനെ) കാണാതെ അമ്പരന്നു നില്ക്കേണ്ടിവന്നതു് തന്നെ വിസ്മരിച്ചതിനാലാണു്. അതു പോലെ താൻ തന്നെക്കാണായ്കയാലാണു് ബ്രഹ്മത്തെ അന്വേഷിക്കേണ്ടിവന്നതു്.

പത്താമനെക്കാണാത്തസംഭ്രമമജ്ഞാനം, പിൻ
പത്താമനില്ലേകാണാനെന്നതാവരണം, പൊങ്ങും
ഉൾത്താപമേ വിക്ഷേപം, പുത്തനായെത്തുമന്യൻ
പത്താമനുണ്ടെന്നോതിക്കണ്ടതു പരോക്ഷജ്ഞാനം. 62

ജീവന്മാരുടെ ഏഴവസ്ഥകളിൽ ആദ്യത്തെ നാലവസ്ഥകളെ വിവരിക്കുന്നു.

അജ്ഞാനം—മൊത്തം പത്തുപേരിൽ എണ്ണിയ തന്നെവിട്ട് ഒമ്പതുപേരെ എണ്ണിക്കൊണ്ട് താനായ പത്താമനെ (അതായതു തന്നെ) കാണാത്തഭ്രമം.

ആവരണം—പത്താമനെ കണ്ടുകൊള്ളാനില്ല എന്ന സംഭ്രമം നീണ്ടുനിൽക്കുന്നതു്.

വിക്ഷേപം—മുൻപറഞ്ഞ സംഭ്രമത്താലും ആവരണദോഷത്താലും ഉണ്ടാകുന്ന ദുഃഖം.

പരോക്ഷജ്ഞാനം—ഈ നിരാശയെക്കണ്ടറിഞ്ഞ വഴിപോക്കൻ (ഗുരു) തിരിഞ്ഞുനിന്ന് ആളെണ്ണിനോക്കിയിട്ട് പത്താമനുമുണ്ടെന്നാശ്വസിപ്പിച്ചതിനാൽ ലഭിച്ച പത്താമനെപ്പററിയുള്ള അറിവ് പരോക്ഷജ്ഞാനവുമാകുന്നു.

പിന്നെയുംപഥികൻ ചൂണ്ടിക്കാട്ടിനാ'നെണ്ണുംനീതാ-
നിന്നിയുമന്വേഷിക്കും പത്താമ'നിതുകണ്ടു്,
തന്നെത്താൻസ്വയംകണ്ണിൽകണ്ടുള്ളം തെളിഞ്ഞീടു-
മെന്നതാണപരോക്ഷജ്ഞാനവുമറിഞ്ഞാലും. 63

പത്താമനുണ്ട് എന്നു പറഞ്ഞപ്പോൾ എണ്ണിയാളിന് സമാധാനമായി. പിന്നീട്, ആ പത്താമൻ എണ്ണിക്കൊണ്ടിരുന്ന ആൾ തന്നെ എന്നു ചൂണ്ടിക്കാണിച്ചു കൊടുത്തപ്പോൾ സംതൃപ്തിയും ശോകമൊഴിഞ്ഞ് ആനന്ദവും ഉണ്ടാകുന്നു. അതു പോലെ തന്റെ സത്യസ്വരൂപത്തെ കണ്ടെത്താൻ ഈ കാണുന്ന നശ്വരങ്ങളെ ആശ്രയിച്ചുപോയാൽ അവയോടൊത്തു താനും നശി

ക്കുന്നതാണെന്നും എന്നാൽ ഇവയെല്ലാത്തിനും വിലക്ഷണമായി തനിക്കു സത്യസ്വരൂപമൊന്നു വേറെയുണ്ടെന്നും ഗുരു ഉപദേശിച്ച പ്പോഠം ശിഷ്യനു സമാധാനമായി. ഈ സത്യസ്വരൂപം എങ്ങും നിറവുററ ബ്രഹ്മം തന്നെയാണെന്നും താൻ ഈ ബ്രഹ്മസ്വരൂപ ത്തിൽനിന്നും ഒരുകാലത്തും വേർപിരിഞ്ഞിരുന്നിട്ടില്ലെന്നും ശിഷ്യൻ കണ്ടറിയുമാറ് അവൻെറ ആദിസ്വരൂപത്തിൽ ഗുരു അവനെ നിവൃത്തിച്ചെയ്യുമ്പോഠം സൎവ്വസംശയങ്ങളും തീർന്ന് ആനന്ദമേ സ്വരൂപമെന്നാകുന്നു. ഇത്ത് അപരോക്ഷജ്ഞാനവും സാക്ഷാല്ക്കാരാനുഭൂതിയും.

'പത്താമൻ സ്വയംതന്നെക്കണ്ടപോൽ ഞാനുമിങ്ങൻ
സത്യസ്വരൂപം കാണാൻ കാട്ടുകെ'ന്നപേക്ഷിക്കെ,
ത്വം, തത്പദങ്ങഠംക്കുള്ള ലക്ഷ്യാൎത്ഥങ്ങഠംക്കോരൈക്യ—
മൊത്തുള്ളോരസിപദലക്ഷ്യാർത്ഥംചൊന്നാൻ ഗുരു. 64

പത്താമ........പേക്ഷിക്കെ—പത്തുപേരിൽ ഒരാഠം തന്നെവി ട്ടിട്ട്പത്തുപേരെ എണ്ണാൻ ശ്രമിച്ചകഥയിൽ പാന്ഥൻകാണിച്ചു കൊടുത്തപ്പോഠം എണ്ണിയയാഠം താൻതന്നെയായ പത്താമനെ കണ്ടറിഞ്ഞതുപോലെ എൻെറ അജ്ഞാനത്തെ നീക്കി, മറവുപെ ട്ടിരിക്കുന്ന എൻെറ നിജസ്വരൂപത്തെപ്പററിയുള്ള പ്രത്യക്ഷജ്ഞാ നം ഉണ്ടാവാനായി ഉപദേശിച്ചാലും എന്നു ശിഷ്യൻ അപേക്ഷിച്ച പ്പോഠം.

ത്വം, തത്............ഗുരു—'തത്ത്വമസി' മഹാവാക്യാൎത്ഥത്തെ ഗുരു ഉപദേശിച്ചു.

ത്വം—കൂടസ്ഥൻ..............................ലക്ഷ്യാൎത്ഥം
തത്—ബ്രഹ്മം.............................. ,,
അസി—(കൂടസ്ഥബ്രഹ്മ) ഐക്യം.......... ,,

ആകാശമൊന്നായാലുമോതുന്നു മഹാകാശം
മേഘാകാശം ഘടാകാശം ജലാകാശമെന്നും
ഈവിധംബ്രഹ്മ,മീശൻ, കൂടസ്ഥൻ, ജീവനെന്നു-
മേവരും കല്പിക്കുന്നതൈചതന്യമൊന്നിനെത്താൻ. 65

ആകാശം	ചൈതന്ന്യം
1. മഹാകാശം	ബ്രഹ്മം
2. മേഘാകാശം	ഈശ്വരൻ
3. ജലാകാശം	കൂടസ്ഥൻ
4. ഘടാകാശം	ജീവൻ

ആകാശം എങ്ങും അഭിന്നമായിരുന്നാലും ഉപാധികളാൽ ഭിന്നത്വം തോന്നുന്നു. അതുപോലെ അസിപദലക്ഷ്യാർത്ഥമായ ചൈതന്ന്യം ഒന്നായിരുന്നാലും അതിന്നു് ഉപാധികളാൽ ബ്രഹ്മം, ഈശ്വരൻ കൂടസ്ഥൻ, ജീവൻ എന്നീ വേററുമകൾ കല്പിക്കപ്പെടുന്നു.

വാച്യാർത്ഥം തത്,ത്വംരണ്ടിന്നീശനും ജീവനുംപോൽ
വാച്ചലക്ഷ്യാർത്ഥംശുദ്ധബ്രഹ്മ,കൂടസ്ഥന്മാരും
കാച്ചിയപാലിലാജ്യംപോലെ ഭേദെന്യൊന്നാം, കടഞ്ഞു
വാച്ചോരുവെണ്ണയെപ്പോൽ, മോചിക്ക, പുത്രാ!; നീയും. 66

പദങ്ങൾ	വാച്യാർത്ഥം	ലക്ഷ്യാർത്ഥം	അസിപദലക്ഷ്യാർത്ഥം
തത്	ഈശ്വരൻ	ശുദ്ധബ്രഹ്മം	കൂടസ്ഥബ്രഹ്മൈക്യം.
ത്വം	ജീവൻ	കൂടസ്ഥൻ	,,

കാച്ചിയ........മോചിക്ക—കാച്ചിയപാലിൽനിന്നും തൈരു കിട്ടുന്നു. തൈരുകടഞ്ഞാൽ വെണ്ണ ഉണ്ടാകുന്നു. വെണ്ണയിൽ നിന്നും നെയ്യും. പക്ഷേ ഈ തൈരോ വെണ്ണയോ നെയ്യോ തിരിയെ പാലാകുന്നില്ല. എന്നാൽ പാലിൽ മററുമൂന്നും ഉണ്ടതാനും. എല്ലാം ഒന്നായ് കലന്നിരിക്കുന്നുവെന്നേയുള്ളു. ജീവനെന്നഭിമാനിക്കുന്ന നിന്നിൽ ശുദ്ധചൈതന്ന്യംവരെയുള്ള എല്ലാ അവസ്ഥകളും ഒന്നായി കലന്നിരിക്കുകയാണു്. ഈ അവസ്ഥയെ അപഗ്രഥിച്ചു് സമാഹരിക്കുകയാകുന്ന 'തത്ത്വമസി' മഹാവാക്യ

ത്തിന്റെ പ്രയോജനം. ത്വം പദവാച്യാർത്ഥമായ ജീവനെത്തള്ളിയിട്ട് അതിന്റെ ലക്ഷ്യാർത്ഥമായ കൂടസ്ഥനേയും തത് പദവാച്യാർത്ഥമായ ഈശ്വരനെത്തള്ളിയിട്ട് അതിന്റെ ലക്ഷ്യാർത്ഥമായ ബ്രഹ്മത്തേയും സ്വീകരിക്കണം. ഈ ലക്ഷ്യാർത്ഥങ്ങളും അദ്വൈതത്തെ തരാത്തതിനാൽ അസിപദലക്ഷ്യാർത്ഥമായ ശുദ്ധചൈതന്യത്തെ സ്വീകരിക്കണം. ഇപ്രകാരം മുക്തമായ ശുദ്ധചൈതന്യം, നെയ്യ് പിന്നൊരിക്കലും പാലായിത്തീരുന്നില്ലാത്തപോലെ, പിന്നീടു ജീവനായി ജന്മമെടുക്കുന്നില്ല.

എങ്ങനെപിരിയുന്നവെന്നതുംചൊല്ലാം തന്നിൽ
തങ്ങിയപിണമാംദേഹംതാനെന്നതത് ബോധത്തെ
മാറേറണ,മതുപഞ്ചഭൂതങ്ങൾതൻവികാരം;
തോൽത്തുരുത്തിയുമൂകാറേററുപിൻവിട്ടംപോലെ
മൂക്കിൽക്കൂടൊഴുക്കീടുംപ്രാണവായുവുംനീയ
ല്ലാക്കെയുംരജോഗുണവികാരമറിഞ്ഞാലും. 67

തന്നിൽ........വികാരം—സ്ഥൂലചക്ഷുസ്സിനു ഗോചരമായി നില്ക്കുന്നവയെല്ലാം പഞ്ചഭൂതങ്ങളാണു്. അതിനാൽ സ്ഥൂലദേഹത്തെ മുൻനിവൃത്തിയുണ്ടാവുന്നതുബാധം പഞ്ചഭൂതങ്ങളുടെ വികാരമെന്നേ പറയാനുള്ളൂ.

തോൽത്തു ...... റിഞ്ഞാലും— സ്വന്തമായൊരു സത്തയില്ലാത്ത ഈ ദേഹത്തെ കൊല്ലന്റെ ആലയിൽ ഉപയോഗിക്കുന്ന തുരുത്തിക്കൊപ്പമായിട്ടു കണക്കാക്കാനേ ഉള്ളൂ. തുരുത്തി കാററിനെ വലിച്ചുവിട്ട് അഗ്നിയെ ഉദ്ദീപിപ്പിക്കുന്നു. നാസികയിൽക്കൂടി ശ്വാസോച്ഛ്വാസം ചെയ്യുന്ന കാററും ദേഹത്തിൽച്ചൂടിനെ ഉദ്ദീപിപ്പിക്കുന്നു. ഇപ്രകാരം തന്നിൽ പ്രവേശിക്കുന്ന പ്രാണവായുവും താനല്ല, അതു് രാജസഗുണവികാരം മാത്രമാണു്. പഞ്ചകോശങ്ങളിൽ താമസപ്രധാനമായ അന്നമയകോശവും രാജസഗുണപ്രധാനമായ പ്രാണമായകോശവും ആത്മാവാകുന്നില്ല.

മാനസ, ബുദ്ധി,തൻകോശങ്ങളുമാത്മാവല്ലേ
ഹീനമാണവയെല്ലാംസാത്വികവികാരങ്ങൾ;
ആനന്ദമയകോശംസുപ്തിയിൽതമോരൂപം,
താനാകുമാത്മാവല്ലേ, ജ്ഞാനത്തിൽകാര്യമോർക്കു. 68

മാനസ ... .. രങ്ങൾ—(പിന്നീടുള്ളതിൽ) മനോമയകോശമോ വിജ്ഞാനമയ കോശമോ ആത്മാവാകുന്നില്ല. കാരണം അവ സാത്വികഗുണത്തിന്റെ വികാരങ്ങൾ മാത്രമാണ്. അതിനാൽ അവയും ദൃഷ്ടുകളാകുന്നു.

ആനന്ദ ......കാര്യമോർക്ക -സുഷുപ്തിയിൽ ജീവൻ അവിദ്യയിൽ (കാരണശരീരത്തിൽ) ലയിക്കുന്നു. അന്തഃകരണവൃത്തികളും അവയെ ഏർപ്പെടുത്തുന്ന പ്രാണനും കാരണത്തിൽ ലയിക്കുന്നു. എന്നാൽ ഈശ്വരന്റെ കൃപയാൽ ആ പ്രാണൻ ഈശ്വരനിൽ നിന്നുതന്നെ ആ ശരീരത്തിൽ വർത്തിക്കുന്നു. ഇവിടെ വൃത്തിഒഴിഞ്ഞതിനാൽ അന്തഃകരണം ചൈതന്യത്തിന് വെറും ഉപാധിമാത്രമായിത്തീരുന്നു. ഈ അന്തഃകരണ ഉപഹിതചൈതന്യം സുഖമേസ്വരൂപമായ സ്വസ്വരൂപത്തിൽ പററിനില്ക്കുന്നതിനാൽ ആനന്ദം അനുഭവിക്കുന്നു എങ്കിലും ഈ ആനന്ദം നിരന്തരമുള്ളതല്ലാത്തതിനാലും സ്വയം അറിയാത്തുള്ളതായതിനാലും ആത്മാവല്ല.

ഈ പഞ്ചകോശവിവേകത്തെ പഞ്ചദശിയിൽ ഇപ്രകാരം നിരൂപിച്ചിരിക്കുന്നു:-

അന്നമയം, മുമ്പു, പിമ്പുമില്ലായ്കയാൽ-
തന്നെയാത്മാവല്ലതെന്നങ്ങറിയണം;
യാതൊന്നുദേഹംനിറഞ്ഞുബലംനൽകി-
യിന്ദ്രിയൗഘത്തെനയിക്കുമാവായുവോ,
പ്രാണമയകോശമാണ,താത്മാവല്ല,
കാണാവതല്ലതിൽസ്വന്തമായ്ചേതന;

....

വിജ്ഞാനവുംമനസ്സുംതാനവരണ്ടും
പ്രജ്ഞയെത്തുള്ളിലും; ചിത്തംപുറത്തുമാം.

പുണ്യാനുഭൂതിയിലന്തർമ്മുഖനായി
വർണ്ണനയ്ക്കാവാത്തതായിട്ടംധീവൃത്തി
ആത്മസുഖചരായപൂണ്ടുനിദ്രാരൂപ-
മാലയിപ്പുപുണ്യഭുക്തിക്കനാരതം.
വല്ലപ്പോഴുംമാത്രമാസ്വാദ്യമാകയാ-
ലാത്മാവിതാനന്ദകോശവുമായിടാ;
ആനന്ദഹേതുവാംബിംബമേതൊന്നതു
തന്നെയാണാത്മാവു,നിത്യവും നില്ക്കയാൽ"

സത്തുചിത്താനന്ദം, പിൻ,സമം, സ്ഥിരം,സാക്ഷി,യേകം,
നിത്യനാംസർവ്വവ്യാപിയാത്മാനീയെന്നറിഞ്ഞു്
മിഥ്യയാംജഡദുഃഖഭേദമാംപഞ്ചകോശ-
പ്പൊത്തുകൾവിട്ടുബോധാകാശത്തിൽ ഗമിച്ചാലും 69

സദാനന്ദനായും എങ്ങും സമമായും സ്ഥാവരമായും സർവ്വസാക്ഷിയും ഏകനും, സനാതനനും സർവ്വവ്യാപിയും ആത്മാവുമായ നീ ബ്രഹ്മമാണെന്നറിഞ്ഞു്, ഈ സ്വരൂപത്തെ ഇപ്പോൾ മറച്ചു നില്ക്കുമാറു് അനൃതമായ ജഡദുഃഖങ്ങളായി നിന്നെ വേഷംമാററി കൂട്ടസ്സാക്കിവച്ചുകൊണ്ടിരിക്കുന്ന (മുൻപറഞ്ഞ) പഞ്ചകോശ ഭ്രാന്തിയിൽനിന്നും സ്വന്തം ബ്രഹ്മസ്വരൂപത്തെ ബോധിച്ചു് നിരാലംബനായി നിന്നാലും.

'പഞ്ചകോശങ്ങളും വിട്ടപ്പുറംപാർക്കുന്നേരം
മിഞ്ചിടുംശൂന്യമല്ലാതില്ലന്യമൊന്നുംകാണ്മാൻ,
നഞ്ചാമക്ക്രരിരുട്ടോ ഞാനാകുമാത്മാവെന്നു
കെഞ്ചിയശിഷ്യനോതിയുത്തരംഗുരുദേവൻ. 70

'പഞ്ചകോശപ്പൊത്തുകൾ വിട്ടു്' എന്നു (മുൻപദ്യത്തിൽ) ഗുരു ശിഷ്യനോടാവശ്യപ്പെട്ടതിനെത്തുടർന്നു ശിഷ്യൻ അപ്രകാരം പഞ്ചകോശങ്ങളെ ഒഴിവാക്കിനോക്കിയപ്പോൾ ശൂന്യം അനുഭവപ്പെട്ടതിനാൽ നഞ്ചാമക്കൂരിരുട്ടോ ഞാനാകുമാത്മാവു്? എന്നു ശിഷ്യൻ ഭയന്നു ചോദിക്കുന്നു. ഗുരു മേൽ സമാധാനം പറയുന്നു

മുമ്പു,പത്താമൻബുദ്ധിമോശത്താലെണ്ണിയെണ്ണി
യൊമ്പതുപേരെക്കണ്ടിട്ടൊരുവനാംതന്നെവിട്ടി-
ട്ടമ്പരന്നവൻകണ്ടശ്ശൂന്യമിന്നവനോകഷ്ടം!?
മുമ്പേയിതെല്ലാം കണ്ടുനിന്നനീയിപ്പോളില്ലേ? 71

സർവ്വവും ശൂന്യമാണെങ്കിൽ അതാരു പറയാനുണ്ടാകും. ശൂന്യത്തെക്കാണാനവശേഷിച്ചു നിന്ന നീയാരു്? ആ നീയുള്ളപ്പോൾ എല്ലാം ശൂന്യമെന്നെങ്ങനെ നീ പറഞ്ഞു? എന്നും ഗുരു ചോദ്യം ചെയ്യുന്നു.

ജാഗര, സ്വപ്ന,സ്സുഷുപ്ത്യാദിയിൽ സ്ഥൂലം,സൂക്ഷ്മ,
കാരണദേഹങ്ങളെക്കൊണ്ട്;ജന്മസാഗരത്തിൽ
കല്ലോലജാലങ്ങളെപ്പോൽവന്നുവന്നുപോകു—
ന്നില്ലാതെയീശനാണെയൊക്കെക്കും നീയേസാക്ഷി. 72

നാം ജാഗരതാവസ്ഥയിൽ ഇരിക്കുമ്പോൾ ഒരാലോചനയിലിരിക്കവെതന്നെ മറ്റൊന്നാലോചിച്ചു്, ചിന്തിച്ചു നിശ്ചയിക്കുന്നു. ഈ തൽക്കാര്യത്തിൽനിന്നും മാറിയ അവസ്ഥയെ സ്വപ്നത്തോടു തുല്യപ്പെടുത്താം. ഇങ്ങനെയിരിക്കവെ നമുക്കു വേണ്ടത്തക്കൊരാൾ വന്നു സംസാരിച്ചു പിരിയുന്നു. അയാളെക്കണ്ടാൽ നമുക്കുപറയാനുള്ളതു ചിലപ്പോൾ പറയാൻവിട്ടുപോകുന്നു. ഈ വിട്ടുപോയതുപിന്നീടോർമ്മിക്കുന്നു. ഇതു മറവിയാലേല്പ്പെട്ടതാണു്. ഈ മറവി സുഷുപ്തിയെ വ്യവഹാരത്തിൽ വിസ്മൃതിയെന്നു കൊണ്ടാടുന്നു.

അപ്പോൾ ഈ ജാഗ്രദാവസ്ഥയിലിരിക്കുമ്പോൾതന്നെ ജാഗ്രത്തും സ്വപ്നവും സുഷുപ്തിയും നമുക്കനുഭവപ്പെടുമെങ്കിൽ ഈ മൂന്നിനും ആധാരാ,ധിഷ്ഠാനമായ ജാഗ്രത്തിനെത്തന്നെ നമുക്കു സാക്ഷാല്ക്കാരത്തിനുപയോഗപ്പെടുത്താം. അതായതു, മുൻഉദാഹരണത്തിൽ, ഇടയ്ക്കുണ്ടായ സ്വപ്ന,സുഷുപ്ത്യാദികൾ മുമ്പേയുള്ള ജാഗ്രദാവസ്ഥയെ ഒരിക്കലും ഹനിക്കാതെതന്നെ ഉണ്ടായിയില്ലാതാവുന്നു. അതുപോലെ താൻ ഉണർന്നിരിക്കവെതന്നെയാണു് തനിക്കു് സ്വപ്നവും സുഷുപ്തിയും ഏർപ്പെടുന്നതു് എന്നുമനസ്സിലാക്കി തന്റെ സ്വപ്നത്തേയും സുഷുപ്തിയെയും താൻ കണ്ടുകൊണ്ടിരിക്കണം.

എല്ലാംകണ്ടറിയുമെന്നെയേതുകൊണ്ടറിയാമെന്നു
ചൊല്ലേണ്ട, സ്വയംജ്യോതിക്കാശ്രയംമറ്റൊന്നുണ്ടോ?
പത്താമൻതന്നെക്കൊണ്ടേ പത്താമൻതന്നെക്കണ്ടു,
പത്താമനോടുകൂടിപ്പതിനൊന്നാമനുണ്ടോ? 73

ഒരു ദീപപ്രകാശത്തെ കാണാൻ ഇനിയൊരു ദീപം ആവശ്യമില്ല. മറ്റെല്ലാത്തിനെയും പ്രകാശിപ്പിക്കുക എന്നതാണ് ദീപത്തിന്റെ പ്രകാശം. അതുപോലെ തന്നെക്കാണാൻ ഇനിയൊന്നിന്റെ സഹായം ആവശ്യമില്ലെന്നുള്ളതും ആണ് പ്രകാശം. താൻ മറ്റെല്ലാത്തിനെയും അറിയുന്നു എന്നതിനെ അറിയുന്നിടത്ത് താൻ തന്നെ അറിയുന്നവനായിത്തീരുന്നു. ഈ അറിവു പരാപേക്ഷകൊണ്ടുണ്ടാകേണ്ടതല്ലാത്തതിനാൽ 'സ്വയം ജ്യോതിക്കാശ്രയം മറ്റൊന്നുണ്ടോ' എന്നു ചോദിക്കുന്നു.

അറിവിനുമറിവേകുന്നോരറിവന്യമുണ്ടെന്നെണ്ണു-
മറിവറ്റകുതർക്കന്മാർക്കനവസ്ഥാദോഷമുണ്ടാം;
അറിവിങ്കൽപെട്ടുംപൊരുളല്ലനീ, പെട്ടിടാതെ
മറയുംപൊരുളുംനീയല്ലല്ലോ, സദാകാലം
അറിവിനുപൊരുളായിനില്ക്കുംനിൻസ്വരൂപത്തിൽ
നിറവുറ്റിരുന്നുനീയെയനുഭവിച്ചറിഞ്ഞിട്ടു. 74

അറിവിനു......ഷമുണ്ടാം— ആത്മാവിനും അറിവിനെ പ്രദാനം ചെയ്യുന്നതിലേക്ക് വേറൊരു അറിവുണ്ടായിരിക്കണമെന്നു ശഠിക്കുന്ന മൂഢന്മാർക്ക് ഭ്രമവും അസ്ഥിരതയും ഫലമായിവരും.

അറിവിങ്കൽ...... ഉല്ലനീ—അറിവിനു വിശേഷമായി അറിഞ്ഞുകൊള്ളുവാൻ അതിൽ അമഞ്ഞുനില്ക്കുന്ന ഒന്നും ആത്മസ്വരൂപിയായ നീയല്ല.

പെട്ടിടാ.......യല്ലല്ലോ—അറിവിനന്യമായോ അതീതമായോ അപ്രാപ്യമായുമോ അല്ല നീയിരിക്കുന്നത്.

അറിവിനു........റിഞ്ഞിട്ടു—അറിവാണെന്നും അറിവല്ലെന്നും ഇല്ലാതെയും അറിവേസ്വരൂപമെന്നതറിയാതെയും ആ അനുഭവത്തിലിരിക്കേണ്ടതാണു്.

മധുര മാംവെല്ലംചേർത്തു ചുട്ടമാവപ്പമെല്ലാം
മധുരിപ്പിച്ചോരതിന്നാമധുരംസ്വഭാവമല്ലോ;
അതു,വിതുവെന്നാംദ്വൈതജീവബോധത്തെത്തന്നോ-
രതുമിതുമാകാതേകലക്ഷ്യംനീയായിരിക്കു. 75

മധുര............വമല്ലോ—മധുരമായ മാംപഞ്ചസാര ചേർത്തു മാവിൽ ഉണ്ടാക്കിയ പലഹാരങ്ങളെയെല്ലാം മധുരമുള്ളതാക്കിച്ചെയ്ത പഞ്ചസാരയുടെ സ്വഭാവം മധുരമല്ലാതെയിരിക്കുകയില്ല.

അതു, വിതു............തന്നാ—അതു് ആത്മാവും ഇതു ശരീര പ്രപഞ്ചാദി ജഡവസ്തുക്കളെന്നും തോന്നുന്ന ജീവബോധത്തെ പ്രദാനം ചെയ്യുന്ന (അതു പഞ്ചസാര, ഇതു പലഹാരങ്ങൾ എന്ന ദ്വൈതബോധത്തിനു ഹേതുവായിനില്ക്കുന്ന)

അതുമിതു ....യിരിക്കു—നീ ആത്മാവോ, ജീവനോ, രണ്ടുമാകാതെ (അസിപദലക്ഷ്യാർത്ഥമായ) ഏക ബ്രഹ്മാനുഭവത്തിലിരിക്കുക.

പഞ്ചസാരയും പലഹാരവും ഇരുവസ്തുക്കളായിരുന്നാലും രണ്ടിലും അനുഭവിച്ചറിയാൻ മാത്രമായിരിക്കുന്ന മധുരം ഒന്നുതന്നെയെന്നപോലെ ആത്മാവും ജഡ പ്രപഞ്ചാദികളും വെവ്വേറെ തോന്നപ്പെട്ടിരുന്നാലും രണ്ടിലും അനുഭവവേദ്യമായിരിക്കുന്ന ഏകചൈതന്യവസ്തു താനാണെന്നും ഉള്ള യജുർവേദമഹാവാക്യമായ 'അഹംബ്രഹ്മാസ്മി'യുടെ ലക്ഷ്യാർത്ഥത്തെ പ്രതിപാദിച്ചിരിക്കുന്നു.

ഈ നീയാം കൂടസ്ഥനേ'ത്വം'പദത്തിന്റെ ലക്ഷ്യം,
ആ നലബ്രഹ്മംതന്നേ'തത്'പദത്തിന്നുംലക്ഷ്യം;
ഓതിടാംജീവേശന്മാർവാച്യാർത്ഥമെന്നും,പാർത്താൽ
ഭേദമുണ്ടിവക്കെന്നാലൈക്യമൊട്ടില്ലയല്ലോ. 76

ഈനീയാം കൂടസ്ഥനേ—മുൻപദ്യത്തിൽ 'അഹംബ്രഹ്മാസ്മി' യെ പറഞ്ഞതിൽ (അഹംശബ്ദത്തെക്കുറിക്കാൻ, ഗുരു, 'നീയായിരിക്കു' എന്നു പറഞ്ഞതിൽ സൂചിപ്പിക്കുന്ന) അഹംശബ്ദമായ, കൂടസ്ഥനായനീതന്നെ.

ത്വം, തത് പദങ്ങൾക്കുലക്ഷ്യാർത്ഥങ്ങളായ കൂടസ്ഥബ്രഹ്മങ്ങൾക്കുഐക്യമുണ്ടെന്നും, വാച്യാത്ഥമായ ജീവേശ്വരന്മാക്കു ഐക്യമില്ലെന്നും പറയുന്നു.

ജീവേശ്വരന്മാക്കുള്ളഭേദങ്ങളും ചൊല്ലീടാം
നാമരൂപങ്ങളാലും സ്ഥാനഭേദങ്ങളാലും
കാര്യ്യ, കാരണം, വ്യഷ്ടി, സമഷ്ടി, കിഞ്ചിജ്ഞത്വം,
നേരററസർവ്വജ്ഞത്വമെന്നീഭേദങ്ങളാലും
എത്രയുംവിദൂരമായ്, പാതാളവും,വാനുംപോ-
ലെത്താതിരിപ്പോർക്കൊണകത്വംഭവിച്ചീടാൻ. 77

ജീവൻ	കാര്യ്യം	രൂപരൂപം നാമരൂപസഹിതം	വ്യഷ്ടി	കിഞ്ചിജ്ഞൻ
ഈശ്വരൻ	കാരണം	അരൂപരൂപം നാമരൂപരഹിതം	സമഷ്ടി	സർവ്വജ്ഞൻ

ഇപ്പറഞ്ഞ ഭേദങ്ങളാൽ ഭൂമിക്കു താഴെപ്പാതാളവും മുകളിൽ വിണ്ണും എന്നപോലെ തിരെ വിദൂരങ്ങളായിരിക്കുന്ന കാരണം ജീവേശ്വരന്മാക്കു ഒരിക്കലും ഐക്യം സംഭവിക്കുന്നില്ല.

ഗീർവ്വാണവിദ്വാന്മാരോതുന്നതിൻസാരംചേരാ-
താവുമ്പോൾഗ്രഹിച്ചീടുലക്ഷണാർത്ഥത്താൽപൊരുൾ
ചൊല്ലപ്പെട്ടുന്നുണ്ടിതും,വിട്ടതും,വിടാതതും,
പിൻ,വിട്ടുവിടാതലക്ഷണയുമെന്നുംമൂന്നായ്. 78

സംസ്കൃതവിദ്വാന്മാർ വാചകാർത്ഥത്താൽ വസ്തുനിർദ്ദേശം ചെയ്യുമ്പോൾ അതു യോജിക്കാതെ വരുന്നിടത്തു് ലക്ഷണാർത്ഥങ്ങളിൽകൂടി ലക്ഷ്യത്തെ ഗ്രഹിക്കേണ്ടതാണു്. ഈ ലക്ഷണാവൃത്തിമൂന്നുവിധത്തിൽ പറയപ്പെടുന്നു.

1. വിട്ടലക്ഷണ — ജഹല്ലക്ഷണ.

2. വിടാതലക്ഷണ – അജഹല്ലക്ഷണ.

3 വിട്ടവിടാതലക്ഷണ — ജഹദജല്ലക്ഷണ.

വാച്യാർത്ഥങ്ങൾ തമ്മിൽ കാണുന്ന പൊരുത്തമില്ലായ്മ ഇപ്പറഞ്ഞ മൂന്നു ലക്ഷണാർത്ഥങ്ങളാൽ പരിഹരിക്കപ്പെട്ടുപോകും.

ഗംഗയിൽഗ്രാമമെന്നും, കറുപ്പു,ചോപ്പോടുന്നെന്നു-
മിങ്ങതേദേവദത്തൻവരുന്നുവെന്നുംചൊല്ലും,
ലക്ഷണാത്രയംപൊന്നു,ചൊല്ലുകൾമൂന്നിനേയും
ദൃഷ്ടാന്തമാക്കിപ്പാർത്താൽ, ഋംഗശാസ്ത്രങ്ങളോതും,
ഒന്നിനൊന്നന്യമെന്നായ്‌നില്ക്കും, വാക്യങ്ങൾക്കെല്ലാ-
മൊന്നുപോലുള്ളസാരമശ്രമംവെളിവാകും. 79

ലക്ഷണാവൃത്തികൾ മൂന്നിനേയും ഓരോന്നായി വിവരിക്കുന്നു.

1. വിട്ടലക്ഷണ–വാച്യാർത്ഥത്തെമുഴുവൻ തള്ളിക്കളഞ്ഞിട്ട് അതിനോടു സംബന്ധപ്പെട്ടിരിക്കുന്ന ഒരു വസ്തുവിന്റെ പ്രതീതിമുഴുവൻ ഉളവാക്കുന്ന വൃത്തി.

ഉദാ:-ഗംഗയിൽ ഗ്രാമം—ഗംഗയിൽ (ഗോപന്മാരുടെ) ഗ്രാമമിരിക്കുന്നു. ഇവിടെ ഗംഗയെന്നാൽജലപ്രവാഹമെന്നുവാച്യാർത്ഥം. അവിടെ ഗ്രാമം ഇരിക്കുകയില്ല. അതിനാൽ അതിന്റെ കരയിൽ (ഗ്രാമമിരിക്കുന്നു) എന്നു് ജഗല്ലക്ഷണകൊണ്ടു്ധരിക്കേണ്ടതാകുന്നു. (ദേഹത്തിനെവിട്ടിട്ടു ദേഹിയെ ലക്ഷ്യമാക്കുന്നു.)

2. വിടാതലക്ഷണ—വാച്യാർത്ഥത്തോടുകൂടിത്തന്നെ അതിനെ ബന്ധിച്ചുനില്ക്കുന്ന ഒരു വസ്തുവിന്റെ ബോധം ഉളവാക്കുന്ന വൃത്തി.

ഉദാ:-കറുപ്പുചോപ്പോടുന്നു- കറുപ്പും ചുവപ്പും ഓടുന്നു. ഇതിൽ കറുപ്പും ചുവപ്പും ലക്ഷണങ്ങളാകുന്നു. അവക്കു് ഓടാൻ കഴിവില്ല അതിനാൽ ഈ കറുപ്പിനും ചുവപ്പിനും ആശ്രയങ്ങളായ ജീവികളുടെ പ്രതീതിയുണ്ടാകുന്നു. അതുകൊണ്ടു കറുപ്പുനിറത്തിലുള്ള പശുക്കളിലോ ചുവപ്പുനിറത്തിലുള്ള അശ്വങ്ങളിലോ മറ്റോ ലക്ഷണങ്ങൾ സിദ്ധിക്കുന്നു.

3. വിട്ടുവിടാതലക്ഷണ. ഇതിന് ഭാഗത്യാഗലക്ഷണ എന്നും പേരുണ്ടു്. വാച്യാർത്ഥത്തിന്റെ ഒരംശത്തെ വിട്ടിട്ട് മറെറാരംശത്തെ ഗ്രഹിക്കുന്നതു്.

ഉദാ:-സോയം ദേവദത്ത (ആദേവദത്തനാകുന്നു ഇവൻ) മുൻകാല, മുൻദേശത്തറിയപ്പെട്ടിരുന്ന ദേവദത്തൻതന്നെയാണു് ഇക്കാല, ഇദ്ദേശത്തറിയപ്പെടുന്ന ഇവൻ എന്നാണു വാച്യാർത്ഥം. കഴിഞ്ഞ കാല ദേശങ്ങൾക്കും ഇക്കാലദേശങ്ങൾക്കും പൊരുത്തമില്ലാത്തതിനാൽ ആ വിശേഷണങ്ങളെത്തള്ളിയിട്ടു് ദേവദത്തനെമാത്രം ഗ്രഹിക്കുന്നതു് വിട്ടുവിടാതലക്ഷണ.

ഈ മൂന്നു ലക്ഷണാവൃത്തികൾകൊണ്ടു് തത്ത്വമസി മഹാവാക്യത്തിൻെറ ലക്ഷ്യാർത്ഥം മനസ്സിലാക്കേണ്ടതാണു്.

ജഹല്ലക്ഷണകൊണ്ടു് ത്വംപദത്തിൻെറയും
അജഹല്ലക്ഷണകൊണ്ടു് തൽപദത്തിൻെറയും
ജഹദജല്ലക്ഷണകൊണ്ടു് അസിപദത്തിൻെറ-

യും ലക്ഷ്യാർത്ഥം ബോധിക്കേണ്ടതാണു്. ലക്ഷ്യാർത്ഥജ്ഞാനത്തിന് വാച്യാർത്ഥജ്ഞാനം ആവശ്യമാകയാൽ ആദ്യം ആ അർത്ഥത്തെത്തന്നെ വെളിപ്പെടുത്തേണ്ടതാണു്.

സോ,യംപദങ്ങൾക്കുള്ള വാച്യാർത്ഥ, മങ്ങ,ക്കാല-
മായപോലിങ്ങി,ക്കാല, മവ,നിവ,നെന്നുമെല്ലാം
ഭിന്നംവിരോധാർത്ഥങ്ങൾവിട്ടുലക്ഷ്യംവിടാതെ-
യുന്നിയാലൊരേദേവദത്തനെത്തന്നെകാണാം. 80

സോയംപ ...... ങ്ങൾവിട്ടു—അന്യദേശത്തും അന്യകാലത്തും ജീവിച്ചിരുന്ന ആൾ (ദേവദത്തൻ) എന്നും ഈ ദേശത്തു് ഇക്കാലത്തു ജീവിച്ചിരിക്കുന്ന ഈ ആൾ (ദേവദത്തൻ) എന്നും മററും 'സോയം' പദങ്ങൾക്കു പറയാവുന്ന വാച്യാർത്ഥങ്ങളെ തള്ളിയിട്ടു്.

ലക്ഷ്യം.........കാണാം—ലക്ഷ്യാർത്ഥത്തെ സാക്ഷാത്ക്കരിക്കുന്നപക്ഷം ആ ദേവദത്തൻ, ഈ ദേവദത്തൻ എന്നുള്ള ദ്വൈതം മാറി ഒരു ദേവദത്തനെമാത്രം കാണുന്നതായിവരും.

ഈശ്വരൻെറ മഹത്സ്വരൂപവും ജീവൻെറ തുച്ഛസ്വരൂപവും ഒന്നാണെന്നു പറഞ്ഞാൽ അതു സ്വീകാൎയ്യമല്ല. അതിനാൽ പദങ്ങളുടെ ലക്ഷ്യാർത്ഥത്തെ വേണം നാം സ്വീകരിക്കുവാൻ. വാച്യാർത്ഥങ്ങളെ വിട്ടിട്ട് മഹത്തായ രൂപത്തേയും തുച്ഛമായ രൂപത്തെയും അതിക്രമിച്ചു നില്ക്കുന്നതു ശുദ്ധചൈതന്യമാണു്. ശുദ്ധചൈതന്യത്തിന് മഹത്തെന്നോ തുച്ഛമെന്നോ പ്രതീതിയില്ല. അങ്ങനെ പദങ്ങളുടെ ലക്ഷ്യാർത്ഥങ്ങളെല്ലാം ഏകത്തിൽ ഒടുങ്ങുന്നു.

തത്,ത്വം പദങ്ങൾക്കേകബ്രഹ്മമായ്സാക്ഷിയെന്നാം
വസ്തുവെവിട്ടിടാതെ, ഭേദവാച്യാർത്ഥംവിട്ടും,
നിത്യബ്രഹ്മമ നീയാം കൂടസ്ഥനാകുമപ്പോൾ
നിത്യം നീയതുമാമെ'ന്നസിപദ'മൈക്യംചെയ്യും. 81

തത്ത്വം.........ട്ടിടാതെ—

പദങ്ങൾ	വാച്യാൎത്ഥം	ലക്ഷ്യാൎത്ഥം	അസിപദഐക്യം
തത്	അതായ ഈശ്വരൻ	ബ്രഹ്മം നീയാകുന്ന കൂടസ്ഥനാകുന്നു	ബ്രഹ്മം
ത്വം	നീയായ ജീവൻ	കൂടസ്ഥനാകുന്ന നീ ബ്രഹ്മമാകുന്നു	ബ്രഹ്മം

കൂടസ്ഥസാക്ഷി വൈഭവത്തിൽ നില്ക്കുന്ന ബ്രഹ്മം നീയാകുന്നു. അതുപോലെ നീ കൂടസ്ഥബ്രഹ്മമാവുകയും ചെയ്യുന്നുവെന്നു (തത്ത്വംപദ) ലക്ഷ്യാൎത്ഥത്തെത്തള്ളിക്കളയാതെ.

ഭേദ .. ... വിട്ടും—ദ്വൈതത്തിനു ഹേതുവായവാച്യാർത്ഥത്തെ തള്ളിക്കളഞ്ഞും.

നിത്യബ്ര ………മൈക്യംചെയ്യും— ബ്രഹ്മം മാത്രം സത്യം എന്ന അസിപദലക്ഷ്യാർത്ഥം സിദ്ധമാകുന്നു.

ഉപാധിയെ മാററിയയുടൻ ചൈതന്യം തന്നിൽ ചേരുന്നതാണു്. ഉപാധി ബാധിച്ചിട്ടുള്ള ചേർച്ചയും ഉപാധിവിട്ടിട്ടുള്ള ചേർച്ചയും വേറെയാണു്. ഞാൻ ഇവിടെ ഇരുന്നു് വീട്ടിനെ വിചാരിക്കാം. വീട്ടിൽതന്നെയിരുന്നു് അവിടെയുള്ള കാര്യത്തെപ്പററിയും വിചാരിക്കാം. ഉപാധിവിട്ടു് വ്യക്തമായ ചേർച്ചയെപ്പററി പറയണമെന്നില്ല. വ്യക്തമായ ശേഷം ഇതുതന്നെയാണല്ലോ ഞാൻ മുമ്പുകണ്ടതും ഇപ്പോൾ കാണുന്നതും എന്നനുഭവമാകും. ഇതു് അസിപദ ലക്ഷ്യാർത്ഥം.

മതിലകത്തുപോയി ദർശനം ചെയ്യുന്നവക്കു് ഓരോനടയിൽക്കൂടെയും വിഗ്രഹത്തിൻെറ ഓരോഭാഗം കാണാം. ഒന്നാമത്തെ നടയിൽ ശിരസ്സും രണ്ടാമത്തേതിൽ ഉടലും മൂന്നാമത്തേതിൽ പാദവും കാണാം. എന്നാൽ ഒന്നാമത്തെ നടയിൽക്കൂടി ഒരുത്തൻ അകത്തു കടന്നാൽ അവനു് നടകളുടെ തടസ്സം മാറി പൂർണ്ണമായും കാണാം. അകത്തുള്ള നമ്പിയും പുറത്തുനില്ക്കുന്നവനും രണ്ടു പ്രകാരത്തിലാണു കാണുന്നതു്. തത്ത്വമസി എന്നു പുറത്തുനിന്നു പറഞ്ഞാൽ മൂന്നു നടകളിലുംക്കൂടെ പ്രത്യേകം പ്രത്യേകമായി നോക്കുന്നതുപോലെയിരിക്കും. ഒന്നാമത്തെ നടയിൽക്കൂടി ഉളിഞ്ഞുനോക്കിയാൽ ഊടുരുവെയുള്ള ബന്ധംകാണാം. ഇതു് ലക്ഷ്യാതീതം. അകത്തു നില്ക്കുന്ന നമ്പിതന്നെ വിഗ്രഹമായിപ്പോകുന്നപോലെ.

മേഘനീർ, ഘടനീരിലും കണ്ടരണ്ടുംപൊയ്യാ—
ണാകാശംഘടത്തിനുംവിണ്ണിനുംക്കൂടിയൊന്നാം;
തീകവുറെബ്രഹ്മം,സാക്ഷി,രണ്ടുമെപ്പോഴുമേക—
മകമേശിവോഹംസ്വാനുഭൂതിയിലിരുന്നിട്ടു 82

ആഴെഘടജലത്തിൽ പെട്ടിരുന്ന ആകാശം മുകളിൽ കണ്ട ആകാശത്തിനന്യമല്ല. ജലത്തിൽ പെട്ടിരുന്ന ആകാശംതന്നെ

യാണു് ജലത്തിൽപെടാതെ കണ്ട ആകാശവും. അതുപോലെ ഘടജലാകാശമായ സാക്ഷിയും മേഘജലാകാശമായ ബ്രഹ്മവും രണ്ടല്ല. അതിനാൽ ഉപാധിയോടുകൂടിയിരിക്കുന്ന കാരണം ജീവാത്മാവു് നിരുപാധിക ബ്രഹ്മത്തിൽനിന്നും വേറായി വരുന്നില്ല. അച്ഛജലത്തിൽ ആകാശം പ്രതിബിംബിച്ചൊന്നായി നിൽക്കുമെന്നപോലെ പററുതലററ ചിദാഭാസൻ സാക്ഷിത്വം വിട്ട കൂടസ്ഥനായി ബ്രഹ്മമായിത്തീരുന്ന അനുഭവത്തിൽ ഇരുന്നാലും.

ദേശികൻ ചൊല്ലുംതത്ത്വമാർഗ്ഗമൊട്ടിടറാതെ
കോശങ്ങളഞ്ചുംതാണ്ടി,ശൂന്യത്തെത്തള്ളിയുള്ളിൽ
നിശ്ശേഷംഭേദഭാവം മാഞ്ഞ,ഹംബ്രഹ്മമെന്ന
വിശ്വാസംവിട്ടദ്വൈതപൂർണ്ണസ്വരൂപംകണ്ടാൻ. 43

ദേശികൻ............ടറാതെ —തത്ത്വമസിമഹാ—വാക്യാർത്ഥത്തേയും അതിൽ അസിപദ ഐക്യത്തേയും ഗുരു പറഞ്ഞതനുസരിച്ചു് ആ ഉപദേശത്തിൻ പടി'ശിവോഹം' എന്ന അനുഭൂതിയിൽ തന്നെ നിന്നവനായി

കോശങ്ങ............യുള്ളിൽ— (ബാഹ്യവിഷയങ്ങൾക്കുകാരണസ്ഥാനങ്ങളായ) അഞ്ചു കോശങ്ങളേയും വിട്ടൊഴിയുമ്പോൾ ശരീര പ്രപഞ്ചാദികളൊഴിയുന്നിടത്തു പകരം കാണപ്പെടുന്ന ശൂന്യത്തെ (ഉള്ളിൽതള്ളി) തന്നിൽതന്നെ നിവർത്തിച്ചു്.

തന്നെ ചുററിനില്ക്കുന്ന ശൂന്യം തനിക്കന്യമാണെന്നമട്ടിൽ അതിനെ നിവർത്തിക്കാൻ ശ്രമിച്ചാൽ താനതിനുള്ളിൽപെട്ടുപോവുകയേ ഉള്ളൂ. ശൂന്യത്തെ വെളിയിലോട്ടു തള്ളിയാൽ പഴയ സ്ഥാനത്തു വീണ്ടും ശൂന്യം ദൃശ്യമാകും. അതിനാൽ ശൂന്യത്തെ ഉള്ളിൽ (തനിക്കന്യമായല്ലാതെ,തന്നിൽതന്നെ) നിവർത്തിക്കണമെന്നുപറയുന്നു.

ശൂന്യത്തെ എങ്ങനെ നിവർത്തിക്കുമെന്നു് സംഘപ്പുലവരിൽ ഒരാളായ പാമ്പാട്ടിസിദ്ധർ പറഞ്ഞിരിക്കുന്നതു നോക്കുക.

'ജ്യോതിമയമാകും സത്യവസ്തുവിനെ പ്രത്യക്ഷത്തിൽ
തൊഴ്തുസംശയം നിനക്കൊഴിഞ്ഞമട്ടിൽ
ദ്വൈതമാംപാഴ്ശൂന്യം കാണാതചലനിലയിൽ ചിന്തി-
ച്ചഖിലവ്യാപ്തനായ് നിലച്ചാട്ടനിപാമ്പേ.

(ജ്ഞാനക്കോവൈ)

താൻ ശൂന്യത്തിൽപെട്ടുപോവുമെന്നുള്ളപ്പോൾ തന്നെ കരുതലോടെ അതിൽ, ഭ്രമിച്ചുപോകാതെ, അചഞ്ചലനായി നിന്ന് ശൂന്യം എത്രത്തോളമോ, തന്റെ സ്വരൂപത്തെ അതിലും ബൃഹത്താക്കിച്ചെയ്ത് അങ്ങനെ പരിപൂർണ്ണനായിക്കൊള്ളുക എന്നാണ്.

നിശ്ശേഷം........മാഞ്ഞു്—താൻ സാക്ഷി (കൂടസ്ഥൻ) എന്നും ഉള്ള ഭേദഭാവം തീന്നു്.

അഹം.......വിട്ടു്—ഞാൻ ബ്രഹ്മമാണെന്ന ബോധംവിട്ട് ബ്രഹ്മമേ ആയിരുന്ന് അദ്വൈതപൂർണ്ണസ്വരൂപം കണ്ടാൽ-തനിക്കു അനന്യമായ ബ്രഹ്മസ്വരൂപംമാത്രം എന്ന പരിപൂർണ്ണത്വം അനുഭവിക്കുമാറായി.

അനുഭവാനന്ദവെള്ളംമുഴുകിയഖണ്ഡമായി-
ത്തനുകരണങ്ങളെല്ലാംമറഞ്ഞു ചിന്മയമായി,
മാനസംപരിപൂർണ്ണമായ്സ്ഥൂലഗുരുവിൻമുൻനി-
ന്നാനവൻജാഗ്രത്സുഷുപ്തിതൻതനിസ്വഭാവത്തിൽ. 84

അനുഭ........ണ്ഡമായി—അത്യന്തം ബൃഹത്തും നിരാലംബവും നിരുപാധികവും ആയ സ്വസ്വരൂപാനുഭൂതി ഉണ്ടായപ്പോൾ ഉണ്ടായ ആനന്ദപ്രളയത്തിൽ മുഴുകി അഖണ്ഡാനന്ദസ്വരൂപിയായി.

തനുക ......മറഞ്ഞു—ബാഹ്യവിഷയബോധത്തിനു ഉറവിടമായ ഉപാധിയും അതിൽ ഘടിപ്പിച്ചിരുന്ന പഞ്ചേന്ദ്രിയാദികളും ഒഴിഞ്ഞു്

ചിന്മയനായി—(ചിത്തു്-പ്രകാശം) പ്രകാശം അതായതു് ജ്ഞാനപ്രകാശമേ സ്വരൂപമെന്നവനായി

മാനസം ...... ന്നുമായ്—കൂടസ്ഥായിരിക്കുമ്പോൾ മാത്രമേ മനസ്സിനു അതിന്റെ വൃത്തിയുള്ളു. സമഷ്ടിഭാവത്തിൽ വൃത്തിയൊഴിഞ്ഞു് ആത്മാകാരത്തെ പ്രാപിക്കുന്നു. അതിനാൽ മനസ്സിന്റെ ചേഷ്ടകളെല്ലാം നിലച്ചു് മനസ്സുമാഞ്ഞതായി എന്നർത്ഥം.

സ്ഥൂലഗുരുവിൻമുൻ—ഉപാധിയോടുകൂടി പ്രത്യക്ഷപ്പെട്ടുനിന്ന ഗുരുവിന്റെ സന്നിധിയിൽ.

അവൻ—ശിഷ്യൻ.

ജാഗ്രത്........വത്തിൽ—സുഷുപ്തിയിൽ ജീവബോധം മാറിയിരുന്നാലും സ്വരൂപബോധം മുന്നിട്ടിരിക്കുന്നു. സ്വരൂപം സുഖവുമായതിനാലാണു് ഏതുറക്കവും സുഖമായിരിക്കുന്നതു്. എന്നാലുംസാധാരണ സുഷുപ്തിയിൽ ഈ സുഖസ്വരൂപബോധത്തെ അവിദ്യമറച്ചിരിക്കുകയാണു ചെയ്യുന്നതു്. അതിനാലാണു് നിദ്രാസുഖത്തെ നിദ്രാവേളയിൽതന്നെ അറിയാത്തതു്. ജാഗ്രത് സുഷുപ്തി, ഉണർന്നിരിക്കവെയുള്ള ഉറക്കമാണു്. അതായതു്തന്റെ ഉറക്കത്തെ (സുഖസ്വരൂപത്തെ) താൻ കാണുന്നുവെന്നർത്ഥം. ഇപ്രകാരം താൻ എപ്പോഴും തന്റെ സുഖബോധസ്വരൂപത്തിൽ മാത്രം നില്ക്കുന്ന അവസ്ഥാവിശേഷത്തിൽ,

നിന്നാൻ—(നിത്യസൗഖ്യാനുഭൂതിയിൽ) നിന്നു.

ശിഷ്യനും നെടുനേരമിങ്ങനെലയിച്ചതിൻ
ശേഷം,മങ്ങുണർന്നുദർശിച്ചുതൻദേശികനെ,
ആനന്ദാശ്രുക്കളോടേവീണുകുമ്പിട്ടെണീററി-
ട്ടാനന്ദസ്വരൂപിയാം നാഥനോടുണർത്തിച്ചാൻ. 85

ഉണർന്നു—തന്റെ ദുഃഖനിവൃത്തിക്കായിട്ടാണു് ശിഷ്യൻ ഗുരുവിനെ പ്രാപിച്ചതു്. ബ്രഹ്മജ്ഞാനം മുഖേന സ്വസ്വരൂപം പ്രാപിക്കുന്നതോടുകൂടി മാത്രമേ ദുഃഖം നിവർത്തിച്ചതാകുന്നുള്ളു. എന്നു് ശിഷ്യനറിയാൻ വേണ്ടിമാത്രം ഗുരുസ്വന്തം വൈഭവത്താൽ ശിഷ്യനു് സാക്ഷാല്പരമഹിമയെ കാണിച്ചുകൊടുത്തതുമാത്രമായതിനാൽ ജാഗ്രത് സുഷുപ്തിയിൽ നിന്നും തിരിച്ചു ജാഗ്രദാവസ്ഥയെ പ്രാപിച്ചിട്ടു്.

സത്ഗുരോ! എനിക്കുള്ളിലേറെ ജന്മങ്ങളെല്ലാ-
മന്തര്യാമിയായിരുന്നി,പ്പോഴെൻമുക്തിക്കായി
തത്വോപദേശം ചെയ്വാൻ മർത്ത്യൻ തന്നുപാധിയിൽ
പ്രത്യക്ഷപ്പെട്ടുനില്ക്കുമീശ്വരാ!കാരുണ്യാബ്ധേ!
മുക്തിയാലെന്നെദ്ധന്യനാക്കുംനിൻകാരുണ്യത്തി-
ന്നൊത്തൊരുനന്ദിചെയ്വാനൊന്നുംഞാൻകാണുന്നില്ലേ. 86

അന്തര്യാമീ—മായയിൽ നിറഞ്ഞു പ്രതിബിംബിക്കുന്ന ബ്രഹ്മത്തെ അന്തര്യാമി എന്നു പറയുന്നു. (ഉള്ളിൽ നിറഞ്ഞിരിക്കുന്നതിനാൽ.) ജീവസാക്ഷിയെന്നും പറയപ്പെടും.

ബ്രഹ്മംതന്നെയാണു മുക്തിയെ പ്രദാനം ചെയ്യുന്നതു്. ഇതു രണ്ടു പ്രകാരത്തിലാണു്. ആദ്യം ബ്രഹ്മം മനുഷ്യാകാരത്തിൽ പ്രത്യക്ഷപ്പെട്ടു് മുക്തി ഉപദേശിക്കും. പിന്നീടു് മോചനാവസരത്തിൽ ബ്രഹ്മം [ഗുരു] ബ്രഹ്മസ്വരൂപത്തിൽ തന്നെ പ്രത്യക്ഷനായിനിന്നു മോചനത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഇതിൽ ആദ്യം പറഞ്ഞ മോക്ഷോപദേശത്തെയാണു സൂചിപ്പിക്കുന്നതു്. മുക്തിക്കൊത്ത മറെറാരുപകാരമില്ലാത്തതിനാൽ നന്ദികാണിക്കാൻ നിർവ്വാഹമില്ലന്നു പറയുന്നു.

ശിഷ്ടനീവണ്ണം പ്രാർത്ഥിച്ചീടവേ ഗുരുദേവൻ
ഇഷ്ടിയോടടുത്തണച്ചാശ്ലേഷംചെയ്തുചൊന്നാൻ
ദുഷ്ടമാലിന്യംമൂന്നുംമാററിസ്വരൂപജ്ഞാന-
നിഷ്ഠനായിരിപ്പതേ ദക്ഷിണാമറെറാന്നില്ല. 87

ശിഷ്ടൻ—ശിഷ്ടനായ ശിഷ്യൻ.

ദുഷ്ടമാ..........റെറാന്നില്ലേ—തന്റെ സൗഖ്യത്തെഹനിച്ചുകൊണ്ടിരിക്കുന്ന അസംഭാവന, സന്ദേഹം, വിപരീത ഭാവന എന്നീ മൂന്നു മാലിന്യങ്ങളേയും (തടസ്സങ്ങൾ) മാററിയിട്ടു് നീ നിന്റെ അറിവാനന്ദസ്വരൂപത്തെ അറിഞ്ഞു്അതിനെ ഒരിക്കലും വിട്ടുപിരിയാതിരുന്നാൽ അതുതന്നെയാണു് നീ എനിക്കുവേണ്ടി ച്ചെയ്യാനുള്ള ഒരേ ഒരു പ്രത്യുപകാരം.

അസംഭാവന - ശരീരാദിപ്രപഞ്ചത്തിന്നു സാക്ഷിയായി നില്‍ക്കുന്ന തന്റെ സത്യ (സുഖ) സ്വരൂപത്തെ താന്‍ അറിയാതിരിക്കുന്നതു്. ഇതിനെ അജ്ഞാനമെന്നും പറയുന്നു.

സന്ദേഹം—തന്നെ താന്‍തന്നെ മറച്ചുകൊണ്ടിരിക്കുന്ന അവസ്ഥ.

വിപരീതഭാവന—ദേഹമാണാത്മാവെന്നും ഈ ജഗത്തു സത്യമാണെന്നും തോന്നുന്നതിനെ വിപരീതഭാവനയെന്നും പറയുന്നു.

ബ്രഹ്മം കൂടസ്ഥനെന്നീഭേദമററൊന്നായെങ്ങും
ബ്രഹ്മമായ്ത്തീരും പൂര്‍ണ്ണജ്ഞാനത്തിന്നുണ്ടോ ഭ്രംശം?
ഇത്തരംതന്നൊക്കേട്ടശിഷ്യന്നുഗുരുവോതി-
യുത്തരം,ഗുരുശ്രവണാദിയാലെത്തുംജ്ഞാനം
ഒത്തപോല്‍ബ്രഹ്മസ്വരൂപത്തെക്കണ്ടിരുന്നാലു-
മസ്ഥിരമനുഭവംകൊണ്ടുറച്ചീടുവോളം. 88

ബ്രഹ്മം........ഭ്രംശം— അസിപദ ഐക്യത്താല്‍ കൂടസ്ഥ ബ്രഹ്മഭേദം ഒഴിവായി സര്‍വ്വം ബ്രഹ്മമെന്ന പരിപൂര്‍ണ്ണജ്ഞാനത്തിന്നു പിന്നീടു വികല്പം നേരിടുമോ (എന്നു ശിഷ്യന്‍ ചോദിക്കുന്നു)

ഗുരുശ്രവ...........ടുവോളം—ഗുരൂപദേശത്താലും അദ്ധ്യാത്മ ശാസ്ത്രഗ്രന്ഥപാഠത്താലും മററും സാക്ഷാത്ക്കാരത്തിന്നും തടസ്സമായുള്ള ദോഷങ്ങള്‍ തല്‍ക്കാലത്തേക്കു അടങ്ങിനിന്നതിന്റെ ഫലമായി സാധകന്നു താനായ ബ്രഹ്മസ്വരൂപം വിളങ്ങിക്കൊണ്ടിരിക്കും. എന്നാലും അനുഭവത്താല്‍ സ്വസ്വരൂപം തനിക്കുറയ്ക്കുന്നതുവരെ മുമ്പു അമഞ്ഞു നിന്നിരുന്ന തടസ്സങ്ങള്‍ വീണ്ടും പൊങ്ങിവന്നു് പലപ്പോഴും തനിക്കു ബ്രഹ്മസ്വരൂപം മറയപ്പെട്ടു നില്ക്കുകയും ചെയ്യും.

വിഘ്നങ്ങളെന്തെന്നോതാമജ്ഞാനം, സന്ദേഹത്താ-
ട്ടുക്കുള്ളവിപരീതഭാവനയെന്നിമൂന്നും;
നീണ്ടുനിന്നിവപൂർവ്വജന്മവാസനാബലാൽ
മീണ്ടെഴുംകാലംകെട്ടുദിച്ചെഴും ബ്രഹ്മജ്ഞാനം;
ആകയാൽമാലിന്യങ്ങൾമാററിട്ടു,ശ്രവണത്താ,-
ലാകെയും, മനനത്താൽ,നിദിധ്യാസനത്താലും
അജ്ഞാനമാറീടുന്നുസത്ഗുരുശ്രവണത്താൽ,
സംശയംനിവർത്തിക്കാംമനനംചെയ്യുമെങ്കിൽ,
പിന്നെഴുംവിപരീതഭാവനയുംമാറീടും
തന്നിലേനിദിധ്യാസനത്തിനാലെൻറകണ്ണേ! ൮൯

അജ്ഞാനം, സന്ദേഹം, വിപരീതഭാവന എന്നീ മൂന്നുമത്രേ വിഘ്നങ്ങൾ. പൂർവ്വജന്മവാസനാബലാൽ ഇവ നീണ്ടുനില്ക്കുന്നു. ഈ മാലിന്യങ്ങൾ തന്നിൽ ഒതുങ്ങിനില്ക്കുമ്പോൾ ബ്രഹ്മജ്ഞാനം പ്രകാശിക്കും. അമർന്നുകിടന്ന മാലിന്യങ്ങൾ പിന്നീടും ഉയരുമ്പോൾ സ്വസ്വരൂപപ്രകാശം അസ്തമിക്കും. അതിനാൽ വീണ്ടും ഉയരാതെ മാലിന്യങ്ങളെ ഒഴിക്കേണ്ടതാണ്. ഗുരുവിൻെറ ഉപദേശം കേട്ടതിനാൽ അജ്ഞാനവും ശ്രവിച്ച ഉപദേശങ്ങളെ മനനം ചെയ്താൽ സംശയവും നിദിധ്യാസനത്താൽ വിപരീതഭാവനയും ഇല്ലാതാകും. ശ്രവണമനനാദി ചെയ്വാൻ ചേഷ്ടിച്ച പൊരുൾ താൻ തന്നെ എന്ന നിശ്ചയമുണ്ടാകുന്നതു നിദിധ്യാസനം.

അഗ്നിയുംസ്തംഭിപ്പിച്ചാലൊട്ടുചുട്ടീടുന്നില്ല
മഗ്നജ്ഞാനത്താലാദിബന്ധവുംനശിപ്പീലാ;
ഇന്നതിന്നജ്ഞാനാദിമൂന്നുമിശ്രവണാദി
മൂന്നിനാലുംതാൻമാററീടേണമെന്നറിഞ്ഞീടു. ൯൦

മണിമന്ത്രശക്തിയാൽ സ്തംഭിപ്പിക്കപ്പെട്ട അഗ്നി ചിലനേരം ചുടാതിരിക്കുമെന്നേയുള്ളു. അതുപോലെ പ്രതിബന്ധങ്ങൾ മാറുന്നതിനു മുമ്പുള്ള ജ്ഞാനത്താൽ ചിലനേരം പ്രതിബന്ധങ്ങൾ

മാറിനിന്നു ബ്രഹ്മദശ്നം സാദ്ധ്യമായി വരാമെന്നല്ലാതെ ജന്മനാ ഉള്ള ബന്ധങ്ങളെ നിശ്ശേഷം അകററാൻ സാധിക്കുന്നില്ല. അതിനാൽ ബന്ധവിമോചനത്തിനാഗ്രഹിക്കുന്നവൻ ഗുരുശ്രവണംകൊണ്ടു് അജ്ഞാനത്തെയും മനനംകൊണ്ടു് സന്ദേഹത്തെയും നിദിധ്യാസനംകൊണ്ടു് വിപരീതഭാവനയേയും നിശ്ശേഷം മാററുകയേ മാർഗ്ഗമായുള്ളു.

ബ്രഹ്മതത്വം മറച്ചുഭേദം കാട്ടുന്നതജ്ഞാനം,കേൾ
സമ്മതം ശ്രവണത്തിൽതോന്നായ്കസന്ദേഹവും,
കർമ്മദേഹംതാനെന്നുംനശ്വരപ്രപഞ്ചമി–
ന്നുൺമയിലുള്ളതെന്നുംതോന്നലേവിപരീതം. 91

ഏകമായ ബ്രഹ്മവസ്തുവിനെ കൂടസ്ഥനെന്നും ബ്രഹ്മമെന്നും ഭേദപ്പെടുത്തി ഞാൻ, നീ എന്നും മററുമുള്ള ഭേദവ്യവഹാരങ്ങൾക്കിടകൊടുക്കുന്നതു് അജ്ഞാനം. ഗുരുവിൻെറ ഉപദേശത്തിൽ ദൃഢവിശ്വാസം ഇല്ലാതിരിക്കുന്നതു സന്ദേഹം. ദേഹമാണു താനെന്നും നിലയററ ഈ പ്രപഞ്ചം സത്യമാണെന്നും ഉള്ള തോന്നൽ വിപരീതഭാവനയുമാകുന്നു.

തത്വങ്ങളെല്ലാമനുഭോഗത്തിനായ് വരാൻതാ–
നോർത്തുസാധനചെയ്തീടുന്നതുശ്രവണം,പിൻ
കൂടസ്ഥബ്രഹ്മങ്ങളൊന്നാണെന്നതനൂഹത്താൽ
കൂടവേയുക്തിചെയ്തീടുന്നതു മനനവും,
ചിത്തമേകാഗ്രമാക്കിബ്രഹ്മസ്വരൂപം കാണാ–
നുൾത്താരിൽചെയ്യുമഭ്യാസംനിദിധ്യാസനംകേൾ;
നിത്യവുംനീയിവണ്ണംചെയ്കിലോനിനക്കോർക്കു
നിത്യനിർവ്വാണസാക്ഷാത്ക്കാരവുംഭവിച്ചീടും. 92

തത്വമസ്യാദിമഹാവാക്യങ്ങളുടെ സാരമായ ജീവബ്രഹ്മൈക്യത്തെ ചർച്ചചെയ്യുന്നതു ശ്രവണം. ഇപ്പറഞ്ഞ ചർച്ചയുടെ ഫലമായി ജീവബ്രഹ്മൈക്യത്തെ യുക്തികൊണ്ടു സമർത്ഥിക്കുന്നതു മനനം. ഇപ്രകാരം ഏകമെന്നായ ബ്രഹ്മസ്വരൂപംതന്നിൽ

പ്രകാശിക്കാൻചെയ്യുന്ന അഹംഗ്രഹധ്യാനം നിദിധ്യാസനമെന്നും പറയപ്പെടുന്നു. നിദിധ്യാസനം തനിക്കു സഹജമായുണ്ടായാൽ അതുതന്നെ സാക്ഷാത്ക്കാര സാധനമായിത്തീരും. ഈ ഗുരുശ്രവണാദി അനുഷ്ഠാനത്താൻ അപരോക്ഷാനുഭൂതി സിദ്ധിക്കുമെന്നതിനെപ്പററി ചിത്ക്കിളിക്കണ്ണിയിൽ ഇപ്രകാരം പറയുന്നു.

ചരിപാൽത്തചുതന്തരന്താൻറങ്കുതർക്കോർതരണിയില്ലെ
വിരിന്തവിർത്തിഞ്ഞാനവിളൈവിനാർചിർകിളിയേ
ഇരവുപകലറനിൻറവിമ്പവെള്ളന്തങ്കുതർക്കു
കുരവൻറനനുപവത്തെക്കുറിക്കൊൾവേൻ ചിത്ക്കിളിയേ
തിരമാനനിതിത്യാസഞ്ചിത്തിത്താൻമാററവെല്ലാ
നിരതിചയവാനന്തനിർവാണഞ്ചിത്കിളിയേ.

എത്രനാളേയ്ക്കുണ്ടാവും ദ്രഷ്ടാവും ദൃശ്യങ്ങളു-
മത്രനാളേക്കും ശ്രവണാദികളുംവേണം, പിൻ
ഒന്നുമേ ചെയ്യാനില്ല,വിണ്ണൊത്തു,ദൃക്കായ്ജീവൻ
മുക്തനും വിദേഹകൈവല്യത്തിലിരുന്നീടും ൯൩

അന്തഃകരണത്തിൽ പ്രതിബിംബിക്കുന്ന ചിദാഭാസനായ ദ്രഷ്ടാവും ചിദാഭാസൻെറ വൃത്തിരൂപമായ (ജ്ഞാനം) ദൃശ്യങ്ങളും എത്രകാലം അജ്ഞാന, സന്ദേഹ, വിപരീത ഭാവനകളോടിരിക്കുമോ അതുവരെ ശ്രവണ, മനന, നിദിധ്യാസനങ്ങൾ ആവശ്യമായിരിക്കും. ഈ അനുഷ്ഠാനങ്ങളാൽ ദ്വൈതനിവൃത്തിവന്നാൽ പിന്നീടൊന്നുംതന്നെ ചെയ്യുന്നതിനായില്ല. അപ്പോൾ താൻ തൻെറ ജീവത്വത്തിൽനിന്നും മോചിച്ചവനായി എല്ലാ ദൃശ്യങ്ങളിലും വ്യാപിച്ചും ഒന്നിനോടും സംബന്ധമില്ലാതെ സ്വരൂപം മാത്രമായിരിക്കുന്ന ആകാശത്തെപ്പോലെ, സർവ്വത്തിനും സാക്ഷിയായ് അറിവുമാത്രമെന്ന ദൃക്സ്വരൂപത്തിൽ ജീവന്മുക്തനായി, വിദേഹകൈവല്യാവസ്ഥയെ പ്രാപിക്കും.

ഈ നിലയെപ്പററി തായുമാനവർ ഇപ്രകാരം പാടുന്നു:—

താനാനതന്മയമേയല്ലാമൊക്കെന്റ
അലൈയെടുക്ക വൊട്ടാത്ത തലൈപ്പെട്ടാങ്കേ
പോനാലുങ്കർപ്പൂര തീപംപോല-
പ്പോയൊഴിപ്പതല്ലാത്ത പുലംവേറിന്റാം
ഞാനാകാരത്തിനൊടു ജ്ഞേയമററ
ഞാത്തുരുവു നഴവാമ നഴവിനിർക്കം
ആനാലുമിതൻ പെരുമൈയെവർക്കാർ ശൊൽവാ—
രത്തുവാനാലത്തുവാവരത്തുവേശൊല്ലും
നാലുമട്ടുണ്ടു ജീവന്മുക്തരും കേൾക്കു,വാനിൻ
മേലെഴും ബ്രഹ്മവിത്തും വരൻ, വരിയാൻ, വരിഷ്ഠൻ;
നാലായിനാമധേയം കൊണ്ടതിൽ ബ്രഹ്മവിത്തിൻ
മേലവും മററുള്ളോർക്കു താരതമ്യവും ചൊല്ലാം. 94

ജ്ഞാനമാർജ്ജിച്ച ബ്രഹ്മവിത്തു ഒരാളിനെത്തന്നെ അവസ്ഥാഭേദങ്ങളാൽ വരൻ, വരിയാൻ, വരിഷ്ഠനെന്നും പറയുന്നു. അതിനാൽ 'നാലായിനാമധേയം കൊണ്ടതിൽ' എന്നു പറഞ്ഞിരിക്കുന്നു. അതിൽ ബ്രഹ്മത്തിന്റെ സ്വരൂപം അറിഞ്ഞാൽ മററുള്ളവർക്കുള്ള കൂടുതൽ വിശേഷത്തെ പറഞ്ഞറിയിക്കേണ്ടതേയുള്ളതിനാൽ 'ബ്രഹ്മ ..... ചൊല്ലാം' എന്നും പറഞ്ഞിരിക്കുന്നു.

ധീരനായ് ബ്രഹ്മവിത്തായ് ത്തെളിഞ്ഞവർ, തെളിയുമ്മുമ്പു
ചാരമായിരുന്ന, മുന്നാശ്രമാനുഷ്ഠാനങ്ങൾ
ഭാരമായാലും ചെയ്യും മററപേക്ഷപ്രകാരം
നേരുവാൻനേരെന്നോണം മുക്തത്വം വിട്ടിടാതെ. 95

ധീരരായ്—ഈ ജഗത്തിൽ എന്തുതന്നെ സംഭവിച്ചുകൊള്ളട്ടെ എന്നു് ധീരോദാത്തനായി.

ബ്രഹ്മ.......ഞ്ഞവർ—ബ്രഹ്മജ്ഞാനിയായിത്തീർന്നവർ.

തെളിയു.......നങ്ങൾ—ബ്രഹ്മജ്ഞാനം കൈവരുന്നതിനു മുമ്പു് അതു കൈവരുന്നതിനാശ്രയമായി താൻ കൈക്കൊണ്ടിരുന്ന വർണ്ണാശ്രമാനുഷ്ഠാനങ്ങൾ.

ഭാരമായാലും—സ്വസ്വരൂപജ്ഞാനം സിദ്ധിച്ചവന്ന മായാകാര്യങ്ങളായ എല്ലാ ലോകവ്യവഹാരങ്ങളോടൊപ്പം വർണ്ണാശ്രമാനുഷ്ഠാനങ്ങളും ഭാരമായിത്തന്നെ തോന്നിയാലും.

ചെയ്യും ......തുവാൻ — മേക്ഷേച്ഛുക്കളായ മററുള്ളവരുടെ പ്രയോജനാർത്ഥം. (തനിക്കിനി ആവശ്യമില്ലെന്ന ഹേതുവാൽ അനുഷ്ഠാനങ്ങളെ ത്യജിച്ചാൽ അതുകണ്ടു് മററുള്ളവരും സത്യമറിയാതെ, അനുഷ്ഠിക്കാതെ വരാതിരിക്കുമാറു്)

നേരെന്നോണം—വർണ്ണാശ്രമവിധികൾ തനിക്കു സത്യത്തിൽ വേണ്ടെങ്കിലും അതു ഭാവിക്കാതെ സത്യത്തിൽ തനിക്കാവശ്യമുള്ളതുകൊണ്ടു ചെയ്യുന്നമട്ടിൽതന്നെ.

മുക്തിയെ വിട്ടീടാതെ—വ്യവഹാരങ്ങളെല്ലാം തീന്നാ തന്റെ നിജാവസ്ഥയിൽനിന്നും വ്യതിചലിക്കാതെ. എപ്പോഴും അതുൾ ദർശകനായിരിക്കും.

പററുതലുണ്ടായാലും പററാതെമായും ക്ഷണം,
പങ്കജദലാംബുപോൽ വാഴുമീജഗത്തിങ്കൽ,
പാമരനെപ്പോൽ പോകും പാണ്ഡിത്യം കാട്ടീടാതീ—
മുക്തരുമുപശാന്തചിത്തരായ് ചരിച്ചീടും. ൮൬

പററു ..... ക്ഷണം—ലോകഭോഗങ്ങളിൽ രതിതോന്നാനിടവന്നാലും തന്റെ മനസ്സിൽ പററിനില്ക്കാതെ മാഞ്ഞുപോകും.

പങ്കജ ......ത്തിങ്കൽ—ലോകവ്യവഹാരങ്ങളോടുകൂടിയിരുന്നാലും അവയൊന്നിലും ഒരു ബന്ധവുമില്ലാതിരിക്കും

പാമര ......ട്ടീടാതെ—ഈലോകം വെറുംസങ്കല്പമാത്രമാണെന്നാവന്നു് ലൌകിക ജ്ഞാനങ്ങളെന്തിനാവും? ലോകത്തെന്തു നടന്നാലും അതറിയാൻ അവനാഗ്രഹമില്ലെങ്കിൽ ലോകത്തെ സത്യമാക്കി ജീവിക്കുന്ന അജ്ഞാനികളോടെന്തു പറയാൻ. തനിക്കു സിദ്ധമായ സ്വരൂപജ്ഞാനത്തെയും അതറിയാൻ കഴിവില്ലാത്ത ലോകരോടെങ്ങനെ പറയാൻ? അതിനാൽ ഒന്നുമറി

യാത്ത മൂഢനെപ്പോലെയിരിക്കും. ലൌകികജ്ഞാനത്തെ സംബന്ധിച്ച് ഇവൻ പാമരനും ആത്മജ്ഞാനത്തിൽ പണ്ഡിതനുമത്രേ.

ഭേദകർമ്മത്താൽവന്നപ്രാരബ്ധംപലതാകും
ഹേതുവാൽ വ്യവഹാരങ്ങളവരവർക്കൊത്തുനില്ക്കും;
യാഗംചെയ്യുന്നാൽചെയ്യാം, വാണിഭംചെയ്കിൽചെയ്യാം,
പിൻകൃഷിയാകാമാകാംഭിക്ഷാടനങ്ങൾപോലും 97

ഭേദക........നില്ക്കും—പലവിധമായ സഞ്ചിതാഗാമിക കർമ്മങ്ങളാലേർപ്പെട്ട പ്രാരബ്ധം പലവിധത്തിലുമായിരിക്കാം. ബ്രഹ്മജ്ഞാനം സിദ്ധിച്ചശേഷം തുടർന്നുനില്ക്കുന്ന പ്രാരബ്ധകർമ്മവും പലേവിധത്തിലുള്ളതുമായിരിക്കാം. അതിനാൽ ഒരു ജീവന്മുക്തന് അവൻ മുമ്പിനാലേ (അജ്ഞാനദശയിൽ) ഏറ്റെപ്പെട്ടിരുന്ന വ്യവഹാരകർമ്മം ഏതുതരത്തിലുള്ളതായിരുന്നാലും അതുതന്നെ തുടർന്നു നില്ക്കും.

അതിനാൽ ഒരു ജീവന്മുക്തൻ ഇന്ന തൊഴിലേ ചെയ്യുമെന്നില്ലാതെ യാഗം ചെയ്യുന്നവനോ, കച്ചവടക്കാരനോ കൃഷിക്കാരനോ, ഭിക്ഷതെണ്ടുന്നവൻ പോലുമോ ആയിരിക്കാം.

വിസ്മരിച്ചീടുംപോയ,തോർമ്മിക്കാനാളല്ലത്രേ,
കൺമുമ്പിൽകണ്ടതുണ്ണും, വെയിലുംനിലാവാകും,
ആകാശമടന്നാലും ചത്തുജീവിച്ചാലും
മൂകനായ്പുതുമവിട്ടാശ്ചര്യ്യലേശമെന്ന്യേ,
നല്ലതുംപൊല്ലാത്തതുമെന്നോർക്കാതെ,ജഗത്തിനു
തുല്യപോൽ, സമരസംസ്വഭിക്കുംജീവന്മുക്തൻ. 98

ബ്രഹ്മചൈതന്യത്തിൽനിന്നും ഒരുകാലത്തും താൻ പിരിഞ്ഞിട്ടില്ല എന്നറിയുന്ന ജീവന്മുക്തൻ കഴിഞ്ഞ കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല. വരാൻ പോകുന്ന കാര്യ്യങ്ങളെപ്പററി ഒരു കരുതലും ഇല്ലാതിരിക്കും. ലഭിച്ചതു ഭക്ഷിക്കും. ശീതോഷ്ണഭേദം അറിയുകയില്ല. ദുഃഖവും സുഖമായിത്തോന്നും. ഇല്ലായ്മയിൽ

ഉണ്ടെന്നുതോന്നുന്ന ഈ ലോകത്തു് എന്തുതന്നെ സംഭവിച്ചാലും അതിലൊന്നിലും ഒരു പുതുമ തോന്നുകയില്ല നല്ലതിനും ചീത്തക്കും തമ്മിലുള്ള വ്യത്യാസത്തെ അറിയുന്നില്ല. നല്ലതും ചീത്തയും ജീവന്റെ സൃഷ്ടിയിൽ പെട്ടതുകളാണല്ലോ.

ജഗത്തിൽ തുല്യപോൽ—എല്ലാ പ്രപഞ്ചകാര്യങ്ങളിലും മധ്യ വർത്തിയായു്

സമരസംസ്വാദിക്കും—തുല്യരസം അനുഭവിക്കും. ഇഷ്ടാനിഷ്ടങ്ങളില്ലാതെയും സുഖദുഃഖങ്ങളറിയാതെയും സർവ്വവും ബ്രഹ്മമയമെന്നു ജീവന്മുക്തൻ ഏതിലും സ്വസ്വരൂപമായ സുഖത്തെത്തന്നെ അനുഭവിക്കും.

ജീവന്മുക്തനെ പരാമർശിച്ചുള്ള ചുരുക്കം ഉദാഹരണങ്ങൾ:-

1. ദുഃഖത്തെസ്സുഖമായ്വരിച്ച പിണിയ-
    റ്റെന്നോക്കുന്നോക്കിടുവാൻ
ദിക്കുണ്ടോപുനരിന്നതെന്നു, ശിവലോ-
    കംതന്നെയെല്ലാടവും;
വേവിന്തരിലിരിക്കുമെള്ളുജലവും
    കോരിക്കുടിക്കും, കീട-
ന്നീടുംവല്ലമരച്ചുവട്ടിലിണയ-
    റ്റേകാന്തമേയിചരയായു്. (ഒഴിവിലൊടുക്കം)

2. ലൗകികംശാസ്ത്രീയവുംമററുവിധത്തിലായു-
മാഗമിച്ചീടുംവ്യവഹാരങ്ങളൊന്നിനും ഞാൻ
കർത്താവുഭോക്താവെന്നില്ലാത്തോരെനിക്കിഹ
സിദ്ധമാംപ്രാരബ്ധത്തിൻഗതിപോൽനടന്നോട്ടെ.
(പഞ്ചദശി)

3. അതീതാനുസന്ധാനംഭവിഷ്യദവിചാരണം
ഔദാസീന്യമപിപ്രാപ്തേജീവന്മുക്തസ്യലക്ഷണം
ഗുണദോഷവിശിഷ്ടേ f സ്മിൻസ്വഭാവേനവിലക്ഷണേ
സർവ്വത്രസമദർശിത്വംജീവന്മുക്തസ്യലക്ഷണം
(വിവേകചൂഡാമണി)

4. യദാഹിനേന്ദ്രിയാർത്ഥേഷു
നകർമ്മസ്വനുഷജ്ജതേ
സർവ്വസങ്കല്പ. സന്ന്യാസീ
യോഗാരൂഢസ്തദോച്യതേ
സമദുഃഖസുഖഃ സ്വസ്ഥഃ
സമലോഷ്ടാശ്മകാഞ്ചനഃ
തുല്യപ്രിയാപ്രിയോ ധീര-
സ്തുല്യനിന്ദാത്മസംസ്തുതിഃ (ഗീത)

5. കൃത്യംകിമപി നൈവാഽസ്തി
നകാഽപി ഹൃദിരഞ്ജനാ
യഥാ ജീവന മേവേഹ
ജീവന്മുക്തസ്യ യോഗിനഃ
ഭിക്ഷുർവ്വാ ഭൂപതിർവ്വാഽപി
യോ നിഷ്കാമഃ സശോഭതേ
ഭാവേഷു ഗളിതായസ്യ
ശോഭനാ ശോഭനാമതിഃ (അഷ്ടാവക്രഗീതാ)

പിന്നെമൂവരിൽ രണ്ടുഭേദം സമാധിജ്ഞാന-
ത്തിന്നൊയുററിരുന്നീടും പ്രാരബ്ധംക്ഷയിപ്പോളം;
തന്നാലേവരൻ വ്യവഹാരകാര്യങ്ങൾ ചെയ്യു,-
ന്നന്യരോതിത്താൻ വര്യാൻ ദേഹത്തെപ്പുലർത്തീടും;
പിന്നുള്ളവരിഷ്ഠനോ, തന്നാലു,മന്യരാരും
ചൊന്നാലുമറിഞ്ഞീടാ ദേഹാദിവ്യവഹാരം. 99

വരൻ—സ്വസ്വരൂപബോധത്തിൽ ഒരുണ്ടിരുന്നാലും ലോകത്തിൽ വ്യവഹാരകാര്യങ്ങൾ ചെയ്തുകൊണ്ടുതന്നെയിരിക്കും

വര്യാൻ—സ്വസ്വരൂപബോധത്തിൽ മുഴുകിയിരിക്കും. പരപ്രേരണകൊണ്ടു മാത്രം വ്യവഹാരങ്ങൾ ചെയ്യുമെന്നേയുള്ളൂ.

വരിഷ്ഠൻ—പ്രപഞ്ചബോധം തീരെ നശിച്ചിരിക്കും.

അരുൾബോധത്തോടുകൂടിയ നിഷ്കളാവസ്ഥയിലുംകൂടിവിദ്യാസ്വരൂപിണിയായ മായ ഒഴിഞ്ഞുമാറുന്നില്ല. ഈ നിലയിൽ തീവ്രജിജ്ഞാസകൊണ്ടു് അഖണ്ഡസ്വരൂപമായ സച്ചിദാനന്ദസ്വരൂപത്തെ സ്വരൂപസ്ഥിതമാക്കണം. അപ്പോൾ വിദ്യാരൂപിണിയായ മായയും ഈശ്വരന്റെ ആധികാരിക വൈഭവങ്ങളും താനേ ഒഴിയും. ഇങ്ങനെ സ്വരൂപസ്ഥിതനായ വ്യക്തിയെ ബ്രഹ്മവിത്‌വരിഷ്ഠൻ എന്നു പറയുന്നു. ഈ അഖണ്ഡവൃത്തിയിൽ അഖണ്ഡാനന്ദം ഉദിക്കുന്നു. അതോടുകൂടി സ്വരൂപവും അഖണ്ഡാനന്ദസ്വരൂപമായിത്തീരുന്നു. ഈ ദശയിൽ മിഥ്യാഭ്രാന്തികൾ എല്ലാം തീൎന്നു് കൈവല്യം പ്രാപ്തമാകുന്നു.

എത്രയുമപൂൎവ്വന്മാരാമിവർ പലതായും
മുക്തി യൊന്നത്രേമൊത്തം, നിഷ്ഠതൻഫലത്തിനാൽ,
ബ്രഹ്മവിത്തനുഭവിച്ചീടുന്നു ദൃഷ്ടദുഃഖം,
പിൻമൂന്നുപേരും സമാധിസ്ഥരായ് സുഖിച്ചീടും. 100

എത്രയു.......മൊത്തം—ജീവന്മുക്തന്മാർ നാനാപ്രകാരത്തിലിരുന്നാലും മുക്തിക്കു ഭേദമില്ല.

ബ്രഹ്മ ......ദൃഷ്ടദുഃഖം—ലോകവ്യവഹാരങ്ങളിൽ തന്നെയിരിക്കുന്നതിനാൽ പ്രാരബ്ധം മുഖേന കണ്ണിൽ കാണുന്ന വ്യവഹാരങ്ങളിൽ വാസനാവശാലേർപ്പെടുന്ന ദുഃഖം ബ്രഹ്‌മവിത്തിനെ വിട്ടുമാറുന്നില്ല.

പിൻമൂ.......ച്ചീടും—വരൻ, വൎയ്യാൻ, വരിഷ്ഠൻ എന്നു മൂന്നുപേരും.

അജ്ഞാനി—ഇദംവൃത്തിയിൽ (ശരീരപ്രപഞ്ചാദി വ്യവഹാരങ്ങളിൽ) മാത്രം കഴിയുന്നു. മായാബദ്ധരായി അന്ധതകൊണ്ടു് വൃത്തിചെയ്യുന്നു.

പരമഹംസൻ—അഹംവൃത്തിയിൽ ഇദംവൃത്തിചെയ്യുന്നു. അഭ്യാസം കൊണ്ടു് പരമഹംസപദം പ്രാപിച്ചവർ വീണ്ടും

ജഡത്തെ പ്രാപിക്കുന്നില്ല. അവരുടെ സൂക്ഷ്മശരീരം ബ്രഹ്മ പ്രളയത്തിൽ സാക്ഷാത്ക്കാരത്തെ പ്രാപിക്കുന്നു. പരമഹംസ പദവിയിൽ മനസ്സാദിനാലും പ്രാണനഞ്ചും ഇന്ദ്രിയം പത്തും ചേഷ്ടിക്കുന്നു.

ബ്രഹ്മവിത്ത് — അഹംവൃത്തിയിൽ അഹംവൃത്തിമൂലം ബ്രഹ്മവിത്താകുന്ന ശരീരമിരിക്കവെതന്നെ ആത്യന്തികനിവൃത്തി സംഭവിച്ചവരിൽ ബ്രഹ്മവിത്ത് താമസംമൂലം ആധികാരിക പുരുഷനായിരിക്കുന്നു. ഈശ്വരന്മാർ പോലും ബഹുമാനിക്കത്തക്ക പദവിയാണുള്ളത്. ഈ സ്ഥാനത്തെത്തുമ്പോൾ ഈശ്വരന്മാരും, സിദ്ധികളും പ്രപഞ്ചവും ബ്രഹ്മവിത്തിനെ കീഴോട്ടാകർഷിക്കുന്നു. ഈ പരീക്ഷയെ ജയിച്ച ആധികാരിക പുരുഷന്മാരാണ് വ്യാസൻ തുടങ്ങിയവർ.

വരൻ, വര്യാൻ—ശരീരമുള്ളപ്പോൾതന്നെ ആത്യന്തിക നിവൃത്തിസംഭവിച്ച രാജസഗുണ പ്രധാനരാണ്.

ബ്രഹ്മവിദ്വരിഷ്ഠൻ—വരൻ, വര്യാൻ എന്നീ രണ്ടു പദവിയിലും ഭ്രമിക്കാതിരുന്നാൽ ബ്രഹ്മവിദ്വരിഷ്ഠപദവിയെ പ്രാപിക്കുന്നു ശരീരമുള്ളപ്പോൾ തന്നെ ആത്യന്തിക നിവൃത്തി സംഭവിച്ച് സാത്വികംമൂലം മോക്ഷാതീതനായിരിക്കുന്നു. വരിഷ്ഠൻെറ പ്രാരബ്ധത്തെ ബ്രഹ്മംതന്നെ സാക്ഷാത്ക്കാരമായി നിവൎത്തിക്കുന്നു. നിഷ്ഠയെപ്പോലും ഇവർ ഭയപ്പെടുന്നു. മുക്തസാകാര ബ്രഹ്മത്താൽ പ്രാരബ്ധം നശിച്ചശേഷം വിദേഹകൈവല്യത്തെ പ്രാപിക്കുന്നു. വരിഷ്ഠന് പ്രാണനഞ്ചും കർമ്മേന്ദ്രിയങ്ങളഞ്ചും മാത്രമേയുള്ളൂ. ആത്യന്തികനിവൃത്തി സംഭവിച്ച വരിഷ്ഠന് പ്രപഞ്ചമില്ലെങ്കിലും പ്രപഞ്ചത്തിനു വരിഷ്ഠനുണ്ട്.

അഹംവൃത്തിയിൽ അഹംവൃത്തി സംഭവിച്ചാൽ, ആധിഭൌതികം, ആധിദൈവികം, ആധി ആത്മീകം എന്ന മൂന്നു പീഡകളും സ്ഥൂലം, സൂക്ഷ്മം, കാരണം എന്ന മൂന്നു ശരീരബാധകളും

സഞ്ചിതം, പ്രാരബ്ധം, ആഗാമികം എന്ന മൂന്നു വാസനകളും സാമാന്യം, സ്വരൂപം, അരൂപം എന്ന മൂന്നു മനോവൃത്തികളും നശിക്കുന്നു.

ജ്ഞാനികളും, കർമ്മാന്ധരജ്ഞരോടൊത്തു വാണാൽ
മാനമററിനിപ്പിറപ്പുഴിയും വഴിരയതെന്നാൽ,
വാനമൊന്നിലും ചേരാതന്യഭൂതങ്ങൾക്കുള്ളി-
ലൂനമററിരിക്കുംപോൽ രണ്ടാളുമൊത്തുവാഴും. 101

ബ്രഹ്മസമാധിയിൽ കഴിയുന്ന ജ്ഞാനികളും വെറും കർമ്മികളായി കഴിയുന്ന അജ്ഞാനികളും ഒന്നിച്ചു ജീവിച്ചാൽ ചിററിമ്പങ്ങളിൽ ഭ്രമിച്ചു് ജ്ഞാനികളും തിരിയെ അജ്ഞാനികളായിപ്പോവുകയില്ലയോ? ജ്ഞാനികളായിരുന്നാലും കർമ്മം ചെയ്താൽ കർമ്മഫലത്തിനു വിധേയരായി വീണ്ടും ജനനമരണത്തിനു വിധേയരാവുകയില്ലയോ എന്നു ചോദിച്ചാൽ സമാധാനം പറയാം. ആകാശം മററു നാലു ഭൂതങ്ങളിലും ഉള്ളിലും പുറത്തും ചേർന്നിരുന്നാലും ഒന്നിനെയും തൊടാതിരിക്കുന്നു. അതുപോലെ ജ്ഞാനികൾ ആരോടും ചേർന്നു് ഏതു വ്യവഹാരത്തിൽ പെട്ടുമിരുന്നാലും അവർ ഈ പ്രപഞ്ചത്തോടുപോലും ബന്ധമില്ലാത്തവരായിരുന്നുകൊള്ളുന്നു.

ജീവന്മുക്തരെസ്സേവിപ്പോരെയബ്ബ്രഹ്മവാദി
മൂവരും പ്രസാദിച്ചിട്ടവർക്കുമർത്ത്യജന്മം
പവിത്രമാക്കുമെന്നു വേദങ്ങളെല്ലാം ചൊല്ലു,—
ന്നിവർക്കു മേലായ്‌വേണ്ടും വിദേഹമുക്തിയുംകേൾ. 102

സൃഷ്ടിച്ച ഈശ്വരൻ സംഹരിച്ചൊഴിക്കുന്നതിനേ കഴിവുള്ളവനാകുന്നുള്ളു. അതിനാൽ വീണ്ടും ജനനവും ദുഃഖവും ജീവന്മാർക്കു സംഭവിക്കുന്നു. ഇതു ദുഃഖനിവൃത്തിയാകുന്നില്ല. എന്നാൽ ഒരു മുക്തൻ അവനെ പ്രാപിക്കുന്ന ഒരു മുമുക്ഷുവിനെ തന്നെപ്പോലെ നിത്യസ്വതന്ത്രനാക്കി ആത്യന്തിക ദുഃഖനിവൃത്തിയെ പ്രദാനം ചെയ്യുകയാണു്. അതിനാൽ ഈശ്വരനും മേലായ്

ആധികാരികവൈഭവമാണു മുക്തനുള്ളതു്. ഒരു ജ്ഞാനി ത്രിമൂർത്തികളേയും ആശ്രയിക്കുന്നില്ല. എന്നാൽ ഈശ്വരൻ ജ്ഞാനിയെ ആശ്രയിച്ചുനിന്നാണു് സൃഷ്ട്യാദികൾ നിർവ്വഹിക്കുന്നതു്. ഒരു മുക്തന്റെ പ്രാരബ്ധങ്ങളെ ഉചിതമാംവണ്ണം പരിപാലിക്കേണ്ടതു് ഈശ്വരന്റെ കർത്തവ്യമാണു്. അതുപോലെ മുക്തനെ സേവിക്കുന്നവരുടെ അഭീഷ്ടങ്ങളെ പ്രദാനം ചെയ്യുന്നതും ഈശ്വരൻതന്നെ. കാരണം മുക്തനു് ഒന്നിലും കർത്തൃത്വമില്ല.

പഞ്ഞിയെയൂഴിത്തീപോൽ, നാനാജന്മങ്ങളാലാം,
സഞ്ചിതകർമ്മത്തെക്കേറം ജ്ഞാനാഗ്നിദഹിപ്പിക്കും
ചേരുമാഗാമികം പിൻചേരുന്നില്ലനുഭവി-
ച്ചററതായ് വരും ശേഷിച്ചീടുന്ന പ്രാരബ്ധംമേൽ. 108

പഞ്ഞിയെ ......പോൽ— ബഡവാഗ്നിക്ക പഞ്ഞിയെ കരിക്കാൻ എത്ര എളുപ്പമോ അതുപോലെ

നാനാജ ......ഹിപ്പിക്കും— പല ജന്മങ്ങളിലും ചെയ്ത കർമ്മങ്ങളുടെ ഫലത്താൽ ഇപ്പോൾ ചെയ്യേണ്ടിവരുന്ന സഞ്ചിതകർമ്മങ്ങളെ അറിവാകുന്ന അഗ്നി ദഹിപ്പിക്കും. കാരണം അറിവിൽ കൂടി താൻ ഇതുവരെ ജനിച്ചിട്ട ഇല്ല എന്നറിയുന്നിടത്തു ജന്മഫലമായുടലെടുക്കുന്ന കർമ്മങ്ങളേയും നിഷേധിക്കേണ്ടി വരുകയേ ഉള്ളു.

ചേരു ......നില്ല— ഇപ്പോൾ കർമ്മരഹിതനായിരിക്കുന്നതിൽ പുതിയ കർമ്മഫലങ്ങൾ വന്നുചേരുന്നില്ല. (ജ്ഞാനി കർമ്മം ചെയ്യുന്നുവെന്നു കാണപ്പെട്ടാലും പററുതലില്ലാത്തതിനാൽ അവനെ ഫലം ബാധിക്കുന്നില്ല)

അനുഭ ......ബ്ധംമേൽ— ശരീരാദിപ്രാരബ്ധങ്ങൾ മററുവിധത്തിൽ ഒഴിക്കാനൊക്കാത്തവയായതിനാൽ അനുഭവിച്ചുതന്നെ തീർക്കേണ്ടിത്തന്നെവരുന്നു. അതിനാൽ അതു പിൻജന്മത്തിനു ഹേതുവാകുന്നില്ല.

പ്രാരബ്ധാനുഭവം മൂന്നു തരത്തിൽ.–

1. ഇച്ഛ— അനുഭവിക്കേണ്ടിയില്ലാത്തതിനെയും സ്വന്തം ഇച്ഛമൂലം അനുഭവിക്കാൻ ആഗ്രഹിക്കുന്നതു. ഇതിനെ നിയന്ത്രിക്കാൻ ഈശ്വരനാലും സാധ്യമല്ല.

2. അനിച്ഛ–തനിക്കിഷ്ടമില്ലാത്ത കർമ്മങ്ങളും പ്രാരബ്ധഹേതുവാൽ ചെയ്യേണ്ടിവരുന്നതു.

3. പരേച്ഛ—മററുള്ളവരുടെ ഇഷ്ടം അനുസരിക്കാൻ വേണ്ടി മാത്രം അനുസരിക്കുന്ന പ്രാരബ്ധം.

പ്രാരബ്ധംഭുജിക്കുമ്പോൾ ചെയ്യുംകർമ്മത്തിൻ ഫലം
മാറിനിന്നിനിജ്ജന്മ ഹേതുവാകാത്തതും കേൾ,
ജ്ഞാനിയെപ്പഴിക്കുന്നോർ പാപത്തെയുമ്പതിക്കും,
മാനിച്ചുസത്തുക്കളുമെണ്ടാട്ടകം പുണ്യത്തെയും. 104

ജ്ഞാനികളെ നിന്ദിക്കുന്നവർ ജ്ഞാനികളുടെ പാപശേഷത്തെ അനുഭവിക്കുന്നു. നന്ദിക്കുന്നവർക്കു പുണ്യശേഷവും ലഭിക്കുന്നതിനാൽ ജ്ഞാനികൾ പാപപുണ്യങ്ങൾ അവശേഷിക്കാത്തവരായിത്തീർന്നു് പുനർജന്മം ഇല്ലാത്തവരായിത്തീരുന്നു.

ജ്ഞാനാഗ്നിയെരിച്ചിട്ടമവിദ്യോപാധിയെ,പ്പിൻ
പ്രാരബ്ധക്ഷയത്തിങ്കൽ സ്ഥൂലദേഹവും മായും,
ചാരത്തുലത്തിപ്പഴപ്പിച്ചകാരിരുമ്പുണ്ണും
നീരൊത്തു,മായും സൂക്ഷ്മം ബ്രഹ്മസ്വരൂപത്തിലും. 105

ജ്ഞാനോദയത്തോടുകൂടി അവിദ്യയാകുന്ന കാരണശരീരം ഒഴിയുമെന്നും പ്രാരബ്ധം അനുഭവിച്ചൊടുങ്ങുന്നതോടുകൂടി ഈ സ്ഥൂലദേഹവും ഒടുങ്ങുമെന്നും പിന്നീടു നില്ക്കപ്പെടുവതിയില്ലാതെയാവുന്ന സൂക്ഷ്മശരീരം ബ്രഹ്മത്തിന്റെ സ്വരൂപത്തിൽ ഒഴിയുമെന്നും പറയുന്നു.

കുടമാമുപാധിമാഞ്ഞാലാകാശമൊന്നാകുംപോ-
ലുടലാമുപാധിമായും നിമിഷം ജീവന്മുക്തൻ,
ആദിമധ്യാന്തമെന്ന്യേ,യകംപുറമററവനില്ലു-
മാദിയായ് വിദേഹകൈവല്യത്തിലിരുന്നീടും. 106

ഘടാകാശ മഹാകാശങ്ങൾ ഒന്നായിരുന്നാലും ഘടാകാശം ഘടമെന്ന ഉപാധിയാൽ വേറെയാണെന്നു തോന്നപ്പെടുന്നു കുടം ഉടഞ്ഞാൽ മഹാകാശം മാത്രമേയുള്ളൂ. അതുപോലെ ജീവന്മുക്തന്റെ അന്തഃകരണം അഴിഞ്ഞ അവസ്ഥയിൽ ചിദാഭാസൻ കൂടസ്ഥനെ നോക്കിയപ്പോൾ അതുവരെ സാക്ഷിയായിനിന്ന കൂടസ്ഥൻ സാക്ഷിത്വംവിട്ടു് ചിദാഭാസനുമായി ഐക്യം പ്രാപിച്ചു് ബ്രഹ്മമായിത്തീരുന്ന പദവിയാണുള്ളതു്. പക്ഷെ ബ്രഹ്മത്തിൽനിന്നും ഭേദമാക്കിത്തോന്നിപ്പിക്കുന്നതു് ഉപാധി മാത്രമാണു്. അതിനാലാണു് ഉപാധി ഒഴിഞ്ഞാൽ തൽക്ഷണം തന്നെ ബ്രഹ്മമായി വിളങ്ങുന്നതു്. കാലാതീതമായതിനാൽ ആദിമധ്യാന്തരഹിതവും അകംപുറമററതുമായ ഈ അവസ്ഥക്കു് വിദേഹകൈവല്യമുക്തി എന്നു പറയുന്നു. ജീവന്മുക്തൻ ഈ മുക്തി പ്രാപിക്കുന്നതു് ഉപാധി ഒഴിയുമ്പോഴായിരുന്നാലും ഈ പദവി ഉപാധിയുള്ളപ്പോഴും ഉണ്ടായിരിക്കും.

ഉദാ:— (ചിത്‌കിളിക്കണ്ണി)

"കടത്തിനാകായം കടമുടൈന്താലാവതുപോൽ
കടത്തോററന്താനീങ്കിത്തഴൈപ്പതെൻറു ചിത്‌കിളിയേ"

വിണ്ണൊന്നഖണ്ഡമെങ്ങുമുള്ളപ്പോൾ കുഴിതോണ്ടി
മണ്ണിലുൾതോന്നും പുത്തൻകൂപാകാശത്തെപ്പോലെ
ഇന്നനാദിബ്ബ്രഹ്മത്തെശ്ശാസ്ത്രങ്ങളിൽ കണ്ടെന്നു
തോന്നിയാലും നീയേകബ്രഹ്മമായിരുന്നീടൂ 107

ആകാശം എങ്ങും ഊടുരുവെ നിറഞ്ഞിരിക്കവെ ഭൂമിയിൽ കുഴികൾ തോണ്ടിയാൽ കാണാവുന്ന കൂപാകാശങ്ങൾ പുതുതായുത്ഭവിച്ചതു പോലിരിക്കുന്നതിനാൽ ഏകമായിരിക്കുന്ന പരിപൂർണ്ണ

ബ്രഹ്മസ്വരൂപം എങ്ങും നിറഞ്ഞിരിക്കവെ ശാസ്ത്രഗവേഷണങ്ങളാലും മററും നൂതനമായി ബ്രഹ്മസ്വരൂപം ഉണ്ടായതുപോലെ തോന്നും. അനുഭവക്കുറവാണിതിന്നു കാരണം. അതിനാൽ നാം എപ്പോഴും ഏകമചൈതന്യവസ്തുവാണെന്നുണർന്നിരിക്കുക.

കാനലിൽകണ്ടനീരും ശുക്തിയിൽകണ്ടവെള്ളി,
കനവിൽ കണ്ടനാട്ടും ഗന്ധർവ്വപുരം, പിന്നെ
ആകാശവണ്ണം, പാശത്തിൽപാമ്പു, വന്ധ്യാപുത്രൻ,
നീകാണും മുയൽക്കൊമ്പും കുററിയിൽകള്ളനംപോൽ
ഇപ്രപഞ്ചവും മിഥ്യ, സത്യമോ ബ്രഹ്മജ്ഞാനം
സൽപുത്രാ! നീയുംനിന്നെ,യെന്നാണെ,മറക്കാതേ. 108

മരുഭൂമിയിൽ സൂര്യപ്രകാശം തിളങ്ങിക്കണ്ടതിനെ ജലമെന്നും ചിപ്പിയുടെ തിളക്കം കണ്ടിട്ട് അതു വെള്ളിയാണെന്നും സ്വപ്നത്തിൽ ദർശിച്ച നാട്ടും ഗന്ധർവ്വപട്ടണവും സത്യമാണെന്നും ആകാശത്തിൽ തോന്നിയനിറം ആകാശത്തിൻേറതാണെന്നും കയറിനെ പാമ്പാണെന്നും കുററിയെ ഇരുട്ടത്തു കണ്ടിട്ടു അതു കള്ളനാണെന്നും മുയലിൻെറ ചെവിയെ കൊമ്പാണെന്നും വന്ധ്യാപുത്രൻ മരിച്ചുപോയി എന്നും തെററിദ്ധരിക്കുന്നപോലെ ബ്രഹ്മവസ്തുവിൽ വെറും ആരോപം മാത്രമായ ഈ ജഗത്തും സത്യമാണെന്നു തെററിദ്ധരിക്കുന്നു. മുൻപറഞ്ഞ ഉദാഹരണങ്ങളിൽ ക്രമത്തിനു് ജലം, വെള്ളി, നാട്ട്, നഗരം, നിറം, പാമ്പ്, വന്ധ്യാപുത്രൻ, മുയൽക്കൊമ്പു, കള്ളൻ ഇത്യാദി എപ്രകാരം നാം ഇല്ലാത്തവയാണെന്നറിയുന്നുവോ അതുപോലെ ഈ ജഗത്തും ഇല്ലേ ഇല്ല എന്നറിഞ്ഞിരിക്കണം.

ബ്രഹ്മജ്ഞാനം ഒന്നുമാത്രമാണു് കാലാതീതമായ സത്യം. ബ്രഹ്മം താൻ തന്നെയുമാണു്. അതിനാൽ നീ എപ്പോഴും നിൻെറ നിത്യസത്യവും സുഖസ്വരൂപവുമായ ബ്രഹ്മത്തെ വിട്ടു പിരിയാതിരിക്കൂ.

സന്ദേഹനിവൃത്തി പടലം

ജീവാത്മാവിന്റെ സ്വന്തം ആദിബ്രഹ്മസ്വരൂപത്തെപ്പററി ബോധമുദിച്ചാലും ആ ബോധത്തിന് പൂർവ്വവാസനാവശാൽ ഇളക്കം തട്ടിയെന്നുവരും. അതിനാൽ ഗുരൂപദേശവശാൽ ഏർപ്പെട്ട സ്വസ്വരൂപജ്ഞാനം ദൃഢപ്പെടാനായി സന്ദേഹനിവൃത്തിയെ വീണ്ടും ഉപദേശിക്കുന്നു. (തത്ത്വബോധപടലം 7-ാം പദ്യം നോക്കുക.)

ഊഴിയിൽകുഴിതോണ്ടിനാട്ടിയതൂണാടാതെ
യാഴമായ്ക്കുത്തിക്കുത്തിയുറപ്പിച്ചീടുംപോലെ,
ബ്രഹമ്മാംസ്വരൂപത്തിൽപററിയമനോവൃത്തി
തന്മയമാവാൻചൊല്ലാംസന്ദേഹനിവൃത്തിയും. 1

എണ്ണയിരുന്ന കുപ്പിയിൽ, എണ്ണയെ മാററിയാലും, എണ്ണമയം മാറാതിരിക്കും. അതു വിഷയങ്ങളെ വഹിച്ചുകൊണ്ടിരുന്ന മനസ്സിൽ നിന്നും വിഷയങ്ങളെ നിവർത്തിച്ചാലും വിഷയവാസന മാറാതിരിക്കും. ഇതു മോചനമാകുന്നില്ല. ഇനി മനസ്സുമായുന്നിടത്തു ജീവബോധം എഴുമ്പിനില്ലും. അതും മോചനമല്ല. ജീവബോധം നീങ്ങിസുഖംതോന്നിയയിടത്തു തോന്നുന്നുവെന്ന കാരണത്താൽ മോചനമാകുന്നില്ല. ഈ തോന്നൽമാഞ്ഞാൽ ഞാൻ പൂർണ്ണനാണെന്ന വാസനാവിശേഷം അവശേഷിക്കുന്നു. അതിനാൽ താൻ ഇപ്പോൾ പൂർണ്ണനായി എന്നാകാതെ പൂർണ്ണനായിരിക്കുന്നതാണു മോചനം. ഇതിലേക്കു ഈശ്വരസങ്കല്പത്തോടുകൂടി ജീവസങ്കല്പം സ്വയം ചേർന്നൊടുക്കുന്നതാണു മോചനം.

അതിനാൽ 'ബ്രഹ്മമാം സ്വരൂപത്തിൽ പററിയ മനോവൃത്തി (ബ്രഹ്മമായിട്ട്) തന്മയമാവാൻ' എന്നു പറഞ്ഞു.

തൻബൃഹത്ജ്ഞാനസ്വരൂപംവാച്ചുനിന്നോനായി,
വൻഭൂതവികാരംതൊട്ട്, 'മക്കടന്യായം'പോലെ,
നിഗ്ഗുണവിദേഹകൈവല്യപര്യന്തംചൊന്ന
സത്ഗുരുവിന്നൊപ്പററിത്തന്നെനിന്നാനാശിഷ്യൻ. 2

തൻബൃ ......നായി–ശിഷ്യൻവീണ്ടും ഗുരുവിൻെറ ജ്ഞാനോപദേശം കേൾക്കാനായി ജ്ഞാനമേ സ്വരൂപമായ സ്വസ്വരൂപത്തിൽ (ദേഹബോധംവിട്ട്) നിന്നു. ഈ സത്യസ്വരൂപം അത്യന്തം ബൃഹത്തുമാണു്.

മർക്കടന്യായം—കുട്ടിക്കുരങ്ങു തൻെറ തള്ളയെ വിടാതെ അള്ളിപ്പിടിച്ചുകൊള്ളുന്ന ശീലം.

വൻഭൂ........തൊട്ടു്—പഞ്ചഭൂതങ്ങളുടെ ഉല്പത്തിമുതൽ

നിർഗ്ഗുണ ...... ര്യന്തം— നിഗ്ഗുണാത്മകമായ വിദേഹകൈവല്യമുക്തിവരെ

സത്ഗു........ശിഷ്യൻ—മോക്ഷം ഉപദേശിച്ച ഗുരുവിൻെറ മൊഴികളിൽ ശിഷ്യൻ ഉത്തശ്രദ്ധാനായി, ഏകാഗ്രതയോടെനിന്നു.

ആളിനെച്ഛായപോലെയെപ്പോഴും ഗുരുവിൻെറ
താളിണപിരിയാത്തശിഷ്യനെനോക്കിക്കേട്ടൊൻ;
ചൊല്ലു,നീജീവസാക്ഷിമാത്രമായ്നിന്നോ? മാഞ്ഞോ
കില്ലുക,ളനുഭൂതിക്കന്തരംഭവിച്ചായോ? 3

1) ചൊല്ലു, നീ........നായോ?— നീ തനി കൂടസ്ഥസ്വരൂപം മാത്രമാണെന്നറിഞ്ഞു് ആ അനുഭവത്തിൽ തന്നെ നില്ക്കുന്നുണ്ടോ?

2) മാഞ്ഞോകില്ലുകൾ—സംശയങ്ങളെല്ലാം നിവത്തിച്ചോ,

3) അനുഭൂ........ച്ചായോ?—ഈ അനുഭവത്തിനു് എപ്പോഴെങ്കിലും വിഘ്നങ്ങൾ സംഭവിച്ചിട്ടുണ്ടോ?

ഈവിധമമ്പാൽചോദിച്ചരുളുംദേശികൻതൻ
ചേവടിയിണകുമ്പിട്ടുത്തരമുരചെയ്താൻ;
എൻപിറപ്പാംവൻകാട്ടിൽമോഹാന്ധകാരംകൂട്ടും
വൻഭേദബ്ഭ്രാന്തിയൊന്നു,മെൻഗുരോ! ജ്ഞാനരാട്ടേ!
നിന്നുടെയരുളാകുന്നോരുദയാചലംവീശും
നിന്നുപദേശാർക്കന്റെവിജ്ഞാനകിരണങ്ങൾ
എന്മനക്കണ്ണിൽപ്രകാശിക്കുംമട്ടുദിച്ചെങ്ങും
നിന്മോഹതമംപരന്നാൽപിന്നെയെങ്ങുണ്ടായിടും? 4

ഗുരു (മുൻ ൩-ാംപദ്യത്തിൽ) നടത്തിയ മൂന്നന്വേഷണങ്ങൾക്കും ശിഷ്യൻസമാധാനം പറയുന്നു:-

1) നിന്റെ അരുൾപ്രകാശം എനിക്കു സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്നു.

2) നിന്റെ അരുളുപദേശമാകുന്ന ജ്ഞാനാർക്കകിരണങ്ങളാൽ എന്റെ ഭ്രാന്തിവിട്ടു നീങ്ങിയിട്ടുണ്ടു്.

3) നിന്റെ ഉപദേശത്തിനാൽ പ്രകാശിച്ച സ്വസ്വരൂപജ്ഞാനം എനിക്കു പ്രത്യക്ഷാനുഭൂതിയെത്തരുന്നുണ്ടു്.

മാന്ത്രികൻമാററവുന്നോരം പേയൊഴിഞ്ഞാലും പിന്നെ
യന്ത്രത്തെക്കെട്ടിമേൽവന്നിടാതെചെയ്യുമ്പോലെ,
നിന്നുടെയുപദേശത്താൽമോഹമററകന്നാലു-
മന്നിലയുറച്ചിരിക്കാനിന്നിയുമോതു, പോററി! 5

ബ്രഹ്മസാക്ഷാത്ക്കാരം അനുഭവമായ ഒരു ജ്ഞാനിയേ ഇനിയൊരു മുമുക്ഷുവിനെ ഉപദേശിക്കാൻ പ്രാപ്തനാകുന്നുള്ളു എന്നു മുമ്പു പറഞ്ഞിട്ടുണ്ടു്. ഈ വൈഭവമുള്ള ഗുരു ഉപദേശിച്ചു് അപരോക്ഷജ്ഞാനം കൈവന്ന ശിഷ്യനും തന്റെ സഹജാനുഭൂതിക്കു കേവലസകളങ്ങൾ തടസ്സങ്ങളായി നില്ക്കുമെന്നുള്ളതിനാൽ കൈവന്ന സാക്ഷാത്ക്കാരം ദൃഢപ്പെടേണ്ടിയുണ്ടു്. ഇതിനും ഗുരു

സഹായം ഒന്നു ശരണമായതിനാൽ ശിഷ്യൻ അതിനും പ്രാൎത്ഥിക്കുകയാണു്.

ആഗമപ്രമാണത്താലറിയു, വാക്കിനെത്താ-
തേകമാംബ്രഹ്മമുള്ള,തുള്ളത്താലുണരുഎന്നും
കന്മഷചിത്തംതീണ്ടാസ്വയംജ്യോതിയെന്നുംചൊന്ന
നിന്മൊഴികേട്ടുദിച്ചശങ്കകൾരണ്ടുംമാററു. 6

ആഗമ...... ബ്രഹ്മം—മഹാവാക്യ (അസിപദ) ലക്ഷ്യാൎത്ഥത്തെ വിചാരണ ചെയ്തറിയേണ്ടതാണു് ബ്രഹ്മം. വാചകാൎത്ഥത്തിൽക്കൂടി അറിയാൻ കഴിയുകയില്ല.

ഉള്ളത്താ ....ജ്യോതി—ഉള്ളത്തിൽ അനുഭവിക്കേണ്ടതാണു്. മലിന ഹൃദയത്തിൽ സ്വയം ജ്യോതിയായിരുന്നാലും ബ്രഹ്മം പ്രകാശിക്കുകയില്ല.

നിന്മൊഴി......രണ്ടും—നീ അരുളിച്ചെയ്തതനുസരിച്ചു് വേദവാക്യങ്ങൾക്കും കന്മഷ ഹൃദയത്തിനും ബ്രഹ്മം എത്തുപെടാത്തതാണെന്നും മഹാവാക്യലക്ഷ്യാൎത്ഥപ്പൊരുളിനും ശുദ്ധഹൃദയത്തിനുംമാത്രം എത്തുപെടുന്നതാണെന്നും രണ്ടു ന്യായങ്ങൾ എടുത്തു പ്രസ്താവിച്ചുകേട്ടുണ്ടായ സംശയങ്ങൾരണ്ടും.

വസ്തുനിൎണ്ണയമാകാമറ്റുമുപ്രമാണത്താൽ
പ്രത്യക്ഷവിഷയം ഭൂതകാരണമാകയാലെ;
കുററമാം ഗുണം ബ്രഹ്മത്തിങ്കലില്ലായ്കയാൽ പിൻ
പറ്റുകയില്ല,വാക്കാൽ,വൎണ്ണിപ്പതിന്നുമോൎക്കുക. 7

വസ്തുനി......കയാലേ—പ്രത്യക്ഷം, അനുമാനം, ഉപമാനം എന്നീമൂന്നു പ്രമാണങ്ങളാൽ ബ്രഹ്മസ്വരൂപത്തെ നിശ്ചയിക്കാൻ സാദ്ധ്യമല്ല. കാരണം കൺമുമ്പിൽ പ്രത്യക്ഷമായിനില്ക്കുന്ന വിഷയങ്ങളെല്ലാം പഞ്ചഭൂതവികാരങ്ങൾമാത്രമാണു്. പഞ്ചഭൂതങ്ങൾ കാരണഭാവത്തിലും വിഷയങ്ങൾ കാൎയ്യഭാവത്തിലും നിന്നു് ദ്വൈതപ്രതീതിയെത്തരുന്നു.

കുററമാം........പ്പതിന്നും—ബ്രഹ്മവസ്തു ശുദ്ധനിർഗ്ഗുണമായതിനാൽ ഗുണവിശേഷങ്ങളെ വർണ്ണിച്ചു അതിനെ കാണിക്കുന്നതിനസാദ്ധ്യമല്ല. അതിനാൽ വേദമഹാവാക്യങ്ങൾക്കും അതീതമായി നില്ക്കുന്നു.

ബ്രഹ്മസ്വരൂപംവാക്യാതീതമെന്നോതുംവേദ-
മമ്മഹാവാക്യാർത്ഥത്താൽബ്രഹ്മത്തെക്കാട്ടിയല്ലോ;
വാക്യമീരണ്ടിലുംപ്രമാണമേതെന്നുകേട്ടാൽ
വാക്യങ്ങൾരണ്ടുംമെയ്യേ,പൊയ്യുരച്ചീടാവേദം. 8

ഗുണവിശേഷം ഉണ്ടെങ്കിൽ അതിനെ വർണ്ണിക്കാനെ വാക്കുകൾക്കു കഴിവുള്ളൂ. ബ്രഹ്മസ്വരൂപം നിർഗ്ഗുണമായതിനാൽ അതിനെ കാണിക്കാൻ വാക്കുകൾക്കു കഴിവില്ല എന്നു വേദം പറയുന്നതും സത്യം. എന്നാൽ മഹാവാക്യങ്ങളുടെ വാചകാർത്ഥത്തെ തള്ളിയിട്ടു് (അസിപദ) ലക്ഷ്യാർത്ഥത്തെ വിചാരണ ചെയ്യുന്ന പക്ഷം ബ്രഹ്മസ്വരൂപം വെളിപ്പെട്ടുമെന്നതിനാൽ വേദങ്ങൾ അതും പറയുന്നു. അതും സത്യമാണു്. ഒരിക്കലും വേദം തെറ്റായിട്ടു വരുകയില്ല.

ഇനി വേദം ബ്രഹ്മസ്വരൂപത്തെ കാണിക്കാതെ കാണിക്കുന്നതെങ്ങനെയെന്നും പറയുന്നു.

തൻപതിയല്ലാതോരെക്കേൾക്കുമ്പോ,ളല്ല,ല്ലെന്നി-
ട്ട,മ്പനെക്കേട്ടാൽനാണിച്ചുംഗന്നമൗനംകൊള്ളും;
എന്നപോലിതല്ല,ല്ലെ,ന്നൊക്കെയുംനീക്കി,ശേഷി-
ച്ചൊന്നൊന്നാബ്രഹ്മത്തിന്നെച്ചൊല്ലാതെചൊല്ലുംവേദം. 9

ധാരാളമാളുകൾ കൂടിയുള്ളിടത്തു് ഒരു സ്ത്രീയോടു് അവളുടെ ഭർത്താവാരാണെന്നു് ഓരോരുത്തരെ ചൂണ്ടിക്കാണിച്ചു ചോദിച്ചാൽ തന്റെ ഭർത്താവിനെ ചൂണ്ടിക്കാണിക്കുന്നതുവരെ 'അല്ലാ' അല്ലാ എന്നുപറയും. എന്നാൽ ഭർത്താവിനെച്ചൂണ്ടിക്കുമ്പോൾ ഒന്നും മിണ്ടുകയില്ല. അവിടെ ആ സ്ത്രീ തന്റെ മൗനത്തിൽക്കൂടി, 'ഇതെന്റെ ഭർത്താവാകുന്നു' എന്നു നിരങ്കുശമായി ഉത്ഘോഷിക്കു

കയത്രേ ചെയ്യുന്നതു്. സ്ത്രീ 'ഇതെന്റെ ഭർത്താവല്ല' എന്നു പറയുന്നതൊക്കെയും അവളുടെ ഭർത്താവിന്റെ സ്വരൂപത്തിനു വിശേഷണമായി പരിണമിക്കുന്നപോലെ വേദങ്ങളിൽ പറഞ്ഞിട്ടുള്ളതെല്ലാവും (ഓം ഇത്യേകാക്ഷരം ബ്രഹ്മം എന്നതുൾപ്പെടെ) ബ്രഹ്മസ്വരൂപലക്ഷണങ്ങളാണു്. ഇപ്രകാരം ബ്രഹ്മത്തെ വർണ്ണിക്കുന്നതിനുവേണ്ടി ബ്രഹ്മമല്ലാത്ത ബ്രഹ്മസ്വരൂപലക്ഷണങ്ങളെ പ്രതിപാദിച്ചിട്ടുണ്ടു്. ഇങ്ങനെ അശക്യമായ ബ്രഹ്മവർണ്ണന ബ്രഹ്മമാകാത്ത ലക്ഷണങ്ങളുടെ വർണ്ണനകൊണ്ടു സാധിച്ചിരിക്കുന്നതിനാൽ 'ബ്രഹ്മത്തിനെച്ചൊല്ലാതെ ചൊല്ലുംവേദം' എന്നു പറഞ്ഞിരിക്കുന്നു. ബ്രഹ്മം അനുഭവത്തിനുമാത്രം വിധേയമായി നില്ക്കുന്നതെന്നുസാരം.

സച്ചിദാനന്ദസ്വരൂപമായ പരബ്രഹ്മം തനിക്കന്യമല്ലാതെ താനായിട്ടുപ്രകാശിക്കുന്നു. എന്നു് അപവാദതന്ത്രരൂപേണ വെളിപ്പെടുത്തുകയാണു് ശ്രുതികൾചെയ്യുന്നതു്.

ആദ്യത്തെശ്ശങ്കതീരാൻ ചൊന്നതുഗ്രഹിക്കുനീ
ഹൃദ്യമായ്,പിന്നുള്ളതിന്നുത്തരമിനികേൾക്കു;
ഇന്ദ്രിയനാഥനന്തഃകരണത്തിന്റെവൃത്തി,
ബുദ്ധിയുംമനവു,മുള്ളുംപുറവുമായുലാവിയാടും. 10

ആദ്യത്തെ ശങ്ക -6-ാംപദ്യത്തിൽ 'വാക്കിനെത്താനേകമാം ബ്രഹ്മം' എന്നതു ശരിയാണെങ്കിൽ ബ്രഹ്മത്തെ കഥിക്കുന്ന വേദവാക്യങ്ങൾ കള്ളമായിത്തീരുമല്ലോ എന്ന (ശിഷ്യന്റെ) സംശയം.

പിന്നുള്ളതു്—'കന്മഷചിത്തം തീണ്ടാ സ്വയംജ്യോതി'യെ 'ഉള്ളത്താലുണരു' എന്നു വിരോധമായി പറഞ്ഞതിനാലുള്ള സംശയം.

ഇന്ദ്രിയനാഥനന്തഃകരണം—എല്ലാ ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്നതു് അന്തഃകരണമാകുന്നു.

വൃത്തി.......യാട്ടം—അന്തഃകരണത്തിന് നിർവൃത്തിസ്വരൂപമില്ല. വൃത്തിസ്വരൂപമേയുള്ളു. ഈ വൃത്തിസ്വരൂപം ബുദ്ധി, മനസ്സ് എന്നു രണ്ടായി പിരിഞ്ഞുനില്ക്കുന്നു. വൃത്തിയാകട്ടേ പുറത്തോട്ടും അകത്തോട്ടുമായി ഉല്ലാസഗമനം നടത്തിക്കൊണ്ടിരിക്കുകയുമാണു്.

ഈ വൃത്തികളെ ബാഹ്യവൃത്തി, ആന്തരവൃത്തിയെന്നും പറയുന്നു. ഇവയെ മേൽപ്രതിപാദിക്കുന്നുണ്ടു്.

നിന്മുഖംപോൽകണ്ണാടിക്കുൾമുഖംകണ്ടതൊപ്പം
ചിന്മയചരായതോന്നും, ബുദ്ധിയിൽ, ചിത്തിനെപ്പോൽ;
നിന്മുഖപ്രതിബിംബംരസത്തിൻവൈഭവത്താൽ
തന്മുഖബിംബത്തെത്താൻതിരിഞ്ഞുകാണുമ്പോലെ,
ചിന്മയചരായയാകുംനിന്മനോവൃത്തി,ട്ടക്കായ്,
തന്മാർഗ്ഗമായുലാവുംതന്മതാൻ,വത്സാ!ജ്ഞാനം. 11

ഇതു് സാക്ഷാത്ക്കാര പദ്യമാകുന്നു

നിന്മുഖം.......തെപ്പോൽ—കണ്ണാടിനോക്കിയപ്പോൾ, നോക്കിയ, ബിംബമുഖത്തെപ്പോലെതന്നെ, കണ്ണാടിയ്ക്കുള്ളിലെ, പ്രതിബിംബമുഖവും കാണപ്പെട്ടതുപോലെ.

ചിന്മയ.......നെപ്പോൽ—ചിത്താകുന്ന ബിംബവസ്തു ബുദ്ധിയിൽക്കൂടി പ്രകാശിക്കുമ്പോൾ ചിത്സ്വരൂപചരായ പ്രതിബിംബമെന്നോണം തോന്നപ്പെടുന്നു. ചിത്തും ചിന്മയരൂപചരായയും കാഴ്ചയിൽ ഒന്നുപോലെ തന്നെയിരിക്കും. നിശ്ചഞ്ചലവും ബൃഹത്തുമായ ബുദ്ധിയിൽ ചൈതന്യസ്വരൂപത്തിന്റെ നിഴൽ ചൈതന്യപ്രകാശത്തോടുകൂടിത്തന്നെ ഉണ്ടാകുന്നു.

നിന്മുഖ.......കാണുമ്പോലെ—രസം പൂശാത്ത കണ്ണാടിയിൽ ബിംബമുഖചരായ കണ്ണാടിയിൽ തടഞ്ഞു നിറുത്തപ്പെടാതെ ബഹിർമ്മുഖമായിപാഞ്ഞു് വിഷയങ്ങളെകാണുന്നു. രസംപൂശിയ കണ്ണാടിയിലാണെങ്കിൽ ബിംബമുഖചരായ രസംപൂശിയതിനാലേർപ്പെട്ട തടസ്സംകാരണം വെളിയിലോട്ടുപോകാതെ തിരിയെ

(വന്ന വഴിയേ) ബിംബമുഖത്തിലോട്ടുപോകുന്നു. അപ്രകാരം ബിംബം പ്രതിബിംബത്തെ നോക്കുന്നതുപോലെ പ്രതിബിംബം ബിംബത്തെ നോക്കുന്നതായും തോന്നുന്നതുപോലെ.

ചിന്മയ........ജ്ഞാനം—ചിത്സ്വരൂപച്ഛായയെ ചിദാഭാസൻ എന്നു പറയുന്നു, ഈ ചിദാഭാസൻ വൃത്തിരൂപത്തിൽനില്ക്കുന്ന അവസരത്തിൽ അതിനെ മനസ്സെന്നുപറയും. ദ്രഷ്ടാവ്, ദൃശ്യം, അതായതു് നോക്കുക, കാണപ്പെടുക എന്ന ഭേദംമാഞ്ഞു് (സാക്ഷിരൂപത്തിൽ) അറിയുന്നു എന്നുമാത്രമുള്ള അവസ്ഥയിൽ ചിദാഭാസനെ ദൃക്ക് എന്നുപറയുന്നു. തന്മാർഗ്ഗമായ്, എന്നതു് ചിന്മയച്ഛായ വന്നവഴിയെ സൂചിപ്പിക്കുന്നു. പ്രതിബിംബം വന്നതു് ബിംബത്തിൽ നിന്നുമാണെന്നതുപോലെ ചിന്മയച്ഛായയ്ക്കു് ചത്തും മാർഗ്ഗ (കാരണ) മായി നില്ക്കുന്നു. പ്രതിബിംബം അതിന്റെ മൂലകാരണമായ ബിംബത്തെമാത്രം നോക്കിയിരിക്കുന്നതുപോലെ ചിദാഭാസനും തനിക്കാധാരമായ കൂടസ്ഥനെത്തന്നെ നോക്കിനില്ക്കുന്ന (അറിഞ്ഞുകൊണ്ടിരിക്കുന്ന) അവസ്ഥയ്ക്കു് ജ്ഞാനം എന്നു പറയുന്നു. ചൈതന്യപ്രതിബിംബം ബിംബത്തെബാധിച്ചു് ബിംബമായിത്തന്നെ (ദ്രഷ്ടാവായിത്തന്നെ) സ്വയം കണ്ടറിഞ്ഞു് എല്ലാ ദൃശ്യങ്ങളേയും സ്വന്തം അസ്തിത്വത്തിൽ അടക്കിനിന്നുശോഭിക്കുന്നു.

സ്വച്ഛമായ കണ്ണാടിയിൽക്കൂടി നിർഗ്ഗളിക്കുന്ന രശ്മികൾ നമ്മുടെ മുഖത്തുതട്ടി അതിന്റെ പ്രതിബിംബത്തെ വഹിക്കുന്നു. പ്രതിബിംബം കണ്ണാടിയെ അകത്തോ പുറത്തോ തൊട്ടിരിക്കുന്നില്ല. കണ്ണാടിയെ നോക്കുന്നതോടുകൂടി അതിൽ പ്രതിബിംബിക്കുന്നതും താനും ഒന്നുതന്നെ എന്നു സംശയരഹിതമായറിയുന്നു. കണ്ണാടിയെപ്പോലെ അന്തഃകരണം അതിസ്വച്ഛമായതുകൊണ്ടു് ചൈതന്യത്തിന്റെ പ്രതിബിംബമായ ചിദാഭാസനെ വഹിക്കുന്നു. കണ്ണാടിയായി നില്ക്കുന്ന അന്തഃകരണത്തിൽ അതിനു

നടുനിലയായിനില്ക്കുന്ന ബുദ്ധിയിൽ ഏർപ്പെട്ട ഗുരുവാക്യശ്രവണമാകുന്നരസം പൂശുമ്പോൾ തന്നിൽ നിന്നന്യമായി ഏർപ്പെടുന്ന വൃത്തികൾ ആന്തരവൃത്തിയായി പരിണമിച്ച്, അതായത് വിദ്യാരൂപവൃത്തിയായി ഭവിച്ച്, തന്റെ സ്വരൂപത്തെ കാണിച്ചുതരുന്നു. ഈ 'തന്മ' (അവസ്ഥാവിശേഷം) തന്നെയാണ് നിർഭരവും ശീതളകോമള, ശാന്തഗംഭീരവുമായ ജ്ഞാനം.

താൻ ബാക്കിയുള്ളവരുടെ മുഖത്തെ കാണുന്നു. ആ കഴിവ് ഇന്ദ്രിയങ്ങൾക്കുണ്ട്. എന്നാൽ തന്റെ മുഖത്തെ കാണണം. അതിന്നു കണ്ണാടി സഹായിക്കുന്നു. സംശയനിവൃത്തിവരണം. സംശയനിവൃത്തിവന്നാൽ പിന്നെ കണ്ണാടിയുടെ ആവശ്യമില്ലാതാവുന്നു. അതായത് ബിംബപ്രകാശവും പ്രതിബിംബപ്രകാശവും ഏകോപിച്ച് ഏർപ്പെടുന്ന വൃത്തി മുഴുവനും വിളങ്ങി ബിംബമുഖത്തെ പ്രകാശിപ്പിക്കുകയും തദ്വാരാ ബിംബമുഖത്തിൽ തന്നെ പ്രതിബിംബമുഖം ബാധിച്ചപോലെ ഒരു കഴിവുവരുത്തി ബിംബമുഖം സ്വയം കാണപ്പെടുവാൻ ഒരു കഴിവു വരുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഈ വൃത്തി അന്തഃകരണത്തിന്റെ ഉള്ളിലും സാക്ഷിപ്രകാശത്താൽ പ്രകാശിച്ച് അറിവുമാറാക്കിച്ചെയ്യുന്നു. ബിംബമുഖവും പ്രതിബിംബമുഖവും ഏകകാലത്തു ഏകസ്ഥാനത്തുണ്ടാകുന്നു

ബിംബപ്രതിബിംബഭാവങ്ങളെ അവലംബിക്കാതെ അവസ്ഥാതീതനായി ദൃശ്യമെന്ന ചിന്മയാച്ഛയ തന്നെയായി ദ്രഷ്ടാവായിത്തീരുന്നു.

കണ്ണാടിനോക്കുമ്പോൾ കാണാവുന്ന ഇതരമുഖദർശനത്തിന്നു തന്റെ മുഖം സാക്ഷിയായും താൻ ദ്രഷ്ടാവായും ഇരിക്കുന്നു. ഇതരമുഖത്തെ വിട്ടിട്ട് തന്റെ മുഖത്തെത്തന്നെ താൻ നോക്കിക്കാണുന്നയവസരത്തിൽ തന്റെ പ്രതിബിംബവും താനും ഏകോ

പിച്ച് ദൃശ്യമേസ്വരൂപമായി, താൻ, ഇനി ഒന്നില്ലാത്ത ദ്രഷ്ടാവാ യിത്തീരുന്നു.

അന്തഃകരണവൃത്തി പ്രകാശമുള്ളതാണെങ്കിലും വൃത്തി എവിടെ ഉത്ഭവിക്കുന്നുവോ, അവിടെ അതു മടങ്ങിവരുന്നില്ല. എന്നാൽ ഗുരുമൊഴിയാകുന്ന രസം പൂശിയ അന്തഃകരണ ദർപ്പ ണത്തിലാകട്ടെ വൃത്തിപ്രകാശം മടങ്ങിവരുന്നു.

തന്റെ മുഖം നിർമ്മലമായ കണ്ണാടിയിൽ പ്രതിബിംബിച്ച നിമിഷംതന്നെ ആ പ്രതിബിംബം ബിംബമുഖത്തെ ബാധി ക്കുന്നു. സ്വന്തം മുഖത്തെത്തന്നെ സ്വയമേവ കാണുന്ന ഈ അവസ്ഥയിൽ, പിന്നെ, പ്രതിബിംബമോ കണ്ണാടിയോ (ആവശ്യം) ഇല്ലാതെയാവുന്നു. അതുപോലെ (സച്ചിദാനന്ദമാ കുന്ന, ബിംബ) ചിത്തിന്റെ ചൈതന്യപ്രതിബിംബം (അന്തഃ കരണത്തിന്റെ സ്വച്ഛമായി നില്ക്കുന്ന ഉപാധിയാകുന്ന) ബുദ്ധി യിൽ ചൈതന്യം (ബിംബം) തന്നെ എന്നവിധമേർപ്പെടുന്നു. ഇങ്ങനെ പ്രതിംബിബം ബിംബമായി, ചൈതന്യം മാത്രമായി ത്തീരുമ്പോൾ ബുദ്ധി എന്ന ഉപാധിതാനേ ഒഴിയുന്നു. ചൈ തന്യം ദൃക്കായി, അതായത് ദ്രഷ്ടാവിന്റെ ദൃക്കായി വർത്തിച്ചു എങ്ങും വ്യാപ്തമായി ഊടുരുവെ നിറഞ്ഞ വടിവിൽ വിലസുന്നു. ഇതുതന്നെയാണ് ജ്ഞാനസ്വരൂപം. ഇവിടെ ജഡചൈതന്യ ഭേദമില്ലാതെ ചൈതന്യംമെന്നായിത്തന്നെ സ്വസ്വരൂപം ഏർപ്പെടും.

A രസംപൂശിയകണ്ണാടി (ഗുരുശ്രവണത്താൽ ചിത്തനിരോധം സംഭവിച്ച അന്തഃകരണം)

B രസംപൂശാത്തകണ്ണാടി (സാധാരണക്കാരന്റെ അന്തഃകരണം).

A

മടങ്ങിവരുന്ന പ്ര: ബിംബപ്രകാശവും ബിംബപ്രകാശവു മദ്ധ്യമാർഗ്ഗത്തിൽ ഐക്യപ്പെട്ടു് ബിംബം ബിംബത്തെ കാണുന്നു.



B

ബിംബച്ഛായ കണ്ണാടിയിൽക്കൂടി ബഹിർഗ്ഗമനം ചെയ്തു് വിഷയങ്ങളെ കാണുന്നു.



ഇവിടെ കണ്ണാടിയെ വേദങ്ങളെന്നു കണക്കെടുക്കണം. സംശയനിവൃത്തിവന്നാൽ വേദങ്ങളും ആവശ്യമില്ല. അതുപോലെ തന്റെ സ്വരൂപത്തെ വേദമാകുന്ന ബുദ്ധികൊണ്ടു് ബോധപരമായനുഭവിച്ചാൽ ആ അവസ്ഥ എന്നന്നേയ്ക്കുമുള്ളതായിത്തീരുന്നു. കാര്യങ്ങളിൽ ഇരുന്നാലും അവയിൽ ചേർന്നുകൊടുക്കാതെ (കാരണത്തിൽക്കൂടി) അവയെ വീക്ഷിക്കണം.

ഉദാ: ഒരു പഞ്ചസാര നിറച്ച ചാക്കിൽനിന്നും ഒരുനുള്ളെടുത്തുതിന്നു മധുരം ആ ചാക്കുനിറയെ ഉണ്ടായിരിക്കുമല്ലോ;

അങ്ങനെ വ്യഷ്ടിമാധുര്യം കൊണ്ടു് സമഷ്ടി മാധുര്യത്തെ അറിയുക, ആസ്വാദിക്കുക.

ഉരുക്കിയചെമ്പിൻദ്രവം നാനാരൂപങ്ങളാംപോൽ
പരുത്ത,കവൃത്തി നാനാവിഷയങ്ങളായി മാറും;
കരുത്തൊടാഭാസൻ കാട്ടുമരുവിഷയങ്ങളെല്ലാം;
ഇരുട്ടിന്നർദീപം, കണ്ണു,മില്ലാതെ പണ്ടംകാണാ. 12

ഉരുക്കി.... ...പോൽ—ചെമ്പുരുക്കിയ ദ്രവം അച്ചുകളിൽ കൂടി വാർത്തെടുത്ത സാധനങ്ങൾ പല രൂപങ്ങളിലുമായിത്തീരുന്നതുപോലെ.

പരുത്ത........മാറും—അന്തഃകരണവികാരങ്ങളായ വൃത്തികൾ (ഘട, പടാദി) വിഷയങ്ങളായി പരിണമിക്കും.

അരു—രൂപമില്ലാത്തതു്.

കരുത്തൊ........ളെല്ലാം—അന്തഃകരണ ചിദാഭാസൻ വിഷയങ്ങളുടെ അരൂപാവസ്ഥയെ കാണിച്ചുനില്ക്കും. വിഷയങ്ങളുടെ അരൂപാവസ്ഥയും ചിദാഭാസന്റെ അവസ്ഥയും ഒന്നുതന്നെ. അന്തഃകരണവൃത്തിമൂലം ചിദാഭാസൻ രൂപപ്പെട്ടു് വിഷയങ്ങളായി കാണപ്പെടുകയാണു്. പലരൂപമുള്ള പാത്രങ്ങളായി രൂപാന്തരപ്പെടും മുമ്പു ഉരുക്കിയ ലോഹത്തിന്റെ ആ രൂപാവസ്ഥയാണു ചിദാഭാസനുള്ളതു്.

ഇരുട്ടി........കാണാ—ദീപം ഇരുട്ടിനെ മാററിയാലും ഇരുട്ടിൽ പെട്ടിരിക്കുന്ന വസ്തുക്കളെ കാണാൻ കണ്ണുണ്ടായിരിക്കണം. അതുപോലെ പ്രാണവൈഭവംകൊണ്ടു് അന്തഃകരണം ഇന്ദ്രിയദ്വാരാ വിഷയങ്ങളെ പ്രകാശിപ്പിച്ചാലും വിഷയജ്ഞാനം സാക്ഷിത്വംകൂടിയുള്ള ചിദാഭാസനാണു്.

(മുൻസൂച്ചുകൾകൂടി ചേർത്തു മനസ്സിലാക്കേണ്ടതാണു്)



അന്തഃകരണം കണ്ണാടിയെപ്പോലെ സ്വയം പ്രകാശകമായ ഒരു സ്ഥിതിവിശേഷമാണ്.

B ഇദംവൃത്തി— ചൈതന്യാഭാസൻ സ്വധർമ്മങ്ങളോടു കൂടിയ അന്തഃകരണത്തിൽ പ്രതിഫലിച്ച് അദ്ധർമ്മങ്ങളുടെ ഗുണങ്ങളെല്ലാം വഹിച്ചുകൊണ്ടു് ബഹിർമ്മുഖമായി നാമരൂപാദി വിഷയങ്ങളെ കാണുന്നു. അന്തഃകരണവിശിഷ്ടചൈതന്യമായ ജീവൻ

ഇപ്രകാരം വിഷയങ്ങളിൽപെട്ടു്, വ്യവഹാരിയായി, ജനിമൃതികൾ അനുഭവിക്കുന്നു.

A അഹംവൃത്തി—രസംപൂശിയ കണ്ണാടിയിലെ പ്രതിബിംബമെന്നോണം ഗുരുശ്രവണമേററു് നിരോധവന്ന അന്തഃകരണത്തിൽ മനസ്സു, ചിത്തം, അഹങ്കാരം മൂന്നും ഒഴിഞ്ഞു് നട്ടനിലയായ ബുദ്ധി അഖണ്ഡാകാര വ്യാപ്തിയിൽ, തൻെറ ബൃഹത്സ്വരൂപത്തെപ്പററി നിശ്ചയമുണ്ടായ നിശ്ചയാത്മികബുദ്ധിയായി, നില്ക്കുന്നു. ഈ അവസ്ഥയിൽ ചിദാഭാസൻ ഗോചരനായി ഭവിക്കുന്നു. ചിത്തനിരോധം സംഭവിച്ച അന്തഃകരണത്തിൻെറ കൂട്ടുകെട്ടിനു ഇനിസാദ്ധ്യമല്ലാത്തതിനാൽ ചിദാഭാസൻ തന്റെ ഉറവിടത്തേക്കു തിരിഞ്ഞുനോക്കുന്നു. അതുവരെ വിഷയബോധത്തിനു സാക്ഷിത്വം വഹിച്ചു നിന്നകൂടസ്ഥൻ (ചിദാഭാസൻെറ വിഷയബോധം ഒഴിഞ്ഞ അവസ്ഥയിൽ) ഇപ്പോൾ സാക്ഷിത്വമററു് കൂടസ്ഥൻ കൂടസ്ഥനായിനിന്നു് ചിദാഭാസനെയും നോക്കുന്നു. ഇതോടുകൂടി പ്രതിബിംബം ബിംബവുമായിട്ടെന്നപോലെ ചിദാഭാസൻ കൂടസ്ഥനുമായി ഐക്യപ്പെട്ടു് മോചിതനാവുന്നു. ഇതു് സ്വസ്വരൂപസാക്ഷാത്ക്കാരം.

ദീപവും കണ്ണുംവേണമിരുളിൽ പൊരുൾകാണാൻ
ദീപിക്കുംരവിയെക്കാണാൻകണ്ണൊന്നുമാത്രംപോരും;
ഇപ്രപഞ്ചത്തെക്കാണാൻ വൃത്തിയുംഫലവുംവേണ-
മപ്പരബ്രഹ്മംകാണാൻവൃത്തിയൊന്നത്രേപോരും. 18

ദീപവും ...... കാണാൻ—യഥാർത്ഥത്തിൽ എന്തിനെയും കാണുന്നതു ചിദാഭാസൻ (ദേഹാത്മപരമായി വർത്തിക്കുമ്പോൾ ജീവൻ) തന്നെയായിരുന്നാലും ഇദംവൃത്തികളിൽ ചിദാഭാസൻ സ്വന്തം വൈഭവംവിട്ടു് ഇന്ദ്രിയങ്ങളെ അപേക്ഷിച്ചു നില്ക്കുന്നതായിട്ടാകുന്നതിനാൽ വിഷയങ്ങളെ സ്വയമേവ ഒരിക്കലും കാണുന്നില്ല. കണ്ണുണ്ടായിരുന്നാലും കണ്ണിനു സ്വന്തമായി ഒരു സത്തയില്ലാത്തതിനാൽ ഇരുട്ടിനെ മാററിയിട്ടു് പ്രകാശിക്കാൻ കഴിയുന്നില്ല.

അതിനാൽ കണ്ണിനു പ്രകാശിക്കാൻ അഥവാ പ്രവർത്തിക്കാൻ വേറൊരു പ്രകാശമായ ദീപപ്രകാശം വേണ്ടിവരുന്നു.

ദീപിക്കും.......പോരും—കണ്ണു ജഡമാണെങ്കിലും ചിദാഭാസന്റെ സമ്പർക്കത്താൽ പ്രകാശമുള്ള ഇന്ദ്രിയമായിത്തീരുന്നു. സൂര്യപ്രകാശം കാണാൻ കണ്ണിനു സ്വയം സാധിക്കുന്നു.

ഇപ്രപ .. വേണം—ചിദാഭാസൻ ഇന്ദ്രിയദ്വാരാ ഇദംവൃത്തികളിൽ ഏർപ്പെടുമ്പോഴാണു വിഷയങ്ങളുടെ ജ്ഞാനമുണ്ടാകുന്നതു്. വിഷയങ്ങൾ എപ്പോഴും തമസ്സാവരണത്താൽ മറയപ്പെട്ടിരിക്കുകയുമാണു്. അതിനാൽ കാണുന്നതിനുമുമ്പു് ആവരണത്തെമാറ്റേണ്ടിയുമുണ്ടു്. അന്തഃകരണത്തിന്റെ വൃത്തിവ്യാപ്തികൊണ്ടുമാത്രം വിഷയങ്ങളെ (ഈ പ്രപഞ്ചത്തെ) കാണാൻ സാധിക്കുകയില്ലെന്നും ഫലവ്യാപ്തി, അതായതു് അന്തഃകരണവൃത്തികൊണ്ടുള്ള ഫലത്തിന്റെ വ്യാപ്തികൊണ്ടും കൂടിമാത്രമേ സാധിക്കുകയുള്ളൂ എന്നും പറയുന്നു. ഇവിടെ ഫലത്തിനു് ഏതാണ്ടു് ഇച്ഛ എന്നർത്ഥം പറയാം.

അപ്പര ... .. പോരും—അന്തഃകരണത്തിൽ മനസ്സു, ചിത്തം, അഹങ്കാരം എന്നീ മൂന്നു ധർമ്മങ്ങളും ക്ഷയിച്ചു്, നട്ടുനിലയായ ബുദ്ധിതെളിഞ്ഞു്, അതിനേർപ്പെടുന്ന അഖണ്ഡാകാരവൃത്തിയിൽ ബ്രഹ്മം (ചൈതന്യം) പ്രതിബിംബിക്കുമ്പോൾ ചിദാഭാസന്റെ അന്തർമ്മുഖവൃത്തിയിൽ കൂടസ്ഥനെ കാണുന്നു. അപ്പോൾ കൂടസ്ഥന്റെ അതുവരെയുള്ള സാക്ഷിത്വമററു് ബ്രഹ്മമായി പ്രകാശിക്കുന്നു. അതിനാൽ ബ്രഹ്മത്തെ അറിയാൻ (അന്തഃകരണത്തിന്റെ അഖണ്ഡാകാര) വൃത്തി ഒന്നുമാത്രം മതി എന്നു പറഞ്ഞു.

'വൃത്തിവ്യാപ്താനാം ഇല്ല ഫലവ്യാപ്തി' എന്ന പ്രക്രിയയെയാണു ഇവിടെ പ്രതിപാദിക്കുന്നതു്. ഫലവ്യാപ്തികൊണ്ടു് ബുദ്ധിബ്രഹ്മത്തെ പ്രകാശിപ്പിക്കുന്നില്ല. എന്നാൽ വൃത്തിവ്യാപ്തികൊണ്ടു പ്രകാശിപ്പിക്കുന്നു എന്നർത്ഥം.

വൃത്തിയും ഫലവും കാര്യരൂപങ്ങൾ തന്നെ. അന്തഃകരണം വൃത്തിപ്പെടുമ്പോൾ ഫലത്തിലോട്ടു നീങ്ങുന്നു. വൃത്തിസങ്കുചിതമാർഗ്ഗങ്ങളിൽക്കൂടി ഫലത്തിലേക്കും ഫലവ്യാപ്തിയിലേക്കും നീങ്ങുന്നു. വൃത്തികുട്ടസ്സാവുംതോറും ഫലം കൂടുതൽ വ്യാപ്തമാവുകയും ചെയ്യും.

പ്രകാശം അഥവാ ശുദ്ധബോധം ബ്രഹ്മത്തിൽ പൂർണ്ണമാണ്. അജ്ഞാനം നിമിത്തം ബ്രഹ്മത്തിൽ ആരോപിതമായ ബുദ്ധിയിൽ ചിദാഭാസൻ പ്രതിബിംബമായി. 'ഞാൻ' എന്ന കുട്ടസ്സായ അറിവ് എന്ന ഫലവുമുണ്ടായി. ആരോപിതബുദ്ധി ഈ പ്രതിബിംബപ്രകാശവുമായി ചേർന്നുനിന്നതിനാൽ ചിദാഭാസൻ 'എന്റെ അന്തഃകരണം' എന്ന കുട്ടസ്സായി, അറിവിൽപെട്ടു. 'ഞാൻ' എന്ന കുട്ടസ്സായ അറിവിനെ കുറച്ചുകൂടി കുട്ടസ്സാക്കി എന്ന ഫലം ഉണ്ടാക്കി. ഞാൻ എന്നറിവായ ഫലം 'എന്റെ അന്തഃകരണം' എന്നവിധം വ്യാപ്തമായി. അതായത് ബ്രഹ്മജ്ഞാനം എന്ന ഉറവിടത്തിൽനിന്നും ചിദാഭാസൻ മുഖേന കടെടുത്ത ജ്ഞാനം ബുദ്ധിയിൽ കുട്ടസ്സാക്കിയ 'ഞാൻ' എന്ന അറിവായി, എന്റെ അന്തഃകരണം എന്നൊന്നുകൂടി കുട്ടസ്സായി. എന്റെ മനസ്സ്, എന്റെ ഇന്ദ്രിയങ്ങൾ എന്നീവിധം ഫലവ്യാപ്തി നീണ്ടുനീണ്ടു പോവുകയും ചെയ്യുന്നു. ഇന്ദ്രിയദ്വാരാ അന്തഃകരണസ്പർശമുണ്ടായ ശുദ്ധജ്ഞാനം അഞ്ചു ശാഖകളായി വിഭജിക്കപ്പെട്ട് വിഷയജ്ഞാനമായി ദൂഷിക്കുന്നു. ശുദ്ധജ്ഞാനം വിഷയപദാർത്ഥങ്ങളുമായി ചേർന്നു; അതായത് പ്രിയരൂപമായ ശുദ്ധജ്ഞാനവും അപ്രിയമായ വിഷയവും വൃത്തിദ്വാരാ ചേർന്ന്, വിഷയജ്ഞാനം എന്ന സങ്കുചിതം അനുഭവപ്പെടുന്നു. ഈ താദാത്മ്യാവസ്ഥ, സഹജം, ഭ്രാന്തിജം, കർമ്മജം എന്നീ വിധങ്ങളിൽ വിഷയത്തിൽ പററി ഫലവ്യാപ്തിയിലേക്കുതന്നെ പ്രേരണ നൽകുന്നു. ജ്ഞാനം ഇങ്ങനെ അഞ്ചു ഇന്ദ്രിയമുളകളിൽക്കൂടി കുട്ടസ്സായ അറിവുകളായി, വിഷയസ്പർശികളായി, അനന്തം

എൻേറത്തുകളും പ്രിയങ്ങളുമായി താഴോട്ടൊഴുകി പാഴ്ക്കിണറുകളിലും കുണ്ടുകളിലും ചാലുകളിലും മരുഭൂമികളിലുമായി, ശൂന്യമായിപ്പോകുന്നു. താനായ അറിവിനെ വിത്തത്തിൽ ചേർത്തു കാരണം വിത്തം വിടേണ്ടിവന്നപ്പോൾ അതിൽ താദാത്മ്യപ്പെട്ടിരുന്ന താനായ അറിവും പോയി, മരിച്ചു എന്ന ഭാവവും ഉണ്ടായി. ശേഷിച്ചതു വിത്തവും അതിനെപ്പററിനിന്ന ആഗ്രഹവും. ഈ ശേഷിപ്പ് വീണ്ടും ഉല്പത്തിക്കു കാരണമാകുന്നു. വീണ്ടും സ്ഥിതി നാശങ്ങൾ തന്നെ.

നിരുപാധികവും ഏകവുമായിരുന്ന ജ്ഞാനം വിഷയജ്ഞാനങ്ങളായി, നാനാകോടികളായി വളന്നുള്ള ഫലവ്യാപ്തിമോഹത്തിൽ, താനേനശിച്ചുപോയി എന്നുള്ള തോന്നലിൽ അവസാനിക്കുന്നുവെന്നതത്രേ ഫലവ്യാപ്തിയുടെ ഫലം. അറിവുതാനാണെന്ന ജ്ഞാനത്തെ പുലത്താതെയിരുന്നാൽ ആഗ്രഹശേഷം എന്നതിൽ നിന്നും പുനരാവൃത്തിചംക്രമണത്തിൽ പെട്ടുകയും ഫലം. ഫലവ്യാപ്തിചെയ്യുന്ന വിശേഷം നിത്യാനന്ദ അറിവിനെ മേൽപ്രകാരം വിഷയ ഫലോന്മുഖമാക്കി നശിപ്പിക്കുകമാത്രമാണു്. വിഷയജ്ഞാനങ്ങളിൽനിന്നും വിഷയങ്ങളെമാററിച്ചെയ്താൽ ശേഷിക്കുന്ന ശുദ്ധജ്ഞാനം ഒഴുകിവന്ന വഴിയിൽനിന്നും മേല്പോട്ടുപോകുമ്പോൾ കാണാം ചിദാഭാസനെ. ബുദ്ധിയുടെ ചേർച്ചവിട്ടു് അതിനെ ഉപാധിമാത്രമാക്കി നില്ക്കുന്ന ചിദാഭാസനെ ജ്ഞാനത്തിൻെറ ഉറവിടമായി കണ്ടറിയുന്നു. അപ്പോൾ ചിദാഭാസൻ അറിയിച്ചു, പ്രകാശിപ്പിച്ചു സ്വയം സാക്ഷിയായിത്തന്നെ തെളിഞ്ഞുകാണപ്പെടുന്നു. ദൃശ്യങ്ങൾ ജഡമായിത്തീരുന്നു. ഈ ചിദാഭാസൻ തന്നെത്തന്നെ ഒന്നുകൂടി നോക്കിയപ്പോൾ താൻ സ്വയം കൂടസ്ഥനും, ബ്രഹ്മവുമായ ശുദ്ധ അറിവുമാത്രമാണെന്നും മനസ്സിലായി. അതു സദാപൂർണ്ണമാണെന്നും നിത്യാനന്ദമെന്നും മനസ്സിലായി. ഞാനെന്നൊന്നില്ല—ബ്രഹ്മമെന്നൊന്നു വേറില്ല.

ഞാനേ ഞാൻ എന്ന 'ഏകമേവാദ്വിതീയം' മാത്രമാണെന്നും മന സ്സിലാവുന്നു.

പഞ്ചേന്ദ്രിയദ്വാരാ കൂടസ്ഥായി നാനാത്വമായി വിഭജിക്ക പ്പെട്ടുകിടന്ന ജ്ഞാനം ഇപ്രകാരം ഉറവിടം അന്വേഷിച്ചു മേലോട്ടുപോകുമ്പോൾ ചിദാഭാസനു അഹം വൃത്തിയുണ്ടായി, അതു് അഖണ്ഡാകാരമായി, വൃത്തിവ്യാപ്തമായിത്തീരുന്നു. ആവ രണം ഈ വിധം ഭേദിക്കപ്പെട്ടപ്പോൾ സ്വയം പ്രകാശരൂപിയായ ബ്രഹ്മം സ്വപ്രകാശമായി വിളങ്ങുന്നതനുഭവമാകും. ഇപ്രകാരം വൃത്തിവ്യാപ്തിയിൽ ബുദ്ധിബ്രഹ്മത്തെ പ്രകാശിപ്പിക്കുമെന്നല്ലാതെ ഫലവ്യാപ്തിയായ ശബ്ദശക്തിവ്യാപ്തിയിൽ ബുദ്ധിബ്രഹ്മത്തെ പ്രകാശിപ്പിക്കുന്നില്ല എന്നും ഇതിനാൽ സിദ്ധമായി.

വൃത്തിയുംഫലവുംചേരുംവികാരമത്രേമനം;
വിത്തേഴുംവൃത്തിമാത്രമനസ്സിന്നെത്തുംബ്രഹ്മം
പാർത്തീട്ടു, ഫലോന്മുഖമാനസത്തിന്നു കാണാ-
നെത്തുന്നതില്ല, പുത്രാ! ശങ്കതീർത്തറിഞ്ഞാലും. 14

വൃത്തി—തന്റെ മുഖത്തെ കാണാനുള്ള യത്നം.
ഇവിടെ അന്തഃകരണവൃത്തിയെന്നർത്ഥം.

ഫലം—തന്റെ മുഖത്തെ കാണാനുള്ള ആഗ്രഹം.
ഇവിടെ ഇച്ഛാരൂപിയായ ചിദാഭാസൻ.

മനസ്സ്—വെറും സങ്കല്പം. സങ്കല്പംകൊണ്ടു് ഈ വ്യവഹാ രത്തിൽ കഴിഞ്ഞുകൂടുന്നു. അതോടുകൂടി ഇളക്കവും മറപ്പുമാകുന്ന വികാരമേർപ്പെടുന്നു.

വൃത്തിയും...... ബ്രഹ്മം—അന്തഃകരണം സ്വയം പ്രകാശവസ്തു വാണെങ്കിലും മനസ്സാദികളാൽ മലിനപ്പെട്ടിരിക്കുന്നു. മനസ്സും സ്വഭാവേന ഫലോന്മുഖമായി ബഹിർമ്മുഖമായി വർത്തിക്കുന്നു. മനസ്സിനു വൃത്തിരൂപമേയുള്ളൂ. ഈ വൃത്തി സ്വഭാവേന ചലനാ

ത്മകവുമാണ്. എന്നാൽ ചിത്തനിരോധം ഏർപ്പെടുന്നതോടു കൂടി മനസ്സു അന്തർമുഖവൃത്തിയിലാവും.

'വിരുത്തഴും വൃത്തി' അന്തർമുഖ വ്യാപാരത്തെയാണു സൂചിപ്പിക്കുന്നതു്. ഫലോന്മുഖമല്ലാത്തതിനാൽ വിഷയങ്ങളെ വിടുന്നു. ബഹിർമ്മുഖവൃത്തിയിലേ മനസ്സു ചലിക്കുന്നുള്ളു. അന്തർമുഖവൃത്തിയിൽ മനസ്സിനു ഒന്നും കാണാനില്ല. മിണ്ടാതെയിരുന്നാൽ മതി. മിണ്ടാതെയിരിക്കുന്നിടത്തു പരിപൂർണ്ണനിശ്ചലത്വം ഏർപ്പെടുന്നു. നിശ്ചഞ്ചലമായാൽ അതുവരെ ആരോപിക്കപ്പെട്ടിരുന്ന വ്യക്തിത്വം അററു് വ്യാപകമാകുന്നു. ആററിൽ ഒഴുകിചലിച്ചജലം കടലിൽ ചലനമററു വ്യാപകമായിപ്പോകുന്നപോലെ. ഇവിടെ മനസ്സിനു വൃത്തിയററകാരണം മനസ്സിന്റെ സ്വഭാവം ഒഴിഞ്ഞു് മനസ്സു് മനസ്സല്ലാതെയാവുന്നു. അവിടെ ആത്മാവു പ്രകാശിക്കുന്നതു കാണാം.

ഫലോന്മു.......ന്നതില്ല—വൃത്തി, ഉദ്ദേശരഹിതമായി, വൃത്തിമാത്രമെന്നിടത്തു അതു തന്റെ ഉറവിടത്തെ നിർന്നിമേഷമായി നോക്കിനില്ക്കും. നിശ്ചഞ്ചലവുമായിരിക്കും ഉദ്ദേശമുള്ളിടത്തു വൃത്തിബഹിർഗമനം ചെയ്യുന്നു. ഈ വൃത്തിയും ഉദ്ദേശവും മനസ്സിനല്ലാതാകയാൽ 'ഫലോന്മുഖമാനസം' എന്നു പറഞ്ഞു. ഇങ്ങനെ നാനാത്വങ്ങളിൽ പററിപ്പിടിച്ചു. തന്റെ ഉറവിടത്തിൽനിന്നും അകന്നകന്നു പോകുന്ന മനസ്സിന്നു അഥവാ സങ്കല്പാന്തരങ്ങൾക്കു ബ്രഹ്മം ഒരു കാലവും എത്തുപെട്ടതായിവരുകയില്ല. തത്ത്വബോധപടലം പ്രഥമപദ്യത്തിലും ആശകളാൽ മലിനപ്പെട്ടിരിക്കുന്ന മനസ്സിന്റെയും അപ്രകാരമല്ലാത്ത ശുദ്ധമാനസത്തിന്റെയും വ്യത്യാസത്തെ എടുത്തു പറയുന്നുണ്ടു്.

ഇതു് 6-ാംപദ്യത്തിൽ ശിഷ്യൻ ഉന്നയിക്കുന്ന രണ്ടാമത്തെ ശങ്കയ്ക്കു് സമാധാനമാണു്.

മററുദാഹരണങ്ങൾ:—

“തൂമണിക്കിളിയെച്ചൊരവരുന്നുള്ളകിളിയാകുമൊരു
ചിന്മണിക്കിളിയാ മനക്കിളിയെയപ്പിരിയച്ചെയ്ച്ചി-
ത്ക്കിളിയേ”

“മനന്താനേ വെകമുകത്തിൽ മയങ്കിവീരിതത്തുവമാം
മനന്താനേയകമുകത്തിൽ മലർവിളക്കാം ചിത്കിളിയേ”
(ചിത്കിളിക്കണ്ണി)

“ചുത്തമനത്തൈത്തച്ചൊരുപത്തിനാട്ടുകൈയിൽ
ചിത്തമനം പൊന്റിപ്പേരിമ്പ-അത്തുവിതം
താനാകുംപന്തത്തിൻ ചംസ്കാരംവന്തുററാൽ
നീനാനെനവിളൈയു നിൻറു”   (സ്വരൂപദർശനം)

സത്ഗുരോ! സത്യമൂർത്തേ! നീകനിഞ്ഞുരചെയ്ത
തൊക്കെയിന്നറിഞ്ഞേൻ ഞാനിന്നിയും ചോദിക്കട്ടെ;
ചാഞ്ചല്യമററഖണ്ഡപൂർണ്ണമായ്നിന്നചിത്തം
താൻതദാകാരമാവതല്ലയോനിർവ്വികല്പം?
ഊഞ്ഞാലൊത്തലയുന്നതു ചിത്തത്തിൻസ്വഭാവമായി-
ട്ടിങ്ങരക്ഷണത്തിങ്കലനന്തംവ്യവഹാരം
തോന്നിച്ചചിത്തംസ്തംഭിച്ചെങ്ങനെബ്രഹ്മത്തിങ്കൽ
നിന്നീടുംകാററിലാട്ടാദീപമെന്നതുപോലെ? 15

ശിഷ്യൻ തന്റെ സംശയമുണർത്തിക്കുന്നു.

ചാഞ്ചല്യ ......യോഗം—നിശ്ചഞ്ചലവും അഖണ്ഡപരിപൂർണ്ണവും ആയ ചിത്തം ബ്രഹ്മാകാരവൃത്തിയിലായിരിക്കുന്നതിനെയല്ലയോ നിർവികല്പസമാധി എന്നു പറയുന്നതു്.

ഊഞ്ഞാലൊ ......തുപോലെ—സ്വഭാവമേ ചലനമെന്ന മനസ്സ് എപ്പോഴും അന്തമറ്റ ലോകാദിവ്യവഹാരങ്ങളെ സൃഷ്ടിയെന്നതൊഴിലോടുകൂടിയിരിക്കുന്നു. ഇതു സത്യമാണെന്നുള്ള നിലയ്ക്കു്, അതായതു് ചലനമെന്ന വൃത്തിവിട്ടാൽ പിന്നെ മനസ്സെന്നൊന്നില്ലാ എന്ന നിലക്ക് ആ മനസ്സിനു് അത്യന്തം നിശ്ചഞ്ചല

മായി നിവാതദീപം പോലെ ബ്രഹ്മാകാരവൃത്തിയിൽ എങ്ങനെ നില്ക്കാനൊക്കും?

കാററിലാ ... .. പോലെ—കാററിൽപെടാതെ നിലക്കുനിന്നെരിയുന്ന ദീപത്തെപ്പോലെ.

PUBLIC LIBRARY KOTTAYAM 76350

കാററിലാടാദീപമെന്ന പദപ്രയോഗത്താൽ കാററിൽ ചലിക്കാത്ത ദീപമുണ്ടായിരിക്കുകയില്ല എന്ന അർത്ഥത്തിൽ മനസ്സിന്റെ ബ്രഹ്മാകാരവൃത്തി സംഭവിക്കാൻ സാധ്യമല്ലെന്നു ശിഷ്യൻ സ്വന്തമായി തീരുമാനിക്കുന്നപോലെയും അർത്ഥം വ്യഞ്ജിക്കുന്നു.

കേൾക്ക നീ മനോഗുണം മൂന്നത്രേ, മൂന്നിലൊന്നു
വായ്ക്കുമന്നേരം മററു രണ്ടും താണടങ്ങിടും.
പുണ്യത്താലുളവായ സാത്വികം ബലത്തോട-
ത്തെണ്ണിടാം ശുഭങ്ങളുമീശ്വരകൃപതാനും.
പിൻരജോഗുണംവാച്ചാലുണ്ടാകുംലോക,ദേഹ,
ശാസ്ത്രവാസനയെല്ലാം, താമസം മദിച്ചീടിൽ
ആസുരമായിത്തീന്ന നാശത്തെത്തരും, പുത്രാ!
നീ, സുഖമോടറിഞ്ഞു സന്ദേഹം നിവർത്തിക്കൂ. 16

കേൾക്കനീ ... ങ്ങിടും—മനസ്സ് ത്രിഗുണ സ്വരൂപമാണ്. അതിൽ ഒരു ഗുണം മികച്ചുനില്ക്കുമ്പോൾ മററു രണ്ടു ഗുണങ്ങളും ദുർബലപ്പെട്ടുപോകും.

പുണ്യത്താ...... താനും—ഒരുത്തന് അവന്റെ പുണ്യകർമ്മങ്ങളുടെ ഫലമായി സാത്വികഗുണം തഴച്ചുവരുന്നു അങ്ങനെ അവൻ സത്വഗുണപ്രധാനനായി നില്ക്കുമ്പോൾ ശുഭഫലങ്ങളും ഈശ്വരാനുഗ്രഹവും സിദ്ധിക്കുന്നു

പിൻരജോ ... .. യെല്ലാം—രാജസഗുണം വർദ്ധിച്ചാൽ ലോകവാസന, ദേഹവാസന, ശാസ്ത്രവാസന എന്നീ വാസനാത്രയങ്ങൾ ഏർപ്പെടുന്നു.

താമസം........ത്തരും—താമസഗുണം വർദ്ധിച്ചാൽ അസുരത്വം കൂടിനില്ക്കും

മാനസം സ്വതേസത്വസ്വരൂപം, മററവരണ്ടും;
ഹീനമായ്‌വന്നുചേർന്നു, മാററിയാൽമാറുംതാനും,
തന്നുടെസന്മാർഗ്ഗത്തെത്താൻവിടാതിരുന്നാകി-
ലൊന്നായ്‌ശമിച്ചീടുന്നുരാജസതാമസങ്ങൾ;
തന്നുള്ളിൽചലനങ്ങളൊന്നുംപിന്നില്ലാതാവും,
തന്നിൽതടിച്ചുകൂടുംദൃശ്യങ്ങളെല്ലാംമായും,
ആമേഘശൂന്യംശുഭ്രാകാശംപോൽനിനക്കുള്ള-
മാമഖണ്ഡബ്രഹ്മംതന്നിലേകമായ്‌ത്തീരുമപ്പോൾ
നി നിരാധാരനായ്, നിർവ്വികല്പസമാധിയി-
ലാ നിലനില്ക്കുംനിത്യനായ്‌സ്വയംഭൂവായ്‌പുത്രാ! 17

സാത്വികഗുണം സ്ഫുരിക്കുന്നതാകുന്നു മനസ്സ്. അതു് സ്ഥൂലസ്വരൂപത്തെയും സൂക്ഷ്മസ്വരൂപത്തെയും കൈകൊണ്ടു് കൂടസ്ഥബ്രഹ്മത്തെ ദർശിക്കാനുള്ള യോഗ്യതയോടുകൂടിയിരിക്കുന്നു. സ്വതേ സാത്വിക ഗുണത്തോടുകൂടി മാത്രമിരുന്ന ഈ മനസ്സിൽ രാജസ താമസഗുണങ്ങൾ വന്നു പററിനില്ക്കും. ശുദ്ധമനസ്സ് ഇപ്രകാരം അശുദ്ധമനസ്സായിത്തീരുന്നു. അശുദ്ധ മനസ്സു ചലിച്ചു് വിഷയങ്ങളായി പരിണമിക്കുന്നു. രാജസതാമസങ്ങളുടെ പററുതലറുക്കാനൊക്കാതിരുന്നാൽ താൻ ഇപ്രകാരം വിഷയങ്ങളിൽ പററിനിന്നു് അവയോടൊപ്പം ജനിമൃതിചംക്രമണത്തിൽ പെട്ടു് അവസാനം കാണാതെ പോവുന്നു.

ഈ ദുരന്തത്തിനിടയാകാതിരിക്കാൻ സന്മാർഗ്ഗചാരിയായിത്തീർന്നു്, രാജസതാമസങ്ങളെ ശമിപ്പിച്ചു് നിശ്ചഞ്ചലനായിത്തീരണം. ചലനമില്ലാതാവുമ്പോൾ വിഷയങ്ങൾ മായും. നാമരൂപാദിവിഷയങ്ങളററിടത്തു് സ്വസ്വരൂപം ശുഭ്രാകാശം പോലെ നിരഞ്ജനമായി വിളങ്ങും. തനിക്കന്യമെന്നായ് നില്ക്കുന്ന

ഈ സ്വരൂപവും താനും ഏകമായി, നിർവ്വികല്പ സമാധി യോഗം ഭവിക്കും. വിസ്മൃതിയിലാണ്ടും താമസാവരണത്താൽ മറയ്ക്കപ്പെട്ടതുപോലെയും ഇരുന്ന തന്റെ ആദിബ്രഹ്മസ്വരൂപം തനിക്കു പുനരനുഭരിക്കപ്പെട്ടതായിവരുന്നു. ബ്രഹ്മം നിത്യമായതിനാൽ താൻ ഇപ്രകാരം നിത്യനായും നിരാശ്രയനായും ഭവിക്കുന്നു.

കണ്ണാടികളങ്കമററുള്ളതുശുഭ്രമെന്ന്യം
കണ്ണാടിതന്റെനേരേയൊപ്പമായ്കാട്ടീടുമ്പോൾ
പകന്നതിൻമയമാ യഭേദമായ്പ്രകാശിച്ചു
വികല്പംവിട്ടുനിർവ്വികല്പമായെ,ന്നപോലെ
അഖണ്ഡപൂർണ്ണമായി,സത്തായി,ച്ചിത്തുമായി-
ട്ടഖണ്ഡാനന്ദബ്രഹ്മത്തോടുചേന്നേകമായി,
തന്നുള്ളംവിളങ്ങുമ്പോളുലവേതു,ലകമേതു
നിന്നുള്ളംശങ്കയൊക്കെക്കൈവിട്ടു രമിച്ചാലും. 18

കണ്ണാടി........ടുമ്പോൾ—ഒരു ശുദ്ധകണ്ണാടി മറെറാരു ശുദ്ധകണ്ണാടിയുടെ മുമ്പിൽ കാണിക്കുമ്പോൾ

പകന്ന ....ന്നപോലെ—ഇരുകണ്ണാടി പ്രകാശങ്ങളും ഒന്നൊന്നായി, വികല്പമൊന്നും കൂടാതെ നിർവികല്പയോഗം സംഭവിക്കുന്നതുപോലെ

അഖണ്ഡ.......ലകമേതു—തന്റെ മനസ്സ് ബൃഹത്തായി, സച്ചിത്താനന്ദമേ സ്വരൂപമായ ബ്രഹ്മത്തോടു ഏകീകരണം ചെയ്തുനിന്നു പ്രകാശിക്കുമ്പോൾ മനസ്സോ അതിന്റെ ചേഷ്ടകളോ ഇല്ലാതാവുന്നു. ഈ അവസ്ഥയിൽ നിന്നും വീണ്ടും ഒരിക്കലും ചലനമുണ്ടാകുന്നില്ല. ഈ പ്രപഞ്ചം തനിക്ക് അനന്യമായും നിർവിഷയമായും ഭവിക്കുന്നു.

നിന്നുള്ളം........ച്ചാലും—സംശയം ഉള്ളിടത്തോളം ചാഞ്ചല്യം ഉണ്ടായിരിക്കും. അതിനാൽ എന്റെ ഉപദേശത്തിൽ ദൃഢവി

ശ്വാസംകൊണ്ടു്, നിശ്ചഞ്ചലനായി, സദാ അഹംബ്രഹ്മോസ്മിയിൽ ഇരുന്നാലും.

'ചിത്തവുംബ്രഹ്മത്തിങ്കലഴിഞ്ഞാൽപിന്നെ ജീവ-
ന്മുക്തരുമുണ്ണും, പിന്നീടെങ്ങനെ, പ്രാരബ്ധത്തെ
ഭോഗമിന്നുണ്ടൊട്ടുക്കാനുള്ളതാണല്ലോ നാഥാ!
ഭോഗത്തെബ്ഭുജിക്കുമ്പോൾ മാനസമതിൽപറവും.
ശോകമാംമനമഴിഞ്ഞാലനുഭവമില്ലയല്ലോ,
ഭോഗത്തിലനുഭവംതോന്നുവോൻമുക്തനാമോ?
സത്ഗുരോ! സന്ദേഹത്തെത്തീർക്കേണ'മെന്നിരന്നാൻ
ഗദ്ഗദത്തോടേ പൂണ്ണമാനസനാകും ശിഷ്യൻ. 19

ചിത്തവും.......നാഥാ! — ജീവന്മുക്തനും പ്രാരബ്ധമുണ്ടു്. പ്രാരബ്ധം അനുഭവിച്ചുതീർക്കാനുള്ളതുമാണു്. മനസ്സു് ബ്രഹ്മത്തിലഴിഞ്ഞു ഏകംബ്രഹ്മമായിത്തീരണമെന്നു ഉപദേശിക്കുകയും ചെയ്തു.

ഭോഗത്തെ.......പറവും—മനസ്സില്ലാതെ അനുഭവമില്ല. അനുഭവിച്ചാൽ മനസ്സുവീണ്ടും ഉണ്ടാകും. അല്ലെങ്കിൽ ഉണ്ടാകണം.

ശോകമാം...... ല്ലയല്ലോ—ദുഃഖസ്വരൂപമായ മനസ്സു ബ്രഹ്മത്തിലഴിഞ്ഞുപോയാൽ പിന്നെ (പ്രാരബ്ധം) അനുഭവിക്കാൻ സാധ്യവുമല്ല.

ഭോഗത്തി.... ...... ക്തനാമോ?—വിഷയഭോഗങ്ങളെ താൻ അനുഭവിക്കുന്നു എന്നുതോന്നുന്ന ഒരുത്തനെ മോചിച്ചവനാണെന്നും സ്വതന്ത്രനാണെന്നും പറയാമെന്നാകുമോ?

മാനസനാശം സ്വരൂപാ, രൂപനാശംക്രമാൽ
കാണെടോ ജീവന്മുക്തൻ, വിദേഹമുക്തനും, പിൻ,
മാനസംസ്വന്തംശുദ്ധസാത്വികമായ്ശേഷിച്ചു
രാജസതാമസങ്ങളററാൽസ്വരൂപനാശം,
സൂക്ഷ്മമാംലിംഗദേഹമറുമ്പോൾ സാത്വികവു-
മക്ഷണമടങ്ങിമാഞ്ഞെന്നതരൂപനാശം. 20

മാനസ ...മുക്തനും—മനോനാശം രണ്ടുവിധം. ജീവന്മുക്തന്നു സ്വരൂപനാശവും വിദേഹമുക്തന്നു അരൂപനാശവും ഉണ്ടാകും.

മാനസം ....പനാശം—മനസ്സിന്റെ സ്വന്തം ഗുണം സാത്വികമാണെന്നും രാജസ താമസങ്ങൾ വന്നുചേർന്നവയാണെന്നും പറഞ്ഞുവല്ലോ. ഈ വന്നുചേർന്ന രാജസ താമസങ്ങൾ വന്നതുപോലെ മാറിയാൽ സാത്വികം മാത്രമായി മനസ്സു അവശേഷിക്കുന്നതു സ്വരൂപനാശം.

സൂക്ഷ്മാം......പനാശം—ജഡശരീരമില്ലാതെ പതിനേഴു ഇന്ദ്രിയതത്വങ്ങളോടുനില്ക്കുന്ന സൂക്ഷ്മശരീരം അഴിയുമ്പോൾ അതോടുകൂടി മനസ്സിന്റെ സാത്വികരൂപവും അഴിഞ്ഞു് മനസ്സേ ഇല്ലാതായിത്തീരുന്നതു അരൂപനാശവുമാകുന്നു.

മനോനാശം മൂന്നുവിധത്തിലും കല്പിക്കുന്നുണ്ടു്:—

1 സാമാന്യനാശം—വിറകു കരിയാകുന്നപോലെ

2 സ്വരൂപനാശം—കരി ചാമ്പലാകുന്നപോലെ

3 അരൂപനാശം—ചാമ്പലും നശിച്ചാകുന്നതു്.

മനോനാശത്തെപ്പററി ജ്ഞാനവാസിഷ്ഠം:—

“ആയകുണമാമയിത്തിരിയാതികൾശേർ നൽവാസനൈയ
തീയമറുചെന്മമുമിലതാം ചീവന്മുത്തർക്കന്തമനം [ചൈന്തു
ഓയമനത്തിർക്കിതുവാകുമുരുവനാശമിതുതനിലേ
മേയകുണങ്കൾ വശന്തത്തിൽ വിരിവുകൊത്താമെനവിളങ്കും”

“തത്തുററവുള്ളതിനരുവനാശം
ചരീരമിലമുത്തിയിനിട്കളമായ് ചാരും
മെത്തുററനർകുണങ്കടരിത്തുമുൺമൈ
വിഴ്ന്തുളതായ് മേനിയിലാവിമല വീടാകി—
ച്ചുത്തത്താഴ്ചടറീർന്ത മുത്തർക്കെയ്തും
തൊടർപായ് ചത്തുവനാശം ചൊരൂപമാകി—
ച്ചിത്തത്തിനരുവനാ ചപ്ലേർപെററ
തികഴ്പതത്തിലൊൻറുമിലൈചെച്ചർപ്പൂതർക്കേ”

ശുദ്ധസാത്ത്വികംമാത്രംസത്യമാമിരുട്ടായി
മിഥ്യയാം രജ,തമസ്സുംമാഞ്ഞാൽ ചിത്തമുണ്ടോ?
മാഞ്ഞുപോം ചിത്തംപിന്നീമുക്തനും തല്ക്കാലത്തി-
ലാഞ്ഞുവന്നീടുന്നവമാത്രംഭുജിച്ചുവാഴും.
ഭാവിഭൂതങ്ങളെന്നിയുണ്ടാകാ സുഖ,ദുഃഖം
കൈവിട്ടുകർത്തൃത്വത്തെ,യകർത്താവായിനിത്യം
ഉൾക്കരണത്തിൻവൃത്തി,യവസ്ഥാത്രയങ്ങൾക്കും
സാക്ഷിമാത്രമായ്ത്തീരുമെങ്കിലപ്പുണ്യവാളൻ
മുക്തനായിരിപ്പാനുംപ്രാരബ്ധമുണ്ണുവാനും
ശക്തനായ്ത്തീരുമെന്നും സന്ദേഹംനിവത്തിക്കൂ. 21

ശുദ്ധസാ ......ത്തമുണ്ടോ?—സത്വഗുണംമാത്രം സത്യം. മററു വകഭേദങ്ങളാണു് രാജസ, താമസഗുണങ്ങൾ. ഈ ഇല്ലാത്ത രണ്ടുഗുണങ്ങളും വന്നു പററുമ്പോഴാണു മനസ്സിനു ചലനമേർപ്പെടുന്നതും വിഷയങ്ങളെ കാണുന്നതും. അതിനാൽ ഈ രണ്ടു ഗുണങ്ങൾ ഇല്ലാതാവുമ്പോൾ മനസ്സു നിർവ്വിഷയമാവും. വിഷയമില്ലെങ്കിൽ വൃത്തിയില്ല. വൃത്തിയില്ലെങ്കിൽ മനസ്സേതെന്നു ചോദിക്കുന്നു. (വൃത്തി സങ്കല്പരൂപം മാത്രമത്രേ മനസ്സ് എന്നറിയേണ്ടതാണു്)

മാഞ്ഞുപോം ......വാഴും—മനോനാശം വന്നു സ്വതന്ത്രനായിത്തീർന്നമുക്തൻ 'കൺമുമ്പിൽ കണ്ടതുണ്ണും' എന്നു മുമ്പേ പറഞ്ഞിട്ടുണ്ടു്.

ഭാവിഭൂ ......വത്തിക്കൂ—കഴിഞ്ഞകാലത്തെ മറക്കുന്നു. വരാൻ പോകുന്നതിനെ ഓമ്മിക്കുന്നില്ല. സുഖദുഃഖങ്ങളെപ്പററി യാതൊരറിവുമില്ല. ഒന്നിനും കത്താവല്ല. ശരീരാദി പ്രപഞ്ച വ്യവഹാരങ്ങളേതിനും വെറും സാക്ഷി അറിവോടുകൂടി മാത്രമിരിക്കുന്നു. ഇപ്രകാരം ദ്വൈതാദ്വൈതങ്ങൾ രണ്ടിലും ഒന്നുപോലെയുള്ള

ജീവന്മുക്തൻ സ്വന്തം പ്രാരബ്ധദുഃഖങ്ങൾ അനുഭവിക്കുമ്പോഴും അവൻ അതിനെ അറിയുന്നില്ല. ക്ലേശമില്ല. അനുഭവമേ സത്യത്തിലില്ല. അവൻ അനുഭവിക്കുന്നതായി മററുള്ളവൎക്ക് തോന്നുന്നതുമാത്രം ശേഷിക്കുന്നു. ഈ പരമാൎത്ഥത്തെ ഉണൎന്നാൽ സംശയമുണ്ടാവുകയില്ല.

ഈ വ്യവഹാരവേളയുംതൻസമാധിയായാ-
ലാവികല്പംവരില്ലേ, മാനസംചലിക്കില്ലേ?
ഈവിധംമനംപിന്നെച്ചലിച്ചാൽ സ്വരൂപസൗഖ്യ-
മാവുമോ എന്നും കേട്ടാലുത്തരം, ദൃഷ്ടാന്തം, കേൾ
പുത്തനായ്പരസംഗംപ്രാപിച്ചപെണ്ണിൻചിത്തം
പത്തനത്തിങ്കൽപലവേലയിൽപെട്ടുമ്പോഴും
മുമ്പാസ്വാദിച്ചറിഞ്ഞ പരസംഗരസായനം
പിമ്പും തുടൎന്നു നിന്നുനുകരും സത്യമോൎക്കുക. 22

ഈ വ്യവ........ദൃഷ്ടാന്തം കേൾ—പ്രാരബ്ധാനുഭവം വ്യവഹാരകാൎയ്യമാണ്. 'പ്രാരബ്ധമുണ്ണുവാനും' ജീവന്മുക്തൻ ശക്തനാണെന്നു മുമ്പു പറഞ്ഞുവല്ലോ. എന്നാൽ ഈ വ്യവഹാരത്തിൽ പെട്ടിരിക്കുമ്പോൾ 'മുക്തനായിരിപ്പാനും' അവൻ ശക്തനാണെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ വ്യവഹാരത്തിലിരിക്കുമ്പോഴും സമാധിയിലായിരിക്കുമെങ്കിൽ ആ സമാധിക്ക് ഊനം സംഭവിക്കുമല്ലോ എന്നു സംശയിക്കാം. മനസ്സു ചലിക്കാനിടയുണ്ട്. മനസ്സു ചലിച്ചാൽ സ്വസ്വരൂപസുഖാനുഭവത്തിനു ഹാനിയേൎപ്പെട്ടുമെന്നും സംശയിക്കാവുന്നതാണ്. അതിനു താഴെപ്പറയുന്ന ദൃഷ്ടാന്തത്തെ ഉത്തരമായി പറയുന്നു.

പുത്തനായ്......തൃമോൎക്ക—പുതുതായി പരസമ്പൎക്കം പുലൎത്തിയ സ്ത്രീ പിന്നീടു പതിവുപോലെ ഗൃഹഭരക്ലേശങ്ങളിൽപ്പെട്ടിരിക്കുമ്പോഴും മുമ്പു താനനുഭവിച്ച പരസംഗരസത്തിൽ തന്നെ മുഴുകിയിരിക്കും. ഇതെങ്ങനെയെന്നാലോചിച്ചാൽ മതി.

ഇപ്പറഞ്ഞ തരത്തിലുള്ള ഒരു ദൃഷ്ടാന്തം തന്നെ ഉദ്ധരിച്ചതിൽ ന്യായമുണ്ട്. നല്ല ആഹാരം കഴിച്ചാലുള്ളതോ കുറെ ദ്രവ്യം വെറുതെ ലഭിച്ചാലുള്ളതോ ആയ സുഖം മനസ്സിൻേറതാണ്. ആത്മാവിൻേറതല്ല. എന്നാൽ പരസംഗസുഖം ആത്മാവിനെത്തന്നെ ബാധിക്കുന്നു. അതു്, മററുദ്രവപദാർത്ഥങ്ങളെ നെയ്യെന്നോണം, മററു സാധാരണ സുഖങ്ങളേയും, സ്മരണകളെയും വെല്ലുന്നതായിരിക്കും. ഈ സുഖത്തെപ്പററി പഞ്ചദശിയിൽ ഇപ്രകാരം പറയുന്നു:—

"പൂർണ്ണമായേകരസരൂപമായിട്ടുമാത്മാ-
വിന്നുടെ പരമാനന്ദമായതിൻ ഭാഗമല്ലോ
മററുഭൂതങ്ങളെല്ലാമാസ്വാദിച്ചിട്ടുന്നതായ്
വ്യക്തമായോതിടുന്നു ബൃഹദാരണ്യശ്രുതി.

....

ഈവൃത്തികളിലെല്ലാം ബ്രഹ്മത്തിൻ ജ്ഞാനഭാവം
സർവ്വദാപ്രതിബിംബം ചെയ്യുമെന്നും പിന്നെ
ശാന്തവൃത്തികൾ തന്നിൽ ജ്ഞാനത്തോടാനന്ദവും
ചേർന്നു ബിംബിച്ചിരിക്കുമെന്നും ധരിച്ചീടണം

....

കാഷ്ഠത്തിലഗ്നിക്കുള്ളോരുഷ്ണവും പ്രകാശവും
സ്പഷ്ടമായ് സംക്രമിക്കു,മവ്വണ്ണം ശാന്തകളിൽ
ദ്യോതിപ്പൂ ജ്ഞാനാംശവുമാനന്ദാംശവും മെന്മേ;

....

ആധിക്യമാകും സുഖം ഭോഗാസ്വാദനത്തിങ്കൽ".

പരസംഗസുഖം സ്മൃതിചിത്തത്തെ വിട്ടുപിരിയാതിരിക്കുന്നതു് ആ സുഖം മറെറല്ലാത്തിലും ഉപരിയായതു കൊണ്ടാണു്. അതാത്മസുഖവുമാണു്. ആത്മസുഖത്തിൽ ഉറച്ചുപോയ മനസ്സു പിന്നെന്തു ജോലിയിലിരുന്നാലും ഒന്നിലും പ്രവേശിക്കുന്നില്ല.

അങ്ങനെ ജീവന്മുക്തൻ പ്രാരബ്ധമനുഭവിക്കുന്നു എന്നു പറയാമെങ്കിലും ആ അനുഭവങ്ങൾ അവൻെറ മനസ്സിനെ ചലിപ്പിക്കുന്നുവെന്നോ അവനു സ്ഥായിയായുള്ള സ്വരൂപസുഖത്തെ ഹനിക്കുന്നുവെന്നോ പറയാൻ പാടില്ല.

ജീവന്മുക്തൻെറ ഈ വിശേഷവൈഭവത്തെപ്പററി കണ്ണുടയ വള്ളലാർ ഇപ്രകാരം പറയുന്നു:—

1. “വെട്ടംപോലിരുൾകണ്ടപൂനമിഴി, പി,-
 ന്നേരി, നഗാരോഹിതൻ
നട്ടുച്ചാക്കുന്നമെന്നപോലെ മരുവു-
 ന്നദ്വൈതദ്വൈതങ്ങളിൽ.

2. “പററീടുംപൊടിയെപ്പുറത്തി വിട്ടുമ-
 ക്കാറെറന്നപോൽജ്ഞാനിയും
പററാതേ വിഷയങ്ങൾതൊട്ടുവിട്ടുമേ
 സംസാരമധ്യത്തിലും”

(ഒഴിവിലൊടുക്കം)

വേറെ ഉദാഹരണം:—

“പേശുവതുപോലിരുക്കും പേശാപ്പെരുമോന-
ച്ചാഴുവതവിമ്പനിലൈതാൻകൊണ്ടു—നേശി—
ത്തിരുപ്പതുപോലിരുക്കമിച്ചൈയിലാക്കുത്തു—
ക്കരുത്തിനുള്ളാരായ്ന്തുകാൺ” (സ്വരൂപദർശനം)

ദേഹംതാനല്ലെന്നായികർത്താവുംതാനല്ലെന്നു
ജീവത്വംവിട്ടുബ്രഹ്മമായ്നിന്നജീവന്മുക്തൻ
ഭോഗങ്ങളുണ്ടുവെന്നാൽകർത്താവായ്ത്തീരും പക്ഷേ
ത്യാഗിയായ്കർത്താവാംപൂർണ്ണനുഭോഗമുണ്ടോ?
ശോകത്തെനശിപ്പിക്കുംസത്ഗുരോ! കളഞ്ഞീടെൻ
മോഹത്തെ,യെന്നുകേൾക്കെ,ദേശികൻതെളിച്ചോതി;

താൻ, മഹാകർത്താ, മഹായോഗിയായ്, മഹാത്യാഗി യായുമീജീവന്മുക്തനിരിക്കുംമേന്മയോർക്ക.

ദേഹംതാ...... മുക്തൻ—ദേഹമാണുതാൻ, ജീവനാണു താൻ എന്നീ ബോധങ്ങളൊഴിഞ്ഞു് ഏതു വ്യവഹാരത്തിനും അകർത്താവായി എപ്പോഴും ബ്രഹ്മമേ താനായിരിക്കുന്ന ജീവന്മുക്തൻ.

ഭോഗങ്ങ ......ത്തീരും—വ്യവഹാരകാര്യങ്ങൾ ചെയ്താൽ അവയുടെ കർത്താവായിത്തീരും. ഊണുകഴിച്ചവൻ ഉണ്ണുക എന്ന ജോലിയുടെ കർത്താവുതന്നെയാണു്.

പക്ഷെത്യാ........മുണ്ടോ? എന്നാൽ ത്യാഗിയും അകർത്താവും പരിപൂർണ്ണനുമായ ഒരാളിനു ഭോഗാനുഭവമുണ്ടെന്നെങ്ങനെ പറയാൻ കഴിയും?

ശോകത്തെ.......ക്കേൾക്കു—എന്റെ ഈ സംശയമാകുന്ന ധർമ്മസങ്കടത്തെ, ഏതു ദുഃഖത്തെയും മാററാൻ കഴിവുള്ളവനും മാററുന്നവനുമായ ഗുരുവേ, നീ തീർത്തുതന്നാലും.

ദേശികൻ തെളിച്ചോതി—ശിഷ്യൻ ഉന്നയിച്ച സംശയത്തിനുത്തരം മുമ്പേ പറഞ്ഞിട്ടുണ്ടെങ്കിലും അതു അപൂർണ്ണമാണെന്നു് ഗുരുവിനുതന്നെ അറിയാം. അപൂർണ്ണമായതുകൊണ്ടുതന്നെ ശിഷ്യനു വീണ്ടും സംശയം ഉദിച്ചതെന്നും ഗുരുവിനറിവുള്ളതാണു്. അതിനാൽ പൂർണ്ണമായ സമാധാനം ഇപ്പോൾ പറഞ്ഞു.

താൻമഹാ...... യോർക്ക—മഹാകർത്താ, മഹായോഗി, മഹാത്യാഗി എന്നു മൂന്നു പദവികളും ജീവന്മുക്തനുള്ളതാണു്. അടുത്തതായി ഈ മൂന്നു പദവികളെയും വിവരിക്കുന്നു.

ചെയ്യുയോ, ചെയ്യിക്കയുമില്ലാതിരിക്കും കാന്ത—
ക്കന്മലമുമ്പിരുമ്പിൻതുണ്ടങ്ങൾചേഷ്ടിക്കുംപോൽ
ചെയ്കയുംചെയ്യിക്കയുമില്ലാത്ത മുക്തൻതൻമു—
മ്പിജ്ജഡപ്രപഞ്ചങ്ങളൊക്കെയും ചേഷ്ടിക്കുന്നു.
മിഥ്യയാംമെയ്യിൽപററുമിന്ദ്രിയവികാരരൂപ

മാംവ്യവഹാരവൃത്തികൾക്കുംതാൻവൃത്തിയായി,
സത്യമാംബ്രഹ്മസമാധിയ്ക്കൂറ്റാത്ത സാക്ഷിയായും
എങ്ങുമേപോകാതെങ്ങുംദീപിക്കുംവെയിലുപോലെ
ഏതിന്നുമതായ്,സർവ്വവ്യാപിയായ്, സ്ഥിരനെന്ന
ഖ്യാതിയെപ്പെറുംപ്രഭുവേ മഹാകർത്താവോർക്കു. 24

ചെയ്കയോ........ചേഷ്ടിക്കുന്നു—കാന്തത്തിന്റെ സന്നിധിയാൽ ഇരുമ്പിനു ചേഷ്ടിക്കാനാവുന്നു. ഇരുമ്പിനെ ചേഷ്ടിപ്പിക്കുന്ന പ്രവൃത്തി കാന്തം ചെയ്യുന്നുമില്ല. അതുപോലെ ജീവന്മുക്തന്റെ സാന്നിധ്യവിശേഷത്താൽ ശരീരാദിപ്രപഞ്ചങ്ങൾ ചേഷ്ടിക്കുന്നുവെന്നേയുള്ളൂ.

മിഥ്യയാം...... ത്തിയായി—ദേഹം ആധാരമായി ഇളകുന്ന ഇന്ദ്രിയവികാരങ്ങളുടെ രൂപമായ വ്യവഹാരങ്ങളുടെയും ഫലമായ വൃത്തിയായും ഇരിക്കുന്നു.

സത്യമാം... ക്ഷിയായും—ഇപ്പറഞ്ഞവയൊന്നുമല്ലാത്ത തന്റെ സത്യമായ നിർവ്വികല്പസമാധിയിൽനിന്നും ഇളകാത്തവനായി.

എങ്ങുമേ.......ലുപോലെ—തന്റെ സർവ്വവ്യാപക സ്വരൂപത്തിൽ.

ഏതിന്നു......ർത്താവോർക്കു—സർവ്വത്തിന്നും ആധാര, അധിഷ്ഠാന, ദ്രഷ്ടാവുമായിരിക്കുന്ന മഹാകർത്താവാണു ജീവന്മുക്തൻ.

സർവ്വത്തിന്നും കർത്താവായവനെ പ്രത്യേകം പ്രത്യേകം പ്രവൃത്തികളുടെ കർത്താവെന്നു പറയേണ്ടതില്ല.

രസങ്ങളാവും ഗുണദോഷങ്ങൾ, ക്ഷുധാ, ക്ഷുതം,
വ്യാസങ്ങ,ളിഷ്ടാനിഷ്ടമൊന്നുമേ നോക്കിടാതെ,
ദാന്തിയോ,ടെന്തേലഭിച്ചെന്നതുകാട്ടുതീപോൽ
വെന്തു,ഭോഗങ്ങൾഭുജിപ്പോൻ മഹാഭോഗിയാകും.

കൊച്ചാണു, വലുതാണു, സ്വന്തമാ,ണന്യമെന്നും
ചേർച്ചപോയ്, നന്മ, തിന്മയായാലും,സ്ഫടികത്തിൽ
പോൽ
വാട്ടംതട്ടാതെ ചിത്തം തന്മയപ്പെട്ടിരിക്കും
ശ്രേഷ്ഠനേ മഹാത്യാഗിയെന്നതും ധരിച്ചീടു.
തന്നിലിന്നനുഭവമിമ്മൂന്നുമുള്ളവൻ താ-
നെന്നുമേ മോക്ഷമുള്ളോനെന്നും നീയറിഞ്ഞീടു. 25

രസങ്ങ........ക്കിടാതെ—ഭോഗവസ്തുക്കളൊന്നിലും ഭേദാഭേദങ്ങൾ വിട്ട്.

ശാന്തിയോ........ഗിയാകും—അത്യന്തം പൊരുമയോടുകൂടിയിരിക്കും. അനുഭവിക്കാനെന്തുലഭിച്ചോ അതു സ്വീകാര്യംതന്നെ. കാട്ടുതി എന്തിനെയും ദഹിപ്പിക്കുമെന്നപോലെ ജീവന്മുക്തൻ എന്തുണ്ടായാലും ദഹിക്കും. വിഷവും അപഥ്യമല്ല. കാട്ടുതീയിൽ പെട്ടതു വെന്തുവെണ്ണീറാകുന്നപോലെ ജീവന്മുക്തൻ തിന്നുന്നതു ശരിയായി, മിച്ചമില്ലാതെ ജീർണ്ണിക്കും. ഇപ്രകാരം ഭോഗങ്ങളെ തരംതിരിക്കാതെ എന്തിനെയും അഭേദമായനുഭവിക്കുന്നവനെ മഹാഭോഗി എന്നു പറയുന്നു.

കൊച്ചാണു........യായാലും—വലുതു, ചെറുത്, സ്വന്തം, അന്യം, നന്മ, തിന്മ, എന്നൊന്നിലും ഒരു പ്രത്യേകതയുമില്ലാതെ.

സ്ഫടിക..........രിച്ചീടു—വസ്തുക്കളെ കണ്ണാടിയിൽ കാണാമെന്നല്ലാതെ വസ്തുക്കളിൽ കണ്ണാടിയെ കാണാനൊക്കുകയില്ലല്ലോ, അതുപോലെ ജീവന്മുക്തനിൽ വ്യവഹാരങ്ങൾ ഉണ്ടായിരിക്കുമെങ്കിലും വ്യവഹാരങ്ങളിൽ അവനുണ്ടായിരിക്കുകയില്ല. വീണ്ടും കണ്ണാടിയുടെ പ്രകാശം ചുറവും വ്യാപിച്ചാലും അതു കണ്ണാടിയിൽനിന്നും വേർപിരിഞ്ഞുപോകുന്നില്ല. അതുപോലെ ജീവന്മുക്തന് തന്റെ ചിത്തം വ്യവഹാരങ്ങളിൽ വ്യാപരിച്ചിരിക്കുമ്പോഴും ബ്രഹ്മത്തെവിട്ടിരിക്കുന്നതേയില്ല. അങ്ങനെ ജീവന്മുക്തൻ എപ്പോഴും

ബ്രഹ്മാകാരവൃത്തിയിൽ, ബ്രഹ്മമായിത്തന്നെ ഇരിക്കുന്നു. ഇപ്രകാരം താൻ തന്നിൽതന്നെയിരുന്നാലും അന്യത്വങ്ങളററു് എങ്ങും അഭേദനായിരിക്കുന്നവനെ മഹാത്യാഗി എന്നു പറയുന്നു

ഈ മൂന്നു അവസ്ഥകളും ഒരു മുക്തനിൽ കാണാം.

ദേഹവും ചുമന്നു,തൻ പ്രാരബ്ധമുണ്ടും, കമ്മ
ദാഹികൾക്കനുഗുണമായ് കർമ്മമെല്ലാം ചെയ്തും
വാഴുന്നവൻ തൻ കൃത്യാകൃത്യങ്ങളൊററാനെന്നു
വാഴ്ത്തുന്നതെങ്ങനെയെന്നരുളിച്ചെയ്യു നാഥാ! 26

ദേഹവും........മുണ്ടും—ശരീരസ്ഥിതനായിരുന്നു പ്രാരബ്ധവിധികളെ അനുസരിക്കുന്നവനായി.

കർമ്മദാ...... ഴുന്നവൻ—അജ്ഞാനികളായി, ഈ ജീവിതം കർമ്മം ചെയ്യാനുള്ളതാണെന്നു വിശ്വസിച്ചിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനെന്നമട്ടിൽ കർമ്മങ്ങളെല്ലാം ചെയ്തും കഴിയുന്നവൻ.

തൻകൃ.......ങ്ങനെ—തന്റെ കർമ്മബന്ധം ഒഴിഞ്ഞവനും മോചിച്ചവനും ആണെന്നു എങ്ങനെ പറയാനൊക്കും.

ദോഷമജ്ഞാനദശയിങ്കൽ മാനുഷന്നേഷ-
ണേഷണാ, മമത, പിന്നാഹന്തയെന്നീ മൂന്നും;
ഇമ്മൂന്നുമുള്ളോർക്കേയുണ്ടിഹപരവ്യവഹാരം,
അമ്മുമുക്ഷുക്കൾക്കേ കാൺ ശ്രവണാദിവിദ്യയെല്ലാം,
പൂർണ്ണത്വം പെററവർക്കു, വിദ്യയാൽ ഫലമെന്തത്രേ?
പൂർണ്ണമായ്‌വിടാംവേദ, വിജ്ഞാന, ശാസ്ത്രമെല്ലാം. 27

ഏഷണാത്രയങ്ങൾ:—

1. ഏഷണാ—ധനാദികളിലുള്ള ഇച്ഛ
2. മമത—ആഗ്രഹം നിമിത്തമുള്ള പററുതൽ
3. അഹന്ത—അഹങ്കാരം.

ദോഷ...... ദൃയെല്ലാം—അജ്ഞാനദശയിൽ മനുഷ്യനെ ഏഷണാത്രയങ്ങൾ ബാധിച്ചിരിക്കും. ഇങ്ങനെയുള്ളവക്കു വ്യവഹാരങ്ങളെല്ലാമുണ്ട്. മുമുക്ഷുവായാൽ വേദ, ശ്രവണാദികൾവേണം. പൂണ്ണത്വം......മെല്ലാം— മുക്തനു് ഒന്നും ആവശ്യമായില്ല.

ആചാൎയ്യശിഖാമണേ! നീ പറഞ്ഞതു സത്യം,
വിജ്ഞാനമിഹ, പരം താണ്ടിയോക്കല്ലേ വേണ്ടു?
വിജ്ഞാനംനേടിയാൽപിന്നതിനായ്‌യത്നംവേണോ?
ചിത്തദാർഢ്യാൎത്ഥം ശ്രവണാദികളല്ലേ വേണ്ടു? 28

വിജ്ഞാനം വേണ്ടതു ഇഹ, പരഭോഗങ്ങളിൽ വിരക്തി വന്നവക്കാണു്. വിജ്ഞനായാൽ പിന്നെ വിജ്ഞാനവും അതിന്നായുള്ള യത്നങ്ങളും ആവശ്യമില്ലാതാവും. പിന്നീടുവേണ്ടതു അറിവിൽകൂടി തന്റെ സത്യസ്വരൂപത്തെ അറിഞ്ഞ ചിത്തം ദൃഢമാവാൻ ശ്രവണം, മനനം നിദിധ്യാസനം, സമാധി എന്നീ മോക്ഷസാധനങ്ങളല്ലയോ വേണ്ടതെന്നു ശിഷ്യൻ ചോദിക്കുന്നു.

ഉത്തമപുത്രാ! തത്വജ്ഞാനത്തെയറിയാത്തുള്ളോർ-
ക്കുത്തമം ഗുരുശ്രവണംതന്നെയറിഞ്ഞാലും.
സംശയംശ്രുവിച്ചതിലുണ്ടാകുന്നവക്കുള്ളി-
ലാശോകം നിവൎത്തിക്കാൻ മനനംചെയ്കയോഗ്യം.
വാസനാബലാൽ വിപരീതഭാവനാ മാറാ-
താവുകിൽ പിന്നെ നിദിധ്യാസനമനുഷ്ഠിക്കാം.
സത്തുചിത്തായ്‌ത്തെളിഞ്ഞു സമ്പൂൎണ്ണനായ ജീവ-
ന്മുക്തനുവേണ്ടതായിട്ടെന്തുണ്ടു? നീയേ ചൊല്ലു. 29

തത്വജ്ഞാ......ഞ്ഞാലും—തത്വജ്ഞാനം അറിയേണ്ടതു ഗുരുശ്രവണം മുഖേന തന്നെയാണു്.

സംശയം...... യോഗ്യം— ശ്രവിച്ചതിലേപ്പെട്ടാവുന്ന സംശയത്തെ മനനം ചെയ്തു നിവൎത്തിക്കണം.

വാസ്നാ...... ഷ്ഠിക്കാം—മുൻപറഞ്ഞ പ്രകാരം പരോക്ഷജ്ഞാനം സിദ്ധിച്ചാലും പൂൎവ്വവാസനയുടെ ഫലമായി ഒന്നിനെ

മററൊന്നായി ഭാവിക്കുന്ന വിപരീതഭാവനമാറാതിരിക്കും. ഈ ഭ്രാന്തിയെ നിവൎത്തിക്കാൻ നിദിധ്യാസനം വേണ്ടതാണു്.

സത്തുചി.......ചൊല്ലു-തൻെറ സച്ചിദാനന്ദസ്വരൂപത്തിൽ നിറവുററിരിക്കുന്ന ജീവന്മുക്തനു വേണമെന്നു പറയാനെന്തെങ്കിലുമുണ്ടെങ്കിൽ നീതന്നെ പറയുക.

ആശ്ചൎയ്യമ! ചൊല്ലു, തത്വജ്ഞാനിക്കജ്ഞാനിയെപ്പോൽ
'ചെയ്യുന്നേൻ, കണ്ടേൻ, നണ്ടേൻ, പോയേ, നെന്നൊക്കെ
യുണ്ടോ?
പൊല്ലാത്ത വിപരീതഭാവന ജ്ഞാനിക്കില്ലെ-
ന്നല്ലേ; നീ, ചൊല്ലി മുന്നമെന്നോടു സത്യം ചൊല്ലു. 30

ആശ്ചൎയ്യമ!....... യുണ്ടോ?-ഞാൻ ചെയ്യുന്നു, ഞാൻ കണ്ടു, ഞാൻ ഉണ്ടു, ഞാൻപോയി, എന്നിങ്ങനെ ജ്ഞാനിക്കും പറയാമോ?

പൊല്ലാത്ത ......ചൊല്ലു-ഭ്രാന്തിയാലുണ്ടാകുന്ന വിപരീതഭാവന നീങ്ങിയവനാണു ജ്ഞാനി എന്നല്ലേ നീ മുമ്പു പറഞ്ഞതു്. സത്യം അരുളിച്ചെയ്താലും.

സ്വപ്നത്തിൽകണ്ടകഥ വാസനയാൽചൊല്ലുംപോൽ
ജല്പിക്കിലും തത്വജ്ഞനാഭാസനാകുന്നില്ല.
മാഞ്ഞുനിന്നൊരു ദേഹംനീറായിപ്പോംവരെയ്ക്കും,
നിൎജ്ജരനായാലും, കാണപ്പെട്ടും മൎത്ത്യനെപ്പോൽ;
വെന്തായ ചിദാഭാസൻ ജ്ഞാനത്താൽ മാവുവോളം
പിന്തുടൎന്നിട്ടും വ്യവഹാരവും ധരിക്കേടോ? 31

സ്വപ്നത്താൽ.......ന്നില്ല—അജ്ഞാനിക്കു് ജാഗ്രദാവസ്ഥയിൽ ചിദാഭാസനെ കാണാൻ കഴിയുന്നില്ല. സ്വപ്നാവസ്ഥയിൽ ചിദാഭാസൻെറ വൃത്തികളെ കാണാം. അതാണു് സ്വപ്നക്കാഴ്ചകൾ. സ്വപ്നാവസ്ഥയിൽ ഇപ്രകാരം കാണാൻ കഴിയുന്നതു തന്നെ ആ സമയത്തു് അവനിൽ അന്തഃകരണവൃത്തി ഒഴിഞ്ഞുള്ള സുഷുപ്തിയിൽ സാക്ഷിജ്ഞാനം നേരേ ഉണ്ടാകുന്നതുകൊണ്ടാണു്.

സാക്ഷിജ്ഞാനം ജാഗ്രദാവസ്ഥയിലും ഉണ്ടായിരുന്നാലും ഇടയില്ലാതുള്ള അന്തഃകരണവൃത്തിയാൽ അജ്ഞാതമായിപ്പോകുന്നു. അങ്ങനെ അതു പ്രതീതമാകാതെയായിപ്പോകും. അജ്ഞാനി സ്വപ്നക്കാഴ്ചകളെയെന്നപോലെയാണ ജ്ഞാനി വ്യവഹാരങ്ങളെ കാണുന്നതും; എന്നാൽ ഒരു വ്യത്യാസമുണ്ട്. അജ്ഞാനി സ്വപ്നത്തെ സ്വപ്നമാണെന്നറിയുന്നില്ല. പക്ഷെ ജ്ഞാനിക്ക് വ്യവഹാര (സ്വപ്ന) ത്തെ വ്യവഹാരമാണെന്നറിയാം. കാരണം അജ്ഞാനി കാണുന്നതു് സുഷുപ്തിക്കിടയിലാണ്. എന്നാൽ ജ്ഞാനി സ്വപ്നത്തെ അഥവാ വ്യവഹാരത്തെ കാണുന്നതു് അവൻെറ നിത്യജാഗ്രദാവസ്ഥയിലാണ്. അതിനാൽ "തത്വജ്ഞൻ ജല്പിച്ചാലുമാഭാസനാകുന്നില്ല" എന്നുപറഞ്ഞു.

മാഞ്ഞുനി..........രിക്കെടോ— ആത്മസ്വരൂപത്തിലിരിക്കുന്ന ജ്ഞാനി, ശരീരത്തോടു ബന്ധമില്ലാത്തവനായിട്ടാണിരിക്കുന്നതു്. എന്നാൽ ശരീരം പ്രവർത്തിക്കുന്നതോ എന്നു കേട്ടാൽ അതു വാസനയുടെ, അവശേഷിച്ച ശക്തികൊണ്ടെന്നുമാത്രം. എറിയപ്പെട്ട കല്ലു കുറെദൂരം പോകുന്നതു് കല്ലിൻെറ സ്വന്തം ശക്തികൊണ്ടോ എറിഞ്ഞ കൈയ്യ് കൂടെപ്പോയി ഉന്തിവിട്ടതുകൊണ്ടോ അല്ലെന്നറിയണം. എറിയപ്പെട്ട സമയം എറിഞ്ഞയാൾ ആ വസ്തു (കല്ലി) വിൽ ചെലുത്തിയിരുന്ന പ്രേരണ ഒന്നേ നിമിത്തം ഇങ്ങനെ അന്തരീക്ഷത്തിൽ ഗമിക്കുന്ന ഈ കല്ലിനും സൃഷ്ടിയിൽപെട്ട ഈ ശരീരത്തിനും, ഗതിയിൽ, ഒരു വ്യത്യാസവുമില്ലെന്നറിഞ്ഞടങ്ങി, ശരീരത്തെ ഓർമ്മിക്കുന്നതേ ഇല്ലാത്ത ജ്ഞാനിയുടെ ശരീരവും അന്തരീക്ഷത്തിലെ കല്ലിൻെറ വ്യവഹാരം നടത്തിയാൽ ആ വ്യവഹാരവും ജ്ഞാനിക്കും എന്തു ബന്ധം? ആ ശരീരേന്ദ്രിയങ്ങളുടെ വ്യവഹാരത്തെ ജ്ഞാനി എന്തിനു തള്ളുകയോ കൊള്ളുകയോ വേണം? മുൻപറഞ്ഞ കല്ലിനു മായാ ബന്ധമായി ലഭിച്ച പ്രേരണപോലേ ശരീരേന്ദ്രിയങ്ങൾക്കു് വാസനബന്ധവും സ്വന്തമായി ലഭിച്ചിട്ടുണ്ട്. ഈ വാസനാബന്ധം ശരീരത്തിൽ, പ്രേരണ കല്ലിലെന്നപോലെ, വർത്തിക്കും. കല്ലിൻെറ

ഗമനത്തിന കൂടവേ എറിഞ്ഞവൻ വേണ്ടാത്തതുപോലെ ശരീര ബന്ധത്തിൽനിന്നും വേർപെട്ടു ചൈതന്യ സ്വരൂപമേ ആയി നില്ക്കുന്ന ജ്ഞാനിയുടെ സഹായം ജ്ഞാനിയുടെ വ്യവഹാര ങ്ങൾക്കും ആവശ്യമില്ല. ഗമിക്കുന്ന കല്ലിന്റെ സുഖഗമനത്തി നാകാശമെന്നപോലെ ജ്ഞാനിയുടേതന്നെ ശരീരവ്യവഹാര ങ്ങൾക്ക് അവന്റെ ചൈതന്യസ്വരൂപത്തിന്റെ സാന്നിധ്യം ലഭിക്കുന്നുണ്ടെന്നുമാത്രം. ഇത്രയും കൊണ്ട് ജ്ഞാനിയുടെ ശരീര വ്യവഹാരങ്ങളുടെ കർത്തൃത്വം ജ്ഞാനിയിൽ ആരോപിക്കുന്ന തിന്റെ പിശകു മനസ്സിലാക്കാമല്ലോ. വാസന ക്ഷയിക്കുമ്പോൾ പ്രാരബ്ധവും തീരും. അതെല്ലാവർക്കും തീരുമല്ലോ എന്നാണെ ങ്കിൽ അജ്ഞാനിയുടെ വാസന, അതിന്റെ പററുതൽകൊണ്ടു വർദ്ധിച്ചുവരുന്നു. ഒരററത്തു ക്ഷയിക്കുമ്പോൾ വേറൊരററത്തു വർദ്ധിച്ചുകൊണ്ടിരിക്കും. പക്ഷെ ജ്ഞാനിയുടെ കാര്യത്തിൽ തികച്ചും ക്ഷയോന്മുഖമാണ്.

ജ്ഞാനിയുടെ ശരീരവ്യവഹാരങ്ങളെപ്പററി ഒഴിവിലൊ ടുക്കത്തിൽ:—

"ജ്ഞാനിക്കുള്ളോരു ലോകക്രിയകളെ ശരിയായ്
നാംനിരീക്ഷിച്ചുവെന്നാൽ
മിന്നക്കണ്ണാടിദീപംതരുവതിനിണയാ-
ണെന്നുകാണാംജഗത്തിൽ;
എണ്ണാൻവൈരാഗ്യമെല്ലാംപ്രകൃതവുമിവനിൽ
പ്രാകൃതംപോലെതോന്നു-
ന്നുണ്ണുംദേഹംവികാരപ്പെട്ടുകിലുമതുതാ-
നൊട്ടറിഞ്ഞെന്നതില്ലേ.

വീണ്ടും പ്രാരബ്ധത്തെപ്പററി:—

വാടൽ പൂമണമെന്നപോലെ തുടരും
പ്രാരബ്ധമെന്നാകിലും

വാടാതങ്ങനെതന്നെനിന്ന സഹജം
വൈരാഗ്യമോടേ ജഡം.
വാടിക്കോടിമെലിഞ്ഞു മേനിയറിയാ-
ജ്ഞാക്കയെതാം തെളി-
ഞ്ഞീട്ടും നിർവിഷയം ചൊരിഞ്ഞസുഖവും
ത്തുവക്ത്രവും കാൺമൂഞാൻ.”

എന്നാലെൻഗുരുവേ! ലോകമസത്യമെന്നിരുന്നാലും
തന്നീടുന്നല്ലോ തുമ്പം, തരുമോബ്രഹ്മസൗഖ്യം?
കുന്നമീവ്യവഹാരങ്ങൾതീർന്നെങ്കിലല്ലേ ബ്രഹ്മാ-
നന്ദം ലഭിപ്പതെങ്കിൽ, തീരാനായ് വ്യവഹാരം,
നിഷ്ഠയുണ്ടാകവേണ്ടേ? ചെല്ലുനീ, നിർവ്വികല്പ
നിഷ്ഠയിൽ വാണോനകർത്താവുമെങ്ങനെയാകും? 32

ഈ ലോകവ്യവഹാരം അസത്യമാണെന്നു സമ്മതിച്ചാലും അതിനാലുണ്ടാകുന്ന ജീവിതദുഃഖം അസത്യമാണെന്നെങ്ങനെ സമ്മതിക്കും. വ്യവഹാരം ബ്രഹ്മസൗഖ്യം തരുന്നതുമില്ല. വ്യവഹാരങ്ങൾ നിലച്ചാൽ ബ്രഹ്മസൗഖ്യം ഉണ്ടാകുമെന്നു പറയുന്നു. അതനുസരിച്ചു് വ്യവഹാരം തീരണം. അതിനു സമാധിയോഗം ആവശ്യം. സമാധികളിൽ ഉത്തമം നിർവ്വികല്പസമാധി. അങ്ങനെ നിർവ്വികല്പ നിഷ്ഠയിലിരിക്കുന്നവൻ ഒരു ലക്ഷ്യപ്രാപ്തിയെക്കരുതിയിരിക്കുന്നവനാണു്. ഇപ്രകാരം ഒരു ലക്ഷ്യം അവശേഷിക്കുന്ന ഒരുവൻ കർമ്മം ഒടുങ്ങിയവനാണെന്നെങ്ങനെ പറയും?

മക്കളേ! കേൾക്കുക! നീയും, തീർന്നുപോം വ്യവഹാര-
മൊക്കെയും തത്വജ്ഞാനമുദിക്കും പ്രാരംഭത്തിൽ;
നിഷ്ഠയും വ്യവഹാരവും മനോവൃത്തിമാത്രം;
ശ്രേഷ്ഠനാരൂഢൻ, വേറെ, സമാധിചെയ്‌വതുണ്ടോ?
നന്മയ്ക്കായ് സമാധികളഭ്യസിച്ചീടുന്നാകി-
ലുൺമയിലോർത്തീടവനാരൂഢജ്ഞാനിയല്ല. 33

തീൻപോം......... ഭത്തിൽ—ജ്ഞാനോദയത്തിൽ ആരംഭ ത്തിൽതന്നെ വ്യവഹാരങ്ങൾ മാഞ്ഞുപോകുന്നു. സൂൎയ്യൻ മുഴവൻ ഉദിച്ചു പ്രകാശിക്കുംമുമ്പേ ഇരുട്ടൊഴിയുന്നപോലെ.

നിഷ്ഠയും ...... ത്തിമാത്രം—സമാധികളും വ്യവഹാരങ്ങളും മനസ്സിനെ ആധാരമാക്കിക്കൊണ്ടുള്ളവമാത്രമാണ്.

ശ്രേഷ്ഠനാ....... യ്യുണ്ടോ ?—ഉത്തമനായ ആരൂഢജ്ഞാനി എപ്പോഴും തന്റെ മുക്തിയാകുന്ന പീഠത്തിൽതന്നെ ഇരിക്കുന്നവനാണ്. നിൎവ്വികല്പസമാധിയും കഴിഞ്ഞു് ആരൂഢമുക്തനായവന് ഇനി എന്തെങ്കിലും സമാധിയുടെ ആവശ്യമുണ്ടാകുന്നില്ല.

നന്മയ്ക്കായ്........നിയല്ല—സമാധികളനുഷ്ഠിക്കുന്നവനെ സമാധികൾ ഇനി വേണമെന്നില്ലാത്ത ആരൂഢമുക്തനെന്നു പറയുകയില്ല.

സമാധി പലതരത്തിലും ആകാമെങ്കിലും പൊതുവെ 9 തരത്തിൽ പറയപ്പെടുന്നു :—

1. ബഹിൎശബ്ദാനുവിദ്ധസമാധി.
2. ബഹിൎദൃശ്യാനുവിദ്ധസമാധി
3. അന്തൎശബ്ദാനുവിദ്ധസമാധി
4. ബഹിൎദൃശ്യാനുവിദ്ധസമാധി
5. സവികല്പസമാധി
6. നിൎവ്വികല്പസമാധി
7. നിൎസ്സങ്കല്പസമാധി
8. നിവൃത്തി സമാധി
9. നിൎവാസനാസമാധി

ഇവയിൽ നിൎവ്വികല്പസമാധിയും കഴിഞ്ഞു് ആരൂഢമുക്തനായിത്തീൎന്നവന് പിന്നീടു പറയുന്ന നിൎസങ്കല്പസമാധി, നിൎവൃത്തിസമാധി, നിൎവാസനാസമാധി എന്നിവ സ്വയമേവ ഭവിച്ചുകൊള്ളുന്നതിനാൽ അതിലേയ്ക്കായി യാതൊന്നും ചെയ്യേണ്ടതായില്ല. അതിനാലാണ് "ശ്രേഷ്ഠനാരൂഢൻ വേറെ സമാധി ചെയ്യുണ്ടോ ?" എന്നു പ്രസ്തുത പദ്യത്തിൽ ചോദിക്കുന്നതു്.

വൃത്തിയറ്റാരൂഢരായെന്നോക്കും, നാഥാ!, പിന്നെ,
ചിത്തം ചിലൎക്കടങ്ങാനാംനിഷ്ഠാദിയെപ്പാറെന്നാൽ
പൃത്ഥ്വിയിൽ പ്രാരബ്ധത്തിൻവൈജാത്യംപോലിരിക്കും
മുക്തരുംപലവിധമെന്നുംമുൻചൊല്ലിയല്ലോ. 34

ആരുഢജ്ഞാനിയായി, കർമ്മങ്ങളൊഴിഞ്ഞു കൃതകൃത്യരായി ത്തീൎന്നവരും ചിത്തശമനാൎത്ഥം പിന്നും പല വ്യവഹാരസമാധി കളനുഷ്ഠിച്ചു വരുമെന്നും ഈ വ്യവഹാരസമാധികൾ ശരീര പ്രാര ബ്ധത്തിൻെറ ഭേദങ്ങൾ അനുസരിച്ച് ഓരോരുത്തൎക്കും അവരവ രുടെ വിധത്തിലിരിക്കുമെന്നും അപ്രകാരം മുക്തിയെ പ്രാപിച്ച വരും പൂൎണ്ണത്വം പ്രാപിക്കുന്നതിനുമുമ്പു ഈ മായാജഗത്തിൽ വിവിധ രീതികളിൽ കഴിഞ്ഞുപോരുമെന്നും നീ മുമ്പു അരുളി ച്ചെയ്തുവല്ലോ. (തത്ത്വബോധപടലം 97-ം 98-ം പദ്യങ്ങൾ നോക്കുക.)

ഉത്തമാ! ലോകാൎത്ഥംതാൻജ്ഞാനിതൻ വ്യവഹാരം,
സ്വാൎത്ഥമായൊന്നുമേയില്ലതിനാലിടരുമില്ല;
സൃഷ്ട്യാദികൃത്യങ്ങളാൽ വരുന്നപുണ്യപാപ-
മൊട്ടുകില്ലനുഗ്രഹിപ്പോരീശനെയെന്നെപോലെ. 55

ലോകാൎത്ഥം ......മില്ല—മോചനം പ്രാപിച്ച ജ്ഞാനി ഈ പ്രപഞ്ചത്തെ അജ്ഞാനികൾ കാണുന്നതു പോലെയല്ല കാണു ന്നതു്. എല്ലാം ബ്രഹ്മസ്വരൂപമായിട്ടാണു്. ആ ബ്രഹ്മസ്വരൂപ ത്തിൽ ഈ ലോകം പ്രത്യേകം ഒരു വിഷയവുമല്ല. അങ്ങനെ ഈ മായാപ്രപഞ്ചത്തിൽ ജ്ഞാനിക്കു് ഒരു കാൎയ്യവുമില്ലെങ്കിലും അവൻ വ്യവഹാരത്തിൽ പെട്ടിരിക്കുന്നതു് ഈശ്വരസൃഷ്ടിയെ ബഹുമാനിക്കാനാണു്. ജ്ഞാനിക്കു് ഈ ലോകം ഇല്ലെന്നിരു ന്നാലും അജ്ഞാനിക്കുണ്ടു്. ജ്ഞാനിക്കു പിന്നിവിടെ എന്തു കാൎയ്യം എന്നു കേട്ടാൽ ലോകോപകാരം എന്നതേയുള്ളു എന്നു സമാധാനം. പറയാം. തമിഴനാട്ടിൽ ജീവിച്ചിരുന്ന പല ജ്ഞാനികളുടെയും വ്യവഹാര ജീവിതം ഈവിധമായിരുന്നു വെന്നു് അവരുടെ ചരിത്രങ്ങളിൽനിന്നും മനസ്സിലാക്കാം. ഇപ്ര കാരം തന്നെബന്ധിക്കാത്ത വ്യവഹാരങ്ങളാൽ ജ്ഞാനിക്കു് ദുഃഖമൊന്നും ഉണ്ടാവാനും ഇടയില്ലല്ലോ.

സൃഷ്ട്യാദി..........മീശനെ—ലോകസൃഷ്ടി നടത്തുന്നതു് ഈശ്വരസങ്കല്പമാണു്. ഈ ഈശ്വരസങ്കല്പത്തെ അറിയുന്നവന്നു് ഈശ്വരസങ്കല്പസൃഷ്ടിനിമിത്തം യാതൊരു ദുഃഖത്തിനും അവകാശമില്ല. എന്നാൽ ഈശ്വരസങ്കല്പത്തെ ഭേദിക്കുമാറു് ജീവസങ്കല്പം താൻ, തന്റേതുകൾ തുടങ്ങിയുള്ള വ്യവഹാരങ്ങളെ സ്വയം സൃഷ്ടിക്കുന്നു. ഈ സ്വയംകൃതാനർത്ഥം മാത്രമാണു് ദുഃഖത്തിനു കാരണം. ഈ ദുഃഖം ഈശ്വരനെ, അതും അനുഗ്രഹരൂപിയായ ഈശ്വരനെ, ബാധിക്കുകയില്ല.

സൃഷ്ട്യാദികൃത്യങ്ങൾ—സൃഷ്ടി, സ്ഥിതി, സംഹാരം തിരോഭവം, അനുഗ്രഹം എന്നീ പഞ്ചകൃത്യങ്ങൾ.

ഈ പരമാർത്ഥത്തെ ഭഗവത്ഗീതയിൽ പറയുന്നു:-

"ന മേ പാർത്ഥാസ്തി കർത്തവ്യം
ത്രിഷു ലോകേഷു കിഞ്ചന
നാനാവാപ്തമവാപ്തവ്യം
വർത്ത ഏവ ച കർമ്മണി."

പിന്നീടു് കാരണങ്ങളും പറഞ്ഞിട്ടുണ്ടു്.

ഈശനായ്, രൂപാരൂപമായോരെൻ ഗുരുവേ! ചൊല്ലീ-
ടീശനും ജ്ഞാനിയും, മേലെങ്ങനെ തുല്യരാകും?
എങ്ങനെയെന്നാൽ ചൊല്ലാമില്ലല്ലോ രണ്ടുപേർക്കു-
മെങ്ങുമേ മമതയുമഹന്തതാനും പാർത്താൽ;
ഇന്നിയും കേൾക്കൂ, ജ്ഞാനിതന്നെയാണീശനായോ-
നെന്നല്ല,നാനാജീവന്മാരുമീലോകം പോലും. 36

ഈശനായ്........ല്യരാകും—എനിക്കീശ്വരനായി, രൂപരൂപത്തിലും അരൂപരൂപത്തിലും എനിക്കു മുമ്പിൽനില്ക്കുന്നവനുമായ ഗുരുവേ! ജ്ഞാനിയും ഈശ്വരനും തുല്യരാണെന്നു (മുൻപദ്യം നോക്കുക) നീ പറഞ്ഞതെങ്ങനെയാണു്?

എങ്ങനെ ......കംപോലും—എങ്ങനെയെന്നു ഗുരുപറയുന്നു. ജ്ഞാനിക്കു് മമത, അഹന്ത എന്നീദോഷങ്ങൾ ഇല്ലാത്തതുപോലെ

ആ ദോഷങ്ങൾ ഈശ്വരനുമില്ല. ഈശ്വരനും ഈശ്വരന്റെ സൃഷ്ടികളായ ഈ ജീവന്മാരും ഈ ജഗത്തും ജ്ഞാനിയുടെ സ്വരൂപത്തിൽ തന്നെയാണ് വർത്തിക്കുന്നതു്. കാരണം ജ്ഞാനിയെ ആശ്രയിച്ചുനിന്നുകൊണ്ടാണു് ഈശ്വരൻ സൃഷ്ടി, സ്ഥിതി, സംഹാരാദികൾ നടത്തുന്നതു്.

ജീവന്മാരെല്ലാവരുമിവനാണെന്നും പിന്നീ-
ടിവനോ നിത്യമുക്തനാണെന്നും ചൊല്ലിയല്ലോ.
സത്യമിച്ചൊന്നതെങ്കിൽ ജീവന്മാരെല്ലാം മുക്തി
യെത്താതിരിപ്പാനെന്തുബന്ധം ഞാനറിവില;
ജീവന്മാരൊക്കെ വെവ്വേറായിരിക്കുന്നപാത്താ
ലാവകയൊന്നുംതന്നെയേകനാമിവനല്ലല്ലോ. 37

ഇക്കണ്ട സർവ്വത്തിലും ഈശ്വരനിലും ജ്ഞാനിതന്നെ കാണപ്പെടുന്നുഎന്ന ഗുരൂപദേശം കേട്ടിട്ടു് ശിഷ്യൻ പല സന്ദേഹങ്ങളുമുദിച്ചു. ബന്ധത്തിൽ ഇരിക്കുന്ന ജീവന്മാരും നിത്യസ്വതന്ത്രനായ ജ്ഞാനിയും എങ്ങനെ ഒന്നാകും? ഒന്നാണെങ്കിൽ ജീവന്മാർ മുക്തിയെ പ്രാപിക്കാത്തതെന്തു്? വെവ്വേറെയായും പലതായും കാണപ്പെടുന്ന ജീവന്മാർ ഏകനെന്ന ജ്ഞാനിയാവുകയില്ല.

ഞാനാകുമാത്മാവേകം, പൂരണം, ചേരുമന്തഃ
കരണോപാധി നാനാവിധമെന്നാകയാലെ,
പല ജീവന്മാരുണ്ടാം, ചന്ദ്രനൊന്നെങ്കിലുംമേൽ
കുളം, കുടം, കുഴികൾതോറും ജലശീതാംശുവെപ്പോൽ 38

ചന്ദ്രനൊ.... ....വെപ്പോൽ—ലോകം മുഴുവൻ വിളങ്ങിനില്ക്കുന്ന ആകാശചന്ദ്രൻ ഒന്നാണെങ്കിലും കുളങ്ങൾ, കുടങ്ങൾ, കുഴികൾ, ചാലുകൾ എന്നീ അനേകം ഉപാധികളെ ആശ്രയിച്ചു അനേകം ജലചന്ദ്രന്മാർ കാണപ്പെടുന്നതുപോലെ.

ഞാനാകു... ന്മാരുണ്ടാം—ആത്മാവാണു ഞാൻ. അതു് പരിപൂർണ്ണവും ഏകവുമാണു്. എന്നാൽ ഈ ആത്മാവിനെ പ്രതിഫ

ലിപ്പിക്കുന്ന അന്തഃകരണേന്ദ്രിയോപാധികൾ പലവിധത്തിലുമുള്ളവയായിരിക്കുന്നതിനാൽ ഒരേ ആത്മാവിനെത്തന്നെ പല ജീവന്മാരായികാണുന്നു.

പരമാത്മാവായീടും ബിംബത്തിൻ പ്രതിബിംബം
പരിചിൽ കാണുന്നതു ജീവാത്മാവറികെടോ !
ഓരോരേ ജലാശയേ കേവലം മഹാകാശം
നേരേ നീ കാണ്മീലയോ കണ്ടാലുമതുപോലെ ”

(അദ്ധ്യാത്മരാമായണം)

“ജീവനെന്നും പരനെന്നും ചൊല്ലുന്ന-
തേകനെയെന്നു ചിന്തിച്ചറിയണം
ഏകനാകിയ സൂര്യൻ ജലത്തിങ്ക-
ലേറിയോന്നായ് ജ്വലിക്കുന്നതില്ലയോ?”

(അദ്ധ്യാത്മവിചാരം)

പാനയോ കുടമോ ഒന്നുടഞ്ഞാൽ ജലചന്ദ്രൻ
താനും തന്നധിഷ്ഠാന ചന്ദ്രനോടേകമാകും;
ബന്ധമാമുപാധിവിട്ടാൽ ജീവനും കാരണാത്മാ
വൊത്തേകമാകു, മന്ന്യമിവിധമേകമാകാ. 39

പാനയോ ......കമാകും— ജലം നിറഞ്ഞിരിക്കുന്ന പാന, കുടം മുതലായവയിൽ ചന്ദ്രൻ പ്രതിബിംബിക്കുന്നു. ഇവിടെ പാനജലം, ഘടജലം, എന്നിവ ചന്ദ്രപ്രതിബിംബത്തിൻെറ (ചന്ദ്രൻെറ അല്ല) ഉപാധികളാണ്. ശരീരത്തെ ബന്ധിച്ചു നില്ക്കുന്ന അന്തഃകരണത്തിൻെറ സ്ഥാനമാണ് പാനയിൽപെട്ടിരിക്കുന്ന ജലത്തിനുള്ളതെന്നും അന്തഃകരണത്തിൻെറ നടുനിലയായ ബുദ്ധിയുടെ സ്ഥാനത്താണു ജലത്തിലുള്ള ആകാശത്തിനുള്ളതെന്നും മനസ്സിലാക്കേണ്ടതാണ്. ഘടമില്ലെങ്കിൽ ഘടജലവും ഘടജലാകാശവും ഇല്ലല്ലോ. അതിനാൽ ഘടമുടഞ്ഞുപോയാൽ ഘടജലാകാശചന്ദ്രൻ അതിന്നധിഷ്ഠാനമായ ആകാശചന്ദ്രൻ മാത്രം എന്നായിത്തീരുന്നു.

ബന്ധമാ........കമാകും—മുമ്പറഞ്ഞപോലെ ശരീരമാകുന്ന ഉപാധിബന്ധം ഒഴിഞ്ഞ ജീവൻ അതിന്റെ കാരണാത്മാവുമായൈക്യം പ്രാപിച്ച് ആത്മാവുമാത്രം പ്രകാശിക്കുന്നു.

അന്യമി .... മാകാ—ശരീരബന്ധം ഒഴിയാത്തതിനാൽ അന്തഃകരണവിശിഷ്ടചൈതന്യമായ ജീവൻ ആത്മാവായവശേഷിക്കുന്നില്ല.

എങ്ങനെയൊപ്പാം ബ്രഹ്മാവാദിയാമീശനും പി—
ന്നിങ്ങനെയെന്നും ചുമ്മാതിരിക്കും ജ്ഞാനിയുംചൊൽ?
ചെയ്യുമേ സൃഷ്ടി, സ്ഥിതി, നാശവും ത്രിമൂർത്തിക—
ളയ്യോ ! ജീവന്മാർക്കേവം ബുദ്ധിയുമറിയുന്നു;
നല്ലപോലറിയുന്നു കാലത്രയങ്ങളേയും;
തെല്ലുമീ വൈഭവങ്ങളൊന്നുമാജ്ഞാനിക്കില്ല. 40

ഈശ്വരൻ സഗുണബ്രഹ്മമാണ്. ജ്ഞാനിനിർഗ്ഗുണബ്രഹ്മവും. ഈശ്വരൻ എല്ലാംചെയ്യുന്നുജ്ഞാനിചുമ്മാതിരിക്കുന്നു. ഈശ്വരൻ സർവ്വവിഭൂതികളുടേയുംമൂർത്തിയാണ്. ജ്ഞാനി വിഭൂതിരഹിതനാണ്. ഈശ്വരൻ സൃഷ്ടിസ്ഥിതിസംഹാരവൈഭവമുള്ളവനാണ്. ജ്ഞാനി ഒരുകാലത്തും ഒരു സൃഷ്ടിയും ഉണ്ടായിട്ടേയില്ലെന്നറിയുന്നു. ഈശ്വരൻ ത്രികാലജ്ഞാനിയാണ്. കാലമെന്തെന്നേ അറിയാൻ പാടില്ലാത്തവനാണ്. ജ്ഞാനി ഇത്രത്തോളം അന്തരം ഇരിക്കവേ ഈശ്വരനും ജ്ഞാനിയും തുല്യരാണെന്നെങ്ങനെ പറയാൻ കഴിയും?

കേൾക്കെടോ, തടാകനീരും നിലാവെളിച്ചവും
കാക്കു, മീരണ്ടുംചേർന്ന്, ഗ്രാമപ്രദേശമെല്ലാം;
കാത്തിടും ഘടനീരും ദീപവും ഗൃഹം മാത്ര—
മോർത്തുകണ്ടാലീരണ്ടും തത്ത്വത്തിലൊന്നാണോർക്കു;
ആയപോലറിവങ്കലിവക്കും ഭേദമില്ല;
മായാ ഗുണത്താൽ കീഴ്,മേലെന്നുള്ളഭേദംതോന്നാം. 41

ഓർത്തുക ...ണോർക്കു-അല്പജലം, അല്പവെളിച്ചം ഇവ ചുരുക്കം സ്ഥലത്തിനുപകരിക്കുന്നു. കൂടുതൽ ജലം, കൂടുതൽ വെളിച്ചം കൂടുതൽ സ്ഥലത്തിനുപകരിക്കുന്നു. ജലം, വെളിച്ചം ഇവയെക്കൊണ്ടുള്ള ഉപകാരവും അനുഭവയോഗവും രണ്ടുസ്ഥാനങ്ങൾക്കും ഒന്നാണു്. അപ്പ്രകാരം രണ്ടുസ്ഥലങ്ങളും തുല്യവുമാണു്. അങ്ങനെ രണ്ടു ജലവും വെളിച്ചവും തത്വത്തിലൊന്നാണെന്നും പറഞ്ഞു.

ആയപോ........ഭേദമില്ല-സർവ്വത്തിനും ആദികാരണം എന്ന നിലയിൽ ഇവർ രണ്ടാളും ഒന്നാണു്.

മായാഗു... ഭേദംകാണാം-ബ്രഹ്മം ബ്രഹ്മമേ ആയിരിക്കുന്നുള്ളു ജ്ഞാനി-ബ്രഹ്മം (തന്നിൽതന്നെ ആരോപിതമായ) വിദ്യാരൂപമായയിൽ പ്രതിബിംബിക്കുമ്പോൾ ആ മായാസഹിതനായ ബ്രഹ്മം അഥവാ ചൈതന്യം ഈശ്വരൻ എന്നു പറയപ്പെടുന്നു. 'മായയിൽ പ്രതിബിംബിതനീശ്വരൻ' എന്നു് മായാഗുണം ഉള്ള ചൈതന്യം ഈശ്വരനായും മായാഗുണം ഇല്ലാത്ത ചൈതന്യം ജ്ഞാനിയായും ഇരിക്കുന്നു. ഒരേ വസ്തുവിനെത്തന്നെ, കർത്താവായിരിക്കുമ്പോൾ ഈശ്വരനെന്നും അകർത്താവായിരിക്കുമ്പോൾ ജ്ഞാനിയെന്നും വ്യവച്ഛേദിക്കുന്നു എന്നറിയണം.

മർത്ത്യരിൽ ഭൂമീഭർത്താ,വാകാശചാരികളിൽ
സിദ്ധന്മാർ,ബ്രഹ്മാ, വിഷ്ണുതൊട്ടുള്ളദേവന്മാരും
മായാവൈഭവം,തപോസിദ്ധികളുള്ളോർക്കണ്ടെ-
ന്നായപോൽമേന്മയൊന്നുംകൂടാതെയീലോകത്തിൽ
താഴ്മതോന്നീടാംമർത്ത്യജീവന്മാർക്കെന്നാലുംകേൾ
ബ്രഹ്മത്വം കൊണ്ടിവർക്കുമീശനും ഭേദമില്ല 42

സൃഷ്ടിവൈഭവം മികച്ചുനില്ക്കുന്നവർക്കും ഈശ്വരനുപോലും ബ്രഹ്മചൈതന്യത്തിൽനിന്നുമാണു് വൈഭവങ്ങൾ ലഭിക്കുന്നതു്. ഇവരെല്ലാം ബ്രഹ്മാംശങ്ങളുമാണു്. വൈഭവങ്ങളും സിദ്ധികളുമി

ല്ലെങ്കിലും മത്ത്യരൂപത്തിലുള്ള ജീവന്മാരും ബ്രഹ്മാംശങ്ങൾ തന്നെയാണ്. അതിനാൽ ബ്രഹ്മത്വപദവിയിൽ ഈശ്വരനും മനുഷ്യനും തമ്മിൽ ഒരു ഭേദവുമില്ല. സിദ്ധികളെല്ലാം ആരോപിതങ്ങളാണ്. ജീവേശ്വരന്മാരും ബ്രഹ്മത്തിൽ ആരോപിതങ്ങളാണ്. ഇപ്രകാരം ആരോപിതവസ്തുക്കൾക്കു തമ്മിൽ യഥാർത്ഥത്തിൽ ഭേദം ഉണ്ടായിരിക്കാനും ഇടയില്ലല്ലോ.

മുക്തിനല്കീടും നാഥാ! മാമുനിമാക്കുണ്ടാകും
സിദ്ധികളീശനുള്ള ഭൂതിയെന്നോതീടുന്നു;
ഉത്തരം ഗുരുവോതി സിദ്ധികളീശൻതങ്കൽ
ഭക്തിചെയ്തീടുംതപോയോഗങ്ങൾ ഫലിച്ചതാം. 43

മഹർഷിമാക്കും യോഗികൾക്കും മററും ഈ ലോകത്ത് എന്തിനും കഴിയുമെന്നുള്ള സിദ്ധികളുണ്ട്. അണിമാദി ഐശ്വര്യങ്ങളെയും സാമീപ്യ, സാരൂപ്യാദി അവസ്ഥകളെയും അവക്കു പ്രാപിക്കാം. അവയെല്ലാം സഗുണങ്ങളും നശ്വരങ്ങളുമാണ്. ജഗദീശ്വരനിൽ രമിക്കാൻ ചെയ്ത തപോയോഗാദികളുടെ ഫലമായി ഈശ്വരവൈഭവങ്ങൾ പകൎന്നലഭിക്കുന്നവയുമാണ് അവയെല്ലാം.

രണ്ടേററനാഥാ! തപസ്സുള്ളോക്കുസിദ്ധി,മുക്തി,
രണ്ടും സിദ്ധിക്കുമെന്നാലെല്ലാക്കുംലഭിച്ചാമോ?
പണ്ടുള്ളോർരണ്ടും പൂൎവ്വപുണ്യത്താൽ സാധിച്ചിപ്പോൾ
കണ്ടപോൽജ്ഞാനിക്കെന്തേ! സിദ്ധികളില്ലാതാവാൻ? 44

പൂർവ്വകാലങ്ങളിൽ തപോയോഗങ്ങളെക്കൊണ്ട് സിദ്ധിയും മുക്തിയും സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോഴുള്ള ജ്ഞാനിമാക്ക് സിദ്ധികളില്ലാതെപോവാൻ എന്തുകാരണം?

കാമ്യവും നിഷ്ക്കാമവുമായ്തപസ്സുണ്ടുരണ്ടായ്,
കാമ്യമേകീടും സിദ്ധി, നിഷ്ക്കാമം ജ്ഞാനവുംകേൾ;
ഒന്നിനാൽപ്രയത്നിച്ചാലായതിൻഫലംനേടാം;
മുന്നുള്ളോർപ്രയത്നിച്ചൂരണ്ടിനുമെന്നുകേൾപ്പൂ. 45

ഇച്ഛയോടുകൂടിയ തപസ്സിനാൽ സിദ്ധിയും തപസ്സിൻമാത്രമായുള്ള തപസ്സിനാൽ പരമാത്മജ്ഞാനവും ഫലമായ്വരുന്നു.

ഉത്തമാ! ബ്രഹ്മജ്ഞാനമല്ലാതെ സിദ്ധിയൊന്നും
ചേർത്തില്ല, ഭഗീരഥൻ, ബലിയും ജനകാദി
മുക്തരും; സിദ്ധിയാർജ്ജിച്ചു ചിലർ; ചിലർരണ്ടും;
സിദ്ധിയോ കൊള്ളാം വിനോദത്തിന്നു, മുക്തിക്കാകാ. 46

ജനകൻ, മഹാബലി, ഭഗീരഥൻ തുടങ്ങിയ ജ്ഞാനികൾ ജ്ഞാനംമാത്രം നേടിയവരാണ്. സിദ്ധിമാത്രം നേടിയവരുണ്ട്. രണ്ടും സാധിച്ചവരുമുണ്ട്: സിദ്ധികൾ നശ്വരങ്ങളും കഥയില്ലാത്തവയുമാണ്.

ജ്ഞാനയോഗമേ മുക്തിയെത്തരുമെന്നാൽ ചില-
രന്ന്യസിദ്ധിക്കായാസപ്പെട്ടതിൻ ഹേതുവോതാം;
ഭോഗമാം പ്രാരബ്ധത്തെ ബ്ഭുജിച്ചേ തീക്കാനൊക്ക-
മാകയാൽ സിദ്ധിമൂലം പ്രാരബ്ധമുണ്ടുതീക്കും. 47

ജ്ഞാനം മാത്രമായിരുന്നാലേ മുക്തിക്കുപകരിക്കുന്നുള്ളുവെന്നിരിക്കുമ്പോൾ ജ്ഞാനത്തോടുകൂടി (മുക്തിക്കു തടസ്സമായ) സിദ്ധിയെക്കൂടി ചിലർ ആർജ്ജിക്കാനൊരുങ്ങുന്നതിൻെറ കാരണം പറയാം. മുക്തിപെററവനും പ്രാരബ്ധമവശേഷിച്ചിരിക്കും. പ്രാരബ്ധം അനുഭവിച്ചേ തീരുകയുള്ളു. ഈ പ്രാരബ്ധം ഭോഗാനുഭവമാണെങ്കിൽ ആ ഭോഗത്തെയാണ് അനുഭവിക്കേണ്ടിയുള്ളതും. ഭോഗപരമായിട്ടുള്ളവയാണു സിദ്ധികളെല്ലാം. അങ്ങനെ സിദ്ധികൾ കാണിക്കുന്നതിൽക്കൂടി ഭോഗപ്രാരബ്ധത്തെ ഉണ്ടുതീക്കുകയാണ്. ഇപ്രകാരം പ്രാരബ്ധനിവ്വഹണാർത്ഥം ചിലർ സിദ്ധികളാർജ്ജിക്കുന്നതായും ഉണ്ട്.

യുക്തികളാലും ശ്രുതിവാക്യങ്ങളാലുമെൻെറ
ചിത്തമൊട്ടലയാതുറപ്പിക്കുമെൻ പിതാവേ!

ശുദ്ധദർപ്പണം മേന്മേലച്ഛമാകുംപോൽനീയെ-
ന്നുറംത്തടം തെളിക്കുവോളം മേന്മേൽമനംമിനുങ്ങും,
എന്നയിരേ! നിൻജ്ഞാനപീയൂഷമെത്രമാത്രം
തിന്നുമില്ലലംഭാവം, മറുക്കുന്നില്ല ചിത്തം. 48

നിൻെറ ജ്ഞാനോപദേശം കേൾക്കുന്തോറും മനസ്സു എത്രത്തോളം പ്രകാശിച്ചിട്ടും പിന്നെയും അതിരില്ലാതെ കൂടുതൽ കൂടുതൽ പ്രകാശിച്ചുകൊണ്ടേ ഇരിക്കുന്നു. അതുപോലെ ജ്ഞാനശ്രവണപീയൂഷം എത്ര അനുഭവിച്ചിട്ടും മനസ്സിനു മതിയായി എന്നു തോന്നിപ്പോകുന്നില്ല.

കൈതവം, ജ്ഞാനശാസ്ത്രമോതുമോ ഗുരുനാഥാ!
ചെയ്തകർമ്മങ്ങളുണ്ടല്ലാതെയെങ്ങൊടുങ്ങുന്നു?
സഞ്ചിതകർമ്മം ജ്ഞാനത്തീയെരിച്ചീടുമെന്നു-
മെഞ്ചെവിതന്നിൽ കേട്ടു, സത്യമെന്തുരച്ചാലും, 49

കർമ്മത്തിനു് അതിൻെറ ഫലമുണ്ടു്. കർമ്മംതീന്നാലും ഫലം അവശേഷിച്ചുനില്ക്കും. ഫലംകൂടിതീരുന്നതുവരെ കർമ്മം നശിച്ചുഎന്നുപറയാൻ നിവൃത്തിയില്ല. ഫലം അനുഭവിച്ചു തീക്കാനുള്ളതാണു്. അതു് കർമ്മംചെയ്തയാളിനെത്തന്നെ പററിനില്ക്കും. അതിനാൽ കർമ്മങ്ങളുടെ ഫലം അനുഭവിച്ചു തീർന്നെങ്കിലേ കർമ്മം ഒടുങ്ങിയതായി വരുകയുള്ളു. കർമ്മസഞ്ചയങ്ങൾ മൂന്നുവിധം:—

സഞ്ചിതം—കഴിഞ്ഞ ജന്മങ്ങളിൽ കൂട്ടം കൂട്ടമായി ശേഖരിച്ച കർമ്മസമൂഹം. കൃഷി, കച്ചവടം തുടങ്ങിയതൊഴിലുകൾചെയ്തു് ഈ കർമ്മത്തെ ഒടുക്കുന്നു.

പ്രാരബ്ധം—കഴിഞ്ഞ ശരീരത്തിൽചെയ്തു് ഈ ശരീരത്തിനു ഹേതുവായിവരത്തക്കവണ്ണം സംസ്കാരരൂപത്തിൽ ആയിപ്പോയ കർമ്മങ്ങളെ പ്രാരബ്ധകർമ്മങ്ങൾ എന്നുപറയും. ആ പ്രാരബ്ധത്താൽ ഈ ശരീരം കൈവന്നു. ദൃഷ്ടസുഖ, ദുഃഖങ്ങളാൽ പ്രാരബ്ധം നശിക്കുന്നു.

ആഗാമികം—വൎത്തമാനകാലത്തിൽ പ്രാരബ്ധവേളയിൽ ചെയ്യുന്ന കൎമ്മസമൂഹത്തെ ആഗാമികം എന്നുപറയുന്നു. വൈദികകൎമ്മങ്ങളാലും മററും ഈ കൎമ്മം ഒട്ടങ്ങുന്നു. ഇവയിൽ കൎമ്മഭാരം കൂട്ടതലായുള്ള സഞ്ചിതത്തെ അനുഭവിച്ചുതീൎക്കണമെന്നും, അല്ലാ, ജ്ഞാനാഗ്നിയിൽ ദഹിച്ചുതീരുന്നതാണെന്നും ഉള്ള ശാസ്ത്രോക്തികളിൽ ഏതാണുശരി എന്നു ശിഷ്യൻ ചോദിക്കുന്നു.

കർമ്മഫലങ്ങൾ അനുഭവിച്ചുതീൎക്കണമെന്നു പറയുന്നതിനുദാഹരണം:—

"അനാദികർമ്മങ്ങളാകും സഞ്ചിതകർമ്മങ്ങളോ
ബോധിക്ക, ബലിഷ്ഠങ്ങളായിരിക്കകയാലേ
അവയെബ്ഭുജിക്കാതെ നാശമായവയ്ക്കെല്ലാ-
മവകാശമില്ലെന്നു ചൊല്ലുന്നു തത്വജ്ഞന്മാർ"

(ശ്രീരാമഗീത—കർമ്മവിഭാഗയോഗം)

(സ്വസ്വരൂപ) ജ്ഞാനം സൎവ്വവുമഴിക്കുന്നുവെന്നതിനുദാഹരണം:—

"സ്വപ്നത്തീഴടലിൽ പിടിച്ചതണയു-
ന്നൊന്നായുണൎന്നീടവെ,
സങ്കല്പാത്മകമീജഗത്തുമൊഴിയും
ജ്ഞാനോദയത്തിങ്കലേ."

(ഒഴിവിലൊടുക്കം)

പണ്ടേജീവന്മാൎക്കവിദ്യോപാധിഭേദങ്ങളു-
ലുണ്ടവൎക്കുവെവ്വേറെ കർമ്മഭേദവും ചെയ്വാൻ;
ജീവന്മാരവരവൎക്കേൎപ്പെട്ട കർമ്മം ചെയ്യും;
പൂവിരിഞ്ഞതിൽ പിന്നെക്കായുണ്ടാമെന്നമട്ടിൽ
പൂൎവ്വപക്ഷത്തെയുംപിൻസിദ്ധാന്തപക്ഷത്തേയും
കാവലാംവേദങ്ങളും പക്വാപക്വങ്ങൾനോക്കി
വിധിക്കും ജീവന്മാൎക്കുകർമ്മവുംഭക്തി,ജ്ഞാനം,
ശോധനചെയ്തുകണ്ടികാണ്ഡങ്ങൾമൂന്നിൽക്കൂടി. 50

ഉപാധിക്കു കാരണം അവിദ്യയാണ്. ഈ അവിദ്യോപാധി ജീവന്മാക്കു അനന്തം ഭേദങ്ങളോടുകൂടിയിരിക്കുന്നു. അളവററ ഉപാധിഭേദങ്ങളാൽ അളവററ കർമ്മഭേദങ്ങളും ഉണ്ടാകുന്നു. സൃഷ്ടിക്കു പ്രത്യേക നിയമമേയില്ല. അതിനാൽ അവരവക്കേ ല്പെട്ട കർമ്മഭേദങ്ങളെ ജീവന്മാർ ചെയ്യുന്നു എന്നേയുള്ളു. ശാസ്ത്ര ങ്ങൾ ഈ ജീവന്മാക്കു് മോചനത്തിനായി കർമ്മം, ഭക്തി, ജ്ഞാനം എന്നിവയെ വിധിക്കുന്നുണ്ടു്. അതിൽ പൂർവ്വപക്ഷ (കർമ്മം, ഭക്തി)വും സിദ്ധാന്തപക്ഷ (ജ്ഞാനം)വും ഉൾപ്പെടുന്നു. അപക്വന്മാക്കു പൂവ്വപക്ഷത്തേയും പക്വാധികാരികൾക്കു സിദ്ധാ ന്തപക്ഷത്തേയും ഉപദേശിക്കുന്നുണ്ടു്.

ദുഷ്കൃതം ചെയ്‌വോർപോകുംനിശ്ചയം നരകത്തി-
ലെങ്കിലുംദാനം, വ്രതം, മന്ത്ര,ഹോമാദിയാലും
തീർത്തിടാംപാപമെന്നു ചൊൽവതസത്യമാമോ?
ജന്മങ്ങൾകൊണ്ടുചേരും സഞ്ചിതകർമ്മമെല്ലാം
ഭസ്മമാംജ്ഞാനത്തീയിലെന്നുള്ള വേദവാക്യ-
സമ്മതംവിശ്വസിച്ചാൽമോചനം ലഭിച്ചീടും. 51

കർമ്മഫലങ്ങൾ അനുഭവിച്ചാൽതീരും എന്നുപറയുന്ന വേദോക്തിയുടെ പൊള്ളയെ പരിശോധിക്കാം. ദേഹമേ അസ ത്യമാണെങ്കിൽ ദേഹാത്മബുദ്ധിയാൽ ചെയ്യുന്ന കർമ്മങ്ങൾക്കും സത്തയില്ല. കർമ്മഫലങ്ങളുടെ കഥയില്ലായ്മയും തഥൈവ. അജ്ഞാനിക്കു് ദേഹമുണ്ടു്, എല്ലാമുണ്ടു്. മുക്തനു് ഇവയൊന്നു മില്ല. കർമ്മാദികൾ ചെയ്തുതീർത്തവനോ കർമ്മഫലങ്ങൾ അനു ഭവിച്ചുതീർത്തവനോ അല്ല മുക്തൻ. അവ ഒരുകാലത്തും തന്നെ ബാധിച്ചിട്ടേ ഇല്ല എന്നറിയുന്നവനാണ്. താൻ ഒരിക്കലും ജനിച്ചിട്ടില്ല, മരിക്കുന്നുമില്ല, എന്നും അവൻ അറിയുന്നു. ജ്ഞാനി ദുഃഖത്തെ നിവർത്തിക്കുകയോ ആനന്ദത്തെ പ്രാപിക്കുകയോ ചെയ്യുന്നില്ല. തന്റെ നിത്യ, സത്യ, അറിവാനന്ദ സ്വരൂപ ത്തിൽനിന്നും താൻ ഒരു കാലവും പിരിഞ്ഞിട്ടില്ല എന്നറിയുന്ന

ജ്ഞാനിക്കു് മോക്ഷം അനാവശ്യമായി ഭവിക്കുന്നു. അതിനാൽ കർമ്മങ്ങളാകട്ടെ, കർമ്മഫലങ്ങളാകട്ടെ, അനുഭവിച്ചാൽ തീരുമെന്നു പറയുന്നതു 'കൊന്നാൽ പാപം തിന്നാൽ തീരും' എന്നു പറയുന്നപോലെയുള്ള ജളതമാത്രമാണു്. അതുകൊണ്ടു് പ്രകൃതത്തിൽ ഗുരു, ശിഷ്യനു്, സർവ്വവും ജ്ഞാനോദയത്തിനാൽമാത്രം നിവർത്തിക്കപ്പെട്ടുപോകുമെന്ന സിദ്ധാന്തപക്ഷത്തെത്തന്നെ ഉപദേശിക്കുന്നു.

എന്മനത്ത്യക്കോവിലിൽ പള്ളികൊണ്ടീടും നാഥാ!
ജന്മസഞ്ചിതകർമ്മമാററും നിൻജ്ഞാനമാർഗ്ഗം
ഉൺമയിൽത്തരും മേന്മകാണാതെ വിദ്വാന്മാരും
കർമ്മസഞ്ചയക്കുണ്ടിൽവീണുഴലുന്നതെന്തേ? 52

ജന്മസ........മാർഗ്ഗം—ഞാൻ നിത്യസത്യമായ അറിവാനന്ദസ്വരൂപിയാണു്. ഞാൻ ഒരിക്കലും ജനിച്ചിട്ടില്ല. അതിനാൽമരിച്ചിട്ടുമില്ല. ഈ പരമാർത്ഥത്തെ ഉണർന്നു് താൻ എപ്പോഴും ആനന്ദസ്വരൂപമേ ആയിരിക്കുന്നതാണു് ആത്മസാക്ഷാത്ക്കാരം. ഇതു തന്നെയാണു് ജ്ഞാനവും ജ്ഞാനമാർഗ്ഗവും. ഈ മാർഗ്ഗത്തിൽ ഈ പ്രപഞ്ചമില്ല. അതിനാൽ അതിനെ ഒഴിക്കേണ്ടതില്ല. ഒരു കാലവും ജനിച്ചിട്ടേ ഇല്ലെങ്കിൽ ജന്മത്തിൻെറ ഫലമായി വ്യവഹരിക്കപ്പെടുന്ന സഞ്ചിതാദി ദുഃഖങ്ങൾ ഏതു്? ഇപ്രകാരം സർവ്വദുഃഖങ്ങളും ഒഴിക്കപ്പെടാതെതന്നെ ഒഴിക്കപ്പെട്ടതാക്കിത്തീർക്കുന്നതാണു ജ്ഞാനമാർഗ്ഗം.

ഉൺമ........ന്നതെന്തേ? ജ്ഞാനമാർഗ്ഗം കുറെ തത്ത്വങ്ങളെപ്പറഞ്ഞവസാനിപ്പിക്കുകയല്ലാചെയ്യുന്നതു്. അനുഭവത്തെത്തന്നെ വെളിവാക്കുന്നു. ഭക്തി, കർമ്മം, യോഗം ഇതുകളിൽക്കൂടി സാക്ഷാത്ക്കാരം സാദ്ധ്യമല്ലെന്നതറിഞ്ഞാൽ തന്നെയും വിദ്വാന്മാർപോലും കർമ്മാദിമാർഗ്ഗങ്ങളിൽക്കൂടിത്തന്നെ ആത്മസ്വരൂപപ്രാപ്തിക്കു പരിശ്രമിച്ചു് നാശമടയുവാൻ കാരണമെന്താണു് ?

ക്രിയാമാർഗ്ഗത്തിൻെറ അനാശാസ്യതയെപ്പററി കണ്ണുടയ വള്ളലാർ ഇപ്രകാരം പറയുന്നു:-

"മെയ്യിന്നകംപുറമായ്നിറഞ്ഞു, തനിയായ",
'ഉണ്ട്'' 'ഇല്ല' രണ്ടിനെയും
പൊയ്യാക്കീട്ടതിനപ്പുറത്തു, തനിയേ
വാഴും, ശിവമത്തബ്ഭ്രമാൽ,
കണ്ണും,കാം,വായു,വനങ്ങിടാതെ കരുത്തും
ബോധത്തിലാമഗ്നനായ്
കണ്ണേ! നീ പുതയുന്നിടത്തു തെളിയാ-
നാശിപ്പതെന്തത്ഭുതം!" (ഒഴിവിലൊടുക്കം)

അഴിവറുംപദമാന്നീടുമന്തർമുഖവൃത്തിയുള്ളോർ;
വഴിയിലേകുഴിയിൽവീഴും തുറന്നകണ്ണിരുന്നാലും
അസുപരാങ്മുഖമായിരിക്കിൽ, ബഹിർമ്മുഖരാം
വിഷയികൾ ജനിമൃതിസാഗരത്തിലും വീഴും. 58

അഴിവ........യുള്ളോർ—11-ാം പദ്യത്തിൽ പറഞ്ഞിട്ടുള്ളതു പോലെ അന്തഃകരണത്തിൽ പ്രതിബിംബിക്കുന്ന ചൈതന്യാഭാസൻ ബഹിർമ്മുഖമായി സഞ്ചരിച്ചു് വിഷയങ്ങളിൽ പറ്റിപ്പിടിക്കാതെ അന്തർമുഖമായി വർത്തിച്ചു് തിരിയെ ഉറവിടമായ കൂടസ്ഥചൈതന്യത്തെത്തന്നെ ലക്ഷ്യമാക്കി നില്ക്കുന്നവർ അനശ്വരമായ ആത്മസ്വരൂപത്തെ പ്രാപിക്കുന്നു.

വഴിയി.......രിക്കിൽ—വഴിനടക്കുന്നവൻ കണ്ണുതുറന്നിരുന്നാലും മനസ്സു അന്യഥാ മുഴുകിപ്പോയാൽ അപഥത്തിൽ സഞ്ചരിച്ചു് വല്ല കുഴിയിലും വീഴും.

ബഹിർ........വീഴും—വിഷയവാസന നശിക്കാത്ത കാമികൾക്കു് അന്തഃകരണ വിശിഷ്ടചൈതന്യമായ ജീവൻ ബഹിർമ്മുഖമായി വർത്തിച്ചു് വിഷയങ്ങളിൽ പററിനിന്നു് അവയുടെ ഉണ്ടാവുക, ഇല്ലാതാവുക എന്ന അവസ്ഥാന്തരങ്ങൾ തനിക്കും സംഭവിച്ചു് എന്നും ചത്തും ജനിച്ചും കഴിയും.

നന്മതിന്മകളീശൻ ചെയ്യിച്ചീടുന്നതല്ലോ
ജന്മികളെന്തു ചെയ്വാൻ പഴിയെന്തുണ്ടവർക്കോതാൻ ?
സത്ഗുരുതാനും ചൊന്നാനത്തരം, വേദശാസ്ത്ര-
മാർഗ്ഗങ്ങൾ മറന്നവർക്കാകുമിബ്ഭ്രാന്തിയെല്ലാം. 54

"അവനിൻറി അണുവും അശൈയാതു". അതായതു ഈശ്വര സങ്കല്പം കൂടാതെ അണുപോലും അനങ്ങുന്നില്ല. ഈ ജഗത്തിൻെറ സൃഷ്ടി,സ്ഥിതി,സംഹാരവും ഈശ്വരസങ്കല്പമാണു്. ജീവസങ്കല്പങ്ങളൊന്നും തന്നെ പ്രവത്തിക്കുന്നില്ല. നന്മയ്ക്കും തിന്മയ്ക്കും കാരണക്കാരൻ ഈശ്വരനെന്നിരിക്കെ തിന്മകൾക്കുമാത്രം ഈശ്വരനെ കാരണക്കാരനാക്കി വെറുക്കുന്നതെന്തിനാണു് ? ശിഷ്യൻ ഇങ്ങനെ ചോദിച്ചതിനു് വേദ,ശാസ്ത്രാത്ഥങ്ങളെ അറിയാത്തതിനാൽ ജീവസങ്കല്പങ്ങളെത്തന്നെ സത്യമാക്കിക്കൊള്ളുന്ന മൂഢന്മാരുടെ ഭ്രാന്തിമൂലം അവർ ഈശ്വരനെ പഴിക്കുന്നു എന്നു ഗുരുസമാധാനം പറയുന്നു.

ഈശസൃഷ്ടിയും ജീവസൃഷ്ടിയും വെവ്വേറത്രേ;
ഈശസൃഷ്ടിയോ പൊതു, മിച്ചരാചരങ്ങളെല്ലാം;
മാനമോടഹങ്കാര, മാശ, കോപാദിയെല്ലാം
ഹീനമാം ജീവസൃഷ്ടി,യീശൻ ചെയ്യുന്നതല്ലേ. 55

ചരാചരങ്ങൾ തുടങ്ങിയ സമഷ്ടികാര്യ്യങ്ങളെല്ലാം ഈശ്വരസൃഷ്ടിയിൽപെടും. രാഗദ്വേഷാദി വ്യഷ്ടികാര്യ്യങ്ങളെല്ലാം ജീവസൃഷ്ടിയിലുംപെടും.

ഈശസൃഷ്ടിയോ മുക്തിസാധന, മഹന്തയാൽ
ക്ലേശിക്കും ജീവസൃഷ്ടി ബന്ധവുമായിത്തീരും;
സ്ഥാവരാദികളഴിഞ്ഞും ജീവപ്പിറപ്പാറാ
കോപരാഗാദിപോയാൽ പോയിടും പുനർജ്ജന്മം. 56

(ഈശ്വര) സൃഷ്ടി എന്തിനായിട്ടു് എന്നു കേട്ടാൽ, സൃഷ്ടിയില്ല എന്നറിയാൻ തന്നെ എന്നു മഹത്തുക്കളുത്തരം പറയും.

ഈശ്വരസൃഷ്ടിയുടെ ആന്തരാൎത്ഥം ശരിയായി മനസ്സിലാക്കിച്ചിന്തിച്ചാൽ ലോകത്തുള്ള ഏതു വൃത്തിയും അതിൻെറ നിർവൃത്തിയെ ആശ്രയിച്ചും ആധാരമാക്കിയുംതന്നെ ഇരിക്കുന്നുവെന്നു കാണാം. ഉദാഹരണത്തിനു് ഏതൊന്നിൻെറ ഉല്പത്തിയിലും അതിൻെറ നാശം ചെയ്യുന്നുണ്ടെന്നുള്ളതറിയണം. ബന്ധമായ ഈ ലോകം നിലകൊള്ളുന്നതു് നിത്യനിവൃത്തമായ ആകാശത്തിലാണു്. ഇപ്രകാരം ഏതു സൃഷ്ടിയും അതിൻെറ സംഹാരത്തെപ്പിരിഞ്ഞിരിക്കുന്നില്ലാത്തതിനാൽ ഈശ്വരസൃഷ്ടിയെല്ലാം മുക്തിസാധനങ്ങളാണെന്നു പറഞ്ഞിരിക്കുന്നു.

സ്ഥാവരാ..... ...റപ്പാറാ—സ്ഥാവരാദികൾ സമഷ്ടികാൎയ്യങ്ങളാണു്. സമഷ്ടികാൎയ്യങ്ങൾ ബന്ധത്തിനു ഹേതുവാകുന്നില്ല. അതിനാൽ അവ ഒഴിഞ്ഞാൽ ബന്ധം നശിച്ചുപോകണമെന്നില്ല. നശിച്ചു പോകുന്നുമില്ല. ജനനമരണ ബന്ധത്തിനു ഹേതു. അതിനാൽ സ്ഥാവരാദികളുടെ നാശം നിമിത്തം ജനിമൃതി ഇല്ലാതായിപ്പോവുന്നില്ല എന്നു പറഞ്ഞു.

കോപരാ ... ...ജ്ജന്മം—ബന്ധം ജനനത്തിനു ഹേതുവായി നില്ക്കുന്നപോലെ ബന്ധത്തിനുഹേതു ജീവസങ്കല്പങ്ങളുമാണു്. അതിനാൽ ഈശ്വരസങ്കല്പങ്ങളോടുചേൎന്നു നിന്നു് ജീവസങ്കല്പങ്ങളെ ഇല്ലാതാക്കിയ വ്യക്തി ജനിമൃതി ബന്ധം നീങ്ങിമോചനം പ്രാപിക്കുന്നു. ജീവസങ്കല്പങ്ങളെ മുക്തിപ്രദമായ ഈശ്വരസങ്കല്പത്തിൽ ഒഴിച്ചുവിടുന്നതിനെപ്പററി ഒഴിവിലൊടുക്കത്തിൽ ഇപ്രകാരം പറയുന്നു:—

"അഴിപ്പേ അവനുക്കമിച്ചൈ, അതുവാനാൽ
ഇഴപ്പേ ഉനക്കിച്ചൈയെന്നാ—യിഴപ്പൈ
യറിയാതതുകൊണ്ടറിയാവഞ്ഞാനം
കിറികേളുൻപോതംകെടൽ."

"ബോധത്തിന്നൊഴിപ്പതാണശിവൻ
തന്നിച്ഛയെന്നാകിലാ-
ബോധത്തിന്നെയൊഴിഞ്ഞതാണവരമായ്
വേൾക്കാൻ നിനക്കുള്ളതും;
ബോധംനിന്നിലിഴഞ്ഞിടുന്ന തറിയു-
ന്നില്ലെന്നതജ്ഞാനമാം
ബോധിച്ചീടുക മാർഗ്ഗമുള്ളതിനി ബോ-
ധത്തിൻ നിവൃത്തിക്കു നീ."

(ഭാഷാന്തരം)

ഈശ്വരസങ്കല്പം സർവഥാ ജീവന്മാർക്കു അവരുടെ സങ്കല്പങ്ങളെ ഒഴിവാക്കി മോചനത്തിനുപകരിക്കുന്നതായിരിക്കുന്നു. ഇതിനെ നാം അറിയാതിരിക്കുന്നതു് അജ്ഞാനത്താലാണെന്നും പറയുന്നു.

ഈശന്റെ സൃഷ്ടികാര്യമൊക്കെയും പ്രളയത്താൽ
നാശമായാലും ബന്ധമാർക്കാനും നശിച്ചായോ ?
ഈശസൃഷ്ടിയാം ദേശ,കാല,ദേഹാദിയൊന്നും
നാശമാകാതിരിക്കെത്തന്നെയിങ്ങാശയാകും
ജീവകാര്യത്തെവിവേകത്തിനാൽ നശിപ്പിച്ചാൽ
ജീവനോടിരിക്കെത്താൻ മുക്തനായീടാമോർക്കുള.
ബന്ധമോക്ഷങ്ങളുണ്ടാക്കുന്നതു ജീവനല്ലാ-
തെന്തവയൊന്നും പാർത്താലീശന്റെ കാര്യമല്ല. 57

നിദ്രക്ഷണപ്രളയമാണു്. ഈ ക്ഷണപ്രളയവേളയിൽ സർവ്വ ഈശ്വരസൃഷ്ടികാര്യങ്ങളും നമ്മിൽ നിലച്ചിരിക്കുന്നതായിത്തോന്നുന്നു. ഇതു സംഹാരത്തിനു തുല്യവുമാണു്. പക്ഷെ ഉറങ്ങിയയാൾ അതോടെ ഇല്ലാതെയായിപ്പോവുന്നില്ല. വീണ്ടും ഉണരുന്നു. ഇപ്രകാരം ഉണരുന്നതു ജീവനിൽ പററിച്ചേൎന്നിരിക്കുന്ന ആശ തുടങ്ങിയ ജീവകാര്യങ്ങളുടെ ഉന്നം ജീവനിൽ അവശേഷിച്ചിരു

ന്നതുകൊണ്ടാണു്. പുനർജ്ജനനത്തിന്റെ കഥയും ഇതുതന്നെ. ജീവന്റെമാലിന്യത്തെ ചേർത്തുനില്ക്കുന്ന സംസ്കാരവിശേഷങ്ങളാലാണു ആ സംസ്കാരവിശേഷങ്ങൾക്കനുരൂപമായ പുനർജ്ജനനം സംഭവിക്കുന്നതു്. അതിനാൽ ജീവകാര്യങ്ങളാണു ബന്ധത്തിനു കാരണമെന്നോർമ്മിക്കണം. ദേശ, കാല, ദേഹാദികൾ ഈശ്വരന്റെ കാര്യങ്ങളാണു്. അവ മുക്തിക്കു തടസ്സമല്ല. കാരണം ആശാബന്ധാദികളായ ജീവകാര്യങ്ങളെ ഒഴിവാക്കിയവൻ ദേശ, കാല, ശരീരങ്ങളോടുകൂടിയിരുന്നാലും മുക്തനായിട്ടുതന്നെയിരിക്കാം. ഇപ്രകാരം ഈശ്വരസൃഷ്ടികാര്യങ്ങളെല്ലാം മുക്തിസാധനങ്ങളെന്നും ജീവസൃഷ്ടികാര്യങ്ങളെല്ലാം ബന്ധഹേതുക്കൾ എന്നും വിശേഷിപ്പിക്കുന്നു.

സൃഷ്ടി രണ്ടു പ്രകാരത്തിലാണു്. ഈശ്വരസൃഷ്ടിയും ജീവസൃഷ്ടിയും. ഈശ്വരസൃഷ്ടമായ ശരീരാദിപ്രപഞ്ചങ്ങളല്ല, ജീവസൃഷ്ടമായവയാണു ദുഃഖത്തിനു കാരണം. ജീവസൃഷ്ടമായ ശരീരാദിപ്രപഞ്ചം നശിച്ചാൽ ഈശ്വരസൃഷ്ടമായവയിരുന്നാലും അവ ദുഃഖത്തെത്തരുന്നില്ല. ജീവസൃഷ്ടമായ ശരീരാദികൾ എങ്ങനെ ദുഃഖത്തെത്തരുന്നുവെന്നറിയേണ്ടതാണു്.

A എന്നയാളിന്റെയും B എന്നയാളിന്റെയും പുത്രന്മാർ ശീമയിൽ ഉന്നതവിദ്യാഭ്യാസത്തിനു പോയെന്നിരിക്കട്ടെ, A യുടെ പുത്രൻ സമയത്തെയും ധനത്തെയും ദുർവ്യയം ചെയ്യാതെ പഠിച്ചു പരീക്ഷയിൽ ജയിക്കുന്നു B യുടെ പുത്രൻ ദുർമ്മാർഗ്ഗിയായി പരീക്ഷയിൽ തോല്ക്കുന്നു. എന്നാൽ ആരോ കൃത്രിമമായി B-യുടെ പുത്രൻ വിജയിയായെന്നും A യുടെ പുത്രൻ തോററുപോയെന്നും മാതാപിതാക്കന്മാർക്കു കമ്പിയടിക്കുന്നു. തന്മൂലം B യുടെ വീട്ടിൽ അത്യന്തം സന്തോഷമുണ്ടാകുന്നു. മകനെ എതിരേല്ക്കുന്നതിനു സകല ഒരുക്കങ്ങളും തുടങ്ങി സന്തോഷത്തെ വെളിപ്പെടുത്തുന്നു. A യുടെ വീട്ടിൽ അത്യന്തം വ്യസനവും ധനനഷ്ടംകൊണ്ടു വളരെ ക്ലേശവും. ഇവരുടെ സുഖ, ദുഃഖങ്ങൾ എങ്ങനെയു

ണ്ടായി എന്നോൎമ്മിക്കുക. ഈശ്വരസൃഷ്ടമായ A-യുടെ പുത്രൻ വിജയിയായിരിക്കുമ്പോൾ തങ്ങളുടെ സങ്കല്പപുത്രൻ തോല്ക്കുകയും തന്മൂലം ദുഃഖം അനുഭവിക്കുകയും ചെയ്യുന്നു. അതുപോലെ B-യുടെ ഈശ്വരസൃഷ്ടമായ പുത്രൻ തോൽവി അടഞ്ഞപ്പോൾ ജീവസൃഷ്ടമായ പുത്രൻ വിജയിയായതുമൂലം അവർ സന്തോഷിക്കുന്നു. അപ്പോൾ ഈശ്വരസൃഷ്ടമല്ല ദുഃഖത്തിനുകാരണമെന്നും ജീവസൃഷ്ടമാണെന്നും തെളിയുന്നു.

എപ്പോൾ ജീവസങ്കല്പസൃഷ്ടിയും ഈശ്വരസങ്കല്പസൃഷ്ടിയും ഏകോപിക്കുന്നുവോ അപ്പോൾ ഈശ്വരന്റെ സ്വരൂപമായ സച്ചിദാനന്ദം അനുഭവമാകുന്നു.

ഒരുവൻ സകല ആഹാരവിഭവങ്ങളും ഒരുക്കി അനുഭവിക്കാനൊരുമ്പെടുന്നു. ആ സന്ദർഭത്തിൽ തന്റെ ഒരത്യന്തസ്നേഹിതനോ, ബന്ധുവോ അകാലമൃതിയടഞ്ഞതറിയുകയും ആ സ്ഥലത്തോടിപ്പോയി പട്ടിണികിടക്കുകയും ചെയ്യുന്നു. അപ്പോൾ ഈശ്വരസൃഷ്ടം പോലെയല്ലാതെ ജീവസൃഷ്ടംപോലെയല്ലാ എല്ലാം ആയിത്തീരുന്നതു് എന്നു വിചാരിക്കണം.

മായയായ് നിന്നീടുന്നോരശ്വത്ഥ വൃക്ഷമൊന്നി-
ലൊയാതെ വാഴുന്നുണ്ടു രണ്ടുരുംവിഹംഗങ്ങൾ;
നന്നു,നന്നെന്നു തിന്നുന്നൊ,ന്നൊന്നും ഫലജാലം
തിന്നാതെയൊന്നുമന്യം ചുമ്മാതിരുന്നീടുന്നു;
വേദങ്ങൾ വകുത്തിട്ടു,ന്നിതിനെച്ചൂണ്ടിക്കാട്ടി,
ജീവേശ്വരന്മാരെക്കേൾ, കർത്തൃത്വഭേദത്താലെ. 58

ഒരശ്വത്ഥവൃക്ഷത്തിൽ ഇണചേൎന്നിരിക്കുന്ന പക്ഷികളിൽ ഒരു പക്ഷി ആ മരത്തിലെ കായ്കനികൾ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. മറേറപക്ഷി ഒന്നും അനുഭവിക്കാതെ ചുമ്മാതിരിക്കുന്നു. ആദ്യംപറഞ്ഞ പക്ഷി വൃത്തിയിലും രണ്ടാമത്തേതു് നിർവൃത്തിയിലും. ഇതിനെ ഉദാഹരണമാക്കി വേദങ്ങൾ ജീവേശ്വരന്മാരെ

വകതിരിക്കുന്നു. വൃത്തിയിലിരിക്കുന്നപക്ഷിയോടു ജീവനേയും നിർവൃത്തിയിലിരിക്കുന്നപക്ഷിയോടു ഈശ്വരനേയും ഉപമിച്ചിട്ടുണ്ടു്.

ഇണപ്പക്ഷികളായതിനാൽ ജീവേശ്വരന്മാരുടെ ഐക്യവും പക്ഷികളുടെ വൃത്തി, നിർവൃത്തിസ്വഭാവങ്ങളിൽനിന്നു് ജീവന്റെ കർത്തൃത്വവും ഈശ്വരന്റെ അകർത്തൃത്വവും വെളിപ്പെടുന്നു.

ജീവനാൽവരും നാശമൊക്കെയുമവൻതന്റെ
ഭാവമെന്നോന്നാതീശന്റേതെന്ന മൂഢാത്മാക്കൾ
ശൂന്യരായ്ത്തീരും; കർത്തൃത്വം ചെറ്റുമീശ്വരന്നി-
ല്ലെന്നോരും വിവേകികൾ മോചനം പ്രാപിക്കുന്നു. 59

ജീവനാൽ.......ത്തീരും—വ്യവഹാരത്തിലിരിക്കുന്ന ജീവനെ സംബന്ധിക്കുന്നതാണു് ജീവന്മാരുടെ ഗുണദോഷങ്ങളും വൃദ്ധിക്ഷയങ്ങളും മററും. അതു ഈശ്വരമതമാണെന്നും മററും പറഞ്ഞു വിധിയെ പഴിക്കുന്ന മടയന്മാരുടെ ജന്മം ശൂന്യത്തിൽ കലാശിക്കുന്നു. ഈശ്വരനെ അകർത്താവായികാണുന്നവൻ തന്റെ കർത്തൃത്വാകർത്തൃത്വഭാവങ്ങളെയും തിരിച്ചറിഞ്ഞു് സംസാരപ്പിണികളെ തരണംചെയ്യുന്നതിനു് ഏകമാർഗ്ഗമായ അകർത്തൃത്വോദ്ധാരണം നിർവ്വഹിച്ചു് മുക്തനായിത്തീരുന്നു.

കാരുണ്യമൂർത്തേ ! ദൈവമേവർക്കും പൊതുവായാൽ
നേരുന്നതെന്തേ? പ്രിയാപ്രിയങ്ങളെന്നു കേട്ടാൽ,
കൊണ്ടാടിയാലും താതനൊന്നുപോൽ മക്കളിൽപിൻ
കൊണ്ടുപോരുന്നുണ്ടിഷ്ടാനിഷ്ടങ്ങൾ, നന്മയ്ക്കായി;
ഗുണദോഷങ്ങളോർത്തിട്ടൊന്നുപോലീശൻ നൽകും
പിണിയും തുണച്ചീടും കാരുണ്യഗർഭമോർക്കു. 60

ഈശ്വരൻ സൃഷ്ടിക്കു പൊതുവസ്തുവാണെന്നുണ്ടെങ്കിൽ ലോകത്തു ജീവികളിൽ ചിലക്കുനന്മകളും ചിലക്കു തിന്മകളും ഏർപ്പെടുന്നതിന്റെ അനൗചിത്യത്തിനു ഗുരു സമാധാനം പറയുന്നു പിതാവു് തന്റെപുത്രർക്കു പൊതുവാണു്. മക്കളോടുള്ള

സ്നേഹം ഒന്നുപോലെയുമാണു്. എന്നാൽ ചില മക്കളിൽ പ്രിയം കാണിക്കുന്നു. ഈ അപ്രിയം കാണിക്കൽ മക്കളുടെ തെററു തിരുത്തുന്നതിനുള്ള ഉപായംമാത്രമാണെന്നറിയാൻ ബുദ്ധിമുട്ടില്ല. ഈ തത്വംതന്നെയാണു് ജീവികൾക്കു തിന്മയുണ്ടാകുന്നതിൽ ഈശ്വരൻ അവലംബിക്കുന്നതും. ഈശ്വരൻെറ വിദ്വേഷം കാരുണ്യം കലർന്നവയാണു്. അവൻെറ അപ്രിയത്തിലും പ്രിയംതന്നെ തുളുമ്പുന്നതുകാണണം.

അപ്രിയം കാണിക്കുന്ന പിതാവിനെ വിരോധിയെന്നെണ്ണുന്ന അറിവുകേടുതന്നെയാണു് അനിഷ്ടമായ ഈശ്വരസങ്കല്പത്തെ പഴിക്കുന്നതും എന്നോർമ്മിക്കുക.

കേൾക്കെടോ, കല്പകത്തോടഗ്നിയും നീരും,കൊണ്ടോർ-
ക്കൊക്കെ, ദാരിദ്ര്യം, ശൈത്യം, ദാഹവും തീക്കുമ്പോലെ
ഈശനുമടുത്തോരെ രക്ഷിക്കു മകന്നോരെ
യാശംസിച്ചീടുകില്ല, കുറെമാക്കുന്നു ചൊല്ലു. 61

തന്നെപ്രാപിച്ചവരുടെ ദാരിദ്ര്യത്തെത്തീർത്തു കല്പകവും തണുപ്പിനെമാററി അഗ്നിയും ദാഹത്തെ ശമിപ്പിച്ചു് ജലവും രക്ഷിച്ചുകൊള്ളുന്നപോലെ തന്നെപ്രാപിച്ചവരുടെ ദുഃഖത്തെഅകററി ഈശ്വരനും രക്ഷിക്കുന്നുണ്ടു്. ഈശ്വരനെ അകന്നുനില്ക്കുന്നവക്കു് ഈശ്വരൻെറ അനുഗ്രഹം ലഭിക്കുന്നില്ല. ഇതിൽ എങ്ങനെ ഈശ്വരനെ കുററം പറയാൻ?

കേൾക്കുനീ, മന്നിൽ, പുരുഷപ്രയത്നത്താലീശൻ
മക്കൾക്കു നന്മയെന്നും ചെയ്യുവേ കാട്ടീടുന്ന
തത്വങ്ങൾ ഗ്രഹിച്ചു,ശത്രുക്കളെപ്പിന്തുടർന്നു,
ചിത്തവാസനാബലമകററി, വിവേകിയായ്,
ഹീനമായിരുളാകും മായയെത്തള്ളിനീക്കി,
ജ്ഞാനത്തെ പ്രാപിച്ചോക്കി സംസാരഭ്രാന്തിമായും. 62

ജീവന്മാരുടെ നന്മയ്ക്കായി ഈശ്വരൻതന്നെ ശ്രുതിവാക്യങ്ങളെ ഉപദേശിച്ചിട്ടുണ്ടു്. ശ്രുതിവാക്യാർത്ഥങ്ങളെ പഠിച്ചു, സാധു

ക്കളുടെ ഉപദേശങ്ങളെ അനുസരിച്ചു ജീവിക്കുന്നവൎക്കു ജനനമരണദുഃഖത്തിനുഹേതുവായ വാസനകൾ നശിച്ചു് അവർ വിവേകികളായിത്തീരും. വിവേകമുദിച്ചാൽ മായ അത്യന്തം അസത്തായി ഒഴിയും. അതോടുകൂടി സ്വസ്വരൂപജ്ഞാനം ലഭിച്ചവൎക്കു് ഈ സംസാരപ്രപഞ്ചം വെറും തോന്നലാണെന്നും ഭ്രാന്തിയാണെന്നും അനുഭൂതമാകുമ്പോൾ ഈ പ്രപഞ്ചാഭാസം താനേ ഒഴിഞ്ഞുകൊള്ളും.

അവിദ്യാവശഗരായി, മായാഭ്രാന്തിയിൽ പെട്ടുഴലുന്ന ജീവന്മാരുടെ ബന്ധവിമോചനാൎത്ഥമാണു് ഈ ശരീരാദിപ്രപഞ്ചാദികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നവെന്നുള്ള നഗ്നരഹസ്യം നാമോൎമ്മിക്കേണ്ടതാണു്. സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾ മൂന്നിനെയും നാം ഒരു സ്ഥാനത്തുതന്നെ കാണണം. അപ്പോഴേ അതിന്റെ പൊള്ള നമുക്കു ബോധ്യമാവുകയുള്ളൂ. അങ്ങനെ ഇല്ലാത്ത ഒന്നിന്റെ ഇല്ലായ്മയറിഞ്ഞിട്ടെന്താണു് എന്നു ചോദിക്കാം. ഇല്ലാത്തതിനെ ഉള്ളതു എന്നുബോധിച്ചുറച്ചുപോയതുകൊണ്ടു്, എന്നുത്തരം പറയാം. നിഴലിനെ ആളെന്നുകെട്ടിപ്പുണൎന്നു കഴിയുന്നവരാണല്ലോ അജ്ഞാനികളായ നാം.

പുരുഷപ്രയത്നം—സൃഷ്ടിക്കു മുമ്പേതന്നെ ബ്രഹ്മം പുരുഷനായും താൻ, തന്നിൽതന്നെ, തന്റേതെന്നു സൃഷ്ടിച്ച താൻതന്നെ മൂലപ്രകൃതിയായും (മഹാമായ) പിരിഞ്ഞിട്ടും പിരിയാതെ നില്ക്കുന്ന ബ്രഹ്മയോഗത്തിന്റെ ഫലമായി മൂലപ്രകൃതിയുടെ സ്ഥാനത്തു് മായയും ബ്രഹ്മത്തിന്റെ സ്ഥാനത്തു് ഈശ്വരനും അവതരിക്കുന്നു. ഈശ്വരൻ മായയ്ക്കധീനനാകാതെതന്നെ മായയിൽ പ്രതിബിംബിച്ചുണ്ടാകുന്ന നാനാത്വങ്ങളാണു് ഈ ശരീരാദി പ്രപഞ്ചം.

ഈശ്വരൻ........ചെയ്യുവേ—അജ്ഞാനത്തിൽ പെട്ടുഴലുന്ന ജീവന്മാരുടെ മോചനാൎത്ഥം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കവെ.

കാട്ടീടും........ഗ്രഹിച്ചു—പ്രകൃതിസൃഷ്ടിയെ നമ്മുടെ മുമ്പിൽ നിരത്തിവച്ചിട്ടു പ്രകൃതിതത്ത്വങ്ങളെ പഠിക്കാനും ഗ്രഹിക്കാനും

സഹായമായിട്ടു ഈശ്വരന് ശ്രുതികളെ നിൎമ്മിക്കുകയും ചെയ്തിട്ടുണ്ടു്. അവയെ നല്ലപോൽ മനസ്സിലാക്കികൊണ്ടു്.

സത്തുക്കളെപ്പിൻതുടൎന്നു്— സത്തായ ബ്രഹ്മം തന്നെ മാനുഷാകാരത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ജ്ഞാനികളെ ഗുരുക്കന്മാരായി വരിച്ചും അവർ അരുൾഗ്രന്ഥങ്ങൾ മുഖേന ലോകത്തിനുവേണ്ടി അരുളിച്ചെയ്തിട്ടുള്ള ജ്ഞാനോപദേശങ്ങളെ അനുസരിച്ചും.

ചിത്തവാ ...... മകററി— അജ്ഞരെ അജ്ഞാനത്തിൽ തന്നെ വച്ചുവാഴ്ത്തികൊണ്ടിരിക്കുന്ന കൎമ്മവാസനകളെ ഇല്ലായ്മചെയ്തു് (ജീവാത്മാവിൻെറ ഈ ജീവവാസനയെ മാററാൻ ജ്ഞാനികളുടെ അരുളുപദേശത്തിനേ കഴിവുള്ളൂ)

വിവേകിയായ്— തൻെറ മിഥ്യാശരീരബോധത്തെ വിട്ടിട്ടു് നിത്യസത്യമായ സ്വസ്വരൂപത്തെ ഉണർന്നവനായി.

ഹീനമാ...... ന്തിമാഴും— 'സൂൎയ്യോദയത്തിൻമുമ്പേ ക്രൂരിരുളെ'ന്നപോലെ വിവേകം ഉദയമാകുന്നതോടുകൂടി ഈ പ്രപഞ്ചഭ്രാന്തി ഒഴിയും. അങ്ങനെ അനന്തകാലമായി ആവരണത്താൽ വിമോചനം അസാദ്ധ്യമായിക്കഴിഞ്ഞ ജീവന്മാരുടെ വിമോചനാൎത്ഥം സൃഷ്ടമായ ഈ വിക്ഷേപജഗത്തിൽക്കൂടി ഈശ്വരൻ സൎവ്വദാ മുക്തിപ്രദനായിത്തന്നെ എപ്പോഴും വൎത്തിക്കുന്നു എന്നുസാരം.

വണ്ടി ഓടുമ്പോൾ അരികിലുള്ള മരങ്ങൾ ഓടുന്നതുപോലെ തോന്നിയാലും അങ്ങനെ അല്ല എന്നറിയാൻ നോക്കണം. അതുപോലെ സ്ഥൂല, സൂക്ഷ്മ, കാരണങ്ങളെ വഹിക്കുന്ന വണ്ടിയായ ശരീരം ഓടിയാലും ജീവൻ സ്വസ്ഥിതനാണു്. അതുപോലെ ജീവനു പല വികാരങ്ങളും തോന്നിയാലും ആത്മാവിനെ ബാധിക്കുന്നില്ല. ഇതറിഞ്ഞാൽ ആത്മാവിൻെറ നിത്യനിശ്ചഞ്ചല സ്വരൂപത്തെപ്പററിയുള്ള ബോധമുദിക്കും. ഇപ്രകാരം ഈ ജീവിതമാകുന്ന മുററത്തു് ജീവിതപൎയ്യടനമാകുന്ന ക്രന്താലികൊണ്ടു് കിണർ കുഴിക്കുക. ലഭിക്കുന്നതു നിത്യാനന്ദ വെള്ളമായിരിക്കും.

കുളത്തിൽ മുങ്ങിക്കിടക്കുന്നവൻ കുളത്തിന്റെ ആകാരത്തെ
അറിയാനൊക്കുന്നില്ല. ആകാരമറിയാൻ കുളത്തിനുപരിയായി
പൊങ്ങിവരണം. ഐസ്കട്ടി വെള്ളത്തിനുപരി പൊങ്ങിക്കിട
ക്കുന്നു. അതു ഘനപദാൎത്ഥമാണു്. എന്നാലും പൊങ്ങിത്തന്നെ
കിടക്കുന്നു. കാരണം അതു സ്വച്ഛജലം സ്വരൂപിച്ചുള്ളതാണു്.
അതിലന്യമലിനപദാൎത്ഥങ്ങളില്ല. ചേരുകയുമില്ല. അതു സദാ
കുളിച്ചുകൊണ്ടിരിക്കുന്നു. അതിനെ കഴുകിശുദ്ധിചെയ്യേണ്ടിയില്ല.
ജലം എത്ര പെരുക്കമുണ്ടെങ്കിലും ഐസ് മുകളിൽ തന്നെനില്ക്കും.
താരതമ്യേനയുള്ള ഭാരക്കുറവാണു് കാരണം. അടിത്തട്ടിലുള്ള
ജലത്തിന്റെ മാലിന്യത്തെ തനിക്കു ബാധിക്കുകയോ സ്പൎശിക്കു
കയോ വേണ്ടിയില്ല. തൊട്ടിരിക്കുന്നുവെന്നുമാത്രം. അതുപോലെ
ഈ ജഗത്തിൽ ജീവരാശികൾക്കുള്ള വ്യവഹാരച്ചൂട്ടു് ഏതു ജീവി
യിൽ കുറഞ്ഞുകുറഞ്ഞു് ഉപാധി, അന്തഃകരണം ഇവ നിൎവ്യവ
ഹാരമായി, ഈശ്വരോന്മുഖമായിത്തീരുന്നുവോ ആ ജീവി ഘനീ
ഭവിച്ച ഐസ്കട്ടിപോലെ, ഘനീഭവിച്ചാലും, ഘനം കുറഞ്ഞു
കുറഞ്ഞു, ജഗത്തിനുപരിയായി പൊങ്ങിപ്പൊങ്ങി വന്നു് മേൽ
ത്തട്ടിൽ സ്ഥിതിചെയ്യുന്നു. ജഗത്തിനെ സ്പൎശിച്ചിരുന്നാലും
മാലിന്യമേല്ക്കാതെ അഗ്രഭാഗത്തു് ഏറി ജ്യോതിസ്വരൂപമായി
ആകാശത്തെ സംബന്ധിച്ചു് ആനന്ദമടയുന്നു. ഈ ആനന്ദാനു
ഭവം നിരന്തരം ഉണ്ടാകുന്ന ജീവന്മുക്തന്റെ അവസ്ഥയാണു്
ഐസ്കട്ടിക്കുള്ളതു്.

സൃഷ്ടി നമ്മുടെ കൺമുമ്പിൽതന്നെ നില്ക്കുന്നു. എപ്പോഴും
നമുക്കു് സാക്ഷാത്കാരോന്മുഖമായിരിക്കുന്നു. അതു് പരമാൎത്ഥ
ജ്ഞാനത്തിന്റെ പൂമഴപൊടിഞ്ഞുനില്ക്കുകയുമാണു്. എങ്കിലും
മരുന്നു് കുപ്പിയിലിരുന്നതുകൊണ്ടായില്ലല്ലോ. അതിനെ നാം
ശരിയായി ഉപയോഗിക്കണം. അതിനായി പ്രയത്നിക്കണം.
ആ വിചാരം നമ്മളുടെ ചിന്തയിലും സംഭാഷണത്തിലും പ്രവൃ
ത്തിയിലും ഒഴുകട്ടെ. താൻപാതി ദൈവംപാതി എന്നു നാം

സാധാരണ പറയാറുണ്ടു്. അതിൻെറ തത്വം നാം ശരിയായി മനസ്സിലാക്കണം. തൻെറ ഭ്രാന്തികാലത്തു ഈശ്വരനെ മുഴുവനായി കാണാൻ കഴിയുന്നില്ല. താൻപാതി എന്ന തൻെറ പാതി ഉപേക്ഷിച്ചാൽ ദൈവം മുഴുവനായിക്കൊള്ളും. (മുഴുവനാക്കാതെ തന്നെ മുഴുവനായിരിക്കുകയാണീശ്വരൻ. നാം അജ്ഞാനംമൂലം ഈശ്വരനെ പകുതിയാക്കാതിരുന്നാൽ മതി.) താൻപാതി എന്ന മായ മാഞ്ഞാൽ താനും പൂർണ്ണനായിക്കൊള്ളും. അതുകൊണ്ടാണു് ഈശ്വരസങ്കല്പമായ ഈ ജഗത്തിൽ എന്തുചെയ്താലും ദൂഷ്യമില്ലെന്നു പറഞ്ഞതു്. പക്ഷെ അതറിഞ്ഞു ചെയ്യണമെന്നുമാത്രം. അതിനാൽ ഉണ്ണാൻ മാത്രം ജീവിക്കരുതു്. പണത്തിനുമാത്രം ജീവിക്കരുതു്. ഈ ഓർമ്മയിരിക്കണം. ഈ ഓർമ്മയോടുകൂടി ഉണ്ണുകയും പണം സമ്പാദിക്കുകയും വേണം. ഇഷ്ടമുള്ള ആഹാരം കഴിക്കാം. വസ്ത്രം ധരിക്കാം. പക്ഷെ അതുതന്നെയാണു് എല്ലാം എന്നുറച്ചുപോവരുതു്. നിലാവുണ്ടെന്നു കരുതി വെള്ളുക്കുന്നതുവരെ മോഷ്ടിക്കരുതല്ലോ.

'അൻപററാൽ തുമ്പമറും' തനിക്കേററവും സ്നേഹമായിത്തോന്നുന്ന ശരീരപ്രപഞ്ചങ്ങളിലുള്ള അൻപു നശിച്ചാൽ സകലദുഃഖങ്ങളും അതോടൊടുങ്ങുന്നു. സത്യസ്വരൂപനായ ഈശ്വരൻെറ പ്രേമംമൂലം ഈ ശരീരപ്രപഞ്ചങ്ങൾ സത്തായും ചിത്തായും ആനന്ദമായും പ്രകാശിക്കുന്നു. അതുകൊണ്ടു് എത്രത്തോളം ആവശ്യമുണ്ടോ അത്രത്തോളം ഈ ശരീരാദിയിലിരിക്കണം. മററുള്ള സമയം നമ്മുടെ സാക്ഷാൽ സ്വരൂപത്തിൽ നില്ക്കണം.

ഒരു പാത്രത്തിൽ ഒരു കപ്പുകാപ്പി കുടിക്കുന്നു. പഞ്ചസാര ഇല്ല. ഇട്ടിട്ടില്ലേ? എന്നുചോദിക്കുന്നു. ഉണ്ടു് എന്നുത്തരം കിട്ടുന്നു. ഇനിപ്പായി കുടിക്കാൻ ഒരു കപ്പു കാപ്പികൂടി കുടിക്കുന്നു. അതിലും പഞ്ചസാര ഇല്ല. പക്ഷെ ഒന്നു കലുക്കികുടിച്ചാൽ മധുരിക്കുന്നു. പഞ്ചസാര എല്ലാസമയവും ഉണ്ടായിരുന്നു. കലുക്കി കുടിച്ചപ്പോൾമാത്രം മധുരിച്ചു എന്നേയുള്ളു. അതുപോലെ ഈ

പ്രപഞ്ച പ്രതീതികളെ ഒന്നുകലൂക്കി അനുഭവിച്ചാൽ ഈശ്വരന്റെ സച്ചിദാനന്ദം മധുരിക്കുന്നതറിയാം.

സിദ്ധികളുംബ്രഹ്മജ്ഞാനമെങ്ങനെ,യെന്നുകേട്ടാൽ,
ശുദ്ധമായ്,തോരാതുള്ള ബ്രഹ്മചിന്തനത്താലെ;
ഉത്തമംവിചാരണയേതെന്നാലതുംചൊല്ലാം--
മുത്തമാ! മനംമുതലുള്ളോരീശരീരത്തിൽ
ഞാനെന്നതാരു? ശുദ്ധം ചിത്തേതു,ജഡവുമേതോ?
ഊന്നമററാനായ്രണ്ടുംകൂട്ടുന്നബന്ധമേതോ?
മുക്തിയുമെന്താണെന്നുതാൻതന്നെപ്പററിനിന്നു
സത്യമന്വേഷിപ്പതേ,സദ്ബ്രഹ്മവിചാരണ. 63

സിദ്ധികളും........ത്താലേ-(ബ്രഹ്മ) ജ്ഞാനമുണ്ടാകുന്നതെങ്ങനെയെന്നു പറയാം. ബ്രഹ്മവസ്തുവിനെപ്പററി ഇടവിടാതെയുള്ള വിചാരം നിമിത്തമാണു്.

ഉത്തമം...... ഉത്തമാ!--ഉത്തമമായ വിചാരണയെന്താണെന്നു ചോദിച്ചാൽ അതും പറയാം.

മനംമുത...... ചാരണ-മനസ്സു ബുദ്ധിമുതലായ അന്തഃകരണധർമ്മങ്ങളും ഇന്ദ്രിയാദികളും ഒത്തിണങ്ങിയ ഈ ഉപാധിയിൽ ഏതാണു ഞാൻ,? ഏതാണു ചിത്തു്, ഏതാണു ജഡം, എന്താണു ബന്ധം, എന്താണു് മുക്തി, എന്നിങ്ങനെ ചിന്തിച്ചന്വേഷിക്കുന്നതുതന്നെയാണു് വിചാരണ. ഈ ചിന്തയ്ക്കാധാരം ബ്രഹ്മംതന്നെയാകയാൽ അതിനു ബ്രഹ്മവിചാരണ എന്നു പറയുന്നു.

മുജ്ജന്മങ്ങളിൽചെയ്തപുണ്യത്താലാർജ്ജിച്ചിടാം
വിജ്ഞാനം, വിചാരണയെന്തിനാണെന്നു കേട്ടാൽ,
പുണ്യങ്ങളും മേലീശനർപ്പിച്ചുകിട്ടും ശുദ്ധ-
വെൺമയിൽ മനംനിന്നുചിന്തിച്ചേവരൂ ജ്ഞാനം. 64

മുജ്ജന്മ .....കേട്ടാൽ-പൂർവ്വപുണ്യപരിപാകത്താൽ ജ്ഞാനലബ്ധി ഉണ്ടാവുമല്ലോ. പിന്നെ വിചാരണയുടെ ആവശ്യമെന്തു്? എന്നു ചോദിക്കുന്നപക്ഷം (ഉത്തരം പറയാം)

പുണ്യങ്ങ............ജ്ഞാനം—പുണ്യമിരുന്നാലും മനസ്സിന്ന് ശുചിത്വം കിട്ടുന്നില്ല. ജ്ഞാനം ചിത്തശുദ്ധിവന്നിടത്തുമാത്രമേ ഉദയമാകൂ. ശുദ്ധമായ ചിത്തത്തിൽ ജനിക്കുന്ന ബ്രഹ്മവിചാരത്തിനേ ബ്രഹ്മവസ്തുവിനെ സ്പർശിക്കാൻ കഴിയുകയുള്ളൂ. അങ്ങനെ പുണ്യവുമൊഴിഞ്ഞ് മനസ്സ് അതിന്റെ തികഞ്ഞ പരിശുദ്ധിയിൽ നില്ക്കുമ്പോഴുണ്ടാകുന്ന ബ്രഹ്മവിചാരണയിൽ മാത്രമേ ബ്രഹ്മജ്ഞാനം സിദ്ധമാവൂ.

ഭക്തി,വൈരാഗ്യം, പരലോകം,പിന്നണിമാദി
സിദ്ധിയും,യോഗം,ധ്യാനം, സാരൂപ്യമുക്തിയുംമേൽ
ചേർത്തീടും കർമ്മങ്ങൾക്കസാദ്ധ്യമാ മോഹംമാത്രം
മാററാനാം ജ്ഞാനമാളാനെന്തിന്ന വിചാരണ? 65

ഭക്തി, വൈരാഗ്യാദികളും സാരൂപ്യമുക്തിയെപ്പോലുംതരുന്ന കർമ്മങ്ങൾക്ക അജ്ഞാനത്തെമാത്രം ഒഴിക്കുന്നതിനായുള്ള അറിവിനെത്തരാൻ കഴിയുകയില്ലയോ? ജ്ഞാനപ്രാപ്തിക്ക വിചാരണ തന്നെ ആവശ്യമെന്നുണ്ടോ?

വേഷപ്രച്ഛന്നരെപ്പാർത്തറിയാൻ പുത്രാ ! നീയും
ശ്രദ്ധമായ് സ്വഭാവ,ശീലാദികളാരായാതെ,
ഓടിയും ചാടിയും പിൻതലകീഴ്നിന്നും കമ്പ-
മാട്ടംകർമ്മങ്ങൾ ചെയ്യമറിയുന്നുണ്ടോയെല്ലം ? 66

ആൾമാറാട്ടമായി നില്ക്കുന്നവനെ തിരിച്ചറിയാൻ അവന്റെ സ്വഭാവ, നടത്തകളെ പരിശോധിക്കുന്നതിനെ വിട്ടിട്ട് ഓടി, ചാടി, തലകുത്തിനിന്നും മററുമുള്ള അധ്വാനങ്ങൾ ചെയ്താൽ പ്രയോജനപ്പെടുകയില്ലല്ലോ. നാം അവലംബിക്കുന്ന മാർഗ്ഗം ലക്ഷ്യപ്രാപ്തിക്കുതകിയതാണോ എന്നു മുൻകൂട്ടി അറിയേണ്ടതത്യാവശ്യം എന്നു പറയുന്നു. സാക്ഷാല്ക്കാരസിദ്ധിക്കായി സ്വീകരിക്കുന്ന മാർഗ്ഗം ശരിയാകാത്തതിനാലാണ് ആരും തന്നെ അക്കാര്യത്തിൽ വിജയം വരിക്കാത്തത് എന്നുസാരം.

ഇത്തരം,ബ്രഹ്മത്തിനെ ലക്ഷണങ്ങളാൽവേദം
കീർത്തിക്കും ജ്ഞാനവും വിചാരത്താൽവരു,മല്ലാതെ
ശാസ്ത്രംപഠിച്ചോ തപോ, ദാന, യജ്ഞങ്ങൾചെയ്തോ
സിദ്ധിക്കയില്ല,താനേ തന്നെയറിയും, ജ്ഞാനമോർക്കൂ. 67

ബ്രഹ്മത്തെ പറഞ്ഞറിയിക്കാൻ നേരിട്ടുകഴിയാത്തതിനാൽ ഉപായമായി ലക്ഷണങ്ങളെപ്പറഞ്ഞു പറയുന്നു. ഒരാളിനെ കാണിച്ചുകൊടുക്കാൻ കഴിയാത്തപ്പോൾ അയാളുടെ അടയാളങ്ങളെ പറഞ്ഞ് അറിയിക്കുമ്പോലെ. ഇനി, ഈവിധം ലക്ഷണങ്ങൾ പറഞ്ഞുകേട്ടുണ്ടാകേണ്ട അറിവ് എങ്ങനെയുണ്ടാകുന്നു എന്നു കേട്ടാൽ വിചാരംകൊണ്ടു തന്നെയുണ്ടാകേണ്ടതാണ്. ബ്രഹ്മം ഇനിയെന്നോല്ലാം താൻ തന്നെയാണെന്നു വരുമ്പോൾ ബ്രഹ്മജ്ഞാനമെന്നു പറയുന്നതു തന്നെപ്പറ്റിയുള്ള ജ്ഞാനമെന്നു സിദ്ധിക്കുന്നു. അതിനാൽ 'താനേതന്നെ അറിയും ജ്ഞാനം' എന്നു പറഞ്ഞു. തന്നെപ്പറ്റിയുള്ള ജ്ഞാനം അന്യലക്ഷണങ്ങളെപ്പറഞ്ഞു കേട്ടതിനാലോ അന്യങ്ങൾ നിമിത്തമായോ ഉണ്ടാകുന്നതല്ലല്ലോ. അത് തന്നിൽനിന്നും തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുപായമായി 65-ാം പദ്യത്തിൽ പറഞ്ഞതുപോലെയുള്ള തന്നെപ്പറ്റിയുള്ള വിചാരണയെ പറഞ്ഞു. ഇക്കാരണങ്ങളാൽ "ശാസ്ത്രംപഠി........നമോർക്കൂ" എന്നും പറഞ്ഞു.

ദർപ്പണത്തിനാഴുക്കു കയ്യാൽഞാൻ തുടച്ചല്ലാ—
തെപ്പോഴും വിളങ്ങുമെൻ ബുദ്ധിയാൽ മാറുമോണ്ടോ ?
ഇമ്മട്ടിൽ കളങ്കമാമജ്ഞാനത്തിനെ, നാഥാ !,
കർമ്മങ്ങളെക്കൊണ്ടത്ര മാററുവാൻ ശ്രമിക്കാതെ
തന്മതിതന്നിൽതോന്നും ജ്ഞാനത്താലൊഴിവാക്കും.
സന്മാർഗ്ഗം വിവരിച്ചുചൊല്ലുവാൻ കനിഞ്ഞീടു. 68

"കിറിമൈയാൽ ഞാനം കിടൈത്താലും കേട്" എന്നു മൊഴിവിലൊട്ടക്കം ഉപദേശിക്കുന്നു. അതിനെ ഇപ്രകാരം വിവരിക്കുന്നു :—

"സങ്കല്പാത്മക വൃത്തിമൂലമറിവു—
ണ്ടായും ഫലം കേട്ടതാൻ
തങ്ങും കർമ്മഫലം വിടാതെയറിവിൽ
പിന്നും മുളച്ചീട്ടുവാൻ
മൂറവും കോടിരവിപ്രകാശമതുളാൽ
കെട്ടാൻ ശ്രമിക്കുന്നപോൽ
കഷ്ടം ! സർവ്വഗനെ ഗ്രഹിക്കുവതുമേ
കെട്ടററ കർമ്മങ്ങളാൽ."

കർമ്മം എപ്പോഴും തനിക്കന്ന്യമായിനില്ക്കുന്നതാണ്. അതു വെറും സങ്കല്പമാത്രം. അതിനാൽ അതു തന്നെ വിട്ടകന്നുകൊണ്ടിരിക്കും. തന്നെ വിട്ടിട്ടുള്ള ആ അവസ്ഥയിൽ അതു നാശോന്മുഖമായിപ്പോകുന്നു തന്റെ ആദിസത്യസ്വരൂപത്തെ അറിയുന്നതാണ് ജ്ഞാനം. ആദിക്ക് അന്ന്യങ്ങളില്ല. അതിനാൽ അന്ന്യങ്ങളിൽ പ്രവേശിക്കുന്ന കർമ്മത്തിന് ആദിയോടൊരു ബന്ധവുമില്ല. അങ്ങനെ സ്വസ്വരൂപജ്ഞാനത്തെ കർമ്മങ്ങളൊന്നും തന്നെ കാണുന്നതേയില്ല

ഈ നിലക്ക് അജ്ഞാനത്തെ മാററാൻ ഏകൌഷധമായ ജ്ഞാനത്തെഉപദേശിക്കാൻ അപേക്ഷിക്കുകയാണ്.

"അജ്ഞാനംകൊണ്ടുവന്നോരനൎത്ഥങ്ങൾ
വിജ്ഞാനംകൊണ്ടുവേണ്ടയോ മാറവുവാൻ"

കണ്ണാടിയിൽ കളങ്കം സ്വാഭാവികം നിനച്ചാൽ
കണ്ണാടിയിങ്കൽ വർണ്ണമാരോപമല്ലോ പുത്രാ !
മാലിന്ന്യംമാററാൻ വൃത്തിയാവശ്യം ദർപ്പണത്തി-
ലാരോപവർണ്ണം മാററാനാവശ്യം മനംമാത്രം. 69

കണ്ണാടിയിൽ അഴുക്കുപററുന്നതു സാധാരണയാണ്. ആരോപമല്ല. അതിനാൽ തുടച്ചുകളയുക എന്ന വൃത്തിമാത്രം മതി. എന്നാൽ കണ്ണാടിയിൽ പ്രതിഫലിച്ചു തോന്നുന്ന നിറം ആരോപമാണ്. കണ്ണാടിക്കും നിറത്തിനും തമ്മിൽ മറെറാരു ബന്ധ

വുമില്ല. ഈ നിറത്തിനെ കണ്ണാടിയിൽനിന്നും മാററാൻ നിറം കണ്ണാടിയെ സ്പർശിക്കുന്നില്ലെന്നും വെറും തോന്നലാണെന്നും അറിയുകമാത്രമേ വേണ്ടിയുള്ളൂ. അതിനാൽ "ആരോപ .. മാത്രം" എന്നു പറഞ്ഞു. അജ്ഞാനം അത്യന്തം അസത്താണു്. ആരോപമാണു്. അതിനാൽ ഒഴിക്കേണ്ട ആവശ്യമില്ല. തന്നെ താൻമറന്നിരിക്കുന്നതാണു് അജ്ഞാനം. മറന്നതിനെ ഓർമ്മിക്കുന്നതു വിജ്ഞാനവും. മറക്കുന്നതും ഓർമ്മിക്കുന്നതും മനസ്സാണെങ്കിൽ കർമ്മാദികളിൽകൂടി ജ്ഞാനത്തിനാകാംക്ഷിക്കുന്നതിന്റെ തെററു ബോധ്യമാവുമല്ലോ.

ഈവിധമിങ്ങാസച്ചിദാനന്ദത്തിങ്കൽ തോന്നി
യാവുന്നദുഃഖം, ജഡം, മിഥ്യയുമായ മൂന്നും
മായയിൽതോന്നീടുന്ന കല്പിതം മാത്രമല്ലാ
തായവ സച്ചിദാനന്ദത്തിൻ സ്വഭാവമല്ലാ.
ബ്രഹ്മജ്ഞാനമേ കർമ്മഹേതുവാമജ്ഞാനത്തെ
നിർമ്മൂലം നശിപ്പിക്കുമഗ്നിയായ് വരുന്നുള്ളൂ.

കണ്ണാടിയിൽ അഴുക്കുപററിയിരിക്കുന്നപോലെ ഈ പ്രപഞ്ചം ബ്രഹ്മത്തിൽ പറ്റിയിരിക്കുന്നതല്ല എന്നാൽ മുമ്പും ഇപ്പോഴും എപ്പോഴും കണ്ണാടിയുമായിയാതൊരു ബന്ധവുമില്ലാത്തതും മറ്റൊന്നിന്റേതും ആയ ഒരു വർണ്ണം ഇപ്പോൾ (താല്ക്കാലികമായി) തികച്ചും കണ്ണാടിയുടേതെന്നോണം കാണപ്പെടുന്നു. കണ്ണാടിയുമായി ഒരു ബന്ധവും വർണ്ണത്തിനില്ലാത്തനിലക്കു് കണ്ണാടിഎത്ര തന്നെതുടച്ചാലുംഫലം ഉണ്ടാകുന്നില്ല. ഇവിടെ നിറം കണ്ണാടിയെ ഒരിക്കലും ബാധിച്ചിട്ടില്ലാത്ത സ്ഥിതിക്കു് നിറത്തെ മാറേറണ്ട ആവശ്യമില്ലെന്നറിഞ്ഞു മിണ്ടാതിരിക്കുക മാത്രമാണു കരണീയം. അതുപോലെ ബ്രഹ്മവസ്തുവിൽ വെറും ആരോപമായിതോന്നുന്ന ഈ ശരീരാദിപ്രപഞ്ചങ്ങളെ ഒഴിക്കാൻ ചെയ്യുന്നവൃത്തികളെല്ലാം നിഷ്ഫലമായിത്തീരുകയേ ഉള്ളൂ. ഒഴിക്കേണ്ടതായില്ലഎന്നറിയുക മാത്രമേവേണ്ടൂ. അതുതന്നെ ജ്ഞാനം. ഈ പരമാത്മജ്ഞാന

ത്തിൻെറ മുമ്പിൽ മഹർഷീശ്വരന്മാരുടെ തപസ്സാദികളും ഭ്രഷ്ടായി പ്പോകുന്നു. മോക്ഷത്തിനുവേണ്ടിച്ചെയ്യുന്നതല്ലത്രെ അതിന്നായാഗ്ര ഹിക്കകപോലും കൃതാതിരിക്തകയാണു്. ആഗ്രഹിച്ചാൽ അതു തന്നെ ബന്ധമായിത്തീരുകയേ ഉള്ളു. ഇപ്രകാരം ജ്ഞാനം, അതൊ ഴിച്ചുള്ള സർവ്വമാർഗ്ഗങ്ങളേയും നിഷേധിക്കുന്നു. (ഉദാഹരണങ്ങളാ യിച്ചൂണ്ടിക്കാണിക്കുന്ന ഉപമാനാദികൾ അപര്യാപ്തങ്ങളാണെന്നോ ർമ്മിക്കേണ്ടതുണ്ടു്)

തന്മനസ്സുള്ളിൽപണ്ടംവച്ചതുവിസ്മരിച്ചോൻ
തന്മനം കാഞ്ഞുകൊല്ലമഞ്ഞൂറുകരഞ്ഞാലും
പിന്മനമോർമ്മിച്ചെന്നാലക്ഷണം കിട്ടുമ്പോലെ,
ആത്മാവിനേയും തന്നനർത്ഥമാം മറവിമാററി
തന്നറിവിങ്കൽക്കൂടിക്കാണാതെ, കർമ്മങ്ങളെ
യെന്നാളും ചെയ്കിലും, നീകാണുമോ ? കാണുകില്ല. 71

താൻ താനായിരിക്കവെ, താൻ തന്നെ ഓർമ്മിച്ചഹേതുവാൽ മറവിയേർപ്പെട്ടു. മറന്നതിനാൽ ഭ്രാന്തി മൂന്നാമതു ഇന്നത്തെ അനർത്ഥങ്ങൾ ഇവ സ്വയംകൃതങ്ങളുമാണു്. സ്വയം നിവർത്തിക്കേ ണ്ടവയുമാണു്. അല്ലാതെ അന്ന്യമായി നാനാത്വങ്ങൾക്കിടംകൊ ടുക്കാൻ മതിയാവുന്ന കർമ്മങ്ങളാൽ നിവർത്തിക്കേണ്ടവയല്ല. അതി നാൽ അറിവുകൊണ്ടുതന്നെ മറവിമാറ്റുകയും തന്നെ, താൻ ഓർമ്മി ച്ചതേ തെറ്റെന്നറിയുകമാത്രവുമാണു വേണ്ടതു്. ഈ അറിവൊന്ന ല്ലാതെയുള്ള സർവ്വമാർഗ്ഗങ്ങളും നിഷ്ഫലം എന്നു വിധിക്കുന്നു.

അറിവൊന്നേസർവ്വവും—താൻ തന്നെമറന്നതല്ലാ ആദ്യമായി ച്ചെയ്തഅനർത്ഥം; താൻതന്നെ ഓർമ്മിച്ചതാണു്. ഈ പരമാർത്ഥത്തെ എത്ര ഭംഗിയായും സ്പഷ്ടമായും പറഞ്ഞിരിക്കുന്നതു നോക്കുക:—

"തന്നെത്തെല്ലമറന്നിടാത്തൊരറിവായ്
വാണും, മറന്നൊന്നപോൽ
പിന്നെത്തന്നെ നിനച്ചറിഞ്ഞുവിഷയം
സൃഷ്ടിച്ചിട്ടും പോലവെ,

തന്നെത്താൻ വിഷയപ്പെട്ടറിയരുതേ,
തത്വങ്ങളോക്കാതപോൽ
തന്നിൽ തന്നെയുമോർത്തിടാതെ വെറുതേ
വാഴുന്നതാണുത്തമം". (ഒഴിവിലൊടുക്കം)

താൻ, തന്നെ സ്മരിച്ച ഹേതുവാലാണു, താൻതന്നെ വിസ്മരിക്കാനിടയായതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

സത്ഗുരോ! ജ്ഞാനംമാത്രംസൗഖ്യത്തെയേകുമെന്നു
ചൊന്നവേദങ്ങൾ, പുണ്യ, പാപമിശ്രങ്ങളാലേ
ദേവന്മാർ, തരുക്കൾ, ജന്തുക്കളും, മനുഷ്യരു-
മായ്‌വരുംജീവന്മാർ,പിൻ വർണ്ണാശ്രമംതപസ്സും
നമ്മളാചരിപ്പതെസൗഖ്യത്തിൻഹേതു,വെന്നും
കർമ്മകാണ്ഡത്തെച്ചൊന്നകാരണമരുൾചെയ്യൂ. 72

ഒഴിവിലൊടുക്കം, പാട്ടുത്തുറ, കൈവല്യനവനീതം തുടങ്ങിയ തമിഴ് അരുൾഗ്രന്ഥങ്ങളെപ്പോലെയുള്ള വളരെ അപൂർവ്വം ഗ്രന്ഥങ്ങളൊഴിച്ചുള്ള സാധാരണ അദ്ധ്യാത്മശാസ്ത്രങ്ങളിലും വേദോപനിഷത്തുകളിലും ശ്രീരാമഗീതാദികളിൽ പറയുന്നപോലെ വർണ്ണാശ്രമാനുഷ്ഠാനങ്ങളേയും തപശ്ചര്യാദികളേയും സഗുണാരാധനകളേയും മററുംകൂടി സാക്ഷാല്ക്കാരമാർഗ്ഗങ്ങളായി ഉപദേശിക്കുന്നുണ്ട്. നിത്യസൗഖ്യപ്രാപ്തിക്ക് സ്വസ്വരൂപജ്ഞാനം മാത്രമേ ഉപകരിക്കുന്നുള്ളുവെങ്കിൽ മററനുഷ്ഠാനങ്ങളേയും ആശ്രമവിധികളേയും സഗുണാരാധനകളേയും ഉപദേശിക്കാനുള്ള കാരണം ശിഷ്യൻ ചോദിക്കുന്നു. പുണ്യംചെയ്തവർ ദേവന്മാരായും അല്ലാത്തവർ പുണ്യപാപസങ്കലിതഭേദമനുസരിച്ച് വൃക്ഷങ്ങളായും മനുഷ്യരായും മററും ജനിക്കുമെന്നും കർമ്മജീവികൾ നയിക്കുമെന്നും ഘോഷിക്കുന്നുണ്ട്.

മണ്ണുണ്ണിപ്പുത്രനുള്ളരോഗത്തിൻ ശമനാർത്ഥം,
കണ്ണിൽത്തേൻപണ്ടം കാട്ടി, കയ്പും മരുന്നൊളിച്ചും,
ഉണ്ണിയെയിണക്കും കരുണാനിധിയമ്മയെപ്പോൽ,
നിർണ്ണയംഗൃഹസ്ഥധർമ്മങ്ങളും യജ്ഞാദിയും

മോക്ഷദായകമെന്നു ചൊല്ലുന്ന വേദത്തിന്റെ
ലക്ഷ്യത്തെയൊട്ടും സ്വർഗ്ഗകാമികളറിവീലാ. 73

മണ്ണുണ്ണി......യെപ്പോൽ—തീരെകൊച്ചും നാളിൽ കുഞ്ഞിനു മരുന്നുകളിൽ കൊടുക്കുന്നതിനു ഉപായമായി മാതാവു് മധുരസാധനങ്ങൾ കൊതികാണിച്ചു്, മരുന്നിനെ പെട്ടെന്നു വെളിയിൽ കാണിക്കാതിരിക്കുന്നതു സാധാരണയാണു്.

നിർണ്ണയം......റിവീലാ—നിയമാനുസൃതമായുള്ള ഗാർഹസ്ഥ്യധർമ്മങ്ങളും യജ്ഞാദികർമ്മങ്ങളും മററും മോക്ഷപ്രദമാണെന്നു വേദങ്ങൾ ഉപദേശിക്കുന്നുണ്ടു്. ഇതു് മരുന്നുകഴിക്കേണ്ട കുഞ്ഞിനെ മുൻകൂട്ടി മധുരം കാണിച്ചു് മരുന്നുകഴിപ്പിക്കുക എന്ന വിഷമമുള്ള കാര്യത്തിലേയ്ക്കു് കുഞ്ഞിനെ വശപ്പെടുത്തുന്ന മാതാവിന്റെ ഉപായം പോലെയാണു്. കുഞ്ഞിനു മധുരംകൊടുത്താൽ തന്നെയും മാതാവിന്റെ ലക്ഷ്യം അതല്ലാത്തതുപോലെ ഭൂതികാര്യങ്ങളെ പെട്ടെന്നിഷ്ടപ്പെടുന്ന ലോകത്തിനു് നശ്വരങ്ങളായ ഐഹികസുഖങ്ങൾക്കുമാത്രം ഉതകുന്ന കർമ്മാനുഷ്ഠാനങ്ങൾ മുക്തിപ്രദമാണെന്നു പറയുന്നവേദത്തിന്റെ ലക്ഷ്യവും മുക്തിമാർഗ്ഗത്തിനു കർമ്മാനുഷ്ഠാനങ്ങളെ വിധിക്കുകയല്ല. ഈ പരമാർത്ഥത്തെ ഭോഗേച്ഛുക്കളായവർ മനസ്സിലാക്കുന്നില്ല.

കാമികൾ കണ്ടതുണ്ണും, രസിക്കും, സ്വഭാവേന
ശാസ്ത്രങ്ങൾ ശാസിക്കുമോ? അത്രക്കുപൊട്ടോശാസ്ത്രം?
കാക്കേ ! കരയുക, തീയേ ! നീ ചുട്ടു, വേപ്പേ ! കയ്ക്കു,
കാറേറ ! ചലിച്ചീടെന്നും ശാസിച്ചീടേണ്ടതുണ്ടോ ? 74

പൊട്ടു്—ഒന്നും അറിഞ്ഞുകൂടാത്തതു്. ഭോഗകാര്യങ്ങളിൽ ആശമുഴുത്തവർ ഇഷ്ടപ്പെട്ടതുകളെകണ്ടാൽ അവയെ അനുഭവിച്ചുകൊള്ളുന്നു. അതവരുടെ ജന്മനാ ഗുണമാണു്. അല്ലാതെ, കാമികൾ അപ്രകാരം ചെയ്യുന്നതു ശാസ്ത്രോക്തിപ്രകാരമാണെന്നു വിചാരിക്കരുതു്. ശാസ്ത്രങ്ങൾ അത്രക്കു അറിഞ്ഞുകൂടാത്തവയല്ല. കാക്ക

കരുത്തിരിക്കുന്നതും അവയുടെ സഹജഗുണങ്ങളാണ്. ശാസ്ത്രങ്ങളുടെ വിധിപ്രകാരം അവ അങ്ങനെ ചെയ്യുന്നതല്ല. തീ ചുടുന്നതു അതിന്റെ പ്രവൃത്തിയല്ല. അതിന്റെ സ്വഭാവം മാത്രം. അഥവാ ചുടില്ലെങ്കിൽ തീയേ ഇല്ലെന്നും വരുന്നു. അതിനാൽ കർമ്മാനുഷ്ഠാനങ്ങൾ ഒരിക്കലും ശാസ്ത്രങ്ങളുടെ മതമല്ല.

മധുമാംസങ്ങളിച്ഛരിച്ചോൻയാഗംചെയ്യുവാനും
മാദകനാകിൽസ്വന്തംകാന്തയെപ്പുൽകീടാനും
വിധിക്കുംവേദം നിത്യനിവൃത്തിയാകുംലക്ഷ്യം
ബോധിപ്പിച്ചീടാൻചൊല്ലുംപൂർവ്വപക്ഷമായ്കർമ്മം. 75

ആഗ്രഹിച്ചതുകളെ അനുഭവിക്കാൻ പറയുന്നതു ആഗ്രഹപൂർത്തിക്കും തദ്വാരാ ആഗ്രഹനിവൃത്തിയെ ഉദ്ദേശിച്ചും ആകുന്നു. അങ്ങനെ, ഭോഗാനുഭവങ്ങളെ വിധിക്കുന്ന വേദങ്ങളുടെ ലക്ഷ്യം ഭോഗാനുഭവങ്ങളല്ലെന്നും യഥാർത്ഥത്തിൽ ഭോഗനിവൃത്തിയാണെന്നും മനസ്സിലാക്കണം. ഈ ലക്ഷ്യത്തെ ഉള്ളടക്കം ചെയ്തുകൊണ്ടാണ് വേദങ്ങൾ മുൻകൂട്ടി ഗൃഹസ്ഥധർമ്മങ്ങളും യജ്ഞാദി അനുഷ്ഠാനങ്ങളേയും ഉപദേശിക്കുന്നതെന്നും നാം ഉണരേണ്ടതാണ്.

മധുമാംസങ്ങളുണ്ണാൻകല്പിച്ചുവേദംപിന്നി
ടതുകൾക്കുള്ള നാറ്റം നോക്കുന്നതിന്നും ചൊല്ലി;
ആത്മജലാഭലക്ഷ്യത്തിന്നോമൈഥുനത്തിനും
ശാസിക്കുംവേദത്തിന്റെ സ്വാരസ്യം ചിന്തിക്കെടോ;
ഈ വിധികൾക്കുമേലായ്നില്ക്കുന്നസന്ന്യാസിക്കും
നൈഷ്ഠികബ്രഹ്മചാരിക്കും ഭ്രഷ്ടുംസർവ്വംമാറും;
ഈവിധംവേദമർമ്മംഗ്രഹിച്ചുകർമ്മങ്ങളെ
നീ നിവർത്തിച്ചു പ്രാപിച്ചീടുകനിത്യാനന്ദം. 76

മധുമാംസങ്ങളാഗ്രഹിച്ചാൽ യാഗംചെയ്തനുഭവിക്കുന്നതിനും സ്വന്തം ദാരങ്ങളെ പ്രാപിച്ചുകൊള്ളുന്നതിനും വേദങ്ങൾ അനുവദിച്ചിട്ട് പിന്നീടു അവയുടെ ഗുണദോഷങ്ങളെ ചൂണ്ടിക്കാട്ടി

വിലക്കുകയും ചെയ്യുന്നു. ഇവയൊന്നിനോടും ഉള്ളിൽ ആഗ്രഹമേ നശിച്ചിരിക്കണമെന്നുപദേശിക്കുന്നു. പുത്രലാഭമിച്ഛിച്ചുമാത്രമുള്ള മൈഥുനത്തിൽ പറവുതൽ കുറയും. സന്യാസിക്കും നിത്യബ്രഹ്മചാരികൾക്കും ഈ ഉപദേശമേ വേണ്ടാതിരിക്കുന്നു. ആശാനാശം എന്ന വേദലക്ഷ്യത്തെ അനുസരിച്ചാൽ മാത്രം ആനന്ദത്തിനർഹതയുള്ളവനായിത്തീരുന്നു.

അവിദ്യയാമീലോകം കർമ്മത്തിനൊത്തു നിന്ന
വൈവിധ്യമാമജ്ഞാനം ജ്ഞാനത്തിനന്യമെങ്കിൽ,
പൂനിലാവിങ്കലങ്കമെന്നപോലജ്ഞാനമത്ത
ജ്ഞാനത്തിൽ ചേർത്തീസൃഷ്ടിയെങ്ങനെ ചെയ്യാനൊക്കും? 77

അവിദ്യ..........മെങ്കിൽ അവിദ്യയുടെ സ്വരൂപം ഇന്നവിധമിരിക്കുന്നു എന്നതിന്റെ പ്രദർശനമാണ് ഈ ജഗത്ത്. ഈ ജഗത്തിനു രണ്ടു സ്വരൂപമുണ്ട്. സമഷ്ടിയും വ്യഷ്ടിയും. വ്യഷ്ടിത്വം ആണ് സമഷ്ടിത്വത്തെ ഉണ്ടാക്കുന്നതു്. വ്യഷ്ടിത്വം അഥവാ വൈവിധ്യം കർമ്മങ്ങൾക്കനുസരണമായുണ്ടാകുന്നതാണ്. ഒന്ന് മറ്റൊന്നിൽനിന്നും പിരിഞ്ഞിരിക്കുന്നുവെന്നതാണ് വ്യഷ്ടിത്വം. ഈ പിരിവിനാൽ നാനാത്വങ്ങളേർപ്പെടുന്നു. ഈ നാനാത്വം അജ്ഞാനത്തിനു കാരണമായിരിക്കുന്നു. ജ്ഞാനം ഏകമാണ്. ഇപ്രകാരം ഒന്നെന്നുള്ള ജ്ഞാനവും പലതെന്നുള്ള അജ്ഞാനവും ഒന്നായിരുന്നില്ലെങ്കിൽ എന്നർത്ഥം.

പൂനിലാ........നൊക്കും—കളങ്കം ചന്ദ്രനന്യമല്ലാത്തതായിരിക്കുന്നപോലെ ജ്ഞാനാജ്ഞാനങ്ങൾ ഒന്നു ചേർന്നുള്ള ഒരു ജഗത്തിന്റെ സൃഷ്ടിക്ക് എങ്ങനെ സാദ്ധ്യതയുണ്ടാവും?

കേൾക്കെടോ! സ്വയംജ്യോതിജ്ഞാനമിരണ്ടായ്മാറും,
പാർക്കിൽ സ്വരൂപജ്ഞാനംപിന്നെ വൃത്തിജ്ഞാനവും
ഏവംസ്വരൂപജ്ഞാനം തന്നെവൃത്തിക്കും ജ്ഞാന—
മായ്‌വരുന്നതുമെന്നുബോധിക്ക, വേറിട്ടില്ല;

സ്വരൂപജ്ഞാന മജ്ഞാനത്തിന്റെ ശത്രുവല്ലെ-
ന്നാരൂപസുഷുപ്തിയിൽകണ്ടു നീയറിഞ്ഞാലും
സ്വരൂപജ ജ്ഞാനത്തിങ്കൽ മരുവുമജ്ഞാനത്തെ
യെരിച്ചില്ലാതെയാക്കിത്തീക്കുന്നു വൃത്തിജ്ഞാനം. 78

സ്വയംജ്യോതിയായ സാക്ഷാൽജ്ഞാനം സ്വരൂപജ്ഞാനമെന്നും വൃത്തിജ്ഞാനമെന്നും രണ്ടായ്പിരിഞ്ഞുനില്ക്കുന്നു. സ്വരൂപജ്ഞാനം അജ്ഞാനത്തെ ഉൾക്കൊണ്ടിരിക്കുന്നു, ഈഅജ്ഞാനത്തെയില്ലാതാക്കുകയാണു് വൃത്തിജ്ഞാനത്തിന്റെ വൃത്തി. അതിനാൽ സാക്ഷാല്ക്കാരത്തിനു വൃത്തിജ്ഞാനം എപ്പോഴും ആവശ്യമായിവരുന്നു ഉറക്കത്തിൽ ജീവൻ അജ്ഞാനത്തിൽ (അറിവില്ലായ്മയിൽ) ആണ്ടിരിക്കുന്നു. എന്നാലും അനുഭവിക്കുന്നതു് സ്വസ്വരൂപസുഖമാണു്. അതറിയുന്നില്ലെന്നേയുള്ളൂ. ഇവിടെ സ്വസ്വരൂപസുഖം അറിവില്ലായ്മയോടു ചേർന്നുനില്ക്കുന്നതിനാൽ "സ്വരൂപജ്ഞാനത്തിന്റെ ശത്രുവല്ല" എന്നു പറഞ്ഞു. സുഷുപ്തിയിൽ സുഖസ്വരൂപം ഉണ്ടു് എന്നു വിളങ്ങിനിന്നാലും എങ്ങനെയിരിക്കുന്നു എന്നറിയാതെ പോകുന്നു. ഈ അറിവില്ലായ്മയെ വൃത്തിജ്ഞാനം മാററുന്നു. അതിനാലാണു് മുമ്പു് എത്തുപെടാതിരുന്ന സ്വസ്വരൂപം വൃത്തിജ്ഞാനമുണ്ടാവുമ്പോൾ എത്തുപെട്ടതായിത്തീരുന്നതു്. അതായതു് അപരോക്ഷമാവുന്നതു്.

വൃത്തി—തന്റെ മുഖത്തെ കാണാനുള്ള യത്നം.

വൃത്തിജ്ഞാനം—ബിംബമുഖം പ്രതിബിംബ (കണ്ണാടി) മുഖത്തെ കാണുന്ന കാഴ്ച. അതായതു് സ്വസ്വരൂപമുഖത്തെ അന്യഥാ കാണുകയെന്നുള്ളതു്. സ്വസ്വരൂപത്തെപ്പററിയുള്ള പരോക്ഷമായ അറിവു് വൃത്തിജ്ഞാനവും അപരോക്ഷമായ അറിവു് സാക്ഷാത്ക്കാരവുമാണു്. വൃത്തിജ്ഞാനം കൊണ്ടുമാത്രമേ സ്വരൂപജ്ഞാനം അപരോക്ഷമാവുകയുള്ളൂ. ഈ വൃത്തിജ്ഞാനം അന്തഃകരണ ഉപഹിതചൈതന്യാഭാസനാണു്. ചൈതന്യാഭാസ

നാണ് ബന്ധവും മോക്ഷവും. ജീവൻ എപ്പോഴും ബന്ധനത്തിലാണ്.

ചന്ദ്രനാകുന്ന സ്വരൂപജ്ഞാനം കളങ്കമാകുന്ന അജ്ഞാനത്തോടുകൂടിയിരിക്കുന്നു. എന്നാൽ ചന്ദ്രപ്രകാശത്തിൽ കളങ്കം എങ്ങും ഉണ്ടായിരിക്കുന്നില്ല. അങ്ങനെ സ്വസ്വരൂപം വൃത്തിപ്പെട്ട ജ്ഞാനമാകുന്ന വൃത്തിജ്ഞാനം അജ്ഞാനത്തെ മാററിനിറുത്തുന്നു. (ചന്ദ്രരശ്മിയിൽ ചന്ദ്രനിലെ കളങ്കം മാഞ്ഞുനില്ക്കുന്നപോലെ)

സുപ്തിയിൽ തുരുത്തിദേഹത്തെയജ്ഞാനം ചുട്ടീ
ടാത്തവാറുള്ളിൽ കാത്തുപോരും സ്വരൂപജ്ഞാനം
പിന്നിതേജ്ഞാനം വൃത്തിജ്ഞാനമായ്മാറിയെന്നും
കുന്നമായജ്ഞാനത്തെക്കരിക്കും കഥകേൾക്കു;
വെട്ടത്താൽ ലോകംകാക്കും സൂര്യനും സൂര്യകാന്താ-
ഘട്ടനാലഗ്നിയായിപ്പണ്ടങ്ങളെരിക്കുംപോൽ
സ്വസ്വരൂപജ്ഞാനമേ സമാധിയിൽ തന്നഖണ്ഡാ-
ഭാസവൃത്തിയിൽ നിന്നജ്ഞാനത്തെദ്ദഹിപ്പിക്കും. 79

തുരുത്തിദേഹം—തോൽതുരുത്തി കാററിനെ ഉള്ളിലേയ്ക്കു വലിച്ചെടുത്തു പുറത്തേയ്ക്കു വിടുന്നു. മററു ചേഷ്ടകളൊന്നുമില്ല. ഈ കാററിനെ വലിച്ചുവിടുന്നതും സ്വന്തമായിട്ടല്ല. അന്ന്യാശ്രയം മൂലമാണ്. ഉറക്കത്തിൽ (ജീവികളുടെ) ശരീരത്തിൻെറ അവസ്ഥ ഇതു തന്നെയാകയാൽ തുരുത്തി ദേഹം എന്നു പറഞ്ഞു. ഈ ദേഹം മായാ സ്വരൂപവുമാണ്.

സുപ്തിയിൽ...... പജ്ഞാനം—പരിപൂർണ്ണമായ അജ്ഞാനം മരണമാണ്. മായ ഈശ്വരനെ എന്നപോലെ അജ്ഞാനം ജ്ഞാനത്തെയും ആശ്രയിച്ചുമാത്രം നിലനില്പുള്ളതായിരിക്കുന്നു. ഈ ആശ്രയം ഇല്ലാതെയാവുമ്പോൾ മായയും അജ്ഞാനവും അത്യന്തം അസത്തുകളായി ഇല്ലാത്തതുകളാവുന്നു. സുഷുപ്തിയാ

കുന്ന മായയിലും ഒന്നും അറിയുന്നില്ല എന്ന അജ്ഞാനത്തിലും ആണ്ടിരിക്കുന്ന ജീവശരീരം മരണമടയാതെ ഉറക്കം കഴിഞ്ഞു ചേഷ്ടിക്കാനാവുന്നതു നിദ്രാവേളയിലുള്ള ഈശ്വരസാന്നിധ്യം കൊണ്ടാണ്. നിദ്രാവേളയിൽ ജീവനെ വച്ചുകൊണ്ടിരിക്കുന്നതു ഈശ്വരകോശമാണ്. അപ്പോൾ ആത്മസ്വരൂപം പ്രകാശിക്കുന്നു. പക്ഷെ അറിയുന്നില്ലെന്നേയുള്ളു ഈ അറിവില്ലായ്മയൊഴിച്ചാൽ സുഷുപ്തിസുഖവും സ്വരൂപസുഖവും ഒന്നാണ്. സുഷുപ്തിയിൽ അജ്ഞാനം അതിൻെറ തികവിൽതന്നെ നിൽക്കുന്നു. യഥാൎത്ഥത്തിൽ സുഷുപ്തി മരണം തന്നെയുമാണ്. കാരണം ആ സമയം ജീവൻ അജ്ഞാനത്തിൽ നിശ്ശേഷം ആണ്ടുപോയതാണ്. അജ്ഞാനം അതിൻെറ തികവിൽ നില്ക്കുമ്പോൾ ജീവനൊന്നൊന്നില്ലാതാവണം. പിന്നെ, അവശേഷിക്കുന്ന ദേഹം മൃതമാവുകയും വേണ്ടതാണ്. ന്യായത്തിനിതാണു സംഭവിക്കേണ്ടതു്. എന്നാൽ ഇതു സംഭവിക്കുന്നില്ല. ഉറങ്ങിയവൻ ഉണരുന്നുണ്ടല്ലോ. ഇതിനു കാരണമാണിവിടെ പറയുന്നതു്. "ഉള്ളിൽകാത്തുപോരുംസ്വരൂപജ്ഞാനം". സുഷുപ്തിവേളയിൽ തൻെറ തികവിൽനില്ക്കുന്ന അജ്ഞാനം നിമിത്തം ജീവൻ ഇല്ലാതായി ദേഹം, തദ്വാരാ ജീവനെ വേർപെട്ടു നശിച്ചതായിത്തീരാത്തവിധം ജീവനെ (ഉറക്കത്തിൽ അനുഭവിക്കുന്ന സ്വസ്വരൂപസുഖമാകുന്ന) സ്വസ്വരൂപജ്ഞാനം തൻെറയുള്ളിൽ സംരക്ഷിച്ചുകൊള്ളുന്നു "സുഖമായി ഉറങ്ങി" എന്നു പറയുന്ന ഒരാൾക്കു് തോന്നുന്ന സുഖം ഈ സ്വരൂപസുഖമത്രേ.

പിന്നിതേ...... കേൾക്കൂ—"സുഖമായി ഉറങ്ങി. എന്നാൽ ഒന്നുമറിഞ്ഞില്ല" എന്നതിൽ പറയുന്ന സുഖം സ്വരൂപസുഖവും അറിഞ്ഞില്ല എന്ന അറിയായ്മ സ്വരൂപജ്ഞാനത്തിൽ ലീനമായിരുന്ന അജ്ഞാനവുമാണ്. സ്വരൂപസുഖം ഉണ്ടെങ്കിലും അതെങ്ങിനെയെറിക്കുന്നു എന്നറിഞ്ഞെങ്കിലേ ഫലമുള്ളൂ. അതിനു

അജ്ഞാനം ഒഴിയണം. അജ്ഞാനം സ്വരൂപജ്ഞാനത്തിൽ തന്നെ ഇരിക്കുകയുമാണു്. ദീപപ്രകാശം വിളക്കിന്റെ ചുവട്ടിലുള്ള ഇരുട്ടിനെ എന്നപോലെ. വിളക്കിനു ചുവട്ടിലുള്ള ഇരുട്ടിനെ ഇല്ലാതാക്കാൻ കഴിയാതിരിക്കുന്നപോലെ സ്വരൂപജ്ഞാനത്തിനു് അജ്ഞാനത്തെ മാററാനും (തദവസ്ഥയിൽ) കഴിയാതിരിക്കുന്നു. അതിനാൽ സ്വരൂപജ്ഞാനം വൃത്തിജ്ഞാനമായി വൃത്തിപ്പെട്ടുനിന്നു ഈ അജ്ഞാനത്തെ നശിപ്പിക്കുകയാണു ചെയ്യുന്നതു്. എങ്ങനെ? എങ്ങും വ്യാപകമായ അഗ്നി വിറകെന്ന ഉപാധിയിലും പററിയിരിക്കുന്നു. വിറകു കത്തിക്കാൻ ബാഹ്യമായി അഗ്നിയാവശ്യമെങ്കിലും വിറകിനെ എരിച്ചുതീൎക്കുന്നതു അതിൽതന്നെയുള്ള അഗ്നിയാണു്. വിറകിൽ അടങ്ങിയിരുന്ന അഗ്നി ബാഹ്യഅഗ്നിയുമായുള്ള സമ്പൎക്കത്താൽ വിജൃംഭിച്ചു് വിറകിൽനിന്നും പിരിഞ്ഞു് മഹാഗ്നിയിൽ മായുന്നു. വിറകിൽനിന്നും വിറകിനെ അതുവരെ വിറകാക്കി വച്ചുകൊണ്ടിരുന്ന അഗ്നി മാറിപ്പോകുമ്പോൾ വിറകിന്റെ സ്വരൂപത്തിനു നാശം സംഭവിക്കുന്നതാണു് വിറകെരിയുക എന്നുള്ളതു്. ഇവിടെ വിറകിൽ നിഗൂഢമായിരുന്ന അഗ്നി സ്വരൂപജ്ഞാനം. വിറകു് അജ്ഞാനം. (അഗ്നിയെ ആശ്രയിച്ചാണു് വിറകിരിക്കുന്നതെന്നോൎമ്മിക്കണം) വിറകു കത്തിക്കാൻ അതിൽ കൊളുത്തിയ (ബാഹ്യ) അഗ്നി ഗുരുമൊഴി (ശ്രവണം). വിറകിൽ നിഗൂഢമായിരുന്ന അഗ്നി വൃത്തിപ്പെട്ടു്, വിജൃംഭിച്ചു്, ജ്വലിച്ചു്, വിറകിനെ എരിക്കാനായി എഴുമ്പിനിന്ന അഗ്നി വൃത്തിജ്ഞാനം. വിറകിനെ എരിക്കാതെ, അതിൽ ലീനമായിരുന്നു്, വിറകിനെ വഹിച്ചുകൊണ്ടിരുന്നതേതഗ്നിയാണോ അതേ അഗ്നി തന്നെയാണു് പിന്നീടു വൃത്തിപ്പെട്ടു തീജ്വാലകളോടുകൂടി നിന്നു് വിറകിനെ എരിച്ചില്ലാതെയാക്കുന്നതും. അതിനാലാണു് സ്വസ്വരൂപജ്ഞാനം തന്നെ വൃത്തിജ്ഞാനമായി ഭവിച്ചു് അജ്ഞാനത്തെ നശിപ്പിക്കുന്നു എന്നു പറഞ്ഞതു്. വ്യാപകാഗ്നി (സ്വയംജ്യോതി) ജ്ഞാനവുമാണു്.

വെട്ടത്താൽ........ഹിപ്പിക്കും—വൃത്തിജ്ഞാനത്തെ വിളക്കു വിവരിക്കുന്നു. സൂര്യരശ്മി ഒന്നിനെയും എരിക്കുന്നില്ല. പ്രത്യുത ലോകത്തെ കാത്തുരക്ഷിക്കുന്നു. എന്നാൽ സൂര്യരശ്മി സൂര്യകാന്തക്കല്ലിനെ സ്പർശിക്കുമ്പോൾ അഗ്നിയായി നിന്നു് വസ്തുക്കളെ ദഹിപ്പിക്കുന്നു. അതുപോലെ (ഗുരുമൊഴികളെ സ്പർശിച്ച) സ്വരൂപജ്ഞാനം തൽക്ഷണം അഖണ്ഡാകാരവൃത്തി ജ്ഞാനമായി മാറി അജ്ഞാനത്തെ നശിപ്പിക്കുന്നു. ഈ അജ്ഞാനനാശം സംഭവിക്കുന്നതു് സമാധിവേളയിലാണു്.

സൂര്യൻ—സ്വയം ജ്യോതിജ്ഞാനം.

സൂര്യരശ്മി—സ്വരൂപജ്ഞാനം.

സൂര്യകാന്തക്കല്ലിൽ
പററിയ സൂര്യരശ്മി } വൃത്തിജ്ഞാനം

വിഷയപദാർത്ഥങ്ങൾ—അജ്ഞാനം.

സത്ഗുരുനാഥാ! കരണങ്ങൾ മൂന്നിനാൽ ചെയ്‌വ-
തൊക്കെയും കർമ്മമല്ലേ?, വൃത്തിജ്ഞാനവുമോർത്താൽ
ഇക്കരണങ്ങൾതൻകാര്യങ്ങളുമെങ്കിൽ, കർമ്മം
തീർക്കുമിങ്ങജ്ഞാനത്തെയെന്നും നാം ചൊല്ലാമല്ലോ;
വൃത്തി, വൃത്തിജ്ഞാനവുമെന്നൊക്കെമേന്മയായി
ട്ടെന്തിനപ്പിന്നെച്ചൊല്ലുന്നെന്നും നീയുരച്ചീട്ടു. 80

കരണ........മല്ലേ?—മനസ്സ്, വാക്കു്, ശരീരം ഈ ത്രികരണങ്ങളാൽ ചെയ്യുന്നവയെല്ലാം കർമ്മങ്ങളാണല്ലോ.

വൃത്തിജ്ഞാ...... മെങ്കിൽ—വൃത്തിയെന്നതു് മനസ്സിന്റെ വൃത്തിയും അതിനെ മനസ്സുകൊണ്ടുതന്നെ അറിയേണ്ടതുമാണെങ്കിൽ.

കർമ്മം........ല്ലാമല്ലോ—അജ്ഞാനത്തെ കർമ്മംകൊണ്ടു മാററാം എന്നു പറയുന്നതിൽ വല്ല തെററുമുണ്ടോ?

വൃത്തി.......രച്ചിട്ട-കമ്മാദികളാൽ അജ്ഞാനത്തെ നശിപ്പിക്കാനൊക്കുകയില്ലെന്നും അജ്ഞാനനാശത്തിനു വൃത്തിജ്ഞാനമാണാവശ്യമെന്നും പറഞ്ഞു് വൃത്തിജ്ഞാനത്തെ പുകഴ്ത്തിപ്പറയുന്നതിനുള്ള കാരണമെന്തെന്നരുളിച്ചെയ്യാലും.

അഖണ്ഡാകാര, ശുദ്ധവൃത്തിജ്ഞാനവു മന്തഃ
കരണത്തിങ്കൽതന്നെവൃത്തിപ്പെട്ടിരുന്നാലും
ഒരുതള്ളമക്കളും പിൻഭിന്നിച്ചുനിന്നു തമ്മിൽ
പുരുഷതന്ത്രങ്ങൾക്കൊത്തകർമ്മങ്ങൾചെയ്യുന്നില്ലേ?
ഈന്യായംപോലെ, ശുദ്ധമനസ്സിന്നൊത്തവൃത്തി-
ജ്ഞാനവുംപുരുഷതന്ത്രമല്ല,വസ്തുതന്ത്രം. 81

ഒരമ്മ മക്കളും ലോകത്തിൽ കർമ്മഭേദങ്ങളോടെ വർത്തിച്ചു പോരുന്നുണ്ടു്. അന്തഃകരണങ്ങളുടെ സൃഷ്ടിയെല്ലാമൊന്നുപോലെയിരുന്നാലും മാലിന്യങ്ങളാൽ കമ്മഭേദങ്ങളോടെ ഇരിക്കുന്നു. കർമ്മഭേദങ്ങളെ പുരുഷതന്ത്രമെന്നു പറയുന്നു. അതിനാൽ എല്ലാ മാലിന്യങ്ങളും ഒഴിഞ്ഞു്, കർമ്മഭേ ഒടുങ്ങിയതിനാൽ കർമ്മഭേദങ്ങളില്ലാതെയായി നില്ക്കുന്ന അന്തഃകരണത്തിൽമാത്രം ഉണ്ടാകുന്ന വൃത്തി പുരുഷതന്ത്രമല്ല എന്നു പറഞ്ഞു. പ്രത്യേക വൃത്തികളൊന്നുമില്ലായായ അന്തഃകരണം കൂടസ്ഥായ നിലവിട്ടു് അഖണ്ഡാകാരമായി വൃത്തിപ്പെടുന്നു. ഈ അഖണ്ഡാകാരവൃത്തിയിൽ പരമാത്ഥജ്ഞാനം ഉദയമാവുന്നു. അജ്ഞാനം ഇല്ലാതാവുന്നു. അജ്ഞാനം ഒഴിക്കുന്നതിലേക്കു് വൃത്തിപ്പെട്ടുനില്ക്കുന്ന അവസ്ഥയിൽ അതിന്നു് വൃത്തിജ്ഞാനം എന്നു പറയുന്നു. സാക്ഷാൽ വസ്തുവിനെ എത്തുപെട്ടതാക്കിച്ചെയ്യുന്ന, ഈ മാഗ്ഗത്തിനു വസ്തുതന്ത്രം എന്നുപറയുന്നു.

ഒരു പുരുഷൻ മലിനാന്തഃകരണവൃത്തിഭേദങ്ങളായ കമ്മാന്തരങ്ങൾ അനുഭവിക്കുന്നതു പുരുഷതന്ത്രം.

മറെറാരു പുരുഷൻെറ നിഷ്കാമ പുണ്യവൈഭവത്താൽ മലിനാന്തഃകരണ കർമ്മങ്ങൾ നീങ്ങിയ ശുദ്ധാന്തഃകരണം അഖ

ണ്ഡാകാരമായി ബ്രഹ്മത്തോടു വൃത്തിപ്പെട്ടിരിക്കുന്ന ജ്ഞാനം വസ്തുതന്ത്രം.

വേദംവകുത്തകർമ്മംചെയ്യാനും വിടുവാനും
ഭേദംമററൊന്നിനോതാനുള്ളതുമല്ലേ ജ്ഞാനം
ഭേദ്യമല്ലാത്തജ്ഞാനം.ധ്യാനവുംവെവ്വേറോർക്കു,
ഭേദിച്ചൊന്നന്യമാക്കും ധ്യാനമോ കല്പിതം കേൾ
പ്രത്യക്ഷപ്പെട്ടിരിക്കും ജ്ഞാനമേ മാററമററ
വാസ്തവമെന്നുറച്ചു വിഭ്രമം വെടിഞ്ഞാലും. 82

വേദോക്തങ്ങളായി, ഭക്തി, കമ്മം, യോഗം തുടങ്ങിയ കമ്മമാൎഗ്ഗങ്ങളൊന്നും തന്നെ ജ്ഞാനമാവുകയില്ല. ജ്ഞാനം ഒന്നിനെയും തള്ളുകയോ കൊള്ളുകയോ ചെയ്യുന്നതല്ല. കമ്മമാൎഗ്ഗത്തിൽ മുഖ്യസാധനങ്ങളായ ധ്യാനങ്ങളോ അഭ്യാസങ്ങളോ, യോഗങ്ങളോ, സമാധിപോലുമോ ജ്ഞാനമാകുന്നില്ല. ഒന്നിനുഭേദം കല്പിച്ചു മററൊന്നാക്കിത്തീക്കുന്നതാണു ധ്യാനം. അതിനാൽ ധ്യാനഫലങ്ങളും കല്പിതങ്ങളായിരിക്കുന്നതേയുള്ളു. ഒരു മാററവും കൂടാതെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന വസ്തുവേതോ അതാണു ജ്ഞാനം. അതു തന്നെ യോഗവുമായിവരുന്നു. ഭക്തിയും കർമ്മങ്ങളും ഇതിൽ തന്നെയിരിക്കുന്നു.

പരമാത്മജ്ഞാനത്തെപ്പററി ഒഴിവിലൊടുക്കത്തിൽ ഇപ്രകാരം പറയുന്നു:—

യോഗത്തെച്ചൊന്നശാസ്ത്രാവലിയുരുവിടലോ
ടാസനംകൺമിഴിപ്പും
യോഗംമൂട്ടംതപസ്സിൽ 'പകിടകളി' വെറും
പിച്ചിലാട്ടം ജഗത്തിൽ;
ഭാഗിച്ചോർമ്മിച്ചു, വിട്ട,ററൊരു മലടറിവായ്,
സ്ഥാവരം, വാനിനൊപ്പാ-
യാഗാരംവിട്ടുനിശ്ചഞ്ചലനിറവൊട്ടുവാ
തേകയോഗത്തിൽനിൽക്കു.

കണ്ടറിഞ്ഞനുഭവമായതേജ്ഞാനം, വേറായ്
കേട്ടതിനെദ്ധ്യാനിക്കും ഭാവനയത്രേ യോഗം;
കണ്ടവർ ചൊല്ലി,ക്കേട്ടമറക്കും, മറന്നീടാ;
കണ്ടതു,കണ്ടതുണ്മ, ധ്യാനിച്ചതെല്ലാംപൊയ്യും
തടിച്ചോരജ്ഞാനത്തെക്കണ്ടുടൻദഹിപ്പിക്കും
വിടിന്നജ്ഞാനംമാത്രം, കർമ്മയോഗാദിയല്ലേ. 83

താനായ് കണ്ടറിയുന്നതു ജ്ഞാനം. മററുള്ളവർ പറഞ്ഞു കേട്ടതിനെ ഭാവിച്ചറിയാൻ ശ്രമിക്കുന്നതു യോഗം. മററുള്ളവർ പറഞ്ഞുതന്നറിയുന്നതു മറന്നുപോകാം. താൻ നേരിൽകണ്ടതു മറന്നുപോകുന്നില്ല. അതിനാൽ ഓർമ്മിച്ചു, മറന്നു എന്നില്ലാതെ സ്ഥിരമായി നില്ക്കുംവിധം കണ്ടതേ തോന്നുന്നതുസത്യം. ഭാവന അസത്യവും. പ്രകാശം ഉദിക്കുമ്പോൾ ഇരുട്ടൊഴിയുമെന്നല്ലാതെ മറ്റു കർമ്മമാർഗ്ഗങ്ങളാൽ ഇരുട്ടൊഴിയുന്നില്ല. അതുപോലെ കുടസ്സായ ഭാവനകളിൽ പററിപ്പിടിച്ചിരിക്കുന്ന അജ്ഞാനം, അന്തഃകരണം അഖണ്ഡമായി ബ്രഹ്മാകാരമായി വൃത്തിപ്പെട്ടെങ്കിലല്ലാതെ, കർമ്മയോഗം മുതലായതുകളാൽ ഒരിക്കലും ഒഴിയുന്നില്ല.

“അജ്ഞാനംകൊണ്ടുവന്നോരനർത്ഥങ്ങൾ
വിജ്ഞാനംകൊണ്ടുവേണ്ടയോ നീക്കുവാൻ”

എന്നു അദ്ധ്യാത്മവിചാരം പാനയിൽ പറയുന്നു.

ജ്ഞാനലാഭാർത്ഥം യോഗാദികളെ ആശ്രയിക്കുന്നതിന്റെ മൗഢ്യത്തെ ഒഴിവിലൊടുക്കത്തിൽ ഇപ്രകാരം പറയുന്നു:—

മെയ്യിനുൾപുറമായ്നിറഞ്ഞു, തനിയായ്
‘ഉണ്ടു’’ ‘ഇല്ല’ രണ്ടിനൊയും
പൊയ്യാക്കിട്ടതിനപ്പുറത്തു, തനിയേ
വാഴും, ശിവത്തെ, ബ്ഭ്രമാൽ,
കണ്ണു,ൾ,വായു,വനങ്ങിടാതെ കരുതും
ബോധത്തിലാമഗ്നനായ്,

കണ്ണേ! നീ, പൂതയുന്നിടത്തു, തെളിയാ-
നാശിപ്പതെന്തത്ഭുതം!
"വിൺമൂടാനിഹ കണ്ണടയ്ക്കുവതുവി-
ട്ടാകാശമേൽക്കട്ടിതേ-
ടുമ്പോൾ ബോധമടക്കിടാതെ പുലരും
യോഗങ്ങളെന്താണു, ചൊൽ ?"

അഷ്ടാവക്രഗീതയിൽ ഇപ്രകാരം പറയുന്നു:—

"അചിന്ത്യം ചിന്ത്യമാനോപി
ചിന്താരൂപം ഭജത്യസൌ
ത്യക്ത്വാതത്ഭാവനം തസ്മാ-
ദേവമേവാഹമാസ്ഥിതഃ"

ബ്രഹ്മസാക്ഷാത്ക്കാരാത്ഥം ധ്യാനംമിഥ്യയായാലും
ബ്രഹ്മസാക്ഷാത്ക്കാരത്തെ മിഥ്യയെന്നെണ്ണിടൊല്ലേ
ബ്രഹ്മരൂപത്തെ ധ്യാനിച്ചാകിലാരൂപം മിഥ്യ
ബ്രഹ്മരൂപാനുഭൂതിമാത്രമേ സത്യമാകൂ.

ബ്രഹ്മത്തെവിട്ടു് ഈ ജഗത്തിനു് ഒരിക്കലും നില്ക്കപ്പൊറുതിയില്ല. അതുപോലെ ആത്മാവിനെ വിട്ട ജീവനും. ജീവനും ശരീരവും സകല ഇന്ദ്രിയ പ്രപഞ്ചങ്ങളും തന്റെ ആത്മസ്വരൂപത്തിൽ തന്നെ സർവ്വദാവർത്തിക്കുന്നു എന്നറിയുകയാണു് സാക്ഷാത്ക്കാരമെങ്കിൽ ആത്മസാക്ഷാല്ക്കാരത്തിനു സാധനം ജ്ഞാനം മാത്രമാണു്. അതിനാൽ മുക്തിക്കു്ധ്യാനാദികർമ്മങ്ങൾ മിഥ്യയെന്നുപറഞ്ഞു രാജകുമാരനായിജനിച്ചിട്ടു പിന്നെ രാജാവാകാൻ യത്നമൊന്നും ചെയ്യേണ്ടതായില്ലല്ലോ. ബ്രഹ്മവസ്തു അരൂപാരൂപമായിരിക്കവെ അതിന്നൊരു രൂപം സങ്കല്പിച്ചു് ധ്യാനം നടത്തിയാൽ എന്തുഫലപ്പെടാൻ? വാചാമഗോചരമായ ബ്രഹ്മസ്വരൂപത്തെ അനുഭവിക്കുക എന്നതേയുള്ളൂ. അതിനാൽ അനുഭവം മാത്രം സത്യം.

സഗുണധ്യാനം.സത്യം,മുക്തിയെനൽകുമെന്നു
നിഗമം വന്നുചേർന്ന വിധവുംകേട്ടുകൊള്ളു;
ധ്യാനമേ ജനനമായ്‌വന്നിടും ദേഹത്തിന്നെ
മാനിച്ചുധ്യാനിച്ചീടിൽ ദേഹങ്ങളായിത്തീരും
ജന്മാന്തരങ്ങൾ തീരാൻ ബ്രഹ്മസ്വരൂപത്തിന്നെ-
ത്തന്മയമായ്, ധ്യാനിച്ചാലാസ്വരൂപവും നീയാം. 85

ധ്യാനം എപ്പോഴും സഗുണമാണു്. കാരണം ഗുണാതീതത്തെ സങ്കല്പിക്കാനൊക്കുകയില്ല. ഈ സഗുണധ്യാനവും മോചനത്തിനുപകരിക്കുന്നതിനെപ്പറയാം. എന്തിനെ സങ്കല്പിക്കുന്നുവോ അതുതന്നെ ഫലമായിവരുന്നു. അതനുസരിച്ചു് ബ്രഹ്മസ്വരൂപത്തെ ധ്യാനിക്കുന്നവനു് ആ സ്വരൂപം ഫലമായിവരുന്നു.

ബ്രഹ്മസ്വരൂപം ധ്യാനിപ്പോരാകും ബ്രഹ്മമെങ്കിൽ
ബ്രഹ്മചിന്തയും, ജ്ഞാനംതാനും പിന്നെന്തിനെന്നാൽ,
കേൾക്കെടോ ബ്രഹ്മധ്യാനമെപ്പോഴും പരോക്ഷമാ-
ണാക്കും പിന്നതുതന്നെയപരോക്ഷമായ്‌ഭവിക്കും;
സ്ഥിരമായിനില്ക്കും ജ്ഞാനബോധമേ മുക്തിയായി
വരുമെന്നുമുള്ളസത്യം തീർത്തറിഞ്ഞീടു, നീയും. 86

മുൻ പദ്യത്തിൽ ബ്രഹ്മസ്വരൂപത്തെ ധ്യാനിച്ചാൽ ആ സ്വരൂപം ലഭ്യമാവും എന്നു പറഞ്ഞല്ലോ. എന്നാലും ധ്യാനം മുക്തിയെത്തരുന്നില്ലാ എന്നതിനു സമാധാനം പറയുന്നു. (ധ്യാനം) അന്യത്വദോഷമുള്ളതാണു്. അതിനാൽ അതിന്റെ ഫലവും ഈ ദോഷമുള്ളതായിരിക്കും. ധ്യാനഫലമായുണ്ടാവുന്ന ബ്രഹ്മസ്വരൂപവും തനിക്കന്യമെന്നായി നില്ക്കും. ഞാൻ ബ്രഹ്മമാകുന്നു, എന്നിടത്തു ഞാൻ ബ്രഹ്മമല്ലാതായിരിക്കുന്ന പ്രതീതിയുമുണ്ടു്. കൂടാതെ ഞാൻ ബ്രഹ്മമായാലും ബ്രഹ്മവും ഞാനും പിന്നും അവശേഷിക്കുന്നു. രണ്ടും അഴിയുന്നില്ല. അതിനാൽ അതുമുക്തിയാവുന്നില്ല. അതിനാലാണു് ബ്രഹ്മധ്യാനം പരോക്ഷജ്ഞാനം മാത്രമെന്നുപറഞ്ഞതു്. ഈ ബ്രഹ്മധ്യാനം ഉണ്ടായിരിക്കുന്നിട

ത്തോളം ദ്വൈതം മാറാതിരിക്കും. ദ്വൈതം ഒഴിഞ്ഞാലേ മോചനമാകുന്നുള്ളു. തന്നിമിത്തം മുക്തിസാദ്ധ്യത്തിന് ബ്രഹ്മധ്യാനം ഒഴിയാനുള്ളതായിവരുന്നു. അതിനെ ഒഴിയണമെങ്കിൽ അതു തനിക്കാവശ്യമുള്ളതല്ല എന്നറിയണം. ഇതറിയുന്നതു് താൻ ബ്രഹ്മമല്ലാതായിട്ടിരിക്കുന്നില്ല എന്നറിയുമ്പോഴാണു്. ഈ അറിവു് യഥാർത്ഥത്തിൽ വെറും അറിവല്ലാ, അനുഭൂതിയാണു്. ഈ അപരോക്ഷാനുഭൂതിതന്നെ അപരോക്ഷജ്ഞാനവും. മുക്തിയും ഇവിടെ പരോക്ഷം തന്നെ അപരോക്ഷമായി ഭവിച്ചാലും അപ്രകാരം ഭവിപ്പിക്കാൻ അപരോക്ഷജ്ഞാനം തന്നെ വേണ്ടിയിരിക്കുന്നു. പോരെങ്കിൽ ഭാവനമൂലം സിദ്ധിക്കുന്നതു് ഭാവന അവസാനിക്കുമ്പോൾ ഒഴിഞ്ഞുപോകും. ഇപ്പറഞ്ഞ കാരണങ്ങളാലാണു് (പരോക്ഷമായ) ബ്രഹ്മധ്യാനം ബ്രഹ്മസ്വരൂപത്തെത്തന്നെ തന്നാലും അതു മോചനമല്ലെന്നും മോചനത്തിനു് അപരോക്ഷാനുഭൂതിയാണു വേണ്ടതെന്നും പറഞ്ഞതു്.

ബ്രഹ്മധ്യാനം തുടങ്ങിയവയുടെ അപകടത്തെപററി പറയുന്നതു നോക്കുക:–

"കാലിന്മേൽത്തുടചേർത്തുവച്ചു, തുടമേൽ
കാലിന്നെയും വച്ചതിൻ
മേലിൽതാനുമിരുന്നു നിദ്രവരുവാൻ
ക്രൂക്കംവലിച്ചൊക്കുമോ?
നിന്നിൽ പ്രാണനടക്കി, ബോധമൊഴിയാ,കേരം,
സച്ചിദാനന്ദവും,
നിന്നെപ്പിൻ വിഷയങ്ങളാക്കി വിട്ടമേ
നിൻമുള്ളോളിച്ചന്യമായു്." (ഒഴുവിലൊടുക്കം)

മുക്തിയാം പരിപൂർണ്ണബ്രഹ്മത്തിലജ്ഞാനത്തെ
മാററി,പ്പിൻ വൃത്തിജ്ഞാനം മാറാതെശേഷിച്ചീടിൽ
അഖണ്ഡമാമനുഭൂതിയെങ്ങനെ സാദ്ധ്യമാകും?

ശങ്കിക്കിൽ, ചൊല്ലാം, വെള്ളംതെളിച്ചതേററാമ്പരൽ,
മണ്ണോട്ടമാഞ്ഞപോലെ മാഞ്ഞുപോ,മജ്ഞാനത്തോ-
ടെണ്ണുവാനററ, വൃത്തിജ്ഞാനവും ധരിച്ചാലും. 87

മുക്തിയാം........ശങ്കിക്കിൽ—മോചനത്തിനു വൃത്തിജ്ഞാനമാവശ്യം. വൃത്തിജ്ഞാനം പരിപൂർണ്ണബ്രഹ്മസാക്ഷാത്ക്കാരത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. അജ്ഞാനത്തെ ഒഴിക്കുക എന്നതാണു വൃത്തിജ്ഞാനത്തിൻെറ ജോലി. ഇപ്രകാരം അജ്ഞാനം ഒഴിഞ്ഞാലും അജ്ഞാനത്തെ ഒഴിച്ച വൃത്തിജ്ഞാനം അവശേഷിച്ചിരിക്കുമല്ലോ. ഇങ്ങനെ അവശേഷിക്കുന്നതു ബ്രഹ്മത്തിൽ തന്നെയായിരിക്കുകയും ചെയ്യും. ഈ വിധം വൃത്തിജ്ഞാനസമ്മിശ്രമായ ബ്രഹ്മം എങ്ങനെ അഖണ്ഡസുഖാനുഭവപ്രദമായിരിക്കും? ഇപ്രകാരം സംശയമുദിച്ചാൽ സമാധാനം പറയാം.

ചെളികലങ്ങിയ ജലത്തിൽ ചെളിയെ മാററുന്ന തേററാമ്പരൽ ചെളിയോടൊത്തുചേന്നു മറഞ്ഞുപോകുന്നതുപോലെ വൃത്തിജ്ഞാനം അജ്ഞാനത്തോടൊത്തു ചേന്നു സ്വയം ഇല്ലാതെയായിപ്പോവുകയാണു ചെയ്യുന്നതു്. വിറകു തീരുമ്പോൾ തീയും അണഞ്ഞതുപോലെ.

ഇത്തരംമുക്തനനുംപിന്നനുഭവം,സർവ്വജിത്തായ്,
ചിന്തയററാളുംചക്രവത്തിക്കും, ശിശുവിനുംപോൽ;
ബന്ധമോക്ഷങ്ങൾ മറന്നായിട്ടും; ബന്ധ,മോക്ഷ-
മുണ്ടെന്നു,ലോകംചൊല്ലി,ക്കേൾക്കിലോ ചിരിച്ചിട്ടും,
ആകാശത്തെബ്ഭുജിച്ചുമശകംകൊപ്പിളിച്ചെ-
ന്നോതീടവോരപ്പൊത്തു ചിരിക്കാതെന്തുചെയ്യും? 88

ഇത്തരം.......നുംപോൽ—മുൻപറഞ്ഞപ്രകാരം മുക്തനായിത്തീന്നവൻെറ അനുഭവം (അവസ്ഥ) അജയ്യനായ ഒരു ചക്രവത്തിയുടെ അനുഭവവും ശിശുവിൻെറ അനുഭവവും പോലെയാണു്. വിശ്വജേതാവായി, എങ്ങും അനിഷേധ്യനായിത്തീന്നു്, തന്നെ

കീഴടക്കാൻ ഇനി ഒരു ശക്തിയും ഇല്ലെന്നായ അവസ്ഥയിൽ ഭൂചക്രവൎത്തിയോടും, സങ്കല്പവികല്പങ്ങൾ, നന്മതിന്മകൾ ശുഭാശുഭങ്ങൾ മുതലായവ ഒന്നിലും വിചാരമില്ലെന്ന അവസ്ഥയിൽ ശിശുവിനോടും അനുഭവമുക്തനെഉപമിച്ചിരിക്കുന്നു.

ബന്ധമോ.... രിച്ചിട്ടും—യാതൊന്നിലും പറവതല്ലാത്തതിനാൽ മോക്ഷവും ഇല്ല മുമ്പു് ബന്ധംതോന്നിയിരുന്നതു് വെറും തോന്നൽ മാത്രമാണെന്നും സത്യത്തിൽ ബന്ധമല്ലായിരുന്നുവെന്നും അക്കാരണത്താൽ മുമ്പും താൻ മോചിതനായിത്തന്നെ ഇരുന്നിരുന്നു എന്നുമറിയുന്നവൻ സ്വന്ത അനുഭവത്തിൽപോലും ചിരിച്ചുപോകും. ബന്ധമോക്ഷങ്ങളെപ്പററിയുള്ള പ്രസംഗങ്ങൾ കേട്ടാൽ താനേ ചിരിക്കും. മോക്ഷത്തിനായി തപസ്സുചെയ്യുന്ന യതീശ്വരന്മാരെക്കണ്ടാൽ പൊട്ടിച്ചിരിക്കും.

ആകാശ ..... ന്തുചെയ്യും? കൊതുകു് ആകാശത്തെ മുഴുവൻ ആഹരിച്ചിട്ടു് വാകുലുക്കഴിച്ചു എന്നു് ആരെങ്കിലും പ്രസ്താവിച്ചാൽ എത്രകണ്ടു് അസംബന്ധമോ അത്രയ്ക്കു അസംബന്ധമാണു് ബന്ധമോക്ഷങ്ങളെപ്പററിയുള്ള പരാമർശനങ്ങളും.

വന്ധ്യതൻ പുത്രൻ, കുററിക്കള്ളനു,മുച്ചിയിന്മേൽ
വിണ്ടല പുഷ്പം ചൂടി, ഗന്ധർവ്വപട്ടണത്തിൽ
ശുക്തിവെള്ളിക്കു കലഹിച്ചിട്ടും മദ്ധ്യ രാജ്ജു
സർപ്പം കടിച്ചു രണ്ടാളും ചത്തസത്യം,മാത്രം
ഈലോകവ്യവഹാരത്തിങ്കലും കണ്ടുനിന്നോ-
നിലോകസംസാരത്തിൽ വാണാലും മയങ്ങീടാ. 89

പ്രസവിക്കാത്ത മലടിക്കു പുത്രനുണ്ടെന്നതു തികഞ്ഞ അജ്ഞാനം. മങ്ങിയവെളിച്ചത്തിൽ കുററിയെ കള്ളനെന്നു വിചാരിക്കുന്നതു ആരോപം. ആകാശപുഷ്പം എന്നൊരുപുഷ്പം ഇല്ല അതു സങ്കല്പം. ഇല്ലാത്ത ആളുകൾക്കുപുഷ്പം ചൂടാൻ ഉച്ചിയുണ്ടെന്നതു അധിഷ്ഠാനമില്ലായ്മ അഥവാമിഥ്യാ. ശുക്തിയെ വെള്ളി എന്നു തെററിദ്ധരിക്കുന്നതു അധ്യാരോപം. കയറിനെ പാമ്പെന്നു കാണു

കയും ആ സർപ്പം കടിച്ചു എന്നു വിശ്വസിക്കുകയും തുടങ്ങുള്ള മരണവും മററും അജ്ഞാന, ആരോപ. സങ്കല്പാദികളുടെ ഭവിഷ്യത്തായ സ്വയംകൃതാനർത്ഥങ്ങളുമാണു്. ഇപ്രകാരം ഈ ലോകവ്യവഹാരങ്ങളിലും ഇല്ലായ്മകളുടെ സമ്മേളനങ്ങളെ മാത്രം ദർശിക്കുന്ന ഒരു മുക്തൻ വ്യവഹാരങ്ങളുടെ ഇടയ്ക്കിരുന്നാലും ഒരു വ്യവഹാരത്തിലും അവൻെറ മനസ്സു പററുതലില്ലാതിരിക്കും. ഓലപ്പാമ്പിനെക്കണ്ടിട്ടു് അതിൻെറ സത്യം എന്തെന്നറിയാത്തവൻ ഭയന്നോടും. അറിയുന്നവൻ അതിൻെറ മീതേ ചവിട്ടിക്കൊണ്ടുനടക്കും. ലക്ഷം ഓലപ്പാമ്പുകളുടെ ഇടയിലും അവൻ സുഖമായിക്കിടന്നുറങ്ങും,

മായയേകള്ളമെങ്കിലതുപെറെറല്ലാ മെന്താം?
തായാരെവിട്ടുമക്കൾപിറന്നുവാണതുണ്ടോ?
നാകവുംനരകം, നന്മ,തിന്മയും കണ്ടീടാതെ,
നീകുറയാതെ, സച്ചിദാനന്ദമായിരിക്കൂ. 90

ഇക്കാണുന്ന സകല ചരാചരങ്ങളും മായാസന്തതികളാകുന്നു. സർവ്വസൃഷ്ടികാര്യങ്ങളുടേയും ആദിമാതാവായ മൂലപ്രകൃതിതന്നെ മിഥ്യയാണെങ്കിൽഭണ്ഡാപൂപന്യായേന ഈസൃഷ്ടികാര്യങ്ങൾ എത്രത്തോളം മിഥ്യയായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല. അതിനാൽ ഈ ജഗത്തിൽ കാണാവുന്ന ഭേദങ്ങളിൽ എല്ലാം അറിവുള്ളവൻ കാണേണ്ടതു് അഭേദത്തെയാണു്. മായയ്ക്കും ആധാര, അധിഷ്ഠാന, ദ്രഷ്ടാവായ സച്ചിദാനന്ദമാണു താൻ എന്നും ആ സച്ചിദാനന്ദത്തെ വിട്ടുപിരിഞ്ഞു താൻ എത്രത്തോളം അകന്നുപോകുന്നുവോ അത്രത്തോളം തൻെറ പൂർണ്ണത്വത്തിനു കുറവു സംഭവിക്കുമെന്നും മനസ്സിലാക്കി ഈ കുറവിന്നിടകൊടുക്കാതെ താൻ എപ്പോഴും പരിപൂർണ്ണസച്ചിദാനന്ദ ബ്രഹ്മമായിത്തന്നെ ഇരിക്കേണ്ടതാണു്.

ബ്രഹ്മാദിദേവന്മാരും ഭൂമർത്ത്യശ്രേഷ്ഠന്മാരും
ഗംഗാദിതീർത്ഥങ്ങളും ദേശ,കാലങ്ങൾ, വേദം,
ശാസ്ത്രങ്ങളാറും മന്ത്രം, തപസ്സും മിഥ്യയെന്നു
നിസ്തൂപം ചൊല്ലുന്നതിൽകുററമില്ലയോപോററി! 91

ബ്രഹ്മം ഒന്നേസത്യം എന്നു പറയുന്നതു ശരിയാണെന്നു സമ്മതിക്കുന്നപക്ഷം സൃഷ്ടികർത്താക്കന്മാരും ഈ ലോകത്തു ദിവ്യന്മാരായി കരുതപ്പെടുന്ന അവതാര പുരുഷന്മാരും ത്രികാലങ്ങളും സൃഷ്ടിരഹസ്യങ്ങളെ ഘോഷിക്കുന്ന ശാസ്ത്രപുരാണാദികളും മിഥ്യയാണെന്നു പറയേണ്ടിവരുന്നതിൽ ദോഷം ഒന്നുമില്ലയോ?

സ്വപ്നദൃശ്യങ്ങൾ പൊയ്യെന്നോതിയാൽ കുററമെങ്കി-
ലിപ്രപഞ്ചം പൊയ്യെന്നു ചൊന്നതും കുററമാകും;
സ്വപ്നത്തിൽ കണ്ടതെല്ലാം പൊയ്യെന്നുചൊല്ലാമെങ്കി-
ലല്പമായയിൽ തോന്നും ലോകവും മിഥ്യയത്രേ. 92

ഈ പ്രപഞ്ചം തമോരൂപമാണ്. തമസ്സ് അജ്ഞാനവുമാണ്. ഒന്നുമറിയുന്നില്ലെന്ന സുഷുപ്ത്യവസ്ഥ അജ്ഞാനത്തിൽ അധിഷ്ഠിതമായിരിക്കുന്നു. മണ്ണുകൊണ്ട് ആനയുണ്ടാക്കിയാലും ആ ആന മണ്ണുതന്നെയാണു. അതുപോലെ അജ്ഞതയിൽ കെട്ടിപ്പെട്ടുത്ത ജ്ഞാനവും അജ്ഞാനംതന്നെയായിരിക്കാനേതരമുള്ളൂ. ഭ്രാന്തന്റെ സ്നേഹ,ദ്വേഷങ്ങൾ രണ്ടും മററുള്ളവർക്ക് ഒന്നുപോലെ നിരർത്ഥകങ്ങളാണല്ലോ. അങ്ങനെ ജീവന്മാരുടെ ജീവിതകാലം മുഴുവനും പൊതുവെ ആത്മാവിന്റെ സുഷുപ്ത്യവസ്ഥയാണ്. ആത്മാവിനു ജാഗര,സ്വപ്ന, സുഷുപ്ത്യാദികളുണ്ടോ എന്നുകേട്ടാൽ ഇല്ലെന്നുതന്നെ ഉത്തരം. ആവരണത്താൽ സ്വസ്വരൂപം മറയപ്പെട്ടിരുന്ന അവസ്ഥയിൽ ആത്മാവിനും ജീവനെപ്പോലെ അവസ്ഥാത്രയങ്ങൾ കല്പിക്കേണ്ടിയുണ്ട്.

ഈ ആത്മസത്യമനുസരിച്ചു നോക്കുന്നപക്ഷം ആരോപജീവന്മാരുടെ ജാഗ്രദവസ്ഥ സത്യത്തിൽ സുഷുപ്തിയാണ്. മയക്കമാണ്. ഭൂമിയിൽ തന്നെ ഒരു വശം രാത്രിയായിരിക്കുമ്പോൾ മറുവശം പകലായിരിക്കുമ്പോലെ. ഈ സുഷുപ്തിക്കുള്ളിൽ കാണുന്ന സ്വപ്നമത്രേ ലോകവ്യവഹാരങ്ങളെല്ലാം. സ്വപ്നം കാണുന്ന സമയം അതു സത്യമെന്നല്ലാതെ സ്വപ്നമാണെന്നാർക്കും

തോന്നുന്നില്ലാത്തപോലെ ലോകവ്യവഹാരങ്ങളും സ്വപ്നമാണെന്നാർക്കും തോന്നുന്നില്ല. എന്നാലും പരമാർത്ഥത്തിൽ അവയെല്ലാം സ്വപ്നസത്യമേയുള്ളു. സ്വപ്നത്തിൽ കണ്ട രാജാവും ഭൃത്യനും ഒന്നുപോലെ മിഥ്യയാണ്. അവിടെ ചെറുതെന്നോ വലുതെന്നോ ഭേദമില്ലാ. മായാജഗത്തെ മിഥ്യയാണെങ്കിൽ അതിനുള്ളിൽ സാഗരത്തിലെ കിണറുകൾപോലെ ഈ കാണപ്പെട്ടവയെല്ലാം ഒന്നുപോലെ മിഥ്യയായിരിക്കും. അടിസ്ഥാനം മിഥ്യയായ സ്വപ്നത്തിൽ എന്തുകണ്ടാലും മിഥ്യയായിരിക്കും. കോതമ്പുപയോഗിച്ചു് നൂറു പലഹാരം തിന്നുന്നവനും തിന്നുന്നതെല്ലാം കോതമ്പായിരിക്കുമല്ലോ.

മിഥ്യയെസ്സത്യമെന്നു ചൊല്ലുന്ന മൂഢന്മാരു
മുത്തമരെന്നു പോററിപ്പോരുകിൽ പുരാണങ്ങൾ,
സത്യത്തെത്തന്നെ സത്യമെന്നോളും ജ്ഞാനികൾക്കു
കുററത്തെക്കുറിക്കുന്ന ശാസ്ത്രങ്ങളുണ്ടോ പണ്ടും ?
മിഥ്യയേതെന്നാൽ നാമരൂപഭേദപ്രപഞ്ചം
സത്യമോ, സർവ്വവ്യാപി, സച്ചിദാനന്ദമാത്മാ. 93

പുരാണങ്ങളുടെ ഇതിവൃത്തം ഈ മിഥ്യാപ്രപഞ്ചത്തിൽ നടക്കുന്ന സംഭവഗതികളാണ്. ശാസ്ത്രങ്ങളുടേതു് പരമാർത്ഥജ്ഞാനവും. പരമാർത്ഥജ്ഞാനത്തെ സ്പർശിക്കാത്ത പുരാണാദികൾ അസത്യത്തെ സത്യമെന്നു കൊണ്ടാടുന്ന കഥാനായകന്മാരെപ്പോലും പുണ്യവാന്മാരെന്നു വാഴ്ത്തുന്നു. ശാസ്ത്രങ്ങൾ പുരാണാദികളെയോ ലോകാദിവ്യവഹാരങ്ങളേയോ സ്പർശിക്കുന്നില്ല. അവയിലെ കഥാനായകന്മാർ പാരമാർത്ഥികളാണ്. അതിനാൽ പാരമാർത്ഥികളായ ജ്ഞാനിമാർക്കു കുറവുപറയുന്ന ഒരു ശാസ്ത്രം ഉത്ഭവിക്കാനേ തരമില്ല. നാമരൂപങ്ങളാൽമാത്രം കെട്ടിപ്പടുത്തിരിക്കുന്ന ഈ പ്രപഞ്ചം മിഥ്യയും നാമരൂപങ്ങളൊഴിഞ്ഞു് അസ്തി, ഭാതി, പ്രിയ സ്വരൂപമായിരിക്കുന്ന ആത്മാവു സത്യവും.

മായയെന്നുള്ളതേതാണ്,അതിന്നടയോൻ, വന്നി-
ങ്ങായതെങ്ങനെ ? യത്തുബ്രഹ്മത്തിനന്യമെങ്കിൽ,
വസ്തുവും രണ്ടായിടും; മായയും ബ്രഹ്മവും പി-
ന്നൊത്തിരുന്നാലോ, ദേശികോത്തമാ! മിഥ്യയല്ലേ? 94

മായാബ്രഹ്മങ്ങൾ വേറെവേറെയാണെങ്കിൽ ഏകത്വത്തിനു ക്ഷതം വരും. മായയും ബ്രഹ്മവും ഒരു വസ്തുവാണെങ്കിൽ ഇക്കാണുന്ന മായയുടെ മിഥ്യാസത്യം മാത്രമല്ലേ ബ്രഹ്മത്തിനും ഉണ്ടായിരിക്കൂ ? എന്നു ശിഷ്യൻ ചോദിക്കുന്നു.

ഇന്നതെന്നോതാനൊക്കാതവാച്യരൂപം മായ;
പിന്നതിന്നടയോനാരെന്നാലതും കേട്ടുകൊള്ളൂ;
ഇന്നിനാതെല്ലാമെന്റെ, തീദേഹമേ ഞാൻ, ലോക-
മെന്നുമേസത്യ,മെന്നു മൂഢന്മാരുടയവർ;
ഇക്കഥയില്ലായ്മ വന്നീവിധ,മറിഞ്ഞോരി-
ല്ലോ,ക്കിൽ തൻബുദ്ധിചത്തേടത്തിലും വന്നുചേർന്നു. 95

ഇന്നതെന്നു ചൂണ്ടിക്കാട്ടാനൊക്കാത്തതിനാൽ മായ അനിർവചനീയ ഖ്യാതിയെന്നു പറയപ്പെടുന്നു. എന്റേതുകളെന്നും ദേഹമാണു ഞാനെന്നും കരുതി ആത്മസ്വരൂപത്തെ അകന്നുപോകുന്നവരുടെ വകയാണു മായ. തൻബുദ്ധികെട്ടുപോയയിടത്തു ഈ മായയുടെ കുഴപ്പങ്ങൾ ആവിർഭവിക്കുന്നു. ഇതിന്റെ ആഗമം അറിയുന്നവർ വളരെ അപൂർവ്വം.

ജാലികൻ തന്നരൂപവിദ്യയെ, രൂപജാല-
മാലോകനം ചെയ്യുമ്മുമ്പറിയുന്നില്ലതെല്ലും;
ജാലത്താൽവെളിപ്പെട്ട വിചിത്രസേനാരൂപ-
ജാലങ്ങൾ കണ്ടശേഷം മാത്രമങ്ങറിഞ്ഞീടാം;
ബ്രഹ്മത്തിൽശക്തിയാത്താലനന്തം കണ്ടെത്തീടാൻ
വിമ്മിട്ടം ഭൂതങ്ങളെക്കണ്ടനുമാനിച്ചീടൂ. 96

ജാലവിദ്യക്കാരനിൽ സൂക്ഷ്മരൂപത്തിൽ മറഞ്ഞിരുന്ന വിദ്യകൾ എന്താണെന്നു് അവൻ കാണിക്കുന്ന ഇന്ദ്രജാലം, മഹേന്ദ്രജാലം മുതലായ വിനോദങ്ങളെ കാണുന്നതിനുമുമ്പു് ആർക്കും അറിയാൻ പാടില്ല രൂപങ്ങളിൽക്കൂടി ഗോചരമായശേഷം എല്ലാവർക്കും അറിയാനൊക്കും. അതുപോലെ അതിസൂക്ഷ്മവും അനന്തങ്ങളുമായ ബ്രഹ്മശക്തികളെ ഈ കാണുന്ന ഭൂതാദി പ്രപഞ്ചങ്ങളെ കണ്ടനുമാനിക്കേണ്ടതാകുന്നു. അഗോചരവും അജ്ഞാതവുമായ ബ്രഹ്മശക്തി, ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി, ആദിശക്തി, പരാശക്തി എന്നീ ശക്തികളിൽക്കൂടി അളവററ ശക്തികളായി പിരിഞ്ഞു, വ്യാപിച്ചു, സ്ഥൂലിച്ചുനില്ക്കുന്നു.

കാര്യമാം ജീവപ്രപഞ്ചാദികളേയും മൂലാ-
ധാരബ്രഹ്മവു,കാണാം മായയെക്കാണുന്നില്ല;
ജാലികനേയും ദൃശ്യജാലങ്ങളേയും കാണാം
മൂലകാരണം ജാലശക്തിയപ്രത്യക്ഷംപോൽ;
ഉണ്ടുപോൽ, ബ്രഹ്മപ്രപഞ്ചങ്ങൾക്കുമദ്ധ്യേ, കണ്ണിൽ
കണ്ടിടാതേറെപ്പലേ ശക്തികളന്യമോർക്കുള. 97

ജാലം കാട്ടുന്നവനെയും അവൻ കാണിച്ച ജാലങ്ങളേയും മററുള്ളവർക്കു കാണാം. ഇന്ദ്രജാലവിദ്യയെ ആക്കും കാണാൻ കഴിയുന്നില്ല. അതുപോലെ കാര്യവസ്തുവായ പ്രപഞ്ചത്തെയും കാരണവസ്തുവായ ബ്രഹ്മത്തെയും കാണാമെന്നിരുന്നാലും ബ്രഹ്മത്തിന്റെ ആധേയവും പ്രപഞ്ചത്തിന്റെ അധിഷ്ഠാനവുമായ മായാശക്തിയെ ആർക്കും കാണാൻ കഴിയുന്നില്ല. ബ്രഹ്മപ്രപഞ്ചങ്ങൾക്കിടയിലുള്ള ഈ ശക്തി ബ്രഹ്മത്തിന്നന്യമല്ലതാനും.

ശക്തിയോ ശക്തനല്ലാതന്യമൊന്നല്ല; മായാ
ശക്തൻവെളിക്കുകാട്ടും ജാലങ്ങളത്രേ മിഥ്യ;
വിദ്യകൾ കാട്ടുംവിദ്വാൻ വാസ്തവമെന്നപോലെ
ബുദ്ധിമാനായ പുത്രാ! ബോധിക്കനീയും സത്യം;

ശക്തിമാനായ പൂർണ്ണാത്മാവൊന്നേ സത്യമെന്ന
വസ്തുനിർണ്ണയം മുൻദ്രഷ്ടാന്തത്തെപ്പാർത്തുകാണ്ക. 98

ശക്തിയോ....... നല്ല—ജാലവിദ്യ അതു കാണിക്കുന്ന ജാലക്കാരനെ പിരിഞ്ഞ് തനിയേ (സ്വതന്ത്രമായി) നില്ക്കുന്നതല്ല. അതിനാൽ ജാലവിദ്യക്കാരനും അവൻെറ വിദ്യയും ഒന്നുതന്നെ എന്നു പറഞ്ഞിരിക്കുന്നു.

മായാശ.. ... മിഥ്യ—എന്നാൽ ജാലവിദ്യക്കാരനാൽ പ്രകടിപ്പിക്കപ്പെട്ട കാഴ്ചകളാണു മിഥ്യ. കാരണം ഇല്ലാത്തതു കാണുന്നു. കണ്ടതില്ലാതെയായിപ്പോകുന്നു.

വിദ്യകൾ...........നീയും സത്യം— ജാലവിദ്യ കാണുമ്പോൾ (വർത്തമാനകാലത്തു്) സത്യം എന്നപോലെ തോന്നിപ്പോകുന്നു.

ശക്തിമാ........പ്പാർത്തുകാണ്ക—ഇക്കാണുന്ന മിഥ്യാപ്രപഞ്ചത്തിൻെറ ആധാര, അധിഷ്ഠാനങ്ങളും ബ്രഹ്മം തന്നെയെന്നു ജാലവിദ്യകളുടെ ആധാര, അധിഷ്ഠാനങ്ങളും ജാലികൻതന്നെ എന്നതിൽനിന്നും മനസ്സിലാക്കേണ്ടതാണ്.

മിഥ്യയായ പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നതു് ബ്രഹ്മം തന്നെയാണ്. അല്ലാതെ ബ്രഹ്മത്തെ പ്രകാശിപ്പിക്കാൻ പ്രപഞ്ചത്തിനാധാരമായി മായ എന്നൊന്നില്ല. ബ്രഹ്മം എപ്പോഴും പ്രത്യഗഭിന്നമായിത്തന്നെയിരിക്കുന്നു. ഇപ്രകാരം വസ്തു (ബ്രഹ്മവസ്തു) നിർണ്ണയം ചെയ്യേണ്ടതാണ്.

ഇല്ലെന്നതുണ്ടെന്നായി വന്നതെങ്ങനെയെന്നാൽ
പുല്ലാദിയചേതനം പൂത്തുകായ്ക്കുന്നതോർക്ക.
എല്ലാത്തിലും ചിച്ഛക്തിയൊന്നുപോലോടില്ലെങ്കിൽ
തൊല്ലതാൻ ചരാചരങ്ങളും താവുമാറാം. 99

വെറും തറയിൽ പുല്ലു മുതലായവയുണ്ടായി, അവ പിന്നീടു പൂത്തുകായ്ക്കുന്നു. ഒടുവിൽ താനേ പട്ടുപോവുകയും ചെയ്യുന്നു. ഇല്ല എന്നതു് ഉണ്ടു് എന്നാവുന്നതു് പ്രകൃതിയുടെ സ്വഭാവമാണ്.

പോരെങ്കിൽ പ്രകൃതിയുടെ സ്വഭാവംതന്നെ ഇല്ലാ എന്നതിനെ ഉണ്ട് എന്നാക്കിക്കാണിക്കുന്നതാണ്. ചൈതന്യശക്തി ചരാചരങ്ങളിലും ചേതനാചേതനങ്ങളിലും ഒന്നുപോലെ വ്യാപിച്ചു വർത്തിക്കുന്നുണ്ട്. അല്ലെന്നു വരികിൽ ചരാചരങ്ങളുടേയും ചേതനാചേതനങ്ങളുടേയും സ്വഭാവഗുണങ്ങൾ തന്നെ ക്രമരഹിതമായിപ്പോകും.

ഗർഭസ്ഥിതാണ്ഡത്തിങ്കലും വർണ്ണപ്പക്ഷിയെക്ക-
ണ്ടത്ഭുതം കൊണ്ടീട,ണ്ഡമൊക്കെയുമൊരേവർണ്ണം!
സൃഷ്ടിക്കുരൂപശക്തിനിയമമില്ലെന്നാകിൽ
തെററുമേ, രാജാവില്ലാപ്പട്ടണം പോലെയാകും;
തീ ജലമായിത്തീരും, കയ്യുറവുമധുരിക്കും,
നീചനും വേദമോതും, മേരുവോ മേംലമാകും,
ആഴിയും മരുഭൂമിയായ്‌വരും, ജീവന്മാരും
വാഴുവാൻ കഴിഞ്ഞീടുമൂഴിയിലെന്റെ കണ്ണേ! 100

സൃഷ്ടി മിഥ്യയാണെന്നിരുന്നാലും അതിന്റേതായ (താല്ക്കാലിക) സത്യം അതിനുണ്ട്. സമഷ്ടിയിൽ സൃഷ്ടി നിയമരഹിതമായിരുന്നാലും വ്യഷ്ടികളിൽ ഒരിക്കലും തെററിപ്പോകാത്ത അതിസൂക്ഷ്മമായ സൃഷ്ടിനിയമം എപ്പോഴുമുള്ളതിനെപ്പറയുന്നു. അരൂപാവസ്ഥയിലുള്ള ഈ നിയമത്തെ ആശ്രയിക്കാതെയുണ്ടാവുന്ന ഒരു പ്രപഞ്ചസൃഷ്ടികൊണ്ട് ജീവന്മാർക്ക് മോചനത്തിനെന്നു മാത്രമല്ല വാഴ്‌വിനേ വിഘാതമായിത്തീരും.

ആർക്കുമേ കാണാനറിയാനുമൊക്കാത്തതെന്നും
വാക്കിനാൽ വർണ്ണിച്ചീടാനൊക്കാസ്വരൂപമെന്നും
നാമരൂപാദിവിഭവങ്ങൾക്കു വിത്താണെന്നും
വാഴ്ത്തീടും ചിച്ഛക്തിയെയെങ്ങനെ പിരിച്ചീടും?
വേർപെടുത്തീടാനാവതല്ലെങ്കിൽ ബ്രഹ്മഭാവം
ഏകമെന്നാമോ? മുക്തിയെങ്ങനെ സാദ്ധ്യം നാഥ? 101

ജ്ഞാനശാസ്ത്രങ്ങളിൽ മായയെ അനിർവചനീയ ഖ്യാതി യെന്നാണ വിശേഷിപ്പിച്ചിരിക്കുന്നതു്. അഗോചരവും അവർണ്ണ്യവും നാമരൂപാദികൾക്കു ബീജമായതിനാൽ അരൂപമായ മായ ബ്രഹ്മത്തിന് അഭിന്നമാണെങ്കിൽ മായയിൽ നിന്നു ബ്രഹ്മത്തെ പ്രത്യേകമാക്കിക്കാണുന്നതെങ്ങനെ? മായയോടുകൂടിയ ബ്രഹ്മസ്വരൂപം മാത്രമേ തന്നിക്കെത്തുപെടുകയുള്ളുവെങ്കിൽ ബ്രഹ്മം ഏകമെന്നാവുകയില്ല. ഏകമായില്ലെങ്കിൽ ദ്വൈതം എന്ന ദുഷ്ടർപ്പെട്ടും. ദ്വൈതം മാറാതിരുന്നാൽ മോചനമാവുകയുമില്ലല്ലോ എന്ന് ശിഷ്യൻ സംശയമുന്നയിക്കുന്നു.

അഗ്നിസ്തംഭനം, ജലസ്തംഭനം, വായുസ്തംഭ-
നങ്ങളും മണി മന്ത്ര,ഔഷധങ്ങളാൽ ചെയ്കിൽ
എങ്ങുപൊയ്പ്പോകും പിന്നതാതിന്റെയുള്ളടങ്ങീമു-
മ്പോങ്ങിനിന്നൊരു ശക്തിയൊക്കെയും പറഞ്ഞീടൂ;
നിയമീമായാകാര്യമൊന്നുമേ ചിന്തിക്കാതെ
തുയസച്ചിദാനന്ദമായിരുന്നീടുമെങ്കിൽ
മായയും താനേയൊഴിഞ്ഞീടുമീരഹസ്യംവി-
ട്ടായൊന്നുമോതുന്നില്ല മന്ത്ര, വേദങ്ങളും മേൽ. 102

മായ അനാദിയാണ്. മായയ്ക്ക് ആദിയില്ലെങ്കിലും അന്ത്യമുണ്ട്. അനാദിയായ മായയെ ഒഴിക്കാൻ ചെയ്യുന്നാശ്രമമാണ് ബന്ധമായിത്തീരുന്നതു്. ജ്ഞാനി ബന്ധമില്ലെന്നറിയുന്നു. അജ്ഞാനി ബന്ധമുണ്ടെന്നു കരുതി അതിനെ ഒഴിവാക്കാൻ ചെയ്യുന്ന യത്നങ്ങളിൽകൂടി ബന്ധത്തെ ക്ഷണിച്ചുവരുത്തുകയാണ ചെയ്യുന്നതു്. മണിമന്ത്രങ്ങളാലും മറ്റും സ്തംഭനക്രിയകൾ ചെയ്യുമ്പോൾ അഗ്നിജലാദി വസ്തുക്കളുടെ സ്വശക്തി തല്ക്കാലം മങ്ങിയിരിക്കുമെന്നേയുള്ളു. ഈ സ്വ ശക്തിവസ്തുവിനെ വിട്ടുപിരിഞ്ഞന്യമായി പോകുന്നില്ല. സ്തംഭനക്രിയയിൽപെട്ട വസ്തുവിന്റെ തനിസ്വരൂപം പുനർ ലഭിക്കുന്നതിനു മിണ്ടാതിരുന്നാൽമതി. പരിഹാരമാർഗ്ഗങ്ങൾ കൂടുതൽ സ്തംഭനത്തിനിടയാക്കുകയേയുള്ളു. അതുപോലെ ഇല്ലാത്ത

മായയെ മാററാനുള്ള ഏതു മാർഗ്ഗവും കൂടുതൽ കൂടുതൽ ബന്ധത്തിനിടയാക്കുകയേ ഉള്ളു. അതിനാൽ ഇല്ലാത്ത മായ, (അജ്ഞാനത്താൽ) ഉണ്ടെന്നു തോന്നിയതിനെ ഒഴിക്കാൻ മിണ്ടാതിരിക്കുകയേ മാർഗ്ഗമായുള്ളു. അതില്ലാത്തതാണെന്നറിയുകയേ വേണ്ടു. സ്വസ്വരൂപബോധം വിളങ്ങുന്നതോടുകൂടി ഇതെല്ലാം തനിയേ സംഭവിച്ചുകൊള്ളും. അപ്പോൾ നിവർത്തിക്കാൻ തനിക്കൊന്നും അവശേഷിച്ചിരിക്കുകയില്ല. അതിനാൽ മായയെ ഒഴിക്കാൻ അതിനെ ഓർമ്മിക്കാതിരിക്കുക എന്ന പരമരഹസ്യത്തെ ഇതുനാൽ ഗുരു ഉപദേശിക്കുകയാണു്. വേദാന്ത, മന്ത്ര, സൂത്രാദികളിലും ഈ സത്യത്തെ വ്യക്തമായിപ്പറയുന്നില്ല

പററിയമൃത്തിലവ്യക്തം തന്നെ വ്യക്തമാവും
തെററിപ്പിൻ വ്യവഹാരം മററുള്ളോർ ചെയ്യുമൂലം;
മുത്തുടനവരുടെ ജിഹ്വയാൽ ഘടമായി;
പുത്രാ! പിന്നഴിയുമിക്കു് ഘടവുമാജിഹ്വയാൽ താൻ;
നാമരൂപം മറന്നു, മണ്ണുകണ്ടതേ സത്യം
ജീവഭേദം മറന്നു, ചിന്മയനാകു നീയും. 103

കുശവന്റെ ചക്രവിദ്യയാൽ അവ്യക്തമായിരുന്ന മണ്ണു് വ്യക്തമായ ചട്ടി, പാന എന്നീ നാമരൂപങ്ങളായി വ്യവഹരിക്കപ്പെടുന്നു. കുടത്തെ സൃഷ്ടിച്ച നാവുതന്നെ കുടത്തെ അഴിക്കുകയും ചെയ്യുന്നതായി നാം മനസ്സിലാക്കുന്നു. നാമരൂപങ്ങളോടുകൂടിയ ഘടാദികളിലും ഘടം മുതലായവയെ കാണാതെ അവ മണ്ണെന്നറിയുന്നതാണു പരമാർത്ഥം. അതുപോലെ നീയും നാമരൂപങ്ങളോടു കൂടിയിരിക്കവെതന്നെ നാമരൂപങ്ങളില്ലാത്ത നിന്റെ നിത്യസത്യമായ ചിത്സ്വരൂപമായിരിക്കുക.

സച്ചിദാനന്ദം തന്നിലനൃതം, ജഡം, ദുഃഖം
മൂന്നുമില്ലാതിരുന്നും തോന്നും പാഴ്, വിപരീതം
തീരമേ, നീരിൽ കണ്ട തന്നിഴൽ തലകീഴായി,
തീരത്തുതന്നൊപ്പാർത്താൽ പൊയ്യായിത്തീരുമ്പോലെ. 104

അത്യന്തം ബൃഹത്തായി എങ്ങും ഊടുരുവെ നിറഞ്ഞിരിക്കുന്നസച്ചിദാനന്ദസ്വരൂപത്തിൽ അതിനു വിപരീതമായി മിഥ്യ, ശരീരാദിപ്രപഞ്ചം, ദുഃഖം എന്നിവകൾക്ക് യാതൊരു സ്ഥാനവും ഉണ്ടാകാനിടയില്ല. എന്നാലും ഇവ ആ സ്വരൂപത്തിനുള്ളിൽ തോന്നിയ സ്ഥിതിക്ക് അതു സ്വസ്വരൂപസാക്ഷാത്ക്കാരത്തിനുവേണ്ടി ഒഴിയേണ്ടതാണ്. എങ്ങനെ ഒഴിയും എന്ന് ഗുരു സമാധാനം പറയുന്നു. കരയിൽ നില്ക്കുന്ന ഒരാളിന്റെ നിഴൽ വെള്ളത്തിൽ തലകീഴായി കാണപ്പെടുന്നു. കരയിൽ താൻ തല മുകളിലായിനില്ക്കുകയുമാണ്. വെള്ളത്തിൽ കണ്ട തന്റെ നിഴൽതന്നെ മിഥ്യയാണ്. അതും തലകീഴായിക്കണ്ടതു എത്രയും മിഥ്യയായിവരുന്നു. ഈ വിപരീതം കരയിൽ നില്ക്കുന്ന തന്റെ നില കാണുമ്പോൾ നിവൃത്തിക്കപ്പെട്ടുപോകുന്നു.

സത്യത്തിൽ താൻ സത്ത്, ചിത്ത് ആനന്ദസ്വരൂപിയായിരിക്കുന്നു. സത്ത് സത്യമാകുന്നു. അതിനാൽ സത്‌സ്വരൂപത്തിൽ അനൃതം തോന്നാൻ കാരണമില്ല. ചിത്ത് ചൈതന്യമാണ്. അതു് ജഡമാവാൻ കാരണമില്ല. ആനന്ദം ദുഃഖവുമാവുകയില്ല. നീരിൽകണ്ട പ്രതിബിംബം കരയിൽ നില്ക്കുന്ന ആളിന്റെ ബിംബത്തെപ്പോലെതന്നെ കാണപ്പെട്ടിരുന്നെങ്കിൽ വലിയ അന്വേഷണത്തിനു ഹേതുവാകയില്ല; കാരണം അതിൽ വിരോധാഭാസം കുറയും. അതുപോലെ സച്ചിദാനന്ദത്തിൽ തോന്നിയ ശരീരാദിപ്രപഞ്ചവും സുഖമായിരുന്നെങ്കിൽ വിപരീതം കുറയുമായിരുന്നു. എന്നാൽ സത്യത്തിനുപകരം അസത്യവും ചൈതന്യത്തിനുപകരം ജഡവും ആനന്ദത്തിനുപകരം ദുഃഖവുമാണനുഭവം. ഈ അനുഭവം സത്യമായിരിക്കയില്ല. തോന്നൽമാത്രം. ഈ വിപരീതത്തോന്നൽ സത്യമായ സച്ചിദാനന്ദസ്വരൂപത്തിന്റെ സന്നിധിയിൽ താനേ നിവർത്തിക്കപ്പെട്ടുപോകുന്നു.

ബ്രഹ്മജ്ഞാനമേ ജ്ഞാനമേതിനും കാരണംകേൾ;
നാമരൂപപ്രപഞ്ചപ്പേകളിക്കാൎയ്യ,മെല്ലാം
ഉണ്ടായ്,നശിച്ചുപോകുന്നെങ്ങനെയെന്നതും നീ
മണ്ടനോ പഠിച്ചീടാ,നറിഞ്ഞും ഫലമെന്തേ?
നീണ്ടസ്വപ്നമീലോകം വന്നതുനോക്കീടാതെ,
മാണ്ടുപോവതും പിന്നെൻ നന്ദനാ! നിനയ്ക്കാതെ,
ബോധമേ സ്വരൂപമായ്ത്തീൎന്നസമ്പൂൎണ്ണനായ്നി-
നാദിയിൽ നിറഞ്ഞുനിന്നാനന്ദപൂൎണ്ണനാകൂ. 105

വ്യവഹാരമുൾപ്പെടെയുള്ള എല്ലാഅറിവുകൾക്കും ഉറവിടം ബ്രഹ്മജ്ഞാനംതന്നെയാണു്. സൎവ്വത്തിനും കാരണമായിനില്ക്കുന്ന ജ്ഞാനത്തിന്റെ കാൎയ്യരൂപമാണു് ഇക്കാണുന്നനാമരൂപപ്രപഞ്ചം. ഇതുണ്ടായും നശിച്ചും കഥയില്ലാതെയിരിക്കുന്നതിനാൽ 'പേകൾ' എന്നുപറഞ്ഞിരിക്കുന്നു. കഥയില്ലായ്മയെ അറിയാനും പഠിക്കാനും ആഗ്രഹിക്കുന്നതു ബുദ്ധിയല്ലാത്തതിനാൽ "നീ മണ്ടനോ" എന്നു ചോദിക്കുന്നു. സ്വപ്നം വന്നതിനെയും പോയതിനെയും ആരും ആലോചിച്ചിരിക്കുന്നില്ല. നാമരൂപങ്ങളെ ആശ്രയിച്ചുമാത്രം നിലനില്പുള്ള ഈ പ്രപഞ്ചം വെറും സ്വപ്നക്കാഴ്ചയാണു്. അതിനാൽ ഈ പ്രപഞ്ചത്തിന്റെ ഉത്ഭവലയങ്ങളെയും ഒരു ജ്ഞാനി ശ്രദ്ധിക്കാതിരിക്കുന്നു. അതിനാൽ സൎവ്വകാൎയ്യവസ്തുക്കളെയും വിട്ടിട്ട് കാരണത്തെ അറിഞ്ഞു് തന്റെ ആദികാരണ സച്ചിദാനന്ദത്തിൽമാത്രം രമിച്ചിരുന്നാലും.

ജ്ഞാനിക്കു് ജ്ഞാനദശയിൽ ഈ ലോകം സ്വപ്നംപോലെ തോന്നിത്തുടങ്ങും. പൂൎണ്ണനാകുമ്പോൾ ജഗത്തു മായുകയും ചെയ്യും. അതിനാൽ അവനു് ഈ ലോകം 'നീണ്ടസ്വപ്ന'മാണെന്നു പറഞ്ഞിരിക്കുന്നു.

ഈ ജഗത്തിന്നൊടൊട്ടിനിന്നുള്ള കാലമെല്ലാം
വാജീപോൽ ബഹിൎമ്മുഖ ദൃഷ്ടിയോടിരുന്നിട്ടും;

ഇമ്മട്ടിരുന്നു കാലത്തിന്നളവത്രയും ദമ-
ലൂൺമയെത്തേടിയന്തർമുഖനായിരിക്കേണം;
അമ്മട്ടുനിരന്തരം വാണരുള്ളപഴക്കത്താ-
ലമ്മനം വശപ്പെട്ടു ചിന്മയസ്വരൂപമായാൽ
കശക്കും ദേഹംതന്നിലിരുന്നവെന്നാലും നീ
നശിക്കാതാനന്ദസ്വരൂപനായ്‌ വരും തിണ്ണം. 106

ബഹിർമുഖദൃഷ്ടിയിൽ അന്തഃകരണവിശിഷ്ടചൈതന്യമായ ജീവൻ ലോകാദിവിഷയങ്ങളെ കാണുന്നു. അന്തർമുഖദൃഷ്ടിയിൽ കൂടി അന്തഃകരണ ഉപഹിതചൈതന്യമായ ചിദാഭാസൻ സാക്ഷിരൂപത്തിൽനില്ക്കുന്ന കൂടസ്ഥനെ കാണുന്നു. 11-ം, 12-ം പദ്യങ്ങളുടെ വ്യാഖ്യാനങ്ങൾ നോക്കുക.

ബഹിർമുഖദൃഷ്ടി ശൂന്യത്തിലും അന്തർമുഖവൃത്തി സാക്ഷാത്കാരത്തിലും പതിക്കുന്നു. താനെന്നും തന്റേതുകളെന്നും ഉള്ള പറ്റുതൽ മാറാതിരിക്കുന്നിടത്തോളം കാലം ബഹിർമുഖദൃഷ്ടിയോടു കൂടി വിഷയാദികളിൽമുഴുകിയിരിക്കും. ബഹിർമുഖദൃഷ്ടിയിൽക്കൂടി അപഥത്തിൽ സഞ്ചരിച്ചു് ആദിയിൽ അകന്നകന്നുപോയ അന്തഃകരണചിദാഭാസൻ അതിന്റെ പൂർവ്വസ്ഥിതിയിൽ വരുന്നതിനു എത്രത്തോളംകാലം അപഥത്തിൽ സഞ്ചരിച്ചുവോ അത്രത്തോളം കാലം, അന്തർമുഖദൃഷ്ടിയോടുകൂടി ഇരുന്നു തിരിച്ചുവരേണ്ടിയുണ്ടു്. ഈ അന്തർമുഖദൃഷ്ടി നിരന്തരം ഏർപ്പെട്ടാൽ മനസ്സിന്റെ ചാഞ്ചല്യം നിലച്ചു് അഖണ്ഡാകാരവൃത്തിയിൽ പ്രവേശിച്ചു് ചിന്മയസ്വരൂപമുടയതായിത്തീരും. ഇതു സംഭവിച്ചവൻ ശരീരം തന്നെ ആശ്രയിച്ചു് തന്നെ ഒട്ടി, തന്നിൽ തൂങ്ങിക്കിടക്കുന്ന ഒരു മാംസപിണ്ഡമാണെന്നു ഭാവിച്ചുതുടങ്ങും. ദേഹമാണു താൻ എന്നബോധം ഒഴിയും. അതിനാൽ അവൻ ദേഹത്തിലിരുന്നാലും അതുമായി ഒരു ബന്ധവും ഉള്ളതായിത്തോന്നുകയില്ല. തന്റെ നിത്യസ്വന്തമായ ആനന്ദസ്വരൂപത്തിൽതന്നെ അവൻ ഉറച്ചിരിക്കും.

താനമന്ന്യനായ് സച്ചിദാനന്ദസ്വഭാവമാ-
യുന്നവും ജീവൻതോറു മേകമായ്‌വരുന്നതില്ല;
ഞാനെന്ന ജീവൻ സത്തായ് ജ്ഞാനത്തിൽ വിളങ്ങിയാലു-
മാനന്ദമുണ്ണുവാനായതെന്താണെന്നാഥാ ! 107

അനന്യനായ താൻ ഏകമായ ബ്രഹ്മസ്വരൂപിയാണ്. അനന്തം ജീവന്മാരും ഒരു ബ്രഹ്മത്തിന്റെ പ്രതിബിംബങ്ങളാണ്. അപ്പോൾ (ഒരു) ബ്രഹ്മത്തിന്റെ സംഭവഗതികൾ എല്ലാ ജീവന്മാരെയും ബാധിക്കേണ്ടതാണ്. അപ്പോൾ ഒരു ജീവാത്മാവ് തന്റെ ജീവബോധം ഒഴിഞ്ഞുമാറി എല്ലാഅന്ന്യതവുംമാറി സച്ചിദാനന്ദ ബ്രഹ്മസ്വരൂപിയായി ഭവിക്കുന്ന അനുഭവം എല്ലാ ജീവന്മാക്കും അതേസമയം ഉണ്ടാകേണ്ടതാണ്. പക്ഷേ ഓരോജീവാത്മാവിലും ഇപ്രകാരം സംഭവിക്കുന്നില്ല. കാരണമറിയുന്നില്ല.

ഇനി, ഞാൻ എന്നതു സത്താണെന്നും അതു എപ്പോഴും പ്രകാശിക്കുന്നതാണെന്നും അറിവിൽക്കൂടി അറിഞ്ഞാലുംഅതിന്റെ ഫലമായനുഭവിക്കേണ്ടഫലം അനുഭവിക്കാൻ ഒക്കാതെയിരിക്കുന്നു സത്തുചിത്തായിപ്രകാശിക്കുന്നതറിഞ്ഞാലും എന്തു തടസ്സം ഹേതുവാലാണു ആനന്ദാനുഭവമില്ലാതിരിക്കുന്നതെന്നും ശിഷ്യൻ ഗുരുവിനോടുചോദിക്കുന്നു.

ഹേ ! രസം, രൂപം, സ്പർശം പൂവൊന്നിലൊന്നിച്ചാലു-
മോരോരു കരണങ്ങളോരോന്നുകണ്ടിടുന്നു.
സച്ചിദാനന്ദമാത്മാവിന്നും സ്വരൂപമായു-
മിച്ഛാപ്രപഞ്ചവൃത്തിഭേദത്താൽ ഭേദപ്പെട്ടും. 108

ഗുരുസമാധാനം പറയുന്നു:—

പുഷ്പത്തിലെ തേൻ നക്കി ആസ്വദിക്കുന്ന രസന പുഷ്പത്തിന്റെ രൂപ, സ്പർശസുഖങ്ങളെ അറിയുന്നില്ല അതുപോലെ അതിന്റെ രൂപസുഷമകണ്ടുരസിക്കുന്ന കണ്ണ് തേനിന്റെ ഗുണം ആസ്വദിച്ചറിയുന്നില്ല. ഇതുപോലെ ഒരിന്ദ്രിയം അറിയുന്നതിനെ മററിന്ദ്രിയങ്ങൾ അറിയാതിരിക്കുന്നു എന്നാൽ പൂവിലാകട്ടെ ഉള്ള

ഗ്ഗുണങ്ങൾ ഒന്നിൽതന്നെ ഒന്നിച്ചിരിക്കുന്നു. പൂവിനിച്ഛയില്ല. അതുപോലെ ബ്രഹ്മവസ്തു ഇച്ഛാവിഹീനമാണ്. ബ്രഹ്മചൈതന്യത്തിന്റെ സച്ചിദാനന്ദസ്വഭാവമാണ് ആത്മാവിനും ഉള്ളതെങ്കിലും ആത്മാവിനു ഇച്ഛയേർപ്പെടുന്നകാരണം നാനാജീവ, ജഗത്, വൃത്തികളാൽ പലതായിഭേദപ്പെടുന്നില്ലം. ഇപ്രകാരം ആത്മാവൊന്നായാലും പല ജീവന്മാരായികാണപ്പെടുന്നതു് ആത്മാവിനേർപ്പെടുന്ന ഇച്ഛാ, ജ്ഞാനം, ക്രിയകൾ വൃത്തിപ്പെട്ട് അന്യയോജ്യങ്ങളായ ഉപാധികളെ സ്വീകരിയ്ക്കുന്നതിനാലാകുന്നു.

വൃത്തിയും തമസ്സാദി മുഗ്ഗുണങ്ങളാൽ മൂന്നാ-
യൊത്തു മൂഢതചം, ഘോരം, ശാന്തവുമായിത്തീരും;
തന്നഹങ്കാരസച്ചിദാനന്ദമൊന്നെന്നാലും
തന്നുടെയിദംവൃത്തിഭേദത്താൽ പിരിഞ്ഞീടും. 109

ഗ്ഗുണഭേദം	വൃത്തിഭേദം	(സച്ചിദാനന്ദ) സ്വരൂപജ്ഞാനഭേദം
തമോഗ്ഗുണം	മൂഢവൃത്തി	സത്തു്
രജോഗ്ഗുണം	ഘോരവൃത്തി	ചിത്തു്
സത്വഗ്ഗുണം	ശാന്തവൃത്തി	ആനന്ദം.

സത്തുമാത്രംവിളങ്ങും ജഡമാം മരം, കല്ല്,
മുത്താദിമൂഢവൃത്തിയിങ്കലെന്നറിഞ്ഞീട്ട;
കാമക്രൂരത്തിനൊത്തകാമാദിഘോരവൃത്തി
പാലിയിദ്ധാനന്ദം വിട്ടന്യങ്ങൾരണ്ടും കാണാം
ശാന്തവൃത്തിയിൽ സച്ചിദാനന്ദം; ഘോരമൂഢ
വൃത്തികൾ മാറ്റം ശാന്തചിത്തമാനന്ദമുണ്ണും. 110

സത്തു് —മൂഢവൃത്തി—മരം, മണ്ണ്, കല്ല് മുതലായ ജഡവസ്തുക്കൾ.

സത്തു് ചിത്തു് } —ഘോരവൃത്തി—വിഷമകരമായ കാമാദികാര്യങ്ങൾ

ആനന്ദം —ശാന്തവൃത്തി— മൂഢ, ഘോരവൃത്തികളൊഴിവായ ശാന്തമാനസം.

യാതൊരു പ്രയത്നവും കൂടാതെ സത്തു് എങ്ങും വ്യാപിച്ചിരിക്കുന്നതിനാൽ അതിനെ മരം, മണ്ണു്, കല്ലു് മുതലായ ജഡവസ്തുക്കളിൽ കാണാമെന്നും പാകതയോടുകൂടിയ പ്രയത്നത്താൽ മാത്രം ചിത്തു് അറിവായി പ്രകാശിക്കുമെന്നും സകല ശരീരാദിപ്രപഞ്ചദൃശ്യങ്ങളും നിർവിഷയമായ്ഭവിച്ച ശാന്തവൃത്തിയിൽ ആനന്ദമുദിക്കുമെന്നും ഉപദേശിക്കുന്നു. സച്ചിദാനന്ദം വൃത്തിഭേദങ്ങളാൽ മറവുപെട്ടതുപോലെയും വെളിപ്പെട്ടു പ്രകാശിക്കുന്നപോലെയും ഇരിക്കുമെന്നല്ലാതെ മറവുവിധത്തിൽ ഒരു മാററവും ഉള്ളതല്ല.

സർവ്വസ്വമാകും ഗുരോ ! സച്ചിദാനന്ദത്തിൻെറ
നിർവ്വചനം ഞാൻ തെല്ലുമറിയുന്നില്ലകഷ്ടം !
എല്ലപ്പോഴും തൊട്ടിരിക്കും സത്തേതോ, ചിത്തുമേതോ,
അപ്പരബ്രഹ്മം തോന്നുമാനന്ദം താനുമേതോ ?

കാലങ്ങൾ മൂന്നിലും തൻനാശമററതേസത്തു,
ചിൽജഡഭേദാഭേദം കാണ്മതു ചിത്തുമോർത്താൽ ;
കാമാനുഭോഗം നിത്യമുണ്ണും തന്നനുഭൂതി
നാമത്താലാനന്ദമാണെന്നും നീയറിഞ്ഞീടു. 111

സത്തു, ചിത്തു, ആനന്ദം മൂന്നിൻെറയും നിർവ്വചനം ശിഷ്യൻ ചോദിച്ചതിനു ഗുരുവുപദേശിക്കുന്നു.

ത്രികാലങ്ങളിലും ഉള്ളതും നാശമററതിനാൽ കാലാതീതവും അനശ്വരവുമായ ബ്രഹ്മംതന്നെ സത്താകുന്നു.

ചൈതന്യജഡങ്ങളുടെ ഭേദത്തെയും അഭേദത്തെയും അറിയുന്നതിനാൽ ജഡമായും ചൈതന്യമായും എങ്ങും പരിപൂർണ്ണമായി ഊടുരുവെനിറഞ്ഞിരിക്കുന്ന ബ്രഹ്മവസ്തു ചിത്താകുന്നു. അതു പ്രകാശിച്ചറിയപ്പെടുന്നു

മുൻപറഞ്ഞ സത്തും ചിത്തും ഒത്ത അനുഭവംതന്നെയാണു ആനന്ദം ഇതു ബോധാതീതം :-

"ശത്താകിശിത്താകിച്ചത്തന്നിർ ചിത്തതന്നെ
യൊത്തുണരിലാനന്ദം"

എന്നു ചിത്കിളിയിൽ പറയുന്നു. ഇനിയും:—

"ശത്തെയറിശിതേത ശത്തിയൊൻറാനവിടം
മെത്തവിതെ നൻറായ് മേവുങ്കാൽ-ശ്ശുത്ത
നിറൈവായ് വെളിയായ് നിരതിശയാനന്ദ
ഇറൈയായിലങ്കുമിത്തു". (സ്വരൂപദർശനം)

നശ്വരോപാധിഗ്രസ്തദേഹിയെ വേദവാക്യം
'നീ സച്ചിദാനന്ദമാ' ണെന്നുരച്ചാലും പ്രഭോ!
ആസ്വരൂപാനുഭൂതിയെങ്ങനെയുണ്ടാം, മറ്റു
കോശപ്പുരങ്ങളെന്നിലിടിച്ചെല്ലാം തകർത്താമോ? 112

വേദമഹാവാക്യങ്ങൾ ജീവനെ നോക്കി 'നീ വസ്തുവാകുന്നു' എന്നു പറഞ്ഞു താനറിഞ്ഞാലും അനുഭവത്തിൽ താൻ ആ വസ്തുവേ ആയിരിക്കുന്നതെങ്ങനെയെന്നു ശിഷ്യൻ ചോദിക്കുന്നു. പഞ്ചകോശങ്ങളേയും ഭേദിച്ചു അന്തഃകരണം അഴിയുന്നതിനു വേദോപദേശം മതിയാകുമോ എന്നു സംശയമുണർത്തിക്കുന്നു.

മുജ്ജന്മകർമ്മങ്ങളാലുടലുണ്ടാകുമെങ്കിൽ
മുജ്ജന്മങ്ങളിൽ താനുമുണ്ടായിരുന്നോനല്ലോ;
കർമ്മങ്ങൾക്കനുഭവം നാകമോ, നരകമോ
സമ്മതമായാലും മേൽ താനുണ്ടായിരിക്കണം;
ഉന്മാദം കൊണ്ടീസ്ഥൂലസൂക്ഷ്മദേഹവും മാറിമാറി
നിർമ്മലദേവ, മർത്ത്യദേഹങ്ങളായ് നശിക്കും;
തന്നുടലഴിഞ്ഞു ജന്മമററാലും താനിരിക്ക-
മെന്ന ഹേതുവാൽ താനോ സത്തെന്നുനിത്യസിദ്ധം. 113

കർമ്മം സംസ്കാരത്തിനു ഹേതുവായിരിക്കുന്നു. സംസ്കാരം വീണ്ടും ഉപാധിയെ കയ്ക്കൊണ്ടു കർമ്മം ചെയ്യുന്നു. മുജ്ജന്മകർമ്മ

ങ്ങളാൽ അവശേഷിച്ചുനില്ക്കുന്ന സംസ്കാരത്താൽ ഈ ജന്മമുണ്ടാകുന്നു. ഈ ജന്മശേഷത്താൽ ഭാവിജന്മമുണ്ടാകുന്നു. ഇങ്ങനെ ത്രികാലങ്ങളിലും തന്നെ വിട്ടുപിരിയാതിരിക്കുന്നതിനാൽ താൻ ത്രികാലങ്ങളിലും ഉള്ളവനെന്നാകുന്നു. ഇനി കാലത്രയമഴിഞ്ഞു, ജനിമൃതികളോടുങ്ങി സാക്ഷാല്ക്കരിച്ചാലും താൻ ബ്രഹ്മമെന്നായിനിത്യനായിരിക്കുന്നു. ഇപ്രകാരം ഒരിക്കലും നാശമററതാൻ സത്തായിരിക്കുന്നു. താൻ ഇപ്പോഴും സത്താണെന്നുള്ളതുണരാൻ ശിഷ്യനെ ഗുരു ഇപ്രകാരമുപദേശിക്കുന്നു.

സൂര്യപ്രകാശം വിട്ടെഴുംകൊടും രാക്കാലത്തിൽ
ക്രൂരിരുൾമൂടും സുഷുപ്തിയിങ്കലും തടവെന്യേ
ക്രൂരിരുട്ടോടതിൽപെട്ടുള്ള പണ്ടങ്ങളേയും
പാരാതെകാണും വൈഭവത്തിനാൽ ചിത്തായിട്ടും;
ഈവിധം സനാതനത്വം കൊണ്ടിരിക്കും തന്നിൽ
മേവും സ്വരൂപം സൗഖ്യമാകയാലതുമാറാതെ
വിഷയങ്ങളിലും പ്രിയംകൊള്ളുന്നു സഹജമായ്,
വിഷയംവിട്ടാലും നീ സൗഖ്യസ്വരൂപനത്രേ. 114

ചിത്തു് സ്വയംപ്രകാശരൂപിയാണു്. അതിനാൽ അതിനെ ഒരന്ധകാരവും ബാധിക്കുന്നില്ല. ബോധസ്വരൂപമായ ഏതൊരു ചൈതന്യവസ്തുവാണോ സ്വയംപ്രകാശിച്ചും സർവ്വത്തേയും സ്വപ്രകാശത്തിൽ അപ്രകാശകങ്ങളാക്കിയും ഇരിക്കുന്നുവോ അതാണു ചിത്തു്. രാപകലുകളാണു് കാലത്തെ ഉണ്ടാക്കുന്നതു്. സൂര്യനു് രാപ്പകലുകളില്ലാത്തതുപോലെ ചിത്തിനും രാപകലുകളില്ല. അതിനാൽ അതു് കാലാതീതമായിരിക്കുന്നു. കാലം ബാധിക്കാത്തതായതിനാൽ ചിത്തു് നിത്യവും സനാതനവുമാണു്. ആത്മഹത്യ ചെയ്യുന്നവൻെറയും ഉന്നം സുഖമായിരിക്കുന്നതു് ആദികാരണവസ്തുവായ ചിത്തു് (ചൈതന്യം) സുഖബോധസ്വരൂപിയായതുകൊണ്ടാണു്. അതായതു് തൻെറ (ആത്മാവിൻെറ) സുഖസ്വരൂപത്തെ ഹനിച്ചുനില്ക്കുന്ന ജീവപീഡയിൽനിന്നും തൻെറ

ജന്മാവകാശമായ ആത്മസുഖത്തെ മുക്തമാക്കുന്നതിനാണു ഒരുവൻ ആത്മഹത്യ ചെയ്യുന്നത്ു്. ആത്മഹത്യ ചെയ്യുന്നവൻെറ ലക്ഷ്യം (നിത്യ) സുഖത്തെ പ്രാപിക്കുകയാകുന്നു. ഇങ്ങനെ അഖണ്ഡസുഖ സ്വരൂപവസ്തുവായ തനിക്കു് വിഷയാദികളും, സഹജസുഖബോധത്താൽ, പ്രിയമായിത്തന്നെ ഇരിക്കുന്നു. ഇപ്രകാരം വിഷയാനന്ദങ്ങളായി കാണപ്പെടുന്നവയും ആത്മാനന്ദം തന്നെയാണു്. ആയതിനാൽ വിഷയസുഖത്തിനുകാരണമായ വിഷയാദികാര്യ്യങ്ങൾ ഒഴിഞ്ഞാലും താൻ പഴയപടി തൻെറ നിത്യസിദ്ധമായ ആത്മാനന്ദത്തെ പിരിഞ്ഞിരിക്കുന്നില്ലാത്തതിനാൽ താൻ എല്ലപ്പോഴും ആനന്ദരൂപനാണെന്നു ബോധിക്കേണ്ടതാണു്.

ബ്രഹ്മാനന്ദത്തെത്തന്നെ വിഷയാനന്ദത്തിൽ കൂടികാണുന്നുവെന്നു് പഞ്ചദശിയിൽ ഇപ്രകാരം പറയുന്നു :—

"പൂൎണ്ണമായേകരസരൂപമായിട്ടമാത്മാ—
വിന്നുടെ പരാനന്ദമായതിൻ ഭാഗമല്ലോ
മററുഭൂതങ്ങളെല്ലാമാസ്വാദിച്ചീടുന്നതായ്
വ്യക്തമായോതീടുന്നു ബൃഹദാരണ്യശ്രുതി.

ഈവൃത്തികളിലെല്ലാം ബ്രഹ്മത്തിൻജ്ഞാനാഭാവം
സർവ്വദാപ്രതിബിംബം ചെയ്തീടുമെന്നും പിന്നെ
ശാന്തവൃത്തികൾ തന്നിൽ ജ്ഞാനത്തോടാനന്ദവും
ചേൎന്നുബിംബിച്ചിരിക്കുമെന്നും ധരിച്ചീടണം

....

കാഷ്ഠത്തിലഗ്നിക്കുള്ളോരുഷ്ണവും പ്രകാശവും
സ്പഷ്ടമായ്സംക്രമിക്കുമവ്വണ്ണം ശാന്തകളിൽ
ജ്യോതിപ്പു ജ്ഞാനാംശവുമാനന്ദാംശവും ചെമ്മേ;

....

മന്ദാധികാരികൾക്കു ലോകവ്യാപാരത്തിലും
നന്നുതാൻ മിശ്രബ്രഹ്മധ്യാനമെന്നോതാനല്ലോ
വിഷയജാനന്ദവും ബ്രഹ്മാനന്ദമാണെന്നു
വിഷയാനന്ദം വഴിയിവിടെക്കഥിച്ചതും”.

അന്നപാനാദിസുഖസാധനമാകയാലെ
തന്നിടുന്നവ പ്രിയമാക്കുമെന്നതുപോലെ.
ഉന്നതനാകുമാത്മാവും പ്രിയസാധനം താ-
നെന്നുള്ളിലാരും കരുതിടുകയരുതല്ലോ
ആനന്ദത്തിനു പൊരുളാത്മാവെന്നാകിലോർത്തീ
ടാനന്ദം വേറെ,യുണ്ണാനാത്മാവേറെന്നുമുണ്ടോ ? 115

അന്നപാനാദികൾ സുഖത്തിനു പ്രേരകമെന്നല്ലാതെ അവ സുഖമല്ല. സുഖം ജനിക്കുന്നതു് നാക്കിൽനിന്നും, അതായതു് തന്റെ സുഖസ്വരൂപത്തിൽനിന്നുമാണു്. അന്നപാനാദി തനിക്കു സുഖത്തെ പ്രദാനം ചെയ്യുന്നില്ല. തന്റെ സുഖത്തെ ഉദ്ദീപിക്കുകമാത്രമാണു ചെയ്യുന്നതു്. ആത്മാവിനെ സുഖത്തിനു വേണ്ടിയുള്ള ഒരു സാധനമാണെന്നു കരുതുന്നപക്ഷം ആ സുഖമുണ്ണാൻ ആത്മാവിനന്യമായൊരാൾ വേണം. സുഖമനുഭവിക്കാൻ ആത്മാവിനെ വേറിട്ടാരുമില്ലാതിരിക്കുന്നതിനാൽ ആത്മാവു സുഖം തന്നെയാണു്. സുഖം സുഖത്തെ അനുഭവിക്കുക എന്നതില്ല.

“അൻപുംശിവവുമിരണ്ടെൻ പാരറിവിലാർ
അൻപേശിവമാവതാരുമറികിലർ
അൻപേ ശിവമാവതാരുമറിന്തപിൻ
അൻപേ ശിവമാവമർന്തിരുപ്പാരേ. (തിരുമന്തിരം)

ഓർക്കേടോവിഷയസൗഖ്യംവെറും പ്രിയംമാത്രം
പാക്കിലാത്മാവേസുഖം, സൗഖ്യത്തിനാദിമൂലം;

വന്നുമാറീടും വിഷയാനന്ദ,മാത്മസൗഖ്യം
വന്നു, പോയെന്നുമില്ല, സംശയംവേണ്ടതെല്ലും;
വേണം വേണ്ടെന്നുമാകാം വിഷയാനന്ദമാർക്കും;
കാണുന്നില്ലാരുംകൊള്ളാൻ, തള്ളാനുമാത്മസൗഖ്യം;
വിഷയാനന്ദഭോഗം കൈവിടുമൊരുവനെ,
വിഷമമവനുണ്ടിന്നതിന്നെ വിട്ടുവാഴാൻ. 116

വിഷയവസ്തുക്കൾ ക്ഷണികങ്ങളായതിനാൽ അവയെപ്പററിയുള്ള പ്രിയവും ക്ഷണികമാണു്. ഒരാളെപ്പററിയുള്ള സ്നേഹം അയാൾ മരിച്ചുപോകുമ്പോൾ ഇല്ലാതാവുന്നു വിറകിനുള്ളിലുള്ള തീയാണു വിറകിനെ കത്തി എരിക്കുന്നതു്. ആത്മസുഖത്തെത്തന്നെയാണു് വിഷയാദികളിൽ കൂടി അനുഭവിക്കുന്നതു്. വിഷയാദികളെ ആശ്രയിച്ചിട്ടുമാത്രം ആത്മസുഖത്തെ ഇപ്രകാരം അനുഭവിച്ചു ശീലിച്ചുപോയതിനാൽ തന്റെ സുഖത്തിനു നിദാനം വിഷയാദികളാണെന്നു തെററിദ്ധരിക്കുന്നു. ഒരു വിഷയകാര്യത്തെ ആശ്രയിച്ചുനിന്ന സൗഖ്യം ആ കാര്യം നശിക്കുമ്പോൾ തത്തുല്യം ഇല്ലാതെപോയി എന്നു തീരുമാനിക്കുകയും ചെയ്യുന്നു. ആത്മസുഖമാകട്ടെ ഒരിക്കലും മാറാതെ തന്നിലുള്ളതുകൊണ്ടാണു് ഇനിയൊരു വിഷയത്തെ കാണുമ്പോൾ അതിനെപ്പററിനില്ക്കാൻ മതിയായ സുഖം തന്നിലെപ്പോഴും ഉള്ളതു്. കൊച്ചുനാളിലേ വടിയൂന്നിനടന്നു ശീലിച്ചയാളിനു പ്രായമായാലും നടക്കാൻ വടി അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ വിഷയാദികളുടെസഹായത്തോടുകൂടി മാത്രം തന്റെ ആത്മാനന്ദത്തെ ഉണർന്നു ശീലിച്ച ഒരുവന് (തന്നിൽ എപ്പോഴുമുള്ള സ്വരൂപാനന്ദത്തിന്റെ ചുണ്ടുതൽകൊണ്ടു് സുഖാസ്വാദത്തിനു പ്രേരിതനായിത്തീരുന്നകാരണം) പഴക്കംകൊണ്ടു് വിഷയാദികളെ പിരിഞ്ഞിരിക്കാൻ കഴിയാതെ പോവുന്നു.

താപംമുഴുത്തുതന്നത്താനിങ്ങു ചാവുന്നോരും
പാപം! താൻതന്നെകൊല്ലുമെന്നതുമന്യായം താൻ
ചത്തുപോം ദേഹ മാത്മാവല്ലതുകൊല്ലുമെന്നു
ചിത്തുള്ളിൽതപിച്ചതുമാത്മാവല്ലൊരുനാളും. 117

കോപം മനസ്സിൻെറ വികാരം. കോപിച്ചതു് അന്തഃകരണവൈഭവങ്ങളിലൊന്നായ മനസ്സും. താൻ ചാവുമെന്നു പറയുന്നതു് താൻതന്നെ കൊല്ലുമെന്നു പറയുന്നതിനുതുല്യമാണു്. ഈ പറയുന്നതു മനസ്സാണു്. ചത്ത താൻപോയാൽ കൊന്ന താൻ അവശേഷിക്കുന്നല്ലോ. അതിനാൽ താൻതന്നെ കൊല്ലുമെന്നും താൻ ചാവുമെന്നും പറയുന്നതു് നിരർത്ഥകമെന്നു പറയുന്നു.

നൈരാശ്യം മുഴുത്ത മനസ്സുകുഴയുമ്പോൾ തൽ സ്ഥാനത്തു് അതിന്നാധാരമായ ആത്മാവും ആത്‌മസുഖവും എഴുമ്പാൻ സ്വയം ആഗ്രഹിക്കുന്നു. ആത്‌മസ്വരൂപത്തിൻെറ ഈ വിജൃംഭണത്തോടുകൂടി മനസ്സുഭേദിക്കപ്പെടുന്നു. ഇതു മരണം. എന്നാലും സംസ്കാരം അവശേഷിക്കുന്നതിനാൽ പുനർജന്മമുണ്ടാവുന്നു.

സനാതനസൗഖ്യമേ ആയ ആത്‌മാവു മുൻപറഞ്ഞതുകളൊന്നുമേ അറിയുന്നില്ല.

ചിത്തം കൊതിച്ചവയിലേററവും പ്രിയൻ പുത്രൻ,
പുത്രനെക്കാളും പ്രിയംദേഹത്തിലേറിക്കാണും;
ഇന്ദ്രിയങ്ങളിൽ പ്രിയമേറുന്നുദേഹത്തെക്കാ,-
ളിന്ദ്രിയംപോലും പിന്നെപ്രാണനെപ്പുണിപ്പോരും,
പ്രാണനെക്കാളുമാത്മാവിൽപ്രിയം കൂടു മാത്‌മാ
ഗൗണ,മിഥ്യാ,കർത്താവെന്നൊന്നൊന്നിനേറും മെച്ചം. 118

ആത്‌മാവിൻെറ സ്വരൂപമായ പ്രിയം ആത്‌മാവിൽതന്നെ ആരംഭിച്ചു് ലോകാദിവ്യവഹാരകാര്യങ്ങളിലും ചങ്ങലപോലെ ബന്ധപ്പെട്ടുകിടക്കുന്നതിനെ കാണിക്കാനാണു് തൻെറ സ്വന്തം സൃഷ്ടികാര്യമായ പുത്രൻമുതലുള്ള പ്രിയ (ആനന്ദ) സ്വരൂപങ്ങൾ ആത്‌മാവിൽ ചെന്നവസാനിക്കുന്ന ക്രമത്തെപ്പററി പ്രകൃതത്തിൽ പറഞ്ഞിരിക്കുന്നതു്.

ആത്മാവിന്, ഗൗണാത്മാ, മിഥ്യാത്മാ, കർത്താവാത്മാ എന്ന് മൂന്നുഭാവങ്ങൾ പറഞ്ഞിരിക്കുന്നു. ഈ മൂന്നുഭാവങ്ങളും മാറി ശാശ്വതമായ ജ്ഞാനാത്മാവു മുഖ്യമെന്നു മേൽപറയുന്നു.

മൃത്യുകാലത്തിവന്റെ സ്വത്തുക്കൾ പോരെറണ്ടുന്നോൻ.
പുത്രനാണെന്നിടത്തു ഗൗണാത്മാമുഖ്യമോർക്കുു;
ദേഹത്തിൽ പ്രിയംകൊണ്ടുദേഹത്തെബ്ഭരിക്കുംനാൾ
ദേഹമാണാത്മാവെന്നു മിഥ്യാത്മാ മുഖ്യനാകും;
സ്വർഗ്ഗംകൊതിക്കും ജീവൻ കർത്താവാത്മാവു മുഖ്യം;
മുക്തിക്കു ജ്ഞാനാത്മാവേ മുഖ്യനാണെന്നുമോർക്കുു. 119

താൻ പിരിഞ്ഞുപോകുന്ന ഭൂമി മുതലായ ആസ്തികളെ പരിപാലിക്കേണ്ടതു് പുത്രനാണെന്ന ചിത്തവൃത്തിയിൽ ഗൗണാത്മാവു മുഖ്യമായിനില്ക്കുന്നു. ദേഹംതന്നെ സർവ്വവുമെന്നിടത്തു മിഥ്യാത്മാവു മുഖ്യനായിരിക്കുന്നു. സ്വർഗ്ഗപ്രാപ്തിക്കും മററുംപ്രയത്നിക്കുന്നിടത്തു് ജീവൻ കർത്താവായിവരുന്നതു് കർത്താവാത്മാ മുഖ്യനായതുകൊണ്ടാണ്. ആത്യന്തികമുക്തിയേ ലക്ഷ്യമെന്നുള്ള നില ജ്ഞാനാത്മാവു മുഖ്യനായിവരുമ്പോളുണ്ടാകുന്നതാണ്.

ദൃഷ്ടവ്യാഘ്രവു മനുക്കുഖിച്ചാലിഷ്ടമാകു,-
മിഷ്ടക്കേടായാൽ പുത്രനെപ്പോലും വെറുത്തിടും;
ഭൂവിലിരണ്ടും വിട്ടുപുൽമുതൽ വസ്തുക്കളി-
ലേവരു മുദാസീനരായിരിപ്പതേ ന്യായം;
മാശറം ചിന്മയസ്വരൂപനുമേതുമട്ടും
ശാശ്വതാനന്ദത്തിങ്കലാശവിട്ടുകന്നീടാ;
സീമയില്ലാതാനന്ദ സ്വരൂപിയാകും നീയും
കേമനായ് സ്വരൂപത്തെയനുഭവിച്ചിരുന്നിടു. 120

അനായാസേനയുള്ള ജീവിതവും സർവ്വത്തിലുംതോന്നുന്ന ഉദാസീനത്വവും മുമുക്ഷുവിന്റെ ലക്ഷണങ്ങളാകുന്നു. അതിനാൽ മുമുക്ഷുവായ ശിഷ്യനോടു് "ഉദാസീനരായിരിപ്പതത്രേന്യായം"

എന്നുപദേശിക്കുന്നു. ആനന്ദസ്വരൂപിയായ ഒരുവൻ പിന്നീട് ആനന്ദത്തിനു വാഞ്ഛിക്കേണ്ടിയില്ല. തനിക്കു നിത്യസിദ്ധമായ മോചന സ്വരൂപത്തെ ഉണർന്നവൻ മോചനത്തിനു ആഗ്രഹിക്കുന്നില്ല. അതിനാൽ "ആനന്ദസ്വരൂപിയായ നീ ആനന്ദപ്രാപ്തിക്കാഗ്രഹം പുലർത്താതെ സ്വന്തം സ്വരൂപാനന്ദത്തെ അനുഭവിച്ചറിയൂ" എന്നുപദേശിക്കുന്നു.

ആനന്ദമെത്രവിധമുണ്ടെന്നു കേട്ടെന്നാലോ
ജ്ഞാനമാംബ്രഹ്മാനന്ദം,വാസനാനന്ദം,മൂന്നായ്,
വിഷയാനന്ദമെന്നും; ചിലരെട്ടെന്നുംചൊല്ലും;
ശേഷമുള്ളഞ്ചും മൂന്നിലടങ്ങുമെല്ലാംചൊല്ലാം. 121

ആനന്ദംമൂന്നുവിധം—ബ്രഹ്മാനന്ദം, വാസനാനന്ദം, വിഷയാനന്ദം. ചിലമഹത്തുക്കൾ എട്ടാക്കി പറയുന്നു. ഇതിൽക്കൂടുതലായി പറയുന്ന അഞ്ചു ആനന്ദവും മുൻപറഞ്ഞ മൂന്നാനന്ദത്തിൽ അടങ്ങിയിരിക്കുന്നവയാണ്. ഇവിടെ എട്ടിനെപ്പററിയും പറയാം.

ഭോഗത്താൽവരുംവിഷയാനന്ദം, നിദ്രയിൽപി–
ന്നാഗമിച്ചീടുംബ്രഹ്മാനന്ദം,പിൻമയക്കത്തിൽ
ഉത്ഭവിച്ചീടുംവെറുംവാസനാസുഖംതാനും;
തൽഭാവമെങ്ങും നിറഞ്ഞെന്നതാണാത്മസൗഖ്യം;
യോഗത്താൽമുഖ്യാനന്ദം, പിന്നുദാസീനത്വത്താ–
ലാഗമിച്ചീടുംനിജസൗഖ്യവും, സമാധിയിൽ
ഏകമാംബ്രഹ്മത്തെദർശിച്ചതദ്വൈതാനന്ദം.
വാക്യാർത്ഥവിചാരത്താൽജ്ഞാനാനന്ദവുമുണ്ടാം. 122

വിഷയാനന്ദം—ഏഷണാത്രയങ്ങളിൽ ഏതൊന്നിനെയും പ്രിയമായി അനുഭവിക്കുന്നതിനാലുണ്ടാകുന്നതു്.

ബ്രഹ്മാനന്ദം — ഉറക്കവേളയിൽ ഉണ്ടാകുന്നതു് (ഉറക്കത്തിൽ അറിഞ്ഞില്ലെങ്കിലും ഉണരുമ്പോൾ തോന്നുന്നു) കൂടാതെ ജാഗ്രദാവസ്ഥയിൽതന്നെ ബ്രഹ്മബോധത്തിൽ മുഴുകി, വിഷയബോധം വിട്ടു ഇരിക്കുന്ന ജാഗരസുഷുപ്തിയിലും ബ്രഹ്മാനന്ദംതോന്നും.

വാസനാനന്ദം—സുഷുപ്തിക്കും ജാഗ്രത്തിനും ഇടയ്ക്കുള്ള മയക്കത്തിൽ അനുഭവിക്കുന്ന സുഖം.

ആത്മാനന്ദം — ജാഗ്രദവസ്ഥയിൽ എല്ലാശരീരാദിപ്രപഞ്ചങ്ങളിലും സ്വസ്വരൂപാനന്ദത്തെമാത്രം അനുഭവിക്കുന്നതു ആത്മാനന്ദം.

മുഖ്യാനന്ദം —പ്രപഞ്ചാദികളിൽ വിരക്തിവന്നു്, സമാധിയിൽ സവികല്പമായോ, നിർവ്വികല്പമായോ സ്വസ്വരൂപാനന്ദത്തെ അനുഭവിക്കുന്നതു്.

നിജാനന്ദം—ഒരു വസ്തുവിലും ഇച്ഛയോ വെറുപ്പോ കൂടാതെ ഉദാസീനമാനസനായി, വിഷയങ്ങളെ ഗൌനിക്കാതെയുള്ള മനശ്ശുദ്ധിയിൽ അനുഭവിക്കുന്നതു്.

അദ്വൈതാനന്ദം—വ്യവഹാരങ്ങളിലിരുന്നും നിർവ്യവഹാരിയായും നിർവിഷയനായും തീൎന്നു് ഏക ബ്രഹ്മഭാവത്തിൽ അനുഭവിക്കുന്നതു്.

ജ്ഞാനാനന്ദം — (വിദ്യാനന്ദം) — മഹാവാക്യാൎത്ഥവിചാരണയാലുണ്ടാകുന്നതു്.

ഈവണ്ണം ഘോരസുഖഭേദങ്ങൾ തൻസ്വഭാവ-
മേവയും പറഞ്ഞീടാം മകനേ! മനംനൾകു.
തൻഭവക്ലാന്തിയാററാൻ ശയ്യയിൽവീണു,റങ്ങും
മുമ്പു വൻവ്യവഹാരലോകമൊട്ടൊടുങ്ങുമ്പോൾ,

മാനസംഋജ്ജുവായന്തർമ്മുഖമായ്ത്തീൎന്നു,താനേ
ഭാനമാംചിദാനന്ദച്ഛായവ്യാപിക്കും കണ്ടോ.
ഈവിധംസഹജമായ് മാനസമനുഭവി-
ച്ചാവുമാനന്ദമത്രേ വിഷയാനന്ദം, ഭവ്യം. 123

അഷ്ടവിധാനന്ദങ്ങളിൽ ഓരോന്നിന്റെയും സ്വഭാവത്തെ വിസ്തരിച്ചു പറയുന്നു.

വ്യവഹാരകാൎയ്യങ്ങളിൽ പെട്ടലഞ്ഞു ക്ഷീണിച്ച് മനസ്സ് വിശ്രമംതേടുന്നു. ഉറങ്ങാൻ ശയ്യയെ പ്രാപിച്ചവൻ ഉറങ്ങിത്തുടങ്ങും മുമ്പ് വ്യവഹാരപ്രപഞ്ചചിന്തകൾ അകന്നകന്നു പോകുന്നു. മനസ്സു ശുദ്ധമായി, ഋജ്ജുവായി, അന്തർമ്മുഖമാവുന്നു. ഈ നിലയിൽ സ്വയം ജ്യോതിയായ ചിത്തിന്റെ ആനന്ദസ്വരൂപത്തിന്റെ നിഴൽ എങ്ങും വ്യാപിക്കുന്നു. ഈ അനുഭവം എല്ലാ അവസ്ഥകളിലും സഹജമായി അനുഭവരൂപത്തിൽ ലഭിക്കുന്നതു് വിഷയാനന്ദമാകുന്നു.

ഹീനത്വം തരും വിഷയാനന്ദം, ത്രിപുടിതൻ
ദീനമെന്നറച്ചുള്ളം ശുദ്ധമായ്, ചലിക്കാതെ,
ഉച്ചത്തിൽ പറന്നീടും പരുന്തും, പണിപ്പെട്ടു,
വിശ്രമത്തിന്നായ് കുലായംപൂകുംപോലെജീവൻ
നിദ്രയിൽ താണനന്ത ബ്രഹ്മത്തോടൈക്യമായേ-
കാന്തിയാ,യന്യമററിരിപ്പതേ ബ്രഹ്മാനന്ദം. 124

ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം എന്ന മൂന്നിലുമായി ചക്രഗതിയിൽ വ്യാപിച്ചുനില്ക്കുന്ന പ്രപഞ്ച വിഷയങ്ങളിൽ ചെന്നുനിന്നു വൎത്തിച്ചതിനാലുണ്ടാകുന്ന ആനന്ദം മുൻപറഞ്ഞ ത്രിപുടിക്കു് സഹജമായുള്ള ഇടരാണു്. അതിനാൽ 'വിഷയാനന്ദം ത്രിപുടിതൻദീനം' എന്നുപറഞ്ഞു. ഇപ്രകാരം ത്രിപുടിയുടെ വിക്രിയകൾ മാത്രമാണു് ഈ കാണുന്നവിഷയാദികൾ എന്നുള്ള

രുന്ന ഒരുവൻ പിന്നീട് വിഷയങ്ങളിൽ മുഴുകിപ്പോവുകയില്ല. വിഷയങ്ങളിൽ അവന് പററുതലില്ലാതിരിക്കും. പററുതലററ മനസ്സ് ശുദ്ധമായി, നിശ്ചഞ്ചലമായിത്തീരും. വൃത്തിയററാൽ മനസ്സു നാമമാത്രമായിത്തീരുന്നു. മനസ്സിനോടൊത്തു മററന്തഃകരണവൃത്തികളും നിലയ്ക്കുന്നു. അവിദ്യയാൽ മൂടപ്പെട്ടുപോകുന്നതിനാൽ ജീവനും ചേഷ്ടയില്ലാതാവുന്നു. ഈ പരിപൂർണ്ണവിശ്രമമാണ് നിദ്ര. ഈ വിധം പരിപൂർണ്ണവിശ്രമമനുഭവിക്കുന്ന ജീവാത്മാവ് പരമാത്മാവിന്റെ പദവിയിൽ നിർഗ്ഗുണബ്രഹ്മത്തോടൈക്യപ്പെട്ടിരിക്കും. ഇവിടെ ആത്മാവ് ഏകനായി, അനന്യനായി ഭവിക്കുന്നതിനാൽ സ്വന്തം സുഖസ്വരൂപത്തെ അനുഭവിക്കുമാറാകുന്നു. പ്രതീതമല്ലെങ്കിലും നിദ്രയിൽ ഉദയംചെയ്യുന്ന ഈ സുഖത്തെ ബ്രഹ്മാനന്ദം എന്നുപറയുന്നു. ബ്രഹ്മാനന്ദത്തെ ജ്ഞാനി അറിഞ്ഞുകൊണ്ടും അജ്ഞാനി അറിയാതെയും അനുഭവിക്കുന്നു

ജാഗ്രത്സുഷുപ്തിയിലും ബ്രഹ്മാനന്ദം അനുഭവമാകുന്നു. ഈ അനുഭവം 4, 5, 6, 7–ം ജ്ഞാനഭൂമിയിലുള്ള ബ്രഹ്മവിത്ത്, വരൻ, വരീയാൻ, വരിഷ്ഠൻ ഇവർക്കു വിളങ്ങിനില്ക്കും. ഈസമയം ഈ മിഥ്യാപ്രപഞ്ചം നിവർത്തിയായി അഭാവമാകും. ഈ നിവൃത്തിയാലും അഭാവത്താലുമാണ് ബ്രഹ്മാനന്ദം അനുഭവമാകുന്നതും. സുഷുപ്തിയിൽ (അനുഭവമാകാതെ) ഉണ്ടാകുന്ന ബ്രഹ്മാനുഭവത്താലുള്ള പ്രയോജനമെന്തെന്നുകേട്ടാൽ അപകപന് അത്ഭുതമെന്നെ പൊരുൾ എന്നുപറഞ്ഞു സത്യത്തെ വെളിപ്പെടുത്തുകയാണ്.

നിദ്രാസുഖത്തെബ്ബ്രഹ്മസൗഖ്യമെന്നോതും വേദം;
നിദ്രാവശന്മാർ പുഷ്പശയ്യയെപ്രാപിച്ചിട്ട്
നന്മ,തിന്മയു,മാൺ,പെൺ ബോധവും വിട്ടുറങ്ങും
തന്മയിലകം പുറമററതാൽ ബ്രഹ്മാനന്ദം. 125

നിദ്രയിൽ അനുഭവിക്കുന്ന സുഖത്തെത്തന്നെ വേദാഗമാദികൾ ബ്രഹ്മാനന്ദമെന്നുപറയുന്നു. ചിലർ സുഖനിദ്രയ്ക്കായി

മുട്ടശയ്യകളെ പ്രാപിച്ചു് ഒരു ബോധവുമില്ലാതെ ഉറങ്ങുമ്പോൾ അകംപുറമററ മനശ്ശയ്യയാൽ ആത്മസ്വരൂപസുഖം പ്രകാശിക്കുന്നു. ഈ അനുഭവാനന്ദത്തെ ബ്രഹ്മാനന്ദമെന്നു പറയുന്നു. ശരീരേന്ദ്രിയാദി പ്രപഞ്ചബോധം ഒഴിഞ്ഞ സുഷുപ്ത്യാനന്ദം തന്നെ ബ്രഹ്മാനന്ദം.

ഉറങ്ങിയെണിററയാളിനു് സുഖമായുറങ്ങി, ഒന്നും അറിഞ്ഞില്ല, എന്ന അനുഭവവും അറിവും ഉണ്ടാകുന്നു. ഇവിടെ നിദ്രയിൽ അനുഭവിച്ച സുഖത്തെ അറിയുന്നതിനെ സമ്മതിക്കുന്നു. ഇനി ഒന്നും അറിഞ്ഞില്ലാ എന്നതും ശരിയാണു്. കാരണം നിദ്രയിൽ സുഖമല്ലാതെ മററൊന്നും അറിയുന്നതിനായുണ്ടായിരുന്നുമില്ലല്ലോ. ബ്രഹ്മാനന്ദത്തിലും ഇപ്രകാരം സുഖമല്ലാതെ അറിയാൻ മററൊന്നുമുണ്ടായിരിക്കുകയില്ലാ എന്നു് ഇതിനാൽ അറിയേണ്ടതാണു്.

സുഷുപ്തിയിൽ ആനന്ദമയൻ ബ്രഹ്മാനന്ദമനുഭവിക്കുന്നതിനെ ഉണർന്നശേഷം വിജ്ഞാനമയൻ അറിയുന്നതിനുകാരണം ശിഷ്യൻമേൽചോദിക്കുന്നു.

ആക്ഷമേ മാതാവാകും ഭൂമിയിലൊരുവൻ താൻ
പാക്കുന്നോരനുഭവമന്യനുതോന്നുന്നില്ല;
വിജ്ഞാനമയന്നു വേദ്യമായ്‌വന്ന നിദ്രാനന്ദ-
മാനന്ദമയനല്ലോ സത്യമായനുഭവിപ്പൂ;
പില്ലാടിയും വിജ്ഞാനമയനോമ്മിച്ചുകാണും;
കൃപ്പിവാനേരും വാഴ്ത്തും സൽഗുരോ! സത്യമല്ലേ? 126

സൃഷ്ടികാര്യങ്ങളുടെ വൈജാത്യംപോലെ അനുഭവങ്ങളും ഐക്യപ്പെടാതിരിക്കുന്നു. നിദ്രാനന്ദം തൽസമയം വിജ്ഞാനമയനു് അറിവിൽപെടാതെ പോയാലും ഉണർന്നശേഷം (താൻ സുഖമായുറങ്ങി എന്നും എന്നാൽ താൻ ഒന്നും അറിഞ്ഞില്ല എന്നും) അതിനെ അറിയുന്നതു് വിജ്ഞാനമയൻതന്നെയാണു്.

പക്ഷെ നിദ്രാവേളയിൽ നിദ്രാനന്ദത്തെ ആനന്ദമയൻ അനുഭവിക്കുന്നുണ്ടു്. ഇപ്രകാരം നിദ്രാനന്ദത്തിനെപ്പററിയുള്ള അറിവു വിജ്ഞാനമയനും അതിൻെറ അനുഭവം ആനന്ദമയനും ആയിരിക്കുന്നു. ഈ ഭിന്നിപ്പിനുകാരണമെന്തെന്നു ശിഷ്യൻ ചോദിക്കുന്നു.

മാനസഭേദംകൊണ്ടു നെയ്യും വെണ്ണയും രണ്ടായ്
കാണുന്നതറിവിൻെറ ഭേദത്താലല്ലയല്ലോ;
വൃത്തിജാഗ്രത്തിൽ ചിന്താഗ്രസ്തചിത്തത്തോടൊത്തു
വർത്തിക്കും ചിന്മാത്രവിജ്ഞാനനും നിവർത്തിക്കായ്
സുപ്തിയിൽ ചിന്താക്ലാന്ത മാനസമഴിയുമ്പോ-
ളുള്ളതാനന്ദമുണ്ണുമാനന്ദസ്വരൂപിയായ്;
തുള്ളിയും വെള്ളവും പോൽവെല്ലവുംപാവുംപോലെ
എള്ളോളം പിരിവുമില്ലാതൊന്നായിരിക്കുന്നിവർ. 127

നെയ്യിലും വെണ്ണയിലും അടങ്ങിയിരിക്കുന്ന പദാർത്ഥം ഒന്നുതന്നെയാണു്. മനസ്സുകല്പിച്ചുള്ള നാമരൂപങ്ങളാൽ നെയ്യും വെണ്ണയും എന്നു രണ്ടായെന്നേയുള്ളു. അതുപോലെ ആനന്ദമയനും വിജ്ഞാനമയനും വസ്തുവിൽ ഒന്നുതന്നെ. മനസ്സോടു ചേർന്നുനിന്നു് അതിനറിവിനെ പ്രദാനം ചെയ്യുന്ന ചിദാഭാസനെ വിജ്ഞാനമയനെന്നും നിദ്രയിൽ മനസ്സു നിശ്ചേഷ്ടമായിത്തീരുമ്പോൾ സ്വന്തം സാക്ഷിസ്വരൂപത്തിൽവിളങ്ങി നിന്നു് തൻെറ സ്വരൂപാനന്ദത്തെ സ്വയം അനുഭവിക്കുന്ന ചിദാഭാസനെ ആനന്ദമയനെന്നുംപറയുന്നു ഇപ്രകാരം സ്വഭാവഭേദംകൊണ്ടു മാത്രം ഒരേവസ്തു രണ്ടായികാണപ്പെടുന്നുവെന്നേയുള്ളു. വെള്ളംതന്നെതുള്ളിയാവുന്നതു്. ശക്കരതന്നെയാണു പാവായിത്തീരുന്നതും.

മനസ്സു് അന്തർമ്മുഖമായി ചൈതന്യാഭാസനിൽ ഒടുങ്ങിനില്ക്കുന്ന നിദ്രാവേളയിൽ അനുഭവിക്കുന്ന ആനന്ദത്തെ ആസമയത്തു് അറിയാതെ പോകുന്നു. ത്രിപുടിയററു് ആനന്ദാ

തനിക്കനന്യമായും അതു സ്വരൂപമായും അനുഭവമായും തീന്നിട്ടു് ആനന്ദത്തെപ്പററിയുള്ള അനുഭവജ്ഞാനമുണ്ടാകുന്നില്ല. കാരണം അനുഭവമേ സ്വരൂപമെന്നായിപ്പോവുന്നു. ജ്ഞാതമല്ലാത്ത സുഷുപ്ത്യാനന്ദം ഈ പരമാത്ഥത്തെ അറിയാൻ ഉപകരിക്കുന്നു. സുഷുപ്തിയിൽനിന്നും വിരമിച്ചു, ആനന്ദത്തിനന്യനായി, അതിനെ വിട്ടുപിരിഞ്ഞുണന്നപ്പോഴും ആനന്ദം തന്നെ വിട്ടകലുന്നു. ഈ വേർപിരിയുന്ന ഘട്ടത്തിലാണു അതിനോടൊട്ടു മുമ്പുവരെ ഐക്യമായിരുന്നതിനെ അറിയുന്നതു്. "ഞാൻ സുഖമായുറങ്ങി, എന്നാൽ ഒന്നുമറിഞ്ഞില്ല" എന്നു പറഞ്ഞുപോരുന്നതും.

സുഷുപ്തിസുഖംതന്നെ ആനന്ദമയൻ

1. നിദ്രാസുഖത്തെ അറിഞ്ഞനുഭവിച്ചുകൊണ്ടിരിക്കുന്നു.	നിദ്രാസുഖത്തെ അറിയുന്നില്ല.	നിദ്രാസുഖത്തെ ഓർമ്മിക്കുന്നു.
വിജ്ഞാനമയൻ (ജാഗ്രത്) സുഷുപ്തിയിൽ	ആനന്ദമയൻ (സുഷുപ്തി) സുഷുപ്തിയിൽ	വി: മയൻ (സുഷുപ്തി) ജാഗ്രത്തിൽ

വിജ്ഞാനമയനു് ആനന്ദമുണ്ടു്. ആനന്ദമയനു് വിജ്ഞാനവുമുണ്ടു്. അതിനാൽ വിജ്ഞാനമയനും ആനന്ദമയനും സന്ദർഭാനുസരണം പേരുമാറിവരുന്നുവെന്നല്ലാതെ വസ്തു രണ്ടല്ല.

ഒന്നായ ബ്രഹ്മാനന്ദം വേർപിരിഞ്ഞിരിക്കാനും
പിന്നതുവെളിപ്പെട്ടുതോന്നാനുംകാരണംകേൾ;
മുൻകർമ്മംനീണ്ടുനിന്നുറക്കത്തെത്തള്ളിമാററി-
യുംകൊണ്ടുണന്നോനെ വിട്ടകലും സുഷുപ്ത്യാനന്ദം,

വിട്ടുപോവുകയില്ല, ജാഗ്രത്തിൽപ്രകാശിക്കാ,
പട്ടുപോയെന്നപോലെ വിസ്മൃതമാകയില്ല,
സുപ്തിയിൽതെളിയാതെ, ജാഗ്രത്തിൽവരാതെയും
സൂക്ഷ്മമായ്‌വരും വാസനാനന്ദം മയക്കത്തിൽ. 128

ബ്രഹ്മാനന്ദം തന്നിൽ എപ്പോഴും ഉണ്ട് എന്നറിയാൻ മാത്രംവേണ്ടി തനിക്കുതോന്നുന്നതിനും എന്നാൽ തനിക്കതു പ്രകാശിച്ചുനില്ക്കാതിരിക്കാനും കാരണമുണ്ട്. പൂർവ്വജന്മകൃതകർമ്മങ്ങളുടെ ശിഷ്ടങ്ങൾതന്നിൽ തുടർന്നുനിന്ന് വ്യവഹാരത്തെ വീണ്ടും ഉണർത്താനുള്ള സമ്മർദ്ദത്താൽ സുഷുപ്തിഭഞ്ജിക്കപ്പെടുന്നു. ഉണരുന്നതോടുകൂടി, ഉറക്കത്തിൽ തന്നോടുകൂടി ചേർന്നുനിന്നിരുന്ന ബ്രഹ്മാനന്ദം (സുഷുപ്ത്യാനന്ദം) അവനെ വിട്ടകന്നുപോവുന്നു. അതിനാൽ 'മുൻകർമ്മം .... സുപ്ത്യാനന്ദം' എന്നു പറഞ്ഞു. ഉണരുമ്പോൾ ഉറങ്ങിയസുഖം ഓർമ്മയിൽ വന്നിട്ടു മാഞ്ഞുപോയാലും പിന്നീടുറങ്ങുമ്പോൾ അതു വീണ്ടും തന്നോടുചേർന്നുനില്ക്കുന്നു. അതിനാൽ 'വിട്ടുപോവുകയില്ല' എന്നുപറഞ്ഞു. ഉണർന്നിരിക്കുമ്പോൾ തോന്നാത്തതിനാൽ "ജാഗ്രത്തിൽ പ്രകാശിക്ക" എന്നുപറഞ്ഞു. ഒരിക്കലും (വാസനാനന്ദം) തനിക്കുനഷ്ടപ്പെട്ടുപോകുന്നില്ലാത്തതിനാൽ 'പട്ടുപോയെന്നപോലെ വിസ്മൃതമാകയില്ല' എന്നുപറഞ്ഞു ഇപ്രകാരമുള്ള അവസ്ഥാഭേദങ്ങളോടുകൂടി സുപ്തിയിൽ ഉണ്ടായിരുന്നാലും ഇല്ലാത്തതുപോലെയായും ജാഗ്രത്തിൽവന്നാലും' വരാത്തതുപോലെ അകന്നുനില്ക്കുന്നതായും എപ്പോഴുംസൂക്ഷ്മരൂപത്തിൽനില്ക്കുന്നതായും ജാഗ്രത്തിനും സുഷുപ്തിക്കും ഇടയ്ക്കുള്ള തൂഷ്ണീംഭാവത്തിൽമാത്രം വാസനയാൽ പ്രതിബിംബിച്ചറിയപ്പെടാവുന്നതായുംഉള്ള ആനന്ദമത്രേ വാസനാനന്ദം.

വെള്ളം നിറഞ്ഞിരിക്കുന്ന കുടത്തിന്റെ പുറം ഭാഗത്തു് അനുഭവപ്പെടുന്ന തണുപ്പ് വെള്ളമല്ലല്ലോ. അതു ജലധർമ്മംമാത്ര

മാണ്. അതിനാൽ അകത്തുവെള്ളമുണ്ടെന്നു ഗ്രഹിക്കാവുന്നതാണ്.

അക്ഷണം ദേഹമേ ഞാനെന്നൊന്നു മലഞ്ഞലഞ്ഞേ
സൗഖ്യത്തെസ്സത്യമാക്കിച്ചെയ്തതു മറന്നേപോം;
മുജ്ജന്മകർമ്മങ്ങളേകും സുഖ,ദുഃഖങ്ങളെ
വർജ്ജിച്ചുമൗനംകൊള്ളും മധ്യസ്ഥനിലയിലായ്;
ചിന്തയില്ലായ്മയിൽത്തന്നനുഭവത്തിനുദിച്ചോ-
രുദാസീനസൗഖ്യംതാൻ നിജാനന്ദമോർക്കൂ. 129

വാസനാനന്ദത്തിന്റെ ഉദയത്തിൽ ദേഹാത്മബുദ്ധിമായുന്നു ദേഹമാണു താൻ എന്നതോന്നലിൽ അതിനെ എഴുന്നള്ളിച്ചുകൊണ്ടു മുമ്പ് ഈ ജഗത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നതിനെയും ആ ദേഹംനിമിത്തമുളവാകു സുഖങ്ങൾ യഥാർത്ഥസുഖങ്ങളാണെന്നു കരുതിപ്പോന്നതിനെയും മറന്നുപോവുന്നു. ജന്മാന്തരപുണ്യപാപങ്ങളെ സമബുദ്ധിയോടുകൂടി വീക്ഷിക്കും. അങ്ങനെ അവരണ്ടിലും പ്രത്യേകതവിട്ടു, മധ്യഗതനിലയിൽ മൗനം അവലംബിക്കും. തടിച്ചും ഞെരുങ്ങിയുമിരുന്ന ചിന്താസരണി ശിഥിലമാകും, ദീപാരാധനയ്ക്കു ശേഷമുള്ള ശ്രീകോവിലിനകംപോലെ. അന്തഃകരണേന്ദ്രിയങ്ങൾക്ക് ഉദാസീനത്വം ഭവിക്കും. ഈ ഉന്നതനിലയിൽ ഹൃദയാന്തർഭാഗത്തുനിന്നും മൂടൽമഞ്ഞുപോലെ ഉദാസീനമായ ഉയർന്ന് വ്യാപിക്കുന്ന ആനന്ദം നിജാനന്ദമാകുന്നു. കാമക്രോധാദികൾഒഴിഞ്ഞു ശുദ്ധമായയിടത്തുണ്ടാകുന്നനിത്യാനന്ദത്തിന്റെ മുന്നോടിയായിട്ട് ഈ നിജാനന്ദം തന്നിൽപ്രകാശിക്കും.

ഈ നിജാനന്ദം മുഖ്യാനന്ദമോ? കുടത്തിങ്കൽ
നിന്നനീരല്ലോ പുറത്തുണ്ടാകുമീരം കേൾക്കൂ;
തന്നഹങ്കാരംപോയ് നിജാനന്ദം വ്യാപിച്ചെങ്ങും
തന്നനുഭൂതിക്കാകിലായതേ മുഖ്യാനന്ദം;

ദൃശ്യങ്ങളൊന്നുമുള്ളിൽ തോന്നാതെ, നിദ്രയുംപോയ്,
ദൃശ്യമാംദേഹം നിശ്ചഞ്ചലമായ്, സ്തംഭംപോലാം
സർവ്വത്രമദ്ധ്യഗതമാമറിവോടുംകൂടി
നിർവ്വികാരമാമാനന്ദംതന്നെമുഖ്യാനന്ദം. 130

അടുത്തതായി മുഖ്യാനന്ദത്തെ പ്രതിപാദിക്കുകയാണു്.

നിജാനന്ദം മുഖ്യാനന്ദമാവുമോ എന്നുകേട്ടാൽ കുടത്തിന്റെ പുറത്തുപററിയിരിക്കുന്ന ജലകണങ്ങൾ ഉള്ളിലിരിക്കുന്ന ജലം തന്നെയെന്നപോലെ നിജാനന്ദം തന്നെയാണു് മുഖ്യാനന്ദമായനുഭവപ്പെടുന്നതും എന്നു സമാധാനം.

ഇപ്രകാരം മുഖ്യാനന്ദം എങ്ങും നിറഞ്ഞു വ്യാപിക്കുമ്പോൾ അതിനുള്ളിൽ ഈ ജഗത്തു ഒരു കാഴ്ചപ്പണ്ടമായി തോന്നപ്പെടുകയില്ല. ജാഗ്രത്തും സുഷുപ്തിയും ഏകീകരിച്ചുനില്ക്കും. ശരീരം സ്തബ്ധമാകും. സ്വയമേവ ശരീരത്തിന്റെ ആന്തരചേഷ്ടകൾ നിലയ്ക്കും. പരമാത്മജ്ഞാനത്തിന്റെ വെളിച്ചത്തിൽ നാനാത്വങ്ങൾ നശിക്കുന്നതിനാൽ ഓരോ വസ്തുക്കളെപ്പററി അതാതറിവുകൾ എന്നില്ലാതെ, ഏററക്കുറച്ചിലുകൾ കൂടാതെയും ആകാശം, പോലെ അറിവു് എപ്പോഴും സമനിലയിലിരിക്കും. ആനന്ദം നിമിത്തഹേതുകമായിരിക്കയില്ല. ഒരേ ശ്രുതിയിൽ എപ്പോഴും ഒന്നുപോലെ ഉള്ളതായിരിക്കും. ഇതാണു് മുഖ്യാനന്ദത്തിന്റെ സ്വഭാവം.

സാർവ്വഭൗമനാം മർത്ത്യൻ, ഗന്ധർവ്വ,ദേവൻ,ധർമ്മൻ,
ഇന്ദ്രൻ, പിതൃക്കൾ, ബ്രഹ്മാ,വിരാട്,ഹിരണ്യഗർഭൻ,
ശുക്രൻ, കുബേരൻ, പതിനൊന്നാളുകൾക്കുമുള്ളാ-
നന്ദം ബ്രഹ്മാനന്ദാബ്ധിയ്ക്കോരോരോ നുരയാകും. 131

സാർവ്വഭൗമൻമുതൽ ഹിരണ്യഗർഭൻവരെപറഞ്ഞ പതിനൊന്നുപേരും എപ്പോഴും മഹത്തായ ആനന്ദം അനുഭവിക്കുന്നവരാണു്

എന്നാൽ ഇവരും ബ്രഹ്മാനന്ദത്തിന്റെ മഹിമയെ അറിഞ്ഞിട്ടുള്ള വരല്ലെന്നും ബ്രഹ്മാനന്ദം മറ്റെല്ലാ ആനന്ദങ്ങൾക്കും അതീതമാണെന്നും കാണിക്കാൻവേണ്ടി "പതിനൊന്നാളുകൾക്കുമുള്ളാനന്ദം ബ്രഹ്മാനന്ദാബ്ധിയ്ക്കോരോന്നരയാകും" എന്നു പറഞ്ഞു.

ഏവനായാലുമവൻ തുര്യാതീതത്തി,ലേഴാം
ഭൂവതിൽപള്ളികൊള്ളുംവരിഷ്ഠനറിഞ്ഞീട്ടു.
നാരദൻ, ശുകൻ, ബ്രഹ്മാ, വിഷ്ണു, വിശ്വരൻതൊട്ട
വീരന്മാക്കൊത്തുമുഖ്യാനന്ദത്തെയുണ്ടുപോരും;
എന്നുംഭവത്തിനാഭാവംതന്നെസുഖാനുഭവ-
മെന്നുമുൻദൃഷ്ടാന്തത്തെപ്പാർത്തറിഞ്ഞീട്ടു,പുത്രാ!
ഈവിധമനുഭവയോഗത്തിലിരിപ്പോൻ തൻ
ചേവടിപ്പൊടിശിരോഭൂഷണമെനിക്കോർക്കു. 132

ഏവനായാലും—ഏതു ജാതി, മതത്തിൽ പെട്ടവനായാലും ജീവബോധം ഒഴിഞ്ഞുമാറിയവൻ.

തുര്യാതീ.......നറിഞ്ഞീട്ടു—ഏഴാം ജ്ഞാനഭൂമിയായ തുര്യാതീതപദത്തിൽ ആനന്ദിച്ചിരിക്കുന്ന വരിഷ്ഠനാണു്.

എന്നുംഭ .. ....പുത്രാ!— സർവ്വവ്യവഹാര കാര്യങ്ങളുടേയും ഒഴിവു (ഇല്ലായ്മ) തന്നെയാണു് അനുഭവാനന്ദത്തിന്നു നിദാനം എന്നറിയുക. മുൻപദ്യത്തിൽ പറഞ്ഞ സാർവ്വഭൗമൻ മുതൽ കുബേരൻവരെ പറഞ്ഞ പതിനൊന്നുപേരും അനുഭവിക്കുന്നതു വ്യവഹാരകാര്യങ്ങളിൽക്കൂടിയുള്ള ആനന്ദമാണു്. വ്യവഹാരമേ മിഥ്യയായതിനാൽ ആ ആനന്ദത്തിനും സത്തയില്ല. വെറുംമിഥ്യാബോധം മാത്രമാണു്. സുഖത്തിന്റെ അനുഭവമല്ല. നാരദൻ, ശുകൻ, തുടങ്ങിയവർ നിത്യജ്ഞാനികളാണു്. ത്രിമൂർത്തികൾ അകർത്തൃത്വം ഉള്ളവരായതിനാൽ വ്യവഹാരമൊഴിഞ്ഞ നിത്യാനന്ദാനുഭവം അവക്കും ഉണ്ടു്. അതി

നാൽ അവരും അനുഭവപരമായ മുഖ്യാനന്ദത്തെ അനുഭവിക്കുന്നു എന്നു സിദ്ധം. ദൃഷ്ടാന്തത്തിൽക്കൂടി മനസ്സിലാക്കേണ്ടതു് സാർവ്വഭൗമാദികൾ വ്യവഹാരമൊഴിഞ്ഞവരല്ലാത്തതിനാൽ അവർ മിഥ്യാജഗത്തിൽ തോന്നുന്ന ആനന്ദത്തെ അറിയാതെ സത്യമാക്കിക്കൊള്ളുന്നവർമാത്രമാണെന്നും അവരുടെ ആനന്ദം നശ്വരമാണെന്നു മാണു്. പ്രത്യുതശ്ശുക, നാരദാദികൾ നിർവ്യവഹാരികളായതിനാൽ അവർ ആനന്ദത്തിൻെറ നിത്യാനുഭവമുള്ളവരാണു്.

ഈവിധ........നിക്കോർക്കൂ—ഇപ്രകാരം നിത്യാനന്ദാനുഭവം സ്വരൂപമായിത്തീർന്ന അപൂർവ്വമഹത്തുക്കളെ ഞാൻ എപ്പോഴും നമസ്കരിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പറഞ്ഞ സ്വാനുഭവത്തെപ്പററി അവിരോതവൃന്തിയാർ ഇപ്രകാരംപറഞ്ഞിരിക്കുന്നു:-

"നാനററപോതത്തെനാനായ മുത്തിയെ
നാനെങ്ങണംശൊൽവതുന്തീ പറ
നാന്മറൈ കെട്ടതെൻവന്തീപറ"

ഈവണ്ണംസുഖമഞ്ചും ചൊല്ലിനേൻ,വിദ്യാനന്ദ-
മാവോളംചൊല്ലാംമേലെന്നാത്മജാ ! കേട്ടീടതും
മായയുംസച്ചിദാനന്ദത്തെയുംചൊന്നപ്പോൾ മു-
മ്പോതിനേ നദ്വൈതാനന്ദാത്മാനന്ദങ്ങളേയും;
സന്ദേഹമുണ്ടെന്നാൽ ഞാനിനിയും പറഞ്ഞീടാം
ബന്ധമററോരെൻ കണ്ണേ ! കനിഞ്ഞുകേട്ടാലുംനീ! 188

വിഷയാനന്ദം, ബ്രഹ്മാനന്ദം, വാസനാനന്ദം, നിജാനന്ദം, മുഖ്യാനന്ദം എന്നീ അഞ്ചാനന്ദങ്ങളേയും പററി പറഞ്ഞു കഴിഞ്ഞു. ഇനിയുള്ളതിൽ വിദ്യാനന്ദത്തെപ്പററി പറയാം. അദ്വൈതാനന്ദം, ആത്മാനന്ദം ഇവയെപ്പററി മായയേയും സച്ചിദാനന്ദത്തെപ്പററിയും 120-ാം പദ്യത്തിനുതൊട്ടുമുമ്പുള്ളപദ്യങ്ങളിൽ പ്രതിപാദിച്ചപ്പോൾ മൊത്തു പ്രതിപാദിച്ചിട്ടുണ്ടു്. സംശയം എന്തെങ്കിലും ഉണ്ടോ? ഇനിയും പറയാം.

എന്നെയും ഗുരുനെയും വൻലോകത്തെയും ഛമച്ച-
ഭിന്നമായ് കാത്തുപോററുമുയിരേ! ഗുരുവേ! ചൊല്ല,
മുന്നമേചൊന്നസച്ചിദാനന്ദവാക്കിന്നത്ഥ-
മൊന്നിനൊന്നന്യമായിബ്ഭേദിച്ചുനിന്നാലയ്യോ,
വൃത്തിയിൽ ചുററും ചിത്തമെങ്ങനെയുറച്ചീടാൻ?
നേർത്തു പര്യായങ്ങൾക്കു സംബന്ധവും ഞാൻകാണാ;
കുസുമങ്ങൾ പലതും തിരഞ്ഞിക്കൂട്ടിവച്ചഖണ്ഡൈക-
രസമായ്നില്ക്കും മട്ടിൻ മട്ടുപോൽ പറഞ്ഞാലും. 134

എന്നെയും.........ഗുരുവേ! — ഞാൻ, എനിക്കുഗോചര മായ ഈശ്വരൻ, ഗോചരമായ ഈ ലോകം മൂന്നിനും ഏകാധാര മായ ബ്രഹ്മംതന്നെ മനുഷ്യാകാരത്തിൽ പ്രത്യക്ഷനായിനില്ക്കുന്ന സത്ഗുരുവേ!

മുന്നമേ............ച്ചീടാൻ? അസ്തി, ഭാതി, പ്രിയം, അതായതു് ഉണ്ടു് (ഉള്ളതു) പ്രകാശിക്കുന്നു. (പ്രകാശിക്കുന്നതു) ആനന്ദം ആയിരിക്കുന്നു എന്ന അത്ഥത്തിൽ സച്ചിദാനന്ദത്തെ മുമ്പു അങ്ങ് അരുളിച്ചെയ്തിട്ടുണ്ടു്. ഏകവസ്തുവായ ബ്രഹ്മത്തെ സത്തു്, ചിത്തു്, ആനന്ദം എന്നു മൂന്നായിപ്പറഞ്ഞാൽ മനസ്സു് വീണ്ടും നാനാത്വ ങ്ങളിലേക്കു തന്നല്ലോ പ്രയാണം ചെയ്യും. സ്വതേതന്നെ അതു് നാനാവൃത്തികളിൽ മുഴുകിയിരിക്കുകയുമാണു്. ഇങ്ങനെ പലതു മായി അംശിക്കപ്പെട്ടിരിക്കുന്ന മനസ്സിനു് ഏകത്വഭാവനയുണ്ടാ കാൻ ഏക ബ്രഹ്മവസ്തു സത്തു്, ചിത്തു, ആനന്ദം എന്നുമൂന്നായി അംശിക്കപ്പെട്ടിരുന്നാലെങ്ങനെയൊക്കും?

നേത്തു പര്യാ...........ഞാൻ കാണാ—ഒരേ അത്ഥത്തെ കുറി ക്കുന്ന പര്യായപദങ്ങളാണെന്നു വരികിൽ സത്തു, ചിത്തു, ആനന്ദം എന്നീവാക്കുകൾക്കുതമ്മിൽ എന്തു സംബന്ധമുണ്ടെന്നും ഞാനറിയുന്നില്ല.

കുസുമ......പറഞ്ഞാലും—തേൻ വിവിധ പുഷ്പരസങ്ങളും ഉൾക്കൊണ്ടതാണെങ്കിലും അതിൽ ഒരു രസമേയുള്ളു എന്നതുപോലെ സച്ചിദാനന്ദബ്രഹ്മത്തിൻെറ ഏകഭാവത്തെപ്പറഞ്ഞാലും.

ശൈത്യ, മാർദ്രത, വെൺമയെന്നമൂന്നവസ്ഥക-
ളൊത്തവെള്ളത്തെമൂന്നായംശിച്ചുചൊല്ലിടാമോ?
ഭിന്നമായ്കാണംപ്രകാശം, ചൂടുംചുവപ്പുമാ-
ണെന്നുള്ള ഭേദങ്ങളാലഗ്നിയും മൂന്നാകുന്നോ?
ആകാശാദിപ്രപഞ്ചമത്തുമിങ്ങസത്ത,ദു
ദുഃഖവും, ജഡം, മൂഢമെന്നുംപിരിച്ചുതള്ളി
അക്രമമറിഞ്ഞീടാൻവേണ്ടിവേദവുംചൊന്ന
സത്താദിബ്രഹ്മ,മുണ്ണി!, യേകമെന്നറിഞ്ഞീട്ടു. 165

തണുപ്പ്, ദ്രവത്വം, വെൺമ ഇവ ജലത്തിൻെറ സ്വഭാവം. പ്രകാശം, ചൂട്, ചുവപ്പുനിറം ഇവ അഗ്നിയുടെ സ്വഭാവം. ഇവയിൽ ഓരോന്നിൽനിന്നും അതാതിൻെറ ഗുണങ്ങളെ മുമ്മൂന്നായി പിരിച്ചാൽ ജലമോ അഗ്നിയോ അവശേഷിക്കുന്നില്ല. ഈ പറഞ്ഞ (മുമ്മൂന്നു) പിരിവുകൾ ഗുണനാമം കൊണ്ടുണ്ടാവുന്നതല്ലാതെ വസ്തു മൂന്നായി പിരിയുന്നില്ല. അസത്തായ ജഡം, മൂഢത്വം, ദുഃഖം ഈ മൂന്നിൻെറ ഏകത്വമാണ് ഈ ജഗത്തു്. ഇതിനെതിരായി സത്തു്, ചിത്തു്, ആനന്ദം ഇമ്മൂന്നിൻെറയും ഏകത്വമാണ് ബ്രഹ്മമെന്നും വേദം പറയുന്നതു് ബ്രഹ്മത്തെ പ്രയാസംകൂടാതെ മനസ്സിലാക്കാൻ ഒരുപായമായിട്ടാണ്.

ഉദാഹരണം:-

"ഒളി, ചൂട്, ചുവപ്പെന്നും പിരിയാത്തോരഗ്നിയെപ്പോ-
ലിളകാസച്ചിദാനന്ദമൊന്നേയാം ചിത്കിളിയേ;
അസത്ത, ജഡ, ദുഃഖമെന്നിവതള്ളിവിട്ടി-
ട്ടവശിഷ്ടിക്കുംവസ്തുസച്ചിദാനന്ദമെന്നുകാണു.

(ചിത്കിളിക്കണ്ണി—(തർജ്ജമ)

നിത്യ, പൂരണ, മേകം, പരമാര്ത്ഥം, പരബ്രഹ്മം
സച്ചിദാനന്ദം, ശാന്തം, കൂടസ്ഥൻ, സാക്ഷിബോധം,
ശുദ്ധം, സനാതനം, ലക്ഷ്യം, വിൺജ്യോതി, ജീവതത്ത്വം,
മുക്ത, മാത്മാവു, സൂക്ഷ്മം, വിഭുവെന്നമോതും വേദം. 156

നിത്യം—കാലാതീതമായതിനാൽ 'ഉണ്ടായതല്ലാ', 'ഉള്ളതു'' എന്നമാത്രം വ്യവഹരിപ്പെടാനാവുന്നതു്.

പൂരണം—അത്യന്തം ബൃഹത്തും എങ്ങും ഊട്ടുരവെ നിറഞ്ഞിരിക്കുന്നതും.

ഏകം—നാനാത്വമാണു് ദൃശ്യങ്ങളെ ദൃശ്യങ്ങളാക്കിവച്ചുകൊണ്ടിരിക്കുന്നതു്. നാനാത്വമില്ലെങ്കിൽ കാണാൻ ഒന്നും ഉണ്ടായിരിക്കുകയില്ല. ഇങ്ങനെ കാണാൻ ഒരു വിഷയമല്ലാതിരിക്കുന്ന കാരണം ഏകമെന്നായിരിക്കുന്നു.

പരമാര്ത്ഥം—എക്കാലത്തും ഉള്ളതായതിനാൽ പരമാർത്ഥം.

പരബ്രഹ്മം — സര്വ്വം ബ്രഹ്മമായിരുന്നാലും അതെത്തുപെടാതെ, ആരോപിത ദൃശ്യങ്ങളാൽ മറവുപെട്ടിരിക്കുന്നതിനാൽ പരബ്രഹ്മം.

സച്ചിദാനന്ദം —ഉണ്ടു് (സത്) പ്രകാശിക്കുന്നു, (ചിത്) ആനന്ദമായിരിക്കുന്നു, എന്നുള്ളസ്വരൂപത്തോടുകൂടിയതു്. (അസ്തി, ഭാതി, പ്രിയ സ്വരൂപി)

ശാന്തം — നിർവ്വികാരവും നിശ്ചഞ്ചലവുമായ ചൈതന്ന്യം നിർവ്യവഹാരിയായി ചൈതന്ന്യമാത്രമായിരിക്കുന്ന അവസ്ഥയെ ശാന്തമെന്നും പറയുന്നു.

കൂടസ്ഥൻ സകലവൃത്തികളുമൊഴിഞ്ഞ ജീവാത്മാവു, കൂടസ്ഥബ്രഹ്മമായിരിക്കുന്നു

സാക്ഷിബോധം — സർവ്വത്തിനും സാക്ഷിമാത്രമെന്നായും അതും വെറും ബോധമാത്രമായ നിലയിൽ ആ ബോധമേ സ്വരൂപമായതു്.

ശുദ്ധം —സർവ്വവാസനകളും അററിരിക്കുന്നതിനാൽ ശുദ്ധം.

സനാതനം — അനാദിയായി ഒരേ സ്വരൂപത്തിലിരിക്കുന്നതു്.

ലക്ഷ്യം — ജീവേശ്വര വാച്യാൎത്ഥങ്ങൾക്കു് ലക്ഷ്യമായും നിവൃത്തിയായും ഇരിക്കുന്നതു്.

ചിൻജ്യോതി — ചിദാകാശത്തിൽ സ്വയം പ്രകാശകവസ്തുവായിരിക്കുന്നതു്.

ജീവതത്ത്വം — ഉയിരിനും ഉയിരായിരിക്കുന്നതു്.

മുക്തം — ഒരിക്കലും ഒന്നിനോടും സംബന്ധമില്ലാതെ എപ്പോഴും മോചനസ്വരൂപത്തിലിരിക്കുന്നതു്.

സൂക്ഷ്മം — സ്ഥൂലവസ്തുക്കൾക്കു് ആകാരത്തെ കൊടുക്കുമാറു് നിരാകാരനായിരിക്കുന്നതു്.

വിഭു — അഖണ്ഡമായിരിക്കുന്നതു്.

ഓതുംവേദം — വേദം പലപൎയ്യായപദങ്ങളാൽ (ഏക) ബ്രഹ്മവസ്തുവിനെ വൎണ്ണിക്കുന്നു.

നിശ്ചലം, നീരഞ്ജനം, അമൃത, മപ്രമേയം,
അജഡ, മഗോചര, മതുല, മനാമയം,
നിൎഗ്ഗുണം, നിൎവ്വികാര, മഖണ്ഡം, സംഗഹീന-
മദ്വൈത, മനാദി പൎയ്യായങ്ങളുണ്ടനേകം. 187

അചലം — ഒരിക്കലും ഇളക്കമെററതു്, നിരഞ്ജനം — കളങ്കമററതു്, അമൃതം — നാശമില്ലാത്തതു്, അപ്രമേയം — അറിയപ്പെടാത്തതു്, അജഡം — ചൈതന്യം, അഗോചരം — കാണാൻപാടില്ലാത്തതു്, അതുലം — ഒപ്പററതു്, അനാമയം — ദുഃഖരഹിതം, നിൎഗ്ഗുണം — ഗുണരഹിതം, നിൎവ്വികാരം — വികാരമററതു, സംഗഹീനം — അന്യത്വമില്ലാത്തതു, അദ്വൈതം—ഏകം, അനാദി — ആദിയില്ലാത്തതു.

ഇതുപോലെ ബ്രഹ്മത്തിന്ന അനേകം പൎയ്യായപദങ്ങൾ ഉണ്ട്.

ഈവിധംവിധി, നിഷേധം, ഗുണങ്ങളും ഭേദമെന്നാ-
ന്നാവുന്നവെന്നപൊരുളേകം രണ്ടെന്നതില്ലേ;
ഒന്നിനോത്തുംപദങ്ങൾ ഭിന്നങ്ങളായതിന്നാ-
ലൊന്നേസച്ചിദാനന്ദത്തിൻ പൊരുളാകുംബ്രഹ്മം;
ഇത്തരംബ്രഹ്മസ്വരൂപത്തിന്റെ യേകത്വത്തെ-
യൊത്തറിഞ്ഞത്തുംനീയെന്നഖണ്ഡപൂർണ്ണമാക്ക. 138

നീലകണ്ഠൻ, ചന്ദ്രശേഖരൻ, കൈലാസേശ്വരൻ, ഉമാപതി എന്നിങ്ങനെ ശിവന്ന പൎയ്യായനാമങ്ങൾ പുരാണങ്ങളിൽ ഘോഷിക്കുന്നതുപോലെ ബ്രഹ്മത്തിന്ന സത്തു, ചിത്തു്, ആനന്ദം എന്നീ പൎയ്യായനാമങ്ങൾ പറയപ്പെടുന്നു. ഒരു വസ്തുവായ ബ്രഹ്മത്തെ പ്രതിപാദിക്കുന്ന വാക്കുകൾ ഭിന്നങ്ങളായിരുന്നാലും ദ്വൈതം ഏല്പെടാതെ ഒരു വസ്തുവിനെത്തന്നെ കുറിക്കുന്നതിനാൽ സച്ചിദാനന്ദബ്രഹ്മം ഏകം മാത്രമായിരിക്കുന്നു. അപ്രകാരമുള്ള ബ്രഹ്മസ്വരൂപത്തെ നല്ലവണ്ണമറിഞ്ഞു നീ അഖണ്ഡപൂർണ്ണാനന്ദഭാവത്തിലിരിക്കുക.

നിർഗ്ഗുണവസ്തുവിന്ന ഗുണങ്ങൾ വർണ്ണിച്ചിട്ടും
ദുർഗ്ഗുണംതായാർവന്ധ്യയെന്നപോലെന്നെണ്ണൊല്ലേ,
സത്തമാ! വസ്തുവെക്കാട്ടീടാതെ കണ്ടോരുണ്ടോ?
ഉത്തമരേവരും, ജീവന്മുക്തിയെപ്പെറുന്നോരു,
സത്യമായ്ക്കണ്ടുബ്രഹ്മജ്ഞാനത്തെത്തോന്നിപ്പിക്കാൻ,
ഉക്തമാംഗുണങ്ങളൊന്നുംബ്രഹ്മത്തിൻ ഗുണങ്ങളല്ല;
ശക്തിയാണെങ്ങുംകണ്ടുബ്രഹ്മസ്വരൂപംമാത്രം. 139

നിർഗ്ഗുണ ... ..നെന്നെണ്ണൊല്ലേ - തായ്, വന്ധ്യയല്ലാത്തതുപോലെ വന്ധ്യ, തായുമല്ല. എന്നാൽ വന്ധ്യ, തായായെന്നു വരാം. എങ്കിലും തായ് ഒരിക്കലും വന്ധ്യയാവുന്നില്ല. അതുപോലെ

നിർഗ്ഗുണത്തിൽ സഗുണത്തെ ആരോപിക്കാമെങ്കിലും സഗുണത്തിൽ നിർഗ്ഗുണത്തെ ആരോപിക്കാൻ കഴിയുന്നില്ല. ഒരു വസ്തുവിൽ അതിനു കടകവിരുദ്ധമായതിനെ ആരോപിച്ചു പറയുന്നതിനുദാഹരണമായിട്ടാണ് മലടിയെ തായെന്നു പറയാവുള്ളതു്. മലടിയിൽ തായുടെ സ്വരൂപം ഉൾക്കൊണ്ടിരിക്കുന്നു. പക്ഷെ തായിൽ മലടിയുടെ സ്വരൂപം ഒരിക്കലും അടങ്ങിയിരിക്കുന്നില്ലാത്തതിനാൽ നിർഗ്ഗുണത്തെ സഗുണമാക്കിപ്പറയുന്നതിലുള്ള വിരോധാഭാസം തായെ, വന്ധ്യയാണെന്നു പറയുന്നതിലുള്ള വിരോധാഭാസത്തിനു തുല്യമല്ല. (പ്രത്യുത, 'മലടിമകൻമരിച്ചു' എന്നതിൽ മലടിയെ അമ്മയാക്കിപ്പറയുന്നതിലുള്ള വിരോധാഭാസം പോലെയാണു്.)

വസ്തുവെ ...... കണ്ടോരുണ്ടോ?—മുയലിനെ കണ്ടിട്ടില്ലാത്തവൻ അതിനെകണ്ടാലും മുയലാണെന്നറിയുന്നില്ല. മറെറാരാൾ ഇതു മുയലാണെന്നു കാണിച്ചു പറയുമ്പോഴേ അതിനെ കാണുന്നതാകുന്നുള്ളു. അതുപോലെ (നിർഗ്ഗുണബ്രഹ്മ) വസ്തുവിനെയും.

ഉത്തമ ...... പംമാത്രം—വേദങ്ങളിൽ ബ്രഹ്മലക്ഷണങ്ങളായിപ്പറഞ്ഞിട്ടുള്ളവ ബ്രഹ്മസ്വരൂപലക്ഷണങ്ങളാവാനേതരമുള്ളു. ബ്രഹ്മത്തെക്കുറിക്കാൻ അതിനെ കാണുകതന്നെ വേണം. കാണുന്നതോ, ഇനിയൊരാൾ (ഗുരു) കാണിച്ചു പറഞ്ഞാലേ കാണുകയുമുള്ളു

ഒരാളിൻെറ ചിത്രമെഴുതുന്നതു ആ ആളിൻെറ ലക്ഷണങ്ങളെ പറഞ്ഞു കേട്ടെഴുതിയാൽ എത്രകണ്ടു ശരിയായിരിക്കും. അതുപോലെയുള്ള അന്തരം ബ്രഹ്മത്തെ കേട്ടറിയുന്നതും കണ്ടറിയുന്നതും തമ്മിലുമുണ്ടു്.

എൻമോഹതമസ്സാററാൻ കോടിസൂര്യൻ കണക്കെ
എന്മനനിലുദിച്ചോരെൻ സത്ഗുരോ ! ജ്ഞാനഭാനോ !

എന്നേക പൂർണ്ണസ്വരൂപം സ്ഥിരമുറച്ചുള്ളിൽ
നിന്നീടുമ്മാറുശാസ്ത്രം ചൊന്നപോലറിഞ്ഞേൻ ഞാൻ
യുക്തികൾ ചേരുമ്മട്ടിലങ്ങിനിക്കഥിച്ചെന്നാൽ
ചിത്തത്തിലേൽക്കും പച്ചവൃക്ഷത്തിലാണിപോലെ. 140

ശ്രുതി, യുക്തി, അനുഭവമൊന്ന മൂന്നിൽ ശ്രുതിപ്രമാണങ്ങൾക്കനുസരണമായിപ്പറഞ്ഞ അറിവുകളെ ഞാൻ ഭക്തിപൂൎവ്വം ബോധിച്ചുകഴിഞ്ഞു. അതിനാൽ എന്റെ നിത്യസത്യസ്വരൂപം എന്നിൽ കൂടുതൽ കൂടുതൽ പ്രകാശിക്കുന്നുമുണ്ടു്. ഇനി യുക്തിക്കനുസരണമായി അരുളിച്ചെയ്തു്, പച്ചമരത്തിൽ തറഞ്ഞ ആണി എന്നപോലെ സ്വസ്വരൂപം എന്നിലേറ്റുറച്ചിരിക്കത്തക്കവണ്ണം അനുഗ്രഹിച്ചാലും.

സത്തേ ചിത്താകു, മന്ന്യമായാലസത്താ,മ-
സത്താകി,ലോർക്കു, സാക്ഷിയേകമായ്നിന്നതാമോ?
ചിത്തേസത്താകു,മന്ന്യമെങ്കിലോ ജഡമാകും;
പാർത്തറിഞ്ഞീടാം ജഡമാണെങ്കിൽ സ്ഥിതിയുമില്ല;
മാറാതെന്നില്ലും സത്തും ചിത്തുമാനന്ദമാവും
നേരൊത്തു യുക്തിക്കെല്ലാം ബീജമായിതുന്നില്ലും
മറെറാന്നാണെന്നു വന്നാൽ ജഡം പോലസത്തുമാകും
തെററാതെ സുഖാനുഭവമുണ്ടാകയില്ല തെല്ലും. 141

ചിത്തെന്നു പറയുന്നതു സത്തുതന്നെയാണു്. ചിത്തു് സത്തല്ലാതെ മറെറന്തെങ്കിലുമാണെങ്കിൽ പിന്നെ അസത്തായിരിക്കാനല്ലേ ന്യായമുള്ളു. ഒരു പക്ഷെ ചിത്തു് (സത്തല്ലാ) അസത്താണെങ്കിൽ അതായതു് സത്തും ചിത്തും രണ്ടാണെങ്കിൽ ഇവരണ്ടും ചേൎന്നുള്ള സാക്ഷി വസ്തുവിനു് ഏകം എന്ന പദവി എങ്ങനെ ലഭ്യമാവും. സത്തു് (എപ്പോഴും) ഉള്ളതും അഴിവററതും ആണു്. അതിനാൽ ചിത്തു്, ഒരു വേള സത്തല്ലാ എന്നു വരികിൽ അഴിയുന്ന ജഡവസ്തുവായിരിക്കാനേ തരമുള്ളു. ഇപ്രകാരം ചിത്തു്

ജഡമാണെന്നു വരികിൽ അതിന്നു നില (സ്ഥിതി) യുണ്ടായിരിക്കാനും തരമില്ല. ഇപ്പറഞ്ഞ യുക്തികളാൽ സത്തും ചിത്തും ഒന്നുതന്നെയെന്നുവരുന്നു. അഴിയുന്നതുകൾ ആനന്ദപ്രദമായിരിക്കുകയില്ല. അതിനാൽ അഴിവററ സത്തും ചിത്തും ആനന്ദമാണെന്ന സ്വാനുഭവവും സിദ്ധിക്കുന്നു. ഇവിടെ ഉള്ളതേ (സത്തേ) പ്രകാശിക്കുകയുള്ളുവെന്നും പ്രകാശിക്കുന്നതു ആനന്ദമാണെന്നും മനസ്സിലാക്കണം. ഈ സ്വാനുഭവത്തിൽ നിന്നുമാണു യുക്തികൾ എഴുമ്പുന്നതു്. അനുഭവം ശരിയാകാത്തതു് യുക്തികൾ യുക്തികളല്ല. അതിനാൽ സച്ചിദാനന്ദസ്വാനുഭവം എല്ലാ യുക്തികൾക്കും ആദിയും ബീജവുമായിത്തീരുന്നു. ഇപ്രകാരം സ്വാനുഭവത്തിൽ അധിഷ്ഠിതമല്ലാത്ത യുക്തികൾ അനുഭവത്തെ തരാനും ഇടയില്ലല്ലോ.

സച്ചിദാനന്ദം ഏകമാണെന്നതിനെ വീണ്ടും പ്രതിപാദിക്കുന്നു.

കെട്ടുപോകാത്തസത്തുംനിയതംപ്രകാശിച്ചു-
തൊട്ടുമേ സ്വയമേവ? മററൊന്നിനാലോ, പുത്രാ?
വ്യവഹാരത്താലന്യമെന്നാലസത്തോ, സത്തോ?
അസത്താണെന്നാൽ വന്ധ്യാപുത്രനും വൃത്തിയുണ്ടോ?
സത്തിന്നെ യസത്തെന്നു മാററിപ്പറഞ്ഞെന്നാകിൽ
യുക്തിക്കു ചേരാ, കുതർക്കങ്ങൾക്കു മിടയാകും. 142

ഇക്കണ്ടതുകളൊക്കെയുമറിയുന്ന താൻ അവക്കു മുമ്പും പിമ്പും ഉള്ളവനായിരിക്കുന്നു. ഇല്ലാത്തതു പ്രകാശിക്കുകയില്ല. അപ്പോൾ പ്രകാശിക്കുന്നതു ഉള്ളതായിരിക്കും. ഉള്ളതു ഉണ്ടായതല്ല. ഉണ്ടായതല്ലാതെ ഉള്ളതാണെങ്കിൽ സ്വയമേവ ഉള്ളതായിരിക്കണം. (സ്വയമേവ) ഉള്ളതു് സ്വയമേവ പ്രകാശിക്കുന്നതുമായിരിക്കണം. അതിനാൽ 'കെട്ടുപോകാത്ത സത്തും നിയതം പ്രകാശിപ്പതു' എന്നു പറഞ്ഞു. മുൻപറഞ്ഞ വിശദീകരണത്തിൽ നിന്നും സത്തുപ്രകാശിക്കുന്നതു് സ്വയമേവ തന്നെ എന്നു സിദ്ധമാവുന്നു. ഇനി

സത്തിനെതിരായി ഒരസത്തില്ലെന്നു സ്ഥാപിക്കുന്നതു നോക്കുക.

ഈ വ്യവഹാര പ്രപഞ്ചം മിഥ്യയാണെന്നും അസത്താണെന്നും നാം സാധാരണ പറയുന്നു. ഈ വ്യവഹാരലോകത്തിനു ഉത്ഭവ, സ്ഥിതി, നാശങ്ങളുണ്ടു്. അതായതു് അസത്തു ഉത്ഭവിക്കുന്നു, സ്ഥിതിചെയ്യുന്നു, (പ്രകാശിക്കുന്നു) ഇല്ലാതാവുന്നു. സത്തു ഉള്ളതാണെങ്കിൽ അസത്തു ഇല്ലാത്തതും. അപ്പോൾ ഇല്ലാത്തതു ഉണ്ടാകുന്നു, നശിക്കുന്നു എന്നും മററുമാണു്. വന്ധ്യാപുത്രൻ ഇല്ലാത്തതാണു്. അതിനാൽ വന്ധ്യാപുത്രൻ മരിച്ചു എന്നു പറയുന്നതു അത്യന്തംമിഥ്യയാവും. അങ്ങനെ ഈ ജഗത്തിന്റെ ഉത്ഭവ, സ്ഥിതി, നാശങ്ങൾ നിഷേധിക്കപ്പെടുന്നു. അഥവാ ഉത്ഭവ, സ്ഥിതി, നാശങ്ങൾ സമ്മതിക്കപ്പെടുകയാണെങ്കിൽ ഈ വൃത്തിഭേദങ്ങൾ സത്തിന്നുസംഭവിക്കുന്നതായേ വരുന്നുള്ളു. എന്നാൽ (എപ്പോഴും) ഉള്ളതു എന്ന അർത്ഥത്തിൽ സത്തിനു് ഉണ്ടാവുക, ഇല്ലാതാവുക എന്നീ വൃത്തികൾ ഇല്ലതാനും. ഇനി, സത്തിനെ അസത്താണെന്നു മാററിപ്പറയുന്നതാണെന്നു വരികിൽ അതിനെന്തു യുക്തിയാണുള്ളതു്? യുക്തിയില്ലാത്ത കാരണം കുതർക്കങ്ങൾക്കു കാരണമായിത്തീരുകയും ചെയ്യും.

ചിത്ക്കിളിക്കണ്ണിയിൽ ഇപ്രകാരം പറയുന്നു:—

"ശത്താകി, ച്ചിത്താകി, ച്ചന്തതനിർച്ചിത്തതനൈ
ഒത്തുണരിലാനന്തമോങ്കിവരുംചിത്ക്കിളിയേ".

ഉത്തമമായശ്രുതി, യുക്തികൾകൊണ്ടുനിന്നിൽ
നിത്യവുമനുഭവമെത്തിടുന്നതും കേൾക്ക;
നിദ്രക്കുശേഷം കണ്ടസൗഖ്യവും സ്മൃതിരൂപ
ഭദ്രമായിരുന്നതുമനുഭവിക്കുന്നല്ലോ നീ.
സുഷുപ്തിപോൽപ്രളയമിരണ്ടിലുംശൂന്യത്തെക്ക-
ണ്ടെത്തിടാൻശേഷിക്കും നിൻപൂർണ്ണത്വംപാർത്തുകാണ്ക. ൧൪൩

സ്വസ്വരൂപജ്ഞാനം ശ്രുതി, യുക്തി, അനുഭവം എന്നീ മൂന്നിനെയും ആശ്രയിച്ചിരിക്കുന്നു. ശ്രുതി, യുക്തിക്കും, യുക്തി

അനുഭവത്തിനും ഒത്തിരിക്കുകയും വേണം. ഇതിൽ ശ്രുതി, യുക്തി എന്നിതുകളെ പറഞ്ഞുകഴിഞ്ഞു. ഇനി അതുകൾ അനുഭവത്തിനെത്രമാത്രം ഒത്തിരിക്കുന്നുവെന്നു പറയാം.

നിദ്രാസുഖത്തെ നിദ്രാവേളയിൽ അറിയുന്നില്ല. എന്നാൽ ഉണർന്നശേഷം ഉറക്കവേളയിൽ താൻ അറിയാതെ അനുഭവിച്ച പരമസുഖത്തെ ഓർമ്മിച്ചനുഭവിക്കുന്നുണ്ടു് (സുഖിക്കുന്നുണ്ടു്) ഇവിടെ ഇന്ദ്രിയബോധം ഒഴിഞ്ഞിരുന്നിടത്തു് സ്വസ്വരൂപ സൗഖ്യം ഉദയമാവും എന്ന ശ്രുതി, യുക്തികൾക്കനുഗുണമായ സ്വാനുഭവം സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. മേൽ ശ്രുതി, യുക്തി, അനുഭവങ്ങൾ ഏകീകരിക്കുന്നിടത്തുള്ള പൂർണ്ണത്വത്തെ സ്ഥാപിക്കുന്നു. നിമിഷപ്രളയം, ദിനപ്രളയം, യുഗപ്രളയം, എന്നു പ്രളയം പലവിധത്തിലുണ്ടു്. ഒരു പൂർണ്ണദിവസത്തിനകത്തു നിശാവേളയിലെ ഉറക്കത്തെ ദിനപ്രളയമെന്നു പറയുന്നു. പ്രളയത്തിൽ ജീവൻ നശിക്കുന്നില്ല. എങ്കിലും അവിദ്യയിലാണ്ടിരിക്കുന്നു. സുഷുപ്തിയിൽ ആത്മസ്വരൂപം ഉണർന്നിരുന്നാലും അവിദ്യാസമ്പർക്കത്താൽ ആത്മാവിന്റെ സ്വരൂപാനന്ദം അന്യാധീനപ്പെട്ടതുപോലിരിക്കും. അപ്പോഴുള്ള ആനന്ദാനുഭവത്തെപ്പററിയുള്ള ഈഷദ്ബോധം അപ്പോഴും ഉണ്ടു്. അതിനാലാണു് അതിനെ വിട്ടുപിരിയുമ്പോൾ ഉണരുന്നതും ഉണർന്നു് 'ഞാൻ സുഖമായുറങ്ങി' എന്നു പറയുന്നതും. അതോടുകൂടി 'ഒന്നും അറിഞ്ഞില്ല' എന്നും പറയുന്നു. ഒന്നും അറിയാത്ത അവസ്ഥ ശൂന്യമാണല്ലോ. ഒന്നും അറിയാത്തതിനെ അറിഞ്ഞതുകൊണ്ടാണല്ലോ 'ഒന്നും അറിഞ്ഞില്ലാ' എന്നു പറയുന്നതു്. ഒന്നും അറിയാത്തതു ശൂന്യവും അതിനെ അറിഞ്ഞതു പൂർണ്ണത്വവുമാണു്. ഈ പൂർണ്ണത്വം തന്നിലെപ്പോഴുമുള്ളതിനെ ഇപ്പറഞ്ഞതുപോലുള്ള ഉദാഹരണങ്ങളിൽ കൂടി ചിന്തിച്ചറിയണമെന്നുപദേശിക്കുകയാണു ഗുരു ചെയ്യുന്നതു്.

ഒരുനിമിഷം കണ്ണടയ്ക്കുന്ന ഒരാളിനു് സർവ്വവും അന്ധകാരമായിരിക്കുന്നു. ഈ അന്ധകാരത്തെ അയാൾ കാണുന്നു. കണ്ണു തുറക്കുമ്പോൾ വീണ്ടും സർവ്വവുമുണ്ടാകുന്നു. ഈ സൃഷ്ടി, സ്ഥിതി സംഹാരങ്ങൾക്കു താൻ സാക്ഷിയായിരിക്കുന്നു. കണ്ണടച്ചിരുന്ന സമയം ഒന്നും കാണാനില്ലാതിരുന്ന ശൂന്യത്തെ തന്റെ പൂണ്ണത്വം കൊണ്ടാണറിഞ്ഞു നിന്നതു്. താനും ശൂന്യനായിരുന്നാൽ (മരിച്ചവനോ, ബോധമില്ലാത്തവനോ ആയിരുന്നാൽ) ഈ ശൂന്യം (അന്ധകാരം) തന്നിൽ വിളങ്ങുകയില്ല. അരൂപരൂപത്തിൽ നിന്ന ഈ ശൂന്യത്തെ തന്റെ അരൂപാരൂപമായ പൂണ്ണത്വംകൊണ്ടാണുകണ്ടതു്. ഇപ്രകാരം സുഷുപ്തിശൂന്യത്തിലും പ്രളയശൂന്യത്തിലും ഉള്ളവനായിരുന്ന താൻ എപ്പോഴും പരിപൂർണ്ണനാണെന്ന ദൃഢത്വം തനിക്കുണ്ടാകണം.

ഉദാ: (1) "ഇച്ഛാമാത്രം പ്രഭുസൃഷ്ടി"

(സ്വരൂപദർശനം)

(2) ചുമ്മാതിരുന്ന സ്വയംജ്യോതിർബോധമൊന്നു
വിമ്മി, വിളഞ്ഞവിധംതന്നൊയറികെടോ
അമ്മ, മ്മ, ജീവേശ്വരജഗത്തായ് ചിന്തിനില്ലു-
നിമ്മട്ടിതാവേശത്തെനല്ലപോലുണന്നീട്ടു"

(സ്വരൂപദർശനം)

"ശൂന്യത്തെക്കണ്ടുകൊണ്ടതിനും മേൽസുഖബോധം
ഹാനിയെന്നിയേസൂക്ഷ്മമിരിക്കും ചിത്ക്കിളിയേ"
"ശൂന്യത്തെവിട്ടുനീക്കിസൂര്യനാമാത്മാവന്ത-
മെന്നിയേ വാഴുംവസ്തു ബ്രഹ്മമേ ചിത്ക്കിളിയേ"
"കാരണത്തിൻ തന്മാത്രയാകുമിക്കാര്യങ്ങളെ
വേരോടറുത്തിരുളകററിട്ടു ചിത്ക്കിളിയേ"

(ചിത്ക്കിളിക്കണ്ണി)

കലകൾ പലതിനും വല്ലഭനാം ഗുരുനാഥൻ
നലമായുരച്ചപോൽ ഞാനനുഭവം വിട്ടിടാതെ,
പലമലരിൻമട്ടിൻമട്ടാം സച്ചിദാനന്ദമേകം
പലപൊഴുതും കണ്ണുമൂടിദ്ധ്യാനിച്ചുണന്നാനേരം
പലവടിവാകും ചരാചരചിത്രങ്ങളെല്ലാം
പലതറ്റൊന്നായ്ത്തോന്നും പടത്തെക്കണ്ടേനയ്യോ! 144

പലമലരിൻമട്ടാം സച്ചിദാനന്ദത്തെപ്പററി 135-ാം പദ്യത്തിൽ പറഞ്ഞിട്ടുണ്ടു്.

പലപൊഴുതും—വിചാരിച്ച അവസരങ്ങളിലെല്ലാം

പുഷ്പങ്ങൾ പലതായിരുന്നാലും തേൻ അഭേദമായി, ഒന്നായിരിക്കുന്നപോലെ സർവ്വചരാചരങ്ങളിലും വ്യാപിച്ചിരുന്നാലും ഞാൻ ഭേദപ്പെടാതിരിക്കുന്ന സച്ചിദാനന്ദസ്വരൂപത്തിലിരിക്കുമ്പോഴെല്ലാം പ്രപഞ്ചവൈവിദ്ധ്യങ്ങളെ ഒന്നുമേ കാണാതെ എല്ലാം ഏകം എന്നുമാത്രമായിക്കണ്ടു.

ഒരാനയുടെ ഓരോ അവയവത്തിൻെറയും ചിത്രത്തിൽ ആനയെ കാണാനൊക്കുകില്ലല്ലോ. അവയവങ്ങൾ എല്ലാം ഒന്നിച്ചുകാണുമ്പോൾ ആനയെ കാണാം.

ഹൃദയത്തിനൊത്തോരെൻ ഗുരുവേ വിനോദമാ-
യിതുതാൻ നമുക്കുള്ളത,ന്യമൊന്നുണ്ടോ പാർത്താൽ,
ഇതിനെത്തന്നെ മന്ത്രിച്ചോർമ്മിച്ചിരിക്കയല്ലാ-
തിതരം വൃത്തിയുണ്ടോ ജ്ഞാനിമാർക്കന്തസ്സായി?
മുന്നം നീ ചൊന്ന ബോധാതീതവുമേഴാം ഭൂമി
തന്നുടെ പദവിയും വർണ്ണിക്കു പിതാവേ! മേൽ. 145

വ്യവഹാരങ്ങളെല്ലാമൊഴിഞ്ഞു സച്ചിദാനന്ദ ബോധമേ വ്യവഹാരമെന്നായിത്തീർന്നു, ആ അനുഭൂതിയിൽ നവംനവങ്ങളായിത്തോന്നുന്ന അതിശയങ്ങളല്ലാതെ അവസ്ഥ ഉപരിയായി

എന്തെങ്കിലുമുണ്ടോ ? മുമുക്ഷുക്കളോടും സാധുക്കളോടും ബ്രഹ്മാനുഭവത്തെപ്പററി സംസാരിച്ചുകൊണ്ടും അല്ലാത്തപ്പോൾ സമാധിയിൽ പ്രവേശിച്ചിരുന്നും മറവുമുള്ള ബ്രഹ്മവേഷ്ട സഹജമായിത്തീരുന്നതാണു് ജ്ഞാനിമാക്കലങ്കാരം.

ഭാവനാതീതവും ഏഴാംഭൂമിയുമായ തുര്യാതീതത്തെപ്പററി പറയാൻ തുര്യാതീതത്തിലിരിക്കുന്നവർക്കേ ഒക്കുമെന്നുള്ളതിനാൽ അല്ലയോ ഗുരുവേ പറഞ്ഞുതന്നാലും.

ജ്ഞാനഭൂമികളേഴുണ്ടജ്ഞാനഭൂമികളും
ജ്ഞാനികളേഴുണ്ടെന്നു ചൊല്ലിയിട്ടുണ്ടു മുന്നം;
ഒന്നാമതേഴജ്ഞാനഭൂമികളേയും ചൊല്ലാം;
ബീജ ജാഗരം, ജാഗ്രത്തും മഹാജാഗരം പിൻ
ജാഗരസ്വപ്നം, സ്വപ്നം, സ്വപ്നജാഗ്രത്തും പിന്നി-
ട്ടാഗ്ഗഢസുഷുപ്തിയേഴാമത്തേതുമറിഞ്ഞീടു. 146

അജ്ഞാനത്തേയും ജ്ഞാനത്തേയും ഏഴേഴുഭൂമികളായി തരം തിരിച്ചിട്ടുണ്ടു്.

അജ്ഞാനഭൂമികൾ :–

1. ബീജജാഗരം
2. ജാഗരം
3. മഹാജാഗരം
4. ജാഗരസ്വപ്നം.
5. സ്വപ്നം.
6. സ്വപ്നജാഗ്രത്തു്
7. സുഷുപ്തി.

തന്നഖണ്ഡ സ്വരൂപത്തിങ്കൽ നിന്നങ്കുരിച്ചീ-
ട്ടുന്ന തന്നറിവുമാത്രം ബീജജാഗരമാകും;
അറിവായോരീതിൽ പണ്ടില്ലാതവാറുദിച്ചീട്ട-
മഹന്തയത്രേ ചൊല്ലാം ജാഗരമായീടുന്നു.
ഈഞവനോരഹന്തയുംവളൎന്നുജന്മംതോറു-
മാവുന്നവൃത്തിമഹാജാഗരമെന്നുമോർക്കു

നാശത്തെച്ചെയ്യുമഹങ്കാരത്താൽ മനോരാജ്യ-
മാശയാൽകാണുന്നതേ ജാഗരസ്വപ്നവുംകേൾ. 147

ബീജജാഗ്രം—സാമാന്യമായി താൻ ഉണ്ടെന്നും തന്റെ വൈഭവങ്ങൾ ഇന്നതെന്നും ഉള്ള അറിവിൽ ഒന്നും ശരിയായി വിളക്കപ്പെടാതിരിക്കുന്ന അവസ്ഥ.

ജാഗ്രം—തന്നെപ്പററി തനിക്കുതന്നെ അറിയാം എന്നുള്ള അഹംഭാവനയോടുകൂടി ഇരിക്കുന്ന അവസ്ഥ. താൻ ഈ കാണപ്പെടുന്നതുകളിൽനിന്നും വ്യത്യസ്ഥനാണെന്നുള്ള അവസ്ഥയും ആ തോന്നലും ജാഗ്രം.

മഹൽജാഗ്രം—ജാഗ്രദാവസ്ഥയിലുള്ള അഹംഭാവന ജന്മാന്തരങ്ങളാൽ ശതഗുണീഭവിച്ച അവസ്ഥ.

ജാഗ്രത്സ്വപ്നം—ജാഗ്രദാവസ്ഥയിൽ തന്നെ താൻ അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യും എന്നും തന്റെ ആഗ്രഹങ്ങൾകൊണ്ട് താൻ തന്നിൽ മേന്മയടഞ്ഞവനായും മററും ആകാശക്കോട്ടകൾ കെട്ടുന്ന അവസ്ഥ. അതായതു് ഇല്ലാത്ത അവസ്ഥയെ ഉള്ളതായി അനുഭവിക്കുന്നു എന്നു് പ്രതീതമാകുന്നതു്.

ഉണ്ടുറങ്ങിനേരെന്നു നാനാ മനോരാജ്യങ്ങൾ
കണ്ടിടുന്നതേ സ്വപ്നം, സ്വപ്നജാഗ്രത്തോ, കേട്ടാൽ
പണ്ടുനീ സ്വപ്നം കണ്ടുമറന്നിന്നോൎമ്മിപ്പതാം;
മാണ്ടപോലിരുൾമൂടിപ്പോയതേ സുഷുപ്തിയും;
ഈസുഷുപ്തിയെത്തന്നെ യജ്ഞാനമെന്നും ചൊല്ലും;
മേൽസുഖപ്രദം ജ്ഞാനഭൂമികാളേഴും കേൾക്കൂ. 148

സ്വപ്നം—ഉറങ്ങിക്കിടക്കുമ്പോൾ ഉണ്ടാകുന്ന സ്വപ്നം.

സ്വപ്നജാഗ്രം—ആ സ്വപ്നത്തിൽ തന്റെ അഭിമാനവും അഹംഭാവനയും വിടാതെ അവിടെ പ്രവൎത്തിക്കുന്നു എന്നു് അറിവുപെടുന്ന അവസ്ഥ.

സുഷുപ്തി—മരിച്ചതുപോലെ സകല തന്റോടവുംവിട്ട് അവിദ്യയിൽ ആണ്ടിരിക്കുന്ന കാരണലയനിവൃത്തി.

ജ്ഞാനഭൂമികളേഴിനെയും മേൽപ്രതിപാദിക്കുന്നു.

വിദ്വാന്മാർവാഴ്ത്തുമൊന്നാം ഭൂമിയായ്ശുഭേച്ഛയെ-
ത്തത്രപിൻ, വിചാരണരണ്ടാമത്തേതുമോൎക്ക;
മൂന്നാമത്തേതു തനുമാനസി,നാലാംഭൂമി,
യെന്നതോസത്വാപത്തി, യഞ്ചാമതസംസക്തി;
ആറാമതായ്പദാൎത്ഥഭാവന,യേഴാമത്തേ-
താറാത്തതുൎയ്യ, മൊന്നൊന്നായെല്ലാം പറഞ്ഞീടാം. 149

ജ്ഞാനഭൂമികൾ.

1. ശുഭേച്ഛ
2. വിചാരണ
3. തനുമാനസി
4. സത്വാപത്തി
5. അസംസക്തി.
6. പദാൎത്ഥഭാവന
7. തുൎയ്യഗ

ദുശ്ശങ്കനിവൎത്തിച്ചുബ്രഹ്മജ്ഞാനം ലഭിപ്പാ-
നാശിച്ചീടുന്നതിന്നെച്ചൊല്ലുംശുഭേച്ഛയെന്നായ്;
സാധുക്കൾചൊല്ലുമാത്മജ്ഞാനശാസ്ത്രാദിയെല്ലാം
വേദിക്കാൻശ്രവിച്ചുകൊള്ളുന്നതുവിചാരണ;
ജ്ഞാനമാൎഗ്ഗത്തെപ്പററിച്ചേഷണാത്രയങ്ങളെ
ഹീനമെന്നൊഴിച്ചാലോ തനുമാനസിയാകും;
മൂന്നിവയാലേശുദ്ധചിത്തത്തിൽ ബ്രഹ്മജ്ഞാന-
മൂന്നിവച്ചെന്നാൽ സത്വാപത്തിയും ധരിച്ചീടു. 150

ശുഭേച്ഛ—ഈ നശ്വരഭോഗങ്ങളിൽ താനിരുന്നിട്ട് എന്തു പ്രയോജനം എന്ന് വിരക്തിവന്ന് വൈരാഗ്യപൂൎവ്വം തന്റെ സത്യസ്വരൂപം എന്താണെന്ന അന്വേഷണത്തോടുകൂടി അതിനെ അറിയാൻ ഉററ ആഗ്രഹത്തോടുകൂടിയ അവസ്ഥ.

വിചാരണ— ശുഭേച്ഛമൂലം ഏർപ്പെടുന്ന സാധുസംഗമം, ഗുരു ശ്രവണം, വേദാന്താഭ്യാസം, വിഷയഭോഗവൈരാഗ്യം ഇത്യാദികളാൽ വസ്തുവിനെ ഹൃദിസ്ഥമാക്കുന്നതു്.

തനുമാനസി— വിചാരണകൊണ്ടുന്മേഷവാനായി, ഏഷണാത്രയങ്ങളെ ഒഴിഞ്ഞു്, ഇന്ദ്രിയാർത്ഥങ്ങളായ വിഷയങ്ങളിൽ നിരാശയുണ്ടായി മനസ്സിൻെറ വൃത്തിയായ ആശ നശിക്കുന്നതു്. ഇതു പരമഹംസപദവിയാണു്.

സത്വാപത്തി—ഇനി കാലം കളയാതെ തൻെറ സ്വരൂപം സാക്ഷാത്കരിച്ചേ മതിയാവൂ എന്നുറയ്ക്കുന്നതു്.

ഈ നാലാം ഭൂമി ബ്രഹ്മവിത്തിൻെറ അവസ്ഥയാകുന്നു.

തത്ത്വത്തിൽ മനമുറച്ചു, മിഥ്യയെ നിഷേധിച്ചു,
മൊത്തമായെല്ലാം മറക്കുന്നതേ യസംസക്തി
അദ്വൈതാനന്ദം പൊങ്ങി, ത്രിപുടീഭേദമററോ
രള്ളിവ്യപദം പദാർത്ഥഭാവനയാറാംഭൂമി;
വസ്തുവിൻസ്വയം നിലയൊത്തുള്ള മൗനസ്വഭാ
വത്തിങ്കലായാൽ തുര്യം, തുര്യാതീതവും ചൊല്ലാം. 151

അസംസക്തി—സത്വാപത്തിയിലുള്ള ജിജ്ഞാസകൊണ്ടേർപ്പെട്ട ജ്ഞാനം സ്വസ്വരൂപത്തെ ഏതാണ്ടറിഞ്ഞു് പിന്നീടൊന്നിലും ഒരാസക്തിയും അററമനോവൃത്തിയിൽ സദ്വൃത്തിയുടെ പ്രകാശം ഉദിച്ചതിൽ പിന്നീടു് ദേഹപോഷണത്തിനുവേണ്ടി മാത്രം ഭക്ഷണംകഴിക്കുന്ന അവസ്ഥയിൽ ഇരിക്കുന്നവൻ. സംസക്തി—സംബന്ധം (വരൻ സ്വസ്വരൂപത്തിൽ, ലയിക്കാതെ ഇരിക്കുന്നതു്.)

പദാർത്ഥഭാവന—ആത്മാരാമനായി, തൻെറ സത്യസ്വരൂപത്തിലാണ്ടു്, ബാഹ്യബോധമററു്, പരപ്രയത്നത്താൽമാത്രം ബാഹ്യബോധംഭവിക്കുമെന്ന അവസ്ഥയോടുകൂടിയതു്. (വരിഷ്ഠൻ സ്വസ്വരൂപത്തിൽ ലയിച്ചു് ശിലപോലിരിക്കുന്നവൻ)

തുര്യ്യഗ—ഭേദാഭേദഭേദറവ്, എപ്പോഴും സ്വഭാവമായിട്ടുള്ള ഇരിപ്പു സിദ്ധിച്ചവൻ. (വരിഷ്ഠൻ—അപരോക്ഷാനുഭൂതിയോടുകൂടി, വിധിനിഷേധങ്ങൾക്കതീതമായി, അത്യന്തം ബൃഹത്തായി, എങ്ങും ഊടുരുവെ നിറഞ്ഞിരിക്കുന്ന സ്വരൂപത്തോടുകൂടിയിരിക്കുന്നവൻ.)

അസംസക്തിമുതലുള്ള ഭൂമികളെ ചിത്ക്കിളിക്കണ്ണിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"നിരവ്വികർപ്പ നിട്ടൈയിൻപിന്നിനൈവുവരലവനാററാൻ
അരുമൈയുളവശഞ്ചെത്തിയൈയെന്താകും--ചിത്ക്കിളിയേ"
"നിർവ്വികല്പനിട്ടൈയിൻപിന്നിനൈവുകൊളലന്നിയന്നാൽ
അരുംപതാർത്താപാവനൈയാറാനിലമാം ചിത്ക്കിളിയേ"

(ഇതിൽ സത്തു, അസത്തു എന്നും അഹങ്കാരം ഉണ്ടു്, ഇല്ല എന്നും മേലും മേലും സംശയം ഉണ്ടായിക്കൊണ്ടിരിക്കും)

"ശത്തശത്തുമകങ്കാരമുന്താനണ്ടിൻറയെന്നാൽ
അത്തുവിതം ത്വയിതമെലാവുക്കിൽ ചിത്ക്കിളിയേ"
"മെൻമേലും വിസ്രാന്തിമേവിവന്തു ശാന്തമതായ്
തന്മയമായാകിവിട്ടും തനിയാറിൽ ചിത്ക്കിളിയേ"

(വസ്തുനിഷ്ഠ ഇരുന്നപടി ഇരിക്കുന്ന മൗനസ്വഭാവം തുരീയമാകുന്നു.)

"തന്നാലും പിറരാലും തടൈപ്പട്ടാനിർവ്വികല്പം
ഉന്നതവേഴാം നിലമാമുയർത്തുരിയം ചിത്ക്കിളിയേ"

(ഇതു് സ്വയമായോ അന്ന്യർമുഖേനയോ ബാഹ്യബോധത്തിൽ വരാതെ എപ്പോഴും നിർവ്വികല്പ സമാധിയിലായിരിക്കുന്നതു്—തുര്യ്യാതീതം)

അസംസക്തി, പദാത്ഥഭാവന, തുരീയഗ എന്നീ മൂന്നു ഭൂമികളും സമാധിഭൂമികളെന്നുപറയുന്നു.

ആദ്യഭൂമികൾ മൂന്നിലും പ്രപഞ്ചത്തെപ്പററി
ബോധമുണ്ടാകയാലേ ജാഗരമായിടുന്നു;
നാലാമത്തേതു സ്വപ്നം, സുഷുപ്തിയഞ്ചാമത്തേതു-
മാലസ്യംവിട്ടു കേട്ടീടാത്മജാ ! ചൊല്ലാമാറും
അത്ഭുതമനുഭവമേകിടും തുര്യം; പിന്നെ-
ക്കല്പനാതീതമെന്നും മൗനമായ് ചൊല്ലുംവേദം. 152

പ്രപഞ്ചപ്രജ്ഞയും ദേഹാഭിമാനവുമുള്ള കാരണം ആദ്യത്തെ മൂന്നു ഭൂമികളും ജാഗ്രത്തെന്നും നാലാം ഭൂമി പ്രപഞ്ചപ്രജ്ഞ തോന്നാത്തതിനാൽ സ്വപ്നമെന്നും അഞ്ചാം ഭൂമി സുഷുപ്തിയെന്നും അതിശയത്തെത്തരുന്ന ആറാം ഭൂമി സ്വാനുഭവം ഉദയമാകുന്നതിനാൽ (ജാഗ്രത്, സ്വപ്ന, സുഷുപ്തികളെയും പൊതുവായി അറിയുന്നതിനാൽ) തുരീയമെന്നും പറയപ്പെടുന്നു. പിന്നീടുള്ള തുരീയാതീതം ഏഴാം ഭൂമിയായും പരിഗണിക്കപ്പെട്ടുവരുന്നു. തുരീയാതീതം ഭാവനാതീതമായതിനാൽ എങ്ങും ആരാലും വർണ്ണിക്കപ്പെടുന്നില്ല. അതു് അനുഭവമാണു്.

1, 2, 3-ം ഭൂമികൾ ഭേദം ഉള്ളവയും 4, 5, 6, 7-ം ഭൂമികൾ ഭേദം ഇല്ലാത്തവയുമാകുന്നു. 1, 2, 3-ം ഭൂമികളിൽ ശ്രുതിജ്ഞാനത്താൽ ഈ ലോകം ഋതമായും അനൃതമായും കാണപ്പെടുന്നു.

4-ാം ഭൂമി-ലോകത്തെ സ്വപ്നംപോൽകാണുന്നു. അദ്വൈതത്തിൽ ഉറച്ചു് ദ്വൈതംനശിക്കും.

5-ാം ഭൂമി—സുഷുപ്തിപദം—വിശേഷാംശങ്ങൾ ശാന്തമായി അദ്വൈതമാത്രയിൽ സ്ഥിതിചെയ്യുന്നു.

6-ാംഭൂമി-അന്തർമ്മുഖത്വത്താലും പ്രശാന്തതയാലും നിത്യവും നിദ്രാലുവിനെപ്പോലെ കാണപ്പെടുന്നു.

7-ാംഭൂമി-വാസനകളൊഴിഞ്ഞു് ഗൂഢസുഷുപ്തിയെ പ്രാപിക്കുന്നു.

1-ാം ഭൂമിയിൽക്രീഡിക്കുന്നവൻ—മന്ദമുമുക്ഷു.
2-ാം ഭൂമിയിൽ ” —മദ്ധ്യമമുമുക്ഷു.
3-ാം ഭൂമിയിൽ ” —ഉത്തമമുമുക്ഷു.
4-ാം ” ” —ബ്രഹ്മവിത്തു്
5-ാം ” ” —ബ്രഹ്മവിദ്വരൻ
6-ാം ” ” —ബ്രഹ്മവിദ്വരിയാൻ
7-ാം ” ” —വരിഷ്ഠൻ.

സപ്തഭൂമികകളിൽ അജ്ഞാന ഭൂമികകളേഴിനെയും ചുററി നില്ക്കുന്ന അജ്ഞാനം, ആവരണം ഭ്രാന്തി, മൂന്നുമൊഴിച്ചുള്ളവയിൽ:-

സപ്തഭൂമികകൾ	ജ്ഞാനഭൂമികകൾ
4) പരോക്ഷജ്ഞാനം 5) അപരോക്ഷജ്ഞാനം	1. ശുഭേച്ഛ 2. വിചാരണ 3. തനുമാനസി
6) ശോകനാശനം 8) അതിഹർഷം	4. സത്വാപത്തി 5. അസംസക്തി 6. പദാർത്ഥഭാവന 7. തുരീയഗ.

ജീവന്മുക്തനു്-സമാധിസമയങ്ങളിൽ കേവലനായിരിക്കുന്നതിനാൽ, ശോകനാശനം.

വിദേഹമുക്തനു്-സമാധിയിൽനിന്നും വേർപെട്ടിരിക്കുന്നതിനാൽ, അതിഹർഷം

തുര്യമേ തുര്യാതീതമാവുകിൽ ഭൂഷ്ഠേന്നോർത്തു
തുര്യാതീതം വിദേഹമുക്തിയെന്നോതുംദിവ്യർ;
അക്കണക്കിൽ പദാർത്ഥഭാവനയൊത്തുമേന്തു
നില്ക്കുമേ തുര്യം ഗാഢസുഷുപ്തിയായിട്ടുംപോൽ.

സുപ്തിയിൽ നിർവ്വികല്പാഖണ്ഡൈകരസസ്വരൂ-
പത്തിൽ സുഖാനുഭൂതി തുര്യ്യാതീതവുമോർക്കു.
വൈശിഷ്ട്യമേറും ജ്ഞാനഭൂമികൾക്കിന്നും ഭേദം
നിശേഷമുള്ളതും കേട്ടീടുക, ചൊല്ലീടാം ഞാൻ. 153

തുര്യ്യമേ......ദിവ്യർ—ഏഴാംഭൂമിയായ തുര്യ്യംതന്നെയാണ് (അതിന്നതീതമായ) തുര്യ്യാതീതവും എന്നുപറയുന്നതിന്ന അനൗചിത്യശങ്കയുള്ളതിനാൽ തുര്യ്യാതീതത്തെ വിദേഹകൈവല്യപദമെന്നും പറയുന്നുണ്ട്.

അക്കണ്ണെ.......സുപ്തിയെപ്പോൽ—തുര്യ്യംതന്നെ തുര്യ്യാതീതവും. ആ തുര്യ്യാതീതം വിദേഹമുക്തിയുമായിവന്നാൽ മുൻകണക്കിൻപടിയുള്ള തുര്യ്യത്തിൻെറ സ്ഥാനം ആറാം ഭൂമിയായ പദാർത്ഥഭാവനയുടെ സ്ഥാനത്തോട് ചേർന്നിരിക്കും.

അക്കണ്ണെ........വുമോർക്കു—ഏഴാം ജ്ഞാനഭൂമിയായ തുര്യ്യത്തിൻെറ സ്ഥാനത്ത് തുര്യ്യാതീതത്തെ (ഏഴാംഭൂമിയായി) കല്പിക്കുന്ന സ്ഥിതിക്ക് തുര്യ്യത്തെ ഗാഢസുഷുപ്തിയായ പദാൎത്ഥഭാവനയോടു ചേർത്തു കല്പിക്കുന്നുമുണ്ട്. ഗാഢസുഷുപ്തിയിൽ ഉദയമാകുന്ന അഖണ്ഡാനന്ദാനുഭൂതിയെ അനുഭവിച്ചുകൊണ്ട് ആ അനുഭവത്തിലിരിക്കുന്നതു് തുര്യ്യാതീതപദവും.

താഴെക്കാണുന്നക്രമം നോക്കുക:

അസംസക്തി—സുഷുപ്തി. അഞ്ചാംഭൂമി

പദാൎത്ഥഭാവന—തുര്യ്യം—ഗാഢസുഷുപ്തി—ആറാംഭൂമി

തുര്യ്യാതീതം—സുഷുപ്തിയിൽ ജാഗ്രത്—ഏഴാംഭൂമി.

വൈശിഷ്ട്യ....... ടാംഞാൻ—മഹത്തായ ജ്ഞാനഭൂമികളുടെ വിശദാംശങ്ങളെപ്പററി വീണ്ടും പ്രതിപാദിക്കാം.

മുൻമൂന്നുഭൂമിയുള്ളോ,രഭ്യാസികൾ, മുക്തരല്ല;
പിൻമൂന്നും വരൻ, വര്യാൻ, വരിഷ്ഠജീവന്മുക്തർ;
മദ്ധ്യഭൂമിയിലുള്ളോർ ബ്രഹ്മവിത്തെന്നു ശുദ്ധ-
മുക്തരുമാകും, കേൾക്കു ഭിദ്യതാമോരോപേക്ഷം. 154

ആദ്യത്തെ, ശുഭേച്ഛ, വിചാരണ, തനുമാനസി എന്നീമൂന്നു ഭൂമികളിലുമായി നില്ക്കുന്നവർ മുക്തന്മാരല്ല. സാധന ചതുഷ്ടയാദികളിൽക്കൂടിയുള്ള ജ്ഞാനാഭ്യസനത്തിൽ ഏർപ്പെട്ടിരിക്കുന്നവരായിരിക്കും. ഒടുവിലത്തെ അസംസക്തി, പദാൎത്ഥഭാവന എന്നീ മൂന്നു ഭൂമികളിലുമായി നില്ക്കുന്നവർ ക്രമപ്രകാരം വരൻ, വരിയാൻ, വരിഷ്ഠൻ എന്നീ പേരുകളോടുകൂടിയ ജീവന്മുക്തന്മാരാകുന്നു. മദ്ധ്യഭൂമിയായ സത്വാപത്തിയിൽ നില്ക്കുന്ന മുമുക്ഷുവിനെ ബ്രഹ്മവിത്തെന്നു പറയും.

ഓരോരുത്തരുടേയും പ്രത്യേകം പ്രത്യേകം മഹിമകളെപ്പററി മേൽപറയുന്നു.

മുമ്പായഭൂമിമൂന്നും പ്രാപിച്ചോർ മരിച്ചാലും
വമ്പരായ് പിന്നും പിറന്നടയും മോക്ഷ ക്രമാൽ;
ആദ്യം ശുഭേച്ഛയുണ്ടാകുന്നതാണപൂർവ്വം കേൾ
ഹൃദ്യമായതുവഴിയാൽ പ്രാപിച്ചുപോലാം മോക്ഷം. 155

നാലാംഭൂമിയെ പ്രാപിക്കുന്നതിനുമുമ്പുള്ള മൂന്നുഭൂമികളിലും അഭ്യാസികളായിരിക്കവെ മരിച്ചുപോയവർ അവരവർക്കുണ്ടായിരുന്ന മേന്മയോടുകൂടി വീണ്ടും ജനിച്ച് മേൽഭൂമികളിലും ജീവിച്ചു മുക്തിയെ പ്രാപിക്കും. ആദ്യമായി ക്ഷണികങ്ങളായ ഈ ശരീരാദിപ്രപഞ്ച ഭോഗങ്ങളിൽ വിരക്തിയുണ്ടായി തന്റെ സൃഷ്ടിസത്യം അറിയുന്നതിനു ജിജ്ഞാസയുണ്ടാകുന്നതാണു മുഖ്യം. ഒരിക്കൽ ശുഭേച്ഛയോടുകൂടിയ ഒരു മുമുക്ഷുവായിത്തീൎന്നാൽ പിന്നീടു ലക്ഷ്യപ്രാപ്തിക്കുവേണ്ടുന്നതന്വേഷിച്ചും ആരാഞ്ഞും മററും ഒടുവിൽ മുക്തനായി വിജയം വരിക്കുകതന്നെ ചെയ്യും.

ഇബ്ഭുവി ഒന്നും രണ്ടും ഭൂമികളെപ്രാപിച്ചോർ
മ്ലേച്ഛരായാലുംമുക്തരായ്‌വരും സത്യം, സത്യം;
ഇപ്പറഞ്ഞതുതെറെറന്നോതുവോർകെട്ടും, നീയു-
മാപ്തവേദങ്ങൾക്കൊത്തഹം ബ്രഹ്മമെന്നുറയ്ക്കു. 156

വർണ്ണാശ്രമധർമ്മങ്ങളെ അറിയാത്ത താണകുലത്തിൽ പെട്ട വരായാൽ തന്നെയും അവർ ആദ്യഭൂമിയേയോ രണ്ടാം ഭൂമിയേയോ പ്രാപിച്ചവരാണെങ്കിൽ ആ മാർഗ്ഗത്തെ പിൻതുടൎന്നു, പിന്നൊരിക്കലും വ്യവഹാരകാര്യങ്ങളിൽ മുഴുകിപ്പോകാതെ മോചനം പ്രാപിക്കുമെന്നുള്ളതു തീർച്ചയാണ്. ഇതിന്നു ഒരു മാററവുമില്ലാ എന്നു വിധിക്കുന്നു. നീ "അഹം ബ്രഹ്മാസ്മി" മഹാവാക്യത്തെ സാക്ഷാത്ക്കരിച്ചു മുക്തിയെ പ്രാപിച്ചാലും.

ശുഭേച്ഛ്‌ശുവാകുന്നതാണു മുക്തിമാർഗ്ഗത്തിൽ ഏററവും മുഖ്യം എന്നു മുൻപദ്യത്തിൽ പറഞ്ഞതിനെ ഈ പദ്യത്താൽ സംശയരഹിതമായി ഉറപ്പിക്കുന്നു.

നെല്ലായ് പിറന്നോരെന്നെ തണ്ഡുലമാക്കിത്തീർത്ത
നല്ലോരെൻ ഗുരുനാഥാ! പൊല്ലാത്തമ്ലേച്ഛന്മാർക്കും
ലഭ്യം വിദേഹമുക്തിയെന്നല്ലേചൊല്ലിനീയു-
മഭ്യാസംവേണ്ടുവോളമില്ലെന്നിരിക്കിലും; പിൻ
ഇല്ലങ്ങളെല്ലാം വിട്ടേകാന്തിയായ്, സന്ന്യസിച്ചോ-
ക്കല്ലാതെയില്ല മുക്തിയെന്നതിൻ സത്യംചൊല്ലു. 157

തണ്ഡുലം—അരി (ഉമിനീക്കിയതു്)

അജ്ഞാനദശയിൽ താൻ ജനനമരണങ്ങളോടുകൂടിയിരിക്കുന്നതിനെ ഓൎമ്മിച്ചു്, മാറിമാറിമുളച്ചുവളരുന്ന നെല്ലിനു സമമാണു താൻ എന്നുപറയുന്നു. ജ്ഞാനലബ്ധിക്കുശേഷം മുൻപറഞ്ഞ ജനനമരണാഭാസങ്ങൾ നീങ്ങിപ്പോവുന്നതിനാൽ തനിക്കു ജ്ഞാനോപദേശംതന്ന ഗുരുദേവൻ തന്നെ നെല്ലിൻെറ സ്ഥാനത്തു തണ്ഡുലമാക്കിത്തീർത്തു എന്നും പറഞ്ഞിരിക്കുന്നു.

വ്യവഹാരജീവിതത്തിൽപോലും മ്ലേച്ഛന്മാർ നിഷിദ്ധന്മാരാകുന്നു. ആ സ്ഥിതിക്ക് എത്രയോ ഉത്തമവും അത്യപൂർവ്വവുമായ സാക്ഷാത്ക്കാര പദവിക്ക് അവർക്കെങ്ങനെ യോഗ്യതയുണ്ടാവും എന്നാണു ശിഷ്യന്റെ സംശയം. വ്യവഹാരജീവിതത്തിൽ എത്രയും ശിഷ്ടരെന്നു പറയപ്പെടുന്നവിദ്വാന്മാരോ സാർവ്വഭൗമന്മാരായ രാജാക്കന്മാർ, ചക്രവർത്തിമാർപോലുമോ ഒരദ്ധ്യാത്മവിത്തായിത്തീരാനുള്ള യോഗ്യതാവകാശം ഉള്ളവരാകുന്നില്ലെങ്കിൽ ലോകജീവിതത്തിൽ എത്രയും താണപടിയിൽ ജീവിക്കുന്ന നിസ്സാരന്മാർ അതിനെങ്ങനെ യോഗ്യരായി ഭവിക്കുമെന്നും ശിഷ്യൻ സംശയിക്കുന്നു. സർവ്വസംഗപരിത്യാഗം ചെയ്ത സന്ന്യാസിമാർമാത്രം ജ്ഞാനികളാവാൻ യോഗ്യരെന്നു വകവെച്ചുകൊണ്ടാണു ശിഷ്യൻ വീണ്ടും ഗുരൂപദേശത്തെത്തേടുന്നതു്.

ശിഷ്ടർ വാഴ്ത്തീടും പുത്രാ! സംശയം വിശിഷ്ടം നി-
ന്നിഷ്ടത്തെയോതാം, ബന്ധമററ സന്ന്യാസം നാലാം;
കൃശഗാത്രൻ, സഞ്ചാരി, ഹംസൻ, പരമഹംസൻ;
സന്ന്യാസത്തിന്നു മൂലം വൈരാഗ്യം; വേഷമല്ല. 158

സകല ആശകളേയും നിവത്തിച്ചുകൊണ്ടുള്ള സന്ന്യാസം നാലുമാതിരിയുണ്ടു്.

1. കൃശഗാത്രൻ (കുടീജഗൻ എന്നും പേരുണ്ടു്)
2. സഞ്ചാരി (ബഹൂജഗൻ എന്നും പേരുണ്ടു്)
3. ഹംസനും (4) പരമഹംസനുമാണു്.

സന്ന്യാസത്തിനു ഏകലക്ഷണം വിരാഗമാണു്. വേഷങ്ങളൊന്നും സന്ന്യാസത്തെ ഉണ്ടാക്കുന്നില്ല.

മൂന്നുമാതിരിയുണ്ടുവൈരാഗ്യംപാക്കിലോർക്കു
മന്ദനും, തീവ്രൻ, തീവ്രതരനുമെന്നുപാരിൽ;
ദുഃഖമുണ്ടാവുന്നേരം തന്നില്ലം വെറുത്തീടും
മൂർഖതതന്നെയാകും മന്ദവൈരാഗ്യം പുത്രാ!
ദേഹമുള്ളോളം തനിക്കേഷണാത്രയങ്ങളിൽ

മോഹമില്ലെന്നുതള്ളീടുന്നതു തീവ്രമാകും;
പുണ്യപാപങ്ങൾരണ്ടുംമിഥ്യയെന്നെണ്ണിക്കർമ്മ-
കാണ്ഡത്തെത്തള്ളുംതീവ്രതരനും വൈരാഗ്യത്താൽ. 159

അധികാരഭേദമനുസരിച്ച് ജിജ്ഞാസുക്കളെ മൂന്നുതരത്തിലാക്കിപ്പറയുന്നു. മന്ദൻ, തീവ്രൻ, തീവ്രതരൻ. സംസാരജീവിതം നിത്യദുഃഖപ്രദമാണെന്നും അതിലിരിക്കുന്നിടത്തോളം കാലം ദുഃഖനിവൃത്തിയുണ്ടാവുകില്ലെന്നും അനുഭവിച്ചറിഞ്ഞ ഫലമായി ഉള്ളിൽ അങ്കുരിച്ചുയരുന്ന വിരക്തിയിൽ കഴിയുന്നവരെ മന്ദവൈരാഗികൾ എന്നു പറയുന്നു.

മുൻപറഞ്ഞ വിരക്തിയുടെ ഫലമായി ഇനി ഈ ജീവിതത്തിൽ ലോകഭോഗങ്ങളൊന്നും ആവശ്യമില്ലെന്നുറച്ച് അവയെ പിരിഞ്ഞിരിക്കുന്നവർ തീവ്രന്മാരാണ്.

ഈ ലോകം വെറും സങ്കല്പമാണെന്ന അറിവു മൂത്ത്, പുണ്യപാപങ്ങൾ രണ്ടും ഒന്നുപോലെ നിരർത്ഥകങ്ങളെന്നു കരുതി സകലകർമ്മങ്ങളെയും ത്യജിച്ചിരിക്കുന്നവർ തീവ്രതരന്മാരാകുന്നു.

ഏഷണാത്രയങ്ങൾ—അർത്ഥൈഷണ, പുത്രൈഷണ, ദാരൈഷണ. എന്നീ മൂന്നിച്ഛകളും.

മന്ദന്റെവൈരാഗ്യത്താൽ സന്ന്യാസം ഫലിച്ചിടാ
തീവ്രത്തിൽ കുടീജഗം, ബഹൂജഗവുമെന്നുരണ്ടാം
സഞ്ചാരമൊക്കാതോർക്കുകൊള്ളാംകുടീജഗം,പിൻ
സഞ്ചരിക്കാനാവുന്നോർക്കുത്തമം ബഹൂജഗം. 160

യഥാർത്ഥത്യാഗമില്ലാത്തതിനാൽ മന്ദന്റെ വൈരാഗ്യം സന്ന്യാസത്തിനുപററിയതല്ല. തീവ്രമുമുക്ഷുക്കൾ രണ്ടു വിധം:—

കുടീജഗം—ശരീരം സഞ്ചാരത്തിനു പററിയതല്ലാത്തതിനാൽ കുടുംബത്തിൽതന്നെയിരുന്നു അനുഷ്ഠിക്കുന്ന സന്ന്യാസവൃത്തി.

ബഹൂജഗം—ദേശാന്തരങ്ങളിൽ സഞ്ചരിച്ചുംമററും അനുഷ്ഠിക്കുന്ന സന്ന്യാസം.

രണ്ടുണ്ടു തീവ്രതരം, ഹംസവും പരമഹംസം;
ഉണ്ടുഹംസന്നമുക്തിസത്യലോകത്തിൽമാത്രം;
ജ്ഞാനത്താൽ പരമഹംസർ പ്രാപിക്കുമീലോകത്തിൽ
മോചനം,കേൾക്കുള്ള, രണ്ടുണ്ടിവക്കും തരഭേദം. 161

തീവ്രതരമുമുക്ഷുക്കൾ രണ്ടുതരത്തിൽ :—

ഹംസൻ—ഈ ജന്മത്തിൽ മോചനം ലഭിക്കുന്നില്ല. മരണശേഷം തൻെറ വൈരാഗ്യബലത്താൽ സത്യലോകത്തിൽ ജീവിച്ചിരുന്ന് അവിടെവച്ചു മുക്തിയടയുന്നു.

പരമഹംസൻ—ഈ ഒരു ജന്മംകൊണ്ടുതന്നെ ബ്രഹ്മജ്ഞാനിയായി ഭവിച്ച് മുക്തിയെപ്രാപിക്കുന്നു. പരമഹംസന്മാരിൽതന്നെ രണ്ടുവകക്കാർ ഉള്ളവരെ മേൽപറയുന്നു.

ജിജ്ഞാസു, മുമുക്ഷുവുമെന്നതിൽ, ജിജ്ഞാസുവോ
വിജ്ഞാനഭൂമിമൂന്നും ഗ്രഹിക്കും വിവേകിതാൻ;
പിൻമുമുക്ഷുവോ പരിപക്വനായ് ജീവന്മുക്ത-
നൺമയിലാവും, ജിജ്ഞാസുക്കളും രണ്ടുമട്ടാം. 162

പരമഹംസർ രണ്ടുതരത്തിൽ:—

ജിജ്ഞാസു—ശുഭേച്ഛ, വിചാരണ, തനുമാനസി എന്നീമൂന്നു ജ്ഞാനഭൂമികളെയും പ്രാപിച്ചവനാകുന്നു.

മുമുക്ഷു—കൂടുതൽ കൂടുതൽ പക്വനായി, ജ്ഞാനമാർജ്ജിച്ച്" ഈ ജന്മത്തിൽതന്നെ ജീവന്മുക്തനായിഭവിക്കുന്നു.

ജിജ്ഞാസുക്കൾ രണ്ടുതരത്തിൽ ജീവമുക്തരാകുമെന്നുള്ളതിനെമേൽപറയുന്നു.

ബന്ധത്തെനിവർത്തിച്ചു സന്ന്യാസിമാരായ്വാണു
സന്തതം ചിലർ ബ്രഹ്മജ്ഞാനത്തെ പ്രാപിച്ചിടും;
അന്തണ, രരചന്മാർ, വാണിഭർ, ശൂദ്രരായും
ബന്ധത്തിൽ വാണും ചിലർ ജ്ഞാനികളായിത്തീരും;

ഈ വിധം ശാസ്ത്രത്തിന്നുമീലോകത്തിന്നുമൊത്തു
മേവുന്ന കണ്ടിട്ടും, പിൻ, സംശയിക്കുന്നതെന്തേ?
മൽപ്രിയാ! ശ്രുതി, യുക്തി,യനുഭവങ്ങളാൽജ്ഞാന-
സത്പദം പ്രാപിച്ചുനീസത്യത്തെത്തെളിഞ്ഞാലും. 163

മായയെപ്പോലെ ബന്ധവുംഉള്ളതല്ല. ഉണ്ടെന്നതു് തോന്നൽ മാത്രം. അതിനാൽ അങ്ങനെയുള്ളബന്ധത്തെവിട്ടിരുന്നാലും അതോടുചേർന്നിരുന്നാലും ഫലത്തിൽ ഒന്നുതന്നെ. താൻ ത്രികാലങ്ങളിലും ഒന്നിനാലും ബദ്ധനല്ലെന്നറിയുന്നതാണു മോചനം. സന്ന്യാസവും വ്യവഹാരംതന്നെ. ജ്ഞാനപ്രാപ്തിക്കു വേദാദികൾ നിർദ്ദേശിച്ചിട്ടുള്ള സന്ന്യാസത്തെ സ്വീകരിച്ചു ജ്ഞാനികളായിത്തീർന്നിട്ടുള്ളവരും ഉണ്ടു്. അപ്പർ, സുന്ദർ, മാണിക്കവാചകർ, തിരുജ്ഞാനസംബന്ധർ മുതലായവർ അക്കൂട്ടത്തിൽപെടുന്നു. നന്തനാർ തത്ത്വരായർ, സ്വരൂപാനന്ദൻ, ചേരമാൻ പെരുമാൾ, ജനകൻ മുതലായവർ വ്യവഹാരത്തിൽ ഇരുന്നു് മോചനം പ്രാപിച്ചവരുമാണു്.

സന്ന്യാസം സ്വീകരിച്ചാലേ മോക്ഷത്തിന്നധികാരിയാവൂ എന്നു 157-ാംപദ്യത്തിൽ ശിഷ്യൻ ഉന്നയിക്കുന്ന സംശയത്തിന്നു ഗുരു ഈ സമാധാനംപറയുകയാണു്. അറിവുതന്നെ സത്തെന്നുറച്ചു് സത്തേസ്വരൂപനായിട്ടിരിക്കാൻ ഉപദേശിക്കുന്നു.

ഞാൻജനിച്ചെങ്കിലല്ലേഞാൻമരിക്കേണ,മെന്നാ
ളുംജനിച്ചിട്ടില്ലെന്നാബ്രഹ്മമാ,യുള്ളതേ,ഞാൻ
ജനിച്ചതീഞാനാണെന്നാ,ലാഞാനുംബ്രഹ്മമല്ല;
ജനിച്ച,ഴിഞ്ഞ,രണ്ടുമററബ്രഹ്മമാ ഞാനേ, ഞാനാം. 164

ഞാൻ ഇപ്പോൾ ജനിച്ചവനാണെങ്കിൽ ജനിക്കുംമുമ്പും ഞാൻ ഉണ്ടായിരുന്നിരിക്കണം. പുനർജ്ജന്മമുണ്ടെങ്കിൽ മരണശേഷവും ഞാൻ നശിക്കാതെ ഉണ്ടായിരിക്കണം. ഇപ്രകാരം ജനനമരണങ്ങൾ എന്നെ ബാധിക്കാതിരിക്കുന്നു. ഈ കണ

ക്കിൽ ഞാൻ ബ്രഹ്മംതന്നെയാണു്. ഉപാധിയോടുകൂടിയവനാണു ഞാൻ എന്നാണെങ്കിൽ ആ (ഉപാധിയുള്ള) ഞാൻ ബ്രഹ്മമാകുന്നില്ല. ഉപാധിയും ജനനവുമില്ലാത്ത ആ ഞാൻ ഉണ്ടായി ഇല്ലാതായി എന്നില്ലാത്ത ബ്രഹ്മമായി ഭവിക്കുന്നു. (ഉപാധിയോടുകൂടിയ ഞാൻ ഞാനല്ല) ഇതിനാൽ തത്ത്വമസി എന്ന സാമവേദ മഹാവാക്യാൎത്ഥത്തെ പറഞ്ഞിരിക്കുന്നു.

കൂടസ്ഥനാകുംബ്രഹ്മമായതേഞാ, നീഞാനും
കൂടവേസ്ഥിതിചെയ്തുമറിയപ്പെടാതാകിൽ
ഞാനെന്നതേതു? പിന്നെൻബുദ്ധിയെച്ചൊല്ലുനാകിൽ
ബുദ്ധിയുംനിദ്രയുള്ളിൽ ചത്തുപോം, ചാവാതാകിൽ
ഞാനെന്നെങ്ങുംനിറഞ്ഞപ്പോഴുംവിളങ്ങീടുംപ്ര-
ജ്ഞാനബ്ബ്രഹ്മമാം ഞാനേ കൂടസ്ഥനായൊരാഞാൻ. 165

അഹംബ്രഹ്മാസ്മി എന്ന യജുൎവേദ മഹാവാക്യത്തെ അൎത്ഥപ്പെടുത്തിയിരിക്കുന്നു. ജീവസാക്ഷിയായി വിളങ്ങുന്ന കൂടസ്ഥനെ കുറിക്കുന്ന ഞാനും ഈശ്വരസാക്ഷിയായി വിളങ്ങുന്ന ബ്രഹ്മത്തെ കുറിക്കുന്ന ഞാനും ഒന്നാണു്. അങ്ങനെ ഞാൻ എപ്പോഴും ബ്രഹ്മത്തോടു ചേൎന്നുതന്നെ ഇരുന്നാലും ഞാനെന്റെ ബ്രഹ്മസ്വരൂപത്തെ അറിയുന്നില്ലെങ്കിൽ ഞാനെന്നറിയപ്പെടേണ്ട വസ്തുമറെറന്താണു്? ഞാൻ എന്നതു ബുദ്ധിയെ കുറിക്കുന്നുവെങ്കിൽ ഉറങ്ങുമ്പോൾ അതില്ലാത്തതായിപ്പോകുന്നുണ്ടല്ലോ. ഈ ഇല്ലാതായ ബുദ്ധിയേയും വഹിച്ചുകൊണ്ടു ഒരു വസ്തു ഉണരുന്നു. ഈ വസ്തു നിദ്രാവേളയിലും ഉണ്ടായിരുന്നതായിരിക്കണം. ഉണൎന്നശേഷം ഉറക്കസുഖത്തെ അറിയുന്ന ഈ വസ്തു അറിവുതന്നെയായിരിക്കണം. നിദ്രാവേളയിൽ സൂക്ഷ്മപ്രായത്തിലിരുന്ന ജീവസംസ്കാരം സ്വന്തം സമ്മൎദ്ദത്താൽ എഴുമ്പിവരുന്നു. അങ്ങനെ ഉണരുന്നു. അതോടുകൂടി അതുവരെ പററിനിന്നിരുന്ന ബ്രഹ്മാനന്ദം അറി

വിൽനിന്നും സംസ്കാരത്തള്ളലാൽ മറയുന്നു. ഈ മറയുന്ന ഘട്ടത്തിൽ അറിവതിനെ കാണാനിടവരുന്നു. 'സുഖമായുറങ്ങി' എന്ന അനുഭവം തോന്നുന്നു. (സുഷുപ്തിയിൽ) ഞാനേ ഞാനായിരുന്ന ഞാൻ ബ്രഹ്മത്തിന്റെ സ്വരൂപമായ സുഖംതന്നെയായിരുന്നതിനാൽ ഞാൻ ബ്രഹ്മമാകുന്നു എന്ന അനുഭവജ്ഞാനമുണ്ടാകുന്നു.

തത്വബോധപടലം 74-ാംപദ്യത്തിൽ പറയുന്ന മഹാവാക്യാർത്ഥത്തെ അനുഷ്ഠാനത്തിൽ അനുഭവിച്ചറിയാൻ ഉപദേശിക്കുന്നു.

എങ്ങും നിറഞ്ഞിരിക്കുമാത്മാവെന്നാലുമതു-
മെങ്ങനെയിരിക്കുന്നുവെന്നറിഞ്ഞീലെന്നാകിൽ
സൗഖ്യമായുറങ്ങുങ്കാൽ കാണാതു,ണന്നറിഞ്ഞ
സൗഖ്യമാണാത്മാവെന്നു,മറിഞ്ഞുകൊണ്ടാലും നീ;
സുപ്തിയില്ലാതനേരമില്ലതിൽ പൂർണ്ണാനന്ദം
പൃത്ഥ്വിയിൽ പൂർണ്ണാനന്ദമതിനാലറിയാനില്ല.
എങ്ങുമുട്ടരുവേപൂർണ്ണമായ്നില്ക്കുമാത്മാവിന്നു-
മിങ്ങുതൻ നിദാനമായുള്ളതുമറിവുമാത്രം. 166

സത്തായ ആത്മാവ് ഉണ്ട് എന്നറിയാം. പക്ഷെ എങ്ങനെയിരിക്കുന്നുവെന്നറിയാൻ പാടില്ല. അതായതു് സ്വസ്വരൂപത്തെ താൻ അറിയാതിരിക്കുന്നു. കാരണം എപ്പോഴും ഉള്ളതു് എന്ന സത്തു് പ്രകാശിക്കാതിരിക്കുന്നു. ഈ സത്തായ ആത്മസ്വരൂപം എങ്ങനെ ഇരിക്കുമെന്നു് ഉണരുമ്പോൾ തോന്നുന്ന മുൻനിദ്രാസൗഖ്യത്തെ അനുഭവിച്ചറിയേണ്ടതാണു്. ഉണരുമ്പോൾ നിദ്രാസുഖത്തെ പൂർണ്ണമായറിയുന്നില്ല. സുഖത്തിന്റെ ഛായയേ തോന്നപ്പെടുന്നുള്ളൂ. പൂർണ്ണാനന്ദം ഉദയമാകുന്നതു ഉറക്കത്തിലായതിനാൽ വ്യവഹാരദശയിലും ഇതിനെ ആരുമറിയുന്നില്ല. ഏവംവിധം ആനന്ദം അനുഭവിക്കുന്നു എന്ന അറിവിനെത്തന്നെ

യാണ് ആ അനുഭവമെന്നു പറയുന്നതു്. ആനന്ദാനുഭവമാകുന്ന ആത്മാവും ഈ അറിവുമാത്രമാണ്. 'പ്രജ്ഞാനം ബ്രഹ്മ' എന്ന ഋഗ്വേദമഹാവാക്യാർത്ഥത്തെ ഇതിൽ വിവക്ഷിച്ചിരിക്കുന്നു.

മാനസമെന്നിത്താനേ വന്നതീലോകമാവും,
മാനസേപാത്താൽ ലോകം നില്പതീയറിവിൽമാത്രം;
സർവ്വവും താണീയപ്പോളന്തമറററിവിതെന്നും
സർവ്വനായ് ചിന്തചെയ്താലേകമായ് നിറഞ്ഞതേ ഞാൻ.

ഒരു നാടകക്കാഴ്ചയിൽ പല മനസ്സുകളുടെയും ഐക്യമാണു വെളിപ്പെടുന്നതു്. നാടകം എഴുതിയയാളിന്റെ, അഭിനയിച്ചയാളിന്റെ, കാണുന്നയാളിന്റെ ഇത്യാദി. അങ്ങനെ ഈ ലോകചക്രം മുഴുവനും മനസ്സാകുന്ന അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുന്നതാണ്. ഈവിധം ഓരോ ജീവനുചുററും പ്രവർത്തിക്കുന്ന ഓരോ ലോകവുമുണ്ടു്. അതിനാൽ "മാനസമെന്നിത്താനേ വന്നതീലോകവും" എന്നു പറഞ്ഞു. ഈ മനസ്സു ഒഴിഞ്ഞാലും അറിവവശേഷിക്കുന്നു. മനസ്സൊട്ടങ്ങിനിന്നതറിവിലായതിനാലാണ് ഉണർന്ന അറിവിൽ മനസ്സു വീണ്ടും പ്രവർത്തിക്കുന്നതു്. വിചാരം അറിവിന്റെ അലകൾ മാത്രമാണ്. ഞാൻ എന്ന വ്യഷ്ടിചിന്ത വിട്ടിട്ടു് നിശ്ശങ്കനായി ചിന്തിച്ചുനോക്കിയാൽ സർവ്വവും അറിവൊന്നു മാത്രമായി നില്ക്കുന്ന ആത്മസ്വരൂപമാണെന്നു കാണാം. അങ്ങനെ 'അയമാത്മാബ്രഹ്മ' എന്ന അഥർവ്വണവേദമഹാവാക്യത്തെ ഇതിനാൽ അർത്ഥപ്പെടുത്തുന്നു.

ഈവണ്ണമിരുന്നുകൊണ്ടാനന്ദമനുഭവിക്കാ-
നെവ്വണ്ണമനുഷ്ഠിച്ചാൽനീയറിഞ്ഞീടുമെന്നാൽ,
അമ്മൂന്നവസ്ഥകൾക്കുള്ളെഴുമ്പുംവൃത്തിനീക്കി
ചുമ്മാതിരുന്നുനീയുമാനന്ദമനുഭവിക്കാം. 168

ഈ വണ്ണ......മെന്നാൽ—മുൻപദ്യത്തിൽ പറഞ്ഞമാതിരി താൻ എങ്ങും അനന്യനായി എതിനും സത്തായിരിക്കുന്നു.

എല്ലാം തന്നിലും താൻ എല്ലാത്തിലും ചേർന്നിരിക്കുന്ന അവസ്ഥ തനിക്കേർപ്പെട്ടാൽ ആനന്ദം തനിക്കന്യമല്ലാത്തതാകും. പിന്നെ എങ്ങനെയാണതിനെ അനുഭവിക്കാനൊക്കും എന്നു കേൾക്കുന്ന പക്ഷം.

അമ്മൂന്നു.......ഭവിക്കാം—ജാഗ്രത്, സ്വപ്ന, സുഷുപ്തികളിലായി ഒന്നിനൊന്നു വിരുദ്ധമായി മാറിമാറിനിന്നു് സ്വസ്വരൂപത്തെ മറച്ചുനില്ക്കുന്നതു് ഈ മൂന്നവസ്ഥകളുടെ വൃത്തിരൂപങ്ങളാണു്. ഈ വൃത്തികാര്യങ്ങളെ ഒഴിവാക്കിയാൽ മനസ്സു നിഷ്പന്ദമാകും. ഭ്രാന്തിഒഴിയും. ഭ്രാന്തിയൊഴിഞ്ഞാൽ സ്വസ്വരൂപത്തെപ്പററിയുള്ള പരോക്ഷജ്ഞാനം ഉണ്ടാകുന്നു. ഈ അവസ്ഥയിൽ ചുമ്മാതിരുന്നാൽ അതു് സഹജമായിത്തീരും. പരോക്ഷം സഹജമായിത്തീർന്നാൽ അതുതന്നെ അപരോക്ഷമായി ഭവിക്കുന്നു. ഇങ്ങനെ സ്വസ്വരൂപ സുഖത്തിന്റെ അപരോക്ഷാനുഭൂതി ഉദയമാവുന്നു. തനിക്കെപ്പോഴുമുള്ള ഈ സുഖസ്വരൂപം മുമ്പു വിളങ്ങാതിരുന്നതിനു കാരണം സ്വയം കൃതാനർത്ഥം മാത്രമാണു്. അതിനാൽ ചുമ്മാതിരുന്നാൽ സുഖസ്വരൂപം, എളുപ്പെട്ടുവരുമെന്നുപദേശിക്കുന്നു.

ജന്മവാസനകൊണ്ടുദിക്കുന്ന വൃത്തിയെല്ലാ-
മുന്മൂഖനാശം ചെയ്യാ,മെങ്ങനെയെന്നു പാർത്താൽ
ബോധത്തിൻനാഥൻതാനായ് പഞ്ചേന്ദ്രിയങ്ങൾക്കുള്ള
ബാധവിട്ടാലടങ്ങും, പല്ലററ പന്നഗംപോൽ. 169

ലോകാദിവ്യവഹാരങ്ങളോടു ചേർന്നുനിന്നു ജീവിച്ച നീണ്ട പഴക്കത്തിന്റെ സൂക്ഷ്മാംശമാണു് വാസന. ഇതിനു് താൻ എന്ന അഭിമാനം സ്ഥായിയായി നില്ക്കുന്നു, ചെമ്പിൽ ക്ലാവു പററിയിരിക്കുന്നതുപോലെ. വാസന ഏഴുതരത്തിലുണ്ടാകാം:—

1. സഗുണഭക്തിവാസന
2. ജീവപരഭേദവാസന
3. ലോകവാസന
4. ശാസ്ത്രവാസന
5. ദേഹവാസന
6. സ്വപ്നവാസന
7. സുഷുപ്തിവാസന.

ഈ വാസന പുനർജ്ജന്മത്തിന്നു ബീജമായി നില്ക്കുന്നു. ഇതു് ജീവാത്മാവിന്നു വീണ്ടും വാസനയ്ക്കനുഗുണമായ കർമ്മശരീരത്തെ പ്രദാനം ചെയ്യുന്നു. അതിനാൽ ഏതൊരു ജീവനും കർമ്മിയായിത്തന്നെയിരിക്കുന്നു. തന്നിമിത്തം കർമ്മം ഒടുങ്ങാതെ മോചനം സാദ്ധ്യമല്ലെന്നു പറയുന്നു.

കർമ്മം ഒടുങ്ങാനെന്തുചെയ്യണം? കർമ്മത്തിന്നു ബീജമായി നില്ക്കുന്ന വാസനയെമാററണം. അതുചെയ്യാതെ വേദാദികളുടെ വാച്യാർത്ഥത്തെ പിൻതുടർന്നു കർമ്മംചെയ്തുതന്നെ കർമ്മം ഒടുക്കാൻ നാം ശ്രമിക്കുന്നു. പൊങ്ങിവന്ന റബ്ബർപന്തിനെ താഴത്തിടാൻ മിണ്ടാതിരുന്നാൽമതി. തന്നിയെ താഴെവീണുകൊള്ളും. മറിച്ചു്, അടിച്ചിടാൻ ശ്രമിച്ചാൽ പോങ്ങുകയേ ഉള്ളു. അതുപോലെഉണ്ടായകർമ്മമൊഴിക്കാൻ മിണ്ടാതിരുന്നാൽ മതി. താനേ അടങ്ങും. കർത്തൃത്വം ഏറെറടുത്താൽ വാസന പ്രബലപ്പെടുകയേ ഉള്ളു. അതിനാലാണു കർമ്മത്തിന്നു ഹേതുവായ വാസനയെത്തന്നെ ഒഴിക്കാൻ 'മിണ്ടാതിരിക്കൽ' മാർഗ്ഗമുപദേശിക്കുന്നതു്.

ബോധത്തിന്നു വൃത്തിപ്പെട്ടു നില്ക്കുന്നതിന്നുള്ള ഉപകരണങ്ങളാണു പഞ്ചേന്ദ്രിയങ്ങൾ. വാസന പററിനില്ക്കുന്ന ജീവബോധം പഞ്ചേന്ദ്രിയങ്ങളുമായുള്ള സമ്പർക്കത്താൽ കർമ്മത്തിന്നു ഹേതുവായി വരുന്നു. അതിനാൽ ജീവബോധത്തോടുകൂടി വാസനയെ ഒഴിയ്ക്കാൻ ആത്മബോധം വിജൃംഭിച്ചു വന്നാൽ മതി. വാസന നിശ്ശേഷമായാൽ പഞ്ചേന്ദ്രിയങ്ങൾ, താനേ, വൃത്തിരഹിതമാവും. വാസന അററ ഇന്ദ്രിയം പല്ലുകൊഴിഞ്ഞ സർപ്പത്തെപ്പോലെ നിരുപദ്രവിയായിരിക്കാനേ തരമുള്ളു. എണ്ണ തീന്ന തിരി കത്താത്തതുപോലെ വാസന നിലച്ച പഞ്ചേന്ദ്രിയങ്ങളും പ്രവർത്തിക്കാതാവും.

വാസനാക്ഷയത്തിനു ബോധഒഴിവാണാവശ്യമെന്നും മററു ക്രിയാമാർഗ്ഗങ്ങളോ യോഗാഭ്യാസങ്ങളോ നിഷ്പ്രയോജനകരങ്ങളാണെന്നും ഉള്ള ശരിയായ ജ്ഞാനമാർഗ്ഗത്തെ ഒഴിവിലൊടുക്കം എന്ന ജ്ഞാനശാസ്ത്രഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:—

വിണ്ണിൽത്തോന്നിമറഞ്ഞിടുന്ന മുകിൽപോൽ
ബോധത്തിലുണ്ടാ, യഴി-

ഞ്ഞെന്നാകുംകരണങ്ങളൊക്കെയറിവാൽ
പൊയ്യെന്നതല്ലാതെ,തൽ
ബോധത്താല,തടക്കി,ലോക്ക്,കരമു-
ന്തുംപന്തിനൊപ്പായ്‌വരും,
ബോധത്തിൻ നിലയററിടത്തുകരണം
നാരായവേരററുപോം.

(ഒഴിവിലൊടുക്കം)

ഇപ്രകാരം അറിവുകൊണ്ടു് ബോധത്തെ ഒഴിക്കേണ്ടതാണെന്നു സ്ഥാപിക്കുന്നു.

വൃത്തിമാററീടാൻമേലുംവിനോദമാംയോഗത്താൽ തു-
രുത്തിപോലൂതുംശ്വാസംസുഖമോടടക്കിയാലാം;
ശക്തിയുമിതിനില്ലായ്കിൽകാരണദേഹമായ്‌പെ-
രുത്തെഴുമവിദ്യയെത്താൻമാററിയാൽതാനേമാറും. 170

തുരുത്തിയുടെ ഉള്ളിൽ കയറി ഇറങ്ങുന്ന വായുവിനെപ്പോലെ ശരീരത്തിനുള്ളും പുറവുമായിനില്ക്കുന്ന ശ്വാസത്തെ നിയന്ത്രിച്ചാൽ വായുവിൻെറ വൃത്തിയെക്കൊത്തു് പഞ്ചേന്ദ്രിയവൃത്തികളും നിലയ്ക്കും. രേചകയോഗം കൊണ്ടു് വായുവിനെമാററി തൽസ്ഥാനത്തു് ശൂന്യത്തെ സൃഷ്ടിച്ചതിനാലുണ്ടാകുന്ന സുഖത്തോടുകൂടിച്ചെയ്യുന്ന പൂരക, കുംഭകയോഗങ്ങളാൽ വാസനാവൃത്തികൾ അടങ്ങിനില്ക്കും. പക്ഷെ ഈ മാർഗ്ഗം താല്ക്കാലികഫലത്തെയുളവാക്കുന്നതേയുള്ളു. അതിനാലാണു് പദ്യത്തിൽ 'വിനോദമാം യോഗത്താൽ' എന്നു

പറഞ്ഞതു്. ഒരു ജീവിയുടെ മരണശേഷംപോലും അവശേഷിച്ചു നില്ക്കുന്ന വാസനാശക്തി ആ ജീവിയുടെ ശരീരത്തിന്റെ ഉള്ളിലുള്ള വായുവിനെനിയന്ത്രിച്ചതുകൊണ്ടു ക്ഷയിച്ചുപോകുമെന്നു കരുതുന്നതു കേവലം മൗഢ്യംമാത്രം. ഒന്നിനെ അമർത്തിവച്ചിരുന്നാലെപ്പോഴെങ്കിലും ആ അമർത്തൽ മാറുമ്പോൾ അമർത്തപ്പെട്ടതു് പൂർവ്വസ്ഥിതിയിലാവും. ഒന്നിനെ മറെറാന്നുകൊണ്ടടക്കിയാൽ ആ 'മറെറാന്ന'വശേഷിക്കും. ഈ മറെറാന്നിനെ വേറൊന്നുകൊണ്ടടക്കിയാൽ ആ 'മറെറാന്ന'വശേഷിക്കും. ഇനി എല്ലാത്തിനെയും തന്നൊക്കൊണ്ടടക്കിയാൽ അടക്കിയതും അടക്കപ്പെട്ടതും എന്ന ദ്വൈതത്തിനിടവരുന്നു. അതിനാൽ യോഗാദി അഭ്യാസങ്ങളൊന്നും ശുദ്ധമല്ലെന്നു ജ്ഞാനികൾ യുക്തിയുക്തം പ്രസ്താവിച്ചിട്ടുണ്ടു്.

മേൽ അവിദ്യയാകുന്ന കാരണദേഹത്തിന്റെ ഒഴിവിനെപ്പററി പറയുന്നു.

കാരണദേഹം മാററീടുന്നതെങ്ങനെയെന്നാ-
ലാരണം പൊയ്ചൊല്ലീടില്ലായതിൻ ലക്ഷ്യാർത്ഥത്തെ
ശുദ്ധമാനസത്തിങ്കൽ നാട്ടിയിട്ടെ,ങ്ങും നിറ-
വുററനിൻ സ്വരൂപത്തിലിക്കണ്ട ലോകമെല്ലാം
ആരോപം മാത്രമെന്ന ധാരണയുണ്ടായ്‌വന്നാൽ
ധീരനാം നീ ധരിക്കാനവിദ്യയ്ക്കിടമുണ്ടോ ? 171

തേക്കുമരത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒരാനയിൽ നാം കാണുന്ന സത്യവസ്തു (തേക്കു) മരമാണു്. വേദങ്ങളിൽ വാചകാർത്ഥങ്ങളാൽ പറയുന്നവ എല്ലാത്തിന്റെയും ലക്ഷ്യം സ്വസ്വരൂപമാണു്. ഇതു് ചൈതന്യമെന്ന വാക്കിനാൽ കുറിക്കപ്പെടുന്നു. ആന മരത്തിൽ ആരോപിതം മാത്രമെന്നപോലെ ഈ ശരീരാദിപ്രപഞ്ചങ്ങൾ ചൈതന്യമായ സത്യവസ്തുവിൽ വെറും ആരോപങ്ങൾ മാത്രമാണു്. അതിനാലത്രേ ഏതൊരു ദൃശ്യവസ്തുവും അനുനിമിഷം ഭേദപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഈ സത്യമായ അറിവു ദൃഢപ്പെ

ടണം. ഇപ്രകാരം ഇക്കണ്ട സർവ്വവും തൻെറ ചൈതന്യസ്വരൂപത്തിൽ ആരോപങ്ങൾ മാത്രമെന്നു ദൃഢപ്പെട്ടവന്നു് അവിദ്യ വന്ധ്യാപുത്രനെപ്പോലെ ഇല്ലാതായിത്തീരുന്നു.

"പൊയ്യാമിന്ദ്രിയബോധമററു, തെളിയും
ചൈതന്യമേ ബോധമായ്

പെയ്യിൽപിന്നെ മയക്കമില്ല" എന്നു കണ്ണുടയ വള്ളലാരും പറയുന്നുണ്ടു്.

ഈവിധമെല്ലാമെന്നിലാരോപമെന്നിരിക്കെ-
യിവ്യവഹാരത്തിങ്കലലയുമെൻെറ ചിത്തം
എങ്ങനെ പൂർണ്ണമാമെന്നാണെങ്കിലെ,ന്നെ വിട്ടി-
ല്ലൊന്നു,മിക്കണ്ടതെല്ലാമെൻ മയമായിരിപ്പു;
കാണുന്നതെല്ലാം സ്വപ്നക്കാഴ്ചപോലെന്നിൽതോന്നൽ-
ലാണെന്നു താനേകാണും സാക്ഷിയാം ചിത്തും ഞാനേ. 172

ഇക്കാണുന്നവയെല്ലാം സത്യവസ്തുവല്ലാ, അതിൽ തോന്നുന്ന ആരോപങ്ങളാണെങ്കിൽ ഈ ആരോപവ്യവഹാരങ്ങളിൽ പെട്ടിരിക്കുന്ന എൻെറ മനസ്സു (സത്യവസ്തുവിനെ പററിനിന്നു്) പൂർണ്ണസ്വഭാവത്തിലെങ്ങനെ നില്പാനൊക്കും? ഈ സംശയത്തിനു സമാധാനം പറയുന്നു. വ്യവഹാരങ്ങളൊന്നും എന്നെക്കൂടാതെയുണ്ടാവുന്നവയല്ല. സർവ്വവും എൻെറ സ്വരൂപമായിത്തന്നെ ഇരിക്കുന്നു. വ്യവഹാരങ്ങളിലുംകൂടി ഞാൻ നിറഞ്ഞവനായിരിക്കുന്നു.

കാണുന്ന ...... ഞാനേ—സ്വപ്നക്കാഴ്ചകൾക്കും ജാഗരക്കാഴ്ചകൾക്കും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നു നമുക്കു മനസ്സിലാക്കാം. രണ്ടും തോന്നലുകൾ മാത്രം. ഇല്ലാത്ത തോന്നലുകൾ ഉണ്ടായി ഇല്ലാതാവുന്നു. സ്വപ്നക്കാഴ്ചകൾ ആ സമയത്തേയ്ക്കു സത്യമെന്നപോലെ ജാഗരക്കാഴ്ചകളും ആ സമയത്തെ സത്യങ്ങൾ മാത്രമാണു്. ഫലത്തിൽ രണ്ടും ഒന്നുതന്നെ സ്വപ്നത്തെ സ്വപ്ന

മാണെന്നു തത്സമയത്തറിയുന്നില്ല. സപ്നത്താൽ മറയ്ക്കപ്പെട്ടിരിക്കുന്ന ജാഗ്രദാവസ്ഥ, സ്വപ്നവേളയിൽ മറയ്ക്കപ്പെടാതിരുന്നാൽ സ്വപ്നവേളയിൽതന്നെ സ്വപ്നത്തെ സ്വപ്നമെന്നറിയാനൊക്കും. അതുപോലെ നമ്മുടെ സത്യസ്വരൂപം മറയപ്പെടാതിരുന്നാൽ ബാഹ്യമായി ഇക്കാണുന്നവ സ്വപ്നക്കാഴ്ചകളാണെന്നു് അപ്പോൾതന്നെ ബോധ്യപ്പെട്ടുകൊള്ളും. അതിനാലാണു് സത്യത്തെ:—

“സ്വപ്നാദിയിൽപലതുകണ്ടാലുണർന്നവനൊ-

ടൊപ്പംഗ്രഹിക്ക” എന്നു പറയുന്നതു്. ഉണർന്നിരുന്നു സ്വപ്നം കാണാനൊക്കുമോ എന്നു കേട്ടാൽ സമാധാനം പറയാം. നാം ഒരു സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപ്രകൃതമായ ഒരു മനോരാജ്യത്തിലും പെട്ടിരിക്കാവുന്നതാണു്. സംഭാഷണവിഷയത്തിലും മനോരാജ്യത്തിലും ഒരേസമയം മനസ്സു് ഒന്നുപോലെ വർത്തിക്കുന്നുണ്ടു്. മനോരാജ്യത്തിൽ മുഴുകിയിരുന്നാൽ, മനസ്സു്, സംഭാഷണവിഷയത്തിനു വെറും സാക്ഷിമാത്രമായിത്തീരുന്നു. അതു് തന്റെ മനസ്സിൽ ശരിയായി പതിയാതെ, വെറും തോന്നൽപോലെ പരിണമിക്കുന്നു. സ്വപ്നക്കാഴ്ചയെ പരിശോധിക്കാം. സുഷുപ്തിയിലാണു സ്വപ്നം കാണുക. സുഷുപ്തിയിൽ മനസ്സുവൃത്തിയിൽനിന്നും വിശ്രമം തേടി സ്വരൂപാനന്ദത്തോടു ചേർന്നുനില്ക്കുന്നു. ഈ അവസ്ഥയിൽ തോന്നലുകൾ എഴുമ്പാതെ അടങ്ങിനില്ക്കുന്നു. അഥവാ തോന്നിയാലും ആ തോന്നലുകൾക്കു് (സ്വപ്നക്കാഴ്ചകൾക്കു്) മനസ്സു സാക്ഷിമാത്രമായിനില്ക്കുന്നു. അതിനാലാണു് സ്വപ്നക്കാഴ്ചകൾ നമ്മുടെ സ്മൃതിപുടത്തിൽ നിന്നും വേഗം മാഞ്ഞുപോവുന്നതു്. ജാഗ്രദാവസ്ഥയിൽ, മനസ്സു, താൻ അതുവരെ പററിനിന്ന സ്വരൂപസുഖത്തിൽനിന്നും വേർപിരിഞ്ഞു് വൃത്തിരൂപം കയ്ക്കൊള്ളുന്നു. മനസ്സു ചലിച്ചുണ്ടാവുന്ന തോന്നലുകൾക്കു സ്വയം കർത്തൃത്വം വഹിക്കുന്നു. തോന്നലു

കൾക്കു് അങ്ങനെ സത്യത്വം ഉണ്ടാകുന്നു. ഈ കർത്തൃത്വത്തെ സ്വപ്നവേളയിലും വഹിച്ചു നിന്നതിനാലാണ് സ്വപ്നക്കാഴ്ചകൾക്കും ആ സമയം സത്യത്വം ഉണ്ടായതു്. ഇപ്രകാരം തനിക്കില്ലാത്ത കർത്തൃത്വത്തെ താൻ വഹിച്ചുനിന്നതിനാലുണ്ടായ സ്വപ്നഭ്രാന്തി തന്നെയാണു ജാഗ്രത്തിലും തുടൻ നില്ക്കുന്നതെന്നു വിവേകപൂർവ്വം അറിഞ്ഞാൽ കർത്തൃത്വമെല്ലാം സാക്ഷിത്വത്തിൽ ഒടുങ്ങിയ ചിത്തായ ഞാൻ സർവ്വത്തിനും സാക്ഷിമാത്രമായി പ്രകാശിക്കുന്നതിനെ സ്വയം കണ്ടറിയും.

ഉദാ:—

മേനിയിർ പുറത്തിനുള്ളിൻമേലോടുകീഴിററിക്കിൽ
വാനിൽവൈവെയകത്തിലെങ്കുനാനന്റിമറെറാന്റില്ലെ
യാനിലാവിടവുമില്ലെ,യെനതിടത്താലുമില്ലെ,
താനികൾപൊരുൾവേറില്ലെ, സച്ചിദാനന്ദമെന്റാൻ"

(ജ്ഞാനവാസിഷ്ഠം)

ചിത്തേസ്വരൂപമായ്ഞാനെ,ങ്ങും നിറഞ്ഞോനെന്നെ-
ന്നാസ്ഥിത്വം മറക്കാതെയെപ്പോഴുമിരുന്നൊന്നാൽ,
എന്തൊക്കെച്ചിന്തിച്ചാലു,മെന്തുചെയ്താലുമെന്തേ?
ബന്ധമെന്തവയൊന്നിനോടും ഞാൻബന്ധപ്പെടാൻ?,
നിദ്രവിട്ടുണൻ പിൻനില്ക്കുന്ന സ്വപ്നംപോലെ
യത്രയും മിഥ്യയായ്പ്പോ, മാനന്ദസ്വരൂപൻ ഞാൻ 178

ചിത്തേസ്വരൂപമായ്:—

"ദേഹത്തിന്നു മലാദികൾ മാലിന്യം,
ദേഹം മാലിന്യം ദേഹിക്കതുപോലെ;
ദേഹം താൻതന്നെ സാക്ഷിക്കുമാലിന്യം,
സാക്ഷിത്വം ഒന്നു ചിത്തിന്നുമാലിന്യം;
ചിത്തൊന്നേയുള്ളു സത്യമായിട്ടിപ്പോൾ,
സച്ചിദാനന്ദ ബ്രഹ്മമതുതന്നെ."

ഇപ്രകാരം താൻ സച്ചിദാനന്ദബ്രഹ്മമായിത്തന്നെ ഇരിക്കുന്നവനായി

എങ്ങും നി ...... ന്നെന്നാൽ—സർവ്വവും തങ്കലുത്ഭവം. തന്നെക്കൂടാതെ ഒന്നും പ്രകാശിക്കുന്നില്ല. ഈ ഞാൻ അസ്തി, (ഉണ്ട്) ഭാതി, (പ്രകാശിക്കുന്നു) പ്രിയ (ആനന്ദമായിരിക്കുന്നു) സ്വരൂപത്തിൽ എപ്പോഴും ഉള്ളവനായിത്തന്നെ ഇരുന്നാൽ.

എന്തൊക്കെ ...... പ്പെട്ടാൻ – ഏതു വ്യവഹാരത്തിലിരുന്നാലും അതുമായി ബന്ധമില്ലാത്തവനായിരിക്കും.

നിദ്രവി . . . ഛൻ ഞാൻ – ഇക്കണ്ട നാമരൂപശരീര പ്രപഞ്ചാദികൾക്ക് സ്വപ്നസത്യം പോലും കല്പിക്കാതെ ഞാൻ ആനന്ദമേ സ്വരൂപമായ ചൈതന്യം മാത്രമായിരിക്കുന്നു.

"എത്തൊഴിലെച്ചെയ്താലുമേതവതെപെട്ടാലും

മുത്തർമനമിരുക്കുംമൌനമതിൽ"

ഒരിക്കൽ മോചനം പ്രാപിച്ചവർ പിന്നീട് ഏതു വ്യവഹാരത്തിലും ഏതവസ്ഥയിലും ഇരുന്നാലും അതിലൊന്നിലും അവർ ഇല്ലാതിരിക്കും.

ഈ മായ വളരെ നല്ലതാണ്. അതു സ്വതേ ആർക്കും ഒരുപദ്രവവും ചെയ്യുന്നില്ല. മായ സച്ചിദാനന്ദത്തിൽ അധിഷ്ഠിതമാണ്. അതിൻെറ സച്ചിദാനന്ദത്തെ മാത്രം എടുക്കണം. നാമ തിനവകാശികളുമാണ്. എന്നാൽ അതിൽനിന്നും വേറൊന്നും എടുക്കുകയുമരുത്. എടുക്കുന്നതു വിദ്യാർത്ഥികളെപ്പോലെ എടുക്കണം. അവർ പുസ്തകങ്ങളുംകൊണ്ടു പള്ളിക്കൂടത്തിൽ പോകുന്നു പക്ഷെ നിശ്ചയമായും രാവിലെപോയ കുട്ടികളായിട്ടല്ലാ മടങ്ങി വരുന്നതു്. അവർ പുസ്തകങ്ങളൊന്നിനെയും ഉപദ്രവിക്കാതെ തന്നെ ആവശ്യമുള്ളതെടുത്തു കഴിഞ്ഞു. ഇതുപോലെ വ്യവഹാരത്തിൽക്കൂടി പാരാമർത്ഥികത്തെ സ്വരൂപിക്കേണ്ടിയിരിക്കുന്നു. നാമരൂപാദികളോടുകൂടി ഇരിക്കവെതന്നെ അവയൊഴിഞ്ഞ സ്വസ്വരൂ

പത്തെ കണ്ടു കൊണ്ടിരിക്കണം. രണ്ടുകണ്ണുംതരുന്ന അറിവൊന്നമാത്രമാണു്. ദ്വൈതത്തിലും അദ്വൈതത്തെത്തന്നെകാണണം. ഇപ്രകാരം വ്യവഹാരത്തിലും നിർവ്യവഹാരത്തെ കണ്ടുകൊണ്ടിരിക്കുന്ന വിശേഷാനുഭവത്തെപ്പററി കണ്ണുടയവള്ളലാർ ഇപ്രകാരം പറയുന്നു:—

"പററീട്ടും പൊടിയെപ്പുറത്തിവിട്ടുമ-
ക്കാറെറന്നപോൽ ജ്ഞാനിയും
പററാതേ വിഷയങ്ങൾ തൊട്ടുവിട്ടുമേ
സംസാരമദ്ധ്യത്തിലും;
നീങ്ങാതാടിയടങ്ങിട്ടുന്ന വെളിപോൽ
സ്വന്തം സ്വരൂപസ്ഥനാ-
മേകാന്തൻ പുനരെങ്ങിരുന്നു മരുളാ-
നന്ദംവിളങ്ങീട്ടുമേ,

(ഒഴിവിലൊടുക്കം)

വ്യവഹാരവേളയിലും സ്വസ്വരൂപസ്ഥിതനായിരിക്കുന്നതിനെപ്പററി 22-ാം പദ്യത്തിൽ പറയുന്നുണ്ടു്.

ഈ ജീവന്മുക്തനെപ്പററി, തത്ത്വബോധപടലം 97-ാം പദ്യത്തിലും പറഞ്ഞിട്ടുണ്ടു്.

ഞാനെന്നെൻദേഹത്തിനെയെണ്ണിനേനേറെജന്മം,
ഹീനവുംമഹത്തുമായിരുന്നതെല്ലാമിപ്പോൾ,
കാനലിൽവെള്ളംപോൽകണ്ടേൻഗുരുകൃപയാലെ
ഞാനെന്നിങ്ങെന്നെത്തന്നെ കണ്ടുഞാൻരക്ഷപ്പെട്ടേൻ. 174

ഞാനെന്നെൻ.... കണ്ടു—ഏകനും നിത്യനുമായ എന്നെ ഞാൻ അജ്ഞാനവശാൽ എന്റേതുകളായ ശരീരാദിപ്രപഞ്ചങ്ങളായിട്ടംശിച്ചു് ഞാൻ അവയോടുഭേദമററുള്ളതായിത്തീർന്നു. ഇങ്ങനെ ദേഹാദികളാണു ഞാൻ എന്ന ബലമായ വിശ്വാസത്തിൽ അവയോടൊപ്പം ഞാനും പല ജനനങ്ങളിലും പല മരണങ്ങ

ളിലുമായി ഇതുവരെക്കഴിഞ്ഞു. ചെറുതെന്നും വലുതെന്നും മററും ഞാൻ കണ്ടിരുന്ന വസ്തുക്കൾ എല്ലാം ഒന്നുപോലെ മിഥ്യയായി ഭവിക്കുന്നു.

എൻ ഗുരു..... പ്പെട്ടേൻ—സദ്ഗുരു കടാക്ഷത്താൽ ഞാൻ ഇന്നു് എൻെറ സത്യസ്വരൂപത്തെ കണ്ടറിഞ്ഞതിൻെറ ഫലമായി ഒരുകാലവും ദുഃഖമോ നാശമോ കൂടാതെ ഞാൻ രക്ഷ പ്രാപിച്ചവനായിത്തീൎന്നിരിക്കുന്നു.

എന്തൊരുപുണ്യംചെയ്തോ ഞാ, നെന്തുഭാഗ്യം കണ്ടോ?
സന്തതമേഴാംഭൂവിൽ ചന്തമായ് വിളങ്ങിടും
എന്നുടെ നാഥൻ നാരായണൻെറ കൃപയാലെ
ധന്യനായ്ത്തീൎന്നു ഞാനും താണ്ഡവമാടീടുന്നോൻ. 175

ഏഴാംഭൂ—ഏഴാം ജ്ഞാനഭൂമിയായ തുരിയാതീതം. 'എന്നുടെ നാഥൻ നാരായണൻെറകൃപയാലേ' എന്നു പറഞ്ഞിരിക്കുന്നതിനാൽ ഗ്രന്ഥത്തിൻെറ കൎത്താവായ താണ്ഡവരായരുടെ ഗുരുവിന്റെ നാമധേയം നാരായണനെന്നു സിദ്ധിക്കുന്നു.

താണ്ഡവമാടീടുന്നോൻ—ഞാൻ ആനന്ദനൃത്തം ചെയ്യുന്നു.

ഒരു ജീവന്മുക്തൻെറ ആനന്ദാനുഭവത്തെപ്പററി കണ്ണുടയ വള്ളലാർ പറയുന്നു:-

"കുന്നിക്കും ജടമാനമാളുമുഖക-
ത്തെക്കണ്ടകം പുഞ്ചിരി-
ച്ചെന്നും തൻെറയഖണ്ഡപൂൎണ്ണവടിവിൽ
താനാടിടും പാടിടും".

തത്ത്വജ്ഞാനം ലഭിച്ചസന്തോഷാത്ഭുതങ്ങളോടേ
നൃത്തം ഞാനാടുമെന്നു മുന്നമേയറിഞ്ഞുള്ള
സത്യത്തിൽക്കൂടിയല്ലോ "താണ്ഡവാ" എന്നുപേരി-
ട്ടുത്തമ ദിവ്യരാണെൻ മാതാവുമെൻ പിതാവും. 176

എൻെറ മാതാപിതാക്കന്മാർ എന്നെ കൊച്ചിൻനാളിൽ നാമകരണം ചെയ്യപ്പോൾ വളരെ കൊല്ലങ്ങൾക്കുമേൽ ഞാനിപ്പോൾ ചെയ്യുന്ന ഈ താണ്ഡവനൃത്തത്തെ അന്നേ കണ്ടുകൊണ്ടായിരിക്കണം "താണ്ഡവർ" എന്നു സാത്ഥകമായി നാമകരണം ചെയ്തതു്. ഞാനിന്നാടുന്ന ഈ നൃത്തത്തിനെ പണ്ടേ കണ്ടുകഴിഞ്ഞ മഹിമയുള്ളവരാണു് എൻെറ മാതാപിതാക്കന്മാർ.

ഇപ്പൊപ്പം വിദ്യാനന്ദലഹരിയാ,ലാരൂഢൻ ഞാ-
നൊപ്പംശുദ്ധബോധാതീതമായ്പ്പൊങ്ങിപ്പൊങ്ങി,
അണ്ഡാണ്ഡകോടിയെല്ലാംപൂണ്ണമായ്നിറഞ്ഞേറി
യന്തമില്ലാത്തതാകുംമട്ടിലീമഹത്തായ
വേദാന്തസൂത്രസാരംസദ്ഗുരുസ്വരൂപിയായ്വ-
ന്നോതിയൊരീശൻതൻെറ കാലിണകുമ്പിടുന്നേൻ. 177

ഇപ്പൊപ്പം.....പ്പൊങ്ങി—ഇപ്പോൾ എനിക്കുണ്ടാകുന്ന വിദ്യാനന്ദ ലഹരിയിലിരിക്കുന്ന ഞാൻ ആരൂഢമുക്തനായിത്തീന്നു. അത്യുന്നതമായ ഈ ബോധാതീത പദവിയിൽ ഞാൻ ഉത്തരോത്തരം പ്രകാശിക്കുന്നവനായി.

അണ്ഡാണ്ഡ.....കുംമട്ടിൽ-ഇഹത്തിലും പരത്തിലും സവ്വലോകങ്ങളിലും പരിപൂണ്ണമായി നിറഞ്ഞിരിക്കുന്നതിനാൽ ആദ്യന്തവിഹീനനായിത്തീരുമാറു്,

ഈ മഹത്താ.......ടുന്നേൻ—എത്രയും മഹത്തായ വേദാന്തസാരാത്ഥങ്ങളെ മനുഷ്യരൂപത്തിൽ ഗുരുവായിവന്നു് എനിക്കുപദേശിച്ചുതന്നനുഗ്രഹിച്ച ഈശ്വരൻെറ കാലടികളെ ഞാൻ നമസ്കരിക്കുന്നു.

വിദ്യാനന്ദത്തെയും ആരൂഢമുക്തനേയും പററി മുൻ അവസരങ്ങളിൽ വിവരിച്ചിട്ടുണ്ടു്.

പക്വാധികാരിയായ ഒരു മുമുക്ഷുവിനു് സ്വസ്വരൂപസാക്ഷാത്ക്കാരമരുളാൻ ഈശ്വരൻ 'തന്നെ ഗുരുവായിമനുഷ്യകാരത്തിൽ

പ്രത്യക്ഷനാകുമെന്നുള്ളതിനാൽ "സദ്ഗുരുസ്വരൂപിയായ്വന്നോ തിയൊരീശ്വരൻെറ" എന്ന പറഞ്ഞതാണു്.

വിദ്യാനന്ദത്തിൻ പ്രാപ്തിയിത്ഥംഞാനരച്ചെയ്യേൻ,
ഭക്തിയോടീശാസ്ത്രത്തെശ്ശ്രദ്ധയോടുപാസിപ്പോർ,
നിത്യധർമ്മാനുഷ്ഠാനസന്ധാനമറിഞ്ഞുജീവൻ—
മുക്തിയെപ്രാപിക്കുന്ന മാമുനിമാരായ്ത്തീരും. 178

"അഖണ്ഡാകാരചിവയോഗമെന്നുംപേരിമ്പവെള്ളം

പൊങ്കിത്തളുമ്പിപ്പൂരണമായ്

പോകളരുവായ് കിടക്കുതയ്യോ" എന്നു തായുമാനവർ സ്വാമികളാൽ വാഴ്ത്തപ്പെട്ട നിത്യാനന്ദമായ വിദ്യാനന്ദത്തിന്റെ അനുഭവത്തെപ്പറയുന്ന ഈ വിശേഷാനുഭവഗ്രന്ഥം അതുപഠിക്കു നാവക്കും ആ അനുഭവത്തെ പ്രദാനംചെയ്യും. ഒരു മുമുക്ഷുവിനെ ക്രിയാദിമാർഗ്ഗങ്ങളിൽക്കൂടി വലിച്ചിഴക്കാതെ നേരേ മുക്തിക്കേക സാധനമായ ജ്ഞാനത്തെമാത്രം ഉപദേശിച്ചു് അവനെ ജീവ ന്മുക്തനാക്കിത്തീക്കുന്നതിനാൽ തപസ്സുമുതലായ ക്രിയാമാർഗ്ഗങ്ങ ളിൽ പെട്ടു വലയുന്ന മഹർഷിമാക്കും ഈ ഗ്രന്ഥം കാമ്യമെന്നു സാരം.

ആരണപ്പൊരുളാം വിദ്യാനന്ദം വിളങ്ങുവാനായ്
പാരണമായിരിക്കും **കൈവല്യനവനീതം**
പൂരണമായ്വരാനെൻപൂർവ്വപുണ്യത്തിനാൽ നാ—
രായണദേശികൻ താനോതിനാൻ പ്രസന്നനായ്. 179

സർവ്വശ്രുതികളുടെയും സാരസർവ്വസ്വവും അന്തിമലക്ഷ്യവു മാണു് വിദ്യാനന്ദം. 'വിദ്യാന......വനീതം' എന്നു പറഞ്ഞിരി ക്കുന്നതിനാൽ അത്യന്തം മഹത്തായ വിദ്യാനന്ദത്തിൻെറ അനു

ഭവത്തെത്തന്നെ ഈ ഗ്രന്ഥം പ്രദാനം ചെയ്യുമെന്നും അനന്തജന്മങ്ങളെക്കൊണ്ടും സാധിക്കാത്ത ഈ പരമപ്രയോജനം ഈ ഗ്രന്ഥപാരായണം മൂഖേന സാധിക്കുമെന്നും സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. "പിറന്നിറന്നാറാത്ത ചുഴൽകാററിൽ പിക്കിയ തുരുമ്പുപോൽ' അവസാനം കാണാത്ത ജീവന്മാരുടെ നിത്യവിമോചനാർത്ഥം സംഗ്രഹിക്കപ്പെട്ടിരിക്കുന്ന ഈ പവിത്രഗ്രന്ഥം യാതൊരപകർഷവും സംഭവിക്കാതെ പരിപൂർണ്ണമായി വരത്തക്കവണ്ണം നാരായണഗുരുതന്നെ ഉപദേശിച്ചിട്ടുള്ളതാണ്. തന്റെ പൂർവ്വപുണ്യമാണിതിനുകാരണമെന്നു ശിഷ്യൻ സ്മരിക്കുകയും ചെയ്യുന്നു.

ബ്രഹ്മമാം ദേശികൻതൻശീതളപാദതീർത്ഥ-
മെന്മൌലിക്കെല്ലാലോകതീർത്ഥവുമാവുമ്പോലെ
ഇമ്മഹാ'കൈവല്യ'ത്തെപ്പഠിച്ചോർ നാനാശാസ്ത്ര-
സമ്മതരാകുമാത്മജ്ഞാനികളായി വാഴും. 180

പക്വാധികാരിയായ ഒരു മുമുക്ഷുവിന് ബ്രഹ്മംതന്നെ മനുഷ്യാകാരത്തിൽ ഗുരുവായി പ്രത്യക്ഷപ്പെട്ടുപദേശം ചെയ്യുമെന്നു മുമ്പും പറഞ്ഞിട്ടുണ്ട്. അതിനാൽ 'ബ്രഹ്മമാംദേശികൻ' എന്നുപറഞ്ഞു.

സർവ്വവും താൻ എന്ന അനുഭവത്തെത്തന്നെ പ്രദാനം ചെയ്ത ഗുരു തനിക്കും സർവ്വവുമായി ഭവിക്കുന്നു. ലോകത്തിലെ മററു സർവ്വപുണ്യതീർത്ഥങ്ങൾകൊണ്ടുമൊന്നിച്ചുള്ള ഫലം ഗുരുവിന്റെ പാദതീർത്ഥംമാത്രംകൊണ്ടുണ്ടാവുമെന്ന് മുൻപറഞ്ഞതിൽനിന്നുമനുമാനിക്കാം. അതിനാൽ 'ദേശികൻ.......വുമ്പോലെ' എന്നുപറഞ്ഞു. അതുപോലെ ലോകത്തു പലവിധത്തിലുള്ള വേദശാസ്ത്രാദികളെല്ലാം പഠിച്ചാലുള്ള ഫലമെല്ലാം കൈവല്യനവനീതമെന്ന ഈ ഗ്രന്ഥം പഠിച്ചാലുളവാകുമെന്നും പദ്യത്തിന്റെ ഉത്തരാർദ്ധത്തിൽ ആശംസിച്ചിരിക്കുന്നു. അനുഗ്രഹശക്തിയുള്ളവരുടെ ആശംസ വിധിതുല്യമായുമാണ്. പലവിധത്തിലും പറ

യുന്ന വേദാഗമാദികളൊന്നും തന്നെ ജ്ഞാനത്തേയും അനുഭവത്തേയും നിഷേധിക്കുന്നില്ലാത്തതിനാൽ അനുഭവജ്ഞാനഗ്രന്ഥമായ കൈവല്യനവനീതം പഠിക്കുന്നവർ 'നാനാശാസ്ത്രസമ്മതരായിത്തീരും' എന്നു പറഞ്ഞു. ഈ ഗ്രന്ഥം അനുഭവജ്ഞാനത്തെഘോഷിക്കുന്നതിനാൽ അതു പഠിക്കുന്നവർ 'ആത്മജ്ഞാനികളായി വാഴും' എന്നും പറഞ്ഞതാണ്,

ജ്ഞാനമെല്ലാം അനുഭവത്തിന്റെ മുമ്പിൽ ഒഴിഞ്ഞുമാറുന്നു. ജ്ഞാനി എന്ന വാക്കിന്റെ ശരിയായ താല്പര്യം ജ്ഞാനമുള്ളവൻ എന്നല്ലാ, ജ്ഞാനമായവൻ എന്നാണ്. ഇക്കണക്കിൽ നാനാശാസ്ത്രോപനിഷത്തുകളും ജ്ഞാനത്തെയും അനുഭവഗ്രന്ഥം അനുഭവത്തെയും പ്രദാനം ചെയ്യുന്നു. ജ്ഞാനത്തിന്റെ അനുഭവം ജ്ഞാനമേസ്വരൂപമായിത്തീരുകയാണ്. ജ്ഞാനം സ്വരൂപമായവനെയാണ് ജ്ഞാനി എന്നു പറയുന്നത്. ജ്ഞാനസ്വരൂപമായിത്തീരുമെന്ന അനുഭവത്തെ സൂചിപ്പിച്ചുംകൂടിയാണ് ഈ ഗ്രന്ഥം പഠിക്കുന്നവർ 'ആത്മജ്ഞാനികളായി വാഴും' എന്നു പറഞ്ഞിരിക്കുന്നത്.

'വാഴും' എന്ന പദംകൊണ്ട് ആത്മജ്ഞാനിയുടെ സനാതനത്വത്തെ വെളിപ്പെടുത്തിരിക്കുന്നു.

ഇപ്രകാരം ഉപാസകരായ ജീവാത്മാക്കൾക്ക് അവരുടെ ജന്മസ്വത്തായ ജ്ഞാനസ്വരൂപത്തേയും അതിന്റെ സനാതനത്വത്തെയും അനുഭവമാക്കിച്ചെയ്യുന്ന അനുഭവജ്ഞാന ശാസ്ത്രമത്രേ കൈവല്യനവനീതം.

പ്രസാദ് പ്രിൻറിംഗ് വർക്സ്

അട്ടക്കുളങ്ങര ::: തിരുവനന്തപുരം

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M200 Acc. No. 76350

This book should be returned on or before the date last stamped below.

9 FEB 1978

12 DEC 19[illegible]

12 DEC 19[illegible]

12 DEC 1979

6 JUN 1983

22 NOV 1988

12 MAY 1993

21 JUN 1993

4 OCT 1995

ന200 76350
Bha-K

ഭാസ്രൻനായർ, തിരുവല്ലം
ക്ക
കൈവല്യനവനീതം

കൈവല്യനവനീതം

★

തിരുവല്ല ഭാസ്കരൻനായർ

Indic Digital Archive Foundation
gpura.org